Thrirakshaa



# ജീവനും ജീവിതവും-
# ദാദാജിയുമായുള്ള
# സംഭാഷണങ്ങൾ

# ജീവനും ജീവിതവും

## ദാദാജിയുമായുള്ള സംഭാഷണങ്ങൾ

(Malayalam Translation of the 2017 Edition of the English book

'Dialogues with Dadaji on Life & Living' )

**പരിഭാഷകൻ**

**ഹരികൃഷ്ണൻ ഹരിദാസ്**

അക്കാഡമിക് ഡയറക്ടർ,
ഉന്മേഷ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡോളജി, കൊച്ചി

***Published by:***

Vasant U. Patel, President
Vitrag Vignan Charitable Research Foundation
HOLISTIC SCIENCE RESEARCH CENTER
Near Mahavideh Teerth Dham,
Kamrej Xing, N.H. 8, Surat 394185 India
TEL: +91-2621-250750 hsrcsurat@gmail.com
www.holisticscience.org

# Jeevanum Jeevithavum –Dadajiyumayulla Sambhaashanangal

(Malayalam Translation of the 2017 Edition of the English book 'Dialogues with Dadaji on Life & Living' published by VVCRF, *Surat* * ***Editors*** * L. D. Patel * Jyoti Shah * Balaji Ganorkar )

**Translator :** Harikrishnan H, Academic Director, Unmesha Research Institute of Indology, Kochi

Malayalam Editor : A.R.Krishna Kumar, Director , URII, Mysore, Karnataka

**Typing and Word Processing Assistants :** K.P.Krishnakumar and Kailas Dath

Distribution & Marketing : Thrirakshaa, Kochi (Mob:9961387777 )

***Art & Graphics Editor***

Harish Shah & Pradeep Patel

©VVCRF 2018

*All rights reserved. No part of this publication may be reproduced, stored in a retrieval system, or transmitted, in any form or by any means, electronic, mechanical, photocopying, recording or otherwise, without the prior permission of the Publisher.*

ISBN: 978-81-935155-7-0

Price : 450.00

***Published by:***

Vasant U. Patel, President

Vitrag Vignan Charitable Research Foundation

HOLISTIC SCIENCE RESEARCH CENTER

Near Mahavideh Teerth Dham,

Kamrej Xing, N.H. 8, Surat 394185 India

TEL: +91-2621-250750 hsrcsurat@gmail.com

www.holisticscience.org

# അവതാരിക

ശ്രീ എ.എം പട്ടേൽ എന്ന ദാദാജി ജീവിതത്തെയും ആദ്ധ്യാത്മികതയെയും സംബന്ധിച്ച നടത്തിയ സംഭാഷണങ്ങളുടെ മലയാള പരിഭാഷയാണ് ഈ ഗ്രന്ഥം. ഭാരതീയ ധർമ്മശാസ്ത്രഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള ആദ്ധ്യാത്മികതത്ത്വങ്ങളെ സാധാരണക്കാർക്കും സ്വാംശീകരിക്കാൻ കഴിയും വണ്ണം ലളിതമായി ചോദ്യോത്തരരൂപത്തിൽ ഇതിൽ അവതരിപ്പിച്ചിരിക്കുന്നു. ചോദ്യങ്ങൾക്കെല്ലാം ശാസ്ത്രീയമായ ഉത്തരങ്ങൾ നൽകി സംശയങ്ങൾ നിവാരണം ചെയ്യുന്ന രീതിയാണ് ദാദാജി അവലംബിച്ചിട്ടുള്ളത്. ഗുജറാത്തി, ഹിന്ദി, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളിൽ ദാദാജിയുടെ സംഭാഷണങ്ങൾ മുൻപ് പ്രസിദ്ധീകരിച്ചതായി അറിയുവാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ മലയാളത്തിലും അദ്ദേഹത്തിന്റെ വചനങ്ങൾ പ്രസിദ്ധീകരിക്കപ്പെടുന്നു എന്നത് തികച്ചും ശ്ലാഘനീയമാണ്. പരിഭാഷകനായ ഹരികൃഷ്ണൻ ശ്രീ ദാദാജിയുടെ വചനങ്ങളെ അർത്ഥലോപം വരാതെ ഭംഗിയായി വിവർത്തനം ചെയ്തു എന്നത് സ്തുത്യർഹമാണ്.

ജൈനധർമ്മത്തിലേയും ഹിന്ദുധർമ്മത്തിലെയും കാതലായ ആശയങ്ങൾ അടങ്ങിയതാണ് ദാദാജിയുടെ സംഭാഷണങ്ങൾ. സാമാന്യജനങ്ങളിൽ ഇത്തരം സുപ്രധാന ആശയങ്ങൾ എത്തുവാൻ ഈ പുസ്തകം ഉപകരിക്കും എന്നതിനു സംശയമില്ല. ശുദ്ധാത്മതത്ത്വം, വ്യവസ്ഥിത ശക്തി, കർമ്മബന്ധം, ആത്മാവിന്റെ സ്വരൂപം തുടങ്ങി അനേകം വിഷയങ്ങൾ ഇതിൽ ചർച്ച ചെയ്തിരിക്കുന്നു. എല്ലാ മതങ്ങളെയും ആപേക്ഷികതലത്തിൽ സ്വീകരിച്ചുകൊണ്ടും ജ്ഞാനിയുടെ അനുഭൂതിയെ പരമാർത്ഥതലത്തിൽ ഉൾക്കൊണ്ടുകൊണ്ടും ദാദാജി സംശയനിവാരണം ചെയ്യുന്നു. അക്രമമാർഗ്ഗം എന്നറിയപ്പെടുന്ന അദ്ദേഹത്തിന്റെ ജ്ഞാനമാർഗ്ഗം ചിത്തശുദ്ധിക്കും ആത്മസാക്ഷാത്കാരത്തിനും ഉപകാരപ്പെടുംവിധം ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു. "ആത്മസാക്ഷാത്കാരമാണ് ഒരു ജീവന്റെ യഥാർത്ഥ ലക്ഷ്യം. അതു ഒരു ജ്ഞാനിയുടെ ദീക്ഷാനുഗ്രഹം കൊണ്ട് മാത്രമേ ലഭ്യമാകൂ. അതിനായി ഒരുവൻ വിനയാന്വിതനായി ജ്ഞാനിയെ ശരണം പ്രാപിക്കേണ്ടതാണ്" എന്നാണ് ദാദാജി പറയുന്നത്. മോക്ഷത്തിനു തടസ്സമായി നിൽക്കുന്ന മായയെ തരണം ചെയ്യുവാനുള്ള മാർഗ്ഗം ഇതിൽ വിശദീകരിക്കുന്നുണ്ട്. മായയുടെ സന്തതികളായ ക്രോധം, ദംഭ്, വഞ്ചന, ലോഭം, മമത, വിദ്വേഷം എന്നിവയിൽ നിന്നും മോചനം നേടാനും അദ്ദേഹത്തിന്റെ വാക്കുകൾ പ്രചോദനമേകും. വേദാന്തത്തിന്റെയും

ജൈനമതത്തിന്റെയും സമന്വയം പല വിശദീകരണങ്ങളിലും പ്രകടമാണ്. മനസ്സ്, അതിന്റെ വിവിധ തലങ്ങൾ എന്നിവയെക്കുറിച്ചും ഇതിൽ പ്രതിപാദിച്ചിരിക്കുന്നു.

പല ചോദ്യങ്ങൾക്കും ലളിതമായി ഇതിൽ ഉത്തരങ്ങൾ നൽകിയിട്ടുണ്ട്. ഉദാഹരണത്തിനു, അന്വേഷകൻ ചോദിക്കുന്നു; "പരമമായ ലക്ഷ്യത്തിലേക്ക് എത്താൻ ഞാൻ എന്താണു ചെയ്യേണ്ടത്?"

ദാദാജി പറയുന്നു

"ഞാൻ ചെയ്തു എന്നു ആളുകൾ പറയുന്നത് അയഥാർത്ഥമായ പ്രയോഗമാണ്. അത് ആപേക്ഷികമായ ഒരു പദപ്രയോഗം മാത്രമാണ്. പൂർവ്വകർമ്മങ്ങളുടെ പ്രത്യക്ഷീകരണം (ഉദയകർമ്മം) കൊണ്ടാണ് പരിശ്രമം ഉണ്ടാകുന്നത്. ഞാൻ ചെയ്തു എന്നു പറയുന്നത് അഹംകാരവൃത്തി മാത്രമാണ്. യഥാർത്ഥ പുരുഷാർത്ഥം ആരംഭിക്കുന്നത് ഒരുവൻ പുരുഷൻ ആകുമ്പോഴാണ് (തന്റെ ഉള്ളിലുള്ള ആത്മാവിനെ സാക്ഷാത്കരിക്കുമ്പോൾ). ആ അവസ്ഥയിൽ ഞാൻ കർത്താവാണ് എന്ന ചിന്ത അസ്തമിച്ചിരിക്കും. പൂർണ്ണമായ അകൃത്വത്ത്വം അവിടെയാണ്. ആപേക്ഷികമായതെല്ലാം പ്രകൃതിയാണ്. ആത്മാവു മാത്രമാണ് പരമാർത്ഥം."

ഇത്തരം നിരവധി ചോദ്യങ്ങളും അവയ്ക്കുള്ള സമാധാനങ്ങളും ഈ ഗ്രന്ഥത്തിൽ നൽകിയിട്ടുണ്ട്. ചോദ്യങ്ങൾക്കെല്ലാം ലളിതവും നിത്യജീവിതവുമായി ബന്ധപ്പെട്ട ഉദാഹരണങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇത് കൂടുതൽ ജനകീയമായ വായനയ്ക്ക് ഉതകും എന്നു പ്രത്യാശിക്കുന്നു. സാധാരണക്കാർക്ക് ഉണ്ടാകാവുന്ന നിത്യജീവിതവുമായ ബന്ധപ്പെട്ട സംശങ്ങൾക്കുള്ള ഉത്തരവും, പ്രതിസന്ധികളെ തരണം ചെയ്യാനുള്ള ഉപായങ്ങളും അദ്ദേഹത്തിന്റെ സംഭാഷണങ്ങളിൽ നിന്നും ലഭ്യമാകും. ഈ രചനയിൽ ചില കവിതാശകലങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. അവയുടെ പരിഭാഷ കാവ്യാത്മകമായിത്തന്നെ ഇതിൽ നിർവഹിച്ചു എന്നത് വളരെ സന്തോഷകരമാണ്. ധർമ്മഗ്രന്ഥങ്ങളിൽ പരാമർശിക്കുന്ന സാങ്കേതിക പദങ്ങൾ ശ്രദ്ധാപൂർവ്വമുള്ള വായനയിൽ വ്യക്തമാകും എന്നാണ് കരുതുന്നത്. ദാദാജിയുടെ ജ്ഞാനവാക്യങ്ങൾ  കേരളത്തിലെ സത്യാന്വേഷികൾക്ക് കൂടുതൽ ഉപകാരപ്രദം ആകുവാൻ ഈ ഗ്രന്ഥം സഹായിക്കും എന്നതിൽ സംശയമില്ല. ഇത്തരമൊരു സംരംഭം ആരംഭിച്ചതിനു " Holistic Science Research Centre Surat " ലെ എല്ലാ പ്രവർത്തകർക്കും അഭിനന്ദനം അറിയിച്ചു കൊള്ളുന്നു. അന്വേഷകരുടെ അജ്ഞാനത്തെ ഇല്ലാതെയാക്കി അവരിൽ ജ്ഞാനപ്രകാശത്തെ ഉളവാക്കാൻ ഈ

ഗ്രന്ഥം ഉപകരിക്കും. വീണ്ടും ഇത്തരം അമൂല്യമായ ഗ്രന്ഥങ്ങൾ മലയാളത്തിലും മറ്റു ഭാരതീയഭാഷകളിലും പ്രകാശിതമാവട്ടെ. അതിനായി ജഗദീശ്വരനും ഗുരുക്കന്മാരും തുണയ്ക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊള്ളുന്നു.

എ.ആർ കൃഷ്ണകുമാർ
ഡയറക്ടർ
ഉന്മേഷ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡോളജി
മൈസൂർ

## പരിഭാഷക കുറിപ്പ്

അഭിവന്ദ്യനായ ദാദാജി ശ്രീ എ.എം പട്ടേലിന്റെ "Dialogues with Dadaji on Life and Living" എന്ന പുസ്തകം മലയാളത്തിലേക്ക് മൊഴിമാറ്റം ചെയ്യുവാനുള്ള അവസരം വളരെ യാദൃശ്ചികമായാണ് ലഭിച്ചത്. Holistic Science Research Centre, Surat നൽകിയ ഈ അവസരത്തെ ഭംഗിയാംവണ്ണം പൂർത്തിയാക്കുവാൻ കഴിഞ്ഞു എന്ന് കരുതുന്നു. ഭാരതീയ ആദ്ധ്യാത്മിക തത്ത്വങ്ങളുടെ ലളിതമായ ആവിഷ്കാരങ്ങളെ മലയാളഭാഷയുടെ പരിധിയിൽ നിന്നുകൊണ്ട് ഭാഷാന്തരം ചെയ്യുവാൻ കഴിയുന്നത്ര ശ്രമിച്ചിട്ടുണ്ട്. സാങ്കേതികപദങ്ങളെ അതേപടിയും അല്ലാത്തവയെ മലയാളികൾക്ക് ചിരപരിചിതമായ വാക്കുകളിലൂടെയുമാണ് ഇതിൽ മൊഴിമാറ്റം ചെയ്തിട്ടുള്ളത്.

ജൈനധർമ്മം, വേദാന്തം തുടങ്ങിയ ദർശനങ്ങളിലൂടെ കടന്നുപോകാൻ ഈ പുസ്തകം ഏറെ സഹായകരമാണ്. കൂടാതെ സാധാരണക്കാർക്ക് സാമാന്യമായി ഉണ്ടാകുന്ന പല സംശയങ്ങൾക്കും ഉത്തരം ലളിതമായി നൽകിയിരിക്കുന്നു. ദൈനംദിനജീവിതത്തിൽ നേരിടുന്ന പല പ്രതിസന്ധികൾക്കും ആശ്വാസം നൽകുന്ന അനേകം വചസ്സുകൾ ഇതിൽ വായിക്കാൻ കഴിയും.

ശ്രീ ദാദാജി സാധാരണ ഒരു വ്യക്തിയുമായി നടത്തുന്ന സംഭാഷണങ്ങളുടെ തത്സമയ പ്രതീതി നിലനിർത്തുവാനും അവയുടെ ഗൌരവം പരമാവധി നിലനിർത്തുവാനും പരിഭാഷകനെന്ന നിലയിൽ പരിശ്രമിച്ചിട്ടുണ്ട്. ഈ ഉദ്യമത്തിൽ എന്നെ സഹായിച്ച പ്രിയപ്പെട്ട ഗുരുജനങ്ങൾക്കും, സുഹൃത്തുക്കൾക്കും, Holistic Science Research Centre, Surat ലെ അംഗങ്ങൾക്കും നന്ദി അറിയിക്കുന്നു. ഈ പുസ്തകത്തിനു മലയാളത്തിൽ അവതാരിക എഴുതിയ ശ്രീ എ. ആർ. കൃഷ്ണകുമാറിനും എന്റെ നന്ദി അറിയിക്കുന്നു. ശ്രീ ദാദാജിയുടെ വാക്കുകൾ മലയാളികളുടെ ഇടയിൽ പ്രചരിക്കുവാൻ ഈ ഗ്രന്ഥം ഒരു നിമിത്തമാകട്ടെ എന്നും പ്രാർത്ഥിക്കുന്നു.

ഹരികൃഷ്ണൻ
ജനറൽസെക്രട്ടറി
ശ്രീവിദ്യാധിരാജ ഗുരുകുലാശ്രമം ട്രസ്റ്റ്
അയിരൂർ, പത്തനംതിട്ട

## Publisher's Note

This book is for all those with a Holistic and Scientific approach to Life, Living and Spirituality. The Nature revealed its many intricacies and secrets in varied fields of science of human life and living to Dadaji (A. M. Patel 1908-1988) in a but-natural fashion which He quite happily shared with all those seekers approaching him. Dadaji always answered with scientific concepts of questions and the seekers got precise answers for their queries. He encouraged them to ask more and more questions and they wondered how he was able to relate myriad things that are going on in Nature; in such a short, precise answers. The Soul Incarnate Shri Ambalal Muljibhai Patel (1908-1988) popularly known as Akram Vignani Dada Bhagawan was born in the state of Gujarat and lived life of a businessman in Gujarat and Maharashtra. (He also had a brief stint in Alleppy in 1950s as a trader in spices.) Since childhood he had a natural quest for scientific explorations for explanations of the human inner life science in a holistic manner encompassing social, religious, spiritual life in day to day living, and strived for religious harmony amidst the plethora of heterogeneous belief systems prevailing in the world.

He was enlightened in 1958 on the Platform No. 3 at Railway Station, Surat; which occurred 'But Natural' and thereafter he became gradually known amongst the people having a desire to understand the real scientific understanding of human life. Dada Bhagawan was a highly evolved person with whom various thinkers, philosophers, scientists and people from all walks of life and relig-

ions had dialogues and obtained consistent logical scientific explanations to their queries while respecting varied belief systems. Rather than giving lectures or discourses, he encouraged more and more questions from the seekers of Truth and responded thereto. He has not written any book himself but the knowledge revealed by him has been documented based upon his tape recorded dialogues during his last twenty years and jotting by his close associate Late Shri Natubhai Patel prior to that. Poet Navnit Sanghvi blessed by Dadaji has also composed hundreds of hymns centered around the knowledge revealed by Dada Bhagawan. Dadaji usually spoke in Gujarati which was his mother tongue, hence most of his literature is in Gujarati.

In this age of stress, struggle and strain where the requisite harmony of mind, speech and action for inner progress is disrupted, the knowledge which he revealed comes to common man as a saviour to attain the goal of happy holistic living with right understanding of principles and application of Holistic Science. It helps keeping us equipoise in all circumstances making the life a smooth sailing. It was Dadaji's desire to disseminate his scientific explorations and explanations to the general public through the scholars, thinkers and scientists throughout India and abroad so that all human beings can live a happy, ideal, holistic life of peace, prosperity and harmony. He believed that this is feasible in the present era of widespread education and literacy coupled with communication technology.

Holistic Science Research Center established in 2009 by

Vitrag Vignan Charitable Research Foundation, Surat aspires to bring out these truths to the whole world and humanity to enlighten upon the principles behind overall happiness in Life & Living. Accordingly we have undertaken a translation project under which the English book titled 'Dialogues with Dadaji on Life & Living' ( compiled by HSRC team consisting of Lalabhai D. Patel, Jyoti H.Shah and Dr. Balaji Ganorkar) was published in 2016 with its second enlarged edition in 2017 and third edition is in progress due to high demand. The said maiden book is being translated in all principal languages of India and also in some foreign languages viz. German, Nepali as well as French.

This Malayalam edition is a part of this project and we are grateful to the Malayalam translator's team led by Mr. Harikrishnan H. (Principal Translator) and Mr. Krishna Kumar (Malayalam Editor) both from Unmesha Research Institute of Indology, Kochi and their typing & proofing assistants K.P.Krshnakumar and Kailas Dath. The contents of this book being in the form of natural revelations, the reader might sometime find an authoritative tone at some places but our request is to take it appropriately in the proper context as in fact these were shared with utmost humility by the Master out of sheer love and compassion and with full awareness about his total enlightenment with earnest desire to share a 360 degree perspective.

We are obliged to Prof. Godabarish Mishra, Former Head, Dept. of Philosophy, Madras University, who wrote an exhaustive preface for the first edition which adds a great value to the readers

hence is reproduced as such as a Prologue in this Malayalam edition also.

At this juncture I pay my deep reverence to the founder of HSRC, Gyani Purush Shri Kanubhai K. Patel (lovingly known as Kanu-dadaji ) for his divine blessings and continuous inspiration to take up this translation project for the seekers in India and abroad.

The Readers who are interested in further studies are advised to contact Holistic Science Research Center.

Vasantbhai U. Patel

President, Holistic Science Research Center,

VVCRF, Surat (Gujarat)

18th April,2018 (Akshay Tritiya)

## PROLOGUE

On reading the “Dialogues with Dadaji on Life & Living”, one is struck with wonderment at the wisdom and simplicity that lies at the root of the thinking shared by Dadaji A. M. Patel. His speeches give a rare insight that is normally obtained after listening to great Philosophers, distinguished Scientists, selfless Spiritualists and realized Souls. He at once combines the most complex truths into very understandable ideas and presents it in a logical manner, with examples from day to day life that everyone can understand.

The entire thought process of Dadaji is presented in a series of discourses in Question & Answer mode and arranged according to the topic on which the discussion takes place. The incisive questioning and responses remind us of the great works of Sri Ramana Maharishi or Jiddu Krishnamurthi. In fact, some of the best truths are revealed in the minds of the followers through this type of questioning, and Dadaji encourages to seeker to contemplate on various topics of interest to the common man. Being compassionate, he also explains in great detail some truths that would help in awakening us from ignorance and putting us out of our misery.

In the first 3 Chapters, Dadaji speaks of the trio of Religion, God and the World. Right in the beginning, he presents religion as that which is the innate nature of human beings, just as various substances exhibit their nature, viz, gold, mangoes etc., and as something that is essential for human alignment. While discussing God and the World, Dadaji makes us understand that neither is God the ‘creator’ nor is the world ‘created’. Religion is a standpoint from

which the seeker views God or World, and a person who has solved the puzzle called 'world' attains 'Godhood', for there is an enormous and impartial power maintaining order in this world, and thus we come to the energy that controls everything in this world.

While the creator-creation is not a new topic of discussion, Dadaji's views on religion are very interesting. His views emphasize the point of philosophies like Advaita, which believe that religion and even God are relevant only at an empirical level, or religions like Sikhism, that believe that all the religions of the world are compared to rivers flowing into a single ocean. Leaders like Gandhiji have stated, "After long study and experience, I have come to the conclusion that [1] all religions are true; [2] all religions have some error in them; [3] all religions are almost as dear to me as my own Hinduism, in as much as all human beings should be as dear to one as one's own close relatives. My own veneration for other faiths is the same as that for my own faith; therefore no thought of conversion is possible", and great Gurus like Yogi Bhajan, who brought Sikhism to the West, have said, "If you can't see God in all, you can't see God at all".

However, philosophy, religion and science are all an area of play for the truly realized souls. It is interesting that Dadaji calls himself a 'realized soul', but he claims himself to be neither a philosopher nor a scientist. His speeches and ideas, however, contain both philosophy as well as science. There is an acceptance of religion as well, but for certain purposes. As a philosophical perspective, he accepts the duality in this world – there is the shuddhatma (pure

soul) as well as pudgal (matter). Froma  religious approach, he talks of a 360 degree view that enables one to see the complete picture. From a scientific understanding, he challenges scientists to try one experiment against the natural laws of combination and prove it to be successful.

The core idea of Dadaji is a natural principle, (vyavasthita-shakti), that governs and enables all laws of the world. This impartial and systematic power makes all things function in their own natural way, though it may appear to human beings that they are the doers. According to Dadaji, even God does not have the power to create. He is the knower and perceiver who is perpetually in a state of bliss. He is the un-manifested power that resides in every creature. The simplicity of Dadaji's teachings are reflected in the idea that God is the indivisible fact that is common to all beings, but he is neither the creator nor a master, and hence the truths that we seek and the freedom that we crave is not to be obtained from or given by Him. This raises questions of both free-will and destiny, but brings in an alternative in which the human being has the opportunity to create a life for himself in the way he wants to, but within the confines of a larger working of the cosmos and everything in it, in a certain manner that is inherent to its nature.

Indian philosophy has a very fascinating view on theism, inspite of the in-depth metaphysics present in almost every stream of philosophy. Buddhists and Jainas, as well as Samkhyas are atheistic philosophy, but are very deeply religious in their overview. Nyaya-Vaisesika, which is very clearly a realistic philosophy, are strong the-

ists. Mimamsa, which has staunch allegiance to the Vedas, does not believe in a creator God. And some philosophies like the Vedanta, accept God from a purely inferential and experiential basis, refuting any proof based on rational grounds, or accepting it purely on the basis of scripture. It is very difficult to understand where Dadaji's notions of 'God' spring from, however, it is safe to say that he basis his assertions on a deeply reflective-experiential basis, with his faith reposed strongly in the people who have gained Godhood through the same means.

Dadaji beautifully beings out the truth that all religions and ideologies are simultaneously true: but all of them are only relatively true, as they view the reality from their own vantage points. Hence they all see the truth from one particular angle, whereas the real religion is the one that which integrates all aspects of reality, and ultimately leads to self-realization. This is something that only realized souls (Gyanis) can do, since they are seated at the centre and have the perfect perception of reality. Dadaji repeatedly proclaims that he is a Gyani, and that he, being the 'fountainhead of divinity', can grant the wishes of the seekers to attain Godhood (parmatpada). However, this is done in utmost compassion for the seeker.

On Liberation, Dadaji says that there is no need to do penance, renunciation etc to achieve liberation. Even while living in this world and performing all the duties of a householder, it is possible not to lose the 'freedom' even for a second. He calls this Akram Marga or Apavada Marga, where nothing touches the tranquility of

the core of the 'being' – the Pure Soul. Dadaji repeatedly reinforces that we are not this body or mind, but the 'pure soul', and realizing that we are merely instruments functioning as per the vyavasthita-shakti will relieve us from the bondage of this world. Dadaji looks at scorn at people, who leave their homes, wife and children and go to the Himalayas to meditate, and who then create parallel lives for themselves in the form of cultivating plants, rearing animals or having such other preoccupations that make them attached once again!

This reminds one of the core of Buddhism, where renunciation is not a pre-requisite for attaining liberation. Dadaji too talks about how once can remain removed from sorrow if one learns that attachment is the key to all problems. However, unlike Buddhism, which says that there is the truth of suffering, as much as its cause and cessation, Dadaji says clearly that misery is nothing but a figment of one's imagination, and that true happiness lies in the "self", which is the abode of eternal happiness, while happiness achieved through any other means is transient.

Dadaji does not say that the world is an illusion. He says that both 'world' and 'pure self (Brahman)' are real; however, the world is a 'relative' real, and is a temporary adjustment, while Brahman is the only 'real' reality, the permanent and eternal reality. We are all not our body or name, but the pure soul, which is the knower and the observer of the body with a name. He comes close to the Advaita (non-dual) conception of Brahman, but does not dismiss the world as unreal. He says that liberation is the true nature of the soul, and this liberation can only be bestowed upon by a Gyani,

when a seeker is completely ready for it and goes to the Gyani with a mindset of “I don’t know anything” and with perfect humility. The Advaita parampara also recommends that a Guru is required, but only upto the point where he can initiate an awareness of Brahman in the student. The realization has to come by Shravana, Manana and Nidhidhyasana and the experience of Brahman will be the result of individual effort and contemplation. Dadaji differs where he says he will be able to bestow a direct realization of the true self on the individual in a matter of an hour.

Dadaji strongly believes that there is neither destiny nor purushartha (effort), but that events happen in a manner that is due to a natural process. He also dispenses with fate as being undependable because it is untrustworthy. The world does not funtion through fate but through the vyavasthita-shakti, which is a system that is inbuilt with its own laws. This is an interesting distinction we perceive between fate and vyavasthita-shakti. Fate gives us a connotation of something that is beyond free will, not controllable and negative. However vyavasthita-shakti at once brings in the idea of a beautiful world order that is natural to existence and essential to the functioning of all beings alike. Fate indicates something that has to be overcome, whereas vyavasthita-shakti is something that has to be lived through.

In Chapters 12-14, Dadaji talks about the soul, the possibility of liberation and rebirth. He contends that the soul is not a compound, but a mixture, where the soul and the non-soul exist together with their own innate qualities, and that it is possible to

separate them. Only the “Divine eyes” of a Gyani will be able to separate the two, because of the conviction gained from a revealed knowledge. In general, the soul is understood as an immortal and incorporeal essence that is found only in human beings. While religions like Hinduism and Jainism do teach that all biological organisms have souls, the nature of soul is something that is highly debated in Indian Philosophy. Schools of philosophy and religion talk variously about souls being permanent, part of the body, part of the mind, of being a substance or of being pure substance. What is fascinating is that Dadaji says that the he (as one who has attained Godhood) would be able to help the perceiver see his own soul devoid of the body within a very short period of interaction with him. He reminds one of the divine compassion of Buddha who, after attaining liberation, came back to be with the people of the world to help them realize the four noble truths and to help them use the eight-fold path.

He also convinces a French Scientist that there is something called rebirth through a very scientific argument. Here he speaks of the cause and effect principle, and says that without a cause there cannot be an effect. The present body too, is an effect of the past life. Causes produce effect, which in turn, produces new causes. At birth, there are two bodies, a physical and a subtle body, the combination of which act to produce a causal body through the seeds of its action. At death, both the causal and subtle body leave the physical body, and transmigrate to another body, thus creating another cycle of cause and effect. This process ceases only on the bestowal of a Gyani, who wakes one up from the slumber (ignorance).

Reincarnation is not a new topic in Indian Philosophy. Advaita, Buddhism, Jainism, Yoga philosophies believe in and have even taught some techniques for recalling the previous births. The early Upanishads and even the Rig Veda talk of reincarnation. "Again, O Agni, to the Fathers send him who, offered in thee, goes with our oblations. Wearing new life let him increase his offspring: let him rejoin a body, Jatavedas" (Rig Veda, 10:90). The Bhagvad Gita says, "Worn-out garments are shed by the body; Worn-out bodies are shed by the dweller within the body. New bodies are donned by the dweller, like garments." (2:22). The 14th Dalai Lama stated his belief that it would be difficult for science to disprove reincarnation. In the West, notions of reincarnation are spread within the sects of various religions mostly through experiences of individuals pertaining to past life, out of body experiences etc.

In order to understand how karma operates in life, and whether its influence extends completely on the human being, Bheeshma narrates to Yudishtra the discussion between God Brahman and Sage Vasishta. Ones own efforts are like the seed, while the soil is compared to destiny or fate (ruled by Karma). Neither can yield the fruit (namely, the plant and then the tree) by itself. He categorically states that nothing can be achieved without the human will or effort. Likewise Radhakrishnan says that the cards in the game of life are given to us. While we cannot choose our cards, through expert play (effort), we can win the game.

Karma is a fundamental part of Jain philosophy, and linked to all other concept of liberation, ahimsa, reincarnation, transmigra-

tion etc, and is to be seen in relation to both future and past lives. Uttarādhyayana-sūtra (3.3–4) states: "The jīva or the soul is sometimes born in the world of gods, sometimes in hell. Sometimes it acquires the body of a demon; all this happens on account of its karma. This jīva sometimes takes birth as a worm, as an insect or as an ant."[105] The text further states (32.7): "Karma is the root of birth and death. The souls bound by karma go round and round in the cycle of existence."

Dadaji's exposition of reincarnation is in line with the core ideology of Jainism, as well as reflects that of most religions on the several reasons why reincarnation happens, whether it is to experience the fruit of one's actions (karma), whether to satisfy one's desires (vasana), whether to complete an unfinished agenda (sadhana), whether to fulfill a debt, because of a curse or even just to attain liberation through the compassion of a Guru. Dadaji attributes rebirth and reincarnation to two reasons, cause and effect (where the body is only the effect and gets discarded at death), and differences that we find in people in physical, psychological economic levels (which indicates that the effects on the bodies are due to varying effects of causes of previous lives). Dadaji gratefully proclaims the wonderful knowledge that has been bestowed on him because in Kaliyuga, the world has lost the ability to spot this.

The next three Chapters speak of the types of mental afflictions, the nature of world and the three attachments. He speaks of the Mind, Speech and Body as the three attachments that enslave a person. Likewise, there are triple agonies arising because of the at-

tachment to the world, and these are “Adhi” (mental agony or worrying), “Vyadhi” (physical agony, pain and disease) and “Upadhi” (afflictions inflicted by others). All three are caused because of a false identification with the world and the lack of understanding of the “real self”. Dadaji does consider the identification witht eh self as the main problem causing attachment in the world, however, he also says that this attachment is manifest in the form of attachment to mind, speech and body. Even if a person renounces everything in this world related to him – home, wife, children, clothes etc, - these three afflictions of mind speech and body will keep him enslaved forever.

He does not treat the world as illusory, but as “relative real”, whereas only the pure soul is “real” in a true sense. Only a Gyani understands reality, and even the Agamas (Holy scriptures), cannot be understood without his guidance. He treats the body as a mechanism that acquires and dispenses (purana-galana), activities which are true for everything going on in the world, whether it be functions of the body, nature of thoughts or the way money moves in the world. A Gyani understands this and makes others also understand this simple fact. The fruits of our actions, good or bad, accrue to us and when we get a new body, we begin repaying the old debts. Too much of thinking and worrying, just like possessing excess of wealth, invites the reason for having one more life. So Dadaji advises us to enjoy life rather than worrying about what we do not have. Dadaji says that ‘worry’ is the greatest Ego. Through examples, he helps the simplest seeker understand the concept of ego

and how to overcome it.

Dadaji's truths are simple, yet very deeply convincing. In Chapters 22 onwards, he talks about how worry is totally useless and great people like Lord Krishna and Bhagwan Mahavir have even forbidden people to worry. Worry comes out of a belief that "I am the doer", whereas only meritorious deeds and sins will come with you and no other acquisition that was made with the notion of "I" and "mine" will not. Worry also prevents the individual from enjoying what he has in this birth, and causes unnecessary contemplation that result in accruing causes for other successive lives. He helps seekers live a happy life, a life without hoarding, worrying or hurting others.

Dadaji explains the four different types of meditation, which indicates a focus of the mind in one direction or the other. Focusing on taking away something that belongs to someone else is Raudra-dhyana, which will result in a miserable and hellish life. Even coveting what is due to someone else, cheating, hoarding, getting angry, abusing and quarreling etc come under the classification of Raudra-dhyana.

The contemplation that causes suffering to one's own self is Arta-dhyana, which results in a life of bird or insects in subsequent lives. Arta-dhyana happens when there is constant worry in the mind, whether it is about what will happen or a longing for what is not – a good student, the presence of a lovable person, the absence of an unpleasant guest etc.

A state of being where there is no inner worry and conflict, is

called Dharma-dhyana. All inner conflicts have calmed down and the person operates from a plane of fearlessness, patience, lack of worry and a never-shifting state. Dadaji says that there are very few persons in this state because even a renunciate worries about the lack of a good student! The result of complete Dharma-dhyana is celestialhood, but when mixed with Arta-dhyana, it results in human life.

He helps seekers understand the right type of meditation (Shukla-dhyana), the ultimate fruit of which is liberation. There are four stages or steps in Shukla-dhyana – the first state is a vague and indistinct experience of the pure self, the second state is a distinct experience of the pure self (this is where Dadaji places himself in the path of liberation), the third state is that of the Omniscient self-fully enlightened being (Kevli Bhagawan), and the fourth is ultimate liberation. Dadaji shares that the scriptures proclaim that the fourth stage is not possible in the Kaliyuga, or the present times.

Dadaji warns us of Apa-dhyana, the meditation that is inferior even to the Dhur-dhyan (evil meditation). The meditation for liberation, when not performed systematically, leads to Apa-dhyan, and this is increasingly prevalent in these times, where a person is aware of everything around him, while saying that he is actually meditating! Dadaji also explains that the type of afterlife that one has depends on the type of “Dhyana” meditation that one does in this life. Thus Dadaji reduces “Dhyana” to an easily understandable “contemplation state”. The experience of “Dhyana” (contemplation) is due to the dynamic functioning of the non-self, but because of

the identification with it, the fruits of it are obtained in afterlife. The limitation of using the intellect is that it binds us to the world, and leads to a life of crime and deceit (Raudra-dhyana). However, in a true exposition of Syadvada, Dadaji urges one to accept all points of view, as reality is complex and manifold.

Dadaji explains that the nature of Dharma can be understood only when the Shuddhatma or the 'pure self' is realized. This also helps in the attainment of nischaya-dharma 'real religion'. Without the realization of the 'pure self' even the vyavahara-dharma or 'relative dharma' of this world cannot be realized and practiced. To realize one's sva-dharma, which is the atma-dharma or alaukika-dharma, one has to get rid of all duality. Thus Dadaji speaks of a different non-dual world, one that is philosophical, but at the same time very practical, because he helps people understand duality in simple terms. Ignorance can be eradicated by simply following Dadaji's advice and breaking any kind of 'divide' will help one centre himself and move further on the path to liberation.

Thus dharma or good conduct of Jainism is neither a duty as in Hinduism nor truth as in Buddhism, but is defined as the principles and disciple that one has to adopt in this life. Jainism is probably the only religion and philosophy that places equal importance to conduct (dharma) as much as it does to enlightenment. The life of a Jina is governed by the virtues that he has to cultivate whether he is an ascetic or a householder. For everyone ahimsa (non-injury to any living being), satya (not to utter falsehood) and asteya (not to steal) are cardinal values by which life should be run. In addition, the as-

cetic needs to a) lead a celibate life and b) renounce the world, whereas the householder should have the values of a) chastity and b) contentment.

Dadaji narrates humorous incidents where the vanity of preceptors like 'Archaryas' was extinguished by Bhagawan Mahavir by highlighting the burden accrued by the ego and mental afflictions. Even scriptures create a mental burden of intoxication that prevents the individual from liberation. He shows us how difficult it is to remove the intoxication of having read the scriptures. Dadaji compares attachment to a trap, one that imprisons the self, and creates more attachment because one actually has attachment to the trap itself! A trap is dependent on attachment and hatred. The trap cannot be removed by punishment or mortification of senses, but by detachment (vitaragata) and non-violence (ahimsa), and this can be done by realized souls like himself.

Dadaji clarifies that liberation is not some that is difficult to attain, but is the innate nature of the self. Even one instance of earnest desire for liberation brings one into contact with a Gyani who will bless them with perfect liberation. The only requirement for this is an approach of "I don't know anything" and an attitude of perfect humility. Believing oneself to be only an instrument for the well-being of the world will help us escape from the hollowness of this world. Truth is very relative, and may induce fear as well as happiness. Only liberation is the true end-state and has to be earnestly desired.

In Kaliyug, it is only the human being is unprotected because

he is beset by fear and insecurity. This feeling of security can come only when they recognize the presence of God in some people, and seek refuge in these Gyanis. Because the 'Supreme Gyan' of these people will be beside them and protect them.

Dadaji talks of material and natural order in Chapter 33 and shows us how the thinking in the people who want contradicting things from nature affects nature itself. He brings out the relative nature of everything and how the deviation from the accepted norm is what translates into 'above normal' and 'below normal'. He also contrasts the inherent nature of Indians and 'foreigners', and how people in India are developed very spiritually and this makes them more ready for Godhood. He gives an interesting explanation for the self-centeredness of Indians that makes them cautious about giving their possessions – car, money etc lavishly. He says that while foreigners only think about themselves and at the most their spouses whom they think not much when they don't get along and easily divorce, the Indian man is giving to thinking of his family and relatives and also few generations ahead. This is the level of attachment that is developed in India!

He says that people in India were innately natural because they had a natural Dharma that was based on natural development and adept in their chosen sphere, whether it was Brahmin, Kshatriya, Vaishya or Shudra. However, over time, when all of them became equally intelligent and adept at all things, problems arose in the society. It is to be noted that all great philosophers also supported the Varna system, which the original occupation based clas-

sification of society, one that has assumed convoluted proportions and grown into the evil of the caste system that is there today.

According to Hinduism also, Varnashrama dharma is not a man-made system but is a natural classification that is based on the inherent and innate nature of human beings to exhibit certain qualities and do certain types of work. The four varnas include the Brahmanas (priests, teachers and intellectuals), Kshatriyas (rulers, armies, protectors), Vaishyas (farmers, merchants, business people) and Shudras (artisans and workers). The varna system must be understood in the light of social planning and segregation for effective performance of the various professions that are required for the peaceful functioning of the community.

Dadaji moves on to discuss about the state of spiritual aspirants in Chapter 36. He says that in this Kaliyuga, even a Sadhu will find it difficult to keep on the path of spiritual progression without understanding the nature of his true self. Dadaji also helps us understand the difference between material development and spiritual development, and how one goes on accruing atoms of goodness (punya-karma) and atoms of evil deeds (pap-karma) through their approach to give peace or pain to others respectively. The effect of both punya and pap karma can accrue into either pap or punya karma. The person who enjoys the fruits of past good karma while also accruing meritorious karma ultimately earns the fruit of liberation.

In Hinduism too, Dharma and Karma are intricately related to each other. Yajnavalkya, in the opening lines of the Yajna-

valkyasmriti, says that Dharma and Adharma are the seeds of the accumulation of karma, the accumulation of which determines the following: 1) the class in which a person is born (jati), 2) the length of his life (ayu) and 3) the nature of enjoyment or suffering he undergoes in life (bhoga). Thus one sees that there is a direct impact of dharma-adharma on the accumulation of karma and impact of karma on the nature of dharma that one has to follow.

Dadaji says that man wanders in a complex sequence of good and evil deeds and has to undergo 84 lac kind of births, where birds and animals in 'tiryanch-gati' experience the most difficult imprisonment, while man has a relatively easier imprisonment. However, hell is most terrible and full of the most excruciating pain, while life as a celestial being is fraught with mental torment, restlessness and jealousy. The only way these problems can get solved is when one meets a Gyai purush and who releases him from bondage.

In the next few chapters from Chapter 38 onwards, Dadaji speaks of creation, dissolution, purusha and prakruti. Creation and Dissolution happens continuously, through thoughts and action. Everyone has a different nature (Prakruti), however, the nature of this 'non-self' (Prakruti) can only be understood while being immersed in the 'Self' (Purusha). Prakruti is described as feminine by nature, and the 'self' is Purush or male by nature. Dadaji explains that the 'pure soul' is full of those attributes that are distinct from prakruti – it is infinite knowledge, infinite vision, infinite energy and the abode of infinite bliss. However, the 'pure soul' is not separate

from its attributes, and infinity is its own intrinsic quality. One with the pure use of soul sees only the pure essence everywhere.

We are reminded of the Samkya school of Indian philosophy, which propounds a dualist philosophy that talks of the universe being made up of two realities – purusa (consciousness) and prakriti (matter). Prakriti further bifurcates into animate and inanimate realms. On the other hand, Purusa separates out into countless Jivas or individual units of consciousness as souls, which fuse into the mind and body of the animate branch of Prakriti. There is no real place for a Creator God in this scheme, nor is there any great emphasis on the vedas.

Dadaji further explains Prakruti through the three qualities of Sattva, Rajas and Tamas, and talks about their quality and the Gods that they worship. The Prakruti's inner nature makes every creature dance to her tune, and whatever an individual feels he did is because of the play of prakruti (disposition). Attributing it to God or to the self is a big contradiction.

Dadaji goes on to talk about the nature of the pure soul. He dismisses the nirguna theory of the soul and agrees with it to the extent that there are no attributes of Prakruti that are there in the pure Soul. However, he agrees with the saguna theory and says that the attributes of the soul are infinite – infinite knowledge, infinite vision, infinite energy and that which is also the abode of infinite happiness and bliss. He says that just as any substance is known by its attributes, the soul too is known by its attributes. While all relative religions are that of Prakruti, the soul is the supreme religion.

The worship of people is really the worship of Prakruti, for which the reward is worldly life. The worship of 'Pure Self' alone will yield the fruit of liberation.

In very practical terms, he explains how the 'Purush' is independent of the 'Prakruti'. The universe functions because of the innate nature of Prakruti and is not dependent on any 'God'. Transient thoughts including identities are an effect of Prakruti, and this causes more Prakruti. In fact, the difference in the nature of people within a family is also due to Prakruti. Thus a family is like a garden that has different flowers, some with thorns, some with a different fragrance. The tree that yields a particular type of fruit is because of its inherent nature that is in the form of potential energy. The five elements that nourish it have different tastes, but this combines to create an altogether different experience in the fruit.

All theories of causation ask the same question of whether the effect pre-exists in the cause. This question is answered negatively by Nyaya, Vaisesika, Buddhism and some followers of Mimamsa, and they are known as Asatkaryavadins. Samkhya, Yoga, Advaita and some Mimamsa followers answer it positively and are known as Satkaryavadins. In general, causes are divided into two, the "Nimitta" or the efficient cause and "Upadhana" or the material cause. To take the famous clay-pot analogy in philosophy to explain creation as well as causation, Nyaya and Vaisesika believe that Isvara created the universe with minute particles called "Anu-s (atoms)" and likewise without the potter the pot is non-existent. This is called Asatkarya vada. According to Samkhya, Prakriti trans-

formed itself into the created world in the presence of the energy of the Purusa, or that the pot was in the clay itself right from the beginning, because a pot cannot be made from any other material cause except clay. This is called Parinama-vada. Advaita on the other hand says that neither Aramba-vada nor Parinama-vada explain creation, but that Brahman, with the power of Maya, appeared as creation. On account of our ajnana, the world of plurality is perceived. This is Vivarta-vada.

The Jain theory of causation holds that the cause and its effect are always identical in nature and hence a conscious and immaterial entity like God cannot create a material entity like the universe. All the constituents have always existed and the sum total of all matter in the universe remains the same.

Dadaji also gives us a lot of golden nuggets of wisdom in the course of his discourses. There is an interesting discussion on what is the right type of asceticism – that which is undertaken to escape from pain, that which is die to enticements of name, fame and disciples and identifies the right approach as the one that is undertaken to embrace knowledge. Likewise the uses of the soul also are explained as impure or evil use, inauspicious use, auspicious use and pure use. The last one results in liberation. Dadaji says that he himself is always in a "pure use of soul" because his sense of ownership of the body has totally disappeared. Even among human beings thre are fourteen lac layers of human beings and Dadaji says that only the top fifty thousand layers are worthy enough to listen to his discourses. Even the concept of Gos is befitting their level of develop-

ment.

There are three kinds of happiness – sensual pleasure (Indriya-sukh), pleasure sans sensual pleasures (Nirindriya-sukh), where pleasure of the senses is renounced but the 'joy' of the self is not obtained, pleasure beyond the ego and senses or infinite pleasure of the true self (Ateendriya-sukh).

Dadaji's explanation of Maya is one that we can relate to very easily. While he agrees that Maya (illusion) is the greatest hurdle in the path of Moksha (liberation), the description of Maya in the scriptures is more by way of similes. Dadaji describes Maya as saying that her six sons are anger, pride, deceit, greed, attachment and hatred, while she herself is the seventh (Ego), and as long as Ego is alive, even if one kills all the other sons, they will be resurrected. Maya is nothing but a delusion, and one will be trapped in it until one realizes with the help of a Gyani that his True Self is the Pure Soul. Thus Dadaji simplifies the concept of Maya to an understandable and perfectly believable concept, and one that can be eradicated when he initiates someone.

Dadaji compares the import of Vedanta, which says that "When impurity, distractions and ignorance (Mala-Vikhsepa-Agyana) disappear, one can attain liberation, with the Jain teachings that say "When attachment, hate and ignorance (Raga-Dwesha-Agyana) are removed, liberation is attained". Thus he emphasizes that both systems emphasize the need to deal with ignorance (Agyana). This can be dealt with only by removing the attachment to the wrong things, and fixing the gaze onto the Pure Soul

(Shuddhatma).

Dadaji makes interesting observations on the science of speech and the silence of the pure self. He says that speech is like a record that cannot be replayed, it is a material, but it has been recorded before itself. Otherwise we would not find that sometimes we speak even inspite of our resolution not to do so. But he speech of a Vitaraga is flows after touching the manifested Paramatma, and hence it is live spiritual speech, free from any attachment, and Syadvad – not hurting anyone's views but accepting of all views.

Dadaji answers for us clearly the questions of what is Antahkarana, what is Mind and what is Thought, what is the Mind's inspiration to action and how to ride ones own mind. He makes this process less complex for the seekers by giving them simple instructions on how to use speech, silence, the external physical body (bahya-karana), the internal subtle body (antah-karana) and how to regulate the functions of the mind (mana), which is a sort of subtle knot. Those thoughts that have a greater frequency have a bigger knot, while those that rarely occur have smaller knots. Trying to inhibit the mind will cause it to run at double the speed, and it is not possible to control the mind by renouncing the world or by substituting it by some other means (like yoga). The only way of conquering the mind is by true knowledge, by observing and knowing, being dispassionate and perfectly aloof, anchored in the Pure Soul, the passing of the thoughts, thus attaining the state of perfect non-attachment.

Dadaji speaks in great detail about the mind, the harmony

and disharmony of mind and behaviour, the nature of mind and how to dissolve the knots in the mind. He also explains that the Mind and Soul are related in a 'Known-Knower' relationship. He paves the way for an ethical living by talking about how the intellect and wisdom act, and how wisdom is to be used in the acquisition of wealth. Dadaji explains in detail how Chitta, the reflective consciousness, is pure wisdom plus pure intuition, and how a search for happiness will never lead to eternal happiness. Dadaji, in all his kindness explains with a lot of simple examples, as to how Ego only prolongs the cycles of birth and death, and what needs to be renounced in order to attain liberation is not the worldly affairs, but the ego and attachment, or the "I" and the "My".

Thus Dadaji espouses deep philosophical truths about the Mind, which he says is a physical entity, Chitta (Reflective Consciousness), Intellect, which is the knowledge of the world that includes the ego, and the power of concentration. He guides people on the right path of using the intellect, explaining that the right intellect (Samyak-buddhi) leads to liberation whereas the perverted intellect (viparita-buddhi) leads to delusions. Differentiating intellect from Wisdom, he says that intellect is useful only so long as one has not attained wisdom. He explains the differences in people's belief and viewpoints and relates it to the intellect, and also shows how it can also be related to the business decisions, the invisible violence caused by the 'commercial intellect', and why there should be honesty in trade. The power of multiple-attention is related to the intellect rather than wisdom. Dadaji also differentiates intellect

from Illusion and says that the latter is 'ignorance' and can be dispelled, but the former remains.

While explaining the Chitta, or reflective consciousness, or that part of the mind that goes out, in fact as ashuddha-chitta or impure-reflective consciousness, which is a a sum of cognition and perception. He makes it very simple for a lay-person to understand the deep truths about the functioning of the antahkarana, how the chitta wanders incessantly finding happiness in objects, and how this wandering propensities (chitta-vrutis) can only be arrested by the Gyani-purush, who makes the person taste eternal happiness and attain pure chitta. He also helps the seeker understand how the purification of Chitta happens and how the Joy of Chitta blossoms when all deceit has vanished from the soul.

Dadaji goes on to explain the next few chapters about what needs to be renounced – how the ego and attachment are the main areas for renunciation and not worldly affairs. The usefulness of the Ego is also discussed as something that is required for the worldly affairs to go on. He explains how it is important to swallow the insults that other people throw at us in order to become the blue-throated Neelakantha, which bestows a superior status in the eyes of others. But in order to do this one has to become free from dualities of all kinds. Being humiliated is profitable because it washes away all ego and helps us stay permanently in "Pure-self" state.

Deep moral lessons are imparted with so much simplicity to the seeker in order for him to understand what is Ego. In fact pity and praise are both seen in the same light, and Dadaji questions as-

cetics who show pity on other people as to why they have not solved the riddle of their own life. Ego creates fractions, creates knots of greed and is responsible for creating the world around us. The internal stumbling blocks are all due to the Ego, which can only be done away with by the bestowal of a Gyani. Dadaji gives simple explanation for complex processes like Hypnotism, which he says occurs because of hypnotist captivating the Chitta, and the one loses his power of discretion.

Dadaji explains deep philosophical truths in a very lucid manner to the seekers, truths about the foundation and standing of the world, the role of the superimposed soul (pratishtitha-atma), the functioning of the Pure soul), and the properties of consciousness (Chetan) and the body, which is inert consciousness, i.e., inert matter + derived consciousness (nishchetana chetan), and what is human being's privilege to liberation. Through all this, Dadaji also explains what is desire, intent and purpose, nobleness and wickedness, the types and stages of bodies and the significance of the human form.

There is deep ethics in the teachings of Dadaji when he enlightens seekers on the right conduct, the role of emotions in accruing karma, and how sleep, dream, fear etc function in life. Dadaji speaks about the importance of making 'adjustments', avoid conflict, adopt frugality, and explains how becoming engrossed in sensual pleasures (vishaya), prevents us from attaining liberation (moksha). Dadaji says that once he gives the seekers 'Gyan', which has the sweetest and most unique taste, no sense-pleasure in the

world would have the same taste.

Dadaji explains the startling truth that the 'fault lies with the sufferer', because it is a case of the natural law punishing the guilty, because everyone pays for his mistakes through the law of scientific circumstantial evidence (vyavasthitha). The person or object causing the harm is merely the instrument, and the degree of what one has to endure gives us a measure of the mistake that was committed by him. Seeing one's own faults is possible when a person is blessed by a Gyani-Purush. This level of impartiality in seeing one's own faults makes one realize his 'real Self' and ones true identity. The role of karma in binding one through one's own fault is explained beautifully, as well as the way in which one can eliminate mistakes and faults.

The problem of self-indulgence, obstinacy, dogmatism, fanaticism, animosity, vengeance and conflicts are beautifully explained by Dadaji, and he shows how in this worldly life of the ocean of sub-atomic particles (parmanus), vibrations are caused due to the veil of ignorance. This causes entanglement of the mind. Dadaji explains how these vibrations can be reduced and then done away with Gyan, and the realization that this body is destined to be destroyed. Happiness and unhappiness is a mental projection, how memory creates a pull and a tension in the mind, and how comfort and discomfort are mere trappings of the mind.

Dadaji explains to us how the charge and discharge of the karma happens, that after realizing the true self, there is no recharge. He explains the nature of Moha and Maya, and how they

work in charging and discharging karma. The real self needs no nourishment. Dadaji does not ask people to give up worldly life, but explains that one has to live amidst a variety of issues. Losing one-self in circumstances causes the perpetuation of worldly life, but being a knower of the self elevates one to Godhood.

Dadaji advises seekers to follow Tri-Yoga (meditational practices of the three: mind, speech, body) is the beginning of the spiritual pilgrimage, Gnana-Yoga (being in the Self-realization) is the ultimate doctrine, while Atma-Yoga (attunement with the real self) is the realization of one's own identity. He humbly offers himself as a Guru, and tells the seekers to come to him when they are weary and want liberation. He assures them that there is nothing wrong with worldly life, except one's own understanding of it and the dependency that once has created on it.

Dadaji speaks of the Yoga-marga, whose final destination is to reach Samadhi. He says that while Yoga-marga pacifies the pain of the mind, speech and body, it does not lead to liberation. Ever-lasting Samadhi is the one that is free from "I"ness and "My"ness. Dadaji speaks of real knowledge as the one that is fully adjusted and reconciled in every manner, real samadhi as one that remains with full awareness of the five senses. However, non-attachment to the self is that one that creates purna-samdhi, or perfect synchronization with the self.

On meditation (Dhyana), he says that it is the line that joins the motive or object (Dheya) and the meditator or subject (Dhyata). He ascribes to the power of meditation by saying that a person, if he

meditates for 50 minutes uninterrupted even for a second, will get the object of his meditation within the next 50 minutes, and that such is the power of meditation. He invites the seeker to come and experience moksha directly because he himself will be able to grant it to the seeker. Bhagwan is someone who has liberated himself and has not superior to him. The world is full of dependencies and miseries, nut worldly life is not wrong. But fear can be eliminated through the right understanding and complete information that can be given by a Gyani Purush.

He speaks of self-proclaimed Gurus who renounce the burden of families but take on the burden of disciples instead. He points out that becoming a Guru is fraught with risk because if there is no awareness, one will be doomed. It is a state that will intoxicate the ego heavily. To become a Guru, one should get a master-key from a Gyani Purush and then only they will be able to help others. Otherwise, true to the meaning of the word 'Guru', they will sink and take others with them.

Dadaji says he is Laghttam-Purush, or the humblest of the humble in worldly dealings, but Guruttam-Purush or highest of the high in the spiritual world. The master key for a Guru is to retain the knowledge that he should be the humblest of the humble. Only a true Guru can give the knowledge of Agama-gyan or self-realization. Dadaji speaks of the Akram-gyan that he can show the seekers, where worldly reactions happen after the understanding of the 'real' has happened. Only this way, the Gyan is retained in all worldly interactions, and this enlightened view of the world results

in absence of clashes and an experience of bliss.

Dadaji says there is the possibility of erasing one's karma, because what is dormant can be erased, and a thought can be erased before it leaves an impression on the self. The Atma is Gyan and when there is Viparita-gyan, the Atma becomes viparita-atma. Once there is faith (Shraddha) in something, the knowledge helpful to the faith can be found. Shraddha is undecided knowledge and Gyan is decided knowledge. Sharddha is followed by Gyan when belief is followed by knowledge and this is followed by experience. He says Action is not the attribute of the self. Actions have their own consequences or fruit, and only the action that has no consequence or fruit will liberate. Gyan-kriya, or the action of knowing the pure self is the one that will liberate one.

Pragna is the direct light of the self, and is a fraction of the kevala-gyan. When the self becomes free of all obscuring evils just like the light in the pot becomes more illuminating as various holes are punched in it and finally results in full light when the pot itself is broken, when the self acquires the ability to ability of seeing and knowing the whole universe, it is called kevala-gyan or omniscience. Even Pragna-bhava, which is above all bhavas, is not an intrinsic part of the self. It is like an interim Government, whose work is finished when then ultimate goal of liberation is attained. To do this, Dadaji says he would initiate 'swarupa-gyan' or self-realization and kindle the Pragna, which keeps one alert and vigilant to solve the puzzle of life and attain liberation. Thus the Gyani-purush becomes the final destination.

Through his speeches, Dadaji shows us that he is a truly enlightened soul, compassionate to the seekers, and offering them his infinite spiritual strength to tide the affairs of the world. Through his answers, he clears the veil of ignorance of his seekers and enables them to live a fulfilling life. Through his discourses, Dadaji helps others in their search for happiness, and helps them live a truly fulfilling life, full of ethical action, love and compassion and detachment from the fruits of their actions. To listen to Dadaji is itself a spiritual experience and this book fulfills every man's deep need to find meaning in this world.

Godabarisha Mishra, Ph.D.
Formerly Professor and Head
Department of Philosophy
University of Madras, Centenary Building
Chennai—600 005

## ഉള്ളടക്കം


| | |
|---|---|
| 1 . മതം(ധർമ്മം) സഹജസ്വഭാവത്തിന്റെ മൂർത്തീകരണമാകുന്നു | 1 |
| 2. ലോകസൃഷ്ടി | 3 |
| 3. ലോകം: ഒരു കടംകഥ | 4 |
| 4. വ്യവസ്ഥിത ശക്തി | 5 |
| 5. യജമാനനായ ഈശ്വരനും മോക്ഷവും | 7 |
| 6. ആപേക്ഷിക മതങ്ങളും യഥാർത്ഥ മതവും | 8 |
| 7. മോക്ഷം: ക്രമമായ വഴികളിലൂടെയോ ക്രമരഹിതമായോ? | 10 |
| 8. ലൌകിക ബന്ധങ്ങൾ | 12 |
| 9. സുഖവും ദുഃഖവും | 14 |
| 10. വിധിയും പുരുഷാർത്ഥവും- വിരോധാഭാസപരമായ ചുറ്റുപാട് | 18 |
| 11. പ്രാരബ്ധവും പുരുഷാർത്ഥവും | 21 |
| 12. ആത്മാവും അനാത്മാവും | 25 |
| 13. ദിവ്യചക്ഷുസ്സിലൂടെ(ദർശനം) മോക്ഷം | 26 |
| 14. പുനർജ്ജന്മം | 27 |
| 15. മനസ്സും വാക്കും ശരീരവും പ്രഭാവമുള്ളതാണ് | 28 |
| 16. മാനസിക ക്ലേശങ്ങൾ, ശാരീരിക രോഗങ്ങൾ, മറ്റുള്ളവരാൽ ഉണ്ടാക്കപ്പെടുന്ന ദുരിതങ്ങൾ. ആധി - വ്യാധി-ഉപാധി (മൂന്നു യാതനകൾ) | 31 |
| 17. ലോകം: അതു മായികമോ? | 32 |
| 18. മനസ്സ്, വാക്ക്, ശരീരം- ത്രിവിധബന്ധങ്ങൾ | 33 |
| 19. വിശുദ്ധഗ്രന്ഥങ്ങൾ (ആഗമം-നിഗമം) | 35 |
| 20. പൂരണവും വിഘടനവും | 35 |

21. ത്രിമന്ത്രങ്ങൾ: ലൌകികദുരിതങ്ങൾക്കുള്ള പരിഹാരം 37

22. ആകുലതയും അഹന്തയും 40

23. ഉള്ളതിനെ ആസ്വദിക്കുക 45

24. ധ്യാനവും അപധ്യാനവും 46

25. മതാചാരങ്ങളും മനസ്സിന്റെ അവസ്ഥയും 50

26. ബുദ്ധിശക്തിയുടെ പരിമിതി 52

27. സാർവലൌകികമായി സ്വീകാര്യമായ കാഴ്ചപ്പാട് 53

28. ജ്ഞാനിയും ധർമ്മത്തിന്റെ സ്വഭാവവും 53

29. നിഷ്കളങ്ക സമീപനം 56

30. ഉന്മാദവും മോക്ഷവും 57

31. മുക്തിയാണ് ഉത്തമമായ അഭിലാഷം 58

32. അരക്ഷിതരും നിരാശ്രയരുമായ മനുഷ്യർ 62

33. പ്രകൃതിവ്യവസ്ഥയും ഭൌതികശാസ്ത്രങ്ങളും 64

34. ഭൌതികവികാസവും ആത്മീയവികാസവും 66

35. ജന്മസിദ്ധമായ സ്വാഭാവികജീവിതം 67

36. സാധകരുടെ അവസ്ഥ 69

37. സൽപ്രവൃത്തിയും ദുഷ്പ്രവൃത്തിയും 69

38. സൃഷ്ടിയും സംഹാരവും(നിറയ്ക്കലും ഒഴിയലും) 74

39. പുരുഷനും പ്രകൃതിയും (ആത്മാവും അനാത്മാവും) 75

40. എന്താണ് അനാത്മാവ് അഥവാ പ്രകൃതി ? 76

41. പ്രകൃതിയും അവളുടെ മൂന്നു ഗുണങ്ങളും 77

42. ശുദ്ധാത്മാവ്: സഗുണം – നിർഗ്ഗുണം 79

43. പ്രകൃതിയുടെ ഉപാസന–പുരുഷന്റെ ഉപാസന 80

44. ആത്മാനാത്മാക്കളുടെ സഹജസ്വഭാവം

| | |
|---|---|
| (പ്രകൃതി ധർമ്മവും പുരുഷധർമ്മവും) | 81 |
| 45. പ്രകൃതി ഉദ്യാനം | 81 |
| 46. താപസവൃത്തി (വൈരാഗ്യം) | 83 |
| 47. മനുഷ്യപുരോഗതി | 86 |
| 48. മായയും മോക്ഷവും | 87 |
| 49. ലോകത്തിലെ മൂന്നു തരം സുഖങ്ങൾ | 88 |
| 50. മലം-വിക്ഷേപം-അജ്ഞാനം :രാഗം-ദ്വേഷം-അജ്ഞാനം | 89 |
| 51. വാക്കിന്റെ ശാസ്ത്രം | 91 |
| 52. ശുദ്ധാത്മാവിന്റെ മൌനം | 95 |
| 53. അന്തഃകരണം | 96 |
| 54. എന്താണ് മനസ്സ്? എന്താണ് ചിന്തകൾ? | 98 |
| 55. മനസ്സ്: കർമ്മത്തിലേക്കുള്ള പ്രചോദനം | 101 |
| 56. അറിയുന്നവനും അറിയപ്പെട്ടതും  തമ്മിലുള്ള ബന്ധം | 102 |
| 57 . മനസ്സിനെ സവാരി ചെയ്യിക്കുക | 103 |
| 58. സമ്പത്തിന്റെ ദേവത എവിടെ വസിക്കുന്നു? | 106 |
| 59. മനസ്സിന്റെ സങ്കോചവും വികാസവും | 107 |
| 60. മനസ്സിന്റെ അപസ്വരവും പെരുമാറ്റവും | 108 |
| 61. മനസ്സിന്റെ സ്വഭാവം | 109 |
| 62. മനസ്സിന്റെ ഗ്രന്ഥികൾ എങ്ങനെ ഇല്ലാതെയാകുന്നു? | 111 |
| 63. മനസ്സ് ഭൌതികമാണ് | 113 |
| 64. മനസ്സിന്റെ ഗുണങ്ങൾ | 114 |
| 65. മനസ്സിന്റെയും ആത്മാവിന്റെയും ജ്ഞാതൃജ്ഞേയബന്ധം | 115 |
| 66. ബുദ്ധിയുടെ പ്രകാശം-ജ്ഞാനത്തിന്റെ പ്രകാശം | 116 |
| 67. ബുദ്ധിയുടെ ഗുണങ്ങൾ | 117 |

68. ബുദ്ധിയുടെ ഉദ്ദേശ്യം 118

69. ഗണപതി: ബുദ്ധിയുടെ അധിഷ്ഠാനദേവത 120

70. ബുദ്ധിയിലൂടെയും ജ്ഞാനത്തിലൂടെയും ഉള്ള അനുഭവം 120

71. ഭേദങ്ങൾ എന്തുകൊണ്ട്? 123

72. കച്ചവടത്തിലെ നീതി 128

73. എന്തുകൊണ്ടാണ് പണത്തിനു കുറവുണ്ടാകുന്നത്? 129

74. ബുദ്ധിയുടെയും ജ്ഞാനത്തിന്റെയും പ്രവൃത്തികൾ 130

75. വ്യത്യസ്ത ബുദ്ധി: വ്യത്യസ്ഥ അഭിപ്രായങ്ങൾ 132

76. ഏകാഗ്രതയുടെ ശക്തി 137

77. ചിത്തം:പ്രതിബിംബാത്മക ബോധം

(അന്തക്കരണത്തിന്റെ മൂന്നാമത്തെ ഘടകം) 138

78. ചിത്തത്തിന്റെ ശുദ്ധീകരണം 141

79. ചിത്തത്തിന്റെ ആനന്ദം 143

80. അഹങ്കാരം 145

81. എന്തിനെയാണ് ത്യജിക്കേണ്ടത്? 146

82. ആരാണ് ഭോക്താവ്? 147

83. അഹങ്കാരത്തിന്റെ സത്തിനെ വേർതിരിച്ചെടുക്കുക 149

84 . പുഞ്ചിരിച്ചുകൊണ്ട് വിഷം കുടിക്കൽ 151

85. അദൃശ്യമായ തപസ്സ് എന്താണ്? 153

86. ആദരവ് – അനാദരവ് ഒരു അവലോകനം 156

87. അഹന്തയുടെ വിഷം 157

88. അഹന്തയാണ് നിങ്ങളുടെ ലോകം 159

89. അന്തക്കരണത്തിന്റെ പ്രവർത്തനം 161

90. നിർബന്ധിതവും സ്വേച്ഛാനുസാരവും 165

91. ലോകത്തിന്റെ ആധാരം 168

92. നിശ്ചേതന-ചേതന 175

93. മോക്ഷത്തിനുള്ള മനുഷ്യന്റെ വിശേഷാധികാരം 178

94. ആഗ്രഹം 180

95. എന്താണ് ഭാവം? ആഴത്തിലുള്ള ഉദ്ദേശമോ സാരമോ? 183

96. കുലീനതയും കുടിലതയും 184

97. മൂന്നു തരം ശരീരങ്ങൾ 186

98. എപ്പോഴാണ് ദേഹാദ്ധ്യാസം മറയുന്നത്? 190

99. ശരീരത്തിന്റെ മൂന്നു അവസ്ഥകൾ 191

100. മനുഷ്യരൂപത്തിന്റെ പ്രാധാന്യം 194

101. പെരുമാറ്റം, ആലോചന, ചട്ടംകെട്ടൽ 198

102. മനോവികാരം:വ്യാകുലത 200

103. നിദ്ര 203

104. സ്വപ്നം 204

105. ഭയം 208

106. സ്വതാത്പര്യത്തെക്കുറിച്ചുള്ള അവബോധം 211

107. ജീവിതത്തിലെ ക്രമീകരണങ്ങൾ 212

108. സംഘർഷങ്ങൾ 213

109. മിതവ്യയം 215

110. ഇന്ദ്രിയവിഷയങ്ങൾ 216

111. സ്നേഹവും മമതയും 226

112. പ്രകൃതി നിയമങ്ങൾ: കുറ്റം ദുഃഖിതന്റെയാണ് 229

113. നിങ്ങളുടെ കുറ്റങ്ങളെ കാണൽ 234

114. തെറ്റുകൾ 238

115. ഭോഗാസക്തിയും അതിശുഷ്കാന്തിയും ആത്മീയാനുഷ്ഠാന
ത്തിൽ (സ്വച്ഛാനന്ദം :ആത്മീയ വിഷയങ്ങളിൽ സ്വന്തം
ബുദ്ധിയെ പിന്തുടരൽ) 244

116. കർക്കശവിശ്വാസം: കാഴ്ചപ്പാടിലുള്ള നിർബന്ധബുദ്ധി
(മതഗ്രഹം) 249

117. മതഭ്രാന്ത്:ദൃഷ്ടി രാഗം 250

118. വിദ്വേഷവും പ്രതികാരവും 251

119. സംസാരസാഗരത്തിലെ സ്പന്ദനങ്ങൾ 251

120. കലഹവും വേദനകളും 255

121. എന്താണ് യഥാർത്ഥത്തിൽ സന്തോഷവും അസന്തുഷ്ടിയും? 263

122. കുറ്റാരോപണ മനോഭാവം 265

123. സ്തുതി 266

124. അസ്വാസ്ഥ്യത്തിലെ സ്വാസ്ഥ്യം 268

125. ചാർജ്-ഡിസ്ചാർജ് 270

126. ഇഷ്ടാനിഷ്ടങ്ങൾ 274

127. മോഹത്തിന്റെ സ്വഭാവം 277

128. മായ 280

129. ക്രോധം 283

130. ലോഭം 284

131. കുടിലത 286

132. കോപം, ദംഭ്, മമത, ലോഭം എന്നിവയുടെ പോഷണം 287

133. സത്യമായ ആത്മാവിന് പോഷണം ആവശ്യമില്ല 288

134. ആഭ്യന്തരവകുപ്പും വിദേശകാര്യവകുപ്പും 289

135. സാഹചര്യങ്ങൾ 290

136. സാഹചര്യങ്ങളും സഹജമായ സ്വഭാവവിശേഷങ്ങളും
(പ്രകൃതസംയോഗം) 299

137. ധ്യാനവും ഏകാഗ്രതയും 302

138. നിർവികല്പ സമാധി (അഹന്താനിവൃത്തിയിലെ ആനന്ദം) 304

139. ധ്യാതാവ്-ധ്യേയം-ധ്യാനം 307

140. ഗുരുവിനു വേണ്ടിയുള്ള താക്കോൽ 311

141. അക്രമജ്ഞാനവും ക്രമികജ്ഞാനവും 312

142. ജീവന്റെ അന്തമില്ലാത്ത യാത്ര 313

143. പ്രജ്ഞ: ജ്ഞാനദീപ്തമായ ബുദ്ധി 316

നമോ അരിഹംതാണം
നമോ സിദ്ധാണം
നമോ ആയരിയാണം
നമോ ഉവജ്ഝായാണം
നമോ ലോയേ സവ്വ സാഹൂണം
എസോ പഞ്ച നമുക്കാരോ
സവ്വ പാവപ്പണാസണോ
മംഗലാണം ച സവ്വേസിം
പഠമം ഹവഇൗ മംഗലം

'ഓം നമോ ഭഗവതേ വാസുദേവായ'

'ഓം നമ :ശിവായ'

# 1

# മതം (ധർമ്മം) സഹജസ്വഭാവത്തിന്റെ മൂർത്തീകരണമാകുന്നു

**അന്വേഷകൻ** : എന്താണ് മതം ?

**ദാദാജി** : മതം ധർമ്മമെന്നറിയപ്പെടുന്നു. വസ്തുക്കളുടെ യഥാർത്ഥ സ്വരൂപത്തെ വെളിവാക്കുന്ന അവയുടെ സഹജസ്വഭാവത്തെയാണ് ധർമ്മമെന്നു പറയുന്നത്. വസ്തുക്കളെല്ലാം അവയുടെ സഹജസ്വഭാവത്താലാണ് അറിയപ്പെടുന്നത്. ഈ അർത്ഥത്തിലാണ് ധർമ്മമെന്ന പദം തത്വദർശനങ്ങളിൽ വ്യവഹരിക്കപ്പെടുന്നത്. ഉദാഹരണമായി, എപ്പോഴാണ് സ്വർണ്ണത്തെ സ്വർണ്ണമെന്നു വിളിക്കാനാവുന്നത് ? അത് സ്വർണ്ണത്തിന്റെ ഗുണങ്ങൾ പ്രകടമാക്കുമ്പോൾ മാത്രമാണ്. മുന്തിരിപ്പഴങ്ങൾ കയ്പുള്ളവയാണെങ്കിൽ നിങ്ങൾ എന്തു പറയും ? അവ അവയുടെ യഥാർത്ഥ സ്വഭാവത്തിലല്ല. പിച്ചള ചിലപ്പോൾ കണ്ടാൽ സ്വർണ്ണം പോലെയിരിക്കും. എന്നാൽ നമ്മൾ ഒരു സ്വർണ്ണപ്പണിക്കാരന്റെ അടുക്കൽ കൊണ്ടുപോയി പരിശോധിപ്പിച്ചാൽ ആ പിച്ചളയ്ക്ക് സ്വർണ്ണത്തിന്റെ ഗുണങ്ങൾ ഒന്നും ഇല്ലെന്നും അതു സ്വർണ്ണമല്ല എന്നും നമുക്ക് അറിയാനാകും.

നിങ്ങളുടെ മുൻപിൽ രണ്ടുതരം മാമ്പഴങ്ങൾ വയ്ക്കുന്നു. അതിൽ ഒന്നു മാമ്പഴം പോലെ ഗന്ധം തരുന്നു, വാടുന്നു, ഒടുവിൽ ജീർണ്ണിക്കുന്നു. രണ്ടാമത്തെ മാമ്പഴം തടികൊണ്ടുണ്ടാക്കിയതാണ്. അതും മാമ്പഴം പോലെയിരിക്കും. എന്നാൽ ആദ്യത്തെ മാമ്പഴത്തെ പോലെ ഗന്ധമില്ല, വാടുന്നുമില്ല. തടികൊണ്ടുള്ള മാമ്പഴത്തിനു യഥാർത്ഥ മാമ്പഴത്തിന്റെ നാമവും രൂപവും മാത്രമേ ഉള്ളൂ. അതിന്റെ യാതൊരു ഗുണവുമില്ല. യഥാർത്ഥമാമ്പഴം അതിന്റെ സഹജാവസ്ഥയിലാണ്. അതുപോലെ ഏതു വസ്തുവും അതിന്റെ സഹജമായ സ്വഭാവത്തിൽ ഇരിക്കുമ്പോൾ മാത്രമേ അതിനെ വസ്തു എന്നു പറയാനാകൂ. അനാത്മവസ്തുവിനെ ശുദ്ധാത്മാവായി തെറ്റിദ്ധരിക്കുമ്പോൾ അതു യഥാർത്ഥ വസ്തുവാകുന്നില്ല. അനാത്മവസ്തു ശുദ്ധാത്മാവിനോടു സ്വഭാവസാമ്യമില്ലാത്തതാകുന്നു. ശുദ്ധാത്മാവ് തന്നെയാണ് ആത്മവസ്തു. അതു തന്നെയാണ് ആത്മാവിന്റെ സഹജസ്ഥിതി.

**ദാദാജി** : നിങ്ങളാരാണ്?

**അന്വേഷകൻ** : ഞാൻ അമിത്.

**ദാദാജി** : നിങ്ങളുടെ പേരെന്താണ്?

**അന്വേഷകൻ** : എന്റെ പേര് അമിത്.

**ദാദാജി** : 'ഞാൻ അമിത്', 'എന്റെ പേര് അമിത്'. ഈ രണ്ടു വാചകങ്ങളിലും എന്തെങ്കിലും വൈരുദ്ധ്യം നിങ്ങൾ കാണുന്നുണ്ടോ ? പേരുള്ളവനും പേരും ഒന്നുതന്നെയാകുന്നതെങ്ങനെയാണ് ? നിങ്ങളെ ശ്മശാനത്തിലേക്കു കൊണ്ടുപോകുന്ന ദിവസം നിങ്ങളുടെ പേരു നിങ്ങൾക്ക് നഷ്ടമാകും. മുനിസിപ്പൽ റെജിസ്റ്ററിൽ നിന്നും നിങ്ങളുടെ പേര് നീക്കം ചെയ്യപ്പെടും. ഇനി പറയൂ, ഇതാരുടെ കയ്യാണ് ? ഈ കാൽ ആരുടെയാണ്?

**അന്വേഷകൻ** : എന്റെ

**ദാദാജി** : ഇതു നിങ്ങളുടെ ശരീരത്തിലെ അംഗങ്ങളാണ്. അവയിൽ നിങ്ങളുടേതായി എന്താണുള്ളത്? ആരുടെ മനസ്സാണ് നിങ്ങളുടെ ഉള്ളിൽ ഉള്ളത്?

**അന്വേഷകൻ** : അത് എന്റേതാണ്!.

**ദാദാജി** : ആരുടെ വാക്കാണത്?

**അന്വേഷകൻ** : അതും എന്റേതാണ്!

**ദാദാജി** : ഈ വാച്ച് ആരുടേതാണ്?

**അന്വേഷകൻ** : സർ, അതെന്റെയാണ്!

**ദാദാജി** : ഈ ശരീരം ആരുടെയാണ്?

**അന്വേഷകൻ** : ഇതെന്റെ ശരീരമാണ്

**ദാദാജി** : ഇതു നിന്റേതാണ് എന്നു പറയുന്ന നിമിഷത്തിൽ ഉടമസ്ഥനും ഉടമപ്പെട്ടതും ഭിന്നമായിരിക്കണമെന്നു നീ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ ?

**അന്വേഷകൻ** : ഉണ്ട്

**ദാദാജി** : എങ്കിൽ ആരാണ് ആ ഉടമസ്ഥൻ ? അയാളെക്കുറിച്ച് എപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടോ ?

**അന്വേഷകൻ** : ഇല്ല. ഇതു വരെ ആലോചിച്ചിട്ടില്ല.

**ദാദാജി** : ഈ വാച്ച് നല്ലതാണെന്ന് അറിഞ്ഞശേഷമാണ് നിങ്ങൾ വാങ്ങിയത്. ഈ വസ്ത്രവും അങ്ങനെതന്നെ. നിങ്ങളുടെ ഭാര്യയെ നിങ്ങൾ വിവാഹം കഴിച്ചതും അവർ നല്ല ഒരു സ്ത്രീ എന്നു അറിഞ്ഞശേഷം മാത്രമാണ്.

**അന്വേഷകൻ** : അതെ മാസ്റ്റർ.

**ദാദാജി** : പ്രിയപ്പെട്ട അമിത്, എങ്കിൽ നീ എന്തുകൊണ്ടു നിന്റെ ആത്മാവിനെ സാക്ഷത്കരിച്ചില്ല ? പറയൂ, ഈ കാണുന്നതൊക്കെ ശാശ്വതമോ നശ്വരമോ ? വാസ്തവത്തിൽ ഇതെല്ലാം താത്കാലികമായ വ്യവസ്ഥ മാത്രമാണ്. ആത്മാവ് മാത്രമാണ് ശാശ്വതമായിട്ടുള്ളത്; എന്നാൽ നിങ്ങൾ ആ ശാശ്വതമായ ആത്മാ-

വിനെ ക്ഷണികമായ വസ്തുവായി ധരിച്ചാൽ നിങ്ങൾക്ക് ശരിയായ സമാധാനം ലഭിക്കുമോ ? ഗണിതത്തിലും ഇങ്ങനെയാണ്. നിങ്ങളുടെ സങ്കല്പനം തെറ്റിയാൽ ശരിയായ ഉത്തരം എങ്ങനെ ലഭിക്കും ? നിങ്ങൾ നിങ്ങളുടെ ആത്മാവിനെ സാക്ഷാത്ക്കരിച്ചിട്ടില്ല. പറയൂ അതൊരു ചെറിയ അപരാധമോ വലിയ അപരാധമോ ?

**അന്വേഷകൻ** : അതെ സർ. അതൊരു പ്രമാദമാണ്. വലിയൊരു അബദ്ധം.

2

## ലോകസൃഷ്ടി

**ദാദാജി** : ഈ ലോകം ആരുണ്ടാക്കിയതാണ്?

**അന്വേഷകൻ** : .. ? ?..

**ദാദാജി** : വിഷമിക്കേണ്ട. ആരും ഇവിടെ നിന്നെ വിധിക്കുവാൻ ഇല്ല. ഈ വിഷയത്തെക്കുറിച്ചുള്ള നിന്റെ ചിന്തകൾ പറയൂ

**അന്വേഷകൻ** : ഒരുപക്ഷേ ദൈവം സൃഷ്ടിച്ചതാകാം.

**ദാദാജി** : എന്തിനു ? ദൈവം ഈ ലോകം സൃഷ്ടിച്ചില്ലായിരുന്നുവെങ്കിൽ ദൈവപുത്രന്മാർ അവിവാഹിതരായി ഇരിക്കുമായിരുന്നോ ? ദൈവം വിവാഹിതനോ അവിവാഹിതനോ ? അദ്ദേഹത്തിന്റെ വിലാസം എന്താണ്? മോക്ഷം എന്നൊന്നുണ്ടെന്നു നീ കരുതുന്നുണ്ടോ ?

**അന്വേഷകൻ** : തീർച്ചയായും മോക്ഷം ഉണ്ട്

**ദാദാജി** : പക്ഷെ ദൈവം ഈ ലോകത്തിന്റെ നിർമ്മാതാവെങ്കിൽ, അതുപോലെ മോക്ഷവും ഉണ്ടെങ്കിൽ അവിടെ ഒരു പൊരുത്തക്കേടുണ്ട്.

**അന്വേഷകൻ** : പോരുത്തക്കേടോ ? എങ്ങനെ ?

**ദാദാജി** : ദൈവം നമ്മുടെ യജമാനനും നമ്മെ മോക്ഷത്തിലേക്കു നയിക്കുന്നവനും എങ്കിൽ അതിന്റെ അർത്ഥം ആ ദൈവം ഉത്തരവിടുമ്പോൾ നാം നമ്മുടെ മോക്ഷത്തെയും ഉപേക്ഷിക്കണം എന്നാണ്. അതിനെ പരിപൂർണ്ണ മോക്ഷം എന്നു വിളിക്കാൻ പറ്റുമോ ? മോക്ഷം എന്നാൽ പൂർണ്ണമായ സ്വാതന്ത്ര്യമാണ്. അവിടെ യജമാനനില്ല. ആജ്ഞാനുവർത്തിയുമില്ല. എന്തിനധികം, ദൈവം പോലുമില്ല !

**അന്വേഷകൻ** : അതെ സർ. അങ്ങനെയാകണം

## 3

### ലോകം : ഒരു കടംകഥ

**അന്വേഷകൻ** : ഈ ലോകം ആരു സൃഷ്ടിച്ചു ?

**ദാദാജി** : ദൈവം ലോകത്തിന്റെ സ്രഷ്ടാവാണെന്ന ക്രിസ്ത്യാനിയും, അല്ലാഹ നിർമ്മിച്ചതെന്നു മുസ്ലീംങ്ങളും, ഭഗവാൻ നിർമ്മിച്ചതെന്നു ഹിന്ദുക്കളും പറയുന്നു. എല്ലാവരും അവരവരുടെ ദൃഷ്ടിയിൽ ശരിയാണ് എന്നാൽ പരമാർത്ഥദൃഷ്ടിയിൽ തെറ്റുമാണ്. നിനക്കു 'പരമാർത്ഥം' അറിയണമെങ്കിൽ ഞാൻ കാണിച്ചു തരാം. എല്ലാ വീക്ഷണങ്ങളും സ്വീകരിച്ചാൽ അതു ശരിയായ ജ്ഞാനമാണ്. മുന്നൂറ്റിഅറുപതു ഡിഗ്രിയും അംഗീകരിച്ചുകൊണ്ടു കേന്ദ്രബിന്ദുവിൽ ഇരിക്കുന്നതിനാൽ പരമാർത്ഥത്തെ വെളിപ്പെടുത്താം. ദൈവം ലോകത്തെ സൃഷ്ടിച്ചു എന്ന സാമാന്യവിശ്വാസത്തിനു എതിരാണ് പരമാർത്ഥം. ആ പരമാത്മാവ് ലോകത്തെ സൃഷ്ടിച്ചിട്ടില്ല. ആരുംതന്നെ ഈ ലോകത്തെ ഉണ്ടാക്കിയിട്ടില്ല. പിന്നെ ആരാണ് ഇതിന്റെ നിർമ്മാതാവ് ? ഈ ലോകം ഒരു കടംകഥയാണ്. ലോകമെന്ന കടംകഥ തനിയെ നിൽക്കുന്നതായി ശരിയായ ദർശനത്തിലൂടെയും വീക്ഷണത്തിലൂടെയും ഞാൻ മനസ്സിലാക്കിയിരിക്കുന്നു. ഈ പ്രഹേളിക പരിഹരിക്കുന്നവനു ഈശ്വരത്വം കൈവരുന്നു. അതിൽ പരാജയപ്പെടുന്നവൻ ഈ പ്രഹേളികയിൽ പെട്ടു കുഴയുന്നു. ഞാൻ ഈ കടംകഥയ്ക്കു ഉത്തരം കണ്ടെത്തി. എന്നെ സംബന്ധിച്ച് ശുദ്ധാത്മാവും ജഢപദാർത്ഥവും തികച്ചും വ്യത്യസ്തങ്ങളാണ്. അതു രണ്ടും രണ്ടെന്നു കാണാത്തവർ ഈ കടംകഥയ്ക്കു ഉത്തരം കിട്ടാതെ വിഷമിക്കും.

ഈശ്വരൻ ഒരിക്കലും സ്രഷ്ടാവല്ല. ആയിട്ടുമില്ല. ആകുകയുമില്ല. സ്രഷ്ടാവ് എന്നതിന്റെ അർത്ഥം എന്താണ് ? ഒരു കുശവനെപ്പോലെയാണ് സ്രഷ്ടാവ്. കഠിനവും വിരസവുമായ ഒരു ജോലി ചെയ്യുന്ന കൂലിപ്പണിക്കാരൻ ആണോ ഈശ്വരൻ ? ഈശ്വരൻ എന്തിനു ഈ സകല ജോലികളും ചെയ്യണം ? ഒരു കഠിനാദ്ധ്വാനിയായ മനുഷ്യൻ കൂലിപ്പണിക്കാരനെപ്പോലെയാണ്. ഈശ്വരൻ അങ്ങനെയല്ല. ഈശ്വരൻ എല്ലാത്തിന്റെയും നിർമ്മിതി നടത്തിയാൽ എല്ലാം ഒരുപോലെയിരിക്കണം. ചിലർ ജനനം മുതൽ വഴിയരികിൽ ഉറങ്ങുന്നു, ചിലർ പട്ടുമെത്തയിലും. ഈശ്വരൻ പക്ഷപാതിയെന്നു പറയാൻ ആകുമോ ?

**അന്വേഷകൻ** : എങ്കിൽ ആരാണ് ലോകത്തെ പാലിക്കുന്നത്?

**ദാദാജി** : അതിനെക്കുറിച്ച് പറയാം. ഈ ലോകം ശാസ്ത്രീയവും സാന്ദർഭികവുമായ പ്രമാണത്താലാണ് പ്രവർത്തിക്കുന്നത്. ബൃഹത്തായ പ്രപഞ്ചപ്രക്രിയകളെ നട-

ത്തുന്ന ആ പ്രതിഭാസത്തെ വ്യവസ്ഥിത ശക്തി എന്നു പറയുന്നു. ക്രമാനുഗതവും നീതിപൂർവ്വകവുമായ ആ ശക്തിയാണ് സകലതിനെയും അതിന്റെ വ്യവസ്ഥയിൽ നിലനിർത്തുന്നത്.

## 4

## വ്യവസ്ഥിത ശക്തി

**ദാദാജി** : നോക്കൂ, നീ അതിരാവിലെ ഉണരുന്നു. സത്യസന്ധമായി പറയൂ, നീ തനിയെ ഉണരുകയാണോ അതോ ഒരു അദൃശ്യശക്തി നിന്നെ ഉണർത്തുകയാണോ ?

**അന്വേഷകൻ** : ഞാൻ തനിയെ ഉണരുകയാണ്.

**ദാദാജി** : എന്നാൽ ചിലപ്പോൾ നിനക്കു ഉറക്കം വരികയും എന്നാൽ ഉറങ്ങാൻ കഴിയാതിരിക്കുകയും ചെയ്യാറില്ലേ ? നിനക്കു തനിയെ ഉണരാൻ ആവുമെങ്കിൽ നീ എന്തിനു അലാറം ഉപയോഗിക്കുന്നു ? അല്ലാതെ തന്നെ നീ ഉണരേണ്ടതല്ലേ ?

**അന്വേഷകൻ** : അല്ല സർ. എനിക്കു അലാറം വയ്ക്കേണ്ടിവരുന്നു.

**ദാദാജി** : ഇവിടെയാണു വൈരുദ്ധ്യം. നീ ചെയ്യാത്ത കാര്യത്തിനു ചെയ്തു എന്നു പറയുന്നു. അതിനെ ഒരു ധർമ്മമായി എങ്ങിനെ സ്വീകരിക്കും ? അതിനാൽ ആലോചിക്കൂ ? ആരാണ് നിന്നെ ഉണർത്തുന്നത് ? ക്രമാനുഗതവും നീതിപൂർവ്വകവുമായ വ്യവസ്ഥിത ശക്തിയാണ് നിന്നെ ഉണർത്തുന്നത്. ആ ശക്തിയുടെ നിയമങ്ങളാൽ ആണ് സൂര്യചന്ദ്രനക്ഷത്രാദികൾ പ്രവർത്തിക്കുന്നത്. ഈ ഫാക്ടറികൾ അനേകം പുകയും മാലിന്യവും അന്തരിക്ഷത്തിലേക്കു വിടുന്നെങ്കിലും ആ ശക്തി അവയെല്ലാം നീക്കി ശുദ്ധീകരിക്കുന്നു. അങ്ങനെയല്ലായിരുന്നുവെങ്കിൽ ഈ അഹമ്മെദബാദ് നഗരത്തിലെ ആളുകൾ മുൻപേതന്നെ ശ്വാസം മുട്ടി മരിച്ചുപോയേനെ. അങ്ങനെ നീ കരുതുന്നുവോ ?

വർഷകാലത്തു മഴ പെയ്യും. ആരാണ് ജലത്തെ മേഘങ്ങളിൽ നിറയ്ക്കുന്നത് ? പ്രകൃത്യാ ഉള്ള ഒരു ക്രമീകരണം ആണത്. രണ്ടു ഹൈഡ്രജൻ ആറ്റങ്ങളും ഒരു ഓക്സിജൻ ആറ്റവും കൂടിച്ചേർന്നു ജലമുണ്ടാകുന്നു. അതു മഴയായി ഭൂമിയിലേക്കു വീഴുന്നു. എന്നാൽ ശാസ്ത്രജ്ഞൻ എന്തു പറയുന്നു ? ഞാനാണ് വെള്ളം ഉണ്ടാക്കിയത് ! മൂഢൻ ! ഞാൻ നിങ്ങൾക്കു രണ്ടിനു പകരം ഒരു ഹൈഡ്രജൻ ആറ്റം തന്നാൽ എന്തു സംഭവിക്കും ? നിങ്ങൾ എങ്ങനെ നിർമ്മാതാവാകും ? നിങ്ങൾ ആ നിശ്ചയത്തിന്റെ ഒരു ഭാഗം മാത്രമാണ്. ആരും തനിച്ചു ഈ ലോകത്ത്

സ്രഷ്ടാവാകുന്നില്ല. നാമെല്ലാം ഉപകരണങ്ങൾ അഥവാ നിമിത്തങ്ങൾ മാത്രമാണ്. ഈശ്വരൻ പോലും സ്രഷ്ടാവല്ല. അദ്ദേഹം സ്രഷ്ടാവായെങ്കിൽ സൃഷ്ടിക്കപ്പെട്ട ലോകത്തിന്റെ സകല വ്യവഹാരങ്ങളും അദ്ദേഹത്തെ ബാധിച്ചേനെ. എന്നാൽ ഈശ്വരൻ ഇതിന്റെയെല്ലാം ദ്രഷ്ടാവു മാത്രമാണ്. അറിയുന്നവനാണ്. പരിപൂർണ്ണമായ ആനന്ദത്തിൽ സ്ഥിതി ചെയ്യുന്നവനാണ് ഈശ്വരൻ.

**ദാദാജി** : ഈശ്വരൻ എവിടെയാണ് താമസിക്കുന്നത് ? അദ്ദേഹത്തിന്റെ വിലാസം എന്താണ് ? അദ്ദേഹത്തിനു കത്തെഴുതാൻ നിങ്ങൾക്കു തോന്നുന്നുണ്ടോ ? അങ്ങനെയെങ്കിൽ ഏതു വിലാസത്തിൽ അയയ്ക്കും. ഏതു തെരുവിലാണ് അദ്ദേഹം താമസിക്കുന്നത്?

**അന്വേഷകൻ**: എനിക്കതിനെക്കുറിച്ച് അറിയില്ല. പക്ഷെ അദ്ദേഹം ഉപരിലോകത്തെന്നു പറയപ്പെടുന്നു (മുകളിലേക്കു വിരൽ ചൂണ്ടിക്കൊണ്ട്)

**ദാദാജി** : അപ്പോൾ നിങ്ങളും മറ്റുള്ളവർ പറയുന്നതു വിശ്വസിക്കുന്നു അല്ലെ. ഞാൻ നിനക്ക് ഈശ്വരന്റെ ശരിയായാ വിലാസം പറഞ്ഞു തരാം. ഈശ്വരൻ ദൃശ്യമായും അദൃശ്യമായും സകല ചരാചരങ്ങളിലും ഉണ്ട്. നമുക്കിടയിൽ ദർശിക്കുവാൻ കഴിയാത്ത അനേകം ജീവികൾ നിലനിൽക്കുന്നുണ്ട്. ഈശ്വരൻ അവയിലുമുണ്ട്. അവയിൽ അവ്യക്തമാണ്. എന്നാൽ എന്നിൽ പൂർണ്ണ മഹത്വത്തോടുകൂടി പ്രകടമായിരിക്കുന്നു.

ഈ ശരീരമാകുന്ന ക്ഷേത്രത്തിലാണ് ഈശ്വരൻ വെളിപ്പെടുന്നത്. ഇതിനുള്ളിൽ ഉത്കൃഷ്ടമായ ചൈതന്യമുണ്ട്. നിങ്ങൾ മുന്നിലിരിക്കുന്നതായി കാണുന്നത് ഗുജറാത്തിലെ ഭദരൻ ഗ്രാമത്തിലെ സിവിൽ കോണ്ട്രാക്ടറായ അംബാലാൽ മുൽജിഭായ് പട്ടേലിനെയാണ്. എന്നാൽ ഉള്ളിൽ വെളിപ്പെട്ടിരിക്കുന്ന ആൾ ഒരു അത്ഭുതമാണ്. അതാണു ദാദാ ഭഗവാൻ. പക്ഷെ അദ്ദേഹത്തെ നിങ്ങൾക്കെങ്ങനെ മനസ്സിലാകും ? ഈ ശരീരം ഒരു മാറാപ്പ് ആണ്. അതിനുള്ളിൽ ഉള്ളത് ദാദാ ഭഗവാനും.

നിങ്ങളുടെ ശരീരവും ഒരു മാറാപ്പാണ്. അമിത് എന്ന പേരുള്ള ഒരു പൊതി. അതിനുള്ളിൽ ഉള്ള ആ ഒന്ന് ഭഗവാനാണ്. ഒരു കഴുതയ്ക്ക് കഴുതരൂപത്തിലുള്ള ശരീരമാണ്. എന്നാൽ അതിനുള്ളിൽ ഉള്ളതും ഭഗവാനാണ്. കഴുതയെ കളിയാക്കുന്നവർ ഈശ്വരനെയാണ് വാസ്തവത്തിൽ കളിയാക്കുന്നത്. "ഓ നീയെന്നെ കഴുതയെന്നു വിളിച്ചു കളിയാക്കുന്നു അല്ലെ. എങ്കിൽ നീയും കഴുതയായി ജീവിച്ച് ആസ്വദിച്ചോളൂ" എന്നു ഈശ്വരൻ കുറിച്ചു വയ്ക്കും. ഒരു പൊതിക്കെട്ടു പുറമേ ഈട്ടികൊണ്ടോ ദേവതാരുകൊണ്ടോ പണിതാലും വ്യാപാരി അതിനുള്ളി-

ലുള്ളതാണോ പുറത്തുള്ളതാണോ പരിശോധിക്കുക ?

**അന്വേഷകൻ** : അയാൾ ഉള്ളിലുള്ള വസ്തു തിരയും

**ദാദാജി** : അതെ. ഒരു കെട്ടിലെന്തിരിക്കുന്നു ? വിലയുള്ളതും നമ്മൾ ജാഗരൂകരാകുന്നതും ഉള്ളിലുള്ള വസ്തുവിലാണ്. ചില പൊതികൾ പൊടിഞ്ഞതാകാം, പഴകിയതാകാം, പക്ഷെ ഉള്ളിലുള്ള വസ്തു ശുദ്ധമാണ്. ഞാൻ ഒരു നിമിഷത്തേക്കു പോലും എന്റെ ആത്മാവിനെ അംബാലാൽ മുൽജിഭായ് പട്ടേൽ എന്നു അഭിമാനിക്കുന്നില്ല. എന്റെ ആദ്യത്തെ അയൽക്കാരനെന്ന നിലയിൽ ഞാൻ അയാളോടൊപ്പം കഴിയുന്നു.

## 5

## യജമാനനായ ഈശ്വരനും മോക്ഷവും

**അന്വേഷകൻ** : മനുഷ്യന്റെ മുക്തിയിൽ ഈശ്വരനുള്ള പങ്കിനെക്കുറിച്ച് ദയവായി വിശദീകരിക്കൂ

**ദാദാജി** : എന്നെ നിയന്ത്രിക്കുവാനായി എനിക്കു മുകളിൽ ആരും, ഈശ്വരൻ പോലും ഉണ്ടാകരുതെന്നു പതിമൂന്നു വയസ്സുള്ളപ്പോൾ ഞാൻ ആഗ്രഹിച്ചു. ഇതെനിക്കു ചേരില്ല. എന്റെ മാത്രമായ അഭിവൃദ്ധിയും പേറിക്കൊണ്ടാണ് ഞാൻ ഈ ലോകത്തു വന്നത്. അനേകം ജന്മങ്ങളുടെ കാത്തിരിപ്പു ഈ ജന്മത്തിൽ സഫലമായി.

ഈശ്വരൻ നമ്മുടെ അധിപനും ബന്ധനത്തിൽ നിന്നും നമ്മെ മുക്തനാക്കുന്നവനുമെങ്കിൽ നമ്മൾ അദ്ദേഹത്തിന്റെ ആജ്ഞാനുവർത്തികളാണ്. അതിനെ മോക്ഷമെന്നു വിളിക്കാനാകുമോ ? പരിപൂർണ്ണമായ സ്വാതന്ത്ര്യത്തിൽ യജമാനനും ദാസനുമില്ല.

ഈ പരിപൂർണ്ണ സ്വാതന്ത്ര്യവും ആനന്ദവും നിങ്ങൾ ജീവിച്ചിരിക്കുമ്പോൾ തന്നെ നേടാവുന്നതാണ്. ആകുലതകളോ അസ്വസ്ഥതകളോ ഇല്ലാത്ത പരമാനന്ദമാണത്. ഇൻകംടാക്സ് ഓഫീസിൽ നിന്നുള്ള സമൻസ് പോലും നിങ്ങളുടെ സമാധിക്കു വിഘ്നമുണ്ടാക്കില്ല. അതാണു മോക്ഷം. ആത്യന്തികമായ മോക്ഷം ഒടുവിൽ ശരീരനാശത്തോടെ നേടാം. അതിനു മുൻപ് ഇപ്പോൾ ജീവിച്ചിരിക്കെ തന്നെ അതിന്റെ മാധുര്യത്തെ അറിയാം. ഇപ്പോൾ അറിഞ്ഞെങ്കിൽ മാത്രമേ ആ പരമമായ മുക്തിയുടെ ഉറപ്പു നിങ്ങൾക്കുണ്ടാകൂ.

എന്റെ പതിനാറാം വയസ്സിലാണ് ഞാൻ വിവാഹിതനാകുന്നത്. എന്റെ വിവാ–

ഹാഘോഷത്തിനിടെ ഒരു അസാധാരണസംഭവം ഉണ്ടായി. എന്റെ ശിരസ്സിൽ വച്ചിരുന്ന തലപ്പാവ് അഴിഞ്ഞു താഴേക്കു വീണു. എന്നിൽ ഒരു ചിന്ത ഉണ്ടായി. ഞങ്ങൾ രണ്ടുപേരിൽ ഒരാൾ കുറച്ചു നാളേക്കു തനിയെ ജീവിക്കേണ്ടിവരും. ഒന്നുകിൽ ഞാൻ പത്നീരഹിതനാകും അല്ലെങ്കിൽ അവർ വിധവയാകും.

മനുഷ്യൻ അനേകകാലങ്ങളായി ഒരേ ചക്രച്ചാലിൽ വീഴുന്നു. ഒന്നു തന്നെ പഠിക്കുന്നു. അജ്ഞാനത്താൽ മറയ്ക്കപ്പെടുന്നു. അജ്ഞാനം സ്വാഭാവികമാണ്. എന്നാൽ യഥാർത്ഥജ്ഞാനത്തെ അറിയേണ്ടതുണ്ട്. എന്റെ മുന്നിലുണ്ടായിരുന്ന അജ്ഞാനത്തിന്റെ മറ നേർത്തതായിരുന്നതിനാൽ പതിമൂന്നാം വയസ്സിൽ എനിക്കതു മനസ്സിലാക്കാൻ കഴിഞ്ഞു.

ഒരിക്കൽ ഞങ്ങളുടെ ടീച്ചർ കണക്കു പഠിപ്പിക്കുമ്പോൾ എല്ലാത്തിനും പൊതുവായ അവിഭാജ്യസംഖ്യയെ കണ്ടുപിടിക്കാൻ പറഞ്ഞു. ആ സൂചനയിൽ നിന്നും ഞാൻ ഈശ്വരനെ കണ്ടെത്തി. നാമെല്ലാം സംഖ്യകളാണ്. ഈശ്വരൻ എല്ലാവരിലും ഉണ്ട്, പൊതുവായും അവിഭാജ്യമായും.

എന്റെ വാക്കുകൾ നിങ്ങളുടെ അജ്ഞാനത്തെ ഇല്ലാതെയാക്കും, നിങ്ങൾ സാക്ഷാത്കാരം നേടും. നിങ്ങളുടെ ബുദ്ധികൊണ്ട് ഇവിടെ യാതൊരു പ്രയോജനവുമില്ല. ബുദ്ധിജീവികളായവർ തെറ്റായ വിശ്വാസങ്ങളിൽപ്പെട്ടിരിക്കുകയാണ്. പക്ഷെ ഞാൻ അബുദ്ധനാണ് (ബുദ്ധിയോടു ചേരാത്തവൻ).

**അന്വേഷകൻ** : എനിക്കിത് വിശ്വസിക്കുവാൻ പ്രയാസമാണ്!

**ദാദാജി** : എന്താണ് ബുദ്ധി ? എന്താണ് ശരിയായ ജ്ഞാനം ?

എണ്ണിയാലൊടുങ്ങാത്ത സകലവസ്തുക്കളും ബുദ്ധിയുടെ മണ്ഡലത്തിലാണു വർത്തിക്കുന്നത്. എന്നാൽ ഒരുവൻ താനാരാണെന്നു അറിഞ്ഞാൽ അതു ശരിയായ ജ്ഞാനമാകുന്നു. നീ ഈ ലോകത്തെക്കുറിച്ച് അറിഞ്ഞ അറിവുകളെല്ലാം ആത്യന്തികമായി തുച്ഛമാകുന്നു.

ഞാൻ അറിയുന്നു എന്ന അഹങ്കാരവൃത്തിയിലൂടെ സമ്പാദിച്ച അറിവുകൾ അന്തഃകരണധർമ്മമാണ്. അഹങ്കാരരഹിതമായ അറിവാണ് യഥാർത്ഥമായ അറിവ്. തന്റെ ആത്മാവിനെ അറിയുന്നതാകുന്നു ശരിയായ ജ്ഞാനം.

ഭേദങ്ങളെ ശരിയാക്കുന്നതെങ്ങനെയാണ് ? ഈ ജീവിതം എങ്ങനെ ജീവിക്കും ? നിങ്ങൾ ബുദ്ധിമാനായിരിക്കാം. ധാരാളം സമ്പത്തുള്ളവനായിരിക്കാം. എങ്കിലും നിങ്ങളുടെ ഉള്ളിലെ ഭേദബുദ്ധി നിങ്ങൾക്ക് ദുഃഖാധിക്യത്തെ ഉണ്ടാക്കും.

## 6

## ആപേക്ഷിക മതങ്ങളും യഥാർത്ഥ മതവും

**ദാദാജി** : ഒരു വൃത്തത്തിനു മുന്നൂറ്റിയറുപതു ഡിഗ്രി ഉണ്ട്. വ്യത്യസ്ത ചിന്താഗതിയുള്ളവർ വൃത്തത്തിന്റെ വ്യത്യസ്ത ഡിഗ്രികളിലാണ്. ഉദാഹരണത്തിനു ബ്രിട്ടീഷുകാർ 110°, മുസ്ലീങ്ങൾ 120°, പാർസികൾ 140°, ഹിന്ദുക്കൾ 220°. എല്ലാവരും സത്യത്തെ അവരുടെ വീക്ഷണകോണിൽ നിന്നും വീക്ഷിക്കുന്നു. അവരുടെ കാഴ്ചപ്പാടനുസരിച്ച് ഓരോ കോണുകളിൽ അവർ സത്യത്തെ കാണുന്നു. അവർ കാണുന്നതാണ് യാഥാർത്ഥ്യം എന്നു ഓരോരുത്തരും കരുതുന്നു. 120° യിൽ നിൽക്കുന്ന ഒരാളെ ഞാൻ താഴെ 80°യിൽ കൊണ്ടു നിർത്തിയാൽ കാഴ്ചപ്പാടിന്റെ വ്യത്യാസം മനസ്സിലാകും.

ആപേക്ഷികമായ ഓരോ മതങ്ങളും സത്യത്തിനെക്കുറിച്ചുള്ള അവയുടെ വീക്ഷണമനുസരിച്ച് ഓരോ ഉയരങ്ങളിൽ നിൽക്കുന്നു. എന്നാൽ ഞാൻ ആ വൃത്തത്തിന്റെ കേന്ദ്രത്തിൽ പൂർണ്ണമായ ദൃഷ്ടിയോടു കൂടി എല്ലാ വീക്ഷണങ്ങളെയും ഉൾക്കൊണ്ടുകൊണ്ടു നിൽക്കുന്നു. ഈ കേന്ദ്രസ്ഥാനത്തിരിക്കുന്ന ആത്മസാക്ഷാത്കാരം നേടിയ ജ്ഞാനിയുടെ വീക്ഷണത്തിനാണ് പൂർണ്ണതയുള്ളത്. സ്വാനുഭവത്തിൽ നിന്നും സത്യത്തെ അറിഞ്ഞ ആ ജ്ഞാനിക്ക് സത്യത്തെക്കുറിച്ചുള്ള ആ അറിവിനെ നിങ്ങളിലേക്കു സംക്രമിപ്പിക്കുവാനും കഴിയും.

**അന്വേഷകൻ** : അങ്ങനെയെങ്കിൽ ലോകത്തുള്ള മതങ്ങളെല്ലാം അവാസ്തവമാണോ ?

**ദാദാജി** : ഈ മതങ്ങളെല്ലാം ശരിതന്നെ. പക്ഷെ ആപേക്ഷികം മാത്രം. സത്യത്തെ അറിയണമെങ്കിൽ നിങ്ങൾ കേന്ദ്രസ്ഥാനത്തായിരിക്കണം. സത്യത്തിന്റെ പൂർണ്ണഭാവത്തെ അറിയണമെങ്കിൽ ഈ കേന്ദ്രസ്ഥാനത്തിരിക്കണം. അതാണ് ആത്മാവിന്റെ മതം അഥവാ ധർമ്മം, എന്തെന്നാൽ അതു ആത്മസാക്ഷാത്കാരത്തിലേക്കു നയിക്കും. അങ്ങനെയുള്ള ഒരാൾ മറ്റു മതങ്ങളുമായി കലഹിക്കുകയില്ല. അതുകൊണ്ടാണ് ഞാൻ പറയുന്നത്, ഞാൻ ജൈനന്മാരുടെ മഹാവീരനാണ്, വൈഷ്ണവരുടെ കൃഷ്ണനാണ്, സ്വാമി നാരായണൻമാരുടെ സഹജാനന്ദനാണ്, ക്രിസ്ത്യാനികളുടെ ക്രിസ്തുവാണ്, പാർസികളുടെ ജരദ്രുഷ്ടനാണ്, മുസ്ലീങ്ങളുടെ അല്ലാഹുവാണ്.

ഞാൻ ഈശ്വരത്വത്തിന്റെ സ്രോതസ്സാണ്. നീ ആഗ്രഹിക്കുന്നതു ചോദിക്കു അതു നൽകപ്പെടും. കാലം അതിവേഗം കടന്നുപോകുന്നതിനാൽ ഈ

സമയം പ്രയോജനപ്പെടുത്തു. പരമാത്മപദത്തെ നിനക്കു നൽകുവാൻ എനിക്കു കഴിയും. എന്നാൽ നീ അതിനു തയ്യാറായിരിക്കണം. നീ എത്രമാത്രം തയ്യാറാണ് എന്നതിനെ ആശ്രയിച്ചാണ് അതിരിക്കുന്നത്. നിന്നിൽ പരിപൂർണ്ണജ്ഞാനത്തെ നൽകുവാൻ എനിക്കു കഴിയും എന്നാൽ അതിനെ താങ്ങുവാൻ നിനക്ക് ശേഷിയുണ്ടാകണമെന്നില്ല.

ഈ ലോകമാകെ കനലിൽ കിടക്കുന്ന ഒരു മധുരക്കിഴങ്ങുപോലെ വേവുന്നു. മനുഷ്യനെ സംസാരദുരിതത്തിൽ നിന്നും കരകയറ്റുക എന്നതാണ് എന്റെ ഉദ്ദേശം. അതാണ് ഈ ലോകത്തിൽ എന്റെ നിലനിൽപ്പിന്റെ താത്പര്യം. ലോകത്തിലെ പകുതി പേർക്കു എന്റെ ജ്ഞാനത്തിലൂടെ ഗുണമുണ്ടാകും. ബാക്കി പകുതിക്ക് എന്റെ അനുയായികളിലൂടെയും. ഞാൻ കർത്താവല്ല ഒരു നിമിത്തം മാത്രം.

ജർമ്മൻകാർ കൈവല്യത്തെ അന്വേഷിച്ചു കൊണ്ടിരിക്കുകയാണ്. ഭാരതത്തിലെ പല വിശുദ്ധ ഗ്രന്ഥങ്ങളും അവർ കൊണ്ടുപോകുകയും കേവലമായതിന്റെ അന്വേഷണത്തിൽ വ്യാപരിക്കുകയും ചെയ്യുന്നു. പക്ഷെ അതു കണ്ടെത്തുക അത്ര എളുപ്പമല്ല. ഞാൻ ഇപ്പോൾ കൈവല്യത്തിൽ തന്നെയാണ്. ലോകം മുഴുവനും ആപേക്ഷികതയിലും ഞാൻ മഹാത്മാക്കൾ എന്നു കല്പ്പിച്ചവർ കേവലമായതിലുമാണ്. ഞാൻ ജർമനിയിൽ പോകുകയാണെങ്കിൽ 'ഞാനൊരു കല്പവൃക്ഷമാണെന്നും എന്തും ചോദിക്കു ഉത്തരം നിങ്ങൾക്കു ലഭിക്കും എന്തെന്നാൽ ഞാൻ നേരിട്ടു നിങ്ങളുടെ മുന്നിലേക്കു വന്നിരിക്കുന്നു' എന്നു അവരോടു ഞാൻ പറയും.

ദൈവികമായ പരിഹാരങ്ങളുടെ കാഷ്ബാങ്ക് ആണിത്. നിങ്ങളെ ഞാൻ യാഥാർത്ഥ്യത്തിലേക്ക് എത്തിക്കാം. എല്ലായിടത്തും നിങ്ങൾ പണം അടച്ചുകൊണ്ടേയിരിക്കും. പരമാനന്ദത്തെക്കുറിച്ചുള്ള തെറ്റായ വാഗ്ദാനങ്ങൾ ജന്മാന്തരങ്ങളായി നിങ്ങൾ കേട്ടുകൊണ്ട് പലതിനും കടപ്പെട്ടിരിക്കുന്നു. നിങ്ങൾ ഇതുവരെ ലക്ഷ്യത്തിലെത്തിയില്ലേ ?

## 7

## മോക്ഷം : ക്രമമായ വഴികളിലൂടെയോ ക്രമരഹിതമായോ ?

**അന്വേഷകൻ** : മോക്ഷം നേടുവാൻ എന്തൊക്കെ വഴികളാണുള്ളത്?

**ദാദാജി** : മോക്ഷത്തിലേക്കു നയിക്കുന്ന രണ്ടു വഴികളുണ്ട്. ഒന്നു പടിപടിയായുള്ളത്. ഭാഗ്യവശാൽ നിങ്ങൾ ഒരു സിദ്ധനായ മനുഷ്യന്റെ കൂടെയെങ്കിൽ അഞ്ഞൂറ്

പടി മുന്നിലേക്ക് കുതിക്കാം. എന്നാൽ നിങ്ങളുടെ കൂട്ട് അവിശുദ്ധമെങ്കിൽ അയ്യായിരം പടി നിങ്ങൾ താഴേക്കു പതിക്കും. തപസ്സ്, വൈരാഗ്യം, ജപം, എന്നിവ അനുഷ്ഠിച്ചുവേണം നിങ്ങൾ ഈ പടികൾ കയറാൻ. എങ്കിലും ഇവയൊന്നും നേരിട്ടു ഈശ്വരസാക്ഷാത്കരത്തെ നൽകുകയില്ല.

രണ്ടാമത്തെ മാർഗ്ഗം അക്രമം അഥവാ ക്രമരഹിതമായ മാർഗ്ഗം. ആദ്യത്തേതു പടികയറ്റമെങ്കിൽ രണ്ടാമത്തേതു ലിഫ്റ്റ് ആണ്. ലോകത്തിലെ സകല കർമ്മങ്ങളിൽ വ്യാപൃതനായിരിക്കുമ്പോഴും നിങ്ങളുടെ സ്വാതന്ത്ര്യത്തെ നിങ്ങൾക്ക് നഷ്ടപ്പെടില്ല. ഈ മാർഗ്ഗത്തെ അപവാദമാർഗ്ഗം എന്നും പറയും. ദശലക്ഷം വർഷത്തിൽ ഒരിക്കൽ സംഭവിക്കുന്നതാണിത്.

ഋഷഭദേവ ദാദാഭഗവാൻ അദ്ദേഹത്തിന്റെ നൂറു മക്കളിൽ ഭരതനു മാത്രമേ ഇതു നൽകിയുള്ളു. തൊണ്ണൂറ്റിയെട്ടു മക്കൾ ഭിക്ഷുക്കളായി. ബാഹുബലിയും ഭരതനും മാത്രമേ ഗൃഹത്തിൽ വസിച്ചുള്ളൂ. ഋഷഭദേവൻ തന്റെ സാമ്രാജ്യം അവർക്കു നൽകി. കുറച്ചു നാളുകൾക്കു ശേഷം ബാഹുബലിയും രാജ്യം ഉപേക്ഷിച്ചു ഭിക്ഷുവായി. അങ്ങനെ സർവസാമ്രാജ്യവും ഭരതൻ ഭരിക്കാൻ തുടങ്ങി.

ഭരതനു എത്ര രാജ്ഞിമാർ ഉണ്ടായിരുന്നു എന്നറിയുമോ ? ആയിരത്തിമുന്നൂറ് !. അയാൾ അവരെക്കൊണ്ടു അസ്വസ്ഥനായി. ഇക്കാലത്ത് ഒരാളെക്കൊണ്ടുതന്നെ കഷ്ടപ്പെടും. രാജാവായ ഭരതനു വിശ്രാന്തി ലഭിച്ചില്ല. അന്തഃപുരത്തിൽ ചെന്നാൽ അവിടെ അൻപതു പേർ സന്തോഷത്തോടെ കാണും. അഞ്ഞൂറ് പേർ വിഷണ്ണരായും കാണും. ഇതിൽ മടുത്ത ഭരതൻ ഋഷഭഭഗവാനോടു പറഞ്ഞു. “എനിക്കു അങ്ങയുടെ സാമ്രാജ്യം വേണ്ട. അതു ആർക്കെങ്കിലും കൊടുക്കൂ. എനിക്കു ദീക്ഷ തരൂ. ഞാൻ മോക്ഷത്തിനായി കേഴുന്നു.” അപ്പോൾ ഭഗവാൻ അദ്ദേഹത്തോടു പറഞ്ഞു. “ ഈ സാമ്രാജ്യം ഭരിക്കുവാൻ നീ ഒരു ഉപകരണം മാത്രമാണ്. നീ ഭരിച്ചില്ലെങ്കിൽ ഇവിടെ അരാജകത്വവും, ഹിംസയും, അക്രമവും ഉണ്ടാകും. തിരിച്ചു ചെല്ലൂ പുത്രാ, യാതൊരു അറിവിനാൽ ഈ രാജ്യവും, ആയിരത്തിമുന്നൂറു രാജ്ഞിമാരും യുദ്ധങ്ങളും നിന്റെ ഉള്ളിലെ ആത്മാവിന്റെ അന്തശ്ശീതളിമയെ തടസ്സപ്പെടുത്താതെ നിർത്തുമോ ആ അറിവു ഞാൻ നിനക്ക് തരുന്നു”.

അങ്ങനെയുള്ള ജ്ഞാനമാണ് ഋഷഭഭഗവാൻ ഭരതനു നൽകിയത്. ഈ അക്രമവിജ്ഞാനത്താലാണ് ഞാൻ നിങ്ങളെ അനുഗ്രഹിക്കുന്നത്. ഓരോ പതിനഞ്ചു മിനിട്ടിലും സേവകന്മാർ “ഉണരൂ, ഉണർന്നിരിക്കൂ” എന്നു പറഞ്ഞുകൊണ്ട് മണിയടിച്ച് ഭരതനെ ഉണർത്തിയിരുന്നു. പക്ഷെ ഈ കലിയുഗത്തിൽ നൂറ്റി-

യൻപതുരൂപാ കൂലിക്ക് പണിയെടുക്കുന്ന നിങ്ങൾക്ക് എങ്ങനെ സേവകരെ വയ്ക്കാൻ ആകും. അതിനാൽ നിങ്ങളുടെ ഉള്ളിലിരുന്നു തന്നെ ഉണരൂ ഉണരൂ എന്നു പറയുന്ന ഒരു സംവിധാനം ഞാൻ ക്രമീകരിക്കുന്നുണ്ട്.

ഇതിനുമുൻപ് ഇങ്ങനെയൊരു ജ്ഞാനത്തെക്കുറിച്ച് കാണുകയോ കേ-ൾക്കുകയോ ചെയ്തിട്ടുണ്ടാവില്ല. ഈ കാലത്തിലെ പതിനൊന്നാം അത്ഭുതമാ-ണിത്.

**അന്വേഷകൻ** : എന്താണ് സാമാന്യ ബുദ്ധി (common sense) ?

**ദാദാജി** : സാമാന്യബുദ്ധിയെന്നാൽ താത്ത്വികമായും പ്രായോഗികമായും എല്ലാ-യിടത്തും സംഗതമായത് എന്നാണ് അർത്ഥം.

ഇതു അപൂർവ്വവും മഹത്തരവുമായ ഒന്നാണ്. നിങ്ങൾക്ക് ആവശ്യമുള്ള-പ്പോൾ അതു നിങ്ങളുടെ രക്ഷയ്ക്കെത്തും. എനിക്കു നൂറുശതമാനം കോമൺസെ-ൻസുണ്ട്. എന്നാൽ നിങ്ങൾക്ക് ഒരു ശതമാനം പോലും കാണുകയില്ല. ജീവിത-ത്തിൽ ഒരു പ്രശ്നമുണ്ടാകുമ്പോൾ മുറിക്കാതെ നൂൽകെട്ടഴിക്കുന്നതുപോലെ അതു പരിഹരിക്കാൻ കഴിഞ്ഞാൽ നിങ്ങൾക്കു കോമൺസെൻസുണ്ടെന്നു പറയാം. പക്ഷെ ഭാഗ്യദോഷികളായ ചിലർ ഒരു പ്രശ്നം പരിഹരിക്കാൻ ശ്രമിച്ച് അഞ്ചു പ്രശ്നങ്ങൾ വേറെ ഉണ്ടാക്കും. അവർക്കു സാമാന്യബുദ്ധി ഉണ്ടെന്നു എങ്ങനെ പറയും ? വല്യ പണ്ഡിതൻമാർക്ക് പോലും ഈ സാമാന്യബുദ്ധി ഇല്ല.

ജ്ഞാനത്തിന്റെ പ്രകാശത്താൽ എന്റെ ബുദ്ധി പ്രകാശിതമായിരിക്കുക-യാണ്. അതിനാൽ ഞാൻ അബുദ്ധനാണ്. ജ്ഞാനപ്രകാശത്താൽ അബുദ്ധത-യെ പ്രാപിച്ചാൽ വരനെ മാല്യം അണിയിക്കാൻ കാത്തിരിക്കുന്ന വധുവിനെ പോലെ സർവജ്ഞത്വം നിങ്ങൾക്കായി കാത്തിരിക്കും. ഞാൻ അബുദ്ധനാണ് അതിനാൽ സർവ്വജ്ഞനുമാണ്.

## 8

## ലൌകിക ബന്ധങ്ങൾ

**ദാദാജി** : പറയൂ, അമ്മ, അച്ഛൻ, ഭാര്യ മുതലായവരോടു നിങ്ങൾക്കുള്ള ബന്ധം യഥാർത്ഥമാണോ ?

**അന്വേഷകൻ** : അതെ, അതു തീർച്ചയായും യഥാർത്ഥമാണ്.

**ദാദാജി** : അങ്ങനെയെങ്കിൽ നിങ്ങളുടെ അച്ഛൻ മരിക്കുമ്പോൾ നിങ്ങളും മരിക്കേ-ണ്ടതല്ലേ ? (ബന്ധം യഥാർത്ഥമായതിനാൽ). പറയൂ ഈ ബോംബേ നഗരത്തിൽ എത്ര പേർ അവരുടെ അച്ഛനൊപ്പം മരിച്ചിട്ടുണ്ട് ? ഞാൻ വിശദീകരിക്കാം.

നിങ്ങൾ നിങ്ങളുടെ അച്ഛൻ, അമ്മ, സഹോദരൻ, സഹോദരി, ഭാര്യ, കുട്ടികൾ ഇവരോടെല്ലാം ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ അവ യാഥാർത്ഥമല്ല. അതൊരു ആപേക്ഷികബന്ധം മാത്രമാണ്. ഈ ലൌകിക ബന്ധങ്ങളെല്ലാം സത്യമായിരുന്നെങ്കിൽ ആരുടേയും ബന്ധങ്ങൾക്ക് വിള്ളലുകൾ ഉണ്ടാകുകയില്ല. മാനുഷികബന്ധങ്ങളുടെ നിരർത്ഥകത കാണൂ. നിങ്ങൾക്കു വെളിവില്ല എന്നു ഒരാൾ അയാളുടെ അച്ഛനോടു പറഞ്ഞാൽ മതി എല്ലാം അവസാനിച്ചു. അയാളുടെ അച്ഛൻ പറയും, "നിന്റെ മുഖം മേലാൽ ഞാൻ കണ്ടുപോകരുത്. പൊക്കോളൂ. ഞാൻ നിന്റെ അച്ഛനുമല്ല നീ എന്റെ മകനുമല്ല".

നിങ്ങളും ഭാര്യയും തമ്മിലുള്ള ബന്ധം യഥാർത്ഥമെന്നും നിങ്ങൾ വിശ്വസിക്കുന്നു. എന്നാൽ ചെറിയൊരു പിണക്കത്താൽ പോലും വിവാഹമോചനം ഉണ്ടാകുന്നു. ലോകവും ജീവിതവും അങ്ങനെയാണ്. ഇതെല്ലാം താത്കാലിക ക്രമീകരണങ്ങൾ മാത്രമാണ്.

ഈ ശരീരം പോലും നിന്റെയല്ല. അതു നിന്നെ വഞ്ചിക്കും, ഉപേക്ഷിക്കും. ഉദാഹരണമായി, കുറച്ചു നേരം നീ യോഗ ചെയ്യുവാനോ ധ്യാനിക്കുവാനോ തീരുമാനിക്കുന്നു. എന്നാൽ പെട്ടെന്നു നിനക്കു തലവേദനയോ വയറുവേദനയോ ഉണ്ടാകുന്നു. നിന്റെ ശരീരം നിന്നെ ധ്യാനിക്കുവാൻ അനുവദിക്കുന്നില്ല.

**അന്വേഷകൻ** : എന്നാൽ എന്താണ് സ്ഥിരമായിട്ടുള്ളത്?

**ദാദാജി** : ആത്മാവു മാത്രമാണ് സ്ഥിരമായിട്ടുള്ളത്. ബാക്കി എല്ലാം തന്നെ താത്കാലികമാണ്. രണ്ടും തമ്മിൽ എങ്ങനെ പൊരുത്തപ്പെടും ? അതുകൊണ്ടാണ് ലോകം മുഴുവൻ ആശയക്കുഴപ്പത്തിലാകുന്നത്. അതിനാൽ ലൌകികബന്ധങ്ങളുടെ ക്ഷണിക സ്വഭാവത്തെ ശരിയായി അറിഞ്ഞു വേണം നാം പ്രവർത്തിക്കുവാൻ. സത്യത്തെക്കുറിച്ചും മിഥ്യയെക്കുറിച്ചും കർക്കശത്വം പാടില്ല. കർക്കശത്വം ബന്ധങ്ങളെ ഇല്ലാതെയാക്കും. ആരെങ്കിലും നമ്മളുമായുള്ള സമ്പർക്കം ഉപേക്ഷിച്ചാൽ ആ സമ്പർക്കം പോഷിപ്പിക്കത്തക്ക പ്രവൃത്തി നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകണം.

എല്ലാ ബന്ധങ്ങളും താത്കാലികവും ആപേക്ഷികവുമാണ്. ഇന്നു പൌർണ്ണമി ആണെന്നു നിങ്ങളുടെ ഭാര്യ പറയുന്നു. നിങ്ങൾ പറയുന്നു ഇന്നു അമാവാസിയാണെന്ന്. കലഹം ആരംഭിക്കുകയായി. രാത്രി മുഴുവൻ തുടരുന്ന ആ കലഹം രാവിലെ മേശപ്പുറത്ത് വയ്ക്കുന്ന ചായഗ്ലാസിന്റെ വലിയശബ്ദത്തിലൂടെ വൈകിയും തുടരുന്നു. നിങ്ങളുടെ ഭാര്യ നിർബന്ധബുദ്ധി ഉള്ള സ്ത്രീയെന്നു തിരിച്ചറിഞ്ഞാൽ നിങ്ങൾ പരിപൂർണ്ണമായി കീഴടങ്ങി 'അതെ ഇന്നു പൌർണ്ണമി

തന്നെ' എന്നു പറയണം. ആ ചെറിയ നാടകത്തിലൂടെ അവളെ ജയിക്കണം. അല്ലെങ്കിൽ ഈ വടംവലിയിൽ നിങ്ങൾ പരാജയപ്പെട്ടു പോകുന്നു. അവളുടെ വീഴ്ചക്ക് നിങ്ങൾ ഉത്തരവാദിയാകാതിരിക്കുക.

## 9

## സുഖവും ദുഃഖവും

**അന്വേഷകൻ** : എന്താണ് ശരിയായ സുഖം ?

**ദാദാജി** : ഈ ലോകത്ത് എല്ലാവരും സുഖത്തെ തിരയുകയാണ്. എന്നാൽ ആ-ളുകൾ അതിനെ ശരിയായി നിർവ്വചിക്കാൻ പരാജയപ്പെടുന്നു. ഒരിക്കലും സ-ന്താപത്തെ ഉളവാക്കാത്ത വിധമുള്ളതാകണം അത്. അങ്ങനെയൊന്നു-ണ്ടെങ്കിൽ പോയി കണ്ടെത്തു. പരമമായ സുഖം ആത്മാവിലാണ്. ആത്മാവ് പരമാനന്ദത്തിന്റെ ഇരിപ്പിടമാണ്. എന്നിട്ടും ആളുകൾ ക്ഷണികമായ വസ്തുക്കളിൽ ആനന്ദത്തെ തിരയുന്നു. ഈ ലൌകികരുടെ ആനന്ദം എങ്ങനെയുള്ളതാണ്?

തന്റെ ശരീരത്തേക്കാൾ ചെറിയൊരു പുതപ്പും പുതച്ച് വീടിന്റെ ടെറസിൽ തണുപ്പുകാലത്തു കിടക്കുന്ന ഒരു അതിഥിയുടേതു പോലെയാണ് ലൌകികരുടെ സുഖാനുഭവങ്ങൾ. അയാൾ തന്റെ പുതപ്പു വലിക്കുന്നു, തലയ്ക്കു മുകളിൽ പുത-യ്ക്കുന്നു. അപ്പോൾ കാലു വിറയ്ക്കും. പൂർണ്ണമായും പുതയ്ക്കാനാവാതെ അയാൾ തണു-ത്തു വിറച്ച് രാത്രി ഉറക്കവും നഷ്ടപ്പെട്ടു കിടക്കും. അങ്ങനെയാണ് ലോകത്തിന്റെ സുഖാനുഭവം.

**അന്വേഷകൻ** : സർ, അങ്ങനെയെങ്കിൽ എന്താണ് ദുഃഖം ?

**ദാദാജി** : പരമാർത്ഥത്തിൽ ദുഃഖം എന്നൊന്നില്ല. ദുഃഖം അനൃതമാണ്. ഒരുവന്റെ സങ്കൽപത്തിലുള്ള മിഥ്യാവൃത്താന്തം മാത്രമാണത്.

**യഥാർത്ഥ സുഖം സാർവ്വലൌകികമായി സ്വീകാര്യമാകേണ്ടതാണ്.**

യഥാർത്ഥ സുഖം സാർവത്രികമായ സത്യം ആയിരിക്കണം. എന്നാൽ നിങ്ങൾക്കു സുഖം തരുന്ന ഒരു വസ്തു മറ്റൊരാൾക്ക് ദുഃഖകാരണമായേക്കാം. ഒരാൾക്ക് മധുരതരമായത് മറ്റൊരാൾക്ക് അരോചകമാകാം ! ലോകം അങ്ങനെ-യാണ്.

**അന്വേഷകൻ** : ദുഃഖം എവിടെ നിന്നാണ് ഉണ്ടാകുന്നത് എന്ന് ദയവായി പറഞ്ഞാലും.

**ദാദാജി** : സാധാരണ ആവശ്യങ്ങളെല്ലാം നിറവേറ്റപ്പെടുന്ന നിങ്ങളെ പോലുള്ള

ആളുകൾ ദുഃഖം അനുഭവിക്കേണ്ടതല്ല. തെറ്റായ വിശ്വാസങ്ങളും തെറ്റിദ്ധാരണയുമാണ് എല്ലാ ദുഃഖങ്ങൾക്കും കാരണം. നിങ്ങൾക്ക് വിശക്കുകയും എന്നാൽ കഴിക്കാൻ ഒന്നും ലഭിക്കാതിരിക്കുന്നതും, ദാഹിക്കുകയും എന്നാൽ കുടിക്കാൻ ലഭിക്കാതിരിക്കുകയും ചെയ്യുന്നത് അസന്തുഷ്ടിയാണ്. നിങ്ങളെ ശൌചാലയത്തിൽ പോകാൻ അനുവദിക്കാത്തതും കഷ്ടമല്ലേ. അതു ശരിയായ ദുരിതമാണ്.

**അന്വേഷകൻ** : ഇതു ശരി തന്നെ, എന്നാൽ ലോകത്തിൽ പത്തിൽ ഒൻപതു പേരും ദുരിതം അനുഭവിക്കുന്നു. പത്തിൽ ഒൻപതല്ല ആയിരത്തിൽ ഒന്നോ രണ്ടോ പേർ മാത്രമാണ് സന്തോഷിക്കുന്നത്. ബാക്കി ഉള്ളവർ രാവും പകലും മധുരക്കിഴങ്ങു ചട്ടിയിൽ പൊരിയുന്നതുപോലെ പൊരിയുന്നു. എന്നാൽ ആളുകൾ ചിന്തിക്കാതെയും നിരൂപിക്കാതെയും എല്ലാത്തിനെയും ദുരിതം എന്ന് വിളിക്കുന്നു. ഞാൻ കുറേ തവണ അടിച്ചിട്ടും ഈ കുട്ടി കരയാത്തത് എന്താണ് ? എന്നാൽ നിങ്ങൾ ഒരു തവണ അടിക്കുമ്പോൾ അവൻ കരയുന്നതെന്താണ് ? വേദന കൊണ്ടാണോ ? അല്ല, അവൻ അപമാനിക്കപ്പെട്ടു എന്ന് കരുതുന്നതുകൊണ്ടാണ്.

മിക്കവാറും എല്ലാ പ്രശ്നങ്ങളും നാം തന്നെ സൃഷ്ടിക്കുന്നതാണ്.

**അന്വേഷകൻ** : ഒരുദാഹരണം പറയുമോ

**ദാദാജി** : നിങ്ങളുടെ സുഹൃത്ത് ബംഗ്ലാവ് പണിതു. നിങ്ങൾക്ക് ബംഗ്ലാവ് ഇല്ല പക്ഷെ ഫ്ലാറ്റ് ആണുള്ളത്. നിങ്ങളുടെ ഭാര്യ അതു കാണുകയും 'അതു എത്ര മനോഹരമാണ് നിങ്ങൾ അതുപോലെ ഒരെണ്ണം പണിയിച്ചില്ലല്ലോ' എന്ന് പറയുകയും ചെയ്യുന്നു. നിങ്ങൾക്ക് ഒരു രാജാവിന്റെ എല്ലാ സുഖവും ഉണ്ടെങ്കിലും അത് എങ്ങനെ ഉപയോഗിക്കണം എന്നറിയില്ല ? അത് നിങ്ങൾ പണം കൊടുത്തു വാങ്ങിയ ബസ്മതി അരിയിൽ മണ്ണു വാരി ഇടുന്നപോലെയാണ്.

ഇക്കാലത്ത് എല്ലായിടത്തും ശൌചാലയങ്ങൾ ഉണ്ട്. പണ്ട് കാലത്ത് ഒരു കുടത്തിൽ വെള്ളമെടുത്ത് നിങ്ങൾക്ക് കാട്ടിലേക്ക് പോകണമായിരുന്നു. ഇപ്പോൾ അറ്റാച്ച്ട് ബാത്രൂം എല്ലായിടത്തും ഉണ്ട്. പഴയ കാലത്തെ പ്രഭുക്കന്മാർ പോലും അത്തരം സൗകര്യം ആസ്വദിച്ചിരുന്നില്ല. അവർക്കും കാട്ടിലേക്ക് പോകണമായിരുന്നു. നിസ്സാരകാര്യങ്ങൾക്ക് ആളുകൾ പരാതി പറയുന്നു. എന്തിനാണ് അവർ അനാവശ്യമായി പരാതി പറയുന്നത്?

ദുരിതം തെറ്റിധാരണയിൽ നിന്നും ഉണ്ടാകുന്നതാണ്. ശരിയായ ധാരണയിൽ ദുരിതം ഉണ്ടാകില്ല. നിങ്ങളുടെ കാലിൽ ഒരു ചെറിയ പരു ഉണ്ടെങ്കിൽ ആർക്കെങ്കിലും അതേ പ്രശ്നമുണ്ടോ എന്ന് നിങ്ങൾക്ക് നോക്കേണ്ടി വരുന്നു. ആശുപത്രി-

യിൽ നോക്കിയാൽ എന്താണ് ദുരിതം എന്നറിയാം, എന്നാൽ നിങ്ങളുടെ ചെറിയ പരുവിനെ ഓർത്ത് നിങ്ങൾ ഇവിടെ ദുഃഖിക്കുന്നു. ഇതെല്ലാം നിങ്ങൾക്ക് അന്വേഷിക്കണം. അല്ലേ ? വസ്തുതകളെ അറിയാതെ സങ്കടപെട്ടിട്ടു എന്തു കാര്യം ? ഇത്രയും ഗുണങ്ങൾ ഉള്ള നിങ്ങൾക്ക്, വളരെ ചെറിയ പരിശ്രമം കൊണ്ട് ആഹാരം നേടാൻ കഴിയുന്ന നിങ്ങൾക്ക് എങ്ങനെ ദുരിതം ഉണ്ടാകാൻ ?

**അന്വേഷകൻ** : ആളുകളുടെ ഇടയിൽ ദുഃഖത്തിന്റെ അളവു വ്യത്യസ്തമാകുന്നത് എന്തുകൊണ്ടാണ്?

**ദാദാജി** : ഇതെല്ലാം ആപേക്ഷികമാണ്. ഒരുവന്റെ മനസ്സിന്റെ മുൻധാരണയും സങ്കല്പവും കൊണ്ടാണ്. ഉദാഹരണത്തിനു, ഞാൻ ജഡ്ജി ആണെങ്കിൽ വിധി കല്പിക്കും മുൻപ് അയാളെ സന്തോഷിപ്പിക്കും. ഒരു കുറ്റത്തിന് അഞ്ചു വർഷം ശിക്ഷ ആണെന്ന് പറയും. ക്രമേണ അതു നാലു വർഷവും മൂന്നു വർഷവും ആക്കി ഒടുവിൽ ആറു മാസത്തെ തടവിനു വിധിക്കും. ആദ്യം തന്നെ ആറു മാസം എന്ന് പറഞ്ഞാൽ അതൊരു വലിയ കാലയളവായി അയാൾക്ക് തോന്നും. അതിനാൽ ദുഃഖം ആപേക്ഷികമാണ്.

**അന്വേഷകൻ** : ഓരോരുത്തർക്കും അവരവരുടെ ദുഃഖമാണ് ഏറ്റവും വലുത് എന്ന് തോന്നും.

**ദാദാജി** : സ്വയം സൃഷ്ടിക്കുന്ന ദുഃഖമാണത്. അത് വേണമെങ്കിൽ നിങ്ങൾക്ക് നാൽപ്പത് മടങ്ങാക്കാം. ആളുകൾക്ക് എങ്ങനെ ജീവിക്കണം എന്നറിയില്ല. ജീവിതതാക്കോൽ നഷ്ടപ്പെട്ടിരിക്കുന്നു. ബ്രിട്ടീഷ് ഭരണത്തിനുശേഷം ഇന്ത്യയിലെ ജനങ്ങൾ മറ്റുള്ളവരുടെ കാര്യത്തിൽ ഇടപെടുന്നത് കുറഞ്ഞിട്ടുണ്ട്. മുൻപ് എല്ലാത്തിലും ഇടപെടുമായിരുന്നു.

കർമ്മബന്ധങ്ങളുടെ ചുരുളഴിക്കുമ്പോൾ വേദനയും ദുരിതവും ഉളവാക്കുന്ന സംഭവങ്ങളിൽ സമചിത്തത പാലിക്കേണ്ടതുണ്ട്.

ദുഃഖം വളയുമ്പോൾ നിങ്ങൾ നിങ്ങളോട് പറയണം : "നിങ്ങൾ എപ്പോഴോ തെറ്റു ചെയ്തിട്ടുണ്ട്, മുൻജന്മത്തിൽ ആയിരിക്കാം. അതിനാൽ ഇപ്പോൾ ശാന്തനായി ഇരിക്കു. അങ്ങനെ ചെയ്താൽ നിങ്ങളുടെ കാർമ്മിക കടം വീട്ടപ്പെടും. അതിനു പകരം ആളുകൾ "ഞാൻ മരിച്ചു" എന്നൊക്കെ പറയും". ഒരാൾ ഒരിക്കലെ മരിക്കു എന്നാൽ "ഞാൻ മരിച്ചു" എന്ന് വിഡ്ഢികൾ പലതവണ പറയും. മരിച്ച ഒരാൾക്ക് വീണ്ടും ജീവിക്കാനാകുമോ ?

ജീവിതത്തിനു യോഗ്യമായ ഒരു പരിപാടി

**അന്വേഷകൻ** : ഈ ലോകത്ത് എല്ലാവരും ഒന്നല്ലെങ്കിൽ മറ്റൊരു തരത്തിൽ

ദുരിതം അനുഭവിക്കുന്നു. ജീവിതത്തിൽ ഈ ദുരിതത്തെ കുറയ്ക്കാൻ എന്തു സമീപനമാണ് സ്വീകരിക്കേണ്ടത്?

**ദാദാജി** : ഈ ആളുകൾ വെറുതെ ദുഃഖിക്കുന്നു. ഈ ലോകത്ത് നിങ്ങളെക്കാൾ ശ്രേഷ്ഠനായി ആരുമില്ല. നിങ്ങൾ പൂർണ്ണസ്വതന്ത്രനാണ്. നിങ്ങളുടെ ജീവിതപരിപാടി തന്നെ സ്വതന്ത്രമാണ്. എന്നാൽ ഒരു ജീവിയേയും അൽപംപോലും ഹിംസിക്കരുത്. ഈ ലോകം പോലെ നിങ്ങളുടെ പരിപാടി വലുതാക്കാം.

**അന്വേഷകൻ** : അതു സാധ്യമാണോ ?

**ദാദാജി** : അതെ എന്റെ പരിപാടി വലുതാണ്. ഒരു ജീവിയും എന്നാൽ ഹിംസിക്കപ്പെടുന്നില്ല എന്ന പൂർണ്ണ ബോധത്തോടെയാണ് ഞാൻ ജീവിക്കുന്നത്.

**അന്വേഷകൻ** : എന്നാൽ മറ്റുള്ളവർക്ക് അത് സാധ്യമാകുന്നില്ല.

**ദാദാജി** : അത് സാധ്യമായെന്നു വരില്ല, എന്നാൽ നിങ്ങളുടെ പരിപാടി മറ്റുള്ളവരെ ഹിംസിച്ചുകൊണ്ടാവണം എന്ന് അതിനു അർത്ഥമില്ല. മറ്റു ജീവികളോടുള്ള ഹിംസ ഏറ്റവും കുറഞ്ഞ ഒരു ജീവിതരീതി സാധ്യമല്ലേ ? സാധ്യമല്ലാത്തത് ഞാൻ നിങ്ങളോടു ചോദിക്കുന്നില്ല.

**അന്വേഷകൻ** : എന്നാൽ പലപ്പോഴും മറ്റുള്ളവരെ ഉപദ്രവിക്കാൻ ആഗ്രഹിച്ചിലെങ്കിലും അവർ വേദനിക്കപ്പെടുന്നു.

**ദാദാജി** : അവരുടെ സ്ഥാനത്ത് നിങ്ങളായിരുന്നെങ്കിൽ എങ്ങനെ എന്നുകൂടി ചിന്തിക്കണം. അങ്ങേവശത്ത് നിങ്ങളാണെങ്കിൽ എന്താകും എന്ന് എപ്പോഴും ചിന്തിക്കണം.

ഉദാഹരണത്തിനു നിങ്ങൾ ഒരാളിൽ നിന്നും പതിനായിരം രൂപ കടം വാങ്ങി. എന്നാൽ നിങ്ങൾക്ക് ആ കടം തിരിച്ചടക്കാൻ പറ്റാത്തവിധം സാമ്പത്തികപ്രതിസന്ധി ഉണ്ടായി. അപ്പോൾ നിങ്ങളുടെ മനസ്സിൽ “ആ പണം ഞാൻ തിരികെ നൽകിയില്ലെങ്കിൽ എന്താണ്?” എന്നൊരു ചിന്ത ഉണ്ടാകാം. ആ സമയത്ത് നിങ്ങൾ നിങ്ങളോടു ചോദിക്കണം. “ഒരാൾ എന്നോട് കടം വാങ്ങി തിരിച്ചു നൽകാതിരുന്നാൽ ഞാൻ എന്തു ചിന്തിക്കും ?” അങ്ങനെയുള്ള ബുദ്ധി ഉണ്ടാകണം. ‘എനിക്കതു സംഭവിച്ചാൽ ഞാൻ വേദനിക്കുന്ന പോലെ മറ്റേ വ്യക്തിക്കും സംഭവിക്കാം. അയാൾക്ക് പണം തിരികെ കൊടുക്കണം’, എന്ന ചിന്ത ഉണ്ടായാൽ നിങ്ങൾക്ക് ആ പണം തിരികെ നൽകാൻ കഴിയും

**അന്വേഷകൻ** : അയാൾ ഒരു കോടീശ്വരനാണ്. പതിനായിരം രൂപ അയാൾക്ക് എന്താകാനാണ്, തിരികെ കൊടുത്തില്ലെങ്കിലും എന്താണ് കുഴപ്പം എന്ന് മനസ്സ് പറയും.

**ദാദാജി** : അയാൾക്ക് ബുദ്ധിമുട്ടില്ല എന്ന് നിങ്ങൾ കരുതും. എന്നാൽ അങ്ങനെ-യല്ല. കോടീശ്വരൻ സ്വന്തം മകന്റെ കാര്യത്തിലായാൽ പോലും പണത്തിനു കണക്ക് വയ്ക്കും. എല്ലാവർക്കുമെന്നപോലെ അയാൾക്കും പണം പ്രധാനപ്പെ-ട്ടതാണ്.

നമ്മുടെ മനസ്സോ, വാക്കോ, പ്രവൃത്തിയോ കൊണ്ട് ആരും വേദനിക്കരുത് എന്ന് നാം തീരുമാനിക്കണം.

**അന്വേഷകൻ** : ഒരു സാധാരണ മനുഷ്യന് അതു പ്രയാസമല്ലേ ?

**ദാദാജി** : ഉടനെ തന്നെ അങ്ങനെ ആകാൻ അല്ല ഞാൻ പറയുന്നത്. ആരെയും ഉപദ്രവിക്കരുത് എന്ന തീവ്രമായ ആഗ്രഹം മനസ്സിൽ ഉണ്ടാകണം എന്നാണു ഞാൻ പറയുന്നത്. ആ ബീജം ജീവിതത്തെ മുന്നോട്ട് നയിക്കും.

## 10

## വിധിയും പുരുഷാർത്ഥവും- വിരോധാഭാസപരമായ ചുറ്റുപാട്

**അന്വേഷകൻ** : വിധി, പുരുഷാർത്ഥം, പരിശ്രമം എന്നിവയുടെ ചുറ്റുപാട് എങ്ങനെയാണ്?

**ദാദാജി** : ഭൂതകാലത്തിൽ സഞ്ചയിച്ച കർമ്മങ്ങൾ ഇപ്പോൾ ഫലിക്കുന്നതാണ് വിധി.

ശരിയായ അറിവില്ലാത്തതിനാൽ ആളുകൾ വിധിയെ പുരുഷാർത്ഥമെന്നു തെറ്റിദ്ധരിക്കുന്നു. അവർ തങ്ങൾ ചെയ്ത കർമ്മങ്ങൾ തന്നെ വീണ്ടും വീണ്ടും ആവ-ർത്തിച്ചുകൊണ്ടേയിരിക്കുന്നു. ചിലയാളുകൾ വിധിക്ക് അനുകൂലമായും ചിലർ പുരുഷപ്രയത്നത്തിനനുകൂലമായും വാദിക്കുന്നു. രണ്ടു വാദങ്ങളും ദുർബലമാണ്. രാത്രി വരെ പണിയെടുക്കുന്ന തൊഴിലാളികൾ അവരുടെ പരിശ്രമത്തിന്റെ ഫലമായി എന്താണു നേടുന്നത്? അവരുടെ തൊഴിലിന്റെ ഫലം കുറച്ച് റോട്ടിയും കറിയും ആണ്. ഇനി വിധിവാദികൾ ഒന്നും ചെയ്യാതെ എല്ലാം വിധി എന്നു പറഞ്ഞിരുന്നാലോ ? അവർക്ക് എന്തു ലഭിക്കും ?

ഒരാൾ പണം സമ്പാദിച്ചാൽ അയാൾ 'ഞാൻ സമ്പാദിച്ചു' എന്നു സ്വയം പുകഴ്ത്തി പറയും. എന്നാൽ സമ്പാദിച്ചതെല്ലാം നഷ്ടപ്പെട്ടാലോ ? പഴിയെല്ലാം ഈശ്വരനും. ഈശ്വരൻ ആണിതിനെല്ലാം ഉത്തരവാദി. എന്റെ നക്ഷത്രങ്ങൾ അനുകൂലമല്ലായിരുന്നു, എന്റെ പങ്കാളി എന്നെ വഞ്ചിച്ചു, എനിക്കെന്തു ചെ യ്യാനാകും ? എന്നിങ്ങനെ അയാൾ വിലപിക്കും. നമ്മൾ അയാളോടു ചോദിക്കും. നിങ്ങൾ ജീവിച്ചിരിക്കുന്നുവോ അതോ മരിച്ചുവോ ? നിങ്ങൾ വിജയിച്ചപ്പോൾ

നിങ്ങൾ ആണ് അതിന്റെ ഉത്തരവാദി എന്നു നിങ്ങൾ അഭിമാനിക്കുന്നു. എന്നാൽ പരാജയം സംഭവിക്കുമ്പോൾ എന്തുകൊണ്ട് അതിന്റെ ഉത്തരവാദിത്വം നിങ്ങൾ ഏറ്റെടുക്കുന്നില്ല ? ഈശ്വരൻ ആണ് അതിനു കാരണം എന്നു പറഞ്ഞു നിങ്ങൾ കുറ്റപ്പെടുത്തുന്നു. എന്തുകൊണ്ടു നിങ്ങൾ രണ്ടുതരത്തിൽ സംസാരിക്കുന്നു. നക്ഷത്രങ്ങൾ നിങ്ങളുടെ വഴിയെ വരില്ല.

**അന്വേഷകൻ** : നമ്മുടെ ജീവിതത്തിൽ ഗ്രഹങ്ങൾക്കുള്ള സ്ഥാനമെന്ത്?

**ദാദാജി** : നിങ്ങളുടെ ദുർവാശി, അജ്ഞാനം, പ്രമാണരഹിതസിദ്ധാന്തം, കാർക്കശ്യം തുടങ്ങിയ നക്ഷത്രങ്ങൾ മഹാവ്യാധിയെ ഉണ്ടാക്കും. നിങ്ങളുടെ ഉള്ളിലുള്ള ഒൻപതു ഗ്രഹങ്ങളും നിങ്ങളെ ഉപദ്രവിക്കും. ഞാൻ മുൻവിധിയോ പക്ഷഭേദമോ കൂടാതെയാണ് പറയുന്നത്. എവിടെയാണോ ദുർവാശി ഉള്ളത് അവിടെ കലഹം, യുദ്ധം, വേർപാട് എന്നിവ ഉണ്ടാകും. എനിക്കു യാതൊരു മമതയുമില്ല, പിന്നെങ്ങനെ കലഹമുണ്ടാകും ? ഒരാൾക്ക് എല്ലാ കാര്യങ്ങളും ഒരു അനുവർത്തനമായി സംഭവിക്കുമ്പോൾ അയാൾ അഭിമാനിക്കുന്നു, എന്നാൽ കാര്യങ്ങൾ വിപരീതമാകുമ്പോൾ ഈശ്വരനെ പഴിക്കുന്നു.

ആളുകൾ പരമലക്ഷ്യമായ് പറയുന്നത് യഥാർത്ഥത്തിൽ പരമലക്ഷ്യമല്ല. അവർ അവരുടെ ആന്തരികപ്രകൃതിയുടെ നിർബന്ധത്താൽ നൃത്തം ചെയ്യുന്നു, എന്നിട്ടു പറയുന്നു 'ഞാൻ നൃത്തം ചെയ്തു'.

നിങ്ങൾക്ക് നഷ്ടങ്ങൾ ഉണ്ടാകുമ്പോൾ എന്തിനാണ് ജ്യോതിഷിയെ കാണാൻ പോകുന്നത്?

ജ്യോതിഷം വാസ്തവമാണ്. പക്ഷേ ജ്യോതിഷവും പുരുഷാർത്ഥവും തീർത്തും വിപരീതമാണ്.

**അന്വേഷകൻ** : എങ്കിൽ എന്താണു ശരിയായ പുരുഷാർത്ഥം ?

**ദാദാജി** : അഹങ്കാരത്താൽ പ്രചോദിപ്പിക്കപ്പെടുന്ന പ്രവൃത്തിയാണോ പുരുഷാർത്ഥം ? അടുത്ത ജന്മത്തിനു കാരണമായ വിത്തുകളെ പാകുന്ന മായികവിശ്വാസം മാത്രമാണത്. എന്തെന്നാൽ ആരെയാണ് പുരുഷൻ എന്നു വിളിക്കുക ? ആരാണോ ക്രോധം, ദർപ്പം, കുടിലത, ലോഭം എന്നിവയെ ജയിച്ചിരിക്കുന്നത് അയാൾ ആണ് ശരിയായ പുരുഷൻ. അയാൾക്ക് മാത്രമേ പുരുഷാർത്ഥം നേടാനാകൂ. ഇവയൊന്നും ജയിക്കാത്തവൻ അവശനാകുന്നു.

ഞാൻ എല്ലാത്തിനെയും അറിയുന്നവനും സാക്ഷിയുമാകുന്നു. ഞാൻ പുരുഷൻ അഥവാ ശുദ്ധാത്മാവായിരിക്കുന്നു. സ്വപരാക്രമത്താൽ ഞാൻ പരമലക്ഷ്യത്തെ നേടിയിരിക്കുന്നു. പരമ ലക്ഷ്യത്തിലേക്ക് നീ എന്തുകൊണ്ടു നീങ്ങുന്നില്ല ?

**അന്വേഷകൻ** : നമ്മുടെ ജീവിതത്തിൽ പ്രകൃതിയുടെ പ്രവർത്തനം എങ്ങനെ-യാണ്?

**ദാദാജി** : അനേകം രാസവസ്തുക്കൾ ഉണ്ടാക്കുന്ന ഒരു ഫാക്ടറിയിൽ കുറേ ആളു-കൾ ജോലി ചെയ്യുന്നു. ഇതു ഒരു ഫാക്ടറി മാത്രമാണ്. നമ്മുടെ ശരീരം അനേകം ഫാക്ടറികൾ കൊണ്ടു നിറഞ്ഞതാണ്. സ്വയം പ്രവർത്തിക്കുന്ന ലക്ഷക്കണക്കിനു ഫാക്ടറികളാണ് ശരീരത്തിലുള്ളത്.

ഉദാഹരണമായി നിങ്ങൾ രാത്രിയിൽ അത്താഴം കഴിച്ചിട്ടുകിടക്കുവാൻ പോകുന്നു. നിങ്ങൾ ദഹനപ്രക്രിയയെക്കുറിച്ചു അന്വേഷിക്കാറുണ്ടോ ? നിങ്ങൾ കഴിച്ച ഭക്ഷണം എത്ര രാസവസ്തുക്കളുമായി ചേർന്നു പ്രവർത്തിക്കുന്നു എന്നു അന്വേഷിക്കുന്നുണ്ടോ? ദഹന പ്രക്രിയയേക്കുറിച്ച് നിങ്ങൾ ബോധവാനാണോ ? പക്ഷെ എല്ലാം സ്വാഭാവികമായി നടക്കുന്നു. മലമൂത്രാദികൾ പുറത്തേക്കു പോ-കുന്നു, പോഷകങ്ങൾ രക്തത്തിൽ ചേരുന്നു. നിങ്ങളാണോ ഈ യന്ത്രസംവി-ധാനം നിയന്ത്രിക്കുന്നത് ? ഈ ആന്തരികസംവിധാനം തനിയെ പ്രവർത്തിക്കു-ന്നുവെങ്കിൽ ബാഹ്യപ്രപഞ്ചത്തിലെ പ്രവർത്തനങ്ങളും തനിയെ നടക്കില്ലേ ? നീയാണ് ഇതിന്റെയെല്ലാം കർത്താവ് എന്നു എന്തിനു ചിന്തിക്കുന്നു ? അതു തുടർന്നുകൊണ്ടേയിരിക്കും.

നോക്കു, ശരീരം ഉറക്കത്തിൽ അതിന്റെ സ്വാഭാവികമായ അവസ്ഥയിലാ-ണ്. പക്ഷെ ഈ നിർഭാഗ്യവാന്മാർ പ്രകൃതിയുമായി പൊരുത്തപ്പെട്ടു ജീവി-ക്കുന്നില്ല. അവർ ക്രമവിരുദ്ധമായി പെരുമാറുന്നു. പകൽ നിങ്ങൾ പറയുന്നു. 'ഞാൻ മെല്ലെയും, ദീർഘമായും വേഗത്തിലും ശ്വസിക്കുന്നു' പറയൂ ആരാണ് രാത്രിയിൽ ശ്വസിക്കുന്നത് ? രാത്രിയിൽ 'സംഭവിക്കുന്ന' ശ്വസനം സാധാരണ ശ്വസനമാണ്. ദഹനം കൃത്യമായി നടക്കുന്നതും ശരീരത്തിലെ എല്ലാം തന്നെ അതിന്റെ പ്രകൃത്യാലുള്ള രീതിയിൽ നടക്കുന്നതും അതിനാലാണ്.

എല്ലാ മനുഷ്യരും പമ്പരം കറക്കുക മാത്രമാണ്. ഞാൻ ഒരു ജ്ഞാനിയാണ് എന്നാൽ ഈ ശരീരം ഒരു പമ്പരം ആണ്. ഈ മനുഷ്യപമ്പരങ്ങളെല്ലാം. ശ്വാ-സത്താൽ കറക്കപ്പെടുന്നു. അകത്തേക്കു പോകുന്ന ശ്വാസം പമ്പരത്തെ കെട്ടി-യിരിക്കുന്ന നൂലാണ്. ശ്വസനം തുടരുകയും പമ്പരം വട്ടത്തിൽ കറങ്ങുകയും ചെയ്യുന്നു. വട്ടത്തിൽ കറങ്ങിക്കറങ്ങി ഒടുവിൽ ആ പമ്പരം കരണംമറിയുന്നു. പമ്പരം കറക്കം നിർത്തിയെന്നു കുറച്ചു നേരത്തേക്ക് നമ്മൾ ചിന്തിക്കും. എന്നാൽ അതു താഴെ വീഴും. വീണ്ടും എഴുന്നേൽക്കും കറക്കം തുടരും. ജീവിതവും അങ്ങ-നെയാണ്.

ഒരു വേപ്പുമരത്തിലെ എല്ലാ ഇലകളും കയ്പ്പോടുകൂടിയതാണ്. ആ വൃക്ഷം കയ്പ്പോടുകൂടിയതാവാൻ എന്തു പരിശ്രമം ആണു ചെയ്തത് ? വിത്തിലുണ്ടായിരുന്നതു തന്നെ വൃക്ഷമായിത്തീർന്നുവോ ? മനുഷ്യൻ അവന്റെ ആന്തരികപ്രകൃതിയാൽ പ്രവർത്തിക്കുന്നു. എന്നിട്ട് ഞാൻ ചെയ്തു എന്ന് അഭിമാനിക്കുന്നു. അവൻ എന്താണ് ചെയ്തത്?

**അന്വേഷകൻ** : പരമമായ ലക്ഷ്യത്തിലേക്ക് എത്താൻ ഞാൻ എന്താണു ചെയ്യേണ്ടത്?

**ദാദാജി** : ഞാൻ ചെയ്തു എന്നു ആളുകൾ പറയുന്നത് അയഥാർത്ഥമായ പ്രയോഗമാണ്. അത് ആപേക്ഷികമായ ഒരു പദപ്രയോഗം മാത്രമാണ്. പൂർവ്വകർമ്മങ്ങളുടെ പ്രത്യക്ഷീകരണം (ഉദയകർമ്മം) കൊണ്ടാണ് പരിശ്രമം ഉണ്ടാകുന്നത്. ഞാൻ ചെയ്തു എന്നു പറയുന്നത് അഹംകാരവൃത്തി മാത്രമാണ്. യഥാർത്ഥ പുരുഷാർത്ഥം ആരംഭിക്കുന്നത് ഒരുവൻ പുരുഷൻ ആകുമ്പോഴാണ് (തന്റെ ഉള്ളിലുള്ള ആത്മാവിനെ സാക്ഷാത്കരിക്കുമ്പോൾ). ആ അവസ്ഥയിൽ ഞാൻ കർത്താവാണ് എന്ന ചിന്ത അസ്തമിച്ചിരിക്കും. പൂർണ്ണമായ അകർതൃത്ത്വം അവിടെയാണ്. ആപേക്ഷികമായതെല്ലാം പ്രകൃതിയാണ്. ആത്മാവു മാത്രമാണ് പരമാർത്ഥം.

എന്താണു പുരുഷാർത്ഥം ? അറിയുകയും നിരീക്ഷിക്കുകയുമാണ് ആത്മധർമ്മം. ബാക്കിയുള്ള എല്ലാ പ്രവൃത്തികളിലും ആത്മാവ് നിഷ്ക്രിയമാണ്. ആത്മാവ് അറിയുക, നിരീക്ഷിക്കുക എന്നീ അവസ്ഥകളിൽ ഇരിക്കുമ്പോൾ അതിനെ പുരുഷാർത്ഥം എന്നു പറയുന്നു.

കബീർദാസിന്റെ ഭാര്യ ഒരു കുഞ്ഞിനു ജന്മം നൽകാൻ ഒരുങ്ങുകയായിരുന്നു. കുട്ടി ജനിക്കും മുൻപുതന്നെ അവർക്കു സ്തന്യമുണ്ടായി. കുട്ടി ജനിച്ചപ്പോൾ അതു പ്രവഹിക്കുവാൻ തുടങ്ങി. ഈ നിഗൂഢാത്മകമായ സംഭവം കണ്ട കബീർ പാടി

ദേഹത്തിൻമുൻപേ പിറന്നു പ്രാരബ്ധം
എങ്കിലും, ഓ കബീർ,
മനം അശ്രാന്തമായ് പരിശ്രമിച്ചില്ല
അതെന്നെയത്ഭുതപ്പെടുത്തുന്നു.

## 11

## പ്രാരബ്ധവും പുരുഷാർത്ഥവും

**അന്വേഷകൻ** : പ്രാരബ്ധത്തെയും പുരുഷാർത്ഥത്തെയും കുറിച്ച് വിശദമാക്കി-

യാലും

**ദാദാജി** : അഞ്ചു ഇന്ദ്രിയങ്ങളിലൂടെ ചെയ്യുന്നതൊന്നും പുരുഷാർത്ഥമല്ല, പ്രാരബ്ദമാണ്. രാവിലെ മുതൽ വൈകുന്നേരം വരെ നിങ്ങൾ ഓടിനടന്നു ജോലിയോ കച്ചവടമോ ചെയ്യുന്നു, പുസ്തകങ്ങൾ വായിക്കുന്നു, ധ്യാനം, ജപം, തപസ്സ് എന്നിവ ചെയ്യുന്നു. അതെല്ലാം പ്രാരബ്ദമാണ്.

**അന്വേഷകൻ** : ഇത് അതിശയമായിരിക്കുന്നു. എന്റെ പ്രയത്നമാണ് അത് എന്നാണു കരുതിയത്.

**ദാദാജി** : ആഹാരം കഴിച്ച ശേഷം അത് ദഹിക്കാൻ എന്താണ് നിങ്ങളുടെ പ്രയത്നം ? നിങ്ങളുടെ ആന്തരിക പ്രവർത്തനം പ്രകൃതി തടസ്സം കൂടാതെ കൃത്യമായി ചെയ്യുന്നു, അപ്പോൾ ബാഹ്യമായതും അതു നടത്തില്ലേ ? എന്നാൽ അജ്ഞാനത്താൽ ഒരുവൻ തന്റെ അഹന്തയാൽ 'ഞാനാണ് കർത്താവ്' എന്ന് പറയുന്നു. നർമദയിലെ ഒഴുകുന്ന ജലത്തിൽ ഒരു വലിയ പാറ മറ്റു പാറകളുമായി കുറേക്കാലം കൂട്ടിയുരഞ്ഞു സാളഗ്രാമത്തിന്റെ രൂപമായി മാറുന്നു. മറ്റു പാറകൾ കടലിനടിയിൽ കല്ലായിത്തന്നെ പെട്ടാൽ അത് അവയുടെ മടികൊണ്ടാണോ ? ആരാണിവിടെ കർത്താവ് ? എത്രമാത്രം കർതൃത്വം ഉണ്ട് ? ഒരുവൻ ഏതു സാഹചര്യത്തെ നേരിടുന്നു എന്നതനുസരിച്ചാണ് കാര്യങ്ങൾ നടക്കുന്നത്. ജീവികളുടെ സംസരണമാർഗ്ഗത്തിൽ ചിലത് അനേകം അലച്ചിലുകൾക്കു ശേഷം ഒടുവിൽ ഭാരതത്തിൽ ജനിക്കുന്നു. അവിടെ ഒരു ജ്ഞാനിപുരുഷനെ കണ്ടുമുട്ടിയാൽ അദ്ദേഹത്തിന്റെ അനുഗ്രഹത്താൽ മുക്തനാകുന്നു, ചിലത് വിഗ്രഹം പോലെയാകുന്നു. ആത്മസാക്ഷാത്കാരത്തിനു ശേഷമേ ഒരുവൻ പുരുഷൻ ആകുന്നുള്ളൂ. അപ്പോൾ മാത്രമേ പുരുഷാർത്ഥം ഉള്ളൂ. ബാക്കി എല്ലാം ഭ്രാന്തപുരുഷാർത്ഥമാണ്. അനാത്മസംഗത്തിൽ മമതയില്ലാതെയാകുന്നതാണ് ശരിയായ പുരുഷപ്രയത്നം.

**അന്വേഷകൻ** : ആത്മസാക്ഷാത്കാരത്തിനു മുന്നോടിയായി എന്തു പ്രയത്നം ചെയ്യാനാകും ?

**ദാദാജി** : അഹന്തയുടെ സാന്നിധ്യത്താൽ കർമ്മവിത്തുകൾ പാകപ്പെടുന്നു. അവ ഫലിക്കുമ്പോൾ ഫലം മധുരമോ കയ്പോ ആകാം. ഇപ്പോൾ അതിനെ ഭ്രാന്തപുരുഷാർത്ഥമെന്നു വിളിക്കുന്നു. വരുന്ന സാഹചര്യങ്ങൾ എല്ലാം വിധിയാണ്. ആ അവസരത്തിൽ സമചിത്തത പാലിക്കുവാൻ ആണ് സ്വപ്രയത്നം വേണ്ടത്. കൈവിട്ടുപോകുന്ന സാഹചര്യത്തിൽ ഉറച്ചു നിൽക്കുക എന്നതാണ് സ്വപ്രയത്നം. അർത്ഥധ്യാനത്തെയും രൌദ്രധ്യാനത്തെയും ധർമ്മധ്യാനമാക്കി മാറ്റുന്നതാണ്

പുരുഷാർത്ഥം.

പ്രാരബ്ധമോ പുരുഷാർത്ഥമോ ഉയർന്നതല്ല. രണ്ടിനെയും അറിയുന്നവൻ ആണ് ശ്രേഷ്ഠൻ എന്ന് ജ്ഞാനികൾ പറയുന്നു.

**അന്വേഷകൻ** : ഒരുദാഹരണം പറയുമോ

**ദാദാജി** : പോഷകാംശം കുറഞ്ഞ ആഹാരം കഴിക്കുന്നത് പ്രാരബ്ധകർമ്മമാണ്. അതിന്റെ ഫലമായി ഉദരരോഗം ഉണ്ടാകുന്നത് പ്രാരബ്ധകർമ്മഫലമാണ്. പൂർവജന്മത്തിലെ സഞ്ചിതകർമ്മത്തിന്റെ ഫലമായാണ് അത്തരം ആഹാരം കഴിക്കേണ്ടി വന്നത്. ഈ കർമ്മഫലത്തെ എങ്ങനെ മാറ്റാനാണ്? കർമ്മം സഞ്ചയിക്കപ്പെടുമ്പോൾ മാത്രമാണ് മാറ്റാൻ കഴിയുക. ഈ ജീവിതത്തിൽ പ്രത്യക്ഷമായി നടക്കുന്നതെല്ലാം പ്രാരബ്ധമാണ്. എന്നാൽ നിങ്ങളുടെ ഭാവം പുരുഷാർത്ഥമാണ്. പൂർവ കർമ്മങ്ങളുടെ ഫലത്തിലൂടെ സഞ്ചരിക്കുമ്പോൾ എല്ലാ മനുഷ്യർക്കും രാഗദ്വേഷങ്ങൾ ഉണ്ടാകുന്നു, അതിനെയാണ് ഞാൻ ഭാവപുരുഷാർത്ഥം എന്ന് വിളിക്കുന്നത്. പുതിയ കർമ്മബന്ധങ്ങളെ അവ സൃഷ്ടിക്കുന്നു. ആരും ഇതറിയുന്നില്ല

**അന്വേഷകൻ** : നമ്മൾ കർത്താവല്ലാതെയിരിക്കുകയും നമ്മുടെ ഭാഗധേയം നിരാശ്രയമാകുകയും ചെയ്യുമ്പോൾ നമ്മുടെ ജീവിതത്തിലെ സംഭവങ്ങളെ പ്രവർത്തിപ്പിക്കുന്നത് എന്താണ്?

**ദാദാജി** : വിധിയെപ്പഴിച്ചുകൊണ്ടോ ആശ്രയിച്ചോ വെറുതെ ഇരിക്കുന്നതുകൊണ്ട് കാര്യങ്ങൾ നടക്കില്ല. അങ്ങനെ ഇരുന്നാൽ നിങ്ങൾ നിഷ്ക്രിയനാകും. നിങ്ങളുടെ വിധിയോടുള്ള ആശ്രയം സത്യമായിരുന്നെങ്കിൽ നിങ്ങൾക്ക് ദുഃഖമുണ്ടാകുകയില്ലായിരുന്നു. എന്നാൽ നിങ്ങൾ ദുഃഖങ്ങളുടെ ഒരു വർക്ക്ഷോപ്പ് ആണ്. അതിനാൽ ആ ആശ്രയത്വം വിശ്വാസയോഗ്യമല്ലാത്തതും ദുർബ്ബലവുമാണ്. അതു വാസ്തവമല്ലാത്തതിനാൽ അശാസ്ത്രീയവുമാണ്. അതിനാൽ ആളുകൾ ദുരിതമനുഭവിക്കുന്നു. തെറ്റായ അവലംബങ്ങളാൽ ജനങ്ങളെ ആശ്വസിപ്പിക്കാൻ ശ്രമിച്ചതാണ് ഭാരതത്തിന്റെ തളർച്ചക്കു കാരണം.

കോടിക്കണക്കിനുള്ള ജന്മങ്ങളിലൂടെയുള്ള എന്റെ ഗവേഷണത്തിനു ശേഷം ഞാൻ ലോകത്തിനു സത്യത്തെ അതേപടി വെളിപ്പെടുത്തുന്നു, അതായത് വിധിയിലും മാനുഷികപരിശ്രമങ്ങളിലും ഉള്ള ആശ്രയത്വം ദുർബലമായ ആലംബനമാണ്. വ്യവസ്ഥിത ശക്തി മാത്രമാണ് വിശ്വാസയോഗ്യമായ ആലംബനം. ഇതൊരു ശാസ്ത്രീയസത്യമാണ്.

**അന്വേഷകൻ** : എന്താണ് വ്യവസ്ഥിത ശക്തി ?

**ദാദാജി** : ശാസ്ത്രീയവും സാന്ദർഭികവുമായ പ്രമാണങ്ങൾ വഴി എന്തെല്ലാം സംഭവിക്കുന്നുവോ അത് വ്യവസ്ഥിതശക്തിയാണ്. മനസ്സിന്റെയും ശരീരത്തിന്റെയും വാക്കിന്റെയും എല്ലാ അവസ്ഥകളിലും ഉള്ള അറിവിനു വേറെ തൃപ്തികരമായ വിശദീകരണമില്ല.

ഞാൻ ഒരു ലളിതമായ ഉദാഹരണം പറയാം. ഈ കപ്പ് ഗ്ലാസ് കൊണ്ടുണ്ടാക്കിയതാണ്. നിങ്ങളുടെ കയ്യിൽ നിന്നും അതു വഴുതി വീഴാൻ തുടങ്ങുന്നു. അതു വീഴാതിരിക്കാൻ നിങ്ങൾ പരമാവധി ശ്രമിച്ചുവെങ്കിലും അതു താഴെ വീണുടഞ്ഞു. ആരാണ് ആ കപ്പ് ഉടച്ചത്? നിങ്ങൾ അത് ഉടയ്ക്കുവാൻ ആഗ്രഹിച്ചില്ല. അതിനു വിപരീതമായി അതു താഴെ വീണുടഞ്ഞു. താഴെ വീണുടയാൻ കപ്പ് സ്വയം ആഗ്രഹിച്ചോ ? ഇല്ല, അതു സാധ്യമല്ല. അതു ഉടയ്ക്കാൻ വേറെ ആരും അവിടെ ഇല്ലായിരുന്നു. എങ്കിൽ ആരാണ് ആ കപ്പ് ഉടച്ചത് ? വ്യവസ്ഥിതശക്തിയാണ് അതു ചെയ്തത്. അതു അതിൽ തന്നെയുള്ള ഒരു വ്യവസ്ഥയാണ്. അതിന്റേതായ നിയമങ്ങളും ഭരണഘടനയും അതിൽ തന്നെയുണ്ട്.

**അന്വേഷകൻ** : പക്ഷേ, വ്യവസ്ഥിതശക്തിയുടെ വ്യവസ്ഥയാൽ എന്തുകൊണ്ടാണ് ആ കപ്പ് ഉടഞ്ഞത്?

**ദാദാജി** :വ്യവസ്ഥിതശക്തിയുടെ നിയമത്താൽ ആ കപ്പ് ഉടഞ്ഞില്ലാ എങ്കിൽ ഗ്ലാസ് ഫാക്ടറികൾ എങ്ങിനെ പ്രവർത്തിക്കും ? ഈ വ്യവസ്ഥിതശക്തിയുടെ പിന്തുണയാലാണ് ഫാക്ടറികൾ പ്രവർത്തിക്കുന്നത്, തൊഴിലാളികൾക്ക് ജീവിതമാർഗ്ഗം ഉണ്ടാകുന്നത്. ഒരു കൃത്യമായ നിയമം കൊണ്ടാണ് കപ്പ് ഉടഞ്ഞത്. എന്നാൽ നിർഭാഗ്യവാനായ ഒരുവൻ മാനസികമായി തകർന്നു ക്ഷുഭിതനാകുന്നു. അതിഥികളുടെ മുന്നിൽവച്ച് ആ കപ്പ് വീട്ടുജോലിക്കാരൻ ആണ് ഉടച്ചിരുന്നെങ്കിൽ അദ്ദേഹത്തെ പ്രഹരിക്കാൻ അക്ഷമനായി അയാൾ കാത്തിരുന്നേനെ. എന്നാൽ കപ്പ് ഉടച്ചത് ജോലിക്കാരൻ അല്ല എന്നും ആ പക്ഷപാതരഹിതമായ ശക്തിയെന്നും തിരിച്ചറിഞ്ഞാൽ അയാൾക്ക് എന്തെങ്കിലും തോന്നുമോ ? പരിപൂർണ്ണ തൃപ്തി ഉണ്ടാകുകയില്ലേ ? വാസ്തവം പറഞ്ഞാൽ ജോലിക്കാരൻ ഒരു നിമിത്തം മാത്രമാണ്. പക്ഷെ ധനികനായ മനുഷ്യൻ അയാളെ കുറ്റപ്പെടുത്തുന്നു. ഒരാൾ ഒരിക്കലും നിമിത്തത്തെ കുറ്റപ്പെടുത്തരുത്. അങ്ങനെ ചെയ്യുന്നതിലൂടെ അവനവനെത്തന്നെയാണ് ഹിംസിക്കുന്നത്. മൂലകാരണം കണ്ടുപിടിക്കുകയാണ് വേണ്ടത്. എങ്കിൽ ഈ കടംകഥയ്ക്ക് ഉത്തരം ലഭിക്കും. നിങ്ങൾ ബന്ധനത്തിൽ നിന്നും മുക്തനായിത്തീരുകയും ചെയ്യും.

**അന്വേഷകൻ** : ഒരു ഉദാഹരണം കൊണ്ടു വ്യക്തമാക്കാമോ ?

**ദാദാജി** : എന്റെ ചെറുപ്പത്തിൽ ഞാൻ ആളുകളോട് കുസൃതി കാട്ടുമായിരുന്നു. അതു ഞാൻ ആസ്വദിച്ചിരുന്നു. ഒരു ധനികൻ അയാളുടെ നായക്കുട്ടിയെ വളരെ ഓമനിച്ചിരുന്നു. ഞാൻ അയാളുടെ പുറകിൽ ചെന്നു നിന്നു നായക്കുട്ടിയുടെ വാലിൽ പിടിച്ചു ശക്തിയായി വലിക്കും. ആ നായക്കുട്ടി ദേഷ്യത്തോടെ തന്റെ യജമാനന്റെ കയ്യിൽ കടിക്കുകയും ചെയ്യു. ആ മനുഷ്യൻ വേദനയോടെ കരയുകയും ചെയ്യും. ഇതിനാണ് നിമിത്തത്തെ ദംശിക്കുക എന്നു പറയുന്നത്.

## 12

## ആത്മാവും അനാത്മാവും

**ദാദാജി** : നിന്റെ ശരീരത്തിൽ ഒരാത്മാവുണ്ടെന്നു നീ നിശ്ചയമായും വിശ്വസിക്കുന്നുണ്ടോ ?

**അന്വേഷകൻ** : തീർച്ചയായും.

**ദാദാജി** : എങ്കിൽ അതിന്റെ രൂപമെന്ത്? അത് മിശ്രിതമോ സംയുക്തപദാർത്ഥമോ ?

**അന്വേഷകൻ** : സംയുക്തപദാർത്ഥം.

**ദാദാജി** : അങ്ങനെയെങ്കിൽ പുതിയ ഗുണങ്ങളോടുകൂടിയ ഒരു വ്യത്യസ്തവസ്തു ഉണ്ടാകുകയും ആത്മാവിനു അതിന്റെ സഹജസ്വഭാവത്തെ അറിയാനും സാക്ഷാത്കാരം നേടാനും കഴിയാതെയും വരും. സമ്മതിക്കുന്നുവോ ?

**അന്വേഷകൻ** : അതെ സർ.

**ദാദാജി** : നോക്കു, ഞാൻ നിനക്കതു വിശദമാക്കിത്തരാം. ഈ ആത്മാവു മിശ്രിതമായ രൂപത്തിലാണ്. ആത്മാവും അനാത്മാവും അവയുടെ സ്വാഭാവികഗുണങ്ങളോടെ ഒരുമിച്ചിരിക്കുന്നു. അവയെ വേർപിരിക്കാനും കഴിയും. ചെമ്പ്, പിച്ചള, വെള്ളി മുതലായവ സ്വർണ്ണവുമായി ചേർന്നിരുന്നാൽ ഗുണങ്ങൾ പരിശോധിച്ച് ശാസ്ത്രജ്ഞനു അതിനെ വേർതിരിക്കാൻ കഴിയും. അതുപോലെ ആത്മാവിന്റെയും അനാത്മാവിന്റെയും ധർമ്മം അറിയുന്ന ജ്ഞാനിക്ക് അവയെ പരിശോധിച്ച് വേർതിരിക്കാൻ കഴിയും. ഈ കാര്യത്തിൽ ഞാൻ ആണ് ലോകത്തിലെ ഏറ്റവും വലിയ ശാസ്ത്രജ്ഞൻ. ആത്മാവിനെയും അനാത്മാവിനെയും തലനാരിഴ പരിശോധിച്ച് ആത്മാനാത്മവിവേകം ചെയ്തു ഞാൻ നിങ്ങൾക്ക് ശുദ്ധാത്മാവിനെ തരാം. ബാഹ്യലോകത്തിൽ ആത്മാവെന്നു പറയുന്നത് ശുദ്ധാത്മാവല്ല. മറിച്ച് മലിനവും അശുദ്ധവുമായതാണ്. ഇതു ജ്ഞാനിയിലൂടെ മാത്രമേ മനസ്സിലാക്കാൻ

കഴിയൂ. ആളുകൾ സാധാരണയായി സംസാരിക്കുന്നത് ശുദ്ധബ്രഹ്മത്തെക്കുറിച്ചല്ല. ജനങ്ങൾ പിന്തുടരുന്ന മതങ്ങൾ ശുദ്ധാത്മാവിന്റെ മതമല്ല അനാത്മാവിന്റെയാണ്. അതിനാൽ അതെല്ലാം ആപേക്ഷികമതങ്ങളാണ്. ആത്മാവിന്റെ സഹജ ഗുണങ്ങൾ അറിയാതെ ഒരുവന് ആത്മധർമ്മമെങ്ങനെ അനുശീലിക്കാൻ ആകും. ജീവന്മുക്തനായ ഒരു ജ്ഞാനി നിങ്ങളെ ആപേക്ഷികതയിൽ നിന്നും പരമാർത്ഥത്തിലേക്കു കൊണ്ടുവരാതെ നിങ്ങൾക്കു യഥാർത്ഥധർമ്മം പരിശീലിക്കുവാൻ സാധ്യമല്ല. ഞാനാൽ ദീക്ഷിതരായവർക്ക് ഞാൻ ദിവ്യചക്ഷുസ്സ് നൽകിയതിനാൽ അവർക്ക് അവരുടെ ഉള്ളിലുള്ള ഈശ്വരനെ സാക്ഷാത്കരിക്കാൻ കഴിയും. നിങ്ങളുടെ ഭൌതികമായ നേത്രങ്ങൾക്ക് ക്ഷണികമായ വസ്തുക്കളെ കാണുവാനേ കഴിയൂ. അനശ്വരനായ ഈശ്വരനെ ആന്തരികമായ ദിവ്യചക്ഷുസ്സ് കൊണ്ടു മാത്രമേ കാണുവാൻ കഴിയൂ.

## 13
## ദിവ്യചക്ഷുസ്സിലൂടെ(ദർശനം) മോക്ഷം

**ദാദാജി** : മഹാഭാരതയുദ്ധസമയത്ത് ഭഗവാൻ കൃഷ്ണൻ മായികമായ വൈരാഗ്യത്തെ ഇല്ലാതെയാക്കുവാൻ അഞ്ചു മിനിറ്റ് നേരത്തേക്ക് ദിവ്യചക്ഷുസ്സ് നൽകി. ഞാൻ നിങ്ങൾക്ക് അതു സ്ഥിരമായി തരാം. അങ്ങനെയെങ്കിൽ നിങ്ങളുടെ ദൃഷ്ടി പതിയുന്നിടത്തെല്ലാം നിങ്ങൾ ഈശ്വരനെ കാണും. എന്നിലും നിന്നിലും അവനിലും മരങ്ങളിലും എന്തിനധികം ഒരു കഴുതയിൽ പോലും നിങ്ങൾ ഭഗവാനെ കാണും. ദൃശ്യവും അദൃശ്യവുമായ എല്ലാത്തിലും നിങ്ങൾക്ക് ഈശ്വരനെക്കാണാം. സകല ജീവജാലങ്ങളിലും നിങ്ങൾക്ക് ആത്മാവിനെ ദർശിക്കാം. അങ്ങനെയെങ്കിൽ ഉത്കണ്ഠ ഉണ്ടാകുമോ ?

ജൈനമതത്തിലെ മഹാനായ ഒരു ആചാര്യനായിരുന്ന ആനന്ദ്ഘൻജി മഹാരാജ്, മുന്നൂറ് വർഷങ്ങൾക്കു മുൻപ് അദ്ദേഹം എന്താണു പറഞ്ഞത് ? ഇക്കാലത്ത് ദിവ്യചക്ഷുസിന്റെ അഭാവമുണ്ട്. അതിനാൽ എല്ലാ വാതിലുകളും അടയ്ക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഈ മനോഹരമായ ജ്ഞാനം എനിക്കു സഹജമായി വെളിപ്പെട്ടിരിക്കുന്നു. അതു പ്രകൃത്യാ ഉള്ള ഒരു ക്രമീകരണമാണ്. അതിനാൽ എന്നിലൂടെ വെറും ഒരു മണിക്കൂറിനുള്ളിൽ നിങ്ങൾക്ക് അതു ലഭ്യമാക്കാം.

ഭഗവാൻ എന്താണു പറയുന്നത് ? മോക്ഷത്തിലേക്കുള്ള പാത ദുർഘടമാണ്. എന്നാൽ നിങ്ങൾ ഒരു യഥാർത്ഥ ജ്ഞാനിയെ കണ്ടെത്തിയാൽ യാതൊരു പ്രയാസവുമുണ്ടാകുകയില്ല. നിങ്ങളുടെ ആത്മാവ് എന്റെ വാക്കുകളെ സ്വീകരി-

ക്കും എന്തെന്നാൽ ഞാൻ നിങ്ങളുടെ ഉള്ളിലും ഇരിക്കുന്നു. എന്നാൽ നിങ്ങൾ മർക്കടമുഷ്ടിയോടുകൂടി ഇരിക്കരുത്.

**അന്വേഷകൻ** : അതെ ഒരാൾക്ക് വിശ്വാസം ഉണ്ടായിരിക്കണം എന്നു പറയാറുണ്ട്

**ദാദാജി** : ഈ ആളുകൾ വിശ്വാസം വേണം എന്നു തുടർച്ചയായി പറയുന്നു. എന്നാൽ എനിക്കു വിശ്വാസമില്ല അതു എളുപ്പം നേടുന്നുമില്ല എങ്കിൽ ഞാൻ എന്ത് ചെയ്യണം ? പ്രഭാഷണം കേട്ടിട്ട് പൊടീം തട്ടി വഴുതനങ്ങക്ക് ഇന്നു വില കുറഞ്ഞു എന്നു പറഞ്ഞു പോകും.

ഇവിടെ നിങ്ങൾക്ക് വിശ്വാസം വേണം എന്നില്ല. എന്നിലും നിങ്ങളിലും എനിക്ക് യാതൊരു ഭേദവും തോന്നുന്നില്ല. നിങ്ങളുടെ ഉള്ളിൽ ഒരാത്മാവുണ്ടെങ്കിൽ അതോടൊപ്പം നിങ്ങൾക്ക് കർക്കശബുദ്ധിയുമില്ലെങ്കിൽ നിങ്ങൾ വിശ്വസിക്കണം. എന്തെന്നാൽ ജീവിച്ചിരിക്കുന്ന ഒരു ജ്ഞാനിയുടെ വാക്കാണിത്. അജ്ഞാനത്തിന്റെ പാളികളെയെല്ലാം തുരന്നു നിങ്ങളുടെ ആത്മാവിലേക്കു പ്രവേശിക്കുന്ന വാക്കാണത്. അങ്ങനെയെങ്കിൽ ഞാൻ പറയുന്നതിന്റെ സാരം നിങ്ങൾക്കു മനസ്സിലാകും.

വിശ്വാസത്തിന്റെ സംഭാഷണവും ദൃഢവിശ്വാസത്തിന്റെ സംഭാഷണവും തമ്മിൽ വ്യത്യാസമുണ്ട്. മറ്റൊരാൾക്ക് ബോദ്ധ്യപ്പെടണമെങ്കിൽ നിങ്ങളുടെ ഭാഗം യുക്തമായിരിക്കണം.

## 14

## പുനർജ്ജന്മം

**അന്വേഷകൻ** : ആളുകൾക്ക് പുനർജന്മത്തെക്കുറിച്ച് കൃത്യമായ ധാരണയില്ല

**ദാദാജി** : ഒരിക്കൽ ഞങ്ങൾ ഓറൻഗബാദിൽ നിന്നും മുംബൈയിലേക്ക് വിമാനത്തിൽ വരികയായിരുന്നു. ഒരു ഫ്രെഞ്ച് സൂക്ഷ്മാണുശാസ്ത്രജ്ഞൻ ഞങ്ങളെ പരിചയപ്പെട്ടു. അദ്ദേഹം ചോദിയ്ക്കാൻ തുടങ്ങി. 'ഞങ്ങൾ ഇന്ത്യക്കാരെപ്പോലെ പുനർജ്ജന്മത്തിൽ വിശ്വസിക്കുന്നില്ല. ഈ വിഷയത്തിൽ താങ്കൾ ഒരു വ്യക്തമായ ധാരണ നൽകുമോ. അങ്ങ് എത്ര നേരം ചോദിക്കുന്നുവോ അത്ര നേരം ഞാൻ ഇവിടെയുണ്ടാകും'.

'നിങ്ങൾക്ക് എത്ര നേരം ഇവിടെ തങ്ങാനാകും' എന്നു ഞാൻ ചോദിച്ചു

അയാൾ പറഞ്ഞു : അഞ്ചു വർഷം, പത്തു വർഷം...

ഇല്ല എനിക്ക് അത്രയും സമയം ഇല്ല; ഞാൻ പറഞ്ഞു.

അയാൾ ചോദിച്ചു, 'ആറു മാസം' ?

ഞാൻ പറഞ്ഞു : 'ഹേ ശാസ്ത്രജ്ഞാ ഞാൻ ഫ്രീ ആണെന്നു താങ്കൾ കരുതിയോ ? എനിക്കു ഒരുപാട് ജോലികൾ ചെയ്യാനുണ്ട്. ഈ ലോകത്തിനു മുഴുവൻ യഥാർത്ഥ സന്തോഷത്തെ പ്രദാനം ചെയ്യേണ്ടതുണ്ട്. ഞാൻ അതിനുള്ള ഉപകരണമാണ്. ഒരു കാര്യം ചെയ്യു. ഒരുമണിക്കൂറിനകം സാന്താക്രൂസ് വിമാനത്താവളത്തിൽ നമ്മൾ എത്തുമ്പോൾ നിങ്ങൾ പുനർജ്ജന്മത്തിൽ വിശ്വസിച്ചിരിക്കും'.

ഞാൻ അയാൾക്ക് പുനർജ്ജന്മത്തെക്കുറിച്ച് ശാസ്ത്രീയമായി വിവരിച്ചുകൊടുത്തു. വിമാനത്താവളത്തിൽ എത്തിയപ്പോൾ അയാൾ 'സച്ചിദാനന്ദം സച്ചിദാനന്ദം' എന്നു ഉരുവിട്ടുകൊണ്ടിരുന്നു. ആശ്ചര്യമെന്നു പറയട്ടെ അയാൾ തന്റെ ഭാര്യയെക്കുറിച്ചുപോലും മറന്നുപോയി. ഞങ്ങളുടെ ഫോട്ടോ എടുത്തിട്ടാണ് അയാൾ മടങ്ങിയത്.

15

## മനസ്സും വാക്കും ശരീരവും പ്രഭാവമുള്ളതാണ്

**അന്വേഷകൻ** : അങ്ങ് എങ്ങനെയാണ് ശാസ്ത്രജ്ഞനെ പുനർജ്ജന്മത്തെക്കുറിച്ച് ബോദ്ധ്യപ്പെടുത്തിയത്?

**ദാദാജി** : മനസ്സും വാക്കും ശരീരവും പ്രഭാവമുള്ളതാണോ ? ജനനത്തിനു മുൻപ് ഗർഭപാത്രത്തിൽ വച്ചു തന്നെ അവ പ്രഭാവമുള്ളതും ബാഹ്യമായ സ്വാധീനത്തിനു വിധേയവുമാണ്. അതെങ്ങനെയെന്നു നോക്കാം.

ഒരാൾ നിങ്ങളെ വിഡ്ഢി എന്നു വിളിച്ചാൽ രാത്രി നിങ്ങൾക്കു ഉറങ്ങാൻ ആവില്ല. ആ വാക്കുകളുടെ പ്രഭാവം നിലനിൽക്കും എന്തെന്നാൽ മനസ്സ് ഊർജ്ജിതമാണ്.

വാക്കു നേരിട്ടു തന്നെ പ്രഭാവമുള്ളതാണ്. ഒരാളെ അസഭ്യം പറഞ്ഞുനോക്കു നിങ്ങൾക്ക് അതു മനസ്സിലാക്കാം.

ഈ ശരീരം ചൂടിനോടും തണുപ്പിനോടും വിധേയത്വമുള്ളതാണ്. ജനനം മുതൽ തന്നെ അങ്ങനെയാണ്, ചൂടു കിട്ടാൻ വേണ്ടി ഒരു നവജാതശിശുവിനെ തുണികൊണ്ടു പുതയ്ക്കുന്നു. ആ തുണി മാറ്റിയാൽ ആ കുട്ടി കരയാൻ തുടങ്ങും. വീണ്ടും തുണി പുതച്ചാൽ ആ കുട്ടി കരച്ചിൽ നിർത്തുന്നു. ആ കുട്ടിയുടെ വായിൽ അല്പം മധുരം ഇട്ടാൽ അതിനു ഇഷ്ടപ്പെടും എന്നാൽ കയ്പ്പെങ്കിൽ മുഖം ചുളിക്കും.

ഇതെല്ലാം കാര്യങ്ങളാണ്. ജനനത്തിനു മുൻപുപോലും ശരീരം പ്രതികരിക്കുന്ന-തിനെക്കുറിച്ച് ഞാൻ ഒരു ഉദാഹരണത്തിലൂടെ വ്യക്തമാക്കാം

**അന്വേഷകൻ** : ദയവായി ഉദാഹരണം പറയൂ

**ദാദാജി** : ഇതു അൻപതു വർഷങ്ങൾക്കു മുൻപു സംഭവിച്ച കാര്യമാണ്. ഞങ്ങ-ളുടെ ഗ്രാമമായ ഭദരാനിൽ എട്ടു മാസം ഗർഭിണിയായ ഒരു സ്ത്രീയുണ്ടായിരുന്നു. അവൾ ഒരിക്കൽ വഴിയിലൂടെ നടന്നു പോകവേ ഒരു പശു അവളെ ആക്രമിക്കു-കയും കൊമ്പു വയറിൽ തുളച്ചുകയറുകയും ചെയ്തു. അവളുടെ വയറിൽ നിന്നും ഒരു കുഞ്ഞുവിരൽ പുറത്തേക്ക് കാണാമായിരുന്നു. ആളുകൾ ഡോക്ടർമാരെ വിളിച്ചു. അവർ വന്നു പരിശോധിക്കുകയും പരിഹാരത്തിനായി പല ശ്രമങ്ങളും നടത്തു-കയും ചെയ്തെങ്കിലും ഒന്നും ഫലവത്തായില്ല. അവർക്ക് അതൊരു വെല്ലുവിളി-യായിരുന്നു. രക്തപ്രവാഹം നിലയ്ക്കാത്തതിനെത്തുടർന്നു ആ സ്ത്രീയുടെ അവസ്ഥ അപകടകരമായി. ആ അവസരത്തിൽ എൺപതു വയസ്സുള്ള ഒരു സ്ത്രീ അവിടെ വന്നു എല്ലാരോടും പറഞ്ഞു. എല്ലാവരും ശാന്തരായി ഇരുന്നുകൊണ്ട് ഈശ്വര-നെ സ്മരിക്കൂ. സംഭവിക്കാൻ പോകുന്നതു കാണൂ. അവർ ഒരു സൂചി എടുത്തു അതിന്റെ അറ്റം ചൂടാക്കി ഗർഭിണിയായ സ്ത്രീയുടെ വയറ്റിൽ കണ്ട കുഞ്ഞു-വിരലിൽ ചെറുതായി സ്പർശിച്ചു.ഹാ അതിശയം. ആ വിരൽ അപ്പോൾ തന്നെ അകത്തേക്കു വലിഞ്ഞു. വയറിനുള്ളിലെ കുഞ്ഞു ആ ചൂട് അറിഞ്ഞു കൈ അക-ത്തേക്കു വലിച്ചു.

കാര്യം ഉള്ളതിനാൽ കാരണങ്ങളും ഉണ്ടായേ തീരൂ. കാരണങ്ങൾ കാര്യ-മായിത്തീരുന്നു. കാര്യങ്ങൾ കാരണങ്ങളെ പൂർവ്വവൃത്താന്തങ്ങളായി മുൻകൂട്ടി നിശ്ചയിക്കുന്നു. അതൊരു തുടർച്ചയായ പ്രക്രിയയാണ്.

**അന്വേഷകൻ** : കാര്യകാരണങ്ങളെക്കുറിച്ച് കൂടുതൽ വിശദമാക്കുമോ ?

**ദാദാജി** : കാരണത്തെക്കൂടാതെ കാര്യമില്ല. എപ്പോഴൊക്കെ കാര്യമുണ്ടോ അതിനു നിർബന്ധമായും കാരണം ഉണ്ടായിരിക്കണം. നമ്മുടെ ഇപ്പോഴത്തെ ശരീരം കഴിഞ്ഞ ജന്മത്തിന്റെ കാര്യമാണ്. ജനിക്കുമ്പോൾ രണ്ടു ശരീരമുണ്ട്; ഒന്ന് സ്ഥൂലം, മറ്റൊന്നു സൂക്ഷ്മം. കാര്യമായ ഈ ശരീരം മമതയോടും വെറുപ്പോടും കൂടിയ പുതിയ കാരണങ്ങളെ ഉണ്ടാക്കുകയും അടുത്ത ജന്മത്തിനുള്ള വിത്തുപാ-കുകയും ചെയ്യുന്നു. മരണം വരെ കാരണശരീരത്തിന്റെ രൂപീകരണം നടന്നു കൊണ്ടിരിക്കും. മരിക്കുമ്പോൾ സൂക്ഷ്മശരീരവും കാരണശരീരവും ആത്മാവി-നൊപ്പം സ്ഥൂലശരീരത്തെ ഉപേക്ഷിക്കുന്നു. ജീവനു കാര്യരൂപമായ ശരീരം പൂർവ്വജന്മാനുസാരിയായ കാരണശരീരത്തിൽ നിന്നും ലഭിക്കുന്നു. ഇതെല്ലാം

മരണത്തിന്റെ ആ നിമിഷത്തിൽ സംഭവിക്കുന്നതാണ്.

പുനർജ്ജന്മം ഇല്ലാതെ ഈശ്വരൻ നമ്മെ എല്ലാം ഒരുതവണത്തേക്കു മാത്രമാണ് സൃഷ്ടിച്ചിരുന്നെങ്കിൽ എല്ലാവരും ഒരുപോലെ ഇരുന്നേനെ. എന്നാൽ വലുതും ചെറുതും, ഉയർന്നതും താഴ്ന്നതും, കറുപ്പും വെളുപ്പും, പണക്കാരനും പാവപ്പെട്ടവനും ഉള്ളതിനാൽ അങ്ങനെ ആകാൻ വഴിയില്ല. ഈ കാണുന്ന ഭേദങ്ങളെല്ലാം പൂർവ്വജന്മങ്ങൾ കൊണ്ടാണ്. ഈ സ്ഥൂലവും സൂക്ഷ്മങ്ങളുമായ ശരീരങ്ങൾ പൂർവ്വകാരണങ്ങളുടെ കാര്യങ്ങളാണ്. കാരണങ്ങൾ വ്യത്യസ്തമായതിനാൽ കാര്യങ്ങളും വ്യത്യസ്തമായിരിക്കും.

പുനർജ്ജന്മം ഇല്ല എന്നു നിങ്ങൾ പറയുന്നുവെങ്കിൽ അതിനു തെളിവു തരൂ.

**അന്വേഷകൻ** : പക്ഷെ ദാദാജി, വിദേശികളിൽ കൂടുതൽ പേരും പുനർജ്ജന്മത്തിൽ വിശ്വസിക്കുന്നില്ല.

**ദാദാജി** : ഇംഗ്ലീഷുകാർ ലക്കി എന്നും അൺലക്കി എന്നും പറയുമ്പോൾ എന്താണ് അർത്ഥമാക്കുന്നത് ? മുസ്ലീങ്ങൾ തകദീർ, തദബീർ തുടങ്ങിയ വാക്കുകൾ ഉപയോഗിക്കുന്നു. അതെന്താണ് അർത്ഥമാക്കുന്നത് ? അവരുടെ ഭാഷ ശരിയാണ് എന്നാൽ വിശ്വാസം അങ്ങനെയല്ല. ഈ വാക്കുകൾ പുനർജ്ജന്മസിദ്ധാന്തത്തിന്റെ വെളിച്ചത്തിൽ മാത്രമേ അർത്ഥവത്താകുകയുള്ളൂ.

കാരണങ്ങൾ എങ്ങനെയാണോ കാര്യങ്ങളും അങ്ങനെ തന്നെ. നന്മ നന്മയും തിന്മ തിന്മയും ഉണ്ടാക്കും. പക്ഷെ അവസാനം വരെ മുക്തിയില്ല. കാരണങ്ങൾ ഇല്ലാതെയാകുമ്പോൾ മാത്രമേ കാര്യങ്ങളും ഇല്ലാതെയാകൂ. എന്നു വരെ 'ഞാൻ അമിത് ആകുന്നു' എന്നുള്ള വിശ്വാസം ഉണ്ടോ, എന്നു വരെ 'ഞാൻ അമിത് ആകുന്നു' എന്ന അറിവുണ്ടോ കാരണങ്ങളെ തടയാൻ ആവില്ല. അജ്ഞാനമാകുന്ന മയക്കത്തിൽ നിന്നും ജ്ഞാനി നിങ്ങളെ ഉണർത്തി നിങ്ങളുടെ ആത്മാവിനെ വെളിപ്പെടുത്തുമ്പോൾ മാത്രമേ ആ കാരണങ്ങൾ ഇല്ലാതെയാകൂ. ആത്മാവിനെക്കുറിച്ചുള്ള യഥാർത്ഥജ്ഞാനത്തിലൂടെ നമുക്ക് കാരണശരീരത്തിന്റെ രൂപീകരണത്തെ തടയാം. അപ്പോൾ അമിത് എന്നതിന്റെ എല്ലാ പ്രഭാവത്തെയും പുറന്തള്ളാം. ഈ പ്രക്രിയയിൽ നിങ്ങൾ മമതയാലോ നീരസത്താലോ ചലിക്കപ്പെടുന്നില്ല എങ്കിൽ കർമ്മത്തിന്റെ പുതിയവിത്തുകൾ വിതയ്ക്കപ്പെടുന്നില്ല. എന്നാൽ നിങ്ങൾക്കു കാര്യങ്ങളെ അനുഭവിക്കേണ്ടി വരും. ലോകത്തിലുള്ള കാര്യങ്ങളിൽ നിന്നും ആർക്കും രക്ഷപെടുവാനാകില്ല. അതു പൂർണ്ണമായും ശാസ്ത്രീയമാണ്. ഒരു ശാസ്ത്രജ്ഞനു പോലും ഈ വസ്തുത അംഗീകരിച്ചേ മതിയാവൂ.

കലിയുഗത്തിലെ ഈ ബുദ്ധിമുട്ടേറിയ സമയത്ത് ഒരു മഹത്തായ ജ്ഞാനം എന്നിൽ പ്രകാശിക്കുന്നു. വിചിത്രമായ ഈ സമയങ്ങൾക്ക് ഞാൻ എന്ന ജ്ഞാനി ഒരു അത്ഭുതമാണ്. എനിക്കു അതു വിളിച്ചു പറയേണ്ടതായി വരുന്നു എന്തെന്നാൽ ഈ കാലഘട്ടം വളരെ വിചിത്രമാണ് . ഒരു വജ്രത്തിനു പോലും അതിന്റെ വില സ്വയം വെളിപ്പെടുത്തേണ്ടി വരുന്നു.

മൂന്നു അഗ്നികളാൽ ഈ ലോകം എരിയുകയാണ്. ഏതൊക്കെയാണ് ആ മൂന്നു അഗ്നികൾ ? മാനസിക യാതന, ശാരീരിക പീഡ, മറ്റുള്ളവർ ഉണ്ടാക്കുന്ന ക്ലേശങ്ങൾ എന്നിവയാണവ.

16

## മാനസിക ക്ലേശങ്ങൾ, ശാരീരിക രോഗങ്ങൾ, മറ്റുള്ളവരാൽ ഉണ്ടാക്കപ്പെടുന്ന ദുരിതങ്ങൾ

**ആധി-വ്യാധി-ഉപാധി (മൂന്നു യാതനകൾ)**

**അന്വേഷകൻ** : ജീവിതം മുഴുവൻ പ്രയാസങ്ങളാണ്

**ദാദാജി** : ലോകത്തുള്ള എല്ലാവരും ആധി, വ്യാധി, ഉപാധി എന്നീ ത്രിവിധയാതനകളാൽ ദുരിതമനുഭവിക്കുന്നു. ശാരീരികമായ പ്രയാസം, വേദന, രോഗം എന്നിവയാണ് വ്യാധി. ഉദാഹരണമായി നിങ്ങൾ വയറുവേദനയാൽ ബുദ്ധിമുട്ടുന്നുവെങ്കിൽ അതൊരു വ്യാധിയാണ്. ചീങ്കണ്ണ് ഒരു വ്യാധിയാണ്. വിശപ്പും ഒരു വ്യാധിയാണ്.

മാനസിക യാതനയാണ് ആധി. ദിവസംമുഴുവൻ വിഷമിച്ചിരിക്കുന്നത് ആധിയാണ്.

ബാഹ്യമായ ഇടപെടൽ കൊണ്ടുണ്ടാകുന്നതാണ് ഉപാധി. നമ്മൾ ശാന്തമായിരിക്കുമ്പോൾ ഒരാൾ നമ്മുടെ നേർക്ക് കല്ലേറിയുന്നത് ഉപാധിയാണ്. ബാഹ്യശക്തികളിൽ നിന്നും സംഭവങ്ങളിൽ നിന്നും ആണ് ഉപാധി ഉണ്ടാകുന്നത്.

സാധുക്കളും സന്ന്യാസിമാരും ഉൾപ്പെടെ ഈ ലോകത്തുള്ള എല്ലാവരും ഈ ത്രിവിധയാതനകളാൽ കഷ്ടപ്പെടുന്നു. എന്നാൽ ഞാൻ ജ്ഞാനദീക്ഷ നൽകിയവർ ഓരോ നിമിഷവും സമാധിയിൽ സ്ഥിതി ചെയ്യുന്നു.

**അന്വേഷകൻ** : അതെങ്ങനെയാണു സർ ?

**ദാദാജി** : യാതൊരുവനാണോ ശുദ്ധാത്മപദത്തിൽ സ്ഥിതി ചെയ്യുന്നത് അയാൾ

എപ്പോഴും വിശ്രാന്തിയിലാണ്. എന്തെന്നാൽ വ്യാവഹരികമായി താൻ അമിത് (നാമധാരി– ആർക്കാണോ നാമമുള്ളത് അയാൾ) ആണെന്നും പരമാർത്ഥത്തിൽ ശുദ്ധാത്മാവാണെന്നും അയാൾ മനസ്സിലാക്കുന്നു. ബാഹ്യമായ എല്ലാത്തിൽ നിന്നും മോചിച്ച സാക്ഷിഭാവത്തിൽ നിൽക്കാൻ അയാൾക്ക് കഴിയുന്നു. സംഭവിക്കുന്നതെല്ലാം അമിത്തിനാണെന്നും താൻ ശുദ്ധാത്മാവെന്നും അയാൾ അറിയുന്നു.

**അന്വേഷകൻ** : ദയവായി ഒരു ഉദാഹരണസഹിതം വ്യക്തമാക്കുമോ ?

**ദാദാജി** : ഇതു എന്തുപോലെയാണ് ? നിങ്ങൾ മറ്റൊരാളുടെ പ്രദേശത്തു കടന്നു കയറി എന്നു വിചാരിക്കുക. അതു നിങ്ങളിൽ പിടിക്കപ്പെടുമെന്നോ ശിക്ഷിക്കപ്പെടുമെന്നോ ഉള്ള ഭയത്തെ ഉണ്ടാക്കുന്നു. എന്നാൽ നിങ്ങൾ നിങ്ങളുടെ വീട്ടില്ത്തന്നെയാണ് ഇരിക്കുന്നതെങ്കിൽ ഭയപ്പെടുമോ ? അതുപോലെ അമിത് എന്നതു നിങ്ങളുടെ വീടല്ല, നിങ്ങളുടെ യഥാർത്ഥ ആത്മാവല്ല.

നിങ്ങൾ ശുദ്ധാത്മാവാണ്. അമിത് എന്ന പേരോടുകൂടിയ ഈ ശരീരത്തെ അറിയുന്നവനും സാക്ഷിയുമാണ് നിങ്ങൾ. നീ അമിത് ആണെന്നു തെറ്റായി ധരിച്ചുവച്ചിരിക്കുന്നു. അമിത് കടന്നു പോകുന്ന സുഖം, ദുഃഖം, യാതന, എല്ലാം നീ ഏറ്റെടുക്കുന്നു. ഈ തെറ്റിധാരണ കൊണ്ടു വെള്ളത്തിനു വെളിയിൽ കിടന്നു പുളയുന്ന മത്സ്യത്തെപ്പോലെയാണ് നിന്റെ അവസ്ഥ.

സങ്കടങ്ങളിൽ നിന്നും മോചിക്കുവാനും, സന്തോഷമായിരിക്കുവാനും, ശാന്തനാകുവാനും നിനക്ക് നിന്റെ യഥാർത്ഥ ആത്മാവിനെ അറിയേണ്ടതുണ്ട്.

## 17

## ലോകം : അതു മായികമോ ?

(ലോകവും ബ്രഹ്മം അഥവാ ശുദ്ധ ആത്മാവും)

**ദാദാജി** : ഈ ലോകം വാസ്തവമോ അതോ മായികമോ ?

**അന്വേഷകൻ** : ഇതു മായികമെന്നു എല്ലാവരും പറയുന്നു

**ദാദാജി** : അതങ്ങനെയല്ല. എന്താണു മായികമെന്നു ഞാൻ വിശദീകരിക്കാം. നിങ്ങൾ വെള്ളം കാണുമ്പോൾ പാന്റ്സ് ഉയർത്തി നടക്കുന്നു. എന്നാൽ അതു നനയുന്നില്ല. നിങ്ങൾ കണ്ടത് മായയാണ്. ചിലർ പറയും ആത്മാവു മാത്രമാണ് ഏകസത്യം ബാക്കി എല്ലാം മിഥ്യ എന്ന്. ലോകം മിഥ്യയെന്നു അവർ പറയുന്നു. അതു ശരിയെങ്കിൽ നിങ്ങൾ തീയിൽ കൈ വെച്ചു മായയാണോ എന്നു നോക്കു. ലോകം മായികമെങ്കിൽ അമിത് ബുദ്ധിമാനല്ല എന്നു ആരെങ്കിലും പറഞ്ഞാൽ കോപം വരേണ്ട കാര്യമില്ല. അങ്ങനെയുണ്ടാകുന്നുണ്ടോ ?

**അന്വേഷകൻ** : ഇല്ല സർ

**ദാദാജി** : അമിത് ബുദ്ധിമാനല്ല എന്നു ആരെങ്കിലും പറഞ്ഞാൽ ആ രാത്രി അമിത് ഉറങ്ങില്ല. ഈ ലോകം മായികമെന്നു എങ്ങനെ നമുക്ക് പറയാനാകും ? ഞാൻ പറയുന്നു ശുദ്ധാത്മാവും (ബ്രഹ്മം) ഈ ലോകവും സത്യമെന്ന്. എന്നാൽ ഈ ലോകം വ്യാവഹാരികസത്യവും ബ്രഹ്മം പാരമാർത്ഥികസത്യവുമാണ്. ഇതാണ് പരമമായ സത്യം. വ്യാവഹാരിക സത്യം എപ്പോഴാണ് മായികമാകുന്നതെന്നു ആർക്കും അറിയില്ല.

ഇതെല്ലാം ക്ഷണികമായ ക്രമീകരണങ്ങൾ ആണ്. ബ്രഹ്മം മാത്രമാണ് സ്ഥിരവും കേവലവുമായ യാഥാർത്ഥ്യം.

## 18

## മനസ്സ്, വാക്ക്, ശരീരം- ത്രിവിധബന്ധങ്ങൾ

**അന്വേഷകൻ** : എല്ലാവരും അവരവരുടെ ശരീരവുമായി താദാത്മ്യം പ്രാപിച്ചി-രിക്കുന്നു. എന്നാൽ ശാസ്ത്രങ്ങൾ പറയുന്നു നാം അതിൽ നിന്നും മുക്തനാകണ-മെന്നും. അതിനെക്കുറിച്ച് വിശദമാക്കുമോ ?

**ദാദാജി** : മനസ്സ്, വാക്ക്, ശരീരം എന്നിങ്ങനെ മനുഷ്യനു മൂന്നു ബന്ധനങ്ങളുണ്ട്. അമിത് പറയുന്നു, "ഞാൻ അമിത്, ഒരു കളക്ടർ, അവളുടെ ഭർത്താവ്, അവന്റെ അച്ഛൻ". പക്ഷെ നിങ്ങൾ എന്നന്നേക്കുമായി കളക്ടർ ആണോ ? അല്ല അതൊരു ബന്ധനമാണ്. അയാൾ പറയും. ഞാൻ വിരമിക്കാൻ പോകുകയാണ്. അതു മറ്റൊരു ബന്ധനമാണ്. ഈ കുടിയനെ നോക്കു, ആ കുഴിയിൽ വീണിട്ട് അയാൾ എന്താണ് പറയുന്നത്. അയാൾ പറയുന്നു 'ഞാൻ സായാജിറാവു ഗെയ്ക്വാദ് ആണ്. ഞാൻ രാജാവാണ്. ഞാൻ മഹാരാജാവാണ്'. മദ്യലഹരിയിൽ ആണു ഇതൊക്കെ അയാൾ പറയുന്നതെന്ന് അയാളുടെ ഭ്രാന്തമായ ജല്പനം കൊണ്ടു നമുക്കു മനസ്സിലാകുന്നില്ലേ ? മനസ്സ് വാക്ക് ശരീരം എന്നീ മൂന്നു പിശാചുക്കൾ മനുഷ്യനെ പിടിക്കുന്നു, എന്നിട്ട് 'ഞാൻ അമിത്' എന്നോ കളക്ടർ എന്നോ വിശ്വസിപ്പിക്കുന്നു. ഈ തെറ്റിദ്ധാരണ കൊണ്ടു അമിത് ചെയ്യുന്നതിന്റെയൊക്കെ ഫലം അനുഭവിക്കുന്നു. അമിത് സന്തുഷ്ടനെങ്കിൽ അയാൾ സന്തുഷ്ടൻ, അമിത് വിഷമിക്കുന്നുവെങ്കിൽ അയാളും വിഷമിക്കുന്നു.

**അന്വേഷകൻ** : കുറച്ചു കൂടി വിശദമാക്കു.

**ദാദാജി** : ഒരു യഥാർത്ഥ കഥ ബന്ധപ്പെടുത്താം. മറ്റു സ്ത്രീകളോടൊപ്പം പരദൂഷണം പറയുന്ന കാശി എന്നൊരു സ്ത്രീയുണ്ടായിരുന്നു. ഒരു ദിവാസം

അവൾ തലയാട്ടി കണ്ണു ചിമ്മിച്ച് പ്രേതബാധ കൂടിയതുപോലെ ചലിക്കാൻ തുടങ്ങി. അവളുടെ ഭീകരമായ പെരുമാറ്റം കണ്ടു എല്ലാരും ഭയന്നു. അവളുടെ ഒരു അയൽക്കാരി പറഞ്ഞു. "അവൾക്ക് ബാധ കൂടിയിരിക്കുന്നു, ഒരു മന്ത്രവാദിയെ വിളിക്കുക". അവളുടെ ഭർത്താവ് ഒരു മന്ത്രവാദിയെ വിളിച്ചുകൊണ്ടുവന്നു. ഏതോ പ്രേതം അവളുടെ ശരീരത്തിൽ കയറി എന്നു മന്ത്രവാദി മനസ്സിലാക്കി. അയാൾ അവളെ ചൂരൽ കൊണ്ട് അടിക്കുവാൻ തുടങ്ങി. അവൾ അലറിവിളിച്ചു. മന്ത്രവാദി അവളോടു ചോദിച്ചു "നീയാരാണ്?" ."I am Chanchal, I am Chanchal" എന്നിങ്ങനെ അവൾ പറഞ്ഞു. മന്ത്രവാദി വീണ്ടും ചോദിച്ചു " നീ എന്തിനാണ് വന്നത്?" ചഞ്ചൽ (കാശിയെ ബാധിച്ച പ്രേതം) പറഞ്ഞു "This Kashi has enmeshed my husband in her charm !". കാശിക്കു ഇംഗ്ലീഷ് അക്ഷരമാല പോലും അറിയില്ല, എങ്കിലും ഇംഗ്ലീഷിൽ സംസാരിച്ചു. അതെങ്ങനെ സാധ്യമായി ? മരിച്ചു പോയ ചഞ്ചൽ എന്ന സ്ത്രീക്ക് ഇംഗ്ലീഷ് നന്നായി അറിയുമായിരുന്നെന്നും ഭംഗിയായി സംസാരിച്ചിരുന്നെന്നും പിന്നീട് ആളുകൾ കണ്ടെത്തി. മന്ത്രവാദി അവളെ ശിക്ഷിച്ചു, വരുതിയിൽ വരുത്തി അവൾ ചോദിച്ചതൊക്കെ കൊടുത്ത് ആ ശരീരത്തിൽ നിന്നും പറഞ്ഞുവിട്ടു.

ഈ പ്രേതങ്ങളുടെ ലോകം അങ്ങനെയാണ്. ചഞ്ചൽ പോയെങ്കിലും കാശിയുടെ ദേഹത്ത് അടികൊണ്ട പാടുകൾ ഉണ്ടായിരുന്നു. ആ മുറിവുകൾ ഉണങ്ങും വരെ അവൾ അതിന്റെ വേദന അനുഭവിച്ചു.

നിങ്ങളെ ബാധിച്ചിരിക്കുന്ന മൂന്നു പിശാചുക്കളായ മനസ്സ്, വാക്ക്, ശരീരം എന്നിവയെ പുറത്താക്കുന്ന മന്ത്രവാദിയാണു ഞാൻ. ഈ മൂന്നു ബന്ധനങ്ങളിൽ നിന്നും എനിക്കു നിങ്ങളെ മുക്തരാക്കാൻ കഴിയും. എന്നാൽ മുറിവുകൾ ഉണങ്ങും വരെ നിശ്ശബ്ദരായി വേദന അനുഭവിക്കേണ്ടി വരും. പക്ഷെ നിങ്ങൾ ആ പ്രേതങ്ങളിൽ നിന്നും മുക്തരാകും.

മനസ്സ്, വാക്ക്, ശരീരം എന്നിവയാണ് നിങ്ങളെ അടിമപ്പെടുത്തിയിരിക്കുന്ന ബന്ധനങ്ങൾ എന്നു നിങ്ങൾ മനസ്സിലാക്കിയാൽത്തന്നെ പകുതി ശാസ്ത്രഗ്രന്ഥങ്ങൾ നിങ്ങൾ പഠിച്ചിരിക്കുന്നു.

നിങ്ങൾ വീടോ, ഭാര്യയേയോ കുട്ടികളെയോ വസ്തുങ്ങളെയോ ഉപേക്ഷിക്കേണ്ടതില്ല. പക്ഷെ ഈ മൂന്നു ബന്ധനങ്ങളിൽ നിന്നും നിങ്ങൾ മുക്തരാകണം.

## 19

## വിശുദ്ധഗ്രന്ഥങ്ങൾ (ആഗമം-നിഗമം)

**അന്വേഷകൻ** : ഒരാൾക്ക് വിശുദ്ധഗ്രന്ഥങ്ങളുടെയും ശാസ്ത്രങ്ങളുടെയും ആഴത്തിലുള്ള പഠനം ഉണ്ടാകണമെന്ന ഞാൻ കരുതുന്നു.

**ദാദാജി** : ഒരു ജ്ഞാനിയുടെ മാർഗ്ഗോപദേശമില്ലാതെ ആഗമങ്ങളെ മനസ്സിലാക്കുവാൻ സാധ്യമല്ല. ഒരു ജ്ഞാനി മാത്രമേ ആഗമങ്ങളെ മനസ്സിലാക്കുന്നുള്ളൂ. ഒരുവൻ തന്നെക്കുറിച്ച് തന്നെ അജ്ഞനെങ്കിൽ ആഗമങ്ങളെ എങ്ങനെ മനസ്സിലാക്കും ? ആഗമങ്ങളും നിഗമങ്ങളും എനിക്കൊരു തുറന്ന പുസ്തകം പോലെയാണ്. യഥാർത്ഥ ഞാൻ എന്തെന്നു കണ്ടെത്തു. എന്തിനാണ് നിങ്ങൾ 'ഞാനാണ്' 'ഞാനാണ്' എന്നു പറയുന്നത്?

നിങ്ങൾ ഈ ശരീരത്തെ 'ഞാൻ' എന്നു വിളിക്കുന്നു. ജഡമായ ഈ ശരീരം വൃദ്ധിക്ഷയങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുന്നു. അതായത് പൂരണവും ഒഴിക്കലും.

എല്ലാവരും ധനം സ്വരൂപിക്കുവാൻ ആലോചിക്കുന്നു. എന്നാൽ അതും വൃദ്ധിയും ക്ഷയവും ഉള്ളതാണ്. നിങ്ങളുടെ അക്കൗണ്ട്ബുക്കിൽ എത്ര കോളം ഉണ്ട് ? രണ്ടു, ക്രെഡിറ്റും ഡെബിറ്റും. ക്രെഡിറ്റ് മാത്രമായി ഉണ്ടാകില്ല. നിങ്ങൾ പണം സമ്പാദിച്ചാൽ അതു ചിലവാക്കേണ്ടിയും വരും. നിങ്ങൾ ഭക്ഷിക്കുന്നത് നിറയ്ക്കലും (പൂരണം) മലശോധന ചെയ്യുന്നത് ഒഴിക്കലും ആണ്. നിങ്ങളുടെ ഉള്ളിലേക്കു ചിന്തകൾ വരുന്നത് പൂരണമാണ്. അതു പോകുന്നത് വിഘടനവും ആണ്.

## 20

## പൂരണവും വിഘടനവും

**അന്വേഷകൻ** : ജീവിതയാത്രയിൽ ഉണ്ടാകുന്ന നിറവിനെയും ഒഴിവിനെയും കുറിച്ച് കൂടുതൽ വ്യക്തമാക്കുമോ

**ദാദാജി** : ഒരാൾ കഴിച്ചുകൊണ്ടേ ഇരുന്നു തടിയൻ ആയി. എന്നാൽ പുറത്തു കളയാൻ ആവില്ലെങ്കിൽ അയാളുടെ വയർ വലുതായിക്കൊണ്ടേ ഇരിക്കും. ഭക്ഷണം പോലെതന്നെ പണത്തിനും അതിന്റെ സ്വാഭാവികമായ പുറത്തുപോകലുണ്ടെന്നു ആരും ചിന്തിക്കുന്നില്ല. ഈ പ്രതിഭാസത്തിനു ഇടംകൊടുക്കാത്ത ആരെങ്കിലും ഉണ്ടെന്നു കരുതുന്നുണ്ടോ ? ഒരു വലിയ നദിയിലേക്കു ജലം വരികയും അവിടെനിന്നും പോകുകയും ചെയ്യുന്നു. വേനൽക്കാലത്താകട്ടെ നദി വരളുകയും ചെയ്യുന്നു.

എന്തുകൊണ്ടാണ് നഖം വളരുന്നതെന്നു ഞാൻ പല ഡോക്ടർമാരോടും ചോദിച്ചു. അവർ പറഞ്ഞു അതു കാത്സ്യം കാരണമാണെന്ന്. എന്നാൽ അതു മാത്രമല്ല. വാസ്തവത്തിൽ അതു ഉപയോഗശൂന്യമായ വസ്തുക്കളെ പുറന്തള്ളൽ ആണ്. എല്ലുകളുടെ വളർച്ചക്കായി ആഹാരത്തിലൂടെ ലഭിക്കുന്ന കാത്സ്യം നഖത്തിലൂടെ പുറത്തു പോകുന്നു. ഉപയോഗശൂന്യമായത് ഉപേക്ഷിക്കപ്പെടുക എന്നതു പ്രകൃതിനിയമമാണ്.

പൂരണവിഘടനങ്ങളാൽ ജഡവസ്തുക്കൾ പരിണാമത്തിനു വിധേയമാകുന്നു. നിങ്ങളുടെ പത്താം വയസ്സിലെ കോശങ്ങളെ ഇരുപത്തിയഞ്ചാം വയസ്സിൽ നിങ്ങൾക്കു കാണുവാനാകില്ല. പഴയ കോശങ്ങൾ പുതിയ കോശങ്ങൾക്കായി വഴിമാറുന്നു. പൂരണവിഘടനങ്ങൾ നടന്നുകൊണ്ടേ ഇരിക്കും.

ഒരാൾ തിന്മ ചെയ്തുകൊണ്ടേ ഇരിക്കുന്നു. എന്നാൽ അതിന്റെ ഫലമായ വേദനയും ദുരിതവും പുറത്തേക്കു വിടുമ്പോൾ മാത്രമേ മനസ്സിലാക്കുകയുള്ളൂ. അതൊരു അഗ്നിപർവ്വതത്തിനു മുകളിൽ ഇരിക്കും പോലെയാണ്. ആത്മാവിനെ നന്മയുള്ള പ്രവൃത്തിയാൽ സമ്പന്നമാക്കിയാൽ മധുരമുള്ള ഫലം നിങ്ങൾക്കു ലഭിക്കും. പൂരണത്തെക്കുറിച്ചു ശ്രദ്ധാലുവായിരിക്കുക. അതു നീതിപൂർവ്വമാകട്ടെ.

**അന്വേഷകൻ** : സമ്പത്തിനായുള്ള പ്രകൃതിയുടെ നിയമങ്ങൾ എന്തെല്ലാം ആണ്?

**ദാദാജി** : നിങ്ങൾ തെറ്റായ മാർഗ്ഗത്തിലൂടെയും മറ്റുള്ളവരെ ചതിച്ചും പണം ഉണ്ടാക്കിയാൽ അതു നഷ്ടപ്പെടും എന്നു മനസ്സിലാക്കുക. ആ പണം നിങ്ങൾ ബാങ്കിൽ സൂക്ഷിച്ചാലും അതു നിങ്ങൾക്കു നഷ്ടപ്പെടും. നിങ്ങൾ ചെയ്ത തിന്മപ്രവൃത്തികളുടെ വിഘടനത്തിൽ നിങ്ങളുടെ അവസ്ഥ എന്തായിരിക്കും. ധനദേവതയായ ലക്ഷ്മീദേവിയെ ആർക്കും ബന്ധിക്കാനാവില്ല. അവൾ ഈശ്വരന്റെ പത്നിയാണ്. തന്റെ ഭർത്താവിന്റെ വീട്ടിൽ ആദ്യമായി വന്ന ഒരുവളെ അവളുടെ വീട്ടിൽ പോലും വിടാതെ തടങ്കലിൽ ആക്കിയാലുള്ള അവസ്ഥ എന്താണ് ? ജനങ്ങൾ ഇതു ലക്ഷ്മിയെക്കൊണ്ടും തുടങ്ങിയിട്ടുണ്ട്. ഈ ജനങ്ങളെക്കൊണ്ട് അവളും മടുത്തിരിക്കുന്നു.

ബറോഡ സ്റ്റേഷനിൽ വച്ചു ലക്ഷ്മീദേവി എന്നെ കാണുമ്പോൾ ഞാൻ പറയും 'ഹൌസ് നമ്പർ 5 മാമാസ് സ്ട്രീറ്റ്, നിനക്ക് എപ്പോഴൊക്കെ വരണമെന്നു തോന്നുന്നോ അപ്പോഴൊക്കെ വരൂ. എപ്പോഴൊക്കെ പോകണമോ അപ്പോൾ പോകൂ'. അപ്പോൾ ലക്ഷ്മി പറയും 'ഞാൻ സമ്പന്നരുടെ വീട്ടിൽ പോയി മടുത്തു, ഞാൻ അങ്ങ് ദീക്ഷ നൽകിയവരുടെ വീട്ടിലേക്കു പോകാം'. ഞാൻ വരുമ്പോൾ

അവർ മാലയിട്ട സ്വീകരിക്കും. പോകുമ്പോൾ മാല അണിയിച്ച് യാത്ര പറയും. എന്നെ അടക്കി വയ്ക്കുന്നവരുടെയോ അപമാനിക്കുന്നവരുടെയോ ഭവനത്തിൽ ഞാൻ പോകില്ല." സമ്പത്ത് വരികയും പോകുകയും ചെയ്യും. പത്ത് വർഷത്തിൽ കൂടുതൽ അത് നിലനിൽക്കില്ല. നിറവും ഒഴിവും ലോകത്തിൽ തുടർന്നുകൊണ്ടേയിരിക്കുന്നു.

**അന്വേഷകൻ** : എന്താണ് നന്മയും തിന്മയും ?

**ദാദാജി** : ഒരാൾക്ക് ഊഷ്മളമായ സ്വീകരണം നൽകുമ്പോൾ അയാളുടെ മുഖഭാവം എങ്ങനെയാണ്? എന്നാൽ അയാളെ ഒരു തെമ്മാടി എന്നു വിളിച്ചാൽ ഭാവഭേദം എന്താണ്?

ഈ ലോകം മുഴുവനും മന:ക്ലേശത്തിന്റെയും വ്യാകുലതയുടെയും വലയിൽ പെട്ടിരിക്കുകയാണ്. സന്ന്യാസിക്കാകട്ടെ ഗൃഹസ്ഥനാകട്ടെ ആർക്കും ആന്തരികശാന്തിയില്ല. ശുദ്ധ ആത്മാവിന്റെ ബോധനത്തിലൂടെ ലഭിക്കുന്നതാണ് പൂർണ്ണമായ ശാന്തിയുടെയും ആനന്ദത്തിന്റെയും അവസ്ഥ. പൂർണ്ണമായ ആനന്ദം ലഭിക്കണമെങ്കിൽ സംസാരസാഗരം താണ്ടി മറുകരയെത്തേണ്ടതുണ്ട്. പടിപടിയായുള്ള മാർഗ്ഗത്തെ അവലംബിച്ചാൽ എന്തെല്ലാം വേദനയിലൂടെയും കർമ്മങ്ങളിലൂടെയുമാണ് അയാൾക്ക് കടന്നുപോകേണ്ടി വരിക ! ശാന്തിയുടെയും ആനന്ദത്തിന്റെയും ശീഘ്രമായ നമ്മുടെ മാർഗ്ഗത്തിൽ ഞാൻ നിങ്ങളെ ആത്മസാക്ഷാത്കാരത്താൽ അനുഗ്രഹിക്കും. അനന്തമായ ശാന്തിയും ആനന്ദവും ക്ഷണനേരം കൊണ്ടു ഉണ്ടാകുന്നതാണ്.

## 21

## ത്രിമന്ത്രങ്ങൾ : ലൌകികദുരിതങ്ങൾക്കുള്ള പരിഹാരം

**അന്വേഷകൻ** : സർ, ജപത്തിനായി ഓരോ മതത്തിലും വ്യത്യസ്തമായ മന്ത്രങ്ങളുണ്ട്. ഏതാണ് ഏറ്റവും അനുയോജ്യം ?

**ദാദാജി** : മന്ത്രത്തിന്റെ യഥാർത്ഥ അർത്ഥമെന്താണ് ? മനസ്സിനെ ശാന്തിയിൽ ഉറപ്പിക്കുന്നതാണ് മന്ത്രം. ഈശ്വരനെ ഭജിക്കുമ്പോൾ ലൌകികമായ തടസ്സങ്ങൾ ഒഴിവാക്കാൻ ഋഷഭദേവഭഗവാൻ അദ്ദേഹത്തിന്റെ കാരുണ്യത്താൽ സനാതനമായ മൂന്നു മന്ത്രങ്ങൾ നമുക്കു നൽകിയിട്ടുണ്ട്.

**അന്വേഷകൻ** : ഏതൊക്കെയാണ് ആ മന്ത്രങ്ങൾ ?

**ദാദാജി** : അതിങ്ങനെയാണ്. നിങ്ങൾ ശ്രദ്ധിക്കൂ. പ്രപഞ്ചത്തിൽ ജാതിമതവിശ്വാസരാഷ്ട്രാതീതമായി ഏറ്റവും ഉയർന്ന ആദ്ധ്യാത്മികനിലയെ പ്രാപിച്ച മഹാ–

ത്മാക്കൾക്കുള്ള വന്ദനമാണത്.

'നവകാര' (നമസ്കാര) മന്ത്രം

*നമോ അരിഹംതാണം* - ആന്തരികശത്രുക്കളായ ക്രോധം, ദംഭ്, കുടിലത, ലോഭം എന്നിവയെ പൂർണ്ണമായും ഇല്ലാതാക്കിയ അരിഹന്തൻമാരെ ഞാൻ നമസ്കരിക്കുന്നു.

*നമോ സിദ്ധാണം* - എല്ലാ കർമ്മങ്ങളെയും ഇല്ലാതെയാക്കി ജനനമരണങ്ങളുടെ ചക്രങ്ങളെ അതിക്രമിച്ച ,മോക്ഷം നേടിയ സിദ്ധന്മാരെ ഞാൻ നമസ്കരിക്കുന്നു.

*നമോ ആയരിയാണം* - ശുദ്ധാത്മാവിനെ സാക്ഷാത്കരിച്ചവരും സ്വജീവിതം മറ്റുള്ളവരുടെ ആത്മീയ ഉന്നമനത്തിനായ് ദിവ്യമായ് നയിക്കുന്നവരുമായ ആചാര്യന്മാരെ ഞാൻ നമസ്കരിക്കുന്നു.

*നമോ ഉവജ്ഝായാണം*- സ്വയം ആദ്ധ്യാത്മികധർമ്മ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന ആത്മജ്ഞാനികളായ ഉപാധ്യായന്മാരെ ഞാൻ നമസ്കരിക്കുന്നു.

*നമോ ലോയേ സവ്വ സാഹൂണം*- കൂടുതൽ ആത്മീയ വളർച്ചക്ക് പ്രയത്നിക്കുന്ന തത്ത്വജ്ഞാനികളായ സാധുക്കളെ ഞാൻ നമസ്കരിക്കുന്നു.

*എസോ പഞ്ച നമുക്കാരോ*
*സവ്വ പാവപ്പണാസണോ*
*മംഗലാണം ച സവ്വേസിം*
*പാഠമം ഹവഇൗ മംഗലം*

ഈ മഹാത്മാക്കളെ ആത്മീയ വളർച്ചയുടെ അഞ്ചു ഘട്ടങ്ങളിൽ പ്രണമിക്കുന്നത് ഏറ്റവും മംഗളകരമായ പ്രണാമം ആകുന്നു.

2. 'ഓം നമോ ഭഗവതേ വാസുദേവായ' മന്ത്രം

ഈശ്വരനിലയെ പ്രാപിച്ചവരും ധർമ്മത്തിനായി മഹത്തായ മനുഷ്യനിലയിൽ നിൽക്കുന്നവരുമായ എല്ലാ വാസുദേവന്മാരെയും ഞാൻ നമസ്കരിക്കുന്നു.

3. 'ഓം നമ :ശിവായ' മന്ത്രം.

അഹന്തയെ വെടിഞ്ഞവരും മറ്റുള്ളവരുടെ നന്മയ്ക്ക് വേണ്ടി മാത്രം ജീവിക്കുന്നവരും മംഗളാവതാരവുമായ എല്ലാ മഹാത്മാക്കളേയും ഞാൻ നമസ്കരിക്കുന്നു.

ഋഷഭദേവഭഗവാൻ പറയുന്നു "നിങ്ങൾക്ക് ക്ഷേത്രങ്ങളെ എത്ര വേണമെങ്കിലും പിരിക്കാം എന്നാൽ ഈ മൂന്നു മന്ത്രങ്ങളെ ഒരുമിച്ച വയ്ക്കു." എന്നാൽ അഹന്തയോടുകൂടിയ മതനേതാക്കന്മാർ കാലക്രമേണ പുതിയ സമ്പ്രദായങ്ങളും ഉപസമ്പ്രദായങ്ങളും തുടങ്ങുകയും ആത്മ സാക്ഷാത്കാരത്തിന്റെ വഴിയിൽ ദുരി-

തരഹിത ജീവിതത്തിനും ശാന്തിക്കുമുള്ള ഈ മന്ത്രങ്ങളെ പോലും വിഭജിക്കുകയും ചെയ്തു. അവർ ഇവിടം കൊണ്ടു നിർത്തിയില്ല. ഏകദർശികളെ ശൈവരെന്നും വൈഷ്ണവരെന്നും തരംതിരിച്ചു. ഈശ്വരൻ പ്രസാദിക്കുമെന്നു അവർക്ക് എങ്ങനെ പ്രതീക്ഷിക്കാനാകും ?

കലഹവും അഭിപ്രായഭിന്നതയും ഉള്ളിടത്തു ഈശ്വരൻ നിൽക്കുകയില്ല. ഞാൻ നൽകുന്ന ത്രിമന്ത്രങ്ങൾ വളരെയധികം ശക്തിയുള്ളതാണ്. ഈ ത്രിമന്ത്രങ്ങൾ നിന്നിൽ അനുഗ്രഹത്തെ ചൊരിയും. എല്ലാ ദേവന്മാരും ദേവിമാരും സന്തുഷ്ടരാകും. അവർ പക്ഷപാതികൾ അല്ല. നിനക്കു ജീവിതത്തിൽ ദുരിതം ഉണ്ടാകുകയുമില്ല.

എന്റെ മുഖം സ്മരിച്ചുകൊണ്ടു പ്രഭാതത്തിൽ അഞ്ചുതവണ ത്രിമന്ത്രങ്ങൾ ജപിച്ചാൽ നിങ്ങൾ ദുരിതങ്ങളിൽ നിന്നും മുക്തനാകും. ക്രമേണ നിങ്ങൾക്കു മോക്ഷം ലഭിക്കും, അതിന്റെ പൂർണ്ണ ഉത്തരവാദിത്വം എനിക്കാണ്.

എന്റെ പാദങ്ങളിൽ നിങ്ങളുടെ സകല ദുഃഖങ്ങളെയും സമർപ്പിക്കുവാൻ നിങ്ങൾക്കു കഴിയുമെങ്കിൽ വൈമനസ്യം കൂടാതെ ചെയ്യുവിൻ. ഞാൻ പറയുന്നു ലോകത്തിന്റെ സകല ക്ലേശങ്ങളും എന്നിലേക്കു വരട്ടെ. എന്നാൽ ഇക്കാലത്തും ചിലയാളുകൾ പറയും ഞാൻ എന്റെ ക്ലേശങ്ങളെ വിട്ടാൽ പിന്നെ എന്താണു ബാക്കിയുള്ളത് ? എന്നാൽ താൻ തന്നെയാണ് എല്ലാ ദുഃഖങ്ങളുടെയും ഉറവിടം എന്നു നിർഭാഗ്യവാനായ മനുഷ്യൻ അറിയുന്നില്ല. നിങ്ങൾ നിങ്ങളുടെ ക്ലേശങ്ങളെ ഉപേക്ഷിച്ചാൽ സന്തോഷം നിങ്ങളോടൊപ്പം അവശേഷിക്കും. എന്നാൽ ആരും തങ്ങളുടെ ദുഃഖത്തെ ഉപേക്ഷിക്കുവാൻ തയ്യാറല്ല.

**അന്വേഷകൻ** : മൃഗങ്ങൾ മനുഷ്യന്റെ രൂപത്തിൽ അലയുന്നു എന്നു എവിടെയോ എഴുതിവച്ചിരിക്കുന്നു.

**ദാദാജി** : മൃഗം എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നതു ശങ്കയോടുകൂടിയാണെന്നു തോന്നുന്നു. നൂറിൽ 32 മാർക്ക് വാങ്ങുന്ന ആൾ കഴുതയാകുന്നു. മനുഷ്യൻ ആകാൻ 33 മാർക്ക് വേണം. ഒരു മാർക്ക് ശരീരത്തിനു വേണ്ടിയാണ്. അതു മാറ്റിയാൽ എന്തവശേഷിക്കും ? ഒരു കഴുതയുടെ ഗുണങ്ങൾ. ബാഹ്യരൂപം മനുഷ്യന്റെയും ആന്തരികഗുണങ്ങൾ വന്യവും എങ്കിൽ ആ വ്യക്തി മൃഗം തന്നെയാണ്.

**ദാദാജി** : അതൃപ്തിയുണ്ടാവരുത്. ഞാൻ വസ്തുതകൾ ആണു വെളിപ്പെടുത്തുന്നത്. എന്തെന്നാൽ എനിക്കു ദുരാഗ്രഹവുമില്ല വാക്കുകൾ മിനുസപ്പെടുത്താൽ എന്റെ കയ്യിൽ മഴവുമില്ല . നിങ്ങളുടെ നന്മ മാത്രമാണു എന്റെ താത്പര്യം. അനന്തമായ

കാരുണ്യത്താൽ ഞാൻ നിങ്ങളോട നഗ്നമായ സത്യം പറയുന്നു. ഞാൻ മാത്രമേ ലോകത്തെക്കുറിച്ച് അതേപടി പറയുന്നുള്ളൂ.

22

## ആകുലതയും അഹന്തയും

**അന്വേഷകൻ** : എന്തുകൊണ്ടാണ് ജീവിതം ദുഃഖപൂർണ്ണമായിരിക്കുന്നത്?

**ദാദാജി** : 'നീ എന്തിനു ആകുലപ്പെടുന്നു, ഈശ്വരേച്ഛയാലാണ് കാര്യങ്ങൾ സംഭവിക്കുന്നത്' എന്നു ഭഗവാൻ ശ്രീകൃഷ്ണൻ പറയുന്നു. എല്ലാ മതങ്ങളുടെയും സന്ദേശം സമാനമാണ്. എന്നാൽ മൂഢൻ പറയുന്നു, കൃഷ്ണൻ അദ്ദേഹത്തിനു പ്രിയമുള്ളതു പറയട്ടെ, എന്നാൽ ഞങ്ങൾക്ക് ഈ ലൌകിക ജീവിതത്തെ കൈകാര്യം ചെയ്യണം; ആശങ്ക കൂടാതെ എങ്ങനെ അതു ചെയ്യുവാൻ കഴിയും ? ആകുലതകളുടെ ഫാക്ടറികൾ ജനങ്ങൾ ആരംഭിച്ചിരിക്കുന്നു. എന്നാൽ വിപണി ഇല്ലാത്തതിനാൽ അവരുടെ ഉത്പന്നങ്ങൾ വിൽക്കുവാൻ കഴിയുന്നില്ല. ആകുലതകളുടെ ഉത്പന്നങ്ങൾ കൊണ്ടു നിങ്ങൾ എവിടെയെല്ലാം പോകുന്നോ അവിടെയെല്ലാം അവയെ നിർമ്മിക്കുന്ന ഫാക്ടറികൾ കാണാം. ആകുലതയില്ലാത്ത ഒരാളെയെങ്കിലും ഈ ലോകത്തു പോയി അന്വേഷിച്ചുകണ്ടെത്തൂ. അയാൾ പറയും 'ഹേ കൃഷ്ണ ഞാൻ അങ്ങയെ ശരണം പ്രാപിക്കുന്നു.' മറുവശത്ത് പറയുന്നു 'ഹേ കൃഷ്ണ, എനിക്ക് കീഴടങ്ങൂ'. നിങ്ങൾക്കു ശ്രീകൃഷ്ണനിൽ ശാന്തി ലഭിച്ചുവെങ്കിൽ നിങ്ങൾ പിന്നെ എന്തിനു ദുഃഖിക്കണം ?

ഭഗവാൻ മഹാവീരനും ആകുലതകയുപേക്ഷിക്കാൻ നമ്മോടു ആവശ്യപ്പെട്ടിട്ടുണ്ട്. ഒരു ചെറിയ ആകുലത പോലും ഒരു പുഴുവിന്റെ ജന്മത്തിലേക്കു നമ്മെ വീഴ്ത്തും എന്നു വരെ അദ്ദേഹം പറയുന്നു.

**ആകുലതയാണ് ഏറ്റവും വലിയ അഹന്ത** : ഈ വലിയ നാടകം നടത്തുന്നത് താൻ ആണെന്നു ഒരാൾ വിചാരിച്ചാൽ അയാൾ ആകുലനാകുന്നു.

ഒരു യഥാർത്ഥ ഈശ്വരഭക്തൻ ഭഗവാനെ ശകാരിച്ചുകൊണ്ട് ചോദിക്കും "ഞാൻ ആകുലപ്പെടേണ്ട എന്നു അങ്ങു പറയുന്നു, പിന്നെങ്ങനെ ആകുലതകൾ എനിക്കുണ്ടാകുന്നു ഈശ്വരനുമായി ശണ്ഠ കൂടാത്തവർ ശരിയായ ഭക്തരല്ല. നിങ്ങൾക്ക് എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ അദ്ദേഹത്തെ വഴക്ക് പറയൂ, താക്കീത് ചെയ്യൂ. ഭഗവാനെ ശകാരിക്കുന്നത് അദ്ദേഹത്തോടുള്ള യഥാർത്ഥപ്രേമം കൊണ്ടാണ്. എന്നാൽ ഒരു യഥാർത്ഥ ഭക്തനെ ഇന്നു കാണുവാൻ പ്രയാസമാണ്. എല്ലാവരും സ്വയം മനോരഥസിദ്ധിക്കുവേണ്ടിയാണ് ശ്രമിക്കുന്നത്.

ഒരാൾ പറയുന്നു " ഞാൻ ചെയ്യുന്നു, ഞാൻ ചെയ്യുന്നു'. ഇതു ആകുലതകൾ സൃഷ്ടിക്കുന്നു. നരസിംഹ മേഹ്ത എന്ന സാധുകവി എന്താണു പറഞ്ഞിരിക്കുന്നത്?

അദ്ദേഹം പറയുന്നു,

'ഞാൻ ആണ് കർത്താവ് എന്നു കരുതുന്നത് അജ്ഞാനമാണ്. ഒരു വണ്ടിയുടെ കീഴിലൂടെ പോകുന്ന നായ താൻ ആണ് വണ്ടി വലിക്കുന്നതെന്നു കരുതുന്നതുപോലെയാണത്. സ്വയംഭരണസ്വഭാവമുള്ള ലോകപ്രവർത്തനം അപൂർവ്വനായ ഒരു യോഗിക്ക്, യോഗേശ്വരന് മാത്രമേ മനസ്സിലാകുകയുള്ളൂ."

ഇതു വായിച്ച് യോഗികൾ എല്ലാം ഉത്തേജിതരായി. പക്ഷെ നോക്കു ഇതു ആത്മയോഗിയെക്കുറിച്ച് അഥവാ ആത്മയോഗേശ്വരനെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. ആത്മയോഗേശ്വരൻ എന്നത് അപൂർവമായ ഒരു പ്രതിഭാസമാണ്. ആ യോഗി മാത്രമാണ് പ്രപഞ്ചത്തെ അതിന്റെ സൂക്ഷ്മതയിൽ കാണുന്നത്. നേരിട്ടുള്ള അനുഭവത്തിൽ നിന്നാണ് അദ്ദേഹം സംസാരിക്കുന്നത്. പ്രപഞ്ചത്തിനുള്ളിൽ നിന്നും പ്രപഞ്ചഭാനമില്ലാതെയും അദ്ദേഹം വർത്തിക്കുന്നു. ഈ പ്രപഞ്ചം ആരു സൃഷ്ടിച്ചെന്നും എങ്ങനെ സൃഷ്ടിച്ചെന്നും എങ്ങനെ പ്രവർത്തിക്കുന്നുവെന്നും അദ്ദേഹം മാത്രം അറിയുന്നു. ഞാൻ ഈ കാലഘട്ടത്തിലെ ആത്മയോഗേശ്വരൻ ആകുന്നു. ഈ അവസരത്തെ പരമാവധി പ്രയോജനപ്പെടുത്തു. ചെറിയ സമയം കൊണ്ടു നിങ്ങളുടെ ആകുലതകൾ ഞാൻ ഇല്ലാതെയാക്കാം. ഒരു ചെറിയ ആകുലത എങ്കിലും നിങ്ങളെ അലട്ടിയെങ്കിൽ നിങ്ങൾ എനിക്കെതിരെ കേസ് കൊടുത്തുകൊള്ളൂ. എന്നോടു ചോദിച്ചു കൊള്ളൂ ഞാൻ നൽകാം. എന്നാൽ സ്ഥിരമായി പ്രയോജനം ചെയ്യുന്നതു മാത്രമേ ചോദിക്കാവൂ. ഒരിക്കലും നഷ്ടപ്പെടാത്തതും വിട്ടുപോകാത്തതും യാതൊന്നോ അതിനെ ചോദിക്കുക. ക്ഷണികമായവ ചോദിക്കരുത്. ശാശ്വതമായ പരമാനന്ദത്തെ ചോദിക്കൂ.

ബലം കൊണ്ടു നേടിയ അധികാരമോ നിങ്ങളുടെതല്ലാത്ത ശക്തിയോ ആകുലതകളെ ഉണ്ടാക്കും. വിദേശസമ്പാദ്യങ്ങൾ വിദേശത്തിരിക്കും. ഈ കാറും, ബംഗ്ലാവും, ഭാര്യയും കുട്ടികളും എല്ലാം ഉപേക്ഷിക്കേണ്ടി വരും. ജീവിതാവസാനത്തിൽ ഒരു ശക്തിയും നിങ്ങളെ സഹായിക്കാൻ വരില്ല. നിങ്ങൾ സംബാദിച്ച പുണ്യപാപങ്ങൾ മാത്രമേ നിങ്ങൾക്കു കൊണ്ടുപോകാൻ ആകൂ. ലളിതമായ ഭാഷയിൽ പറയാം. നിങ്ങൾ ഇവിടെ ചെയ്യുന്ന സകല അപരാധങ്ങളും നിങ്ങളോടൊപ്പം പോകും. ആ കുറ്റങ്ങളുടെ ഫലങ്ങൾ ഇവിടെക്കാണും. പ്രകൃതിനിയ-

മങ്ങൾ ലംഘിച്ചതിനു നിങ്ങൾ വിചാരണചെയ്യപ്പെടും. പുതിയൊരു ശരീരം ലഭിക്കുമ്പോൾ പഴയ കടങ്ങൾ വീട്ടേണ്ടി വരും. അതിനാൽ ആദ്യം മുതൽതന്നെ ധർമ്മിഷ്ഠനായിരിക്കൂ. ആത്മാവിനെ സാക്ഷാത്കരിച്ചാൽ അതിയായ ആനന്ദം ഉളവാകും.

നിങ്ങളുടെ തലയിലെ മുടിപോലും നിങ്ങളുടെ സ്വന്തമല്ല, പിന്നെ മറ്റുള്ളവയെക്കുറിച്ചു പറയണോ ? നിർഭാഗ്യവാനായവൻ ദിവസവും തലയിലൂടെ കൈ ഓടിക്കും. ബാർബർ മുടി വെട്ടിക്കളഞ്ഞാൽ തലയിൽ തൊട്ടുനോക്കും. ഇപ്പോഴും നിങ്ങൾ അത് ഇഷ്ടപെടുന്നുണ്ടോ ?

**അന്വേഷകൻ** : സർ, അഹന്തയും ആകുലതയും എങ്ങനെയാണ് ബന്ധപ്പെട്ടി-രിക്കുന്നത്?

**ദാദാജി** : ആകുലപ്പെടുന്നത് അഹന്തയാണ്. നോക്കൂ , എന്തുകൊണ്ടാണ് ഒരു ശിശു ആകുലപ്പെടാത്തത്? താനല്ല ലോകത്തെ നിയന്ത്രിക്കുന്നത് എന്നും അത-റിയാനല്ല വന്നതെന്നും അവനു ബോധ്യമുണ്ട്. അവൻ അതിൽ ഉദാസീന-നാണ്. നിങ്ങൾക്ക് ഒരു ജീവിതം നിലനിർത്താൻ എത്രമാത്രം വേണമെന്ന് തന്റെ അയല്പ്പക്കക്കാരൻ ഒരു കാറ് വാങ്ങിയെന്നറിഞ്ഞു ആകുലപ്പെടുന്നവനോട് ഞാൻ ചോദിക്കും. ഇതൊക്കെയാണ് എന്റെ ആവശ്യങ്ങൾ എന്നു നിങ്ങൾ തീരുമാനിക്കണം. ഉദാഹരണമായി നിങ്ങൾക്ക് കഴിക്കാനുള്ള ഭക്ഷണം, താമസി-ക്കാനുള്ള വീട്, അതിനെ മുന്നോട്ടു കൊണ്ടുപോകാൻ ആവശ്യമുള്ള പണം എന്നിവ. എന്നാൽ നിങ്ങളുടെ അയൽവാസി ബാങ്കിൽ പതിനായിരം നിക്ഷേ-പിച്ചാൽ നിങ്ങൾക്കു മുള്ളുകൊള്ളുന്ന പോലെയാണ്. ഇങ്ങനെയാണ് ദുഃഖങ്ങൾ വളരുന്നത്. നിർഭാഗ്യവാൻ ദുഃഖങ്ങളെ ക്ഷണിച്ചുകൊണ്ടേയിരിക്കും.

**അന്വേഷകൻ** : നമ്മുടെ ഉടമസ്ഥതയുടെ അളവുകോൽ എന്താണ്?

**ദാദാജി** : ഒരു ഭ്രവുടമ എന്റെ അടുക്കൽ വന്നു ചോദിച്ചു. " ഒരാൾക്ക് ജീവിക്കാൻ എത്ര മാത്രം വേണം ? എനിക്ക് ആയിരം ഏക്കർ സ്ഥലം, ഒരു ബംഗ്ലാവ്, രണ്ടു കാറുകൾ എന്നിവ കൂടാതെ വലിയൊരു ബാങ്ക് ബാലൻസും ഉണ്ട്. ദയവായി പറയൂ എത്ര ഞാൻ കൈവശം വയ്ക്കണം ?"

ഞാൻ അയാളോട് പറഞ്ഞു "നിങ്ങളുടെ ആവശ്യങ്ങൾക്ക് ഒരു അളവു-കോൽ വയ്ക്കുക. ഒരാൾ ജനിക്കുമ്പോൾ ഉള്ള സാഹചര്യവും സമ്പത്തും അനുസരി-ച്ചാകണം അളവുകോൽ തീരുമാനിക്കേണ്ടത്. അങ്ങനെയെങ്കിൽ നിങ്ങളുടെ ജീവിതകാലത്തെക്കുള്ളത് നിങ്ങൾക്ക് തീരുമാനിക്കാം. അതാണു ശരിയായ

നിയമം, അധികമായി കൈവശം വയ്ക്കുന്നത് വിഷമാണ്. അതിനാൽ നിങ്ങൾ മരണപ്പെടും.

**മനുഷ്യൻ പ്രകൃതിയുടെ അതിഥിയാണ്!**

**അന്വേഷകൻ** : സർ, നമ്മൾ മനുഷ്യരും പ്രകൃതിയും തമ്മിലുള്ള ബന്ധമെന്താണ്?

**ദാദാജി** :മനുഷ്യൻ പ്രകൃതിയുടെ അതിഥിയാണ്. ഒരുവൻ ജനിക്കുന്ന നിമിഷം മുതൽ പ്രകൃതി സഹായിക്കുന്നു. ഈ ലോകത്തിലെ എല്ലാ ജീവജാലങ്ങളും പ്രകൃതിയുടെ അതിഥിയാണ്. പ്രകൃതി നിങ്ങൾക്ക് എല്ലാം കൊണ്ടുവരും എന്നാൽ ഇതറിയാതെ ആന്തരികവും ബാഹ്യവുമായി മനുഷ്യൻ അശാന്തനാകുന്നു. നിങ്ങൾ കർത്താവാണ് എന്ന ചിന്തകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്. അത് മിഥ്യയാണ്. സത്യത്തിൽ ആരും ഒന്നിന്റെയും കർത്താവല്ല. നിങ്ങൾ ജനി-ക്കും മുന്നേ തന്നെ എല്ലാം തയ്യാറായിരുന്നില്ലേ ? ഒരു കുഞ്ഞിനു ജനിച്ച ശേഷം പാലിനെക്കുറിച്ച് ആകുലപ്പെടേണ്ടി വരുമോ ? കുട്ടിക്കുള്ള പാലും മറ്റു ആവശ്യ-ങ്ങളും അതു ജനിക്കും മുൻപേ തയ്യാറാകും. ഡോക്ടർ, നേഴ്സ്, ഇനി നേഴ്സ് ഇല്ലെങ്കിൽ പരിചയസമ്പന്നയായ ഒരു സ്ത്രീ സഹായിക്കാൻ കാണും. വരുന്ന അതിഥിയുടെ തരം അനുസരിച്ച് ചില തയ്യാറെടുപ്പുകൾ ഉണ്ടാകും. ഒന്നാംതരം അതിഥിക്ക് ഒന്നാംതരം തയ്യാറെടുപ്പുണ്ടാകും. അതുപോലെ രണ്ടും മൂന്നും തരക്കാർക്ക് അവ-രുടേത് അനുസരിച്ച് തയ്യാറെടുപ്പുകൾ നടക്കും.

എപ്പോഴും തരംതിരിച്ചിട്ടുണ്ടാകും ഇല്ലേ ? ഒരുവൻ ചെയ്ത പൂർവ്വകർമ്മങ്ങൾ അനുസരിച്ചാകും ഇത്.എല്ലാ തയ്യാറെടുപ്പുകളും കൂടിയാണ് നിങ്ങൾ വന്നിരിക്കുന്നത്. പിന്നെന്തിനു ആകുലപ്പെടണം ?

നിങ്ങൾ ആരുടെയെങ്കിലും വീട്ടിൽ അതിഥിയാണെങ്കിൽ വിനയത്തോടെ പെരുമാറില്ലേ ? ഞാൻ നിങ്ങളുടെ വീട്ടിൽ അതിഥിയെങ്കിൽ വിനയത്തോടെ പെരുമാറില്ലേ ? നിങ്ങൾ എന്നോട് ഒരു സ്ഥലത്ത് കിടക്കണം എന്ന് പറഞ്ഞാൽ ഞാൻ അത് അനുസരിക്കണ്ടേ ? എനിക്ക് 2 മണിക്കാണ് ഉച്ചഭക്ഷണം തരുന്ന-തെങ്കിൽ ഞാൻ അത് മിണ്ടാതെയിരുന്നു കഴിക്കണ്ടേ ? എനിക്ക് എന്തെല്ലാം തരുന്നോ അത് ഞാൻ കഴിക്കണം. ആ ഭക്ഷണത്തെക്കുറിച്ച് പരാതി പറയരുത് എന്തെന്നാൽ ഞാൻ അതിഥിയാണ്. എന്നാൽ അതിഥി അടുക്കളയിൽ കയറി പാചകം ചെയ്താൽ; എങ്ങനിരിക്കും ? അതിഥിയായി വന്നിട്ടു അവരുടെ വീട്ടു-കാര്യത്തിൽ ഇടപെട്ടാൽ അവർ നിങ്ങളെ അവിടെ നിർത്തുമോ ? അവർ പാത്രത്തിൽ ഇട്ടുതരുന്നത് കഴിക്കുക. മധുരം തരുമ്പോൾ 'ഞാൻ മധുരം കഴിക്കി-

ല്ല' എന്ന് പറയാൻ ആവില്ല. അവർ തരുന്നത് സന്തോഷത്തോടെ കഴിക്കുക. നിങ്ങൾക്ക് ഇഷ്ടമില്ലാത്തതാണ് അവർ തരുന്നതെങ്കിൽ അല്പം മാത്രം കഴിക്കുക പക്ഷെ കഴിക്കാതെ ഇരിക്കരുത്.ഒരു അതിഥി പാലിക്കേണ്ട മര്യാദകൾ ഓർത്തിരിക്കുക. ഒരു അതിഥി ഒന്നിനോടും രാഗദ്വേഷം കാട്ടരുത്. ഒരു അതിഥിയുടെ പരിധി വിട്ട ഒരിക്കലും പെരുമാറരുത്.

**അന്വേഷകൻ** : അങ്ങനെയെങ്കിൽ വീട്ടിൽ എങ്ങനെ താമസിക്കും ?

**ദാദാജി** : നോക്കൂ, എന്റെ വീട്ടിലും ഞാൻ അതിഥിയെപ്പോലെയാണ് കഴിയുന്നത്. എന്റെ എല്ലാ ആവശ്യങ്ങളും നടക്കുന്നുണ്ട്. നാം അതിഥിയായി ജീവിക്കുമ്പോൾ ആതിഥേയനെ വിഷമിപ്പിക്കരുത്. എനിക്ക് ആവശ്യമുള്ളതൊക്കെ എന്റെ വഴിയെ വരും. അതിനെക്കുറിച്ച് ചിന്തിക്കുക എന്നത് മാത്രമേ എനിക്കു ചെയ്യാനുള്ളൂ. എന്റെ വഴിക്ക് കാര്യങ്ങൾ വന്നില്ലെങ്കിലും എനിക്ക് പ്രശ്നമില്ല. എവിടെയാണെങ്കിലും ഞാൻ പ്രകൃതിയുടെ അതിഥിയാണ്.

പ്രകൃതി നിങ്ങൾക്കായി എന്തെങ്കിലും ഇച്ഛിച്ചില്ലെങ്കിൽ ഓർക്കുക അതു നിങ്ങളുടെ നല്ലതിന് വേണ്ടിയാണ്. ഇച്ഛിക്കുമ്പോഴും അങ്ങനെതന്നെ.

**അന്വേഷകൻ** : ഇത് വളരെ മനോഹരമായിരിക്കുന്നു. നമ്മുടെ ജീവിതത്തിൽ പ്രകൃതിയുടെ പങ്കിനെക്കുറിച്ച് കൂടുതൽ വിശദമാക്കൂ.

**ദാദാജി** : നിയന്ത്രണം നമ്മുടെ കയ്യിലായിരുന്നെങ്കിൽ എല്ലാം കുഴഞ്ഞേനെ. നിയന്ത്രണം പ്രകൃതിയുടെ കയ്യിലാണ്. നിങ്ങളുടെ നിയന്ത്രണത്തിൽ ആയിരുന്നെങ്കിൽ, നിങ്ങളുടെ താടി മുഖത്തിന്റെ പകുതി മാത്രം വളരേണ്ടിയിരുന്നുവെങ്കിൽ എന്തുണ്ടായേനെ ? പ്രകൃതി തെറ്റുകൾ വരുത്തില്ല. എല്ലാം കൃത്യമായ ക്രമത്തിലാണ്. പല്ലുകളെ നോക്കൂ. ഓരോന്നിനും ഓരോ ധർമ്മമാണ്. ചവയ്ക്കാൻ, മുറിക്കാൻ, പൊടിക്കാൻ. എല്ലാം എത്ര മനോഹരമെന്നു നോക്കൂ.

നിങ്ങളുടെ ജനനം മുതൽ കയ്യ്, കാല്, മൂക്ക്, ചെവി, കണ്ണ് എന്നിവയോട് കൂടിയ ശരീരം നൽകപ്പെട്ടിരിക്കുന്നു. എന്നാൽ പല്ല് ലഭിച്ചില്ല. പ്രകൃതി എന്തെങ്കിലും തെറ്റ് വരുത്തിയോ ? ഇല്ല. ഒരു കുഞ്ഞിനു ജനിച്ച ഉടൻ പാലുകുടിക്കണം എന്ന് പ്രകൃതിക്ക് നിശ്ചയമുണ്ട്. പല്ലുണ്ടെങ്കിൽ അത് അമ്മയെ കടിക്കും. പ്രകൃതിയുടെ അത്ഭുതകരമായ സമയക്രമം നോക്കൂ ! കുട്ടിക്ക് പല്ല് ആവശ്യമുള്ളപ്പോൾ മാത്രം അതുണ്ടാകുന്നു. മുൻപിലുള്ള നാലു പല്ലുകൾ ആദ്യം വരുന്നു. ബാക്കി ഉള്ളവ പിന്നീടും. പ്രായമാകുമ്പോൾ പല്ലു കൊഴിഞ്ഞാൽ പുതിയത് എത്ര ശ്രമിച്ചാലും ഉണ്ടാകുന്നില്ല.

പ്രകൃതി എല്ലായിടത്തു നിന്നും സംരക്ഷണം തരുന്നു. നിങ്ങളെ ഒരു രാജാ-വിനെയെന്നപോലെ സംരക്ഷിക്കുന്നു. എന്നാൽ ജീവിക്കാനറിയാത്ത നിർഭാഗ്യ-വാനായ ഒരുവൻ എപ്പോഴും പ്രകൃതിയുമായി മല്ലിടുന്നു !

23

## ഉള്ളതിനെ ആസ്വദിക്കുക

**ദാദാജി** : എന്താണ് ഭഗവാൻ കൃഷ്ണൻ പറഞ്ഞത്? "നിനക്കു ലഭിച്ചതിനെ അനുഭ-വിക്കുക. നിനക്ക് ഇല്ലാത്തതിനെ ഓർത്തു ആകുലപ്പെടാതെയിരിക്കുക". ഒരിക്കൽ ഞാൻ ഒരു ധനികന്റെ ഭവനത്തിൽ ചെന്നു. അയാളുടെ ഭാര്യ രുചികരമായ ഭക്ഷണവും വിശേഷാവസരത്തിൽ ഉണ്ടാക്കുന്ന കൻസാര എന്ന മധുരവും ഉണ്ടാ-ക്കിയിരുന്നു. ഞങ്ങൾ ഭക്ഷണം കഴിക്കുവാൻ ഇരുന്നപ്പോൾ ആ സ്ത്രീ തന്റെ ഭർത്താവിനോട് പറഞ്ഞു " ഇന്നു ഉചിതമായി ഭക്ഷണം കഴിക്കു." ഞാൻ അവ-രോടു ചോദിച്ചു. "നിങ്ങൾ എന്താണ് അപ്രകാരം പറയുന്നത്?' അപ്പോൾ അവർ പറഞ്ഞു "അദ്ദേഹത്തിന്റെ ശരീരം യാന്ത്രികമായി ഭക്ഷണം കഴിക്കുമ്പോൾ മനസ്സ് തൊഴിൽസ്ഥലത്തായിരിക്കും. അതിനാൽ ഒരാൾ കഴിക്കേണ്ട പോലെയല്ല അദ്ദേഹം കഴിക്കുന്നത്". എത്ര വിചിത്രം. നിങ്ങൾക്ക് ഇപ്പോൾ ലഭിച്ചിരിക്കുന്ന വിഭവത്തെ ആസ്വദിക്കൂ. നിങ്ങളുടെ തൊഴിൽശാല ഇപ്പോൾ നിങ്ങളുടെ മുന്നിൽ ഇല്ല. പിന്നെന്തിനു നിങ്ങൾ അതിനെക്കുറിച്ച് ആവലതിപ്പെടുന്നു. ഭൂതവും ഭാവി-യും നമ്മോടൊപ്പമില്ല. വർത്തമാനകാലം മാത്രമേ ഇപ്പോഴുള്ളൂ. ശാന്തമായി അതിനെ ആസ്വദിക്കൂ.

ഈ നിർഭാഗ്യവാന്മാർ നാലുവയസ്സുള്ള മകളുടെ വിവാഹത്തെക്കുറിച്ച് ആശങ്കാകുലരാണ്. ആ പാവം മനുഷ്യനാകട്ടെ തന്റെ അവസാനശ്വാസവും വലിച്ച് മരണശയ്യയിൽ കിടക്കുന്നു. ബന്ധുക്കൾ വിളക്കു കത്തിക്കാൻ തയ്യാറായി നിൽക്കുന്നു. എങ്കിലും അയാൾ ആകുലനാണ്. ആ പെൺകുട്ടി അയാളുടെ അടു-ത്തു വന്നു പറയുന്നു. "അച്ഛാ, എന്നെയോർത്തു ആകുലപ്പെടാതിരിക്കൂ." എന്നാൽ ഈ അതിബുദ്ധിമാൻ പറയും അവൾക്ക് എങ്ങനെ മനസ്സിലാകാൻ ? അവൾ കൊച്ചു കുട്ടിയല്ലേ. അവൾ അതു മനസിലാക്കുവാൻ ബുദ്ധി ഉള്ളവളല്ല എന്ന് അയാൾ കരുതുന്നു. നോക്കൂ അറിവുകൾ ധാരാളമുള്ള നിർഭാഗ്യവാനായ മനുഷ്യനെ.

മനുഷ്യൻ എപ്പോഴൊക്കെ ചിന്തിക്കുന്നുവോ അപ്പോഴൊക്കെ കൂടുതൽ ജന്മങ്ങൾക്കുള്ള കാരണങ്ങളെ സംഭരിക്കുന്നുണ്ടാകാം. അങ്ങനെ എല്ലാ ജന്മ-

ത്തിലും പുതിയ ജന്മത്തിനുള്ള കാരണങ്ങളെ നിങ്ങൾ സംഭരിക്കുന്നു.

24

## ധ്യാനവും അപധ്യാനവും

**അന്വേഷകൻ** : സർ ധ്യാനം എന്തെന്ന് വിശദമാക്കുമോ ? ആളുകൾ ഇക്കാലത്ത് ധ്യാനത്തെക്കുറിച്ച് കൂടുതലായി സംസാരിക്കുന്നു.

**ദാദാജി** : മനസ്സിനെ കുറച്ചു സമയത്തേക്ക് എകാഗ്രമാക്കുന്നതിനാണ് ധ്യാനം എന്നു പറയുന്നത്. മനസ്സ് ഒരു തരത്തിലോ മറ്റുതരത്തിലോ അതിൻറേതായ രീതിയിൽ ചിന്തിച്ചുകൊണ്ടിരിക്കുന്നതായാണ് കാണുന്നത്. ഒരാളുടെ ശ്രദ്ധ നല്ല-തോ ചീത്തയോ ആയ വിഷയങ്ങളിൽ ആയിരിക്കാം. ജനങ്ങൾ അവരുടെ ചിന്തകളെ ആശ്രയിച്ച് വിവിധതരം ധ്യാനത്തിൽ ഏർപ്പെടാം. അടിസ്ഥാ-നപരമായി നാലു തരത്തിലുള്ള ധ്യാനത്തിലാണ് ആളുകൾ സാധാരണയായി വ്യാപൃതരാകുന്നത്. ഭഗവാൻ മഹാവീരൻ നാലു തരം ധ്യാനത്തെക്കുറിച്ച് പറയു-ന്നു. രൌദ്രധ്യാനം, ആർത്തധ്യാനം, ധർമ്മധ്യാനം ശുക്ലധ്യാനം എന്നിവയാണത്. ഓരോന്നിന്നും ഫലവും വ്യത്യസ്തമാണ്.

**അന്വേഷകൻ** : സർ, മനസ്സ് ഒരു തരത്തിലോ മറ്റൊരു തരത്തിലോ സ്വാഭാവി-കധ്യാനത്തിൽ ഏർപ്പെടുന്നു എന്നതു ശരിയാണ്. ഇതു വ്യത്യസ്തമായ ഒരു വിശദീകരണമാണ്. കൂടുതൽ വിശദമാക്കു.

**അന്വേഷകൻ** : എന്താണ് രൌദ്രധ്യാനം ?

**ദാദാജി** : മറ്റുള്ളവർക്ക് സ്വന്തമായതിനെ അഭിലഷിക്കുകയും അവരുടെ സന്തോ-ഷത്തിന്റെ ഒരംശമെങ്കിലും തനിക്കു വേണ്ടി പിടിച്ചെടുക്കാൻ ചിന്തിക്കുകയും ചെയ്യുന്നതാണ് രൌദ്രധ്യാനം.

**അന്വേഷകൻ** : സർ ഒരുദാഹരണം പറയുമോ

**ദാദാജി** : നിങ്ങൾ വസ്ത്രത്തിനായി തുണി വാങ്ങാൻ പോകുന്നു. കടക്കാരൻ പറയും ഒരു മീറ്ററിനു നാനൂറു രൂപ. ഏതു തുണിത്തരം എന്നു ചോദിച്ചാൽ ടെരീൻ എന്നോ ഏതെങ്കിലും മില്ലിലെ എന്നോ മറ്റോ പറയും. മീറ്ററിനു നാനൂറു രൂപയെ-ന്നു പറയുകയും അളക്കുമ്പോൾ നീട്ടി അളന്നു കുറഞ്ഞ അളവു തുണി വിൽക്കു-കയും ചെയ്യും. അതു രൌദ്രധ്യാനമാണ്.

നിങ്ങൾക്കു മനസ്സിലായോ ?

ഉപഭോക്താവിനെ വഞ്ചിക്കുകയും അയാൾക്ക് അർഹതപ്പെട്ടതിനെ എടുക്കുകയും ചെയ്യുന്നത് രൌദ്രധ്യാനമാണ്. അളവുകൾ തെറ്റിച്ചു എന്തെങ്കിലും പിടിച്ചെടുക്കു-

ന്നത് രൌദ്രധ്യാനമാണ്. മായം ചേർക്കലും രൌദ്രധ്യാനമാണ്. പ്രകൃതിനിയമങ്ങൾ എന്താണു പറയുന്നത് ? പതിനഞ്ചോ ഇരുപതോ ശതമാനം വില കൂട്ടി തുടക്കത്തിൽ തന്നെ നിങ്ങളുടെ കച്ചവടം ചെയ്യാം. എന്നാൽ അതുകൂടാതെ തുണിയുടെ അളവുകുട്ടി വിൽക്കുന്നത് മഹാപരാധമാണ്. ഒരു യഥാർത്ഥത്തിൽ മതാത്മകനായ ഒരാൾ രൌദ്രധ്യാനത്തിൽ ഏർപ്പെടുകയില്ല. അതു ആകസ്മികമായി സംഭവിച്ചേക്കാം.കൊപിക്കുക, അസഭ്യം പറയുക, കലഹിക്കുക എന്നിവയും രൌദ്രധ്യാനമാണ്. രൌദ്രധ്യാനം എപ്പോഴെങ്കിലും ഉപയോഗിക്കേണ്ടിവന്നാൽ കൂടി പരിമിതമായിരിക്കണം. എന്നാൽ ഇക്കാലത്ത് അത് എപ്പോഴും സംഭവിക്കുന്നു. ആചാര്യന്മാരും അദ്ധ്യാപകരും അവരുടെ ബുദ്ധികുറഞ്ഞ ശിഷ്യരുമായി രൌദ്രധ്യാനത്തിൽ ഏർപ്പെടുന്നു. പുറമേ പ്രകടിപ്പിക്കാതെ ഉള്ളിൽ കോപിഷ്ടനാകുന്നതും രൌദ്രധ്യാനമാണ്.

**അന്വേഷകൻ** : രൌദ്രധ്യാനത്തിന്റെ ഫലമെന്താണ്?

**ദാദാജി** : ദുരിതപൂർണ്ണവും നരകതുല്യവുമായ ജീവിതം

**അന്വേഷകൻ** : ദയവായി ഇനി ആർത്തധ്യാനത്തെക്കുറിച്ച വിശദീകരിക്കു

**ദാദാജി** : അവനവനു തന്നെ ക്ലേശത്തെയുണ്ടാക്കുന്ന ചിന്തയാണ് ആർത്തധ്യാനം. പുറമേയുള്ള ഒന്നിനെയും ഉപദ്രവിക്കാതെ ഭാവിയെക്കുറിച്ച് ആശങ്കയോടുകൂടി ഇരിക്കുന്നവൻ ആർത്തധ്യാനത്തിൽ വ്യാപൃതനാണ്. അതിനെ താരതമ്യേന നല്ലതെന്നു പറയാം എന്തെന്നാൽ അതു മറ്റുള്ളവരെ ഹനിക്കുന്നില്ല.

ക്രോധം, അഭിമാനം, വഞ്ചന, ലോഭം മുതലായവ ആർത്തധ്യാനത്തിൽ വരുന്നില്ല. എന്നാൽ ഇപ്പോൾ ആർത്തധ്യാനം വളരെ കുറച്ചേ ഉണ്ടാകുന്നുള്ളൂ. രൌദ്രധ്യാനം ഇക്കാലത്ത് മേൽക്കോയ്മ നേടിയിരിക്കുന്നു. സത്യയുഗത്തിൽ രൌദ്രധ്യാനം അഞ്ചുശതമാനം മാത്രമേ ഉണ്ടായിരുന്നുള്ളൂ. പത്തു വയസ്സു മാത്രമുള്ള ഒരു പെൺകുട്ടിയുടെ വിവാഹത്തെ ഓർത്തു ദുഃഖിക്കുന്നത് ആർത്തധ്യാനമാണ്. ഇഷ്ടമില്ലാത്ത ഒരു അതിഥി എത്തുമ്പോൾ അയാൾ ഉടനെ പോയിരുന്നെങ്കിൽ എന്നു ചിന്തിക്കുന്നതും ആർത്തധ്യാനമാണ്. സ്നേഹവാനായ ഒരു അതിഥി എത്തുമ്പോൾ അദ്ദേഹം ഉടനെ പോകാതിരുന്നെങ്കിൽ എന്നു ചിന്തിക്കുന്നതും ആർത്തധ്യാനമാണ്. ഒരു അധ്യാപകനു നല്ല വിദ്യാർത്ഥിയെക്കിട്ടാതെ വരുമ്പോൾ ഉള്ളിൽ സംഘർഷം ഉണ്ടാകുന്നതും ആർത്തധ്യാനമാണ്.

**അന്വേഷകൻ** : ആർത്തധ്യാനത്തിന്റെ ഫലമെന്താണ്?

**ദാദാജി** : പക്ഷികളുടെയോ കീടങ്ങളുടെയോ ജീവിതം (തിര്യൻച)

**അന്വേഷകൻ** : എന്താണ ധർമ്മധ്യാനം ?

**ദാദാജി** : ഒരു സമയത്തും ആകുലതയില്ലാതെ ആന്തരികസംഘർഷങ്ങൾ അടങ്ങിയ അവസ്ഥയാണ് ധർമ്മധ്യാനം. രൌദ്രധ്യാനമോ ആർത്തധ്യാനമോ അല്ലാത്ത അവസ്ഥയാണത്. ഭയമില്ലായ്മ, ക്ഷമ, ക്ലേശമില്ലായ്മ, തീരുമാനങ്ങളിൽ നിന്നും വ്യതിചലിക്കാതിരിക്കുക എന്നിവ ധർമ്മധ്യാനത്തിന്റെ ഗുണങ്ങളാണ്. നിങ്ങൾ നിങ്ങളുടെ ആത്മാവിനെ അറിയാത്തതിനെ എതിർക്കുന്നില്ല എന്നു ഭഗവാൻ പറയുന്നു. എന്നാൽ നിങ്ങൾ ആന്തരികവും ബാഹ്യവുമായ സംഘർഷങ്ങളിൽ നിന്നും മുക്തരാകണം.

ഈ കാലഘട്ടത്തിൽ നൂറിൽ രണ്ടോ അഞ്ചോ പേർ മാത്രം ധർമ്മധ്യാനാവസ്ഥയിൽ കാണും. എന്തെന്നാൽ കലിയുഗത്തിൽ ഗ്രഹസ്ഥർ മാത്രമല്ല സന്ന്യാസിമാരും ആചാര്യന്മാരും എല്ലാം ക്ലേശമനുഭവിക്കുന്നു. ദുഃഖിക്കാൻ പ്രത്യേകം കാരണമൊന്നും ഇല്ലെങ്കിലും ഒരു ശിഷ്യനെക്കൊണ്ടെങ്കിലും ഇവർക്ക് സംഘർഷമുണ്ടാകും.

**അന്വേഷകൻ** : ധർമ്മധ്യാനത്തിന്റെ ഫലമെന്താണ്?

**ദാദാജി** : ശുദ്ധമായ ധർമ്മധ്യാനത്തിന്റെ ഫലം ദേവഗതി അഥവാ സ്വർഗ്ഗപ്രാപ്തിയാണ്. എന്നാൽ ആർത്തധ്യാനത്തോടൊപ്പം കലർന്നു എങ്കിൽ മനുഷ്യജന്മമാണ് ഫലം.

**അന്വേഷകൻ** : എന്താണ് ശുക്ലധ്യാനം

**ദാദാജി** : ശുക്ലധ്യാനത്തിനു നാലു പടികളുണ്ട്. ശുദ്ധാത്മാവിന്റെ പൂർണ്ണമല്ലാത്ത എന്നാൽ അവ്യക്തമായ ഒരു അസ്പഷ്ടാനുഭവം ഉണ്ടാകുന്നതാണ് ഒന്നാമത്തെ പടി. രണ്ടാം ഘട്ടത്തിൽ ശുദ്ധാത്മാവിന്റെ സ്പഷ്ടമായ അനുഭവം ഉണ്ടാകുന്നു. സ്പഷ്ടവും വ്യക്തവുമായ അനുഭവം എന്നാൽ ശുദ്ധാത്മാവിനെ സാക്ഷാത്കരിക്കുകയും അറിയപ്പെടുന്ന വസ്തുക്കളെ അറിയാതിരിക്കുകയും ചെയ്യുക എന്നാണ്. ഞാൻ ഈ രണ്ടാം ഘട്ടത്തിലാണ്. ഈ കാലഘട്ടത്തിന്റെ പ്രത്യേകത കാരണം അവസാനത്തെ നാലു ഡിഗ്രികൾ ഞാൻ സാംശീകരിച്ചില്ല. അതിനാൽ ഞാൻ 356 ഡിഗ്രിയിൽ സ്വയം ഉയർന്നു നിൽക്കുന്നു. കേവലജ്ഞാനത്തിനു നാലു ഡിഗ്രി താഴെ. അസ്പഷ്ടവും അവ്യക്തവുമായ അനുഭവം : ഇരുട്ടുമുറിയിൽ ഐസ് ഉണ്ട്. കാറ്റു ഐസിലൂടെ നിങ്ങളിലേക്ക് അടിച്ചാൽ നിങ്ങൾക്ക് തണുപ്പുണ്ടാകുകയും ആ മുറിയിൽ ഐസ് ഉണ്ടെന്നു അറിയുകയും ചെയ്യും. എന്നാൽ ആത്മാവിന്റെ സ്പഷ്ടമായ യഥാർത്ഥ അനുഭവം ഐസിനു സമീപം ഇരിക്കുന്നതുപോ-

ലെയാണ്.

ശുക്ലധ്യാനത്തിന്റെ മൂന്നാമത്തെ ഘട്ടം സർവജ്ഞനായ ആത്മാവിന്റെ കേവല ഭഗവാൻ എന്ന അവസ്ഥയാണ്. പരമമായ മുക്തി നാലാം ഘട്ടത്തിലാ- ണ്. അതായത് മോക്ഷമാണ് ശുക്ലധ്യാനത്തിന്റെ പരമമായ ഫലം. കലിയുഗ- ത്തിൽ ശുക്ലധ്യാനം സാധ്യമല്ലെന്നു ശാസ്ത്രങ്ങൾ പറയുന്നു.

ആത്മസാക്ഷാത്കാരത്തിൽ നിങ്ങളും ഞാനും കേവലഭഗവാനും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ല എന്തെന്നാൽ നിങ്ങൾക്കു കേവലജ്ഞാനം നഷ്ട- പ്പെട്ടിരിക്കുന്നു.

എന്നെ ഖട്പടിയ വീതരാഗൻ (പ്രായോഗികജ്ഞാനമുള്ള, വിവേകി- യായ വൈരാഗി) എന്നു വിളിക്കുന്നു. എന്നാൽ ഞാൻ പൂർണ്ണമായും വിരക്തനല്ല. നിങ്ങളോടുള്ള കാരുണ്യത്താൽ വന്നു നിങ്ങൾക്ക് ഞാൻ മുക്തി തരാം എന്നു ഞാൻ പറയുന്നു. നിങ്ങൾക്ക് മുക്തി നൽകുവാൻ ഞാൻ പല വഴികളും അവലം- ബിക്കും.

**അന്വേഷകൻ** : സർ ഇപ്പോൾ എനിക്ക് ധ്യാനത്തിന്റെ ഏറ്റവും ശാസ്ത്രീയവിശദീ- കരണം മനസ്സിലായി. അതായത് ധ്യാനത്തിനു നാലു ഘട്ടങ്ങൾ ഉണ്ട്.

**ദാദാജി** : അതെ. ഞാൻ വിശദീകരിച്ചതു പോലെ സാധാരണയായി ധ്യാനം നാലു തരത്തിലുണ്ട്. എന്നാൽ ധ്യാനത്തിനു മറ്റൊരു അവസ്ഥ കൂടിയുണ്ട്. മേൽവിവരിച്ച രൌദ്ര, ആർദ്രം, ധർമ്മം എന്നീ ധ്യാനങ്ങളിൽ ഉൾപ്പെടാത്ത ധ്യാനമാണ് അപധ്യാനം. ഇക്കാലത്ത് അതു കാണപ്പെടുന്നു.

പണ്ടു കാലത്ത് വളരെക്കുറച്ച് പേരിലെ അതു കണ്ടിരുന്നുള്ളൂ. ഇക്കാലത്ത് ഒരു പൂണിന് പോലുമുണ്ട്. ദുർധ്യാനത്തേക്കാളും താഴ്ന്നതാണ് അപധ്യാനം. മോക്ഷത്തിനുവേണ്ടിയുള്ള ധ്യാനം വ്യവസ്ഥാനുസൃതമായി ചെയ്തില്ലെങ്കിൽ അതു അപധ്യാനമായിത്തീരും. ഒരാൾ ധ്യാനമോ സാമായികയോ ചെയ്യുകയും ബോ- ധപൂർവം ഞാൻ സാമായിക ചെയ്തു എന്നു വാച്ചിൽ നോക്കി പറയുകയും ചെയ്യുന്നു. സമയത്തിന്റെ ദൈർഘ്യം നോക്കിക്കൊണ്ടിരുന്നാൽ അയാൾ ധ്യാന- ത്തിലായിരുന്നു എന്നു എങ്ങനെ പറയും ?

**അന്വേഷകൻ** : വളരെ സത്യമാണ് സർ. ഇതു ധ്യാനിക്കുമ്പോൾ സാധാരണ- യായി സംഭവിക്കാറുണ്ട്.

**ദാദാജി** : ഇന്നല്ല ഇനി എന്റെ കാലശേഷമെങ്കിൽ കൂടി എന്റെ വാക്കുകൾ ഈ ജനങ്ങളെ ചലിപ്പിക്കും.

## 25

## മതാചാരങ്ങളും മനസ്സിന്റെ അവസ്ഥയും

**അന്വേഷകൻ** : മതാചാരങ്ങൾ അനുഷ്ഠിക്കുന്നതിനെ കുറിച്ചു പറയുമോ ?

**ദാദാജി** : ഈശ്വരൻ എന്താണു പറയുന്നത്; നിങ്ങളുടെ കർമ്മങ്ങളെയും ആചാരങ്ങളെയും ഞങ്ങൾ ശ്രദ്ധിക്കുന്നില്ല എന്തെന്നാൽ അവയുടെ കാരണം ആവിഷ്കരിക്കപ്പെട്ട നിങ്ങളുടെ ഭൂതകാല കർമ്മങ്ങളാണ് (ഉദയകർമ്മം). എന്നാൽ സാമായിക, പ്രതിക്രമണം മുതലായ ആചാരങ്ങൾ പാലിക്കുമ്പോൾ നിങ്ങൾ മനനം ചെയ്യുന്നതെന്താണ് എന്നതാണ് ശ്രദ്ധിക്കുന്നത്. ഒരാൾ സാമായിക ധ്യാനം ചെയ്യുകയും അയാളുടെ മനസ്സ് സമയത്തിൽ ശ്രദ്ധിക്കുകയും ചെയ്യുക അല്ലെങ്കിൽ മനസ്സ് കലുഷിതമാകുകയോ, ശിഷ്യനെ ശിക്ഷിക്കുന്നതിനെക്കുറിച്ച് ചിന്തിക്കുകയോ ചെയ്യുക, എന്നിട്ടു ഞാൻ സാമായിക ധ്യാനം ചെയ്തു എന്നു പറയുന്നു !

**ദാദാജി** : ഒരു ജൈന ആചാര്യൻ ഭഗവാൻ മഹാവീരന്റെ മുന്നിൽ ഇരിക്കുകയായിരുന്നു.അയാൾ ദീക്ഷിതനായിരുന്നു. എന്നാൽ വ്യവസ്ഥിത ശക്തിയെക്കുറിച്ചുള്ള അറിവു മാത്രം നൽകപ്പെട്ടിരുന്നില്ല. ആചാര്യൻ സാമായികധ്യാനത്തിനിരുന്നപ്പോൾ മറ്റു സാധുക്കൾ ചോദിച്ചു "ഭഗവൻ ഈ ആചാര്യന്റെ ദേഹാന്തരപ്രാപ്തി എങ്ങനെയായിരിക്കും ?"

ഭഗവാൻ പറഞ്ഞു : "അദ്ദേഹത്തിനു ഇപ്പോൾ ദേവഗതിയാണ് ഉണ്ടാകുക." അപ്പോൾ മറ്റൊരാൾ ചോദിച്ചു. ഈ നിമിഷം എന്തു ഗതിയാണ് അദ്ദേഹത്തിനുണ്ടാകുക ?"

അപ്പോൾ ഭഗവാൻ പറഞ്ഞു. "ദുരിതപൂർണ്ണമായ നരകജീവിതമായിരിക്കും." പതിനഞ്ചു മിനിറ്റിനു ശേഷം ഒരാൾ ചോദിച്ചു : ഭഗവൻ അദ്ദേഹത്തിന്റെ അടുത്ത ജന്മം എങ്ങനെ ?

അപ്പോൾ ഭഗവാൻ പറഞ്ഞു : ഇപ്പോൾ അദ്ദേഹം മുക്തി നേടും.

"എന്തുകൊണ്ടാണ് അദ്ദേഹത്തിനു ഓരോ സമയത്ത് ഓരോ ഫലങ്ങളുണ്ടായത് ? അദ്ദേഹം പൂർണ്ണമായ ധ്യാനത്തിൽ നിമഗ്നനായിരുന്നല്ലോ ? അപ്പോൾ ഭഗവാൻ പറഞ്ഞു : എനിക്കു കാണാവുന്നത് നീ കാണുന്നില്ല. നീ കാണുന്നത് എനിക്ക് പ്രാധാന്യമുള്ളതുമല്ല. നോക്കൂ അവൻ ധ്യാനിക്കാൻ ഇരുന്നിരുന്നു എന്നാൽ ഞാൻ മാത്രമേ അവന്റെ മനസ്സ് എവിടെ അലയുന്നു എന്നു അറിഞ്ഞിരുന്നുള്ളൂ. ആദ്യം നിങ്ങൾ ചോദിച്ചപ്പോൾ അയാൾ ദേവഗതിയെക്കുറിച്ച് ധ്യാനിക്കുകയായിരുന്നു. രണ്ടാം തവണ അയാൾ നരകജീവിതത്തിനു കാരണമാകുന്ന-

തിനെക്കുറിച്ച് ചിന്തിച്ചിരുന്നു. എന്നാൽ മൂന്നാം തവണ അവൻ ആത്മാവിന്റെ അനുഭൂതിയിലായിരുന്നു. അതു അവനെ മുക്തിയിലേക്ക് നയിക്കുന്നതാകുന്നു. എന്താണോ മനനം ചെയ്യുന്നത് അതനുസരിച്ചാണ് അടുത്ത ജന്മവും.

ശരീരത്തിലെ അനാത്മാവിന്റെ ചലനാത്മക കർമ്മങ്ങളാണ് വ്യത്യസ്ത— മായ മനനാവസ്ഥകൾ പ്രാപിക്കുന്നത്. അതുമായി നിങ്ങൾ ഐക്യം പ്രാപിച്ചാൽ അതിനെ നിങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ അതുമായി ഐക്യം പ്രാപി- ക്കാതെ വിരക്തിയോടെ അതിനെ അറിയുന്നവനെങ്കിൽ നിങ്ങൾ ശുദ്ധാത്മാവായി സ്വതന്ത്രനാകും.

**അന്വേഷകൻ** : ഒരേ കർമ്മം ചെയ്യുന്ന രണ്ടു പേർ അവരുടെ മാനസിക അവ- സ്ഥകളുടെ ഭേദം നിമിത്തം വ്യത്യസ്ത ഫലങ്ങളെ സമ്പാദിക്കുന്നു എന്നാണോ അർത്ഥം ?

**ദാദാജി** : അതെ. തുണി വിൽക്കുന്ന അവസരത്തിൽ തുണിക്കടക്കാരൻ അതു വലിച്ചു നീട്ടുന്നു. അതു നീളുന്നു. കച്ചവടത്തിൽ ഞാൻ എത്ര ബുദ്ധിമാൻ, എത്ര മാത്രം ഞാൻ സമ്പാദിക്കുന്നു. എന്നാൽ താൻ നരകത്തിനു വേണ്ടി തയ്യാറാകുക- യാണെന്നു അയാൾ അറിയുന്നില്ല. അയാൾ രൌദ്രധ്യാനത്തിലാണ്. ഇനി മറ്റൊരാൾ ഇതുപോലെ തുണി വലിച്ചു നീട്ടുന്നു. എന്നാൽ അയാളുടെ ഉള്ളിൽ കുറ്റബോധം നിറയുന്നു. അയാൾ ചിന്തിക്കുന്നു, ഞാൻ ചെയ്യുന്നതു തെറ്റാണ്; മഹാവീരന്റെ യഥാർത്ഥ ശിഷ്യർ ഇങ്ങനെ ചെയ്യാൻ പാടില്ല, അയാൾ തിര്യൻചഗതിക്കു തയ്യാറെടുക്കുന്നു. അവരുടെ കർമ്മങ്ങൾ സദൃശമാണ് എന്നാൽ ധ്യാനം വ്യത്യസ്തവും. അതിനാൽ മരണശേഷം വ്യത്യസ്ത രീതിയിൽ പ്രാപ്തിയു- ണ്ടാകുന്നു.

ഈ കാലത്ത് ആത്മാവിന്റെ ജ്ഞാനം ആർക്കുമില്ല. എന്നാൽ ആളുകൾ ധർമ്മം അറിഞ്ഞിരുന്നുവെങ്കിൽ അവർക്കു ധർമ്മധ്യാനമുണ്ടാകുമായിരുന്നു. എന്നാൽ ഇക്കാലത്ത് ലൌകികമതങ്ങളുണ്ട്. ഇക്കാലത്ത് അവയുടെ അടിസ്ഥാ- നം യഥാർത്ഥത്തിൽ ഉണ്ടായിരുന്ന പോലെ വാസ്തവമല്ല. അതിനാൽ ലോക- ത്തിലെ ജനങ്ങൾക്ക് ധർമ്മധ്യാനം ഇല്ല പകരം ആർത്തധ്യാനവും രൌദ്രധ്യാ- നവും മാത്രമാണുള്ളത്.

ലോകത്തിൽ ആളുകൾ പറയും ആ ധനികൻ അൻപതിനായിരം രൂപ സംഭാവന നൽകി. അയാൾ നല്ല മനുഷ്യനാണ്. ഇനി നോക്കു അയാളുടെ മനസ്സിലെന്താണ് ? അയാൾ ചിന്തിക്കും; മേയർ നിർബന്ധിച്ചില്ലായിരുന്നെങ്കിൽ

ഈ സംഭാവൻ ഞാൻ കൊടുക്കുകയില്ലായിരുന്നു. അയാൾ കൊടുത്തത് നിർബന്ധം കൊണ്ടാണ്. അതു രൌദ്രധ്യാനമാണ്. അയാൾ നരകത്തിനു തയ്യാറെടുക്കുന്നു. ഇനി പണമില്ലാത്ത മറ്റൊരാൾ ചിന്തിക്കുന്നു. എനിക്കു പണമില്ലല്ലോ. ഉണ്ടായിരുന്നെങ്കിൽ കുറച്ചു നല്ല പ്രവൃത്തികൾ ചെയ്യാമായിരുന്നു. ഇത് ധർമ്മധ്യാനമാണ്. അയാൾ ദാനധർമ്മം ചെയ്തില്ലെങ്കിൽ കൂടി ഉയർന്ന നിലയിലേക്ക് ഉയരും. ആ സമ്പന്നനാകട്ടെ നരകജീവിതത്തെ സമ്പാദിക്കുന്നു.

## 26

## ബുദ്ധിശക്തിയുടെ പരിമിതി

**അന്വേഷകൻ** : പണം സമ്പാദിക്കുന്നതിൽ ബുദ്ധിശക്തിയുടെ ഉപയോഗത്തെക്കുറിച്ച് വിശദീകരിക്കുമോ ?

**ദാദാജി** : കൃത്രിമബുദ്ധിയോടെ കൌശലം പ്രയോഗിച്ച് പണം സമ്പാദിക്കുന്നവർ വലിയ കുറ്റമാണ് ചെയ്യുന്നത്. അവരുടെ കൌശലങ്ങൾ എല്ലാം കഠിന രൌദ്രധ്യാനമാണ്. തന്നെക്കാൾ കുറഞ്ഞ ബുദ്ധിയുള്ള ആളിനെ ചൂഷണം ചെയ്യുന്നതാണ് ആ കൌശലം.

ബുദ്ധിശക്തി ലോകത്തോടു നിങ്ങളെ ബന്ധനസ്ഥനാക്കുന്നു. ഭഗവാൻ കൃഷ്ണനും ബുദ്ധിശക്തിയെ ഭോഗാസക്തിയോടു കൂടിയതെന്നും പ്രലോഭനപരമെന്നും പറഞ്ഞിട്ടുണ്ട്. അതു നിങ്ങളെ പ്രപഞ്ചത്തിലേക്ക് വലിച്ചടുപ്പിക്കും. അതിൽ നിന്നും പുറത്തുകടക്കാൻ അനുവദിക്കുകയുമില്ല. ആത്മാവിനു കടകവിരുദ്ധമായതാണ് അത്. അതു കൂടുമ്പോൾ മനോവേദനയും കൂടുന്നു. രണ്ടു വയസ്സുള്ള ഒരു കുട്ടിയുടെ അമ്മ മരിച്ചാൽ അവനെ അതു ബാധിക്കുമോ ? എന്നാൽ ഇരുപത്തിരണ്ടു വയസ്സുള്ള യുവാവിന്റെ അമ്മ മരിച്ചാൽ അവനെ അതു എത്ര സാരമായി ബാധിക്കുന്നു ? എന്തുകൊണ്ടാണത് ? അവന്റെ വികസിച്ച ബുദ്ധിശക്തികൊണ്ടാണത്.

ഈശ്വരൻ എന്താണു പറഞ്ഞത് ? ബുദ്ധിശക്തി ഉപയോഗിക്കരുതെന്ന് അല്ലെങ്കിൽ എത്ര മാത്രം ? ഈശ്വരൻ പരിധി നിശ്ചയിച്ചിട്ടുണ്ട്. നിങ്ങളുടെ കൈ ഒരു കല്ലിനടിയിൽ പെട്ടാൽ ബുദ്ധിപൂർവ്വം അതു വലിച്ചെടുക്കുക, വീണ്ടും കല്ലിനടിയിൽ പെടാതിരിക്കാൻ അത്രയും ബുദ്ധി തന്നെ ഉപയോഗിക്കുക. ഈ നിർഭാഗ്യവാന്മാർ സമ്പത്തുണ്ടാക്കാനും കള്ളക്കച്ചവടത്തിനും ബുദ്ധി ഉപയോഗിക്കുന്നു. ആളുകളെ വഞ്ചിക്കാൻ ബുദ്ധിശക്തി ഉപയോഗിക്കുന്നു. മറ്റുള്ളവരെ കൊള്ളയടിക്കാൻ

തന്ത്രങ്ങൾ മെനയുന്നു. ഇതു രൌദ്രധ്യാനമാണ്. അങ്ങനെയുള്ളവർക്ക് ഏഴാമത്തെ നരകത്തിൽ പോലും ഇടം ലഭിക്കുകയില്ല.

27

## സാർവലൌകികമായി സ്വീകാര്യമായ കാഴ്ചപ്പാട്

**അന്വേഷകൻ** : എങ്ങനെയാണ് മറ്റുള്ളവരുടെ അഭിപ്രായങ്ങളെയും കാഴ്ചപ്പാടുകളെയും സ്വീകരിക്കേണ്ടത്?

**ദാദാജി** : ആരുടേയും കാഴ്ചപ്പാടിനെ തെറ്റെന്നു പറയരുത്. നിങ്ങളുടെതിനു വിപരീതമായി ഉള്ളത് എതിരഭിപ്രായമാണ്. സ്യദ്വാദൻ എല്ലാ കാഴ്ചപ്പാടുകളെയും സ്വീകരിക്കുന്നു എന്തെന്നാൽ വാസ്തവം സങ്കീർണ്ണവും നാനാമുഖവുമാണ്. ഞാൻ കേന്ദ്രസ്ഥാനത്തിരിക്കുന്നു, ഞാൻ സ്യദ്വാദൻ ആകുന്നു. പ്രതിപക്ഷത്തെ വിരോധിക്കാതിരിക്കാൻ കഴിഞ്ഞില്ലെങ്കിൽ സ്യദ്വാദം എന്നു എങ്ങനെ പറയും ? ഭഗവാൻ പറഞ്ഞിരിക്കുന്നു "ആത്മസാക്ഷാത്കാരത്തിനായുള്ള നിങ്ങളുടെ എല്ലാ സാധനകളും പ്രവൃത്തികളും ഉപദേശപ്രകാരം കൃത്യതയോടെ ചെയ്യേണ്ടതും നിങ്ങളെ മുന്നോട്ടു നയിക്കുന്നതുമാകണം. ആത്മപരിശോധന (സമയികം) പശ്ചാത്താപം (പ്രതിക്രമണം) തെറ്റുകൾ ആവർത്തിക്കാതിരിക്കാനുള്ള ദൃഢനിശ്ചയം (പ്രത്യാഖ്യാനം) തുടങ്ങി നിങ്ങളുടെ എല്ലാ കർമ്മങ്ങളും ഉപദേശിച്ചതനുസരിച്ചു വേണം അനുഷ്ഠിക്കുവാൻ"

പ്രപഞ്ചത്തെ തത്വചിന്താപരമായി വീക്ഷിച്ചാൽ ആരും കുറ്റക്കാരല്ല. എന്നാൽ സാഹചര്യങ്ങൾ അപ്രകാരമാണ്. എനിക്കു നിങ്ങളുടെ വ്യാധികളെ ഇല്ലാതെയാക്കാൻ കരുണയാൽ കർക്കശമായി പറയേണ്ടിവരുന്നു.

28

## ജ്ഞാനിയും ധർമ്മത്തിന്റെ സ്വഭാവവും

**അന്വേഷകൻ** : എന്താണ് ആപേക്ഷിക മതം (വ്യവഹാര ധർമ്മം) ? എന്താണ് യഥാർത്ഥ മതം (നിശ്ചയ ധർമ്മം)

**ദാദാജി** : നമ്മുടെ മതം വ്യവഹാരധർമ്മമാണെന്നു ലോകത്തു ചിലയാളുകൾ പറയുന്നു. എന്നാൽ അങ്ങനെ പറഞ്ഞുകൂടാ. നിങ്ങൾ യഥാർത്ഥ മതത്തെ (നിശ്ചയധർമ്മം) നേടിയില്ലെങ്കിൽ, ശുദ്ധാത്മാവിനെ സാക്ഷാത്കരിച്ചില്ലെങ്കിൽ നിങ്ങൾക്ക് എങ്ങനെ വ്യവഹാരധർമ്മത്തെ അനുഷ്ഠിക്കാനാകും ? എപ്പോഴാണ് യഥാർത്ഥ ധർമ്മവും ആപേക്ഷികധർമ്മവും വേർതിരിക്കുന്നത് ? ഒരു ജ്ഞാനി

തന്റെ അനന്തമായ ശക്തികൊണ്ട് നിങ്ങളുടെ ആത്മാവിനും അനാത്മാവിനും ഇടയിൽ അതിർത്തിരേഖ വരച്ച് അവയെ വേർതിരിക്കുമ്പോൾ മാത്രമേ നിങ്ങ-ൾക്ക് അതു തിരിച്ചറിയാനാകൂ. ഇത് എന്റെ മണ്ഡലം ഇത് എന്റെ മണ്ഡലമല്ല എന്നിങ്ങനെ തന്റേതും അന്യമായതുമായ എല്ലാത്തിനെയും ജ്ഞാനി വേർതി-രിക്കുന്നു. നിങ്ങൾ യഥാർത്ഥ ധർമ്മത്തെ പ്രാപിക്കും വരെ എങ്ങനെ വ്യവഹാര-ധർമ്മത്തെക്കുറിച്ചു പറയും ? അതിനെ ലൌകികധർമ്മം എന്നു പറയുന്നു. ജന-ങ്ങൾ വിശ്വസിക്കുന്നത് ആപേക്ഷിക ധർമ്മമാണ്. അതു അപ്പുറമായതോ ലോകോത്തരമോ ആയ ധർമ്മമല്ല.

മതം എന്താണു ചെയ്യുന്നത്? അതു ഒരു ദുശ്ശീലത്തെ മാറ്റി നല്ല ശീലങ്ങളുടെ വിത്തു പാകുന്നു. ഈ ലൌകിക മതം എന്താണു പറയുന്നത് ? നിനക്ക് ചേരുന്നത് സംഭരിക്കുക അല്ലാത്തതു സംഭരിക്കാതിരിക്കുക. അതെന്താണ് നിങ്ങളെ പഠിപ്പിക്കുന്നത് ? മോഷ്ടിക്കരുത്, കള്ളം പറയരുത്. നിങ്ങൾക്ക് സ-ന്തോഷം നൽകുന്നതിനെ ലോകത്തിൽ ചെയ്യുക. നല്ല പ്രവൃത്തികൾ ചെയ്യുന്ന-താണ് ധർമ്മമെന്നു ലോകം മുഴുവൻ കരുതുന്നു. അതിനെ നമ്മൾ ലൌകിക മതമെന്നോ ആപേക്ഷിക മതമെന്നോ വിളിക്കുന്നു. തിന്മയിൽ നിന്നും നന്മയി-ലേക്കു പോകുന്നത് ആപേക്ഷികമതമാണ്. ശുദ്ധാത്മാവിലേക്ക് എത്തുന്നത് യഥാർത്ഥ ധർമ്മവും.

നിങ്ങൾക്ക് മോക്ഷം വേണമെങ്കിൽ യഥാർത്ഥ ധർമ്മത്തെ പുല്കണം, യഥാർത്ഥ മതത്തിൽ ഒരുവൻ നന്മയെയും തിന്മയെയും, സന്തോഷത്തേയും സന്താപത്തെയും, ശരിയും തെറ്റിനെയും അതിക്രമിക്കുന്നു. ഒരുവൻ ഈ ദ്വൈത-ങ്ങളിൽനിന്നെല്ലാം സ്വതന്ത്രനാകുമ്പോൾ അവൻ മുക്തനാകുന്നു. സ്വധർമ്മം ആ-ണ് യഥാർത്ഥ ധർമ്മം. അതു തന്നെ ആത്മധർമ്മം അഥവാ അലൌകികധർമ്മം. ബാക്കി എല്ലാം ആപേക്ഷിക ധർമ്മങ്ങളാണ്. യഥാർത്ഥ മതത്തിൽ ഇടുങ്ങിയ മണ്ഡലങ്ങളില്ല, വിഭാഗങ്ങളില്ല, പതാകകളില്ല, സ്വീകരണമോ നിരാകരണമോ ഇല്ല. ഭേദവും ഇല്ല. യഥാർത്ഥ മതം പക്ഷപാതരഹിതമാണ്.

**അന്വേഷകൻ** : മതങ്ങളിൽ അനേകം ശാഖകൾ ഉണ്ട്.

**ദാദാജി** : പക്ഷപാതം മുക്തിക്കു എങ്കിലും ഭേദങ്ങളിൽ വിഘ്നമാണ്. ആളുകൾക്ക് മോക്ഷം വേണം ഭേദത്തിൽ ദുഷിക്കുകയും വേണം. ഞാൻ ശരി എന്ന് നിങ്ങൾ പറയുമ്പോൾ നിങ്ങളുടെ എതിർപക്ഷം തെറ്റെന്നു തെളിയിക്കുന്നു. ഒരാൾ തെറ്റുകാരൻ എന്നു പറഞ്ഞുകൊണ്ട് ആർക്കും മുക്തിനേടാനാവില്ല, ഭേദങ്ങളും

പക്ഷപാതിത്വവും മാറ്റിവച്ച്, ഇടുങ്ങിയ ചിന്തകളെ മാറ്റി, കേന്ദ്രസ്ഥാനത്തിരിക്കുമ്പോൾ നിങ്ങൾ അദ്വൈതബോധമാകുന്ന വാസസ്ഥാനം പ്രാപിക്കും. മതശാഖകളുടെ അടിത്തറ ശക്തിപ്പെടുത്താൻ കേന്ദ്രത്തിൽ നിന്നും വിട്ട വശങ്ങളിലേക്ക് പോയാൽ അനേകജന്മങ്ങളുടെ ലോകബന്ധങ്ങളിൽ പെടും. നിങ്ങൾക്കു മുക്തി വേണോ അതോ മതശാഖകളിൽ പെട്ടു ദുഷിക്കണോ ? നോക്കു എങ്ങനെയാണ് മതം ശബ്ദായമാനമായ ശാഖകളായി പിരിയുന്നത് ! സംഘർഷഭരിതമായ പാളയങ്ങൾ !

എവിടെ ക്രോധം, അഹങ്കാരം, വഞ്ചന എന്നിവയുണ്ടോ അവിടെ മുക്തിയില്ല, ധർമ്മമില്ല. പിന്നെ എന്തിനാണ് മതത്തിൽ പോലും ആളുകൾ കോപം, അഹങ്കാരം, വഞ്ചന എന്നിവയിൽ ഏർപ്പെടുന്നത്? അവരുടെ ശാഖയെ ബലപ്പെടുത്താനോ അതോ കലഹിക്കാനോ ?

ആളുകൾ ധർമ്മത്തെ ഒരു ഓട്ടപ്പന്തയം ആക്കിമാറ്റിയിരിക്കുന്നു. ശിഷ്യരുടെ എണ്ണത്തെച്ചൊല്ലി അവർ അനാരോഗ്യകരമായ മത്സരത്തിൽ ഏർപ്പെടുന്നു.ഒരു ആചാര്യനു അഞ്ച് ശിഷ്യർ ഉണ്ടെങ്കിൽ എനിക്കു പതിനൊന്നു പേർ വേണം. അയാൾ മൂന്നു മണികൾ, ഭാര്യ രണ്ടു കുട്ടികൾ എന്നിവരെ വീട്ടിൽ ഉപേക്ഷിച്ച് പതിനൊന്നു ശിഷ്യരെ ഉണ്ടാക്കി ബന്ധനസ്ഥനായിരിക്കുന്നു. അയാളുടെ കോപം മുഴുവൻ ശിഷ്യരോട് തീർക്കുന്നു. ഈ സമാധാനപരമല്ലാത്ത പ്രവർത്തിയെ മോക്ഷോപായം എന്നു എങ്ങനെ വിളിക്കും ?

വീതരാഗനായ ഒരാൾ മമതയ്ക്ക് അതീതനാണ്. അതിനാൽ അയാൾ ക്രൂരമായ വാക്കുകൾ ഉപയോഗിക്കുകയില്ല എന്നാൽ ഈ സാഹചര്യത്തിൽ മറ്റെന്താണു സാധ്യമാകുക ?

അവരുടെ രോഗത്തെ ഇല്ലാതെയാക്കുവാൻ സഹാനുഭൂതിയോടു കൂടിയതും എന്നാൽ കർക്കശവുമായ വാക്കുകൾ മമതയോടു കൂടാതെ എന്നിൽ നിന്നും വരും. അതും കുറ്റം കൊണ്ടല്ല. അവർക്കു മോക്ഷം വേണമെന്ന് ആഗ്രഹമുണ്ട് എന്നാൽ അവരുടെ ഇടയിൽ അജ്ഞാനം കടന്നുവരുന്നു. ഈ കാലം വളരെ പ്രയാസമുള്ളതാണ് അതിനാൽ അവർ അജ്ഞാനത്തിന്റെ കൊടുങ്കാറ്റിൽ പെടുന്നു.

നമുക്ക് അനന്തമായ കാരുണ്യമുണ്ട്. എല്ലാവരും നമ്മുടെ കണ്ണിൽ നിഷ്കളങ്കരാണ്. എന്തെന്നാൽ നമ്മൾ നമ്മുടെ കാഴ്ചയെ കളങ്കമില്ലാതെയാക്കി. ആ കാഴ്ചയിൽ ലോകവും നിഷ്കളങ്കമായി കാണപ്പെടുന്നു.

## 29

## നിഷ്കളങ്ക സമീപനം

**ദാദാജി** : ഭഗവാൻ മഹാവീരനെ ശ്രവിച്ചുകൊണ്ടിരുന്ന ഒരു കൂട്ടം ആളുകളുടെ ഇടയിൽ ഒരു ആചാര്യനുമുണ്ടായിരുന്നു. "എനിക്കു വളരെ അറിവുണ്ട്. ഞാൻ ആരോ ആണ്" എന്ന് അദ്ദേഹത്തിന്റെ അഹന്ത അദ്ദേഹത്തെകൊണ്ടു ചിന്തി-പ്പിച്ചു. അദ്ദേഹം ഭഗവാനോടു ചോദിച്ചു "ഇപ്പോൾ അങ്ങും ഞാനും തമ്മിലുള്ള വ്യത്യാസം എന്താണ്?" എനിക്കിനി എത്ര ജന്മം ബാക്കി ഉണ്ട്? കുറഞ്ഞതു മൂന്നു ജന്മം കൊണ്ടെങ്കിലും മുക്തി ലഭിക്കുമെന്നാണ് ആ ആചാര്യൻ കരുതിയിരുന്നത്. ഭഗവാൻ വീതരാഗനെങ്കിലും ആചാര്യന്റെ ഉദ്ദേശ്യം മനസ്സിലാക്കിയിരുന്നു. അദ്ദേഹം പറഞ്ഞു. " നിങ്ങളുടെ ചോദ്യം നല്ലതാണ്. യോഗ്യതയുടെ അടിസ്ഥാ-നത്തിൽ ആ നാലഞ്ചു പേരെക്കൂടി വിളിക്കൂ. നഗരത്തിലെ ധനികനായ സേട്ട്, പതിവ്രതയായ സ്ത്രീ (സതി), വേശ്യാസ്ത്രീ, പോക്കറ്റടിക്കാരൻ പിന്നെ പുറത്തു നിൽക്കുന്ന കഴുത എന്നിവരെക്കൂടി വിളിക്കൂ. ആചാര്യൻ എല്ലാവരെയും വിളിച്ച് ഭഗവാന്റെ മുന്നിൽ നിർത്തി. ഭഗവാൻ പറഞ്ഞു "അല്ലയോ ആചാര്യാ നിങ്ങളും ഞാനും ഈ ധനികനും സതിയും വേശ്യയും പോക്കറ്റടിക്കാരനും കഴുതയും തമ്മിൽ യാതൊരു ഭേദവുമില്ല."

ആചാര്യൻ പറഞ്ഞു : "അങ്ങെന്താണീ പറയുന്നത്. അങ്ങും ഞങ്ങളും തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്നോ ? വളരെ ഭേദങ്ങൾ ദൃശ്യമാണല്ലോ !"

ഭഗവാൻ ഇപ്രകാരം മറുപടി പറഞ്ഞു "നോക്കൂ നിങ്ങൾ കാണുന്ന വ്യത്യാസം നിങ്ങളുടെ ദൃഷ്ടിയിലാണ്. നമ്മൾ മുൻപുള്ള മൂന്നാമത്തെ ജന്മത്തിൽ ഒരു ജ്ഞാനിയുടെ ശിഷ്യർ ആയിരുന്നു. നാം കാണുന്നതൊക്കെ നിഷ്കളങ്കമാകുവാൻ അദ്ദേഹം നമ്മുടെ കാഴ്ച നിഷ്കളങ്കമാക്കി. ആ നിഷ്കളങ്കമായ കാഴ്ച നമ്മൾ അടുത്ത രണ്ടു ജന്മങ്ങളിൽ ഉപയോഗിച്ചു ഈ ജന്മത്തിൽ പൂർണ്ണമായും നിഷ്കളങ്കരായി നമ്മുടെ കാഴ്ചകളെ നിഷ്കളങ്കമാക്കി. ആ നിഷ്കളങ്ക കാഴ്ച കൊണ്ട് നമ്മളും മറ്റൊന്നും തമ്മിൽ യാതൊരു ഭേദവുമില്ല എന്ന് നാം പറയുന്നു.

ആചാര്യൻ തുടർന്നു : "പക്ഷെ ഭഗവൻ നമ്മൾ വളരെ ഭേദങ്ങൾ കാണു-ന്നു. സതി, വേശ്യ, ധനികൻ, പോക്കറ്റടിക്കാരൻ, കഴുത പിന്നെ ഞാൻ എന്നി-വർ എങ്ങനെ തുല്യരാകും ? ഏതു അർത്ഥത്തിൽ ആണ് ഞങ്ങൾ തുല്യരാകു-ന്നത്? എനിക്ക് മനസ്സിലാകുന്നില്ല. ഇത് അവിശ്വസനീയമാണ്!"

ഭഗവാൻ പറഞ്ഞു "നോക്കൂ പ്രിയ ആചാര്യ നിങ്ങളിലും എന്നിലും

ധനികനിലും സതിയിലും വേശ്യയിലും പോക്കറ്റടിക്കാരനിലും കഴുതയിലും ഉള്ള ആന്തരികസത്ത ഒന്നുതന്നെയാണ്. ഉദാഹരണമായി എല്ലാത്തിലും ഉള്ളത് 25 ഗ്രാമിന്റെ 120 എണ്ണമുള്ള പരുത്തിനൂൽ എന്നു കരുതിയാൽ നിങ്ങളുടേത് കുരുക്കുപിടിച്ച നൂലും എന്റേത് കുരുക്ക് അഴിഞ്ഞതുമാണ് എന്നത് മാത്രമാണ് വ്യത്യാസം. ജ്ഞാനത്താൽ കഴുതയ്ക്കാണ് ഏറ്റവും കുറച്ച് ജന്മം ബാക്കി ഉള്ളത് എന്നു നമ്മുടെ ജ്ഞാനത്താൽ അറിയാൻ സാധിക്കും.

ഭഗവാൻ വീണ്ടും പറഞ്ഞു : "ഹേ ആചാര്യാ അങ്ങ് അനവധി ഗ്രന്ഥങ്ങൾ പഠിച്ചിട്ടുണ്ട്. അഹന്തയുടെ ബന്ധനത്തിൽ നിന്നും മുക്തി നേടുവാന് നിങ്ങൾക്കിനിയും അനേകം ജന്മങ്ങൾ വേണ്ടി വരും. എന്നാൽ കഴുതയാകട്ടെ അടുത്ത ജന്മം ഒരു ജ്ഞാനിപുരുഷന്റെ മുന്നിലെത്തുകയും മോക്ഷം നേടുകയും ചെയ്യും.

30

## ഉന്മാദവും മോക്ഷവും

**അന്വേഷകൻ** : സർ ഗ്രന്ഥപഠനങ്ങൾ കൊണ്ടു നേടുന്ന അറിവു എങ്ങനെ മോക്ഷത്തിനു തടസ്സമുണ്ടാക്കും ?

**ദാദാജി** : ' എനിക്കു ചിലതൊക്കെ അറിയാം' എന്നത് വലിയൊരു ഉന്മാദമാണ്. ഉന്മാദിക്കു മോക്ഷം നേടാനാവില്ല, അത് ഉറക്കത്തിൽ പോലും തങ്ങിനിൽക്കും. വിവേകിയും ശാന്തചിത്തനുമായവനാണ് മോക്ഷം. നീ ഗ്രന്ഥങ്ങൾ പഠിച്ച് മനഃപ്പാഠമാക്കി. അതു മുക്തിക്കു വേണ്ടിയോ അതോ അനേകം ജന്മങ്ങളിൽ കിടന്നു കറങ്ങുവാനോ ? അതു ഉന്മാദമെന്ന മാനസികഭാരത്തെ ഉണ്ടാക്കിയിരിക്കുന്നു. മദ്യപാനിയുടെ ലഹരിയെ അല്പം വെള്ളം തളിച്ച് ഇല്ലാതെയാക്കാം എന്നാൽ ഗ്രന്ഥപഠനം കൊണ്ട് ഉന്മാദിയായ ഒരുവനെ ശമിപ്പിക്കാൻ സാധ്യമല്ല. ഉന്മാദം എത്ര കുറഞ്ഞിരിക്കുന്നുവോ അത്രയും നേരത്തേ മുക്തിയുണ്ടാകും. ഞാൻ അമിത് ആണെന്ന ധാരണയാൽ മുഖത്തുള്ള ചെറിയ പാടു നോക്കി കണ്ണാടിയുടെ മുന്നിൽ നിങ്ങൾ അനേകനേരം നിൽക്കുന്നു. ഈ ശരീരമാണ് താൻ എന്നു അയാൾ കരുതുന്നു. അതിനാൽ കണ്ണാടിയിൽ നോക്കിക്കൊണ്ടേ ഇരിക്കുന്നു. എന്നാൽ ഈ ശരീരം നിങ്ങളുടെയല്ല. ഈ ശരീരം ഒരു കുരുക്കാണ്.

**അന്വേഷകൻ** : ഒരുവന്റെ ശരീരം എങ്ങനെ കുരുക്കാകും ?

**ദാദാജി** : ഒരു ആൺകുട്ടി അവന്റെ കാമുകിയുമായി പ്രണയത്തിൽ ആകുമ്പോൾ അവന്റെ അച്ഛൻ പറയും 'എന്തിനാണീ കുരുക്ക് ?'. അപ്പോൾ മകൻ മറുപടി പറയും, "എന്താണീ പറയുന്നത് ? അവളൊരു കുരുക്കെന്നോ ? ഈ

കാര്യങ്ങളിൽ അങ്ങേക്ക് എന്തറിയാം ?" എന്നാൽ കുറച്ചു നാൾ കഴിയുമ്പോൾ ആ പെൺകുട്ടി-യുമായി കലഹിക്കുകയോ അവൾ വേറെ ആരെയെങ്കിലും പ്രണയിക്കുകയോ ചെയ്യുന്നു. അപ്പോൾ അവൾ ഒരു കുരുക്കായിരുന്നു എന്നു മനസ്സിലാക്കുന്നു. അതുപോലെ ഈ ശരീരം ഒരു കുരുക്ക് അഥവാ കെണിയാണ്. ശരീരത്തിന്റെ അനുഭവം പോകുമ്പോൾ കെണി അഥവാ തീവ്രമായ മമത അതിനൊപ്പം പോകുന്നു. കെണി എപ്പോഴും വഞ്ചനാത്മകമാണ്. മനസ്സ്, ശരീരം വാക്ക് എല്ലാം കെണികളാണ്.

എന്താണു കെണി ? നിങ്ങൾ സ്വതന്ത്രനാകാൻ ആഗ്രഹിക്കുന്നു. എങ്കിലും സാധിക്കുന്നില്ല. ഇതു കെണിയാണെന്നു മനസ്സിലാക്കുന്ന നിമിഷം അതിൽ നിന്നും സ്വതന്ത്രനാകാൻ ശ്രമിക്കുക. എന്നാൽ നിങ്ങൾ ഈ കെണിയെ സ്നേഹിച്ചാലോ ? അതു നിങ്ങളോടു കൂടുതൽ അടുക്കുകയും ഒടുവിൽ വലിയ ഒരു കെണിയായി മാറുകയും ചെയ്യും.

മമതയിലും പകയിലുമാണ് ഈ കെണി ആശ്രയിച്ചിരിക്കുന്നത്. ഞാൻ നിങ്ങളെ മമതയിൽ നിന്നും വിദ്വേഷത്തിൽ നിന്നും മുക്തരാക്കാം. അങ്ങനെ കുരുക്ക് തനിയെ അഴിയും. ഇന്ദ്രിയങ്ങളെ പീഡിപ്പിക്കുന്നതുകൊണ്ട് ഈ കെണിയെ ഇല്ലാതെയാക്കാൻ കഴിയുമോ ? ഇല്ല, അതിനെ മമതയില്ലായ്മ (വീതരാഗത) കൊണ്ടും അഹിംസ കൊണ്ടും വേണം ഇല്ലാതെയാക്കാൻ. ഈ മനസ്സ്, ശരീരം വാക്ക് എന്നിവ കുരുക്കാണ്. അതിനെ സാക്ഷിഭാവേന കണ്ടാൽ അവയുടെ പിടി അയയും.

31

## മുക്തിയാണ് ഉത്തമമായ അഭിലാഷം

**ദാദാജി** : ആത്മാർത്ഥതയോടെ ആഗ്രഹിക്കേണ്ടതു മോക്ഷമാണ്. അതിനാൽ മറ്റു ആഗ്രഹങ്ങളിൽ നിന്നും പിന്തിരിയുക. ആചാരങ്ങളും ചടങ്ങുകളും ഉള്ള പാ-തകൾ എല്ലാം മുക്തിയിലേക്കുള്ള ആപേക്ഷികപാതകൾ മാത്രമാണ്. ആത്മാ-ർത്ഥമായി ഒരിക്കലെങ്കിലും നിങ്ങൾ മുക്തി ആഗ്രഹിച്ചാൽ നിങ്ങൾ ഒരു ജ്ഞാനി-യെ കണ്ടെത്തും. ലക്ഷം വർഷങ്ങൾക്കു ശേഷമാണ് അതു എങ്കിൽ പോലും നിങ്ങൾ മുക്തിയെ പ്രാപിക്കും.

**അന്വേഷകൻ** : ഒരാൾ മോക്ഷത്തെ എന്തിനു ആഗ്രഹിക്കണം ?

**ദാദാജി** : മോക്ഷം പരിപൂർണ്ണസ്വാതന്ത്ര്യമാണ്. എല്ലാ ലൌകികബന്ധങ്ങളിൽ നിന്നുമുള്ള സ്വാതന്ത്ര്യം.

**അന്വേഷകൻ** : പക്ഷെ സർ മോക്ഷം നേടുവാൻ വളരെ പ്രായാസമെന്നു പറയപ്പെടുന്നു.

**ദാദാജി** : മോക്ഷവും സ്വാതന്ത്ര്യവും ഒരുവന്റെ സഹജസ്വഭാവമാണ്. ആത്മാവിന്റെ സ്ഥിതി തന്നെ മോക്ഷം. ഉദാഹരണമായി ജലം പ്രകൃത്യാ തണുത്തതാണ്. അതിനെ ചൂടാക്കാൻ പ്രയത്നിക്കേണ്ടതുണ്ട്. എന്നാൽ തണുപ്പിക്കാൻ യാതൊരു പ്രയത്നവും ആവശ്യമില്ല. അതു തനിയെ തണുക്കും.

**അന്വേഷകൻ** : ഈ സത്യത്തെ എങ്ങനെ ഉൾക്കൊള്ളാൻ സാധിക്കും ?

**ദാദാജി** : മോക്ഷമാണ് നമ്മുടെ സഹജസ്വഭാവമെന്നു നാം അറിയാത്തതെന്തുകൊണ്ടാണെന്നു നിങ്ങൾക്കറിയുമോ ? എന്തെന്നാൽ നാം മായയിലാണ്. ഒരു ജ്ഞാനിയെ കണ്ടെത്താതെ, ഈ കടംകഥ പരിഹരിക്കാതെ മായയെ ഇല്ലാതെയാക്കാൻ കഴിയില്ല. അതിനാൽ ജീവിക്കുന്ന ഒരു ജ്ഞാനിയെ അന്വേഷിക്കു.

മുക്തനും മറ്റുള്ളവരെ മുക്തരാക്കാൻ പ്രാപ്തിയുള്ളവനുമാണ് ജ്ഞാനി. നിങ്ങൾ ഒരു ജ്ഞാനിയെ കണ്ടെത്തിയാൽ ഭയം കൂടാതെ അദ്ദേഹത്തെ പിന്തുടരു. ഈ കാലഘട്ടത്തിൽ ഞാൻ മാത്രമാണ് ഒരേ ഒരു രക്ഷകൻ. ഞാൻ ജ്ഞാനത്തിന്റെ ഒരു അവതാരമാണ്. നിമിഷനേരം കൊണ്ടു ഞാൻ നിങ്ങളെ മുക്തിയാൽ അനുഗ്രഹിക്കാം. നിങ്ങൾ ഒന്നും ചെയ്യേണ്ടതായിട്ടോ നൽകേണ്ടതായിട്ടോ ഇല്ല. എന്തെന്നാൽ ഞാൻ ഒന്നും ആഗ്രഹിക്കുന്നില്ല. എല്ലാ ആശകളേയും അതിക്രമിച്ചവനിൽ ഈശ്വരൻ സ്വയം വെളിപ്പെടുന്നു.

**അന്വേഷകൻ** : പണത്തിനോ മറ്റു വസ്തുക്കൾക്കോ വേണ്ടിയുള്ള ആഗ്രഹങ്ങളിൽ നിന്നും മുക്തരായ അനേകം സാധുക്കളും സിദ്ധന്മാരും ഉണ്ട്.

**ദാദാജി** : പണവും സുഖസൌകര്യങ്ങളും ആവശ്യമില്ലാത്ത സാധുക്കളെ നിങ്ങൾ കണ്ടേക്കാം.എന്നാൽ അവർ ബഹുമാനത്തേയും പ്രശസ്തിയെയും ശിഷ്യരെയും ആഗ്രഹിച്ചേക്കാം. ഒരു ഭിക്ഷക്കാരന്റെ ആസക്തി അവരുടെ മനസ്സിന്റെ ഒരു കോണിൽ എവിടെയെങ്കിലും കാണാം.എല്ലാ ആഗ്രഹങ്ങൾക്കും അതീതനായവനിലാണ് ഭഗവാൻ വെളിപ്പെടുന്നത്. ഞാൻ സമ്പത്ത്, സുഖം, ശിഷ്യർ, പ്രശസ്തി, ശിഷ്യർ തുടങ്ങി ഒന്നിനും വേണ്ടി യാചിക്കുന്നവനല്ല. എനിക്കു ഒന്നും ആവശ്യമില്ല, നിങ്ങൾ എന്തെങ്കിലും എന്നിൽ നിന്നും ആഗ്രഹിക്കുന്നുവെങ്കിൽ ചോദിക്കു എന്നാൽ വിവേകപൂർവ്വം വേണം. മോക്ഷത്തെ ചോദിക്കു എന്തെന്നാൽ പിന്നെ നിങ്ങൾക്ക് ഒന്നും ചോദിക്കേണ്ടിവരില്ല.

**അന്വേഷകൻ** : ജീവിതത്തിൽ ഭൌതികവസ്തുക്കളും ആവശ്യമുണ്ട്

**ദാദാജി** : മനുഷ്യജന്മത്തിന്റെ പ്രധാന ഉത്പന്നം ശുദ്ധാത്മാവിന്റെ സാക്ഷാത്കാരമാണ്. ലൌകികസുഖങ്ങൾ എല്ലാം ഉപോത്പന്നങ്ങൾ മാത്രമാണ്. പ്രധാനോത്പന്നത്തെ ഉപേക്ഷിച്ചിട്ട് ആളുകൾ ഈ ഉപോത്പന്നങ്ങൾക്ക് വേണ്ടി ഫാക്ടറികൾ സ്ഥാപിച്ചിരിക്കുന്നു. അവർ എപ്പോൾ മുക്തരാകാനാണ് ? ലോകം മുഴുവൻ അന്ധകാരത്തിൽ അലയുന്നു എന്തെന്നാൽ അവർക്ക് മോക്ഷത്തിലേക്കുള്ള മാർഗ്ഗം അറിയില്ല. അവർ അലഞ്ഞു സ്വയം പാഴാക്കപ്പെടുന്നു.

നിങ്ങൾക്കു മോക്ഷം വേണമെങ്കിൽ ജ്ഞാനിയുടെ അടുക്കലേക്കു പോകണം. ഉദാഹരണത്തിന് നിങ്ങൾക്കു ദാദർ റെയിൽവേ സ്റ്റേഷനിലേക്കു പോകണമെങ്കിൽ ആ വഴി അറിയുന്ന ഒരാളോടു ചോദിക്കണം. മോക്ഷത്തിലേക്കുള്ള സങ്കീർണ്ണവും ഗഹനവുമായ വഴിയാണിത്. എകാകിയായും മാർഗ്ഗദർശനമില്ലാതെയും ഇല്ലാതെയും പോയാൽ വഴി തെറ്റും. അതിനാൽ ആദ്യം ഒരു ജ്ഞാനിയെ കണ്ടെത്തു അദ്ദേഹത്തെ പിന്തുടരൂ. അദ്ദേഹം നിങ്ങൾക്കു മുക്തിതരും.

നിങ്ങൾക്കു മുക്തി തരാൻ എനിക്കു സാധിക്കും. പൂർണ്ണമായ മോക്ഷത്താൽ നിങ്ങളെ അനുഗ്രഹിക്കാൻ എനിക്കു കഴിയും. ഞാൻ അക്രമജ്ഞാനാവതാരമാകുന്നു. നിങ്ങൾ പരിപൂർണ്ണമായി തയാറെങ്കിൽ ക്ഷണനേരത്തിൽ ഈശ്വരനെ ഞാൻ വെളിപ്പെടുത്തിത്തരാം.

**അന്വേഷകൻ** : ഒരുവൻ എങ്ങനെയാണ് മോക്ഷത്തിനായി തയാറായി വരുന്നത്?

**ദാദാജി** : വെറും രണ്ടു കാര്യങ്ങൾ കൊണ്ടു നിങ്ങൾ എന്റെയടുക്കൽ വരൂ. 'എനിക്കൊന്നുമറിയില്ല' എന്ന മനോഭാവമാണ് ഒന്നാമത്. രണ്ടാമത് പൂർണ്ണ വിനയം. തനിക്ക് എന്തൊക്കെയോ അറിയാമെന്നുള്ളത് അഹന്തയും ഉന്മാദവുമാണ്. യാഥാർത്ഥ ആത്മാവ് പ്രകാശമാകുന്നു. ആ പ്രകാശമുള്ളിടത്ത് ഇടർച്ചയുണ്ടാവില്ല. ഓരോ പടവിലും ഇടറുന്നവനെ ആത്മസാക്ഷാത്കാരം നേടിയവനായി എങ്ങനെ പറയും ? നിങ്ങളുടെ ഏതെങ്കിലും ക്ലേശങ്ങൾ പോയോ ? നിങ്ങൾ പാരമാർത്ഥികമായ ആത്മാവിനെ അറിഞ്ഞെങ്കിൽ ദുഃഖമുണ്ടാകുകയില്ല. കുറച്ചു തനിക്കു അറിയാം എന്നു നിങ്ങൾ കരുതിയാൽ ഞാൻ നിങ്ങളുടെ പകുതി നിറഞ്ഞ കുടത്തിൽ എന്തു നിറയ്ക്കാനാണ്? നിങ്ങളുടെ കുടം ശൂന്യമെങ്കിൽ ഞാൻ അതിൽ അമൃത് നിറയ്ക്കും. എങ്കിൽ നിങ്ങൾക്ക് ലോകത്ത് എവിടെയും പോകാം, കുട്ടികളെ വിവാഹം കഴിപ്പിക്കാം, ലൌകികജീവിതം ജീവിക്കാം; എന്നാൽ ഞങ്ങളുടെ അനുശാസനങ്ങൾ അനുസരിച്ചു ജീവിക്കുവിൻ.

ഈ പ്രതിഭാസം ഉപകരണം മാത്രം അത്ഭുതപൂർവ്വമാണ്, പണ്ട് കേട്ടതോ വായിച്ചതോ അല്ല ..... നാം കർത്താക്കളല്ല ലോകത്തിന്റെ നന്മക്കായുള്ള ഉപകരണം മാത്രം.

ഈ ലോകം മുഴുവൻ അന്തസ്സാരശൂന്യമാണ്. ഇത് നമ്മുടെ ജ്ഞാനം കൊണ്ടു കണ്ടതിനു ശേഷം പറയുന്നതാണ്. ഇതു യഥാർത്ഥവും സ്ഥിരവുമെന്നു വിശ്വസിച്ചു ജീവിച്ചാൽ നിങ്ങൾക്കു പിഴവു പറ്റി. അന്തസ്സാരശൂന്യമെന്നാൽ ഘനീഭൂതമല്ലാത്ത ആകാശം പോലെ എന്നാണർത്ഥം.

**അന്വേഷകൻ** : അന്തസ്സാരശൂന്യം എന്ന വാക്കിനെ വിശദീകരിക്കുമോ

**ദാദാജി** : ഒരു വൈദ്യനുണ്ടായിരുന്നു. അയാൾ തന്റെ രോഗിക്കു മരുന്നു കൊടുക്കുകയും മുളക് അധികം കഴിച്ചുണ്ടായ രോഗമായതിനാൽ മുളകു കഴിക്കരുതെന്നു നിർദ്ദേശിക്കുകയും ചെയ്തു. ഒന്നിനു പുറകെ ഒന്നായി മികച്ച ഔഷധങ്ങളാണ് വൈദ്യൻ നൽകിയത്. എന്നാൽ രണ്ടു മാസം കഴിഞ്ഞിട്ടും രോഗം മാറിയില്ല. ഒരു ദിവസം വൈദ്യൻ ആ രോഗിയുടെ വീട്ടിൽ പോകുകയും അയാൾ ഭക്ഷണം കഴിക്കുന്നതു കാണുകയും ചെയ്തു. അദ്ദേഹത്തിന്റെ പാത്രത്തിൽ 2 വലിയ പച്ചമുളക് ഇരിക്കുന്നത് കണ്ടു. വൈദ്യനു കോപം വരികയും വികാരാധീനമായ മാനസികപിരിമുറുക്കത്താൽ അയാൾ ബോധം കെട്ടു വീണു മരിച്ചു.

ആരാണ് ഇവിടെ കുറ്റക്കാരൻ ? രോഗി എന്തും ചെയ്യാം. അയാൾ വിഷം കഴിച്ചേക്കാം, പക്ഷെ നിങ്ങൾ എന്തിനു അതു ചെയ്യണം ? ഇതെല്ലാം പൊള്ളയാണ്. നിങ്ങളെ ഒരിടത്തും നിർത്തുവാൻ ഉപദേശിക്കപ്പെടുന്നില്ല. അങ്ങനെ ചെയ്താൽ നിങ്ങൾ കെണിയിൽ പെടും. ഈ സംഭവത്തിൽ രോഗി മുളകു തിന്നുകയും വൈദ്യന്റെ തലച്ചോറിൽ സംഭ്രമം ഉണ്ടാകുകയും അദ്ദേഹത്തിന്റെ സിരകളെ അതു പിളർക്കുകയും ചെയ്തു. വാസ്തവത്തിൽ രോഗി മുളകു തിന്നുന്ന കാഴ്ച വിഷം പോലെ പ്രവർത്തിച്ചു. ചായക്കോപ്പയിൽ അഴുക്ക് വീഴുന്നതുകണ്ടാൽ ഒരാൾ കോപിഷ്ഠനാകും. എന്നാൽ അത് അറിഞ്ഞില്ലെങ്കിലോ ? സന്തോഷത്തോടെ കുടിക്കും.ഇങ്ങനെയാണ് ഇത് അന്തസ്സാരശൂന്യമാകുന്നത്. സത്യം അറിയുമ്പോൾ ഒരുവൻ പരിഭ്രമിക്കുന്നു അല്ലെങ്കിൽ ഇല്ല.

**ദാദാജി** : ഞാൻ മറ്റൊരു സംഭവം പറയാം. ഒരു മനുഷ്യൻ എന്റെയടുക്കൽ വരുമായിരുന്നു. അയാൾക്ക് ഒരു മകളുണ്ടായിരുന്നു. ഇതു കലിയുഗം ആണെന്നും അയാളുടെ മകളും അതിൽ പെട്ടേക്കാമെന്നും സൂക്ഷിക്കണമെന്നും ആദ്യം മുതൽക്കേ ഞാൻ അയാളോടു വിശദീകരിച്ചു പറഞ്ഞിരുന്നു. അയാൾ അതു

മനസ്സിലാക്കി. ആ കുട്ടി ഒരാളുടെ കൂടെ ഒളിച്ചോടിപ്പോയപ്പോൾ അയാൾ എന്റെ അടുക്കൽ വന്നു പറഞ്ഞു. "താങ്കൾ എന്നോടു പറഞ്ഞതു ശരിയാണ്. എനിക്കു അങ്ങു മുന്നറിയിപ്പു തന്നില്ലായിരുന്നുവെങ്കിൽ ഞാൻ വിഷം കഴിച്ചേനെ". ലോകം മുഴുവൻ പൊള്ളയാണ്. സംഭവിക്കുന്നതിനെയെല്ലാം നിങ്ങൾ അംഗീകരിക്കണം. ലോകത്തെ മുഴുവൻ അന്തസ്സാരശൂന്യമായി കാണാൻ എളുപ്പമെന്നു നിങ്ങൾ കരുതുന്നുണ്ടോ ?

ഇനി മറ്റൊരു ഉദാഹരണം കേൾക്കൂ. ഈ ഇടയന്മാർ എന്താണ് ചെയ്യുന്നത് ? ടിഹി മിഹി എന്ന ചൂളമടിച്ചുള്ള ശബ്ദം ഉണ്ടാക്കി ആടുകളെ എല്ലാം ഓടിപ്പോകാൻ അനുവദിക്കാതെ കൂട്ടുന്നു. കടുവയിൽ നിന്നും തങ്ങളെ ഇടയൻ സംരക്ഷിക്കുന്നു എന്നു ആടുകൾ കരുതുന്നു. ഇടയൻ അങ്ങനെ പറയുകയും ചെയ്യുന്നു. എന്നാൽ ഇടയൻ അവയെ ചൂഷണം ചെയ്യുകയാണെന്നു ആടുകൾ അറിയുന്നില്ല. അവർ ആടിന്റെ പാൽ കറന്നെടുക്കുന്നു, രോമം പിഴുതെടുക്കുന്നു, അവയെ കൊന്ന് അതിഥികൾക്ക് സദ്യയൊരുക്കുന്നു. ഇങ്ങനെ ഈ ലൌകിക-ജീവിതം പൊള്ളയാണ്.

അതുകൊണ്ടാണ് ഞാൻ പറയുന്നത് മോക്ഷം മാത്രമാണ് ആത്മാർത്ഥമായി ആഗ്രഹിക്കേണ്ടത്.

## 32

## അരക്ഷിതരും നിരാശ്രയരുമായ മനുഷ്യർ

**ദാദാജി** : കലിയുഗത്തിലെ എല്ലാ മനുഷ്യരും സുരക്ഷിതത്വമില്ലാത്തവരാണ്. അഭയവുമില്ല, ആശ്രയവുമില്ല. മൃഗങ്ങൾ സംരക്ഷിക്കപ്പെടുന്നു എന്നാൽ മനുഷ്യ-രെ ആരും സംരക്ഷിക്കുന്നില്ല,

**അന്വേഷകൻ** : എന്തുകൊണ്ടാണ് മനുഷ്യർ സംരക്ഷിക്കപ്പെടുന്നില്ല എന്നു പറ-യുന്നത്?

**ദാദാജി** : ഒരാൾ ആരുടെയെങ്കിലും സംരക്ഷണം തേടിയാലും അയാൾ സംരക്ഷി-ക്കപ്പെടുന്നില്ല. അയാൾ സ്വയം മറ്റൊന്നിനെ ആശ്രയിച്ചിരിക്കുമ്പോൾ എങ്ങനെ നിങ്ങളെ സഹായിക്കാനാകും ? മനുഷ്യൻ എപ്രകാരമാണ് അരക്ഷിതനും സംര-ക്ഷിക്കപ്പെടാത്തവനും നിരാശ്രയനും ആകുന്നതെന്ന് ഈശ്വരന്റെ ഭാഷയിൽ ഞാൻ വിശദമാക്കാം.

**അന്വേഷകൻ** : ഒരു ഉദാഹരണത്താൽ പറയൂ

**ദാദാജി** : ഒരിക്കൽ ഒരു കച്ചവടക്കാരൻ, സന്ന്യാസി, അവരുടെ വളർത്തുനായ

എന്നിവർ ഒരു യാത്ര പോയി. പോകുന്ന വഴി അവർ ഒരു കൊട്ടുംകാട്ടി-ലെത്തുകയും വാളും തോക്കും ഒക്കെയുള്ള നാലു കള്ളന്മാരുടെ മുന്നിൽ പെടുകയും ചെയ്തു. ആ മൂന്നു പേർക്കും എന്തു ചിന്തയാകും ഉണ്ടാകുക ?

കച്ചവടക്കാരൻ ചിന്തിക്കും : " എന്റെ ബാഗിലുള്ള പതിനായിരം രൂപ ഈ കള്ള-ന്മാർ മോഷ്ടിച്ചാൽ ഞാൻ എന്തു ചെയ്യും ? അവർ എന്നെ കൊന്നാൽ എന്താകും"

സന്ന്യാസി ചിന്തിക്കും : "അവർക്ക് കൊണ്ടുപോകാൻ എന്റെ കയ്യിൽ ഒന്നുമില്ല. ഈ കുടം കൊണ്ടുപോയേക്കാം. എന്നാൽ അവർ എന്റെ കാലൊടിച്ചാലോ ? ഞാൻ എന്തു ചെയ്യും ? എന്നെ ആരു ശുശ്രൂഷിക്കും ? ഞാൻ മുടന്തനായാലോ ? എന്നാൽ നായ ആകട്ടെ കള്ളന്മാർക്ക് നേരെ കുറയ്ക്കും. ആ നായയെ കള്ളന്മാർ വടികൊണ്ട് അടിച്ചാൽ അവൻ മുരളുകയും തന്റെ യജമാനനെ അവർ തല്ലുന്നത് നിസ്സഹായനായി കാണുകയും ചെയ്യും. തന്റെ വിധി എന്ത് എന്നു ആ നായ ചിന്തിക്കുകയില്ല.

ഒരാൾ തനിക്ക് എന്തു സംഭവിക്കും എന്നു ആകുലപ്പെട്ടാൽ അയാൾ സുരക്ഷിതനല്ല. നിരാശ്രയനും അരക്ഷിതാവസ്ഥയിലുമാണ്. എന്നാൽ നായ ആകട്ടെ തന്റെ വിധിയെക്കുറിച്ച് ചിന്തിക്കുന്നില്ല അതിനാൽ സുരക്ഷിതനാണ്.

**അന്വേഷകൻ** : അങ്ങനെയെങ്കിൽ ഒരാൾക്ക് എങ്ങനെ എപ്പോഴും സുരക്ഷിതനും സംരക്ഷിക്കപ്പെട്ടവനുമായി ഇരിക്കുന്നു എന്ന അവസ്ഥയെ നേടാൻ കഴിയും ?

**ദാദാജി** : ഈശ്വരൻ എന്താണ് പറയുന്നത് ? മനുഷ്യരൂപത്തിൽ ഈശ്വരൻ പ്രത്യക്ഷമായിരിക്കുന്നത് നിങ്ങൾ കാണുന്നില്ലെങ്കിൽ നിങ്ങൾ അരക്ഷിതരാണ്. എന്നാൽ ഈശ്വരനാൽ പ്രകടമാക്കപ്പെട്ട ഒരു മനുഷ്യനെ കണ്ടാൽ നിങ്ങൾ സുരക്ഷിതരാണ്.

ഈശ്വരൻ വെളിപ്പെട്ടിരിക്കുന്ന ഒരു ജ്ഞാനിയിൽ ശരണം പ്രാപിച്ചാൽ പ്രതികൂലസാഹചര്യങ്ങളിൽ പോലും നിങ്ങൾ തനിക്കെന്താണ് സംഭവിച്ചതെന്നു ചിന്തിക്കുകയില്ല.

എന്നിൽ ശരണാഗതി അടയുന്നവർ അവരുടെ അനന്തമായ അരക്ഷിതാ-വസ്ഥയിൽ നിന്നും മുക്തരായിത്തീരും. ഒരു ജ്ഞാനിപുരുഷനാൽ സംരക്ഷിക്ക-പ്പെടുന്നവർ തനിക്കെന്തു സംഭവിക്കും എന്നു ആശങ്കപ്പെടുകയില്ല. എന്തെന്നാൽ ഞാനും എന്റെ ജ്ഞാനവും എപ്പോഴും നിങ്ങളെ സംരക്ഷിക്കുവാൻ കൂടെയു-ണ്ടാകും.

33

## പ്രകൃതിവ്യവസ്ഥയും ഭൗതികശാസ്ത്രങ്ങളും

ഇക്കാലത്ത് വിദേശരാജ്യങ്ങളിൽ ഭൗതികവിജ്ഞാനം വളരെയധികമുണ്ട്. അതു സാധാരണനിലക്കും മുകളിലാണ്.അതു സാധാരണ നിലയെ തിരിച്ചുപിടിക്കേണ്ടതുണ്ട്. നിങ്ങൾക്ക് കാര്യങ്ങളിൽ സാധാരണത്വം ആവശ്യമുണ്ട് എങ്കിലേ സന്തുഷ്ടരാകുവാൻ കഴിയൂ.97 ഡിഗ്രി സാധാരണ ചൂടിനു താഴെയാണ് 99 ഡിഗ്രി സാധാരണ ചൂടിനു മുകളിലാണ്. 98 ഡിഗ്രി സാധാരണയാണ്.

അമേരിക്കയും മറ്റു വിദേശരാജ്യങ്ങളും സാധാരണചൂടിനു മുകളിലും ഭാരതം സാധാരണചൂടിനു താഴെയുമാണ്.സാധാരണത്വം നിർബന്ധമാണ്. ഈ വിദേശികൾ അസാധാരണമായതിന്റെ കണ്ടുപിടുത്തങ്ങളിൽ വ്യാപൃതരാണ് എന്നാൽ അവർക്ക് ആവശ്യമുള്ളത് ലഭിക്കുന്നില്ല. അതെന്തു കാണിക്കുന്നു ? അതായത് അവർ തെറ്റായി നയിക്കപ്പെടുന്നു.അവർ സാധാരണത്വത്തിനും വളരെ മുകളിൽ എത്തി. അവരുടെ കാർ പങ്ചർ ആയി എന്നു പറയാൻ പോലും ഉപകരണങ്ങളെ വച്ചിരിക്കുന്നു.

ഭൗതികവിഷയങ്ങളിൽ പാശ്ചാത്യർ വളരെ വികസിച്ചിരിക്കുന്നു. ഈ ശാസ്ത്രജ്ഞന്മാരെ ഞങ്ങൾക്കു വേണ്ട എന്നു ജനങ്ങൾ പറയുന്ന തരത്തിൽ വരെ അവർ സാധാരണസ്ഥിതിക്കും മേലെയായി.ഇതെല്ലാം ഒരു വിപ്ലവത്തിന് മുന്നോടിയായുള്ള തയ്യാറെടുപ്പുകളാണ്.

എന്റെ പ്രിയപ്പെട്ട ശാസ്ത്രജ്ഞന്മാരേ ! ശരീരത്തിനു ഗുണകരമായത് കണ്ടുപിടിക്കു. ഈ പുരുഷന്മാർക്ക് ദിവസവും അവരുടെ താടി വടിക്കണം. അവരുടെ താടി വളരാത്തവിധം എന്തെങ്കിലും കണ്ടുപിടിക്കു ! ഈ ശരീരത്തിനു അതിന്റേതായ ആവശ്യങ്ങളുണ്ട്. ആ ആവശ്യങ്ങൾ നിറവേറ്റേണ്ടതുമുണ്ട്.

നോക്കു , ഇപ്പോൾ ഉടനെ നല്ല മഴ പെയ്യുകയും അതു നിലയ്ക്കാതിരിക്കുകയും ചെയ്താൽ എന്തു സംഭവിക്കും ? അത് എല്ലായിടത്തും നാശത്തെയുണ്ടാക്കും. സാധാരണ നിലയ്ക്കു മുകളിൽ ഉള്ളത് നാശത്തെ ഉണ്ടാക്കും.

**അന്വേഷകൻ** : നാം എങ്ങനെ സാധാരണ ജീവിതം നയിക്കും ?

**ദാദാജി** : നോക്കു. അല്പം ചൂടു കൂടിയാൽ ആളുകൾ ബഹളം വയ്ക്കും. വളരെ ചൂടാണ്. ഓ വളരെ ചൂടാണ് ! എന്നിങ്ങനെ എന്റെ ഒരു സുഹൃത്ത് ഒരിക്കൽ അലറിക്കൊണ്ടിരുന്നു. ഞാൻ അയാളോടു പറഞ്ഞു. "ചൂടു നിയന്ത്രിക്കുന്ന കേന്ദ്രത്തിലെ നിയന്താവായി നിങ്ങളെ നിയമിച്ചിരുന്നെങ്കിൽ എത്ര മാത്രം ചൂടു നിങ്ങൾ

പുറത്തേക്കു വിടും ? അയാൾ പറഞ്ഞു, “ഇതേ ചൂടു തന്നെ വിടും”. നിങ്ങളും ഇതേ ചൂടു തന്നെ വിടുമെങ്കിൽ എന്തിനാണ് ബഹളം വയ്ക്കുന്നത്?, ഞാൻ ചോദിച്ചു. ഈ ചൂട് സ്വാഭാവികമാണ്. പ്രകൃതി എല്ലാവരുടെയും ആവശ്യങ്ങൾ നിറവേറ്റുന്നു. എന്നാൽ ഈ നിർഭാഗ്യവാന്മാർ പ്രകൃതിയെ പഴിക്കുന്നു.

ഒരു മനുഷ്യൻ നല്ല തേച്ചു മിനുക്കിയ വസ്ത്രമിട്ടു പുറത്തേക്ക് പോകുമ്പോൾ ശക്തമായ മഴ പെയ്യാൻ തുടങ്ങിയെന്നു കരുതുക. അപ്പോൾ അയാൾ മഴയെ പഴിക്കും. ചിലർ പറയും, ഇന്നെന്റെ മകളുടെ വിവാഹമാണ്., മഴ പെയ്യാതിരുന്നാൽ മതിയായിരുന്നു. എന്നാൽ കർഷകൻ വേഴാമ്പലിനെപ്പോലെ മഴയ്ക്കായി കാത്തിരിക്കുന്നു. അങ്ങനെയുള്ള വൈരുദ്ധ്യങ്ങൾ ഉണ്ടാകുമ്പോൾ പ്രകൃതിയും തടസ്സപ്പെടുന്നു.

നിങ്ങളുടെ സംവേദനങ്ങളുടെയും പ്രകൃതിയുടെയും വിവിധഘട്ടങ്ങൾ തമ്മിൽ ക്രമീകരിച്ചാണ് ഈ പ്രാപഞ്ചികപ്രക്രിയ നടക്കുന്നത്. അതിനാൽ പ്രകൃതിയുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്തരുത്. എല്ലാം നിങ്ങൾക്ക് പ്രകൃത്യാ ലഭ്യമാകുന്നതാണ്. നാളെ സൂര്യനുദിച്ചില്ലെങ്കിൽ എന്തു സംഭവിക്കുമെന്ന് ആരെങ്കിലും ചിന്തിച്ചുവോ ? ഇനി അങ്ങനെ ആരെങ്കിലും ചിന്തിച്ചാലോ? അവർക്ക് അസ്വാസ്ഥ്യമുണ്ടാകും. അതിനാൽ പ്രാപഞ്ചികപ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാക്കരുത്.

എവിടെയാണോ ബാഹുല്യമുള്ളത് അവിടെ ശോഷണം ഉണ്ടാകും. ഒരാൾക്ക് വളരെ അധികം സമയം ഇരിക്കുന്നതു ക്ഷീണവും അധികം ഉറക്കം തളർച്ചയും ഉണ്ടാകും. ദുഃഖവും സന്തോഷവും ആപേക്ഷികമാണ്. ഒരു ധനികൻ സൂര്യന്റെ ചൂടിൽ നടക്കാൻ ഇറങ്ങിയാൽ ഒരു ചെറിയ മുൾച്ചെടിയുടെ തണലിൽ പോലും അയാൾ ഇരിക്കും. എന്നാൽ അവിടെ ഒരു നാലു മണിക്കൂർ ഇരിക്കാൻ അയാളോട് നാം ആവശ്യപ്പെട്ടാൽ മടുപ്പുണ്ടാക്കുന്നതിനാൽ അയാൾ അതിനു സമ്മതിക്കുകയില്ല.

ഏഴടി പൊക്കമുള്ള ഒരാൾ ഇന്ത്യയിൽ വന്നാൽ അയാൾ വളരെ പൊക്കമുള്ളവനാകും. എന്നാൽ നമ്മൾ സ്വഭാവേന ഏഴടി പൊക്കമുള്ള ആളുകൾ ഉള്ള രാജ്യത്തു ചെന്നാൽ നമ്മൾ വാമനൻമാരാകും. അതിനാൽ ഇതെല്ലാം ആപേക്ഷികമാണെന്ന് നിങ്ങൾക്കറിയാം. പൊക്കമുള്ളതും ഇല്ലാത്തതും ഒന്ന് മറ്റൊന്നിനെ അപേക്ഷിച്ചു മാത്രമാണ്.

ഒരാൾ അൻപത്തിയഞ്ചു വയസ്സു വരെ പഠിച്ചുകൊണ്ടിരിക്കുകയാ-

ണെങ്കിൽ ആളുകൾ എന്തു പറയും ? മൂഢാ നിങ്ങൾ എപ്പോൾ വിവാഹം കഴിക്കും ? അയാൾ സാധാരണത്വത്തിനു മുകളിലാണ്. എന്നാൽ രണ്ടു വയസ്സുള്ള കുട്ടി വിവാഹം കഴിച്ചാലോ അതു സാധാരണത്വത്തിനു താഴെയാണ്.

34

## ഭൗതികവികാസവും ആത്മീയവികാസവും

**അന്വേഷകൻ** : ഭാരതം ഒരു അവികിസതരാജ്യമെന്നു അവർ പറയുന്നു

**ദാദാജി** : വിദേശികൾ അവജ്ഞയോടെയാണ് ഭാരതം അവികസിതം എന്നു പറയുന്നത്. അവരോടു എനിക്കു പറയാനുണ്ട്, നിങ്ങൾ ഭൗതികമായി മാത്രമേ വികസിചിട്ടുള്ളൂ, നിങ്ങൾ ഇപ്പോഴും ആത്മീയമായി അവികസിതമാണ്. നിങ്ങളുടെ രാജ്യം ഭൗതികമായി വികസിച്ചു എന്നാൽ ഭാരതം ഭൗതികവികാസം പ്രാപിച്ചില്ലെങ്കിലും ആത്മീയമായി പൂർണ്ണമായും വികാസം പ്രാപിച്ചതാണ്.

**അന്വേഷകൻ** : അതെങ്ങനെ ?

**ദാദാജി** : ക്ഷണനേരത്തിൽ ഈ രാജ്യത്തെ ഒരു പോക്കറ്റടിക്കാരനെപ്പോലും എനിക്ക് പരിവർത്തനം ചെയ്യുവാൻ കഴിയും. ഭാരതത്തിനു വെളിയിലുള്ള ജനങ്ങൾ ആത്മീയവികാസം കുറഞ്ഞവരാണ്.എങ്ങനെ ? ക്രോധം, അഭിമാനം, വഞ്ചന, ലോഭം എന്നിവ വികാസത്തിലാണ്, എന്നാൽ ഇന്ത്യയിലെ ജനങ്ങളിൽ ഇതെല്ലാം വികസിച്ചിരിക്കുന്നു.

വിദേശത്തുള്ള ഒരു പരിചയക്കാരനോട് നിങ്ങൾക്ക് അൻപതു മൈൽ അകലെ ഒരു സ്ഥലത്ത് പോകാനുണ്ടെന്നു പറഞ്ഞാൽ അയാൾ നിങ്ങളെ കാറിൽ അവിടെ കൊണ്ടുപോയി തിരിച്ചു കൊണ്ടുവരും.അതു മാത്രമല്ല ഭക്ഷണശാലയിലെ ബില്ലും അയാൾ അടയ്ക്കും. എന്നാൽ ഇവിടുള്ള അമ്മാവന്റെ മകനോട് അയാളുടെ കാർ വേണമെന്ന് നിങ്ങൾ ആവശ്യപ്പെട്ടാൽ അയാൾ പെട്രോളിന്റെ ചിലവ്, അറ്റകുറ്റപ്പണികൾ എല്ലാം ആലോചിച്ചിട്ട് പറയും നാളെ എന്റെ ബോസ് വരുന്നുണ്ട്.

ഇതെല്ലാം എന്താണ് ? വിദേശിയുടെ ലോഭം വികസിച്ചിട്ടില്ല. അയാൾ അയാളെക്കുറിച്ചോ കൂടിപ്പോയാൽ അയാളുടെ ഭാര്യ മേരിയെക്കുറിച്ചോ ചിന്തിക്കും. അയാളുടെ മകനു പതിനെട്ടു വയസ്സാകുമ്പോൾ അയാൾ പറയും നീ നിന്റെ കാര്യം നോക്കിക്കോളൂ നമ്മൾക്ക് ഇനി പിരിയാം., എന്നാൽ നിങ്ങളുടെ ബന്ധുവിന്റെ ലോഭം വികസിച്ചിരിക്കുന്നു. അയാൾ അയാളെക്കുറിച്ച് മാത്രമല്ല ഭാര്യയെക്കുറിച്ചും മക്കളെക്കുറിച്ചും അടുത്ത എഴു തലമുറയെക്കുറിച്ചു വരെ അയാൾ ചിന്തി-

ക്കുന്നു. വില്ല്യമിനു മേരിയുമായി അഭിപ്രായഭിന്നതയുണ്ടെങ്കിൽ അയാൾ പറയും. " നമുക്കു പിരിയാം". നീ നിന്റെ വഴിക്കും ഞാൻ എന്റെ വഴിക്കും പോകാം." അങ്ങനെ അവർ വിവാഹമോചിതരാകും. എന്നാൽ നമ്മുടെ രാജ്യത്ത് ബന്ധം അത്രമാത്രം വികസിച്ചതാണ്. ഒരു സംഭവം പറയാം.

എൺപതു വയസ്സുള്ള ഒരു സ്ത്രീ തന്റെ എൺപത്തിയഞ്ചു വയസ്സുള്ള ഭർത്താവുമായി ദിവസവും കലഹിക്കുമായിരുന്നു. എന്നാൽ ആ വൃദ്ധൻ മരിച്ച-പ്പോൾ അവർ അയാളുടെ മരണാനന്തരക്രിയകൾ നടത്തിക്കുകയും അയാൾ ഇഷ്ടപ്പെട്ടിരുന്ന എല്ലാം ഇപ്രകാരം പറഞ്ഞുകൊണ്ട് ദാനം ചെയ്യുകയും ചെയ്തു, "നിങ്ങളുടെ അമ്മാവൻ ഇതു ഇഷ്ടപെട്ടിരുന്നു, അതു ഇഷ്ടപ്പെട്ടിരുന്നു". ഞാൻ പറഞ്ഞു, "അമ്മായീ നിങ്ങൾ അദ്ദേഹവുമായി എന്നും കലഹിച്ചിരുന്നു". അപ്പോ -ൾ അവർ എന്നോടു പറഞ്ഞു, "നിന്റെ അമ്മാവനെപ്പോലെ വേറെയാരെയും ഞാൻ കണ്ടിട്ടില്ല. എല്ലാ ജന്മവും അദ്ദേഹത്തെ എനിക്കു ഭർത്താവായി വേണം". നോക്കൂ, മമത എത്രത്തോളം ഇവിടെ വികസിച്ചിരിക്കുന്നു !

35

## ജന്മസിദ്ധമായ സ്വാഭാവികജീവിതം

വിദേശികൾ ജന്മനാ തന്നെ സ്വാഭാവികത ഉള്ളവരാണ്. സഹജവാസനയും ഉൾപ്രേരണയും കൊണ്ട് അവർ ജീവിക്കുന്നു. ഉദാഹരണമായി കൊമ്പുകൊണ്ടു കുത്താത്ത വളരെ മെരുക്കിയ ഒരു പശുവുണ്ടായിരുന്നു. അവളുടെ കൊമ്പിൽ ഒരു കൊച്ചുകുട്ടി തൊട്ടാൽ പോലും അവൾ ഉപദ്രവിക്കില്ല. എന്നാൽ പശുവിന്റെ ജീവിതം വന്യമെങ്കിൽ നിങ്ങൾ ശല്യപ്പെടുത്തിയില്ലെങ്കിൽ പോലും അവൾ കൊമ്പുകൊണ്ട് ആക്രമിക്കാൻ വരും. ഈ ആളുകളുടെ ജീവിതവും ജന്മസിദ്ധ-മായിത്തന്നെ ലളിതമാണ്. നിങ്ങളെ കൂടെക്കൂട്ടണമെങ്കിൽ അവർ 'യെസ്' എന്നു പറയും. ഇഷ്ടപ്പെട്ടില്ലെങ്കിൽ 'നോ' എന്നു പറയും. എന്നാൽ കളവു പറയില്ല. അവർക്കു രണ്ടു വാസനകളുണ്ട് : ഒന്ന് പൂർണ്ണമായും നേർവഴിയിൽ അല്ലെങ്കിൽ പൂർണ്ണമായും വൈരവും കുടിലതയും

ഇന്ത്യയിലെ ജനങ്ങൾ സഹജമായി ലാളിത്യമോ സ്വാഭാവികതയോ കാട്ടുന്നവരല്ല. പക്ഷെ സത്യയുഗത്തിൽ അങ്ങനെയുണ്ടായിരുന്നു. മാതൃകാപ-രമായ സ്വാഭാവികജീവിതം ആയിരുന്നു അത്. സത്യയുഗത്തിൽ ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നു നാലുതരത്തിൽ ജനങ്ങളെ തരംതിരിച്ചി-രുന്നു. ജനങ്ങളുടെ വികാസം അനുസരിച്ചാണ് ഈ വിഭജനം ഉണ്ടായിരുന്നത്.

ഇന്ന് ആളുകളുടെ വികാസം അതിന്റെ കൊടുമുടിയിൽ എത്തിയിരിക്കുന്നു. ഒരു മരപ്പണിക്കാരന്റെ മകൻ പോലും മറ്റുള്ളവരെപ്പോലെ ബുദ്ധിശാലിയായിരിക്കുന്നു. നൈസർഗ്ഗികമായ ലളിതജീവിതം പൂർണ്ണതയോടു കൂടിയതായിരുന്നു. അതു വളരെ ഉയർച്ചയിൽ എത്തി. പിന്നീട് മെല്ലെ ക്ഷയിക്കാൻ തുടങ്ങി. പ്രകൃതിയുടെ നിയമം അങ്ങനെയാണ്.

നാലായുള്ള ഈ വിഭജനത്തെ ജനങ്ങൾ ദുരുപയോഗം ചെയ്യുവാൻ തുടങ്ങി. ജനങ്ങൾ ശൂദ്രരെ വെറുക്കുകയും അവരുടെ ബുദ്ധിയെ അപമാനിച്ചു വേദനിപ്പിക്കുകയും ചെയ്തു. നിങ്ങൾക്കറിയുമോ എന്തു സംഭവിച്ചുവെന്ന്? സൂര്യൻ അസ്തമിക്കാൻ തുടങ്ങുകയും ഭാരതത്തിനു അവളുടെ തിളക്കം നഷ്ടപ്പെടുകയും ചെയ്തു, ആളുകൾ ഭയങ്കര ദുർവാശികൾ ആകുകയും പിശാചിനെപ്പോലെ പെരുമാറാൻ തുടങ്ങുകയും ചെയ്തു. ഇരുപതു വയസ്സുള്ള ഒരു വിധവ അവരുടെ വഴിയിലൂടെ നടന്നാൽ അവളെ ആശ്വസിപ്പിക്കുന്നതിനു പകരം അതൊരു ദുശ്ശകുനമായി അവർ കണക്കാക്കി. നിർഭാഗ്യവാന്മാരെ വിധവ പരിശുദ്ധ ഗംഗയാകുന്നു. അവൾ എങ്ങനെ ദുശ്ശകുനമാകും. ബ്രിട്ടീഷുകാർ വന്നു ഇന്ത്യ ഭരിച്ചു. അവരുടെ സ്വാഭാവികമായ സഹജഗുണം ദുർവാശിയോടു കൂടിയ നമ്മുടെ ജനങ്ങളുടെ ജീവിതവുമായി ഇഴചെർന്നപ്പോൾ ഇവിടുള്ളവർക്ക് ചെറിയ വിശ്രാന്തിയുണ്ടായി.

ഇവിടെ എല്ലാത്തിന്റെയും ആധിക്യമുണ്ടായിരുന്നു. അതിന്റെ അതൃപ്തികരമായ പരിണിതഫലങ്ങൾ നാം കണ്ടതാണ്. ഇപ്പോൾ ഭാരതത്തിന്റെ സൂര്യൻ ഉദിക്കുകയാണ്. ഇപ്പോൾ ഭാരതത്തിൽ പ്രഭാതവും ബാക്കി എല്ലായിടത്തും സന്ധ്യയുമാണ്.ഇന്ത്യയിൽ തെളിച്ചമായിരിക്കും ഇനി. ഭാവിയിൽ ഇന്ത്യ ലോകത്തിന്റെ കേന്ദ്രസ്ഥാനമായിരിക്കും എന്ന് ഞാൻ 1942 മുതൽ പറയുന്നു. ആ പ്രക്രിയ ആരംഭിച്ചുകഴിഞ്ഞു. എങ്ങനെ ജീവിക്കണമെന്ന് പഠിക്കാൻ വിദേശികൾ ഇന്ത്യയിലേക്ക് വരും. സ്വാഭാവികതയിൽ നിന്നും വളരെ മുകളിൽ പോയതിനാൽ പാശ്ചാത്യർ ജീവനകലയെ മറന്നു. അവർ ഭൌതികസുഖങ്ങൾ അധികമാക്കി. എങ്കിലും ഉറങ്ങാൻ അവർ ഉറക്കഗുളികകളെ ആശ്രയിക്കുന്നു. മായന്മാരെ നിങ്ങൾ എന്തിനാണ് ആ വിഷം എടുക്കുന്നത്? അവർ അസ്വസ്ഥരും വിലക്ഷണരുമായി മാറി ഉറക്കത്തെ നഷ്ടപ്പെടുത്തി. പ്രകൃതിയുടെ സമ്മാനമാണത്. ഇതിനെ എങ്ങനെ ജീവിതം എന്നു വിളിക്കാനാകും ?

നിങ്ങൾ ചന്ദ്രനിൽ വരെ എത്തി, എങ്കിലും സ്വസ്ഥമായി ഉറങ്ങാനാകു-

ന്നില്ലെങ്കിൽ ആ നേട്ടം കൊണ്ട് എന്ത്ര പ്രയോജനം ?

36

## സാധകരുടെ അവസ്ഥ

ആരെയാണ് സാധു എന്ന വിളിക്കാൻ കഴിയുക ? ആരാണോ ശുദ്ധാത്മാവിനെ പ്രാപിക്കാനുള്ള മാർഗ്ഗത്തിലുള്ളത് അയാളാണ് സാധു. അച്ചടക്കത്തോടു കൂടിയ ജീവിതം നയിക്കുകയും മോക്ഷത്തിനായി എപ്പോഴും പരിശ്രമിക്കുകയും ചെയ്യുന്ന ആളാണ് സാധു. ഈ കലിയുഗത്തിൽ ഒരു സാധു മോക്ഷത്തിനായി പരിശ്രമിക്കും പക്ഷെ അദ്ദേഹത്തിന്റെ ജീവിതരീതി ആത്മീയവളർച്ചക്ക് ഹാനികരവുമാണ്. സമയികയോ പ്രതിക്രമണമോ ചെയ്യുന്ന സാധു നൂറു പോയിന്റ് നേടുന്നു. അയാൾ ശിഷ്യരുമായി കലഹിച്ച് മാനസികസംഘർഷം നേരിടുമ്പോൾ 150 നഷ്ടപ്പെടുന്നു.രണ്ടും ഒരുപോലെ സംഭവിക്കുന്നു.

വാസ്തവത്തിൽ മോക്ഷത്തിലേക്കുള്ള ആത്മീയോന്നമനം ഒരുവനു തന്റെ ആത്മാവിനെ അറിയുമ്പോൾ മാത്രമാണ് ഉണ്ടാകുക. അതിനാൽ പ്രതികൂലങ്ങളായ ചതിക്കുഴികൾ ഒഴിവാക്കി ആത്മീയ വളർച്ചക്ക് സഹായകരമായ പരിശ്രമങ്ങൾ ആകണം ഉണ്ടാകേണ്ടത്. എങ്കിൽ മാത്രമേ യഥാർത്ഥ ഉന്നമനം ഉണ്ടാകൂ. അല്ലെങ്കിൽ ഒരുവൻ മോക്ഷത്തിനു പകരം സംസാരത്തിലോട്ടു പ്രയാണം ചെയ്യും. സാധകാവസ്ഥ എന്നാൽ സിദ്ധാവസ്ഥയിലേക്കുള്ള ധാരമുറിയാത്ത വികാസമാണ്.

ആരും തെറ്റുകാരല്ല. അജ്ഞാനം ആണ് കെണി. അല്ലാത്തപക്ഷം സാധുക്കൾ സാധകാവസ്ഥയിൽ എത്താൻ ആശിച്ചുകൊണ്ടിരിക്കും.

37

## സൽപ്രവൃത്തിയും ദുഷ്പ്രവൃത്തിയും

**അന്വേഷകൻ** : ഒരാൾ പുണ്യകർമ്മങ്ങൾ ചെയ്യുകയും പാപകർമ്മങ്ങൾ ഒഴിവാക്കുകയും ചെയ്യേണ്ടത് എന്തുകൊണ്ടാണ്?

**ദാദാജി** : നോക്കൂ, ലോകത്തു രണ്ടുതരം വസ്തുക്കളുണ്ട്. ആത്മാവും അനാത്മാവും. ഏതെങ്കിലും ജീവിക്കു നിങ്ങൾ ശാന്തിയും സന്തോഷവും നൽകിയാൽ നിങ്ങൾ പുണ്യം സമ്പാദിക്കും. വേദന നൽകിയാൽ പാപം സമ്പാദിക്കും.

പുണ്യകർമ്മങ്ങളുടെ ഫലം എന്തെന്നാൽ അവ സന്തോഷത്തെ നൽകുകയും നിങ്ങളുടെ ആഗ്രഹങ്ങൾ സഫലമാകുകയും ചെയ്യും.

പാപകർമ്മങ്ങൾ മൂലം നിങ്ങൾക്ക് അസന്തുഷ്ടിയുണ്ടാകുകയും നിങ്ങൾ ആഗ്ര-ഹിച്ചതിനു വിപരീതമായ ഫലങ്ങൾ ഉണ്ടാകുകയും ചെയ്യും.

ഭൂതകാലത്തിലെ പുണ്യപാപകർമ്മങ്ങളുടെ ഫലത്തിലൂടെ കടന്നുപോകുമ്പോൾ നിങ്ങളുടെ ചിന്തകളെയും പ്രവൃത്തികളെയും ആശ്രയിച്ച് നിങ്ങൾ വീണ്ടും പുണ്യ-പാപങ്ങൾ സഞ്ചയിച്ചേക്കാം.

**അന്വേഷകൻ** : വിശദീകരിക്കുമോ ?

**ദാദാജി** : 1. പാപാനുബന്ധി പാപം (പഴയ ദുഷ്കർമ്മങ്ങളുടെ ഫലം അനുഭവിച്ചു-കൊണ്ടിരിക്കുമ്പോൾ പുതിയ ദുഷ്കർമ്മങ്ങളെ സഞ്ചയിക്കുന്നത്)

തന്റെ ദുഷ്കർമ്മങ്ങളുടെ ഫലം അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരുവൻ അതെ നടപടിക്രമത്തിൽ തുടരുന്നു. മറ്റു ജീവജാലങ്ങളെ വേദനിപ്പിച്ചുകൊണ്ട് അയാൾ ആ ക്രൂരതയിൽ ആനന്ദിക്കുന്നു. ഇറച്ചിവെട്ടുകാർ, മീൻപിടുത്തക്കാർ, വേടന്മാർ എന്നിവർ ജീവികളെ വേദനിപ്പിക്കുകയും പുതിയ ദുഷ്കർമ്മങ്ങൾ സഞ്ചയിക്കുകയും ചെയ്യുന്നു.

2. പുണ്യാനുബന്ധി പാപം. (പഴയ പാപ കർമ്മങ്ങളുടെ ഫലം അനുഭവിച്ചു-കൊണ്ടിരിക്കുമ്പോൾ പുതിയ സത്കർമ്മങ്ങളെ സഞ്ചയിക്കുന്നത്) ഒരു പാവ-പ്പെട്ട മനുഷ്യൻ കാഠിന്യമേറിയ തന്റെ ജീവിതത്തിനിടയിലും സദാചാരപരമായി മൂല്യങ്ങളോടു കൂടിയ ജീവിതം നയിക്കുന്നതുപോലെ ഒരാൾ തന്റെ പഴയ ദുഷ്ക-ർമ്മങ്ങളുടെ ഫലം അനുഭവിക്കുമ്പോൾ പുതിയ സത്കർമ്മങ്ങൾ സഞ്ചയിക്കുന്നു.

3. പാപാനുബന്ധി പുണ്യം (പഴയ സത്കർമ്മങ്ങളുടെ ഫലം അനുഭവിക്കു-മ്പോൾ പുതിയ ദുഷ്കർമ്മങ്ങളെ സഞ്ചയിക്കുന്നത്)

ഒരുവൻ തന്റെ പൂർവ്വപുണ്യഫലങ്ങൾ ആസ്വദിക്കുമ്പോൾ തന്നെ ഭീകരമായ ദുഷ്കർമ്മങ്ങളെ സഞ്ചയിക്കാം. ഈ വിഭാഗത്തിൽ പെട്ടവർ ഇപ്പോൾ വ്യാപക-മാണ്. ഒരു ധനികനു വലിയ ബംഗ്ലാവ് ഉണ്ട്. എങ്കിലും അയാൾക്ക് അവിടെ സന്തോഷത്തോടെ ജീവിക്കാൻ ആകുന്നില്ല. തെറ്റായ മാർഗ്ഗത്തിൽ കൂടുതൽ പണമുണ്ടാക്കാൻ അയാൾ വീടിനു പുറത്താണ്. അയാളുടെ ഭാര്യയാകട്ടെ എപ്പോഴും പുറത്തു ഫാഷൻ കടകളിൽ സാധനങ്ങൾ വാങ്ങാൻ നടക്കുന്നു. മക-ൾക്ക് കാറോടിക്കുന്നതിലാണ് താത്പര്യം. വീട്ടിലുള്ള ഒരേ ഒരാൾ വേലക്കാ-രനാണ്.

പൂർവ്വകാല സത്കർമ്മങ്ങളുടെ ഫലമായി ആ ധനികനു ബംഗ്ലാവ്, കാർ,, ഫ്രിഡ്ജ് എല്ലാം ഉണ്ടെങ്കിലും അയാൾ വർത്തമാനകാലത്തിൽ ദുഷ്കർമ്മം സഞ്ച-

യിക്കുന്നു. അയാൾ തന്റെ സമയം മമതയിലും ലോഭത്തിലും പാഴാക്കുന്നതിനാൽ ശ്രേയസ്സുണ്ടാകുന്നില്ല. അവരുടെ ഭൌതികസുഖത്തിനു വേണ്ടി മറ്റുള്ളവരെ കൊള്ളയടിക്കുകയാണ് ഇക്കൂട്ടർ ചെയ്യുന്നത്.

അഹന്ത, ദുരാഗ്രഹത്തോട് കൂടിയ വ്രതം, ദുരാഗ്രഹത്തോട് കൂടിയ ആചാരം എന്നിവ പാപാനുബന്ധിപുണ്യം കൊണ്ടുവരുന്നു.

4. പുണ്യാനുബന്ധി പുണ്യം (പൂർവ്വസത്കർമ്മങ്ങളുടെ ഫലം അനുഭവിച്ചു-കൊണ്ടിരിക്കുമ്പോൾ പുണ്യഫലങ്ങൾ സഞ്ചയിക്കുന്നത്.)

ആത്മീയോത്കർഷത്തിനു വേണ്ടി പഠനവും സാധനയും അനുഷ്ഠിക്കുന്ന ഒരാൾ തന്റെ പൂർവ്വപുണ്യകർമ്മഫലം അനുഭവിക്കുമ്പോൾ തന്നെ പുതിയ പുണ്യകർമ്മങ്ങൾ സഞ്ചയിക്കുന്നു. കൂടുതൽ പുണ്യം സമ്പാദിക്കുന്ന അയാൾ ആത്യന്തികമായി മോക്ഷത്തെ പ്രാപിക്കുന്നു.

ആത്മീയോന്നമനത്തിനായി ശരിയായ ബോധത്തോടു കൂടി തപശ്ചര്യ-കൾ അനുഷ്ഠിക്കുന്ന ആൾ പുണ്യാനുബന്ധിപുണ്യത്തെ നേടുന്നു. ഭാഗ്യവശാൽ അയാൾ ഒരു ജ്ഞാനിപുരുഷനെ കണ്ടെത്തിയാൽ മുക്തിയും നേടും.

നല്ല പ്രവൃത്തികൾ കൂടാതെ ധനം കൈവശം വയ്ക്കുവാൻ നിങ്ങൾക്കാവില്ല. ഫലത്തെ നോക്കി നിങ്ങൾ ഏതൊക്കെ നല്ല കർമ്മങ്ങൾ ചെയ്തു എന്നു മനസ്സി-ലാക്കാൻ കഴിയും.

**അന്വേഷകൻ** : ഈ ലോകത്ത് ഏറ്റവും ധർമ്മിഷ്ഠനെന്നു ആരെ പറയാൻ കഴി-യും ?

**ദാദാജി** : ആർക്കാണോ ആഗ്രഹമോ, ആയാസമോ കൂടാതെ നൈസർഗ്ഗികമാ-യ ഒരു ചിന്ത ഉണ്ടായി അതു നിർണ്ണയിച്ച് തനിക്കു വേണ്ടത് ഉടനടി ലഭിക്കുന്നത് അയാൾ.

യാതോരുവൻ ആഗ്രഹിക്കുകയും വീണ്ടും വീണ്ടും തീർപ്പുകൽപ്പിച്ച് സായ-ത്നനത്തോടെ അതു നേടുകയും ചെയ്യുന്നോ അയാൾ രണ്ടാം സ്ഥാനത്ത്.

മൂന്നാമൻ ആഗ്രഹിക്കുകയും കുറച്ച് പ്രയത്നത്തിലൂടെ അവനു ആവശ്യമുള്ളത് നേടുകയും ചെയ്യുന്നു. നാലാം സ്ഥാനക്കാരൻ അനേകം തവണ പ്രയത്നിച്ചു തന്റെ ആഗ്രഹം സഫലീകരിക്കുന്നവനാണ്. എന്നാൽ അഞ്ചാമനാകട്ടെ ആഗ്രഹിക്കു-കയും എന്നാൽ കഠിനപ്രയത്നം ചെയ്തിട്ടും ലക്ഷ്യം നേടാതെ പോകുന്നവനു-മാണ്. ഇക്കൂട്ടർക്ക് കഠിനാദ്ധ്വാനം ചെയ്യേണ്ടി വരികയും അതോടൊപ്പം അസഭ്യം കേൾക്കേണ്ടി വരികയും പണം ലഭിക്കാതിരിക്കുകയും ചെയ്യുന്നു. അവർക്കു ശമ്പ-

ളം കിട്ടിയാൽത്തന്നെ ഗൃഹഭക്ഷണം കിട്ടുമെന്ന ഉറപ്പുമില്ല. അവർ ഏറ്റവും കഠിനമായ പ്രവൃത്തി ചെയ്തിട്ടും അതിന്റെ ഫലം ലഭിക്കാത്തവരാണ്.

**അന്വേഷകൻ** : മനപ്പൂർവമല്ലാത്ത പാപം ചെയ്താൽ അതിനു ഫലമുണ്ടാകുകയില്ലെന്നു ചിലർ പറയുന്നു.

**ദാദാജി** : ഞാൻ ചോദിക്കുന്നു, എന്തുകൊണ്ടില്ല ? നിങ്ങളുടെ കൈ അറിയാതെ തീയിൽ സ്പർശിച്ചാൽ ഫലം ഇല്ലാതെയിരിക്കുമോ ? അറിഞ്ഞും അറിയാതെയും ചെയ്ത പാപങ്ങൾ ഒരുപോലെയാണ്. എന്നാൽ അറിയാതെ ചെയ്ത കർമ്മങ്ങളുടെ ഫലങ്ങൾ അറിയാതെ തന്നെ അനുഭവിക്കുന്നു. എന്നാൽ അറിഞ്ഞു ചെയ്ത കർമ്മങ്ങളുടെ ഫലങ്ങൾ അറിഞ്ഞുകൊണ്ട് അനുഭവിക്കുന്നു. അതാണു വ്യത്യാസം.

**അന്വേഷകൻ** : ഒരു ഉദാഹരണം പറയുമോ ?

**ദാദാജി** : രണ്ടു സഹോദരങ്ങളുടെ ഉദാഹരണം എടുക്കാം. ഒരുവന് പതിനാറു വയസ്സും മറ്റൊരാൾ അവനെക്കാൾ രണ്ടു വയസ്സു മുതിർന്നതുമാണ്. അവരുടെ അമ്മ മരിച്ചു. അതിന്റെ പരിണിതഫലം രണ്ടു പേരും അനുഭവിക്കേണ്ടി വന്നു. മൂത്ത ആൾക്ക് ബോധപൂർവ്വം അതു അനുഭവിക്കേണ്ടി വന്നു. എന്നാൽ ഇളയവൻ ആ പരീക്ഷണത്തിലൂടെ അബോധമായി കടന്നു പോയി.

ഒരു നല്ല കാര്യവും അറിയാതെ ചെയ്യേക്കാം. നിങ്ങൾ വീട്ടിലേക്ക് ഒരു സഞ്ചി പഞ്ചസാര കൊണ്ടുപോകുന്നു. ആ സഞ്ചിയിൽ ഒരു ചെറിയ സുഷിരം ഉണ്ടായിരുന്നതിനാൽ പഞ്ചസാര താഴെ വീണുകൊണ്ടിരുന്നു. ഉറുമ്പുകൾ അതിന്റെ പ്രയോജനം നേടി. ഇതു അബോധപൂർവ്വമായ ഒരു സത്പ്രവൃത്തിയാണ്. അതിന്റെ ഫലവും അബോധമായി അനുഭവിക്കും.

ദ്വന്ദ്വങ്ങളിൽ നിന്നും മുക്തരാകാൻ കഴിയാത്ത വിധമുള്ള പുണ്യപാപങ്ങളുടെ സങ്കീർണ്ണമായ അനുക്രമത്തിൽ മനുഷ്യൻ അലയുന്നു. പുണ്യകർമ്മങ്ങൾ ചെയ്താൽ അവൻ സ്വർഗ്ഗത്തെ പ്രാപിക്കുന്നു എന്നാൽ മുക്തി നേടുന്നില്ല. ഒരു ജ്ഞാനിയെ കണ്ടെത്തി അദ്ദേഹം നിങ്ങളുടെ പാപങ്ങളെ ഭസ്മീകരിച്ച് നിങ്ങൾക്ക് ശുദ്ധാത്മാവിന്റെ അനുഭവത്തെ തരുമ്പോൾ മാത്രമേ നിങ്ങൾ മുക്തരാകുകയുള്ളൂ. അതു വരെ നിങ്ങൾ ഈ സങ്കീർണ്ണലോകത്തിൽ 84 ലക്ഷം തരം ജന്മങ്ങളിൽ അലയേണ്ടിവരും.

ഒരു ഇന്ദ്രിയവ്യാപാരം മാത്രമുള്ള ചെടികളും വൃക്ഷങ്ങളും മുതൽ അഞ്ചു ഇന്ദ്രിയങ്ങളുള്ള ജീവികൾ വരെ ഇരുട്ടിൽ അടയ്ക്കപ്പെട്ടവനെപ്പോലെ വേദനകൾ

അനുഭവിച്ചുകൊണ്ടിരിക്കുന്നു. ആത്മാവിനെ മറയ്ക്കുന്ന മൂടുപടങ്ങൾ അങ്ങനെ-യാണ്. അഞ്ചു ഇന്ദ്രിയങ്ങളുള്ള മനുഷ്യൻ ഇത്രയും ക്ലേശിക്കുന്നുവെങ്കിൽ കുറച്ചു ഇന്ദ്രിയവ്യാപാരമുള്ള ജീവികളോ ? ആറു ഇന്ദ്രിയങ്ങൾ ഉള്ള ജീവിയില്ല. ഈ വൃക്ഷങ്ങളും ജന്തുക്കളും തിര്യക് ഗതിയിൽ അവയുടെ കാലം കഴിക്കുന്നു, കഠിനമായ തടവുശിക്ഷയാണത്.

മനുഷ്യജീവിതം ലളിതമാണ്, ലളിതമായ കാരാഗൃഹവാസം. എന്നാൽ നരകത്തിലെ ജീവിതം കഠിനവേദനയുള്ളതാണ്. നരകത്തിന്റെ യഥാർത്ഥ ചി-ത്രം ഞാൻ വിവരിച്ചാൽ നിങ്ങൾ ഭയം കൊണ്ടു മരിക്കും. അരി പുഴുങ്ങുമ്പോൾ ഉള്ളതിനേക്കാൾ നൂറായിരം മടങ്ങു അധികമാണ് അവിടുത്തെ വേദന. ഒരുവ-നെ തന്റെ ജീവിതത്തിൽ അഞ്ചു തവണ മരണഭയം പിന്തുടരുമെങ്കിലും മരണം ഒഴിഞ്ഞുമാറുന്നു. നരകത്തിൽ അവരുടെ ശരീരം മെർക്കുറി പോലെയാണ്. അതു മുറിയും വീണ്ടും യോജിക്കും എന്തെന്നാൽ അവിടെ അവർ ക്ലേശിക്കേണ്ടതുണ്ട്, അതിനാൽ മരണമില്ല. ആ വേദന സഹിക്കേണ്ടതുണ്ട്. നരകത്തിലെ ജീവിതം ആജീവനാന്തമുള്ള ശിക്ഷപോലെയാണ്.

ദേവതാലോകങ്ങൾ അനുഭവിക്കുന്ന ദേവതകളും ബന്ധനത്തിലാണ്. അവർക്കും മുക്തിയില്ല. ഉദാഹരണമായി നിങ്ങൾ വിവാഹം കഴിക്കുന്നു. എല്ലാം മറന്നു ഇന്ദ്രിയസുഖങ്ങളിൽ രമിക്കുന്നു. ഐസ്ക്രീം കഴിക്കുമ്പോൾ നാവു രുചിക്കുന്നു. സംഗീതം കർണ്ണങ്ങൾക്കു മധുരതരമാകുന്നു. വധുവിന്റെ കണ്ണുകളിൽ നിങ്ങൾ ഭോഗം കാണുന്നു. സുഗന്ധലേപനങ്ങൾ മൂക്കിനെ പ്രലോഭിപ്പിക്കുന്നു. മധുരം നാവിനെ തൃപ്തിപ്പെടുത്തുന്നു. എല്ലാ ഇന്ദ്രിയങ്ങളും പ്രവർത്തിക്കുകയും മനസ്സ് അശാന്തമാകുകയും ചെയ്യുന്നു. ആ അവസരത്തിൽ ആത്മാവിനെ സ്മരിക്കുവാൻ ആകില്ല. ദേവതകളുടെ അവസ്ഥ അതുപോലെയാണ്. അവർക്ക് ധാരാളം ഭോഗങ്ങളുണ്ട്. അതിനാൽ അവർ അബോധാവസ്ഥയിലാണ്. ശുദ്ധാത്മാവിനെ-ക്കുറിച്ചും മോക്ഷത്തെക്കുറിച്ചും അവർക്ക് യാതൊരറിവും ഇല്ല. മാനസികയാതന, അസൂയ,അശാന്തി എന്നിവയാൽ അവർ ബാധിക്കപ്പെടുകയും ഭോഗങ്ങളിൽ വിരക്തി ഉണ്ടാകുകയും ചെയ്യുന്നു.ഒരു വിവാഹസത്കാരത്തിന്റെ ഭാഗമായി നാലു ദിവസം മൃഷ്ടാന്നഭോജനം കഴിച്ച ആൾ അഞ്ചാം ദിനം സാധാരണഭക്ഷണത്തി-നുവേണ്ടി നിലവിളിക്കും പോലെയാണത്. ഈ ദേവതകൾ മനുഷ്യനായി ഭാരതക്ഷേത്രത്തിലെ ഒരു ശ്രേഷ്ഠകുടുംബത്തിൽ ജനിക്കുവാനും ഒരു ജ്ഞാനിപു-രുഷനെ കണ്ടെത്തുവാനും അതിയായി ആഗ്രഹിക്കുന്നു.

ജ്ഞാനിയെ കണ്ടെത്തുമ്പോൾ മാത്രമേ ജീവിതത്തിന്റെ പ്രശ്നം പരിഹരിക്കപ്പെടുകയുള്ളൂ. അല്ലെങ്കിൽ ജീവിതചക്രത്തിൽ കറങ്ങിക്കൊണ്ടേ ഇരിക്കും.

**അന്വേഷകൻ** : എന്താണ സങ്കല്പവികല്പങ്ങൾ ?

**ദാദാജി** : വികല്പം എന്നാൽ ഞാൻ, സങ്കൽപം എന്നാൽ എന്റെ. ഞാൻ അമിത് എന്നത് വികല്പം : (തെറ്റിധാരണാജന്യമായ അഹംവൃത്തി), അതാണ് ഏറ്റവും ശക്തമായ വികല്പം. ഇതെന്റെ ഭാര്യ, ഇതെന്റെ കുട്ടികൾ, ഇതെന്റെ ബംഗ്ലാവ്, കാർ എന്നിങ്ങനെയുള്ളത് സങ്കല്പവും ആകുന്നു.

## 38

## സൃഷ്ടിയും സംഹാരവും (നിറയ്ക്കലും ഒഴിയലും)

ഒരുവൻ കട്ടിലിൽ കിടന്നു വ്യത്യസ്തങ്ങളായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നു (നിറയ്ക്കൽ); എന്നിട്ട് ബ്രഹ്മാവിന്റെ ജോലി ഏറ്റെടുക്കുന്നു. അയാൾ തന്നെ സ്രഷ്ടാവായ ബ്രഹ്മാവിനെപ്പോലെ തീരുമാനങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. എന്നാൽ അയാളുടെ സൃഷ്ടിയുടെ വിടുതൽ ഉണ്ടാകുമ്പോൾ കാര്യങ്ങൾ പ്രകൃതിയുടെ പദ്ധതിയിലേക്ക് മാറുന്നു. അതിനാൽ കാര്യങ്ങൾ അയാളുടെ കയ്യിലൊതുങ്ങില്ല. കാര്യങ്ങൾ ഒഴിയാൻ തുടങ്ങുമ്പോൾ ഭ്രമിക്കപ്പെട്ട ഒരുവന്റെ അവസ്ഥയിലേക്ക് അയാൾ ഇറങ്ങി വരുന്നു. അതിനാൽ അയാൾ പ്രകൃത്യാ ആശയക്കുഴപ്പത്തിൽ ആകുകയും തന്റെ കയ്യിൽ നിന്നും കാര്യങ്ങൾ നഷ്ടമാകുന്നതു കണ്ടു ഭയത്താൽ പരിഭ്രമിക്കുകയും ചെയ്യുന്നു.

പദ്ധതി നിർമ്മിച്ച അവസരത്തിൽ ഒരു ചിന്ത ജനിക്കുകയും അയാൾ ഈ പദ്ധതിയുമായി ഐക്യപ്പെടുകയും ചെയ്യുന്നു. അതാണ് നിറയ്ക്കൽ. അതു പ്രത്യക്ഷമായി മൂർത്തീകരിക്കപ്പെടുന്നത് അതിന്റെ ഒഴിക്കൽ ആണ്. ഒഴിഞ്ഞതിനെ തിരിച്ചെടുക്കാനാവാത്തതാണ്. ഇത് ഒരാളുടെ കൈവശമെങ്കിൽ അപ്രിയകരമായ ഒന്നും സംഭവിക്കാൻ ആരും അനുവദിക്കുകയില്ല.എന്നാൽ അതു നമ്മുടെ നിയന്ത്രണത്തിലല്ല. അവിടെയാണ് വ്യവസ്ഥിതശക്തിയുടെ പ്രവർത്തനം നടക്കുന്നത്.

വ്യവസ്ഥിതശക്തിയുടെ അമൂർത്തമായ പ്രപഞ്ചപ്രക്രിയ മഹത്തായി ഭരിക്കുന്നു. ആ ശക്തിയുടെ മുന്നിൽ എല്ലാവരും നിസ്സഹായരാണ്. അതിനാൽ സൃഷ്ടി ചെയ്യുമ്പോൾ നിങ്ങളോടു സത്യസന്ധത പുലർത്തുകയും അനാരോഗ്യകരമായ കൌശലങ്ങൾ പ്രയോഗിക്കാതെയും ഇരിക്കുക. നിങ്ങൾ സ്രഷ്ടാവായ ബ്രഹ്മാ-

വിന്റെ സ്ഥാനത്തിരുന്നാൽ ബ്രഹ്മപദം നിങ്ങളിൽ നിന്നും പിടിവിട്ടുപോകും. എന്നാൽ അങ്ങനെയൊരാൾ ജ്ഞാനിയെ സന്ധിച്ചാൽ ജ്ഞാനി അയാളെ യഥാർത്ഥ ആത്മാവിനെ ബോധിപ്പിച്ച് ബ്രഹ്മനിഷ്ഠനാക്കിത്തീർക്കും. ശുദ്ധമായ ആത്മതത്വത്തിൽ എന്നെന്നേക്കുമായി അയാൾ അവരോധിതനാകും. അങ്ങനെ പുതിയ സഞ്ചയങ്ങൾ ഇല്ലതെയാകുകയും സ്ഥൂലശരീരം ഒഴിയാൻ തുടങ്ങുകയും ചെയ്യും. സർഗ്ഗാത്മകമായ ഈ പ്രക്രിയ മനുഷ്യർക്ക് മാത്രമേ സാധ്യമാകുകയുള്ളൂ. അങ്ങനെ ആത്മാവ് ജീവിതശൃംഖലയെ തരണം ചെയ്ത് മുക്തി പ്രാപിക്കുന്നു.

## 39

## പുരുഷനും പ്രകൃതിയും

## (ആത്മാവും അനാത്മാവും)

**അന്വേഷകൻ** : ഓരോരുത്തർക്കും വ്യത്യസ്ത പ്രകൃതി ഉണ്ടാകുന്നതെന്തുകൊണ്ടാണ്?

**ദാദാജി** : പ്ര എന്നതിന് വിശിഷ്ടമായ പ്രയത്നത്താൽ ചെയ്തതെന്നും കൃതി എന്നതിന് സൃഷ്ടി എന്നുമാണ് അർത്ഥം. സാധാരണ ഗതിയിലല്ല സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അനാദികാലം മുതൽ ലോകം മുഴുവൻ പ്രകൃതിയേയും പുരുഷനേയും അറിയുവാനാണ ശ്രമിക്കുന്നത്. എന്നാൽ അതു അത്ര എളുപ്പം ഗ്രഹിക്കാവുന്നതല്ല. അവർ അനാത്മാവിനെ അനാത്മാവിൽ ഇരുന്നുകൊണ്ടു മനസ്സിലാക്കാൻ ശ്രമിച്ചു. ആത്മാവിൽ ഇരുന്നുകൊണ്ടു വേണം അനാത്മാവിനെ അറിയുവാൻ. സാധാരണ കാർമികമാർഗ്ഗത്തിൽ പൂർണ്ണമായും പ്രകൃതിയുടെ വിശാലമണ്ഡലത്തെ തിരിച്ചറിഞ്ഞ ശേഷമാണ് ആത്മസാക്ഷാത്കാരം നേടുന്നത്. അതിനാൽ ഈ കടംകഥ അനേകം ജന്മങ്ങളുടെ ചാക്രികഭ്രമണത്തിൽ പരിഹരിക്കപ്പെടാതെ കിടക്കുന്നു.

അക്രമ മാർഗ്ഗത്തിൽ ജ്ഞാനി ആത്മീയസാഫല്യം ആഗ്രഹിക്കുന്നവന്റെ ശിരസ്സിൽ കൈ വച്ച് അനുഗ്രഹിക്കുമ്പോൾ അയാൾ മുഴുവൻ പ്രകൃതിയെയും അറിയുന്നു. അതിനു ശേഷം ശുദ്ധാത്മാവിനെയും പ്രകൃതിയെയും ഭിന്നമായി അറിയുന്നു.

**അന്വേഷകൻ** : അങ്ങനെയെങ്കിൽ ഒരുവന്റെ പ്രകൃതിയുടെയും പുരുഷന്റെയും പ്രഹേളിക എങ്ങനെ പരിഹരിക്കും ?

**ദാദാജി** : ജീവന്മുക്തനായ ജ്ഞാനിയുടെ അനുഗ്രഹത്താൽഒരുവൻ ശുദ്ധാത്മാവായിരുന്നുകൊണ്ട് അനാത്മാവിനെ അറിയണം. അപ്പോൾ മാത്രമേ തന്റെ

സ്വഭാവമായ പ്രകൃതിയെ അതിസൂക്ഷ്മതലത്തിൽ പുരുഷനിൽ നിന്നും വേർതി-രിച്ചറിയാനാകും.

## 40

## എന്താണ് അനാത്മാവ് അഥവാ പ്രകൃതി ?

**അന്വേഷകൻ** : പ്രകൃതിയെക്കുറിച്ച് വിശദമായി പറയൂ

**ദാദാജി** : സ്വാഭാവികമായി പ്രകൃതിയെ സ്ത്രൈണഭാവത്തിലും ആത്മാവിനെ പുരുഷഭാവത്തിലുമാണ് വ്യവഹരിക്കുന്നത്. ഭഗവാൻ കൃഷ്ണൻ അർജ്ജുനനോടു പറഞ്ഞു : ത്രിഗുണാത്മകമായ (സത്ത്വം, രജസ്സ്, തമസ്സ്) പ്രകൃതിയിൽ നിന്നും മുക്തനാകൂ. പ്രകൃതിയുടെ മൂന്നു ഗുണങ്ങളിൽ നിന്നും മുക്തനായ പുരുഷനാകൂ എന്തെന്നാൽ പ്രകൃതിയുടെ ഗുണങ്ങളിൽ സ്ഥിതി ചെയ്താൽ നീ അശക്തനാണ്, ആത്മാവിന്റെ ധർമ്മത്തിൽ നിന്നാൽ നീ പുരുഷനാണ്.

പ്രകൃതി ഒരു പമ്പരത്തിന്റെ രൂപത്തിലാണ്. എന്താണ് പമ്പരം ? പമ്പരം ചുറ്റുമ്പോൾ അതു സൃഷ്ടിയാണ്. അതു കറക്കുമ്പോൾ ചുരുൾ അഴിയുന്നു. അതു പ്രകൃതി. ചുരുട്ടലും, ചുരുൾ അഴിയലും, കറക്കലും എല്ലാം കലാപരമാണ്. ഒരു കുട്ടി ഒരിക്കലും ഉരുള അതിന്റെ ചെവിയിൽ ഇടില്ല വായിലേ ഇടുകയുള്ളൂ. ഒരു അമ്മ-സർപ്പം മരിച്ചു. അവളുടെ മുട്ടകൾ പൊട്ടി കുഞ്ഞുങ്ങൾ പുറത്തു വന്നു. പുറത്തു വന്ന ഉടനെ അതു എന്തു ചെയ്യുമെന്നറിയുമോ ? അവ പത്തി വിടർത്തും. ഇതു പ്രകൃതിയുടെ അത്ഭുതമാണ്. പ്രകൃതിയുടെ കലാപ്രവർത്തനം അത്ഭുതകരമാണ്. എത്ര നാൾ പ്രകൃതിക്ക് ചാഞ്ചാടാൻ ആകും.പ്രകൃതിയിലെ എല്ലാത്തിനും അതിന്റേതായ പരിധിയുണ്ട് ആ പരിധിയിൽ നിന്നെ അതു ചാഞ്ചാടൂ. ഒരു പമ്പരം പോലും അതിന്റെ പരിധിയിൽ നിന്നേ കറങ്ങൂ. ഒരു ചിന്തയ്ക്ക് അതിന്റെ പരിമിതിയുണ്ട്. മോഹത്തിനു അതിന്റേതായ പരിധിയുണ്ട്. എല്ലാ ജീവികൾക്കും നാഭിയിൽ ഒരു കേന്ദ്രമുണ്ട്. ഈ ചെറിയ ഭാഗത്ത് ആത്മാവ് മറയ്ക്കപ്പെടുന്നില്ല. ജ്ഞാനത്തിന്റെ ശുദ്ധമായ പ്രകാശം അവിടെ തിളങ്ങുന്നു. പ്രകൃതി അതിന്റെ പരിധികളെയെല്ലാം അതിക്രമിച്ചാൽ ആത്മാവിന്റെ ഈ വെളിച്ചം മറയ്ക്കപ്പെടുകയും ആ ജീവി കല്ലുപോലെ നിശ്ചേഷ്ടമാകുകയും ചെയ്യും. എന്നാൽ ഇതൊരിക്കലും സംഭവിക്കില്ല. അങ്ങനെയാണ് പ്രകൃതിയുടെ നിയമം. അതായത് മോഹം പോലും അതിന്റെ പരിധിയിൽ എത്തിയാൽ താഴേക്കു മടങ്ങേണ്ടി വരും. ഇതെല്ലാം പ്രകൃതിയുടെ നിയമം അനുസരിച്ചാണ് നടക്കുന്നത്. പ്രകൃതിയുടെ പരിധികളെ അതിക്രമിച്ച് ഒന്നും സംഭവിക്കുകയില്ല.

## 41
## പ്രകൃതിയും അവളുടെ മൂന്ന ഗുണങ്ങളും

പ്രകൃതിയുടെ മൂന്ന ഗുണങ്ങൾക്ക് അനുരൂപമായി മൂന്ന ദേവതകൾ ദൃഷ്ടാന്തപരമായുണ്ട്. സത്ത്വം, രജസ്സ്, തമസ്സ് എന്നീ മൂന്ന ഗുണങ്ങളെ പ്രതിനിധീകരിക്കുന്ന ബ്രഹ്മാവും വിഷ്ണുവും മഹേശ്വരനും. സാത്ത്വിക ഗുണങ്ങൾ ഉള്ളവർ ബ്രഹ്മാവിനെ പൂജിക്കുന്നു, രാജസഗുണമുള്ളവർ വിഷ്ണുവിനെ പൂജിക്കുന്നു, താമസഗുണമുള്ളവർ മഹാദേവനെ പൂജിക്കുന്നു. ഒരാൾ ഏതു ദേവതയെ ഉപാസിക്കുന്നുവോ ആ ഗുണം ലഭിക്കും. രാജസികഗുണങ്ങൾ ഉള്ളവരാണ് ഇന്ത്യയിൽ കൂടുതലും ഉള്ളത്. എന്നാൽ ഈ ലോകം മുഴുവനും ഉദാസീനതയോടെ താമസഗുണത്തിൽ കിടക്കുന്നു. വേദങ്ങൾ പോലും പറയുന്നു, ത്രിഗുണങ്ങളെ അതിക്രമിച്ചു പുരുഷനാകു, ശുദ്ധാത്മാവാകു.

പ്രകൃതിയെ എല്ലാത്തിനെയും അതിന്റെ താളത്തിനനുസരിച്ച് നൃത്തം ചെയ്യിക്കുന്നു എന്നാൽ അയാൾ പറയുന്നു, "ഞാൻ നൃത്തം ചെയ്തു, ഹേ മൂഢാ പമ്പരം വട്ടത്തിൽ കറങ്ങുന്നു, നീ എന്താണ് നേടിയത് ? ഒരാൾ ലക്ഷം രൂപ സമ്പാദിക്കുമ്പോൾ അയാൾ പറയും 'ഞാൻ സമ്പാദിച്ചു'. എന്നാൽ പണം നഷ്ടപ്പെട്ടാൽ എനിക്കു നഷ്ടപെട്ടു എന്നു പറയാതെ ഈശ്വരനിൽ അതിന്റെ പഴി ചാരും. പാവം ഈശ്വരൻ ! അദ്ദേഹത്തിനു പക്ഷം പിടിക്കാൻ അച്ഛനും അമ്മയും ഇല്ല. അങ്ങനെ നിർഭാഗ്യവാന്മാർ ഈശ്വരനിൽ തെറ്റായ ആരോപണം ഉന്നയിക്കുന്നു.

ഒരുവന്റെ പ്രകൃതിയുടെ ആന്തരികശക്തിയാണ് അയാൾ എങ്ങനെ പ്രവർത്തിക്കണമെന്ന് നിശ്ചയിക്കുന്നത്, പക്ഷെ അയാൾ പറയും 'ഞാൻ ചെയ്യുന്നു'. പരോപകാരം, ജപം, തപം, മതപരമായ ധ്യാനം, കരുണ, അഹിംസ, സത്യം ഇതെല്ലാം പ്രകൃതിയുടെ സ്വഭാവങ്ങളാണ്. നല്ല സ്വഭാവങ്ങളും ചീത്ത സ്വഭാവങ്ങളുംയാന്ത്രികപ്രവർത്തനങ്ങളാണ്. ഈ യാന്ത്രികപ്രവർത്തനങ്ങൾ എത്രമാത്രം ആകർഷകമെങ്കിലും എപ്പോളാണ് അവ വഞ്ചിക്കുകയെന്നു ആർക്കും പറയാനാവില്ല.

ഉദാരശീലനും മതവിശ്വാസിയുമായ ഒരു രാജാവുണ്ടായിരുന്നു. എന്നാൽ ഒരിക്കൽ അയാൾ ഒരു കാട്ടിൽ അകപ്പെടുകയും നാലു ദിവസത്തേക്കു ഭക്ഷണം ലഭിക്കാതെയിരിക്കുകയും ചെയ്തു. ആ അവസരത്തിൽ അയാൾ ഒരു വനവാസി-

യിൽ നിന്നും ഭക്ഷണം യാചിക്കുന്നതിനു ലജ്ജിക്കുമെന്നു നിങ്ങൾ കരുതുന്നു-വോ ? തീർച്ചയായും ഇല്ല. അദ്ദേഹത്തിന്റെ ഉദാരതയും രാജകീയതയും എവി-ടെപ്പോയി. അയാളുടെ ഉള്ളിലെ പ്രകൃതി ആഹാരത്തിനായി നിലവിളിച്ചു.

സാഹചര്യങ്ങളുടെ പിടിയിൽ അകപ്പെട്ടാൽ രാജാവുപോലും ഭിക്ഷക്കാ-രൻ ആകേണ്ടി വരുമെന്ന് നിങ്ങൾക്കിപ്പോൾ മനസ്സിലായില്ലേ. അപ്പോൾ സാധാരണ മനുഷ്യന്റെ കാര്യം പറയണോ. അതിനാൽ നമ്മുടെ പ്രകൃതി തന്നെ-യാണ് നമ്മെ ദാനശീലനും ഭിക്ഷക്കാരനും ആക്കുന്നത്. നിങ്ങൾ തനിയെ എന്താണ് ചെയ്തത്? ഒരു കള്ളൻ ഇരുപതു രൂപാ മോഷ്ടിച്ചു ഹോട്ടലിൽ പോയി സുഭിക്ഷമായി കഴിച്ച ശേഷം പത്തുരൂപ കുഷ്ഠരോഗിക്കു കൊടുത്തു. ഇതിൽ നിന്നും നിങ്ങൾ എന്ത് മനസ്സിലാക്കുന്നു. എല്ലാം നമ്മൾ ഗ്രഹിക്കാത്ത പ്രകൃതിയു-ടെ ലീലയാണ്.

ചിലർ പറയും, ഇന്നു നാലു തവണ സമയികധ്യാനവും പ്രതിക്രമണവും ചെയ്യുകയും രണ്ടു മണിക്കൂർ ഗ്രന്ഥം വായിക്കുകയും ചെയ്തു നിങ്ങൾ ഇതെല്ലാം ചെയ്യുന്നത് പ്രകൃതി കാരണമാണ്. എന്നിട്ടും 'ഞാൻ ചെയ്തു' എന്നു നിങ്ങൾ പറയുന്നു. നിങ്ങൾ തന്നെയാണ് യഥാർത്ഥ കർത്താവെങ്കിൽ അടുത്തദിവസവും നിങ്ങൾ അതുപോലെ ചെയ്യണം. എന്നാൽ നിങ്ങൾ പറയും എനിക്കതു ചെയ്യാൻ കഴിയില്ല. എനിക്കു വയറുവേദനയാണ്, തലവേദനയാണ്. സമയിക ചെയ്യാൻ ആവില്ല. നോക്കൂ 'ഞാൻ ഇന്നലെ ചെയ്തു' എന്നു നിങ്ങൾ പറഞ്ഞു. അതു പരസ്പരവിരുദ്ധമല്ലേ. നിങ്ങൾ കർത്താവെങ്കിൽ 'എനിക്കു ചെയ്യാൻ കഴിയില്ല' എന്ന് പറയാനാവില്ല. ' എനിക്കു ചെയ്യാൻ കഴിയില്ല' എന്നതു നിങ്ങൾ കർത്താവല്ല എന്നതിനെ കാണിക്കുന്നു.

ശരിയായ ജ്ഞാനം തേടി ലോകം മുഴുവൻ ഇരുട്ടിൽ തപ്പിത്തടയുന്നു. ഒരാളുടെ പ്രകൃതി അയാളെ ത്യാഗം ചെയ്യിപ്പിക്കുന്നു. എന്തെങ്കിലും സ്വീകരിക്കുവാനും അതേ പ്രകൃതിതന്നെ കാരണമാകുന്നു. പ്രകൃതിയാണ് കർത്താവ്. ബ്രഹ്മചര്യ-ത്തിന്റെ കാര്യത്തിലായാലും പ്രകൃതി ഒരുവനെ അതു ചെയ്യിക്കുന്നു എന്നിട്ടും അയാൾ പറയും ഞാൻ ബ്രഹ്മചര്യം അനുഷ്ഠിക്കുന്നു എന്ന്. എന്തൊരു വൈരു-ദ്ധ്യം. മമത-വിരോധം, കാരുണ്യം-ക്രൂരത, ലോഭം-ദാനനിഷ്ഠ, സത്യം-അസത്യം എല്ലാം പ്രകൃതിയുടെ ദ്വൈതഗുണങ്ങളാണ്. ശുദ്ധാത്മാവ് ഗുണാതീതമാണ്.

## 42

## ശുദ്ധാത്മാവ്: സഗുണം - നിർഗ്ഗുണം

**അന്വേഷകൻ** : ഈശ്വരൻ അല്ലെങ്കിൽ ആത്മാവ് നിർഗുണം (ഗുണങ്ങളിൽ നിന്നും മുക്തമായത്) എന്നു ചിലർ പറയുന്നു.

**ദാദാജി** : പ്രിയപ്പെട്ടവനേ നിങ്ങൾ എന്തിനാണ് ഈശ്വരനെ കുറ്റപ്പെടുത്തുന്നത്? ഭ്രാന്തനായ ഒരു മനുഷ്യൻ യാതൊരു ഗുണവുമില്ലാത്തവനെന്നു ആളുകൾ പറയും. ഭ്രാന്ത് ഒരു സ്വഭാവവിശേഷമാണ്. ഒരു ഭ്രാന്തനെ ഗുണമില്ലാത്തവനെന്നു നിങ്ങൾക്ക് എങ്ങനെ വിളിക്കാൻ കഴിയും ? ഗുണരഹിതനെന്നു എങ്ങനെ വിളിക്കും ?

ആത്മാവിനെ നിർഗ്ഗുണമെന്നു വിളിക്കുക വഴി ആത്മാവ് ഭ്രാന്തനെക്കാൾ ജഡസ്വഭാവമെന്നു അവർ കാണിക്കും. ആത്മാവു ജഡവുമല്ല ഗുണമില്ലാത്തതുമല്ല. അതിനു അതിന്റേതായ സ്വഭാവമുണ്ട്. ആത്മാവിനെയോ ഈശ്വരനെയോ ഗുണങ്ങൾ ഇല്ലാത്തത് എന്നു പറഞ്ഞു ആളുകൾ വഴിതെറ്റുന്നു. അതിനാൽ എന്റെ അടുക്കലേക്കു വരൂ ഞാൻ ശരിയായ ജ്ഞാനം തരാം.

ശുദ്ധാത്മാവ് പ്രകൃതിയിൽ നിന്നും ഭിന്നമായ അതിന്റെ സഹജമായ സ്വഭാവത്തോടു കൂടിയതാണ്. പ്രകൃതിയുടെ യാതൊരു ഗുണങ്ങളും ശുദ്ധാത്മാവിലില്ല. ആ അർത്ഥത്തിലാണ് നിർഗ്ഗുണം എന്നു പറഞ്ഞിരിക്കുന്നത്. ശുദ്ധാത്മാവിന്റെ ഗുണങ്ങൾ അനന്തമാണ് : അനന്തമായ ജ്ഞാനം, അനന്തമായ ദൃഷ്ടി, അനന്തമായ ഊർജ്ജം കൂടാതെ അനന്തമായ ആനന്ദത്തിന്റെ ഇരിപ്പിടവും ആകുന്നു.

ആത്മാവിനെ എങ്ങനെ ഗുണങ്ങൾ ഇല്ലാത്തതെന്നു വിളിക്കാനാകും. ശുദ്ധാത്മാവ് അതിന്റെ സ്വഭാവത്തിൽ നിന്നും ഭിന്നമല്ല. ആത്മാവിനു ഗുണങ്ങളില്ല എന്നു നിങ്ങൾ പറയുകയാണെങ്കിൽ അതിനർത്ഥം നിങ്ങൾക്ക് ആ ഗുണങ്ങൾ അറിയുകയില്ലായെന്നും ആത്മാവിനെ സാക്ഷാത്കരിക്കുന്നില്ല എന്നുമാണ്. എന്തെന്നാൽ ശുദ്ധാത്മാവ് അതിന്റെ ഗുണങ്ങളിൽ നിന്നും വേറെയല്ല.

ഒരു വസ്തുവിനു അതിന്റേതായ സഹജഗുണങ്ങളുണ്ട്. ഒരു വസ്തുവിന്റെ ഗുണങ്ങളെ അറിഞ്ഞാൽ ആ വസ്തുവിനെ അറിയാം. ഉദാഹരണമായി സ്വർണ്ണത്തെ അറിയണമെങ്കിൽ അതിന്റെ ഗുണങ്ങൾ അറിയണം. അങ്ങനെ അറിഞ്ഞാൽ മറ്റു ലോഹങ്ങളിൽ നിന്നും സ്വർണ്ണത്തെ വേർതിരിക്കാം. ഒരു പൂവിനേ-

യും അതിന്റെ മണത്തെയും വേർതിരിക്കാൻ ആവില്ല. അതിന്റെ മണത്തിൽ നിന്നും ഇന്ന പൂവെന്നു തിരിച്ചറിയാം. അതുപോലെ ആത്മാവിനെയും അതിന്റെ ഗുണങ്ങൾ കൊണ്ടറിയാം. ശുദ്ധാത്മാവിനെ തിരിച്ചറിയാനുള്ള വഴി അതാണ്.ആത്മാവിന്റെ ധർമ്മങ്ങളെ അറിയേണ്ടതുണ്ട്. അനേകജന്മങ്ങളിലൂടെ നാം പ്രകൃതിയുടെ ധർമ്മങ്ങളെ അറിഞ്ഞിരിക്കുന്നു എങ്കിലും ഈ കടംകഥക്ക് ഉത്തരം ലഭിക്കുന്നില്ല. നാം നമ്മുടെ ലക്ഷ്യസ്ഥാനത്ത് എത്തിയിട്ടില്ല.

**അന്വേഷകൻ** : വിവിധ മതങ്ങളിൽ വ്യത്യസ്തങ്ങളായ ആചാരാനുഷ്ഠാനങ്ങൾ ഉണ്ട്.

**ദാദാജി** : അവയെല്ലാം ആപേക്ഷികമതങ്ങളാണ്. നിലവിൽ ലോകത്തുള്ള മതങ്ങളെല്ലാം പ്രകൃതിയുടെ, ശരീരത്തിന്റെ മതങ്ങളാണ്. ശ്രേഷ്ഠമായ മതം ശുദ്ധാത്മാവിന്റെ മതമാണ്. ശരീരത്തെ കുളിപ്പി ക്കുന്നതും കഴിപ്പിക്കുന്നതും പട്ടിണിക്കിടുന്നതും അനുഷ്ഠാനങ്ങൾ ചെയ്യിക്കുന്നതുമെല്ലാം ആപേക്ഷികമതങ്ങളാണ്.

നിലവിലുള്ള മതങ്ങളും ആചാരങ്ങളും പ്രകൃതിയോട് ബന്ധിച്ചവയും ഒരുവന്റെ നിയന്ത്രണത്തിനു അതീതവുമാണ് എന്തെന്നാൽ അതു അനാത്മാവിന്റെ പരിധിയിൽ ഉള്ളതാണ് അതായത് അന്യമായ അധികാരാതിർത്തി.

## 43

## പ്രകൃതിയുടെ ഉപാസന-പുരുഷന്റെ ഉപാസന

**അന്വേഷകൻ** : ലോകത്തു വിവിധ ഉപാസനാരീതികൾ നിലവിലുണ്ട്

**ദാദാജി** : ലോകത്ത് ഇന്നു പ്രചാരത്തിലുള്ള ഉപാസനാരീതി പ്രകൃതിഗുണങ്ങളുടെതാണ്. ക്ഷണികമായ ഈ ഗുണങ്ങൾ ശാരീരികാവസ്ഥകളായ വാതം (ശരീരത്തിലെ ചലനത്തേയും നാഡീപ്രവർത്തനങ്ങളെയും വിസർജ്ജനത്തെയും നിയന്ത്രിക്കുന്നു), പിത്തം (ദഹനം, ചയാപചയം, ഊർജ്ജനിർമ്മാണം എന്നിവയെ നിയന്തിക്കുന്നു), കഫം(ശരീരത്തിന്റെ ഘടനയെ നിശ്ചയിക്കുന്നു) എന്നീ ആന്തരിക പ്രക്രിയകളെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. എന്നാൽ ശുദ്ധാത്മാവിന്റെ ഗുണങ്ങൾ സ്വതന്ത്രമാണ്. പ്രകൃതിയുടെ ഗുണങ്ങൾ അനേകം ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു. ലോകത്തെല്ലായിടത്തും പ്രകൃതി ആരാധിക്കപ്പെടുന്നു. എങ്ങും നിങ്ങൾ ശുദ്ധാത്മാവിന്റെ ആരാധന കാണുന്നില്ല. ലൌകികജീവിതം പ്രകൃത്യുപാസനയുടെ ഫലവും മോക്ഷം ശുദ്ധാത്മോപാസനയുടെ ഫലവുമാകുന്നു.

പുരുഷനെന്ന നിലയിൽ നാം സ്വതന്ത്രവും ശുദ്ധവുമാണ്. പ്രകൃതിയാൽ

നാം ആശ്രിതരായി ബന്ധിക്കപ്പെടുന്നു. പ്രകൃതി മൂലമാണു ഈ ലോകം പ്രവർത്തിക്കുന്നത്. ഈശ്വരൻ അതിൽ ഇടപെടുകയില്ല. നിങ്ങൾ ഒരിക്കൽ പുരുഷൻ ആയിക്കഴിഞ്ഞാൽ പ്രകൃതിയുമായുള്ള ബന്ധം അവസാനിക്കും. സംഭവങ്ങൾ ഉണ്ടാകുമ്പോൾ അതു പ്രകൃതിയാണ് എന്നാൽ മമതയോ വിദ്വേഷമോ ഇല്ലാതെ അനുഭവിക്കുന്നവൻ ശുദ്ധാത്മാവാണ്. മറ്റൊരാളുമായി കലഹിക്കുമ്പോൾ പോലും നമ്മെ ബാധിക്കാത്ത വിധം മനോഹരമാണ് നമ്മുടെ ജ്ഞാനം.

44

## ആത്മാനാത്മാക്കളുടെ സഹജസ്വഭാവം
## (പ്രകൃതി ധർമ്മവും പുരുഷധർമ്മവും)

**അന്വേഷകൻ** : പല സ്വഭാവങ്ങൾ ഉള്ളവർ ലോകത്തുണ്ട്

**ദാദാജി** : ഞാൻ ഇതാണ്, ഞാൻ അതാണ് തുടങ്ങിയ എല്ലാ വികല്പങ്ങളും പ്രകൃതിയുടെ അഥവാ അനാത്മാവിന്റെ മണ്ഡലത്തിലാണുള്ളത്. വിശാലമായി പറഞ്ഞാൽ ഒരു വൈശ്യൻ, ക്ഷത്രിയൻ, മുസ്ലീം, എന്നിവർ അവരുടെ പ്രകൃതിഗുണങ്ങൾ അനുസരിച്ചാണ് അറിയപ്പെടുന്നത്. ചിന്തയോടും മുൻകരുതലോടും കൂടിയ പ്രകൃതിയാണ് വൈശ്യനുള്ളത്. പട്ടേലുമാർ ക്ഷത്രിയരാണ്, അതിനാൽ ധീരപ്രകൃതിയാണ്. ഒരു പട്ടേൽ ശത്രുവിന്റെ തലയറക്കും, ഒപ്പം തന്നെ സന്തുഷ്ടനെങ്കിൽ സ്വയം ബലികൊടുക്കുവാനും തയ്യാറാണ്. വാസ്തവത്തിൽ പ്രകൃതി ഒരു വ്യക്തികൾ അനുസരിച്ച് വ്യത്യസ്തമായിരിക്കും.

മനസ്സ്, വാക്ക്, ശരീരം എന്നിവയാണ് പ്രകൃതിയുടെ മൂന്നു അംശങ്ങൾ. അവയെല്ലാം കാര്യത്തിനു വിധേയമാണ്. അവയെല്ലാം കാര്യപ്പെടുമ്പോൾ അജ്ഞാനം മൂലം പുതിയ കാരണങ്ങൾ ഉണ്ടാകുകയും അതിൽ നിന്നും കാരണപ്രകൃതി രൂപം കൊള്ളുകയും ചെയ്യുന്നു. കാരണപ്രകൃതിയുടെ കാര്യമാണ് കാര്യപ്രകൃതി.

ഒരുവൻ തന്റെ യഥാർത്ഥ സ്വരൂപം തിരിച്ചറിയും വരെ ആപേക്ഷികമതമുണ്ട്. സംശയങ്ങൾ നീങ്ങി തന്റെ സ്വരൂപം ശുദ്ധ ആത്മാവെന്നു നിർണ്ണയിക്കുമ്പോൾ ഒരുവൻ പുരുഷനാകുന്നു. ഇതിനുശേഷമേ കാരണപ്രകൃതി നശിക്കുകയുള്ളൂ.

45

## പ്രകൃതി ഉദ്യാനം

**അന്വേഷകൻ** : എന്തുകൊണ്ട് ഒരു കുടുംബത്തിൽ തന്നെ വിവിധങ്ങളായ പ്രകൃ-

തത്തോട്ട കൂടിയവർ ഉണ്ടാകുന്ന ?

**ദാദാജി** : കാര്യപ്പെട്ടതോ കാര്യപ്രകൃതിയോ പുനരാവിഷ്കരിക്കാൻ ആകില്ല. എല്ലാ അച്ഛൻമാരും അവരുടെ മകൻ അയാളെപോലെ ആകണമെന്ന് ആഗ്രഹിക്കുന്നു. പ്രിയപ്പെട്ടവനേ നിനക്കു നിന്റെ വീട് ഒരു ഉദ്യാനമാക്കണോ അതോ കൃഷിസ്ഥലമോ ? ഓരോരുത്തർക്കും പ്രകൃതി വ്യത്യസ്തമാണ്. ചെടികൾക്കും അങ്ങനെയാണ്, അതിനാൽ അവ വെവ്വേറെ പുഷ്പങ്ങൾ വിരിയിക്കുന്നു. മറ്റൊരാളുടെ ചെടിയിൽ അതെ പുഷ്പം വിരിയിക്കാൻ നിങ്ങൾക്കെങ്ങനെ സാധിക്കും ? റോസാപ്പുഷ്പങ്ങൾ മാത്രമേ ഉള്ളെങ്കിൽ അതിനെ പൂന്തോട്ടമെന്നു വിളിക്കാൻ ആകുമോ ? ഇല്ല അതിനെ റോസാത്തോട്ടം എന്നേ വിളിക്കാനാകൂ. എന്നാൽ മറ്റു പുഷ്പങ്ങളായ മുല്ല, ചമ്പകം തുടങ്ങിയവയും മുൾചെടികളും ഉണ്ടെങ്കിൽ അതു ഉദ്യാനമാണ്. പ്രകൃതി ഒരു ഉദ്യാനമാണ്. ആളുകൾക്ക് റോസാപ്പൂക്കൾ വേണം എന്നാൽ മുള്ളുകൾ ഇഷ്ടമല്ല. പക്ഷെ മുള്ളുകൾ ഇല്ലാതെ റോസാച്ചെടി ഉണ്ടോ ?ആളുകൾ നാരകത്തിന്റെ വിത്തിട്ടു. പക്ഷെ അതെങ്ങനെ വളരും ? ഭൂമി, മണ്ണ്, വായു, വെളിച്ചം, ആകാശം എന്നിവ അതിനെ വളരാൻ സഹായിക്കും. അവ വിത്തിനെ പരിപോഷിപ്പിക്കുന്നു. ആ പോഷണത്തിൽ രുചിയെന്തെങ്കിലും ഉണ്ടോ ? അതിനു പുളിരസം ഉണ്ടോ ? ഇല്ല. പക്ഷെ എവിടെ നിന്നാണ് പുളിരസം വരുന്നത് ? അതോടൊപ്പം ഒരു വേപ്പ് നടുന്നു. എങ്ങനെയാണ് കയ്പ്പ് എല്ലാ ശാഖകളിലും ഇലകളിലും ഉണ്ടാകുന്നത് ? രണ്ടു മരങ്ങളും ഒരേ അഞ്ചു പദാർത്ഥങ്ങൾ കൊണ്ട് പോഷിപ്പിക്കപ്പെട്ടതാണ്. ജലം കയ്പ്പുള്ളതായിരുന്നോ ? പിന്നെങ്ങനെ അതു സംഭവിച്ചു ? പുളിരസവും കയ്പ്പുരസവും അതാത് വിത്തുകളിൽ തന്നെ ഉണ്ടായിരുന്നു.അതിനാലാണ് പുളിയും കയ്പ്പും ഉണ്ടായത്. ഈ ആൽവൃക്ഷത്തിന്റെ വിത്ത് കടുകിനെക്കാൾ ചെറുതാണ്, എന്നാൽ ഈ വൃക്ഷം എത്ര വലുതാണ്. ഈ വലിയ വൃക്ഷം അതിന്റെ ശാഖകൾ, ഇലകൾ, വേരുകൾ എന്നിവയോടെല്ലാം ഈ വിത്തിൽ അതിസൂക്ഷ്മമായി അടങ്ങിയിരുന്നു. സ്ഥിതികോർജ്ജരൂപത്തിലാണ് അതു സ്ഥിതി ചെയ്യുന്നത്. വ്യവസ്ഥിത ശക്തി അതിനെ സഹജസ്വഭാവം അനുസരിച്ച് ഒരു വടവൃക്ഷമാക്കിത്തീർക്കുന്നു.

ഈ പ്രകൃതിയുടെ ജ്ഞാനം വളരെ അത്ഭുതകാരമാണ്. ഒരു പുഴ കടക്കാൻ എളുപ്പമാണ് എന്നാൽ പ്രകൃതിയെ അളക്കുവാനും അതിജീവിക്കുവാനും അത്ര എളുപ്പമല്ല.

## 46

## താപസവൃത്തി (വൈരാഗ്യം)

**അന്വേഷകൻ** : പലതരത്തിലുള്ള താപസന്മാർ ഉണ്ട്

**ദാദാജി** : താപസവൃത്തി മൂന്നുതരത്തിലുണ്ട്

1.വേദനയിൽ നിന്നും രക്ഷപെടുന്നതുകൊണ്ടുള്ള താപസവൃത്തി

(ദുഃഖ ഗർഭിത വൈരാഗ്യം– പാലായനം)

ജീവിതത്തിന്റെ ദുഃഖങ്ങളും കഷ്ടപ്പാടുകളും നേരിടാൻ കഴിയാതെ ഭാര്യയേയും മക്കളെയും എല്ലാം ഉപേക്ഷിച്ച് അവരെ സഹായിക്കാതെ ലൌകികജീവിതത്തിൽ നിന്നും പാലായനം ചെയ്യുന്നവൻ. അങ്ങനെയുള്ളവർ താപസവൃത്തിയെ സ്വീകരിച്ചേക്കാം. എന്തെന്നാൽ അവൻ ലൌകികജീവിതത്തിൽ സ്ഥിരത നേടിയിട്ടില്ല. നഗ്നപാദനായി നടന്നു ഭിക്ഷ എടുക്കുന്നത് മാത്രമേ താപസവൃത്തിയിൽ ബുദ്ധിമുട്ടുള്ളൂ, എങ്കിലും അന്നം ലഭിക്കും എന്ന് അയാൾ ചിന്തിക്കും. അങ്ങനെയുള്ള പാലായനരൂപത്തിലുള്ള താപസവൃത്തി കൊണ്ട് ഒരാൾ എന്തു നേടും ? അയാൾ 84 ലക്ഷം ജന്മങ്ങളിൽ കറങ്ങിക്കൊണ്ടിരിക്കും.

2. മോഹത്താൽ സ്വീകരിക്കുന്ന താപസവൃത്തി

(മോഹ ഗർഭിത വൈരാഗ്യം)

ശിഷ്യരെ ലഭിക്കുവാനും പേരിനും പ്രശസ്തിക്കും വേണ്ടി താപസവൃത്തി സ്വീകരിക്കുന്നവരാണ് ഇക്കൂട്ടർ. ആളുകളിൽ നിന്നും ബഹുമാനം ഇവർ പ്രതീക്ഷിക്കും. അങ്ങനെയുള്ള മോഹത്താൽ താപസന്മാർ ആകുന്നവരും ജന്മചക്രത്തിൽ കിടന്നു കറങ്ങേണ്ടി വരും.

3. ജ്ഞാനേച്ഛ മൂലമുള്ള താപസവൃത്തി

(ജ്ഞാന ഗർഭിത വൈരാഗ്യം)

യഥാർത്ഥ ജ്ഞാനത്തിനു വേണ്ടിയുള്ള ഈ മാർഗ്ഗമാണ് ശരിയായ താപസവൃത്തി. അങ്ങനെയുള്ള താപസന്മാരെ വിരളമായേ കാണാനാകൂ. യഥാർത്ഥജ്ഞാനം ജ്ഞാനിയിൽ നിന്നേ ലഭ്യമാകൂ. ആ ജ്ഞാനത്തിന്റെ പ്രകാശത്തിലാണ് ശരിയായ താപസവൃത്തി വളരുന്നത്.

**അന്വേഷകൻ** : എല്ലാവർക്കും ഒരേ തരത്തിലുള്ള ആത്മാവാണ്, പിന്നെ എന്തുകൊണ്ടാണ് ഓരോരുത്തരും വ്യത്യസ്ത കർമ്മങ്ങൾ ചെയ്യുന്നത്?

**ദാദാജി** : നോക്കൂ. എല്ലാവരും ആത്മാവിനെ വ്യത്യസ്തമായി ഉപയോഗിക്കുന്നു.

നാലു തരത്തിലാണ് ആത്മാവിനെ ഉപയോഗപ്പെടുത്തുന്നത്.

1.അശുദ്ധ ഉപയോഗം

മറ്റു കാരണങ്ങൾ കൂടാതെ വേട്ടയാടുക എന്ന ഹരത്തിനു വേണ്ടി മാത്രം ചിലർ മാനിനെ വെടിവെച്ചു കൊല്ലുന്നു, എന്നിട്ട് അവർ അതു എങ്ങനെ ചെയ്തു എന്ന് വീമ്പിളക്കുന്നു. ഭോഗത്തനായി കൊല്ലുന്നത് ആത്മാവിന്റെ അശുദ്ധ ഉപയോഗ-മാണ്. ഒരാളുടെ വീടിനു തീവെച്ച് ആ പ്രവൃത്തി ദുർബുദ്ധിയോടെ വീക്ഷിക്കുക, ക്രൂരത ചെയ്തിട്ട് അട്ടഹസിക്കുക, മറ്റുള്ളവരെ ഉപദ്രവിച്ച് അതിൽ സന്തോഷി-ക്കുക എന്നിവ ചെയ്യുന്നവർക്ക് നരകഗതിയാണ്.

2. അശുഭ ഉപയോഗം

ഒരു വീട്ടുകാർ ഭക്ഷണത്തിനായി കേഴുകയും മറ്റൊന്നും ഇല്ലാത്തതിനാൽ ഒരു മാനിനെ കൊന്നു തിന്നേണ്ടി വരികയും ചെയ്യുന്നു, അങ്ങനെ ഭാര്യയുടെയും കുട്ടി-കളുടെയും വിശപ്പടക്കുന്നു. എന്നാൽ അയാൾ അതിൽ വേദനിക്കുകയും പശ്ചാ-ത്തപിക്കുകയും ചെയ്യുന്നു. ഞാൻ ചെയ്തത് തെറ്റാണ്. ഇത് ആത്മാവിന്റെ തെറ്റായ ഉപയോഗമാണ് എന്ന് അയാൾ പരിതപിക്കുന്നു

അശുദ്ധ ഉപയോഗത്തിലും പ്രവൃത്തി ഇതുപോലെയെങ്കിലും അതിൽ ഒരാൾ തന്റെ പ്രവൃത്തിയിൽ അഹങ്കരിക്കുന്നു. അശുഭ ഉപയോഗത്തിൽ അയാൾ പശ്ചാത്തപിക്കുന്നു. ആത്മാവിന്റെ അശുഭ ഉപയോഗം ചെയ്യുന്നവർ ട്രെയിനിലെ രണ്ടാം ക്ലാസ് യാത്രക്കാരെ പോലെയാണ്.അവർക്ക് തിര്യക് ഗതിയാണ് ഉണ്ടാ-കുക.

3.ശുഭ ഉപയോഗം

ഇതിൽ അയാൾ തന്റെ കുടുംബത്തോട് പറയും നമുക്ക് വിശപ്പ് മാറ്റാൻ യാതൊരു ജീവിയേയും കൊല്ലാതെയിരിക്കാം. അതാണ് ആത്മാവിന്റെ നല്ല ഉപയോഗം. മറ്റുള്ളവരെ കുറിച്ച് നല്ലതു ചിന്തിക്കുക, നല്ലതു ചെയ്യുക, ബഹുമാനിക്കുക, മൂല്യം ഹൃദയത്തിൽ സൂക്ഷിക്കുക ഇതെല്ലാം ശുഭ ഉപയോഗമാണ്. സാധാരണയായി നാം ശുഭവും അശുഭവും ഒരുമിച്ചാണ് ഉപയോഗിക്കുക. അങ്ങനെയുള്ളവർ ഫസ്റ്റ് ക്ലാസ് യാത്രക്കാരാണ്. അവർക്ക് മനുഷ്യജന്മമാണ് ലഭിക്കുക. ശുഭ ഉപയോഗം മാത്രം ചെയ്യുന്നവർക്ക് ദേവഗതിയാണ്. അവർ എ.സി യിലാണ് യാത്ര ചെയ്യുന്ന ത്.

4. ശുദ്ധ ഉപയോഗം

ശുദ്ധ ഉപയോഗം ചെയ്യുന്നവർ എല്ലായിടത്തും ശുദ്ധം മാത്രം കാണുന്നവരാണ്.

പുറംചട്ടയിൽ അല്ല അകക്കാമ്പിലാണ് അവർ ശ്രദ്ധിക്കുക. ആപേക്ഷികതയിൽ കേവലതയെ കാണുന്നതാണ് ആത്മാവിന്റെ ശുദ്ധമായ ഉപയോഗം. ആത്മസാ-ക്ഷാത്കാരത്തിനു ശേഷമാണ് ശുദ്ധ ഉപയോഗം ഉണ്ടാകുന്നത്. ആത്മാവിന്റെ ഉപയോഗം വളർന്നു പൂർണ്ണതയെ പ്രാപിക്കുമ്പോൾ അതു കേവലജ്ഞാനം ആകുന്നു. ശുദ്ധ ഉപയോഗം മോക്ഷത്തിനു കാരണമാകും.

**അന്വേഷകൻ** : ഈ സംഗതിയിൽ അങ്ങയുടെ അവസ്ഥ ഏതെന്നു പറയുമോ ?

**ദാദാജി** : ഞാൻ എപ്പോഴും ആത്മാവിന്റെ ശുദ്ധഉപയോഗത്തിൽ ജാഗ്രതയു-ള്ളവനായിരിക്കുന്നു. ഒരു ഭിക്ഷു എന്നോടു ചോദിച്ചു; "നിങ്ങൾ ഈ കാറിൽ സഞ്ചരിക്കുന്നു, നിരവധി ചെറുപ്രാണികൾ അതിനടിയിൽ പെട്ടു ചാകുന്നു. ഈ പാപത്തിനു ഉത്തരവാദി നിങ്ങൾ ആണെന്നു കരുതുന്നില്ലേ ?" ഞാൻ അയാ-ളോട് പറഞ്ഞു; "പ്രിയ മഹാരാജ്, നിങ്ങളുടെ ശാസ്ത്രം എന്താണ് പറയുന്നത് ?" : ആരാണോണോ ആത്മാവിന്റെ ശുദ്ധോപയോഗം കൊണ്ട് കർമ്മകളങ്കത്തെ ഇല്ലാതെയാക്കി, ആത്മാവിൽ സാമ്യപ്പെട്ടിരിക്കുന്നത്, സമചിത്തനായിട്ടുള്ളത്, ആരുടെ ധ്യാനവും വിവേകവുമാണോ ഹൃദയഹാരിയായിരിക്കുന്നത് അയാൾ ശാശ്വതാനന്ദമാകുന്ന കന്യകയെ വിവാഹം കഴിക്കും"

"ഞാൻ എപ്പോഴും ആത്മാവിന്റെ ശുദ്ധോപയോഗി എന്ന അവസ്ഥയിൽ സദാ സ്ഥിതിചെയ്യുന്നവനാകുന്നു. അങ്ങനെയുള്ള ജ്ഞാനിയെ ഹിംസ ബാധിക്കുമോ ?"

ഇല്ല. മഹാരാജ് മറുപടി പറഞ്ഞു.

**അന്വേഷകൻ** : അതെങ്ങനെയാണ്?

**ദാദാജി** : ഞാൻ ഇപ്രകാരം വിവരിച്ചു. പാപം എന്നെ സ്പർശിക്കുകയില്ല, പക്ഷെ നിങ്ങൾക്കു ബാധകമാണ് എന്തെന്നാൽ 'ഞാൻ മഹാരാജ് ആണ്, ഇതെന്റെ കാലുകളാണ്, ഈ പ്രാണികളെ ഞാൻ ആണ് ഇല്ലാതെയാക്കിയത് എന്നു നിങ്ങൾ വിശ്വസിക്കുന്നു. ഈ വിചാരം നിങ്ങളെ തുടർച്ചയായി പിടികൂടുന്നു. ഉറക്കത്തിൽ പോലും അതു നിങ്ങളെ വേട്ടയാടുന്നു അതിനാൽ പാപം നിങ്ങളെ പറ്റിപ്പിടിക്കുന്നു. എന്നാൽ ഞാൻ എപ്പോഴും ആത്മാവിന്റെ ശുദ്ധ ഉപയോഗ-ത്തിലാണ്. ഈ ശരീരം എന്റേത് എന്നു ഒരു നിമിഷം പോലും ഞാൻ അഭി-മാനിക്കാറില്ല. ശരീരത്തിന്റെ ഉടമസ്ഥാവകാശത്തെ കുറിച്ചുള്ള ചിന്ത മറഞ്ഞിരി-ക്കുന്നതിനാൽ ഞാൻ എല്ലാ കളങ്കങ്ങൾക്കും അതീതനാണ്.

**അന്വേഷകൻ** : ഉദാഹാരണങ്ങൾ പറയുമോ

**ദാദാജി** : ഇവിടെ നോക്കൂ, നിങ്ങൾക്ക് കുറച്ച് സ്ഥലമുണ്ടായിരുന്നു. അതു നിങ്ങൾ കഴിഞ്ഞ ആഴ്ച ലല്ലുഭായിക്കു വിൽക്കുകയും രേഖകകൾ തയാറാക്കുകയും ചെയ്തു. അതിനു ശേഷം ഒരു ദിവസം പോലീസ് നിങ്ങളുടെ വീട്ടിൽ വിലങ്ങുകളുമായി എത്തി നിങ്ങളോടു പറയുന്നു, "അമിത്, നിങ്ങൾ ഞങ്ങളോടൊപ്പം പോലീസ് സ്റ്റേഷനിലേക്ക് വരണം". നിങ്ങൾ സ്വാഭാവികമായി ചോദിക്കും. " എന്തിനു ? ഞാൻ എന്തു കുറ്റമാണ് ചെയ്തത് ?" അപ്പോൾ പോലീസ് പറയും, "പത്തു ലക്ഷം രൂപയുടെ കള്ളക്കടത്തുസ്വർണ്ണം നിങ്ങളുടെ സ്ഥലത്തു നിന്നും കണ്ടെത്തി-യിരിക്കുന്നു. അതു നിങ്ങളുടെ കുറ്റമാണ്." അപ്പോൾ നിങ്ങൾ ലല്ലുഭായിക്ക് സ്ഥലം വിറ്റതിന്റെ രേഖകൾ കാണിക്കുകയും പോലീസുകാർക്ക് നിങ്ങളുടെ നിരപ-രാധിത്വം ബോധ്യപ്പെടുകയും അവർ ലല്ലുഭായിയെ തിരഞ്ഞു പോകുകയും ചെയ്യും.

എന്റെ സ്ഥിതി അങ്ങനെയാണ്. ഞാൻ ഈ ശരീരത്തിന്റെ ഉടമയല്ല. ഞാൻ ഈ ലോകത്തിന്റെ ഈശ്വരനാകുന്നു. ഒരു വസ്തുവിന്റെയും ഉടമസ്ഥാവ-കാശത്തെ കുറിച്ച് ഞാൻ അഭിമാനിക്കുന്നില്ല. ഈ പ്രപഞ്ചത്തെ മുഴുവൻ പ്രകമ്പനം കൊള്ളിക്കാൻ എനിക്കു കഴിയും എന്നാൽ ഈ അംബാലാൽ മുൽജി-ഭായിക്ക് പപ്പടം പൊടിക്കാൻ പോലും ബലമില്ല.

47

## മനുഷ്യപുരോഗതി

**അന്വേഷകൻ** : പലതരത്തിലുള്ള മനുഷ്യർ ഉണ്ടെന്നു കാണുന്നു

**ദാദാജി** : ശരിയാണ്, പതിനാലു ലക്ഷം പടലങ്ങളായി മനുഷ്യരുണ്ട്. മുകളിലുള്ള അൻപതിനായിരം പാളികളിൽ ഉള്ളവർക്ക് മാത്രമേ ഈ പ്രഭാഷണം കേൾക്കു-വാൻ ഭാഗ്യമുള്ളൂ. ഒരാൾ മനുഷ്യജീവിതം ആസ്വദിക്കുന്നുണ്ടാകാം എന്നാൽ എല്ലാ മനുഷ്യരും ഒരുപോലെ വികസിച്ചവരല്ല. ജനങ്ങൾക്ക് അവരുടേതായ ആന്ത-രികനിലവാരമുണ്ട്. ഈശ്വരനെക്കുറിച്ചുള്ള അവരുടെ കാഴ്ചപ്പാടും അതനു-സരിച്ചാണ്. ഈ പ്രകൃതിനിയമം അനുസരിച്ച് അവർ അവരുടേതായ ഈശ്വരനെ ആരാധിക്കുന്നു. അവർക്ക് ലഭിക്കുന്ന ഗ്രന്ഥങ്ങളും ആ ആധികാ-രികത അനുസരിച്ചാണ്.

മനുഷ്യരുടെ വികാസമനുസരിച്ച് അവർക്ക് വിവിധ ആദർശങ്ങളും ഈശ്വര-സങ്കല്പവും ഉണ്ടാകുന്നു. ഈ ആദർശങ്ങൾ എല്ലാം ആപേക്ഷികമതങ്ങളുടെ പരിധിയിൽ വരുന്നതാണ്.

## 48

## മായയും മോക്ഷവും

**അന്വേഷകൻ** : സർ മായയെക്കുറിച്ച് മോക്ഷമാർഗ്ഗത്തിലെ ഏറ്റവും വലിയ തടസ്സമെന്ന നിലയിൽ പല പരാമർശങ്ങളും ഗ്രന്ഥങ്ങളിൽ ഉണ്ടല്ലോ. ക്ഷയിപ്പിക്കുന്ന ശക്തിയായി അതിനെ അനുഭവപ്പെടുന്നു. ഒരു പഴയ ചൊല്ലുണ്ട്.

"മായയ്ക്ക് നീളമുള്ള ഒൻപതു കൈകളും തലയിൽ കൊമ്പുകളും ഉണ്ട്. അത് കൊമ്പു കൊണ്ടു കുത്തുകയും പുറകിൽ നിന്നും തൊഴിക്കുകയും ചെയ്യും."

മായ എന്തെന്നു പറഞ്ഞു തന്നാലും

**ദാദാജി** : മായയെക്കുറിച്ചു ഗ്രന്ഥങ്ങളിൽ കൂടുതലും ആലങ്കാരികപ്രയോഗങ്ങളാണ്. മായ പറയുന്നു; "ക്രോധം, അഹങ്കാരം, വഞ്ചന, ലോഭം, മമത, വിദ്വേഷം എന്നിവർ എന്റെ ആറു പുത്രന്മാരാണ്. ഞാൻ എഴാമത്തെതാണ്. ഈ കുടുംബചെടി എപ്പോഴും പച്ചപ്പായിരിക്കും. എന്റെ മകൻ അഹങ്കാരം ജീവിച്ചിരിക്കുന്നിടത്തോളം കാലം ബാക്കി എല്ലാ മക്കളെയും നിങ്ങൾ കൊന്നാലും അവർ ഉയർത്തെഴുന്നേൽക്കും." ഈ ലോകത്ത് ഒരുവന് മായയും അവളുടെ ആറു പുത്രന്മാരും കാരണം ശാന്തി ഇല്ല എന്ന് അതിനാൽ പറയപ്പെടുന്നു.

അവളുടെ പുത്രന്മാരിൽ ക്രോധം നിഷ്കപടനാണ്. ബുദ്ധിഹീനമായും അകൃത്രിമമായും വിചാരശൂന്യനായ അവൻ സംസാരിക്കും. അതിനാൽ അവനെ തിരിച്ചറിയാൻ എളുപ്പമാണ്. ചിലർ പറയും "ഹേ വിഡ്ഢി, നീ എന്തിനാണ് ദേഷ്യപ്പെടുന്നത്?"

അഹങ്കാരത്തെയും എളുപ്പം തിരിച്ചറിയാം പക്ഷെ ക്രോധത്തെക്കാൾ അല്പം കുറഞ്ഞു മാത്രം. ചിലർ ചോദിക്കും, "നീയെന്താ വളരെ അഹങ്കരിക്കുന്നത്?" മമതയും വഞ്ചനയും അത്ര എളുപ്പം തിരിച്ചറിയാൻ പറ്റില്ല. അതുള്ളവരും അതിന്റെ സാന്നിധ്യം അറിയുന്നില്ല. ലോഭം ആണ് അവസാനം. ഈശ്വരൻ പോലും വഞ്ചനയും ലോഭവും കണ്ടു മടുക്കും. ഈ മായയും അവളുടെ സന്താനങ്ങളും മോക്ഷത്തിനു തടസ്സമാകുന്ന തരത്തിൽ ശക്തിയുള്ളതാണ്. അവസാന നിമിഷം വരെ ഈ മായയെ ജയിക്കാൻ പ്രയാസമാണ്.

**അന്വേഷകൻ** : ഈ അലങ്കാരങ്ങൾ മായയുടെയും അതിന്റെ മണ്ഡലത്തിന്റെയും വാസ്തവികത എന്താണ്?

**ദാദാജി** : വാസ്തവത്തിൽ മായ എന്നാൽ ആത്മാവിന്റെ യഥാർത്ഥ ശുദ്ധസ്വരൂപത്തെ അറിയാതിരിക്കൽ ആണ്. അനേകം ജന്മങ്ങളായ് എല്ലാവരിലും

ഞാൻ ഇന്ന പേരോടു കൂടിയ ഇന്ന ആളെന്നുള്ള മിഥ്യാധാരണ പറ്റിപ്പിടി-ച്ചിരിക്കുന്നു. അതു തന്നെയാണ് മായയുടെ മൂലകാരണം. അതു പിന്നീട് അവളുടെ സന്താനങ്ങളായ ക്രോധം, അഹങ്കാരം, ചതി, ലോഭം, മമത, വിദ്വേഷം എന്നിവയെ ജനിപ്പിക്കുന്നു. ക്രമികമാർഗ്ഗത്തിൽ ഈ മായ അവസാന നിമിഷം പോലും കീഴടക്കാൻ കഴിയാത്തതാണ്.

ഒരു ജ്ഞാനിപുരുഷന്റെ അനുഗ്രഹത്താൽ ആത്മസാക്ഷാത്കാരം നേടും വരെ ഒരുവൻ മായയുടെ കെണിയിൽ പെടും. ജീവിതത്തിന്റെ സമസ്യക്ക് ഉത്തരം ലഭിക്കണമെങ്കിൽ ഒരുവൻ ജ്ഞാനിയായ ആ പുരുഷനെ കണ്ടെത്തണം. അപ്പോൾ മായയും അവളുടെ സന്താനങ്ങളും ഇല്ലാതെയാകും.

**അന്വേഷകൻ** : എങ്ങനെയാണ് ജ്ഞാനി മായയാകുന്ന ഭ്രമത്തെ ഇല്ലാതെ-യാക്കുന്നത്.

**ദാദാജി** : ഞാൻ കൂടുതലൊന്നും ചെയ്യുന്നില്ല. ഞാൻ അമിത് ആകുന്നു എന്ന ഭ്രമത്തെ ഇല്ലാതെയാക്കുക മാത്രം. അപ്പോൾ അഹന്ത എന്ന മായാസന്തതി സ്വാഭാവികമായി ഇല്ലാതെയാകും. അങ്ങനെ ഒരുവൻ ബന്ധനത്തിൽ നിന്നും മോചിച്ച് മോക്ഷം നേടുന്നു. ഞാൻ നിങ്ങളെ ദീക്ഷിതനാക്കി ആത്മാവിനെ വെളിപ്പെടുത്തുമ്പോൾ അനേകകാലങ്ങളായുള്ള നിങ്ങളുടെ ഞാൻ ഇന്ന പേരുകാരനാണ് എന്നുള്ള മിഥ്യാഭിമാനം ഇല്ലാതെയാകും. നിങ്ങൾ മായയുടെ ബന്ധനത്തിൽ നിന്നും മോചിപ്പിക്കപ്പെടും.

## 49

## ലോകത്തിലെ മൂന്നു തരം സുഖങ്ങൾ

**അന്വേഷകൻ** : സർ ദയവായി സുഖങ്ങളെക്കുറിച്ച് വിവരിക്കു

**ദാദാജി** : ലോകത്തിൽ മൂന്നു തരം സുഖങ്ങൾ ഉണ്ട്

1.ഇന്ദ്രിയ സുഖം

അഞ്ചു ഇന്ദ്രിയങ്ങളിൽക്കൂടി അനുഭവിക്കുന്ന വിഷയങ്ങളിൽ കൂടി ഉണ്ടാകുന്ന സുഖം.

2.നിരീന്ദ്രിയസുഖം

ഇന്ദ്രിയസുഖങ്ങളെ ഒരുവൻ ത്യജിക്കുകയും എന്നാൽ ആത്മസുഖം ലഭിക്കാതിരി-ക്കുകയും ചെയ്തു രണ്ടിന്റെയും ഇടയിൽ പെടാം. ഈ സുഖം അഹന്തയുടെ ഒരു ലഹരി മാത്രമാണ്. ഇതിൽ ഒരുവൻ ധ്യാനത്തിലൂടെയും ഭാവനയിലൂടെയും മറ്റും താൻ ആത്മാവെന്നു സങ്കല്പിച്ചു സന്തോഷിക്കുന്നു. വാസ്തവത്തിൽ അയാൾ

ആത്മസാക്ഷാത്കാരം നേടിയിട്ടില്ല.

3.അതീന്ദ്രിയസുഖം

അഹന്തയ്ക്കും ഇന്ദ്രിയങ്ങൾക്കും അതീതമായ സുഖം. ആത്മാവിൽ കേന്ദ്രീകൃതമായ സുഖമാണിത്. ഇന്ദ്രിയാദികൾക്കതീതമായ ഈ സുഖം ശുദ്ധ ആത്മാവിന്റെതാ-ണ്. ശുദ്ധാത്മാവിന്റെ അനന്തമായ ആനന്ദമാണത്. ശുദ്ധാത്മാവിനെ സാക്ഷാ-ത്ക്കരിക്കാതെ അതു നേടുവാൻ ആവില്ല.

**അന്വേഷകൻ** : ഒരു ഉദാഹരണം പറയൂ

**ദാദാജി** : അതൊരു കൊടും തണുപ്പുള്ള രാത്രിയായിരുന്നു. മൂന്നു യാത്രികർ, ഒരാൾ ഇന്ദ്രിയസുഖം ഇഷ്ടപ്പെടുന്ന ആൾ, മറ്റൊരാൾ അഹന്തയുടെ സുഖം ആഗ്രഹിക്കുന്ന ആൾ, മൂന്നാമത് ആത്മാവിൽ മാത്രം സന്തോഷിക്കുന്നവൻ, എന്നിവർ ഗ്രാമത്തിലെ സത്രത്തിലെത്തി. രാത്രിയിൽ മഞ്ഞു വീണു തുടങ്ങി. അവരുടെ പക്കൽ മൂടിപ്പുതയ്ക്കുവാനോ നിലത്തു കിടക്ക വിരിക്കുവാനോ ഒന്നും തന്നെ ഇല്ലായിരുന്നു. അവർ ആ രാത്രി എങ്ങനെ കഴിച്ചുകൂട്ടി എന്നറിയുമോ ? ഇന്ദ്രിയസുഖങ്ങളിൽ രമിചിരുന്നവൻ ഓരോ അഞ്ചു മിനിറ്റിലും കരഞ്ഞുകൊണ്ട് ഇങ്ങനെ പറഞ്ഞു; "ദൈവമേ ഈ തണുപ്പിൽ ഞാൻ മരിച്ചുപോകും." നോക്കു പിറ്റേന്നു പകൽ അയാൾ മരിച്ചുകിടന്നിരുന്നു.

രണ്ടാമൻ തന്നിൽ അഭിമാനിച്ചുകൊണ്ട് പറഞ്ഞു; "ഓ വളരെ തണുപ്പാണ്, എന്നാൽ അത് എന്നെ ബാധിക്കുമോ. എന്റെ ശരീരത്തെയല്ലേ അതു ബാധിക്കുക." അങ്ങനെ രാത്രി കഴിച്ചുകൂട്ടി. രാവിലെ അയാളുടെ ശരീരം തണുത്തിരുന്നു എന്നാൽ മരിക്കാതെ ചെറുതായി ശ്വാസം വലിച്ചുകൊണ്ടിരുന്നു. അയാൾ ഒരു തരം ലഹരിയിലെന്നപോലെ ആണ്. ആളുകൾ അയാളെ ബാബാ എന്നു വിളിച്ചു പുകഴ്ത്തുന്നു. ബാബയും ദുരിതമനുഭവിച്ചവനും ബുദ്ധിശൂന്യ-മായ ലഹരിയിലാണ്.

ആത്മാവിൽ മാത്രം സുഖിച്ചിരുന്ന മൂന്നാമനോ ! പുറത്തു മഞ്ഞു പെയ്തു തുടങ്ങിയപ്പോൾ തന്നെ അയാൾ തന്റെ ജ്ഞാനഗുഹയിൽ പ്രവേശിച്ചു. തന്റെ ശരീരത്തിൽ നിന്നും പൂർണ്ണമായി സ്വതന്ത്രനായി അനന്തമായ പരമാനന്ദത്തി-ന്റെ ഭവനത്തിൽ താമസിച്ച് പകൽ ആ സത്രം ഉപേക്ഷിച്ചു.

## 50

## മലം-വിക്ഷേപം-അജ്ഞാനം : രാഗം-ദ്വേഷം-അജ്ഞാനം

**അന്വേഷകൻ** : എങ്ങനെ ഒരാൾക്ക് മുക്തി ലഭിക്കും

**ദാദാജി** : മലം, വിക്ഷേപം, അജ്ഞാനം എന്നിവ മറയുമ്പോൾ ഒരുവന് മുക്തി ലഭിക്കുന്നു എന്ന് വേദാന്തം പറയുന്നു. രാഗം, ദ്വേഷം, അജ്ഞാനം എന്നിവ നീക്കുമ്പോൾ മുക്തി നേടുന്നു എന്നു ജൈനമതം പറയുന്നു. കൈകാര്യം ചെയ്യേണ്ട പൊതുവായ സംഗതിയായി അജ്ഞാനത്തെ രണ്ടു സമ്പ്രദായങ്ങളും പറയുന്നു. ശരീരത്തെ ശുദ്ധീകരിക്കുക വഴി ബാഹ്യമായ മാലിന്യങ്ങൾ നീങ്ങുന്നു. എന്നാൽ എങ്ങിനെയാണ് ഒരാൾ മനസ്സിനെ ശുദ്ധമാക്കുക ? ചിത്തമാലിന്യം നീക്കുവാൻ വളരെ പ്രയാസമാണ്.

അജ്ഞാനമുള്ളിടത്തോളം കാലം വിക്ഷേപങ്ങളുണ്ടായി മനോമാലിന്യം ഉണ്ടാക്കപ്പെടും. ശാന്തി തേടുന്ന ആളുകൾ അവരുടെ മനസ്സിന്റെ പ്രവാഹം തുടരുമ്പോഴും ഈ മാലിന്യങ്ങൾ നീക്കുവാൻ ശ്രമിക്കുന്നു. എന്നാൽ ജ്ഞാനിയിൽ നിന്നും ലഭിച്ച ശരിയായ ജ്ഞാനം കൊണ്ടു അജ്ഞാനത്തെ നീക്കുക എന്നതാണ് യഥാർത്ഥ പരിഹാരം. അദ്ദേഹവുമായുള്ള സത്സംഗത്താൽ വിക്ഷേപവും മാലി-ന്യങ്ങളും വേഗം നീക്കംചെയ്യപ്പെടും.

**അന്വേഷകൻ** : എന്താണ് ആത്മാവിന്റെ ബന്ധത്തിന് കാരണം ?

**ദാദാജി** : അജ്ഞാനമാണ് അതിനു കാരണം

**അന്വേഷകൻ** : പിന്നെ എങ്ങനെ അദ്ദേഹം മുക്തി നേടും ?

**ദാദാജി** : ആത്മാവിനെ ബന്ധിക്കുന്ന അജ്ഞാനത്തിനു വിപരീതമായ ജ്ഞാനം കൊണ്ട്.

**അന്വേഷകൻ** : കൂടുതൽ വിശദമാക്കുമോ

**ദാദാജി** : 'ഞാൻ അമിത് ആകുന്നു' എന്നത് തെറ്റായ ഇടത്തിലുള്ള രാഗമാണ്. എന്നാൽ ഒരുവൻ ഇതു വളരെ ഇഷ്ടപ്പെടുന്നു. അജ്ഞാനത്താൽ അതിനു വിപരീതമായതിനെ ഇഷ്ടപ്പെടുന്നില്ല. അതായത് ശുദ്ധാത്മാവിനോടുള്ള ഇഷ്ട-ക്കേട്. ഒരു കോണിൽ രാഗമുണ്ടെങ്കിൽ മറുകോണിൽ അനിഷ്ടമുണ്ടാകും. ഞാൻ നിങ്ങൾക്ക് ശുദ്ധാത്മാവിനെ വെളിപ്പെടുത്തിത്തരുമ്പോൾ, നിങ്ങളുടെ ദൃഷ്ടിയെ ശുദ്ധാത്മാവിൽ ഉറപ്പിക്കുമ്പോൾ, ആ നിമിഷം നിങ്ങൾ രാഗത്തിൽ നിന്നും മോചിക്കപ്പെടുന്നു. മുന്നോട്ടുള്ള യാത്രയിൽ നിങ്ങൾ അനിഷ്ടങ്ങളെയും നീരസ-ത്തെയും ഉപേക്ഷിക്കും.

വീതരാഗ എന്നാൽ യഥാർത്ഥ സ്ഥിതിയുടെ ജ്ഞാനദൃഷ്ടി, ശുദ്ധ ആത്മാവിന്റെ സാക്ഷാത്കാരം എന്നാണു അർത്ഥം. ഞാൻ നിങ്ങൾക്ക് കേവല-ജ്ഞാനവും കേവലദൃഷ്ടിയും തരാം. അങ്ങനെ നിങ്ങൾക്ക് കൃത്യമായ ദർശന-

മുണ്ടാകും. എന്നാൽ 360 ഡിഗ്രി നിങ്ങൾക്ക് ദഹിക്കാവുന്നതല്ല. കാലത്തിന്റെ പ്രത്യേകത കൊണ്ടാണത്. എനിക്കു പോലും കേവലജ്ഞാനത്തിന്റെ ഉയർന്ന ഡിഗ്രി പ്രാപ്തമായിട്ടില്ല. 360 ഡിഗ്രിയുടെ കേവലജ്ഞാനത്താൽ ഞാൻ നിങ്ങളെ അനുഗ്രഹിക്കാം എന്നാൽ നിങ്ങൾക്ക് അത് ഉൾക്കൊള്ളാൻ ആവില്ല. അതിനാൽ നിങ്ങളെ അംശകേവലജ്ഞാനി എന്നു വിളിക്കുന്നു. ഭഗവാൻ കേവല ജ്ഞാനത്തോടു കൂടിയവനാകുന്നു. ശുദ്ധാത്മാവ് തന്റെ ആത്മാവിനെ പ്രകടീകരിക്കുമ്പോൾ കേവലജ്ഞാനവും അതോടൊപ്പം അതെ അളവിൽ പ്രകടമാകുന്നു. ശുദ്ധാത്മാവ് പൂർണ്ണമായും പ്രകടമാകുമ്പോൾ അതിനെ സർവ്വാംശകേവലജ്ഞാനം എന്നു വിളിക്കുന്നു. ക്രമമാർഗ്ഗത്തിൽ മിഥ്യയെ മിഥ്യകൊണ്ട് ഇല്ലാതെയാക്കുക എന്ന സന്ദേശമാണ് ഉള്ളത്.

**അന്വേഷകൻ** : ഒരു ഉദാഹരണം കൊണ്ടു വ്യക്തമാക്കുമോ.

**ദാദാജി** : ഒരു വസ്ത്രത്തിലെ ചെളി കളയാൻ നമുക്ക് സോപ്പ് ആവശ്യമുണ്ട്. എന്നാൽ ആ സോപ്പ് അതിന്റെ അവശിഷ്ടം ആ തുണിയിൽ അവശേഷിപ്പിക്കും. അതു കളയണമെങ്കിൽ ഡിറ്റെർജന്റ് ആവശ്യമുണ്ട്. എന്നാൽ അതും കുറച്ച് ഭാഗം തുണിയിൽ കാണും. അതു കളയാൻ ടിനോപോൾ പോലുള്ള മറ്റേതെങ്കിലും രാസവസ്തു ഉപയോഗിക്കും. അങ്ങനെ തുടർന്നുകൊണ്ടേയിരിക്കും. ഇങ്ങനെ സാധകൻ ഇടപെടുന്ന എല്ലാ വിഷയങ്ങളുടെയും മുദ്ര മാലിന്യരൂപത്തിൽ അവനിൽ അവശേഷിക്കും. അങ്ങനെ അയാൾ പൂർണമായും മനോമാലിന്യത്തിൽ നിന്നും മുക്തനാകില്ല.

**അന്വേഷകൻ** : അതിനു പ്രതിവിധി എന്താണ്?

**ദാദാജി** : സാക്ഷാത്കാരം. ഒരു ജ്ഞാനിയെ കണ്ടെത്തുമ്പോൾ ഈ മാലിന്യങ്ങൾ നീക്കപ്പെടും. എല്ലാ മാലിന്യങ്ങളിൽ നിന്നും മുക്തനായ ജ്ഞാനിക്ക് നിങ്ങളുടെ പാപങ്ങളെ എല്ലാം ഭസ്മീകരിക്കാൻ കഴിയും നിങ്ങൾക്ക് കേവല ശുദ്ധാത്മാവിന്റെ അനുഭവത്തെ തരികയും എല്ലാ മലങ്ങളിൽ നിന്നും നിങ്ങൾ മുക്തരാകുകയും ചെയ്യും. അങ്ങനെ ഒരുവൻ മോക്ഷം നേടും. അങ്ങനെയല്ല എങ്കിൽ ഒരുവൻ വീണ്ടും വീണ്ടും മാലിന്യങ്ങൾ സമ്പാദിച്ച് ജന്മങ്ങളോളം തന്റെ തുണി സോപ്പ് ഇട്ടു കഴുകിക്കൊണ്ടേ ഇരിക്കും .

## 51

## വാക്കിന്റെ ശാസ്ത്രം

**അന്വേഷകൻ** : സർ വാക്കിന്റെ ശാസ്ത്രീയതയെക്കുറിച്ച് പറയുമോ

**ദാദാജി** : രാവിലെ മുതൽ വൈകുന്നേരം വരെ അമ്മായിയമ്മ മരുമകളുമായി കലഹിക്കുന്നു. മരുമകൾ അസ്വസ്ഥയായി ഉള്ളിൽ നീറിക്കൊണ്ടിരിക്കും. വൃദ്ധയായ സ്ത്രീ നാലു മണിക്കൂർ തുടർച്ചയായി ശകാരം ചൊരിയുകയും അവരോടു ആ പറഞ്ഞതെല്ലാം വീണ്ടും പറയാൻ ആവശ്യപ്പെടുകയും ചെയ്താൽ അവർക്കു അതു സാധിക്കുമോ ?ഇല്ല. എന്തുകൊണ്ട് ? അവരുടെ വാക്ക് റെക്കോർഡ് ചെയ്യപ്പെട്ട ഒരു ശബ്ദരേഖപോലെയാണ്.

"ചഞ്ചലിനു ബോധമില്ല. ചഞ്ചലിനു ബോധമില്ല", എന്നിങ്ങനെ ശബ്ദരേഖ പറയുകയാണെങ്കിൽ ആ ശബ്ദരേഖയോടു എനിക്കു ബോധമില്ലാ എന്നു ചഞ്ചൽ പറയുമോ ? വാക്ക് ഒരുതരം ശബ്ദലേഖനമാണ്. ഈ രഹസ്യം ഞാനാണ് ആദ്യമായി വെളിപ്പെടുത്തുന്നത്.

**അന്വേഷകൻ** : ഇതു വളരെ വിചിത്രമാണ്. കൂടുതൽ വിവരിക്കു ?

**ദാദാജി** : വാക്ക് ഭൌതികമാണ്, ഒരു ശബ്ദലേഖനം മാത്രം. ടേപ്പ്റെക്കോർഡർ ശബ്ദം കേൾപ്പിക്കും എന്നാൽ അത് മുൻകൂട്ടി റെക്കോർഡ് ചെയ്യപ്പെട്ടതാണ്. അനുയോജ്യമായ സാഹചര്യത്തിൽ ഗ്രാമഫോൺ റെക്കോർഡ് എന്ന പോലെ വാക്ക് അനായാസേന ഒഴുകുന്നു, അപ്പോൾ അയാൾ പറയുന്നു, ഞാൻ സംസാരിച്ചു.

ഒരു വക്കീൽ കേസ് ജയിക്കുമ്പോൾ അയാൾ പറയുന്നു, "ഞാൻ ഇപ്രകാരം വാദിച്ചു ജയിച്ചു". എന്നാൽ കേസ് തോറ്റാലോ അയാളുടെ വാദം എവിടെ പോയി ? അപ്പോൾ അയാൾ പറയും, "ഞാൻ ഇങ്ങനെയായിരുന്നു വാദിക്കേ-ണ്ടത് പക്ഷെ അങ്ങനെ ചെയ്യാൻ മറന്നു,". ഹേ മൂഢാ, നീയല്ല റെക്കോർഡ് ആണ് സംസാരിക്കുന്നത്. മുൻകൂട്ടിനിശ്ചയിച്ച പ്രകാരം സംസാരിക്കാൻ ശ്രമി-ച്ചാൽ ഒരു വാക്കു പോലും ഒഴുക്കോടെ സംസാരിക്കാൻ നിങ്ങൾക്ക് ആവില്ല.

**അന്വേഷകൻ** : ഒരു ഉദാഹരണം പറയുമോ

**ദാദാജി** : നിങ്ങളുടെ അമ്മായിയമ്മയ്ക്കോ ഭർത്താവിനോ എതിരായി സംസാരിക്കരുതെന്നു നിശ്ചയമായി കരുതിയാലും സംസാരിക്കേണ്ടി വരാറില്ലേ ? നിങ്ങളുടെ ഇച്ഛയെ വകവക്കാതെ വാക്കുകൾ ഉച്ചരിക്കപ്പെടും. നിങ്ങൾക്ക് ശകാരിക്കുവാൻ ഇഷ്ടമില്ലായിരിക്കാം. ഭാര്യ തന്നെ ശകാരിക്കണമെന്നു ഭർത്താവു ആഗ്രഹിക്കുമോ ? ആരാണ് അവളെക്കൊണ്ട് ഭർത്താവിനെ ശകാരിപ്പിച്ചത് ? റെക്കോർഡ് ആണ് പ്രവർത്തിക്കുന്നത്. അതിൽ മാറ്റം വരുത്തുവാൻ ആർക്കും

സാധ്യമല്ല .

ശത്രുവിനെ ചീത്ത വിളിക്കാൻ ചെല്ലുകയും അയാളുടെ കൂടെ കുറേ ആളുകളെ കണ്ട് മിണ്ടാതെ പോവുകയും ചെയ്യുന്നത് പലപ്പോഴും സംഭവിക്കുന്ന-താണ്. വാക്ക് നിങ്ങളുടെ അധീനതയിൽ ആണെങ്കിൽ നിങ്ങളുടെ ഇഷ്ടത്തിനു സംസാരിക്കാം. എന്നാൽ അത് എപ്പോഴെങ്കിലും സംഭവിക്കുമോ ? എങ്ങനെ സംഭവിക്കാനാണ്?

**അന്വേഷകൻ** : സർ അങ്ങയുടെ വാക്കും ശബ്ദലേഖനമാണോ

**ദാദാജി** :ഈ അംബാലാൽ മുൽജിഭായ് പട്ടേലിന് ഒരു ശരീരമുണ്ട്. ഈശ്വരൻ അയാളിൽ പൂർണ്ണമായും ആവിഷ്കരിക്കപ്പെട്ടിട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെ വാക്കും ശബ്ദരേഖയാണ്. എനിക്കു വാക്കിന്റെ മേൽ അധികാരമില്ല. റെക്കോർഡ് പ്രവർത്തിക്കുന്നത് എങ്ങനെയെന്നു ഞാൻ കാണുകയും അറിയുകയും ചെയ്യുന്നു. വാക്ക് പൂർണ്ണമായും ഭൌതികമാണ്. പ്രകടമാക്കപ്പെട്ട ആ പരമാത്മാവിൽ സ്പർശിച്ചിട്ടാണ് എന്റെ വാക്ക് ഒഴുകുന്നത്. അതിനാൽ അതൊരു ജീവസ്സുറ്റ ആത്മീയവചനമാണ്. പ്രത്യക്ഷമായ സരസ്വതി, വാക്കിന്റെ ദേവത എന്നപോ-ലെയാണത്. ഈ ചിത്രത്തിൽ കാണുന്ന സരസ്വതി വാസ്തവമല്ല. എന്നാൽ വാക്ക് ജീവിക്കുന്ന സരസ്വതിയാണു. അനേകം ജന്മങ്ങളിലെ നിങ്ങളുടെ പാപ-ങ്ങൾ ഭസ്മീകരിക്കപ്പെടും. നമ്മുടെ വാക്ക് വീതരാഗമാണ്. രാഗത്തിൽ നിന്നും പൂർണ്ണമായും മുക്തമായത്.

ഒരു വീതരാഗനെ എങ്ങനെ തിരിച്ചറിയാം. വാക്കുകൊണ്ട്. എന്നാൽ അതിന്റെ മൂല്യം അത് അളക്കുന്ന ആളിന്റെ കഴിവിനു ആനുപാതികമായിരിക്കും. ഭാഗ്യഹീനന്മാർ പതിനായിരം ലക്ഷം വിലയുള്ള വജ്രാഭരണത്തിനു അഞ്ഞൂറ് രൂപ വിലയിടുമ്പോൾ വജ്രാഭരണത്തിനു താൻ പതിനായിരം ലക്ഷം വിലയുള്ളതാണെന്ന് സ്വയം പറയേണ്ടി വരുന്നു. അതുപോലെ ഈശ്വരത്വം നേടിയെന്നു എനിക്കും വിളംബരം ചെയ്യേണ്ടി വരുന്നു. ഹാ ഞാൻ ഈശ്വരന്റെ മേലധികാരി, പൂർണ്ണമായും രാഗരഹിതൻ. ഈശ്വരൻ തന്നെ എനിക്ക് അദ്ദേഹത്തിന്റെ മേലധികാരിയുടെ സ്ഥാനം തന്നു.

**അന്വേഷകൻ** : അതെങ്ങനെ ശരിയാകും ?

**ദാദാജി** : ഈശ്വരൻ എന്നോട് പറഞ്ഞു : "ഞങ്ങൾ ഒരു ഫലപ്രദമായ ഉപകര-ണത്തെ തേടിക്കൊണ്ടിരുന്നു. ഒടുവിൽ നിന്നിൽ അതു കണ്ടെത്തി. ഞങ്ങൾ പൂർണ്ണമായും രാഗരഹിതരായി ആത്മാവിൽ രമിക്കുന്നു എങ്കിലും ഇപ്പോൾ

ആരെയും സഹായിക്കുവാൻ കഴിയുകയില്ല. നീ സർവശക്തൻ ജീവനുള്ള ശരീരത്തിൽ ആവിഷ്കരിക്കപ്പെട്ടതാണ്. നീ പൂർണ്ണമായും മമതാരഹിതനാണ്. അതിനാൽ നിനക്ക് ഉയർന്ന ശക്തി ഉണ്ട്. ലോകത്തിന്റെ നന്മയ്ക്കു നീ ഒരു ഉപകരണമാകും"

അങ്ങനെയാണു ഞാൻ ഈശ്വരനെക്കാളും മേലെയായത്. പതിനാലു-ലോകത്തിന്റെയും അധിപനായ ഈശ്വരൻ അദ്ദേഹത്തിന്റെ ആദ്ധ്യാത്മിക-ശക്തിയോടെ ജ്ഞാനാവതാരമായി എന്നിൽ ആവിർഭവിച്ചിരിക്കുന്നു.

ഹേ ഭാഗ്യഹീനനായ മനുഷ്യാ നിങ്ങൾ നിങ്ങളുടെ വിളക്കും തെളിച്ച് നിങ്ങളുടെ വഴിയെ സഞ്ചരിക്കൂ. കൂടുതൽ അന്വേഷിച്ച് കുഴങ്ങാതിരിക്കൂ.

**അന്വേഷകൻ** : ആളുകൾ ഇതു വിശ്വസിക്കാൻ മടിക്കും

**ദാദാജി** : ജ്ഞാനിയുടെ അളക്കപ്പെടാനാവാത്ത അറിവിനു എങ്ങനെ വിലയിടും ? ബോധമില്ലാത്ത കുട്ടിയെ പോലെ സ്വന്തം ഭാര്യയാൽ പോലും വിക്ഷിപ്തനാകുന്ന നിങ്ങൾക്ക് എങ്ങനെ ജ്ഞാനിയുടെ അറിവിനെ അളക്കാൻ ആകും ? നിങ്ങൾക്ക് ഒരു സ്വർണ്ണക്കച്ചവടക്കാരന്റെ സാമർത്ഥ്യം ഉണ്ടോ ? ഹേ മൂഢാ എന്നെ വിലയിരുത്താൻ ശ്രമിച്ച് നീ പിടിക്കപ്പെടും. അതിനാൽ നിന്റെ കാപട്യം കളഞ്ഞു നേരെ നിൽക്കൂ. വിനയത്തോടെ വന്നു ചോദിക്കൂ, "സർ എനിക്കു യാതൊന്നും അറിയില്ല. ജനനമരണചക്രങ്ങളിൽ നിന്നും എനിക്കു മുക്തി തരൂ". ഞാൻ നിങ്ങളുടെ ജീവിതകടംകഥക്ക് സമാധാനം നൽകാം. തനിക്ക് പ്രിയമായത് എന്തും ഒരു ജ്ഞാനിക്ക് ചെയ്യാം എന്തെന്നാൽ മുക്തിയുടെ ലൈസെൻസ് അയാളുടെ പക്കലുണ്ട്.

ഒരു സമയത്ത് എത്ര ജ്ഞാനികൾ ഉണ്ടാകാം ? അഞ്ചോ പത്തോ ? വാസ്തവത്തിൽ ഒരു ജ്ഞാനി അപൂർവ്വമായി മാത്രമേ ഭൂമി സന്ദർശിക്കുകയുള്ളൂ. പത്തുലക്ഷം വർഷത്തിൽ ഒരിക്കൽ മാത്രമാണു അക്രമമാർഗ്ഗത്തിൽ ഉള്ള ജ്ഞാനി ജനിക്കുന്നത്. അതും വിചിത്ര സംഭവങ്ങൾ അരങ്ങേറുന്ന കലിയുഗം പോലുള്ള കാലത്തിൽ. ജ്ഞാനി നിങ്ങളെ ലിഫ്റ്റിൽ മുകളിലേക്ക് കൊണ്ടുപോകുന്നു. സ്റ്റെപ്പ് കയറി ശ്വാസത്തിനായി നിങ്ങൾ ബുദ്ധിമുട്ടേണ്ട.

മൂഢാ ഇതു മിന്നൽപ്പിണറാണ്, നിങ്ങളുടെ മുത്തുകൾ കോർക്കൂ.

എന്നാൽ നിർഭാഗ്യവാൻ അവന്റെ നൂൽ തേടി അലയുന്നു. എന്തു ചെയ്യാം ? അവൻ തയ്യാറല്ല. കൂടാതെ പുണ്യകർമ്മങ്ങൾ കുറവുമാണ്.

**അന്വേഷകൻ** : ഇതു തികച്ചും അത്ഭുതകരമാണ്. ഒരു ജ്ഞാനിയുടെ വാക്കിന്റെ

ഗുണങ്ങളെ കുറിച്ച് പറയുമോ ? അങ്ങയുടെ വാക്കുകളിൽ പ്രപഞ്ചവിജ്ഞാന-ത്തിന്റെ സുവ്യക്തമായ വിശദീകരണം ലഭ്യമാകുന്നു.

**ദാദാജി** : വീതരാഗവാണിയായ, രാഗത്തിൽ നിന്നും മുക്തമായ വാക്കു മാത്രമേ മുക്തിയിലേക്ക് നയിക്കു. എന്റെ വാക്ക് മധുരതരമാണ്, ശ്രുതിമധുരമാണ്, മുൻപു കേട്ടിട്ടില്ലാത്തതും നേരിട്ടുള്ളതും ആണ്. ശാസ്ത്രങ്ങളിൽ ഉള്ള വാക്ക് പരോക്ഷ-മാണ്. നേരിട്ടുള്ള വാക്കിലൂടെ സാക്ഷാത്കാരത്തിന്റെ അനുഗ്രഹീതമായ അവ-സ്ഥ അഥവാ 'സമകീതം' പ്രാപ്തമാകുന്നു.

എന്റെ വാക്ക് സ്യദ്വാദമാണ്. അതായത് ആരുടേയും കാഴ്ചപ്പാടിനെ വേദ-നിപ്പിക്കാതെ എല്ലാത്തിനെയും സ്വീകരിക്കുന്നത്. എല്ലാത്തിനെയും അത് അംഗീ-കരിക്കുന്നു എന്തെന്നാൽ ഞാൻ കേന്ദ്രസ്ഥാനത്തിലാണ് ഇരിക്കുന്നത്. എന്റെ വാക്ക് പക്ഷപാതപരമല്ല. ഹിന്ദുക്കൾ, മുസ്ലീങ്ങൾ, പാർസികൾ, ഖോജകൾ എല്ലാവരും എന്റെ വാക്ക് ശ്രവിക്കുന്നു. ഞാൻ അവർക്ക് ശ്രേഷ്ഠനായ ഒരു അഭ്യു-ദയകാംക്ഷിയായാണ് കാണപ്പെടുന്നത് എന്തെന്നാൽ ഒരാളെ മറ്റുള്ളവരിൽ നിന്നും വേർതിരിക്കുന്ന ബുദ്ധി എനിക്കില്ല. കൂടാതെ ഞാൻ അവരിലെല്ലാം സ്ഥിതി ചെയ്യുന്നു. ഞാൻ തന്നെ പറയുന്നവനും കേൾക്കുന്നവനും. അതിനാൽ എന്റെ മുന്നിൽ എത്തുന്നവർക്ക് അഗാധമായ ഏകത്വത്തിന്റെയും മൈത്രിയുടെയും അനുഭവമുണ്ടാകുന്നു.

മറ്റുള്ളവരുടെ പൂർണ്ണമായ ആത്മീയനന്മയ്ക്ക് ഉതകും വിധമാണ് വീതരാഗ-വാണി. രാഗത്തിൽ നിന്നും മുക്തനായ ഒരാളുടെ വാക്ക് മാത്രമേ മുക്തിയിലേക്ക് നയിക്കു.

## 52

## ശുദ്ധാത്മാവിന്റെ മൌനം

**ദാദാജി** : ദിനം മുഴുവനുള്ള ഈ വാക്ക് ഉണ്ടായിട്ടുപോലും ഞാൻ മൌനിയാണ്.

**അന്വേഷകൻ** : അതെങ്ങനെ ?

**ദാദാജി** : എന്റെ വാക്ക് ശുദ്ധാത്മാവിനോട് സംബന്ധപ്പെട്ടു മാത്രമാണു ഇരിക്കുന്നത് അല്ലാതെ മറ്റൊന്നിനോടുമല്ല. അതിനാൽ അതു മൌനമാണ്. മൌനത്തെ അനുഷ്ഠിക്കുന്നവനാണ് മുനി. അല്ലാതെ പുറമേ മിണ്ടാതിരിക്കുകയും അകമേ വിക്ഷേപത്തോടെ ഇരിക്കുകയും ചെയ്യുന്നവനല്ല. അങ്ങനെയൊരാളെ എങ്ങനെ മുനി എന്ന് വിളിക്കും ? നാം മഹാമുനി ആണ്, പൂർണ്ണമായും ശാന്തൻ. ഇതിനെ പരമാർത്ഥമൌനം അഥവാ ശുദ്ധാത്മാവിന്റെ മൌനം എന്നു വിളി

ക്കുന്നു.

**അന്വേഷകൻ** : സത്യമായ വാക്കിന്റെ ഗുണങ്ങൾ എന്തൊക്കെയാണ്?

**ദാദാജി** : മിതവും, ഹൃദ്യവും, അന്യർക്ക് നന്മയുളവാക്കുന്നതുമായ വാക്ക് സത്യമായ വാക്കാകുന്നു, മറ്റു വാക്കുകളല്ല. നമ്മുടെ ദൈനംദിനജീവിതത്തിലെ വാക്കുകൾക്കും ഇതു ബാധകമാണ്. നോക്കു, നാതുഭായ്, നിങ്ങൾ എന്റെ വാക്കുകൾ കുറിച്ചെടുക്കുന്നു. എന്നാൽ അതു നിങ്ങളെ 50 ശതമാനം മാത്രം സഹായിക്കും. അതു വായിക്കുന്ന ആളെ വെറും 2 ശതമാനം മാത്രം സഹായിക്കും.

**അന്വേഷകൻ** : വാക്കുകൾ അതേപടി എഴുതിയാലോ ?

**ദാദാജി** : അതു തത്സമയ വാക്കാകില്ല. എന്റെ ഈ ശരീരം നശിക്കാത്തിടത്തോളം അവസരം ഉപയോഗിക്കു. ആത്മാവുമായ് ഐക്യം നേടു. ഇതു നശിച്ചു കഴിഞ്ഞാൽ എല്ലാം വൃഥാവിലാകും. നാം എല്ലാവരോടും പറയും എനിക്ക് ശേഷം എന്റെ പ്രതിമകളോ ചിത്രങ്ങളോ വയ്ക്കരുത്. നമുക്ക് മഹാവീരന്റെയും കൃഷ്ണന്റെയും ചിത്രങ്ങളില്ലേ ? അതു വയ്ക്കു. എന്റെ ചിത്രം വയ്ക്കരുത്. നിങ്ങൾക്ക് അത് ഒരു തരത്തിലും പ്രയോജനപ്പെടുകയില്ല. ഞങ്ങൾ ജ്ഞാനികളുടെ ഒരു പരമ്പര തന്നെ അവശേഷിപ്പിക്കും. ഞങ്ങളുടെ ഈ ജ്ഞാനിപരമ്പര തുടർന്നുകൊണ്ടേ ഇരിക്കും. അതിനാൽ ജീവിക്കുന്ന ജ്ഞാനിവിഗ്രഹത്തെ കണ്ടെത്തു. ജ്ഞാനി വഴികാട്ടാതെ കടംകഥയ്ക്ക് ഉത്തരം ലഭിക്കില്ല.

53

## അന്തഃകരണം

**അന്വേഷകൻ** : സർ നമ്മുടെ മനസ്സ് പോലുള്ള ആന്തരികതത്വങ്ങളുടെ പ്രവർത്തനം വളരെ ഗഹനമാണ്. ഒരാൾക്ക് എപ്പോഴും അത് ആശയക്കുഴപ്പവും പരിഭ്രമവും ഉണ്ടാക്കും.

**ദാദാജി** : മനുഷ്യശരീരത്തിന്റെ പ്രവർത്തനത്തിനു രണ്ടു ഭാഗങ്ങളുണ്ട്

ബാഹ്യകരണം–(സ്ഥൂലശരീരം) : ബാഹ്യപ്രവർത്തനം

അന്തഃകരണം (ആന്തരിക സൂക്ഷ്മശരീരം) : ആന്തരിക പ്രവർത്തനം

ലോകം ആന്തരികശാസ്ത്രത്തിനു വേണ്ടി തിരയുകയാണ്. ഞാൻ ആദ്യമായി അതു വെളിപ്പെടുത്തുന്നു. മനസ്സിനെ അറിയുവാൻ വളരെ പ്രയാസമാണ്. എന്താണു മനസ്സ്? എന്താണ് ബുദ്ധി ? എന്താണ് ചിത്തം ? എന്താണ് അഹങ്കാരം ? മനസ്സ്, ബുദ്ധി, ചിത്തം, അഹങ്കാരം എന്നിവയുടെ ശരിയായ ബോധനം ഞാൻ നൽകാം.

അന്തഃകരണത്തെ നാലായി പറയുന്നു : മനസ്സ്, ബുദ്ധി, ചിത്തം, അഹങ്കാരം. നാലിനും വളരെ സൂക്ഷ്മരൂപമാണ്. അതിനാൽ കാണുവാൻ സാധ്യമല്ല. ബാഹ്യ-ദൃഷ്ടിക്ക് വിഷയമല്ല എങ്കിലും അതു ജ്ഞാനഗമ്യമാണ്. അവ ഭൌതികമെങ്കിലും കാണാൻ കഴിയാത്തവണ്ണം സൂക്ഷ്മമാണ്. ശുദ്ധാത്മാവിനു അന്തഃകരണവുമായി യാതൊരു ബന്ധവുമില്ല. അതു പൂർണ്ണമായും ഭിന്നമാണ്.ഞാൻ സ്വതന്ത്രനാണ്. അതിനാൽ എനിക്ക് അതിന്റെ പൂർണ്ണവിശദീകരണം നൽകാൻ കഴിയും.

**അന്വേഷകൻ** : അന്തഃകരണം എങ്ങനെയാണ് പ്രവർത്തിക്കുന്നത്?

**ദാദാജി** : ഞാൻ മുൻപ് പറഞ്ഞപോലെ മനസ്സ്, ബുദ്ധി, ചിത്തം, അഹങ്കാരം എന്നിങ്ങനെ നാലു തരത്തിലാണ് അന്ത:കരണം പ്രവർത്തിക്കുന്നത്. നാലിനും മറ്റൊന്നിൽ നിന്നും വ്യത്യസ്തമായ ധർമ്മമുണ്ട്. എങ്കിലും എല്ലാ കർമ്മവും ഈ നാലിന്റെയും സഹകരണത്തോടെയാണ് നടക്കുന്നത്. ആദ്യത്തെ മുദ്ര പതിയു-ന്നത് ആന്തരിക അവയവത്തിലാണ്. പിന്നീട് ബാഹ്യകരണമായ് ആവിഷ്കരി-ക്കുന്നു, ഒടുവിൽ ബാഹ്യലോകവും.

**അന്വേഷകൻ** : സർ എന്താണ് മനസ്സ്?

**ദാദാജി** : ശരീരത്തിൽ നിന്നും ഒരിക്കലും പുറത്തു പോകാത്തതാണ് മനസ്സ്. അശാന്തനായ മനസ്സ് ഉള്ളിൽ കുരങ്ങുകളിക്കുകയും വിവിധ ചിത്രങ്ങൾ ഉണ്ടാ-ക്കുകയും ചെയ്യുന്നു. മനസ്സ് പൊതുവായ് അലഞ്ഞുതിരിയില്ല. മനസ്സ് അലഞ്ഞു തിരിയുന്നുവെന്നു ആളുകൾ പറയും. എന്നാൽ അതു ശരിയല്ല.

**അന്വേഷകൻ** : പിന്നെ എന്താണു പുറത്ത് അലയുന്നത്?

**ദാദാജി** : ചിത്തം അഥവാ പ്രതിഫലിതബോധമാണ് അലയുന്നത്. ചിത്തത്തിനു മാത്രമേ പുറത്തു സഞ്ചരിക്കാൻ കഴിയുകയുള്ളൂ. അതു കാണാൻ കഴിയുന്നതിന്റെ ചിത്രമെടുക്കുന്നു.

**അന്വേഷകൻ** : ബുദ്ധിയുടെ ധർമ്മമെന്ത്?

**ദാദാജി** : ബുദ്ധി ഉപദേശിക്കുകയും നിശ്ചയിക്കുകയും ചെയ്യുന്നു. അഹങ്കാരം അതിനെ പ്രമാണീകരിക്കുന്നു.മനസ്സ് ബുദ്ധി ചിത്തം എന്നിവ തമ്മിൽ ഒരു വിലപേശൽ ഉടമ്പടി നടക്കുകയും മനസ്സിനോടോ ചിത്തത്തോടോ ചേർന്നു നിന്നു ബുദ്ധി എത്തിച്ചേർന്ന നിഗമനത്തെ അഹങ്കാരം അംഗീകരിക്കുകയും ചെയ്യുന്നു.

**അന്വേഷകൻ** : ഒരു ഉദാഹരണം പറയുമോ ?

**ദാദാജി** : ഉദാഹരണമായി നിങ്ങൾ സാന്താക്രൂസിൽ ഇരിക്കുന്നു. നിങ്ങളുടെ

മനസ്സ് ദാദറിൽ പോകുവാനുള്ള ചിത്രം കാണിക്കുന്നു.ക്ഷണനേരത്തിൽ നിങ്ങ-ളുടെ ചിത്തം ദാദറിലേക്ക് സഞ്ചരിക്കുന്നു. സാന്താക്രൂസിൽ ഇരുന്നുകൊണ്ട് ദാദ-റിന്റെ ചിത്രം നിങ്ങൾ കാണുകയും ചെയ്യുന്നു. പിന്നീട് മനസ്സ് നിങ്ങൾ ബസ്സിൽ ഇരിക്കാൻ ആഗ്രഹിക്കുന്ന ഒരു ചിത്രം കാണിക്കുന്നു. ചിത്തം ബസ്സിലേക്ക് പറ-ക്കുന്നു, കാണുന്നു, തിരിച്ചെത്തുന്നു. മനസ്സ് പിന്നീട് മൂന്നാമതൊരു ചിത്രം കാണി-ക്കുന്നു. ടാക്സിയിൽ പോകാം എന്ന്. പിന്നെ നാലാമതൊരു ചിത്രം, ട്രെയിൻ മാർഗം പോകാം. ട്രെയിനും ടാക്സിയും കണ്ടിട്ട് ചിത്തം വന്നും പോയും ഇരിക്കും.

ഒടുവിൽ ടാക്സിയിൽ പോകാമെന്നു ബുദ്ധി നിശ്ചയിക്കുമ്പോൾ അഹങ്കാരം ഇന്ത്യൻ പ്രസിഡന്റിനെപ്പോലെ ഒപ്പു വച്ച് അതിനു അംഗീകാരം കൊടുക്കുന്നു. അപ്പോൾ നിങ്ങൾക്ക് ടാക്സിക്കായി കാത്തു നിൽക്കുന്നത് കാണാം, ബുദ്ധി നിശ്ച-യിച്ചാൽ മനസ്സ് പിന്നെ ചിത്രങ്ങൾ കാണിക്കില്ല. മറ്റു വസ്തുക്കളുടെ ചിത്രമായി-രിക്കും പിന്നീട് കാണുക.

ബുദ്ധി+മനസ്സ് : അഹങ്കാരം ഒപ്പു വയ്ക്കുന്നു;ബുദ്ധി+ചിത്തം : അഹങ്കാരം ഒപ്പുവയ്ക്കു-ന്നു. മനസ്സിന്റെയും ചിത്തത്തിന്റെയും പുറകിലായിരിക്കണം ബുദ്ധി എന്തെന്നാൽ ബുദ്ധിയെക്കൂടാതെ പ്രവൃത്തി നടക്കാനുള്ള തീരുമാനം സാധ്യമല്ല. തീരുമാനമാ-യാൽ അഹങ്കാരം അത് അംഗീകരിച്ച് പ്രവൃത്തി തുടങ്ങും. അഹങ്കാരം കൂടാതെ ഒരു പ്രവൃത്തിയും സാധ്യമല്ല. വെള്ളം കുടിക്കാൻ പോലും സാധ്യമല്ല. അന്തഃക-രണം ഒരു ചട്ടപ്രകാരമുള്ള വ്യവസ്ഥയാണ്.

ഇനി ഞാൻ മനസ്സിനെക്കുറിച്ചും അതിന്റെ സ്വഭാവത്തെക്കുറിച്ചും പറയാം.

## 54

## എന്താണ് മനസ്സ്? എന്താണ് ചിന്തകൾ ?

**അന്വേഷകൻ** : സർ എന്താണ് മനസ്സ്?

**ദദാദാജി** : മനസ്സ് സൂക്ഷ്മമായ ഒരു കെട്ടാണ്. അതു അനേകം സൂക്ഷ്മമായ കെട്ടുകൾ കൊണ്ട് നിർമ്മിതമാണ്. അതു സൂക്ഷ്മമാണ്. അത് ഒരു പരമാണുവുമല്ല തന്മാത്രയും അല്ല. രണ്ടിന്റെയും ഇടയിൽ ഉള്ളതാണ്. ഉള്ളിലും പുറത്തുമുള്ള മാറ്റങ്ങൾക്ക് വിധേയമായി ഒരുവന് രാഗമോ വിരാഗമോ ഉണ്ടാകാം. അതു കാരണമനസ്സിന് ജന്മം നൽകുന്നു. അതു വ്യവസ്ഥിത ശക്തിയാൽ ക്രമേണ കാര്യപെട്ട മനസ്സാകുന്നു.ഒരുവൻ ബോധത്തിന്റെ ആ മുറയിൽ കൂടുതൽ നേരം സ്ഥിതി ചെയ്യുമ്പോൾ കൂടുതൽ പരമാണുക്കൾ ധ്രുവീകരിക്കപ്പെടുകയും കെട്ടുണ്ടാ-കുകയും ചെയ്യുന്നു. അതു അടുത്ത ജന്മത്തിലെ കാര്യമനസ്സാകുന്നു. എല്ലാവരു-

ടെയും മനസ്സ് വ്യതസ്തമാണ് എന്തെന്നാൽ അതു കാര്യമാണ്.

**അന്വേഷകൻ** : സർ എന്താണ് ചിന്തകൾ ?

**ദാദാജി** : മനസ്സ് അനേകം കെട്ടുകൾ ഉള്ളതാണ്. വ്യവസ്ഥിത ശക്തിയുടെ നിയമപ്രകാരമുള്ള കാലമനുസരിച്ച് ഒരു പ്രത്യേക കെട്ട് വികസിക്കുമ്പോൾ അതിനെ ചിന്ത എന്ന് വിളിക്കുന്നു.

മനസ്സിന്റെ സ്വഭാവവും ഏതു തരം കെട്ടാണ് ഉണ്ടായതെന്നും ചിന്തയിൽ നിന്നും മനസ്സിലാക്കാം. ചിന്തകൾ അവ ഉയരുമ്പോൾ തന്നെ വായിക്കാം. മനസ്സ് അതിനിഷ്ടമുള്ള ചിന്തകളുമായ് ഐക്യപ്പെടുന്നു. ഇഷ്ടപ്പെടാത്തതിനോട് അകലം പാലിക്കുന്നു. ആളുകൾ പറയുന്നു ഞങ്ങൾ മനസ്സിനെ കീഴടക്കാൻ പോകുന്നു എന്ന്. മനസ്സിനെ ഒരിക്കലും നിയന്ത്രിക്കാനാവില്ല.കുടത്തിൽ വെള്ളമെന്ന പോലെ അതിനെ ഉള്ളിൽ ജ്ഞാനം കൊണ്ട് അടക്കാം. മനസ്സിനെ കീഴടക്കുക എന്നത് ഏറ്റവും വലിയ വിരോധാഭാസമാണ്.

ശുദ്ധാത്മാവ് ചേതനനാണ്. അനാത്മാവ് ജഡവും അചേതനവും ആണ്. ഈ രണ്ടിനെയും എങ്ങനെ യോജിപ്പിക്കാനാവും ? ശുദ്ധാത്മാവ് അതിൽ തന്നെ നിൽക്കുകയും മനസ്സിനെ അതിന്റെ പ്രവൃത്തി ചെയ്യാൻ അനുവദിക്കുകയും ചെയ്താൽ പ്രശ്നം പരിഹരിക്കാം ഒരുവൻ മനസ്സിന്റെ പ്രവൃത്തികളിൽ ഇടപെടാതെ പൂർണ്ണ ബോധവാനായി ഇരിക്കണം.

**അന്വേഷകൻ** : മനസ്സിന്റെ കെട്ടുകളെപ്പറ്റി കൂടുതൽ പറയൂ

**ദാദാജി** : മനസ്സിന്റെ കെട്ടുകൾ എത്ര സൂക്ഷ്മമാണെന്നു ഞാൻ പറയാം. നിങ്ങൾ വേനൽക്കാലത്ത് ഒരു കൃഷിസ്ഥലത്ത് പോയാൽ അത് ശുദ്ധമായി കാണാം. നിങ്ങളുടെ സ്ഥലം വളരെ വൃത്തിയുള്ളതായി നിങ്ങൾ പറയും. എന്നാൽ മഴ പെയ്താലോ, നിറയെ വള്ളികൾ പടർന്നു പിടിക്കും. പാവലിന്റെയും, കോവയ്ക്കയുടെയും മറ്റും വള്ളികൾ പടർന്നു പന്തലിക്കും. അതെവിടുന്നു വന്നു ? ഓരോന്നിന്റെയും വേര് മണ്ണിൽ ഉണ്ടായിരുന്നു. ആദ്യ മഴയിൽ അവ ഉയർന്നു വന്നു. സ്ഥലം വൃത്തിയാക്കാൻ വള്ളികൾ മുഴുവൻ നിങ്ങൾ കളയുന്നു. അപ്പോൾ നിങ്ങൾ പറയും : "എന്റെ സ്ഥലം വൃത്തിയായി". മൂന്നു വർഷത്തിനു ശേഷം നിങ്ങൾ ആ സ്ഥലം നോക്കൂ. അപ്പോഴും അവിടെ വള്ളിച്ചെടികൾ ഇല്ലെങ്കിൽ മാത്രമേ അതു വൃത്തിയായി എന്ന് നിങ്ങൾക്ക് പറയാനാകൂ. അപ്പോൾ മാത്രമേ അതു കെട്ടുകൾ ഇല്ലാത്തത് ആയിത്തീരൂ.

അതുപോലെ മനസ്സും ഒരുപാട് കെട്ടുകൾ നിറഞ്ഞതാണ്. ഒന്നിന്

വേണ്ടിയുള്ള കെട്ട വളരെ വലുതെങ്കിൽ അതിന്റെ ചിന്തകൾ കൂടുതലായി വരും. ഒരു വസ്തുവിനു വേണ്ടിയുള്ള കെട്ട ചെറുതെങ്കിൽ ചിന്തയും കുറയും. ഒരു കച്ചവടക്കാരന്റെ മകനോട് മാംസം തിന്നാനുള്ള ചിന്ത എത്ര തവണ വന്നു എന്ന് ചോദിച്ചാൽ ഇരുപത്തിരണ്ടു വർഷത്തിനിടയിൽ അഞ്ചോ ആറോ തവണ എന്ന് മറുപടി പറയും, ഒരു മുസൽമാന്റെ പുത്രനോട് ചോദിച്ചാൽ ദിവസത്തിൽ അനേകം പ്രാവശ്യമെന്ന് അവൻ പറയും. ഒരു ജൈനനോട് ചോദിച്ചാൽ അങ്ങനൊരു ചിന്തയെ ഇല്ലെന്നു പറയും. അതായത് അവനു മാംസം കഴിക്കണം എന്ന കെട്ട ഇല്ലെന്നർത്ഥം.

നിങ്ങൾ വസ്തുക്കളെ ചിന്തിക്കുന്നതിന്റെ കൂടിയതും കുറഞ്ഞതുമായ ആവൃത്തി അനുസരിച്ച് ഒരു ഗ്രാഫ് വരയ്ക്കാൻ പറഞ്ഞുവെന്നു കരുതുക. നോട്ട് ചെയ്ത് ഒരു ആഴ്ചയിലെ ഗ്രാഫ് വരയ്ക്കുക. പിന്നെ ദിവസേന ഒന്ന്. ഓരോ കെട്ടുകളുടെയും വലിപ്പം നിങ്ങൾക്കു മനസ്സിലാക്കാൻ കഴിയും. എന്നാൽ ഞാൻ പറയട്ടെ പൊതുവായി അഞ്ചു മുതൽ പത്തു വരെ എണ്ണത്തിൽ വലിയ കെട്ടുകൾ ഉണ്ടാകും.അവ പ്രശ്നമാണ്. ചെറിയ കെട്ടുകൾ കുഴപ്പമുണ്ടാക്കില്ല. ഈ ജോലി നിങ്ങൾ ചെയ്യുമോ ?

**അന്വേഷകൻ** : തീർച്ചയായും ഞാൻ അത് ചെയ്യും.

**ദാദാജി** : എനിക്ക് യാതൊരു കെട്ടുകളും ഇല്ല. ഞാൻ നിർഗ്രന്ഥനാകുന്നു - രാഗമില്ലാത്തവനും ഒന്നും കൈവശം വയ്ക്കാത്തവനുമാകുന്നു. മനുഷ്യൻ കെട്ടപ്പെട്ട തടിയാകുന്നു. ഗൃഹോപകരണങ്ങൾ ഉണ്ടാക്കാൻ പോലും കൊള്ളില്ല. ഈ കെട്ടുകൾ വളർന്നാൽ അതു ഒരു അഗ്നിപർവ്വതം പോലെ പൊട്ടിത്തെറിക്കും. അത് അർബുദമെന്നു വിളിക്കപ്പെടുന്നു.

**അന്വേഷകൻ** : ഒരുവന്റെ ആഗ്രഹത്തിന് വിരുദ്ധമായി മോശം ചിന്തകൾ എങ്ങനെ ഉണ്ടാകുന്നു ? ഈ മോശം ചിന്തകൾ എന്നെ വേട്ടയാടുന്നു.

**ദാദാജി** : ഒരുവന് നല്ല ചിന്തകൾ ഉണ്ടാകുമ്പോൾ എന്റെ ചിന്തകൾ നല്ലതെന്നു പറഞ്ഞു അയാൾ ഭ്രമിക്കുന്നു. മോശം ചിന്തകൾ വരുമ്പോൾ എനിക്ക് ഒരുപാട് മോശം ചിന്തകൾ ഉണ്ട് ഞാൻ ആഗ്രഹിച്ചില്ലെങ്കിലും അവ വരുന്നു എന്ന് പറയും.അത് എന്താണ് ഓർമ്മിപ്പിക്കുന്നത് ? നിങ്ങൾ നല്ല ചിന്തയുടെ ചിന്തകനെന്നുള്ള അഭിമാനം പേറുന്നു. എന്നാൽ മോശം ചിന്തകൾ വരുമ്പോൾ തനിക്കെന്തു ചെയ്യാൻ കഴിയും എന്നു ചിന്തിക്കുന്നു. ഒരുവൻ തന്റെ ചിന്തയുടെ ചിന്തകനെങ്കിൽ അവനു നല്ല ചിന്തകൾ ചിന്തിക്കാം, മോശം ചിന്തകളെ ഒഴിവാ-

ക്കുകയും ചെയ്യാം. പക്ഷെ അതു നടക്കുമോ ? ഒരിക്കലുമില്ല. നല്ലതും ചീത്തയുമായ ചിന്തകൾ നിങ്ങളെ വേട്ടയാടും എന്നതിൽ സംശയമില്ല.

മനസ്സ് ശുദ്ധാത്മാവിൽ നിന്നും തികച്ചും ഭിന്നമാണ്. അവ ഒരിക്കലും ഒന്നാകുകയില്ല.

## 55

## മനസ്സ്: കർമ്മത്തിലേക്കുള്ള പ്രചോദനം

**അന്വേഷകൻ** : അവർ പറയുന്നു ഈശ്വരനാണ് നിങ്ങളെ ചിന്തിപ്പിക്കുന്നത് എന്ന്

**ദാദാജി** : എങ്കിൽ ഒരാൾക്ക് പറയാം : "ഈശ്വരനാണ് എന്നെ മോഷ്ടിക്കാൻ പ്രേരിപ്പിക്കുന്നത്". നിങ്ങൾ നിരപരാധിയും ഈശ്വരൻ കുറ്റക്കാരനെന്നും ആണോ പറയുന്നത് ? ഈശ്വരനു ആരെയെങ്കിലും ഇങ്ങനെ പ്രേരിപ്പിക്കാൻ കഴിയുമോ ? ഈശ്വരൻ മോഷ്ടിക്കാനും മോഷ്ടിക്കാതിരിക്കാനും ആരെയും പ്രേരി–പ്പിക്കുന്നില്ല. നിയമം എന്തു പറയുന്നു ? ഒരുവനെ മോഷ്ടിക്കാൻ പ്രേരിപ്പിക്കുന്ന–വനും കള്ളനാണ്.

ഈശ്വരൻ അങ്ങനെയൊരു പ്രവൃത്തിക്ക് കൂട്ടു നിൽക്കുമെന്ന് നിങ്ങൾ കരുതുന്നു–ണ്ടോ ? അദ്ദേഹം അറിയുന്നവനും സാക്ഷിയും അനന്താനന്ദവുമാണ്. അദ്ദേഹം എല്ലാം കാണുകയും അറിയുകയും ചെയ്യുന്നു.

**അന്വേഷകൻ** : എങ്കിൽ ആ പ്രചോദനം എന്താണ്?

**ദാദാജി** : ഉള്ളിൽ നിന്നും ഉയർന്നു വരുന്ന മോഷണത്തിന്റെ കെട്ടാണ് മോഷ്ടിക്കുവാൻ ചിന്തിപ്പിക്കുന്നത്. കെട്ടു വലുതെങ്കിൽ ഒരാൾക്ക് കുറേ ചിന്തകൾ ഉണ്ടാകുകയും പോയി മോഷ്ടിക്കുകയും ചെയ്യും. ഞാൻ എത്ര ബുദ്ധിപൂർവ്വം മോ–ഷ്ടിച്ചു എന്ന് വീമ്പിളക്കുകയും ചെയ്യും. അങ്ങനെ ചെയ്യുകയും പറയുകയും ചെയ്യു–മ്പോൾ മോഷണത്തിന്റെ കെട്ടു പോഷിപ്പിക്കപ്പെടുന്നു. പുതിയ കർമ്മബീജങ്ങൾ വീഴുകയും അത് വേരുറപ്പിച്ച് കെട്ടു വലുതാകുകയും ചെയ്യും.

എന്നാൽ മറ്റൊരു കള്ളനുണ്ട്. അയാൾ മോഷ്ടിക്കും. എന്നാൽ മനസ്സാക്ഷി പറയും താൻ ചെയ്യുന്നത് തെറ്റാണ്,പക്ഷെ എനിക്ക് എന്തു ചെയ്യാൻ കഴിയും ? വയർ നിറയ്ക്കാൻ അതു ചെയ്യണം. താൻ മോഷ്ടിക്കുന്നതിനെ ഓർത്ത് അയാൾ പശ്ചാത്തപിക്കും. അതിനാൽ മോഷണത്തിന്റെ കെട്ടു പോഷിപ്പിക്കപ്പെടുന്നില്ല. മോഷ്ടിക്കാതിരിക്കുന്നതിന്റെ കർമ്മബീജം അയാൾ വിതയ്ക്കുന്നു. അടുത്ത ജന്മം അയാൾ മോഷ്ടിക്കുകയില്ല.

**അന്വേഷകൻ** : പക്ഷെ മനസ്സിന്റെ പ്രവർത്തനം അന്തമില്ലാത്തതാണ്. എങ്ങനെ മനസ്സിനെ നിയന്ത്രിക്കാനാകും ?

**ദാദാജി** : നിങ്ങളുടെ മനസ്സ് എന്തെല്ലാം സങ്കല്പിക്കുകയോ സംശയിക്കുകയോ ചെയ്യുന്നോ അതിന്റെ എല്ലാം ചിത്രങ്ങൾ കാരണമനസ്സാകുന്നു. ആ ചിത്രത്തിന്റെ നെഗറ്റീവ് തയ്യാറാക്കപ്പെടുന്നു. അതു ഭാവിജന്മത്തിൽ എപ്പോഴെങ്കിലും പ്രവർത്തിക്കുന്നു. അങ്ങനെ കാര്യമനസ്സാകുന്നു. അപ്പോൾ സ്ക്രീനിലുള്ള ചിത്രം പോലെ ഇരിക്കുന്നു.

നിങ്ങൾ തിയേറ്ററിൽ പോയി കാണുന്ന ചലച്ചിത്രം മൂന്നു മണിക്കൂറെ ഉള്ളു. അവസാനമുള്ള ഒരു ചിത്രമാണത്. എന്നാൽ മനസ്സിന്റെ ചിത്രം അവസാനമില്ലാത്തതാണ്. അതിന്റെ അവസാനമെത്തുമ്പോൾ നിങ്ങൾ മുക്തി നേടിയിരിക്കും. നമ്മുടെ കവി കവിരാജു നവനീത് ഔറംഗബാദിലെ സിനിമാഹൌസിൽ പാടിയിരിക്കുന്നു :

"ലോകത്തെവിടെയും ചിത്രം മൂന്നു മണിക്കൂറിൽ തീരുന്നു
എന്നാൽ മനസ്സിന്റെ ചലച്ചിത്രം തീരുന്നതിനെ മുക്തിയെന്നു പറയുന്നു". ഈ ആളുകൾ മനസ്സിനെ അടക്കാൻ ആണ് ഉള്ളത്. അഹിതമായ ചിത്രം കാണുമ്പോൾ അതു മുറിച്ചുകളയാൻ നോക്കുന്നു. എന്നാൽ നിങ്ങൾക്കത് എങ്ങനെ മുറിക്കാൻ കഴിയും ? ചിത്രം ഷൂട്ട് ചെയ്യുമ്പോൾ ശ്രദ്ധിക്കണമായിരുന്നു. മനസ്സ് ഒരു ഫിലിം മാത്രമാണ്. കാണാനും അറിയാനും ആണ് ആ ഫിലിം. ചില മൂഢന്മാർ ചിത്രത്തിൽ സ്ത്രീ മരിച്ചാൽ തന്റെ ഭാര്യ മരിച്ചാലെന്ന പോലെ ഇരുന്നു കരയും. ഹേ മൂഢാ ! നീ എന്തിനു കരയുന്നു. അതൊരു ചിത്രം മാത്രമാണ്.

## 56

## അറിയുന്നവനും അറിയപ്പെട്ടതും തമ്മിലുള്ള ബന്ധം

**അന്വേഷകൻ** : ഒരു ജ്ഞാനി ഇപ്രകാരമാണ് ചിന്തകളെ കാണുന്നത്?

**ദാദാജി** : ഞാൻ മനസ്സിന്റെ ചിത്രത്തെ കാണുകയും അറിയുകയും മാത്രമേ ചെയ്യുന്നുള്ളൂ. ഏതു ചിന്ത വന്നെന്നും പോയെന്നും നോക്കുകയും കാണുകയും ചെയ്യുന്നു. ചിന്തകളുമായി എനിക്ക് ഹസ്തദാനബന്ധം മാത്രമേ ഉള്ളൂ. അവയെ ഞാൻ ആലിംഗനം ചെയ്യുകയോ വിവാഹം കഴിക്കുകയോ ഇല്ല. ഭഗവാൻ മഹാവീരനും ഇതു തന്നെയാണ് ചെയ്തിരുന്നത്. അദ്ദേഹം ചിന്തകൾ വരുന്നതും പോകുന്നതും നിരീക്ഷിച്ചിരുന്നു. അവ വന്നും പോയും ഇരിക്കും. അദ്ദേഹത്തിന്റെ അവസാന കാലം വരെ ചിന്തകൾ വന്നുകൊണ്ടിരുന്നു.

കേൾക്കു സുഹൃത്തേ, നിങ്ങൾ ചിന്തകളെ അറിയുന്നവൻ മാത്രമാണ്. അവ അറിയപ്പെടുന്ന വസ്തുക്കളും നിങ്ങൾ അറിയുന്നവനുമാണ്. അറിയുന്നവനും അറി-യപ്പെടുന്നതും തമ്മിലുള്ള ബന്ധമാണത്. നിങ്ങളുടെ മുക്തിയുടെ അവസാന നിമിഷം വരെ മനസ്സിന്റെ ചിത്രം നിങ്ങൾ കാണും. അത് അവസാനിക്കുമ്പോൾ പൂർണ്ണ മുക്തി അഥവാ നിർവ്വാണമാകുന്നു.

നിങ്ങൾ രാത്രി ഇരുട്ടിലൂടെ നടക്കുമ്പോൾ കള്ളന്മാരുടെ ചിന്തയുണ്ടായാ-ൽ ഇന്നല്ലെങ്കിൽ മറ്റൊരിക്കൽ നിങ്ങളെ കള്ളന്മാർ പിടികൂടാം. നിങ്ങൾക്ക് അ-ങ്ങനൊരു ചിന്തിയില്ലെങ്കിൽ നിങ്ങളുടെ ഒന്നും മോഷ്ടിക്കപ്പെടുകയില്ല. വരാനുള്ള സംഭവങ്ങൾ അവയുടെ നിഴൽ ചിന്തകളിലൂടെ പരത്തും. ആന്തരിക കലവറ സാധനങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുന്നതിനാൽ അവ ചിന്തകളായി പ്രകടമാ-കും. അങ്ങനെ ഒരു ചിന്ത ഉണ്ടായി എന്നത് സാഹചര്യത്തെളിവാണ്. നാം കാണുകയും അറിയുകയും ബോധവാനായിരിക്കുകയും വേണം. ഈ ലോകത്തിൽ ഒരുവൻ മനസ്സിന്റെ ശാസ്ത്രത്തെ മനസ്സിലാക്കിയിരിക്കണം. പലരും മനസ്സിനെ നശിപ്പിക്കാൻ തുനിയുന്നു. പ്രിയപ്പെട്ടവനേ മനസ്സ് നശിപ്പിക്കപ്പെടേണ്ടതല്ല. മനസ്സ് നശിച്ചാൽ ഒരുവൻ ഭ്രാന്തനായിത്തീരും.

**അന്വേഷകൻ** : നമ്മൾക്കു നല്ല ചിന്തകൾ മാത്രമേ പാടുള്ളൂ എന്ന് പറയുന്നു

**ദാദാജി** : മനസ്സിൽ നല്ല ചിന്തകളെ മാത്രം പ്രതീക്ഷിക്കരുത്. മനസ്സിൽ വരുന്ന എല്ലാ ചിന്തകളെയും സ്വാഗതം ചെയ്യണം. മനസ്സിനോട് നാം എന്തു പറയണം ? നീ നിന്നെ സന്തോഷിപ്പിക്കും വിതം കുഴലൂതിക്കോളൂ. കാര്യമനസ്സിനെ നിർത്താൻ നമ്മൾ ആരാണ് ? ആർക്കും അതു സാധ്യമല്ല.എന്തെന്നാൽ മനസ്സ് കാര്യമാണ്. നമ്മൾ എന്തിനു അതിനെ ഭയക്കണം. അതു സംഗീതമാലപിച്ചില്ലെങ്കിൽ നമ്മൾ പിന്നെ എന്തു കേൾക്കും ? നമ്മൾ അതിനാൽ ഇപ്രകാരം പൊരുത്തപ്പെടണം : നിനക്ക് ഇഷ്ടമുള്ളപോലെ പാടിക്കോളൂ. ഞങ്ങൾക്ക് ഏതു സംഗീതവും ആസ്വ-ദിക്കാം. ആത്മസാക്ഷാത്കാരത്തിനു മുൻപ് ഞങ്ങൾക്ക് നല്ല സംഗീതമേ ഇഷ്ടമു-ണ്ടായിരുന്നുള്ളൂ. മറ്റു സംഗീതങ്ങൾ ഇഷ്ടമായിരുന്നില്ല. ഇപ്പോൾ നീ നിനക്കി-ഷ്ടമുള്ള സംഗീതമാലപിക്കു ഞങ്ങൾ പൊരുത്തപ്പെട്ടുകഴിഞ്ഞു, ഇപ്പോൾ എനിക്ക് ഇഷ്ടമോ അനിഷ്ടമോ ഇല്ല.

## 57

## മനസ്സിനെ സവാരി ചെയ്യിക്കുക

**അന്വേഷകൻ** : മനസ്സ് നമ്മെ വളരെ പീഡിപ്പിക്കുമ്പോൾ എന്താണ് ചെയ്യുക ?

**ദാദാജി** : ഞാൻ ആത്മാവിനെ സക്ഷാത്കരിക്കാതിരിക്കുമ്പോൾ ധാരാളം ചിന്തകൾ ഉണ്ടാകുമ്പോൾ അവ എന്നെ ഉറങ്ങാൻ അനുവദിക്കില്ല എന്ന് ഞാൻ മനസ്സിലാക്കും. അപ്പോൾ ഞാൻ മനസ്സിനോട് പറയും, “ഓടൂ ഓടൂ നല്ലത് ഓടൂ . അതെ വളരെ നല്ലത്, നിന്റെ ഇഷ്ടം പോലെ ഓടൂ. നീ കുതിരയും ഞാൻ കുതിരയോടിക്കുന്നവനും ആണ്. നിനക്കിഷ്ടമുള്ള വഴിയെ പോകൂ. ഞാനും നീയുമാണ് ഇവിടുള്ളത്.” രാവിലെ എഴു മണി വരെ ഞങ്ങൾ സവാരി ചെയ്യും.

ഈ ലോകത്തെ നിയമമെന്താണ് ? നിങ്ങൾ മനസ്സിനെ ഉപരോധിക്കാണോ നിഷേധിക്കാനോ ശ്രമിച്ചാൽ അതു ഇരട്ടി വേഗത്തിൽ ഓടും.അതിനാൽ അതിനെ നിർത്താൻ ശ്രമിക്കരുത്. അനുസരണയുള്ള ഒരു മനസ്സിനെയാണ് തടഞ്ഞിരുന്നതെങ്കിൽ കുഴപ്പമില്ലായിരുന്നു. എന്നാൽ അനുസരണക്കേടുള്ള മനസ്സെങ്കിൽ അതു ഓടിത്തളരും വരെ നിങ്ങൾക്ക് അതിനെ ഓടിക്കേണ്ടി വരും. എന്തിനു വ്യാകുലപ്പെടുന്നു ? ആളുകൾ സാധാരണയായി എന്തു പറയും ? ഓ എനിക്കു ഉറങ്ങാൻ കഴിയില്ല, അതിനാൽ മനസ്സിനെ തടയാൻ ശ്രമിക്കും. പ്രിയപ്പെട്ടവനേ നിന്റെ ഉറക്കത്തെ തനിയെ വിടൂ. ഇതൊരു അസുലഭ അവസരമാണ്. നിങ്ങൾക്ക് മനസ്സിനെ സവാരി ചെയ്യിപ്പിക്കാനുള്ള അവസരം. അങ്ങനെയൊരു അവസരം നിങ്ങൾക്ക് എപ്പോഴാണ് കിട്ടുക ? അങ്ങനെയുള്ള അനേകം സവാരി നടത്തിയ ശേഷമാണ് ഈ ജ്ഞാനം എന്നിൽ ഉദിച്ചത്.

**അന്വേഷകൻ** : മനസ്സിനെ ദഹിപ്പിക്കൂ അതിനെ നശിപ്പിക്കൂ എന്ന് അവർ പറയുന്നു.

**ദാദാജി** : പ്രിയ സുഹൃത്തേ ! ലോകമാകുന്ന സമുദ്രത്തിലെ വഞ്ചിയാണ് മനസ്സ്. ആളുകൾ മനസ്സിനെ വികലമാക്കി ചിന്താരഹിത അവസ്ഥയിലെത്താൻ നോക്കുന്നു. ആ വഴിയിൽ ചിന്താരഹിത മനസ്സിലെത്താൻ സാധ്യമല്ല. ചിന്താരഹിത അവസ്ഥ എന്ന് ഇവർ പറയുന്നത് എന്താണ്? അവർ ചില കാര്യങ്ങളെ അടക്കിവയ്ക്കുന്നു. മനസ്സ് കുരങ്ങിനെ പോലെ സൂത്രപ്പണി കാണിക്കാൻ അതു കാരണമാകും. മനസ്സ് മറ്റു വിഷയങ്ങളിലേക്ക് ചാടിക്കൊണ്ടിരിക്കും.

**അന്വേഷകൻ** : ചിന്താരഹിത അവസ്ഥ എന്ന് പിന്നെ എന്തിനെ പറയാം ?

**ദാദാജി** : രാഗരഹിതമായും എകാന്തമായും ശുദ്ധാത്മാവിൽ നിലയുറപ്പിച്ച് സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ചിന്തകളെ നിരീക്ഷിക്കലും അറിയലുമാണ് ഭഗവാന്റെ ഭാഷയിൽ പറഞ്ഞാൽ ചിന്താരഹിത അവസ്ഥ.

**അന്വേഷകൻ** : ചിലർ മനസ്സിനെ കീഴടക്കാൻ ലോകത്തെ ത്യജിക്കുന്നു.

**ദാദാജി** : അൽപമാത്രമായ വസ്തുമുട്ടത്ത് വീട്, ഭാര്യ, മക്കൾ എല്ലാം ഉപേക്ഷിച്ച് മനസ്സിനെ കീഴടക്കാൻ ചിലർ വനത്തിൽ പോകുന്നു. ആളുകളെ നിരീക്ഷിക്കുന്നതിന് പകരം കാട്ടിലെ മൃഗങ്ങളെ കാണാൻ അയാൾ പോകുന്നു. അവിടെ അയാൾ എന്തും ചെയ്യും പശുവിനെ വളർത്തും, കുടിൽ പണിയും ചെടി നടും. എവിടെവിടെ പോകുന്നോ ലോകത്തെ സൃഷ്ടിക്കുക എന്നത് മനസ്സിന്റെ സ്വഭാവമാണ്. ഹിമാലയത്തിൽ പോലും അതു ലോകം സൃഷ്ടിക്കും. അങ്ങനെയുള്ള മനസ്സിനെ നിങ്ങൾ എങ്ങനെ നിയന്ത്രിക്കും ? മനസ്സിനെ കീഴടക്കുക എന്നത് വലിയ വൈരുദ്ധ്യമാണ്. മനസ്സിന്റെ സ്വഭാവത്തെ കീഴടക്കാണോ നിയന്ത്രിക്കാനോ സാധ്യമല്ല.

**അന്വേഷകൻ** : യോഗാനുഷ്ഠാനം കൊണ്ട് മനസ്സിനെ നിയന്ത്രിക്കാം എന്ന് അവർ പറയുന്നു.

**ദാദാജി** : മനസ്സ് തങ്ങളുടെ അധീനതയിൽ എന്ന് പറഞ്ഞു ചില യോഗികൾ ഈ ലോകത്ത് കണ്ടേക്കാം. എന്നാൽ അത് അവർക്ക് എതിരാകുമ്പോൾ മനസ്സ് തങ്ങൾക്ക് കീഴ്പ്പെട്ടില്ല എന്ന് അവർ മനസ്സിലാക്കും. അവരെ ഒന്നു പ്രകോപിപ്പിച്ചാൽ അവർ എത്ര മാത്രം മനസ്സിനെ നിയന്ത്രിച്ചു എന്ന് മനസ്സിലാക്കാൻ പറ്റും. യോഗ ചെയ്യുക എന്നതാണ് അവരുടെ കെട്ട്. അവരുടെ സ്വഭാവമനുസരിച്ചാണ് അവർ യോഗ ചെയ്യുന്നത്. അവർ ഞാൻ യോഗ ചെയ്തു, ഞാൻ മനസ്സിനെ കീഴടക്കി എന്ന മിഥ്യാഭിമാനത്തിലാണ്.

**അന്വേഷകൻ** : പിന്നെങ്ങനെയാണ് മനസ്സിനെ കീഴ്പ്പെടുത്തുക

**ദാദാജി** : ശരിയായ ജ്ഞാനം കൊണ്ടു മാത്രമേ മനസ്സിനെ കീഴ്പ്പെടുത്താൻ ആകൂ. ശുദ്ധാത്മാവിന്റെ ജ്ഞാനത്താൽ ജ്ഞാനി കെട്ടുകൾ അഴിക്കുന്നു. അങ്ങനെ രാഗരഹിതമായ അവസ്ഥയെ പ്രാപിക്കുന്നു.

നിങ്ങളുടെ സമൃദ്ധിയുടെ ചിത്രമാണ് നിങ്ങളുടെ മനസ്സ്. മനസ്സിനെ അറിയൂ. അതിന്റെ സ്വഭാവം പൂർണ്ണമായും അറിയൂ. ഒരു ക്ഷത്രിയന്റെ മനസ്സിന്റെ സ്വഭാവമെന്താണ് ? അതിനു വിശാലവും രാജകീയവുമായ സ്വഭാവമാണ്. അയാൾ ക്ഷേത്രത്തിൽ പോകും, പോക്കെറ്റിൽ കയ്യിടും,, കയ്യിൽ വരുന്ന തുക മുഴുവനും അർപ്പിക്കുകയും ചെയ്യും. എത്ര രൂപ ഈശ്വരനു സമർപ്പിച്ചു എന്ന് അയാൾ എണ്ണുകയില്ല.

കച്ചവടസ്വഭാവമുള്ളവർക്ക് ഇടുങ്ങിയ മനസ്സാണ്. പട്ടേലുകൾ ക്ഷത്രിയരാണ്. അവർ വിശാലവും രാജകീയവുമായ സ്വഭാവത്തോട് കൂടിയവരാണ്

പക്ഷെ കച്ചവടമനസ്സുള്ളവരുടെതു പോലുള്ള പ്രായോഗിക സമീപനമല്ല അവർക്ക്. ആരും പൂർണ്ണരല്ല.

## 58

## സമ്പത്തിന്റെ ദേവത എവിടെ വസിക്കുന്നു ?

സമ്പത്തിന്റെ ദേവതയായ ലക്ഷ്മി എന്തു പറയുന്നു ? നൂറു പേരോട് ആത്മാർത്ഥതയുള്ള ഒരാളുടെ വീട്ടിൽ ഞാൻ താമസിക്കുന്നു. അയാളുടെ വീട് സമൃദ്ധിയുടെ സമുദ്രമായി മാറുന്നു എന്നാൽ ബാക്കി എല്ലായിടത്തും പ്രവൃത്തിക്ക് ആനുപാതികമായാണ് ഫലം.

ആത്മാർത്ഥത എന്നാൽ എന്തെന്ന് പരിശോധിക്കാം. ഒരുവനെ ആത്മാർത്ഥതയുള്ളവനെന്നു എപ്പോൾ വിളിക്കാം ? അതറിയണമെങ്കിൽ നിങ്ങൾ നിങ്ങളുടെ മനസ്സിനെ അറിയണം അതിന്റെ വ്യാപ്തി അറിയണം.

ആളുകൾ ജോലി കൊണ്ടോ കഠിനാദ്ധ്വാനം കൊണ്ടോ അല്ല സമ്പാദിക്കുന്നത്. വിശാലഹൃദയർ സമ്പാദിക്കുന്നു. ഈ ധനികരായ ആളുകൾ ആയാസപ്പെട്ട് പണിയെടുക്കുന്നുവോ ? ഇല്ല അവർ സമ്പന്നമായ മനസ്സുള്ളവരാണ്. അവരുടെ മുതിർന്ന ക്ലർക്ക് ജോലിയെടുക്കുന്നു, ധനികർ സന്തുഷ്ടരാകുന്നു.

മനസ്സ് ദൈവികമായിരിക്കണം. കൃതഘ്നന്മാരെപ്പോലും സഹായിക്കും വിധം മനസ്സ് ദൈവികമായിരിക്കണം. നമ്മുടെ ശത്രു നമ്മുടെ പണം പിടിച്ചെടുത്തു കാണും നമ്മളെ മൂഢനെന്നു വിളിക്കുകയും ചെയ്തേക്കാം. എന്നാൽ സാഹചര്യങ്ങളുടെ പിടിയിൽ അകപ്പെടുമ്പോൾ ദൈവികമനസ്സുള്ള ഒരു വ്യക്തിയെ അയാളെ സഹായിക്കു. ദൈവികമനസ്സുള്ളവൻ ദേവഗതിക്കായി സമ്പാദിക്കുന്നു.
കച്ചവടമനസ്സ് എങ്ങനെ പ്രവർത്തിക്കുന്നു ? തണുപ്പു കാലത്ത് നമുക്ക് പുതപ്പ് കിട്ടാതിരിക്കുകയും അയാൾക്ക് കിട്ടുകയും ചെയ്തു എന്നിരിക്കട്ടെ. അയാൾ എന്ത് ചെയ്യും ? അയാൾ പുതപ്പിനുള്ളിൽ തല മുതൽ കാൽ വരെ മൂടിപ്പുതച്ചു കിടക്കും. അയാൾ വേഗം ഉറങ്ങി എന്ന് അഭിനയിക്കും. അയാൾ ഉറങ്ങിക്കിടക്കുമ്പോൾ ആർക്കെങ്കിലും പുതപ്പ് ചോദിക്കാനാകുമോ ? ഇങ്ങനെയുള്ള മനസ്സ് ഉള്ളവർക്ക് അനേകം ദുരിതങ്ങളും നഷ്ടങ്ങളും ഉണ്ടാകും. വിശാലഹൃദയരും ഉദാരന്മാരുമായവർക്ക് മാത്രമേ അധികം സന്തോഷം ലഭ്യമാകു.ഈ ലോകം നിങ്ങളുടെതാണ്. ഇത് എങ്ങനെ ആസ്വദിക്കണമെന്ന് നിങ്ങൾ അറിഞ്ഞിരിക്കണം.
സാധു കബീർ ജ്ഞാനമുള്ള മഹാത്മാവായിരുന്നു. അദ്ദേഹം പറഞ്ഞിരുന്നു : "ഓ മനുഷ്യാ നിങ്ങൾക്കും ഔദാര്യപൂർവ്വം മറ്റുള്ളവർക്കും കുടിക്കാനും കഴിക്കാനും നല്ല

വസ്തുക്കൾ എടുക്കു, മനുഷ്യജന്മത്തിന്റെ അവസരത്തെ പ്രയോജനപ്പെടുത്തു, ഈ ലോകം ഉപേക്ഷിക്കുമ്പോൾ ഒരു ചില്ലിക്കാശു പോലും നിങ്ങളുടെ കൂടെ വരില്ല". അവസരത്തെ പ്രയോജനപ്പെടുത്തു എന്നു പറഞ്ഞാൽ മുക്തിയ്ക്കായി തയ്യാറാകു എന്നാണു അർത്ഥം.

ധനദേവതയെ തടസ്സപ്പെടുത്തുന്നത് ലുബ്ധമായ മനസ്സാണ്. അല്ലാതെ എങ്ങനെ അവളെ തടയാനാണ് ? ഇത്തരത്തിലുള്ള കച്ചവട മനസ്സാണ് പ്രായോഗികമെന്നും ബുദ്ധിപരമെന്നും വിളിക്കപെടുന്നത് എന്നാൽ ഒരുവന്റെ മോക്ഷയാത്രയിൽ അതു തടസ്സമാണ്.

## 59

## മനസ്സിന്റെ സങ്കോചവും വികാസവും

**അന്വേഷകൻ** : ചിലർക്ക് രാജകീയമനസ്സും ചിലർക്ക് ലുബ്ധമനസ്സുമാണ്.

**ദാദാജി** : മനസ്സ് കണക്കുകൂട്ടുന്ന സ്വഭാവത്തോടെ ദിവസക്കണക്ക് രേഖപ്പെ- ടുത്തിക്കൊണ്ടിരുന്നാൽ അടുത്ത ദിവസത്തെ കറി വയ്ക്കുവാൻ ആവില്ല. ദിവസാ വസാനം അൻപതു പൈസ പോലും സമ്പാദിക്കാൻ ആയില്ല എങ്കിൽ അടുത്ത ദിവസം കറി വയ്ക്കണ്ടേ ?

മനസ്സ് എങ്ങനെയാണ് ? അതിനു വികസിക്കാനും ആവശ്യമെങ്കിൽ സങ്കോചിക്കുവാനും കഴിയും. അഞ്ചടി വീതിയുള്ള വഴിയിലൂടെയാണ് യാത്രയെ- ങ്കിൽ അരികിലുള്ള മുള്ളു നിങ്ങളുടെ വസ്ത്രം കീറാം. രണ്ടു അടി വീതിയെ ഉള്ളുവെ- ങ്കിലും അങ്ങനെതന്നെ. വഴി വളരെ ഇടുങ്ങിയതും ഒരാൾക്ക് കഷ്ടപെട്ടു മാത്രം പോകാവുന്നതും ആണെങ്കിൽ ആ മുള്ളുകൾ നിങ്ങളുടെ വസ്ത്രത്തിൽ പിടിച്ചി- രിക്കും. എങ്കിലും അയാൾ അതിലൂടെ കടന്നു പോകും. ഇടുങ്ങിയ വഴിയിലൂടെയും അയാൾ കടന്നുപോകും. എങ്ങനെ കടന്നു പോകണമെന്ന് അയാളുടെ മനസ്സിന് നന്നായി അറിയാം. ഒരു അതിർത്തിയുടെ രണ്ടു കമ്പികൾക്കിടയിലൂടെയും അയാൾ കടന്നു പോകും.

അതാണ് ഞാൻ പറയുന്നത്. ദയവായി നിങ്ങളുടെ രാജകീയമനസ്സിനെ യാചകന്റെ മനസ്സാക്കരുത്. ഒരു പുഷ്പം അർപ്പിച്ചില്ലെങ്കിലും ഒരു ഇതൾ എങ്കിലും അർപ്പിക്കു. എന്നാൽ നിങ്ങളുടെ മനസ്സിനെ ശോഷിപ്പിക്കരുത്. സാഹചര്യങ്ങൾ നിർബന്ധിച്ചാൽ രാജാവ് പോലും യാചിക്കും. എന്നാൽ അയാളുടെ മനസ്സ് യാചകന്റെ മനസ്സ് ആകുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ ? അയാളുടെ മനസ്സ് എപ്പോഴും രാജകീയം തന്നെ.

മനസ്സ് എത്ര മാത്രം വിശാലമോ അത്ര മാത്രം സ്വാതന്ത്ര്യമാണ്. മനസ്സ് ഇടുങ്ങിയതെങ്കിൽ തടവറയും ഇടുങ്ങിയത്.

**അന്വേഷകൻ** : എന്തുകൊണ്ടാണ് ഒരുവന് വിശാലമനസ്സും മറ്റൊരുവന് ലുബ്ധ-മനസ്സും ഉണ്ടാകുന്നത്?

**ദാദാജി** : അതു മനസ്സിന്റെ കെട്ടിനെ ആശ്രയിച്ചാണ് ഇരിക്കുന്നത്. അത്യാഗ്ര-ഹിയായ മനുഷ്യന് അത്യാഗ്രഹത്തിന്റെ കെട്ടാണ്. കാരുണ്യവാനു കരുണയുടെ കെട്ടും, സന്ന്യാസിക്കു സന്ന്യാസത്തിന്റെ കെട്ടും സുഖങ്ങളെ ത്യജിക്കുന്നവന് ത്യാഗത്തിന്റെ കെട്ടുമാണ്. ആ കെട്ട് അയാളെക്കൊണ്ട് ഞാൻ ത്യജിച്ചു എന്ന് പറയിക്കും. പ്രിയപ്പെട്ടവനേ. നീ ആ കെട്ട് മുറുക്കി രണ്ടു കെട്ടാക്കി. എന്നാണു നീ ആ കെട്ടഴിച്ച് നിന്റെ പ്രഹേളികക്ക് പരിഹാരം കാണുന്നത്?

**അന്വേഷകൻ** : മനസ്സിന്റെ ഇത്തരം കെട്ടുകളോട് എന്താണ് ഒരുവൻ ചെയ്യേണ്ട-ത്.

**ദാദാജി** : കെട്ടുകളെ കാണുകയും അറിയുകയും വേണം. നീയും നിന്റെ കെട്ടും പരസ്പരം ഭിന്നമാണ്. മനസ്സ് നമ്മളിൽ നിന്നും ഭിന്നമാണ്.അതു തീർച്ചയാണ്. മനസ്സ് കുരങ്ങുകളി തുടങ്ങിയാൽ ഒരുവനെ അവൻ ആഗ്രഹിക്കുമ്പോൾ ഉറ-ങ്ങാൻ സമ്മതിക്കില്ല. വിദേശികൾ മനശ്ശാന്തിക്കു വേണ്ടി ഭാരതത്തിൽ എത്തുന്നു. ഒരാൾക്ക് എങ്ങനെ ശാന്തി ലഭിക്കും ? ഈ ജൈനന്മാർ ശാന്തിക്കായി ശാന്തിനാഥ ഭഗവാന്റെ അടുക്കൽ പോയി ദർശനം നടത്തുന്നു. എന്നാൽ ഭഗവാൻ പറയുന്നു, "നിങ്ങൾ എന്റെ ദർശനത്തിനായി വന്നു. അതെ സമയം നിങ്ങളുടെ ചെരുപ്പിന്റെയും കടയുടെയും ദർശനം സങ്കൽപ്പിക്കുന്നു. നിങ്ങൾക്ക് പിന്നെ എങ്ങനെ ശാന്തിയുണ്ടാകും ? നിങ്ങളുടെ മകൾക്ക് ശാന്തി എന്ന് പേരിട്ടു എന്നിട്ട് ശാന്തി ശാന്തി എന്ന് വിളിച്ചാൽ നിങ്ങൾക്ക് ശാന്തിയുണ്ടാകും !"

## 60

## മനസ്സിന്റെ അപസ്വരവും പെരുമാറ്റവും

**അന്വേഷകൻ** : ചിന്തകളും പെരുമാറ്റവും തമ്മിൽ ഭിന്നത കാണുന്നുണ്ട്

**ദാദാജി** : ഈ കലിയുഗത്തിൽ മനസ്സും വാക്കും പ്രവൃത്തിയും തമ്മിൽ സ്വരചേർച്ച-യില്ല എന്നാൽ ഭിന്നതയുണ്ട്.

രമേശും സുഹൃത്തും കൂടി യാത്ര പുറപ്പെട്ടു എന്ന് കരുതുക. രമേശ് ഒന്നു ചിന്തി-ക്കുന്നു മറ്റൊരു രീതിയിൽ അത് പറയുന്നു വേറൊരു രീതിയിൽ പ്രവർത്തിക്കുന്നു. വളരെ വില കുറച്ച് വാങ്ങിക്കണമെന്ന് രമേശ് മനസ്സിൽ ചിന്തിക്കുകയും

ന്യായവിലയ്ക്ക് വാങ്ങാം എന്ന് പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. എന്നാൽ അയാളുടെ സുഹൃത്ത് വാക്കിലും മനസ്സിലും പ്രവർത്തിയിലും ന്യായവിലയ്ക്ക് വാങ്ങാൻ തന്നെ തീരുമാനിക്കുന്നു.രമേശിന്റെ സുഹൃത്തിന് ദേവഗതിയും രമേ ശിന് നരകവുമാണ് ഫലം.

എന്തുകൊണ്ടാണ് നിങ്ങൾ നിങ്ങളുടെ മനസ്സിനെ പൊരുത്തപ്പെടുത്താത്തത്. കർമ്മത്തിന്റെ തീവ്രത ഞങ്ങളുടെ മനസ്സിലെ ഭിന്നതയെ ആശ്രയിച്ചാണ് ഇരിക്കുന്നത്.

മനസ്സും, വാക്കും, പ്രവൃത്തിയും തമ്മിലുള്ള ഭിന്നത ഈശ്വരന്റെ കണ്ണിൽ നിന്നും രക്ഷപെടില്ല. ഇതു കലിയുഗമാണ്. അതിനാൽ എല്ലാവർക്കും കൂടുതലോ കുറവോ ഭിന്നത മനസ്സിലുണ്ടാകാം.

## 61
## മനസ്സിന്റെ സ്വഭാവം

**അന്വേഷകൻ** : എന്തുകൊണ്ടാണ് മനസ്സ് ചില സമയത്ത് സന്തോഷത്തോടെയും മറ്റു ചിലപ്പോൾ സന്തോഷമില്ലാതെയും ഇരിക്കുന്നത്?

**ദാദാജി** : നിങ്ങളുടെ മനസ്സിനെ നിങ്ങളെക്കാൾ സന്തോഷം കുറഞ്ഞ ഒരാളെ കാണിച്ചു കൊടുത്താൽ അതിനു കൂടുതൽ സന്തോഷം ലഭിക്കും എന്തെന്നാൽ മറ്റൊരാളെക്കാൾ അതു സന്തുഷ്ടമാണ്. ദമയന്തി ഇവിടെ നോക്കൂ, നിങ്ങൾക്ക് രണ്ടു മുറികളെ ഉള്ളൂ. അതിനാൽ ഫ്ലാറ്റ് ഇല്ല എന്ന് പറഞ്ഞു നിങ്ങളുടെ മനസ്സ് നിങ്ങളെ ബുദ്ധിമുട്ടിക്കാം. അപ്പോൾ നിങ്ങൾ നിങ്ങളുടെ മനസ്സിനെ ഒരു മുറിയിൽ താമസിക്കുന്ന സ്ത്രീയെ കാണിച്ചുകൊടുക്കണം. അവർ എങ്ങനെ ഒരു മുറിയിൽ താമസിക്കുന്നു ? അവൾക്ക് ഇരിക്കാൻ ഒരു കസേരയില്ല. അങ്ങനെ ചെയ്താൽ നിങ്ങളുടെ മനസ്സ് വീണ്ടും സന്തോഷിക്കും.

മനസ്സിനെ ഇപ്രകാരം പരിശീലിപ്പിക്കണം. എന്തെന്നാൽ ഒരിക്കൽ അത് ഉദാസീനമായി ചിന്തകളുള്ള ആഹാരം ചോദിക്കുമോ എന്ന് ആർക്കറിയാം. മനസ്സ് അവശമായ ഒരുവന് അത്തരം പരിശീലനം വേണം. എന്നാൽ ഞാൻ നിങ്ങൾക്ക് തരുന്ന ജ്ഞാനം എപ്രകാരം എന്നാൽ നിങ്ങൾക്ക് മറ്റൊന്നും ആവശ്യമായി വരുന്നില്ല.

പ്രപഞ്ചനടത്തിപ്പുകാരനായ വ്യവസ്ഥിതത്തിന്റെ അറിവു എപ്രകാരമെന്നാൽ മനസ്സ് ആവലാതിപ്പെടില്ല. മനസ്സ് എവിടൊക്കെ പോകുന്നുവോ അത് പൂർണ്ണമായ അക്ഷോഭ്യതയിലും സമചിത്തതയിലും ആയിരിക്കും. എല്ലാത്തിലും സമചി–

ത്തത എങ്കിൽ അത് ശരിയായ ജ്ഞാനമാകുന്നു, ശരിയായ മതമാകുന്നു.

**അന്വേഷകൻ** : മനസ്സിന്റെ സ്വഭാവം വളരെ വിചിത്രമാണ്.

**ദാദാജി** :ഒരാളിൽ നിന്നും അഞ്ചു രൂപാ എടുക്കും മറ്റൊരാൾക്ക് രണ്ടു രൂപാ കൊടുക്കും എന്ന രീതിയിൽ അതു പ്രവചനാതീതമാണ്. നമ്മൾ നിരന്തരം പൂക്കൾ അർപ്പിച്ചിരുന്ന ഒരാളോട് അനിഷ്ടം മനസ്സുണ്ടാക്കും. അതിനാൽ മനസ്സിനാൽ നയിക്കപ്പെടരുത്. സാധു കബീർ എന്താണ് പറയുന്നത് ? മനസ്സിനാൽ നയിക്കപ്പെടുന്നവന് എല്ലാം നഷ്ടപ്പെടുന്നു.

എപ്പോഴാണ് ചതിക്കുക എന്നറിയാത്ത വിധം മനസ്സ് ചഞ്ചലമാണ്. ആത്മാവിന്റെ ശക്തികൾ മനസ്സിൽ പ്രവേശിച്ച് അതുമായി താദാത്മ്യം പ്രാപിച്ചാൽ താറുമാറാകും. ഒരുവൻ തടാകത്തിലേക്ക് എടുത്തു ചാടിയിട്ട് എന്നെ രക്ഷിക്കൂ എന്നെ രക്ഷിക്കൂ എന്നിങ്ങനെ അലറി വിളിക്കും. ഇക്കാലത്ത് ആളുകളുടെ മനസ്സ് പരിക്ക് പറ്റിയതാണ്. അതിനാൽ അവർ ഉയരത്തിലെത്തുമ്പോൾ ചിലപ്പോൾ കടലിലേക്ക് എടുത്തു ചാടാം.

**അന്വേഷകൻ** : മനസ്സ് ഒരു നർത്തകനെപ്പോലെ ആണെന്ന് അവർ പറയുന്നു.

**ദാദാജി** : ചക്രവർത്തിയാണ് നർത്തകനെ നൃത്തം ചെയ്യിക്കുന്നതെന്നു ആളുകൾ പറയും. എന്നാൽ അതങ്ങനെയല്ല. നർത്തകൻ ചക്രവർത്തിയെ നൃത്തം ചെയ്യിക്കുന്നു. അതുപോലെ മനസ്സ് നിങ്ങളെ നൃത്തം ചെയ്യിക്കുന്നു.

**അന്വേഷകൻ** : എങ്ങനെയാണ് മനസ്സ് ഒരാളെ നയിക്കുന്നത്?

**ദാദാജി** : രണ്ടു സുഹൃത്തുകൾ റോഡിലൂടെ നടക്കുകയാണെന്ന് കരുതുക.ഒരാൾ മാംസത്തിന്റെ ഗന്ധം ആസ്വദിക്കുന്നു, മാംസത്തിന്റെ കെട്ടുകൾ ഉയർന്നു വരാൻ തുടങ്ങുന്നു. അയാൾക്ക് ഉള്ളിൽ കൊതിയൂറുന്നു. അയാൾക്ക് മാംസം കഴിക്കാൻ അതിയായ ആഗ്രഹാമുണ്ടാകുന്നു. അങ്ങനെ സുഹൃത്തിനോട് പറയും, എനിക്കിവിടെ ഒരു ബന്ധുവിനെ കാണാൻ ഉണ്ട്, നീ ഇവിടെ കാത്തുനിൽക്കുക" സുഹൃത്തിനോട് കളവു പറഞ്ഞുകൊണ്ട് അയാൾ പോയി മാംസം കഴിക്കും. അയാൾ ഈശ്വരനാമത്തിൽ സത്യം വരെ ചെയ്യും. കെട്ടു പ്രവർത്തിക്കുമ്പോൾ അയാൾ കള്ളം പറയുവാൻ തുടങ്ങും. അധമൻ വഞ്ചനയുടെ കെട്ടു കെട്ടുന്നു, കളവിന്റെ കെട്ടു കെട്ടുന്നു. ഒപ്പം മാംസാഹാരം കഴിക്കണമെന്ന കെട്ടു ബലപ്പെടും. ഒരു അജ്ഞാനിയിൽ കെട്ടു വികസിക്കുമ്പോൾ അയാൾ അഞ്ചു പുതിയ കെട്ടുകളിൽ ബന്ധിക്കപ്പെടുന്നു എന്ന് കരുതുക. അതിനു പകരം മാസാഹാരം കഴിക്കുന്നതിന്റെ കെട്ടു ഉണ്ടാകുമ്പോൾ ആ കെട്ടിനെ ഒന്ന് മയപ്പെടുത്തിയാൽ

അയാളുടെ പ്രഹേളിക എപ്പോഴെങ്കിലും പരിഹരിക്കപ്പെടും. അയാൾ അജ്ഞാനദശയിൽ കെട്ടിൽ നിന്നും മുക്തനാകുന്നില്ലെങ്കിലും മാംസാഹാരം കഴിക്കാൻ പോകുമ്പോൾ സത്യം പറഞ്ഞാൽ അത് വളരെയേറെ ഗുണം ചെയ്യും. അയാളുടെ സുഹൃത്ത് ശ്രേഷ്ഠനെങ്കിൽ അയാളെ മാംസാഹാരം എന്ന കെട്ടിൽ നിന്നും ക്രമേണ മുക്തനാക്കും. ഒപ്പം അയാൾ പശ്ചാത്തപിക്കുമെങ്കിൽ ആ ശീലത്തിൽ നിന്നും അയാൾ മുക്തനാകും. എന്നാൽ പശ്ചാത്തപിക്കാതെ കള്ളം പറഞ്ഞു മാംസം കഴിക്കാൻ പോയാൽ അയാൾ ഒരിക്കലും സ്വതന്ത്രനാകുകയില്ല. കളവിന്റെയും വഞ്ചനയുടെയും പുതിയ കെട്ടുകളാൽ ബന്ധിതനാകുകയും ചെയ്യും. അതുകൊണ്ടാണ് ആരെയും ചിന്തയിലും വാക്കിലും വഞ്ചിക്കരുത് എന്ന് ഭഗവാൻ പറയുന്നത്. ഒരു ദിവസം ആ കെട്ടുകൾ ഇല്ലാതെയാകും.

**അന്വേഷകൻ** : മനസ്സിൽ പൊതുവിൽ എന്തു കെട്ടുകളാണ് ഉള്ളത്?

**ദാദാജി** : അത്യാഗ്രഹം, അഹന്ത, വഞ്ചന, ക്രോധം എന്നിങ്ങനെയുള്ള കെട്ടുകളാണ് മനസിലുള്ളത്. അഭിമാനത്തിന്റെ കെട്ടാണ് അത്യാഗ്രഹത്തെക്കാൾ മെച്ചം. അത്യാഗ്രഹത്തിന്റെ കെട്ടു വളരെ മോശമാണ്.അതിന്റെ ഉടമസ്ഥൻ പോലും അതറിയില്ല. അഭിമാനത്തിന്റെ കെട്ടു മറ്റുള്ളവർക്ക് അറിയാൻ കഴിയും. അതിനാൽ ഒരാൾ പറയാം, ഹേ മൂഢാ, നീ എന്താണ് ഇത്രയും അഹങ്കാരിയായിരിക്കുന്നത് ? അങ്ങനെ അഹങ്കാരത്തിന്റെ കെട്ടു പൊട്ടുന്നു. അത്യാഗ്രഹത്തിന്റെ കെട്ടു ഒരിക്കൽ തിരിച്ചറിയാം, എന്നാൽ വഞ്ചനയുടെ കെട്ടു അറിയുവാൻ കഴിയില്ല.

## 62

## മനസ്സിന്റെ ഗ്രന്ഥികൾ എങ്ങനെ ഇല്ലാതെയാകുന്നു ?

**അന്വേഷകൻ** : മനസ്സിന്റെ കെട്ടുകളെ എങ്ങനെ ഇല്ലാതെയാക്കാം ?

**ദാദാജി** : അത്യാഗ്രഹത്തിന്റെയും ക്രോധത്തിന്റെയും ഗ്രന്ഥികൾ നമ്മളെയും മറ്റുള്ളവരെയും ഹിംസിക്കും. അത്യാഗ്രഹമുള്ളവനോടു ദാനശീലനാവാൻ ഭഗവാൻ നിർദ്ദേശിക്കുന്നു. കൈ നിറയെ നാണയങ്ങൾ എടുത്ത് ഒരിക്കൽ റോഡിലിറങ്ങി വിത്തു വിതയ്ക്കുന്ന പോലെ വിതറുക. മനസ്സ് ഈ പ്രവൃത്തിയെ എതിർക്കുമ്പോൾ കൂടുതൽ പണം എറിയണം. പതിയെ മനസ്സ് ശാന്തമാകും.

അത്യാഗ്രഹത്തിന്റെ കെട്ട് ചിന്തിച്ചും മനനം ചെയ്തും ചീന്തപ്പെടുമ്പോൾ ഇതാണ് ഉത്തമമായ പരിഹാരം. ഒരുവൻ ചിന്തിക്കണം, " ഞാൻ ആർക്കു വേണ്ടിയാണ് ഇതെല്ലാം സമ്പാദിക്കുന്നത് ,എന്തു സുഖത്തിനാണ് ! ഈ വഴിയാൽ എനിക്ക്

സന്തോഷം ഉണ്ടാകുകയില്ല, നഷ്ടപ്പെടുകയെ ഉള്ളൂ. തെറ്റായ വഴിയിൽ ഞാൻ ചെയ്ത കുറ്റങ്ങൾക്ക് ഞാൻ മാത്രമാകും ഉത്തരവാദി.

ഒരു ഗ്രന്ഥി വികസിക്കുമ്പോൾ ജ്ഞാനി അതിനെ കാണുകയും അറിയുകയും ചെയ്യുന്നു. ജ്ഞാനിയുടെ ആദേശത്താൽ ഒരുവൻ ശുദ്ധാത്മാവിന്റെ ഉത്ക്കർഷത്തിൽ നിന്നുകൊണ്ട് മനസ്സിന്റെ ഗ്രന്ഥികളെ നോക്കിയാൽ ശുദ്ധാത്മാവിന്റെ ദൃഷ്ടിയാൽ ആ കെട്ടുകൾ അറ്റുപോകും.

എന്റെയുള്ളിൽ അനന്തമായ ശക്തികൾ ഉണ്ട്. എനിക്ക് നിങ്ങളുടെ കെട്ടുകളെ ഇല്ലാതെയാക്കാൻ കഴിയും. കഴിയുന്നിടത്തോളം ഞാൻ അവ ഉപയോഗിക്കില്ല അല്ലെങ്കിൽ നിങ്ങളുടെ കഴിവിനെ ഉറന്നുവിടാനാകില്ല. ഞാൻ നിങ്ങൾക്ക് പകരം വഴി കാട്ടി തരും. ഈ ഗ്രന്ഥികൾ ഉയർന്നു വരുമ്പോൾ നിങ്ങൾ അതു അനുഭവിക്കുകയും അതിന്റെ ചലച്ചിത്രം കാണുകയും ചെയ്യും. അറിയപ്പെടാൻ വിഷയം ഒന്നുമില്ല എങ്കിൽ അറിയുന്നവൻ എന്തു ചെയ്യും ? മനസ്സ് പുഷ്ടിക്കുന്ന വ്യാപ്തിയിൽ ആത്മാവും പുഷ്ടിക്കും. അറിയപ്പെടുന്ന വസ്തുക്കളുടെ എണ്ണത്തിന് ആനുപാതികമായി ശുദ്ധ ആത്മാവിന്റെ അറിയാനുള്ള ശക്തി വർദ്ധിക്കും.

നിങ്ങളുടെ മനസ്സ് ചളി പുരണ്ടത് ആണെങ്കിൽ എന്റെ വാക്കുകൾ ആകുന്ന സോപ്പ് ഉപയോഗിക്കുക. മനസ്സിലെ ചളിയും അഴുക്കും പോകുന്നതാണ്.

**അന്വേഷകൻ** : ദയവായി ചിന്തകളെ എങ്ങനെ നേരിടണം എന്നു വിശദീകരിക്കൂ. ഉയർന്നു വരുന്ന ചിന്തകളെ ഒരുവൻ എപ്രകാരം വേർതിരിച്ചറിയണം.

**ദാദാജി** : നിങ്ങളുടെ മനസ്സ് കടലപ്പൊടി കൊണ്ടുണ്ടാക്കിയ ഭാജിയ കഴിക്കാൻ കൊതിക്കുമ്പോൾ ശ്രദ്ധാവാനാകുക. അത് വ്യവസ്ഥിത ശക്തിയുടെ പ്രേരണയാലാണോ അതോ ഉള്ളിലെ വാസനയുടെ കൌശലമാണോ എന്ന് തിരിച്ചറിയണം. മൂന്നു കൊട്ടുകൾ കേട്ടാൽ അത് വ്യവസ്ഥിത ശക്തിയുടെ വിളിയാണെന്ന് മനസ്സിലാക്കണം.

ശരീരത്തിനു അതിനു ആവശ്യമുള്ള ആഹാരം ലഭിക്കുമ്പോൾ മനസ്സും ബുദ്ധിയും ശാന്തമാകും. നാം നൽകുന്ന ജ്ഞാനത്തിൽ സ്വീകരണമോ നിരാകരണമോ ഇല്ല; എന്തെന്നാൽ പക്ഷപാതരഹിതമായ വ്യവസ്ഥിത ശക്തി നിങ്ങളെ എങ്ങനെ പ്രവർത്തിക്കണമെന്നു കാണിച്ചു തരും.

**അന്വേഷകൻ** : ഒരുവൻ ഏകാന്തത പരിശീലിക്കണം എന്ന് അവർ പറയുന്നു.

**ദാദാജി** : ഏകാന്തതയിൽ മനസ്സ് അനിയന്ത്രിതവും ക്ഷുബ്ധവും ആകുന്നു. മനസ്സിന്

എപ്പോഴും ആഹാരം വേണം; അതിനാൽ അത് എപ്പോഴും ഞെരുക്കത്തിലാണ്. അതിനാൽ ആൾക്കൂട്ടത്തിലും ഏകാന്തത അനുഭവപ്പെടും. ഞാൻ ദീക്ഷ നൽകിയ മഹാത്മാക്കൾ ശുദ്ധരായും രാഗരഹിതരായും ലോകത്തിൽ നിലനിൽക്കുന്നു. കൂടാതെ ആൾക്കൂട്ടത്തിലും അവർ ഏകാന്തത ആസ്വദിക്കുന്നു. ആൾക്കൂട്ടത്തിനിടയിലും മനസ്സിന് അതിന്റെ ഭക്ഷണം ലഭിക്കുകയും അതിൽ പൂർണ്ണമായും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ ശുദ്ധാത്മാവ് ഏകാന്തതയും ആനന്ദവും ആസ്വദിക്കുന്നു.

ആരുടെയെങ്കിലും മനസ്സ് ദുർബലമെങ്കിൽ അജ്ഞാനി പോലും പറയും " നീ എന്താണ് ചിന്തിക്കുന്നത്? എഴുന്നേൽക്കൂ, പുറത്തു പോകൂ."ഈ അനിയന്ത്രിതമായ മനസ്സ് അനേകം രീതിയിൽ സ്വയം ആവിഷ്കരിക്കുന്നു

**അന്വേഷകൻ** : നമ്മൾ മോശം ചിന്തകളെ ഒഴിവാക്കണമെന്ന് അവർ പറയുന്നു.

**ദാദാജി** : ആളുകൾക്ക് മരണത്തെപ്പറ്റി ചിന്ത ഉണ്ടാകാറില്ലേ ? തീർച്ചയായും ഉണ്ടാകും. എല്ലാവരും മരണത്തെക്കുറിച്ച് ചിന്തിക്കും. എന്നാൽ നിങ്ങൾക്കറിയാമോ ആളുകൾ പൊതുവേ എന്താണ് ചെയ്യുന്നത്? മരണചിന്ത ഉണ്ടാകുന്ന അ നിമിഷം അവർ തെരുവുപട്ടിയെ എന്ന പോലെ അതിനെ ഓടിക്കും. അങ്ങനെയെങ്കിൽ നിങ്ങൾക്ക് എല്ലാ ചിന്തകളെയും ഓടിച്ചു കൂടെ ? ഇല്ല, അയാൾക്ക് സന്തോഷമുള്ള ചിന്തയെങ്കിൽ ഓടിക്കില്ല.

ഞാൻ നിങ്ങളിൽ നിറയ്ക്കുന്ന ജ്ഞാനം എപ്രകാരമെന്നാൽ മരണസമയത്ത് ശുദ്ധാത്മാവ് പൂർണ്ണമായും ആവിഷ്കരിക്കപെടുന്നു. ശുദ്ധാത്മാവ് അതിന്റെ ഗുഹയിൽ പ്രവേശിക്കുന്നു. മനസ്സ്, ബുദ്ധി, അഹങ്കാരം, ചിത്തം എല്ലാം ബോംബിടുമ്പോൾ നിശ്ചലമാകുന്ന വ്യക്തിയെപോലെയാകും. ശുദ്ധജ്ഞാനം ലഭിച്ച മഹാത്മാക്കൾ മരണസമയത്ത് സമാധിയിലൂടെ ആനന്ദകരമായ മരണത്തെ ക്ഷണത്തിൽ പ്രാപിക്കുന്നു.

## 63

## മനസ്സ് ഭൌതികമാണ്.

**അന്വേഷകൻ** : മനസ്സ് ഒരുവനെ വല്ലാതെ അലട്ടുന്നു. അതു വളരെ ശക്തിയുള്ളതാണ്.

**ദാദാജി** : മനസ്സ് പൂർണ്ണമായും ഭൌതികമാണ്. അതു യാന്ത്രികമാണ്

**അന്വേഷകൻ** : അങ്ങനെയോ ? മനസ്സിലായില്ല, ഒരു ഉദാഹരണം പറയുമോ

**ദാദാജി** : ഒരാൾ ഒരു യന്ത്രം ഉണ്ടാക്കുമ്പോൾ അയാളുടെ ആത്മാവ് അഥവാ

ബോധം ആ പ്രവൃത്തിയുമായി താദാത്മ്യം പ്രാപിക്കുന്നു. യന്ത്രം പ്രവർത്തിക്കു-മ്പോൾ അയാൾ അയാളുടെ അഹങ്കാരത്താൽ അയാൾ പറയും, " ഞാൻ എത്ര മനോഹരമായ യന്ത്രമാണു നിർമ്മിച്ചത്" എന്നാൽ ആ യന്ത്രത്തെ നിർത്താൻ സ്വിച്ച് ഇല്ലെങ്കിലോ ? ആ യന്ത്രത്തോട് ആജ്ഞാപിച്ചാൽ മതിയോ ? അബദ്ധ-വശാൽ ആ യന്ത്രം ഉണ്ടാക്കിയവന്റെ വിരൽ അതിന്റെ ഗിയറിന്റെ ഇടയിൽ കുടുങ്ങിയാൽ യന്ത്രം അതിന്റെ നിർമ്മാതാവിനോട് അയാളെ മുറിപ്പെടുത്താതി-രിക്കാൻ ബാധ്യസ്ഥമാകുമോ ? ക്ഷണനേരത്തിൽ അയാളുടെ വിരൽ മുറിയും എന്തുകൊണ്ടെന്നാൽ യന്ത്രം ഭൌതികമാണ്. നിർമ്മാതാവിന്റെ ശക്തിക്ക് യാ-തൊരു പ്രയോജനവുമില്ല.

മനസ്സിന്റെ കാര്യത്തിലും ഇതു ശരിയാണ്. മനുഷ്യൻ അവന്റെ മനസ്സിന്റെ സ്രഷ്ടാവായിരിക്കുന്നു. ശരീരത്തേക്കാളും ലഘുവായ പരമാണുക്കൾ കൊണ്ടാണ് മനുഷ്യന്റെ വാക്ക് ഉണ്ടാക്കപ്പെട്ടിരിക്കുന്നത്. മനസ്സാകട്ടെ അതിനെക്കാളും സൂക്ഷ്മമായ പരമാണുക്കൾ കൊണ്ടാണു ഉണ്ടാക്കപ്പെട്ടിരിക്കുന്നത്.

## 64

## മനസ്സിന്റെ ഗുണങ്ങൾ

**അന്വേഷകൻ** : മനസ്സിനെയും അതിന്റെ പ്രവർത്തനത്തെയും കൂടുതലായി വിശ-ദീകരിക്കുമോ ?

**ദാദാജി** : മനസ്സ് രണ്ടു വിധമുണ്ട്. സ്ഥൂലവും സൂക്ഷ്മവും. സൂക്ഷ്മ മനസ്സിനെ കാരണ മനസ്സ് അഥവാ ഭാവ മനസ്സ് എന്നും സ്ഥൂല മനസ്സിനെ ദ്രവ്യമനസ്സെന്നും പറയുന്നു. പുരികങ്ങൾക്കു നടുവിലുള്ള ഭാഗത്തുനിന്നും മൂന്നിഞ്ച് ഉള്ളിൽ ബാഹ്യ-ദൃഷ്ടിക്ക് അഗോചരമായാണ് ഭാവമനസ്സിന്റെ കേന്ദ്രം. സ്ഥൂലമനസ്സ് ഹൃദയത്തി-ലാണ്. അതിനു ദളങ്ങളുണ്ട്. അതിനാൽ ആളുകൾ പറയും :"എന്റെ ഹൃദയം സമ്മതിക്കുന്നില്ല". പെട്ടെന്നൊരു നടുക്കമുണ്ടായാൽ ഹൃദയം പ്രക്ഷുബ്ധമാകും, അതാണ് സ്ഥൂലമനസ്സ്. അത് പൂർണ്ണമായും ഒഴിയൽ എന്ന അവസ്ഥയിലുള്ള കാര്യമാണ്. കാരണമനസ്സ് നിറയൽ എന്ന അവസ്ഥയിൽ കാരണങ്ങളെ ഉണ്ടാ-ക്കിക്കൊണ്ടിരിക്കുന്നു..

ഭാവമനസ്സ് ഉദ്ദേശ്യങ്ങളോട് കൂടിയതാകയാൽ കർമ്മത്തിന്റെ പുതിയ വിത്തുകൾ പാകിക്കൊണ്ടിരിക്കുന്നു. കാരണമനസ്സിനെ അതിന്റെ ഉദ്ദേശ്യങ്ങ-ളിൽ നിന്നും വേർതിരിച്ചറിയാൻ കഴിയും. പക്ഷെ കാരണമനസ്സിനെ വേർതിരി-ക്കാൻ ആർക്കു കഴിയും ? ശുദ്ധാത്മാവായി രാഗരഹിത അവസ്ഥയിലിരിക്കുന്ന

ഒരാൾക്ക് മനസ്സിനെ ആത്മാവിൽ നിന്നും ഭിന്നമായി ഒരു ചലച്ചിത്രമെന്ന പോലെ കാണാൻ കഴിയുമ്പോൾ മാത്രമാണ് കാരണമനസ്സ് ഗ്രഹിക്കപ്പെടുന്നത്. സർവ്വജ്ഞനു മാത്രമേ കാരണമനസ്സിലെത്താൻ കഴിയൂ. ജ്ഞാനിക്കു മാത്രമേ നിങ്ങളുടെ കാരണമനസ്സിനെ പുതിയ കർമ്മവിത്തുകൾ പാകാത്ത രീതിയിൽ ഘടിപ്പിക്കാൻ കഴിയൂ. ആത്മാവിന് കാണാനും അറിയാനും സാധ്യമായ ഒഴിയപ്പെട്ട മനസ്സും അതിന്റെ കാര്യങ്ങളും മാത്രം അവശേഷിക്കും,

**അന്വേഷകൻ** : ഉപബോധമനസ്സ് എന്നാൽ എന്താണ്?

**ദാദാജി** : വിദേശികളും മനശ്ശാസ്ത്രജ്ഞന്മാരും ബോധ മനസ്സെന്നും ഉപബോധ-മനസ്സെന്നും പറയുന്നത് യാന്ത്രികവും ഭൌതികവുമാണ്. സൂക്ഷ്മമനസ്സിന്റെ ഒരു പരമാണുവിനെപ്പോലും ആർക്കും വേർതിരിക്കാൻ കഴിയില്ല. അത് ജ്ഞാനിയുടെ മണ്ഡലത്തിൽ മാത്രമാണ് എന്തെന്നാൽ കാരണമനസ്സ് ജ്ഞാനഗമ്യമാണ്.

ശുദ്ധ ആത്മജ്ഞാനം നേടുന്ന നിങ്ങൾക്ക് നല്കപെടുന്നത് ശുദ്ധാത്മാവിന്റെ സ്വരൂ-പജ്ഞാനമാണ്. അതിനാൽ നിങ്ങൾ മനസ്സിൽ നിന്നും പൂർണ്ണമായും മുക്തരാ-കുന്നു. നിങ്ങളുടെ കാരണമനസ്സിനെ ഞാൻ പ്ലഗ് ചെയ്തിരിക്കുന്നു. അതിനാൽ പുതിയതായി ഒന്നും നിറയ്ക്കപ്പെടുന്നില്ല. അതിനാൽ മനസ്സിന്റെ അനേകം അവസ്ഥകളിലൂടെ കടന്നു പോകുമ്പോഴും നിങ്ങൾ ശുദ്ധ ആത്മാവായി സ്ഥിതി ചെയ്യും. ഇതാണ് ജ്ഞാനം.

ഒരുവൻ അശാന്തനാകുമ്പോൾ മനസ്സിന്റെ ഒഴുക്കിൽ ബന്ധിക്കപെടുന്നു. കാരണമനസ്സ് നിറയ്ക്കപ്പെടുകയും ഒഴിയുമ്പോൾ അശാന്തമാകുകയും ചെയ്യുന്നു. കാരണമനസ്സിന്റെ ഒഴിയലും നിറയലും ചാക്രികമായി തുടർന്നുകൊണ്ടിരിക്കുന്നു.

## 65

## മനസ്സിന്റെയും ആത്മാവിന്റെയും ജ്ഞാതൃജ്ഞേയബന്ധം

**അന്വേഷകൻ** : ഏതു രീതിയിലാണ് മനസ്സും ആത്മാവും ബന്ധപ്പെട്ടിരിക്കുന്നത്?

**ദാദാജി** : ആത്മാവ് എപ്പോഴും സ്ഥിരമാണ്. ചിന്തകൾ ഉണ്ടാകുമ്പോൾ അറിയു-ന്നവനുമാണ്. ആത്മാവും ചിന്തകളും തികച്ചും ഭിന്നമാണ്. അറിയുന്നവനെന്നും അറിയപ്പെടുന്നവയെന്നും അല്ലാതെ മറ്റൊരു ബന്ധവും അവ തമ്മിലില്ല. അതിനാൽ ഞാൻ നിങ്ങളോടു പറയുന്നു, ഒരു കാരണവശാലും നിങ്ങളുടെ വികാരങ്ങളെ ദുഷിപ്പിക്കരുത്. ഒരു അപ്രതീക്ഷിത അതിഥി അസമയത്ത് കേറി വരുമ്പോൾ അനിഷ്ടം കാട്ടരുത്. അല്പം ആഹാരമേ നിങ്ങൾക്ക് കൊടുക്കാൻ കഴിഞ്ഞെന്നു വരികയുള്ളൂ എങ്കിലും അനിഷ്ടം പാടില്ല. നിങ്ങളുടെ മനസ്സിനെ

ഒരിക്കലും ക്ഷീണിപ്പിക്കരുത്.

നമ്മൾ ഒരാളോട് ക്രുദ്ധനായാൽ അതു അയാളുടെ ഹൃദയത്തെ വേദനിപ്പിക്കും. അതു നമ്മളെ അനേകം ജന്മങ്ങളിൽ കറക്കും. മനസ്സും, മുത്തും, പളുങ്കും ഒരിക്കൽ പൊട്ടിയാൽ പിന്നെ മുഴുവനായി ചേർക്കാൻ ആവില്ല എന്നൊരു ചൊല്ലുണ്ട്. അവ ലോലമാണ്.

ജ്ഞാനിപുരുഷന് അയാൾ കണ്ടുമുട്ടുന്ന വ്യക്തിയുടെ വിചാരങ്ങളെ പതിയെ വ്യക്തമായി കാണാനും അറിയാനും സാധ്യമാണ്. അതിനാണ മനഃപര്യായജ്ഞാനം എന്നു പറയുന്നത്. വീതരാഗന്റെ ഭാഷയിൽ പറഞ്ഞാൽ ഒരുവന്റെ മനസ്സിന്റെ എല്ലാ ദശകളെയും അന്തർജ്ഞാനം കൊണ്ട് കാണാനും അറിയാനും കഴിയുന്നതാണ് മനഃപര്യായജ്ഞാനം.

ഈ ലോകത്തിലെ മനസ്സിന്റെ വൈദ്യനാണ് ഞാൻ. ശരീരത്തിന്റെ വൈദ്യന്മാരെ എല്ലായിടത്തും കണ്ടെത്താം എന്നാൽ മനസ്സിനെ ചികിത്സിക്കുന്ന വൈദ്യനെ കണ്ടെത്തു. എല്ലാ ശാരീരികബുദ്ധിമുട്ടുകൾക്കും കാരണം മനസ്സിന്റെ വ്യാധിയാണ്.മനസ്സിന്റെ എല്ലാ വ്യാധികളെയും ഞാൻ ഇല്ലാതെയാക്കും പുതിയവ ഉണ്ടാകുന്നതു തടയുകയും ചെയ്യും. ഒടുവിൽ നിങ്ങളിൽ നിന്നും നിങ്ങളുടെ മനസ്സിനെ സ്വതന്ത്രമാക്കി ശുദ്ധാത്മാവിനെ ഉള്ളിൽ വെളിപ്പെടുത്തും. പിന്നീട് മനസ്സ് നിങ്ങളെ ശല്യം ചെയ്യുകയില്ല. അത് നിങ്ങളെ ,മോക്ഷത്തിലേക്ക് നയിക്കുക മാത്രമല്ല നിങ്ങളെ അനുസരിക്കുകയും ചെയ്യും.

## 66

## ബുദ്ധിയുടെ പ്രകാശം-ജ്ഞാനത്തിന്റെ പ്രകാശം

**അന്വേഷകൻ** : ഇനി ദയവായി ബുദ്ധി എന്തെന്ന് വിശദീകരിക്കു

**ദാദാജി** : ലോകത്തുള്ള സകല വിഷയങ്ങളുടെയും ജ്ഞാനം ബുദ്ധിയിൽ ശേഖരിക്കാം; എന്നാൽ നിരഹങ്കാരജ്ഞാനമാണ് ശരിയായ ജ്ഞാനം. ലോകവിജ്ഞാനത്തിൽ അഹങ്കാരം ഉണ്ടെങ്കിൽ അത് ബുദ്ധിയിലാണ് ചേർത്തിട്ടുള്ളത്.

ബുദ്ധിയിലൂടെ നേടിയ വിജ്ഞാനത്തെ ആശ്രയിക്കരുത്

**അന്വേഷകൻ** : എന്തുകൊണ്ട് ബുദ്ധിയെ ആശ്രയിച്ചുകൂടാ

**ദാദാജി** : എപ്പോൾ വേണമെങ്കിലും നിങ്ങളുടെ ബുദ്ധിയിലുള്ള ആശ്രയത്വം അർത്ഥശൂന്യമാകാം. സാഹചര്യങ്ങളുടെ കയ്യിൽ അകപ്പെട്ടു ഏറ്റവും ബുദ്ധിയുള്ളവർ പോലും അപ്രധാനനായിത്തീർന്നിട്ടുണ്ട്. ബുദ്ധിയുള്ള ഒരുവൻ വിഡ്ഢിയായി മാറാം.

അഹങ്കാരമെന്ന മാധ്യമത്തിലൂടെ വരുന്ന പരോക്ഷമായ പ്രകാശമാണ് ബുദ്ധി

**അന്വേഷകൻ** : ഒരു ഉദാഹരണം പറയൂ.

**ദാദാജി** : സൂര്യപ്രകാശം മച്ചിലെ ദ്വാരയിലൂടെ കണ്ണാടിയിൽ വീണു പ്രതിഫലിക്കുന്നത് പോലെയാണ് അത്. ബുദ്ധി പ്രതിഫലിതപ്രകാശമാണ്.

**അന്വേഷകൻ** : ബുദ്ധിയും ജ്ഞാനവും തമ്മിലുള്ള വ്യത്യാസമെന്താണ്?

**ദാദാജി** : ജ്ഞാനം ആത്മാവിന്റെ സ്വയംപ്രകാശമാണ്. അതു പൂർണ്ണചൈതന്യമാണ്. സത്യത്തെ അതേപടി കാട്ടുന്നതാണ് ജ്ഞാനം. മനസ്സ് സ്വയം പ്രകാശമല്ല. എന്നാൽ ജ്ഞാനം സ്വയം പ്രകാശിക്കുന്ന ചൈതന്യം തന്നെയാണ്. അതിനു പ്രപഞ്ചത്തെ മുഴുവൻ പ്രകാശിപ്പിക്കുന്ന ശക്തിയുണ്ട്.സൂര്യൻ തനിയെ പ്രകാശിക്കുന്നു, എന്നാൽ ചന്ദ്രൻ സൂര്യനാൽ പ്രകാശിപ്പിക്കപ്പെടുന്നു.

പൂർണ്ണജ്ഞാനവുമായി താരതമ്യം ചെയ്യുമ്പോൾ ബുദ്ധി സൂര്യന് മുന്നിൽ വെച്ച വിളക്കുപോലെയാണ്. അതിനാൽ എന്നിൽ അല്പമാത്രം പോലും ബുദ്ധിയില്ല. ഞാൻ അബുദ്ധനാകുന്നു. നദിയുടെ ഈ കരയിൽ ഞാൻ അഹങ്കാരമില്ലാതെ ബുദ്ധിയിൽ നിന്നും സ്വതന്ത്രനായി നിൽക്കുമ്പോൾ മറുകരയിൽ സർവജ്ഞത്വം എന്നെ സ്വീകരിക്കുന്നു. അബുദ്ധനായവൻ സർവ്വജ്ഞനാകുന്നു.

67

## ബുദ്ധിയുടെ ഗുണങ്ങൾ

**അന്വേഷകൻ** : ബുദ്ധിയെക്കുറിച്ച് കൂടുതൽ വിശദമാക്കൂ.

**ദാദാജി** : ബുദ്ധി രണ്ടുതരമുണ്ട്. (1) സമ്യക്ബുദ്ധി, (2) വിപരീതബുദ്ധി

മോക്ഷത്തിലേക്കു നയിക്കുന്ന ബുദ്ധിയാണ് സമ്യക്ബുദ്ധി. അതു സംയക്ത്വം അഥവാ ആത്മാവിനെ അറിയുമ്പോൾ മാത്രമാണു നേടുക. സത്യത്തെ അതിന്റെ യഥാർത്ഥ അവസ്ഥയിൽ കാണാൻ അതു സഹായിക്കും. സമ്യക്ബുദ്ധി അപൂർവ്വമായേ കിട്ടുകയുള്ളൂ. അതിന്റെ അഭാവത്തിൽ വിപരീതബുദ്ധി വാഴുന്നു.

വിപരീതബുദ്ധി മോക്ഷത്തിനു തടസ്സമാണ്. പ്രാപഞ്ചികജീവിതത്തെ ബലപ്പെടുത്തുന്ന ഭ്രമങ്ങളെ കാട്ടുന്നത് ബുദ്ധിയുടെ സ്വഭാവമാണ്. അത് ഒരുവനെ മുക്തി നേടാൻ അനുവദിക്കുകയില്ല. ബുദ്ധി ലോകത്തെ പിന്തുടരുന്നു. ലൗകികവ്യവഹാരങ്ങളിൽ അതു കണ്ണു വയ്ക്കുന്നു. എപ്പോഴും ലാഭനഷ്ടങ്ങളെ ഉണ്ടാക്കുന്നു. അതു മുക്തിയെക്കുറിച്ച് ചിന്തിക്കുകയില്ല.

**അന്വേഷകൻ** : ഒരുവന് വളരെയധികം ആകുലത എങ്ങനെ ഉണ്ടാകുന്നു ? ബുദ്ധി അവിടെ സഹായിക്കുകയില്ല എന്ന് തോന്നുന്നു.

**ദാദാജി** : ബുദ്ധി കൂടുന്തോറും വ്യാകുലത കൂടിക്കൊണ്ടിരിക്കും. രണ്ടു വയസ്സുള്ള കുട്ടിയുടെ അമ്മ മരണശയ്യയിൽ കിടന്നാൽ ആ കുട്ടിക്കു വേദനയുണ്ടാകില്ല. അതു കളിക്കുകയും ചിരിക്കുകയും ചെയ്യും. എന്നാൽ ഇരുപത് വയസ്സുള്ള മകൻ വളരെ-യേറെ വേദനിക്കും. അയാളുടെ ബുദ്ധി വികസിച്ചതാണ് അതിനാൽ ദുഃഖങ്ങളും കൂടുതലാണ്.തൊഴിലാളികൾ അധികം ആകുലരല്ല. അവർ രാത്രി സുഖമായി ഉറങ്ങും എന്നാൽ ധനികർ വളരെ വിഷമിക്കും. അവർക്ക് രാത്രി ഉറക്കം കിട്ടില്ല. എന്താണങ്ങനെ ? അവരുടെ ബുദ്ധി വളരെ വികസിച്ചതാണ്. എവിടെയാണോ ബുദ്ധി ഉള്ളത് അതിനു പകരമായി ആകുലതയും അശാന്തിയും ഉണ്ടാകും. ബുദ്ധി ഉള്ളിടത്ത് ഞാൻ ചെയ്യുന്നു എന്ന അഹങ്കാരവൃത്തിയും അതിനു അനുസരിച്ചുള്ള ആകുലതയും ഉണ്ടാകും. ആ ബുദ്ധി നമ്മെ ഈശ്വരനിൽ നിന്നും അകറ്റും.

ഭഗവാൻ ശ്രീകൃഷ്ണൻ ബുദ്ധിയെ വിപരീതമെന്നു പറഞ്ഞിരിക്കുന്നു. അതു ഒരുവനെ അശാന്തനായി ലോകത്ത് അലയിപ്പിക്കും എന്ന് അദ്ദേഹം പറയുന്നു.

**അന്വേഷകൻ** : എത്ര മാത്രം ബുദ്ധി വേണം ? എത്ര കാലത്തേക്ക്?

**ദാദാജി** : ജ്ഞാനം നേടും വരേയ്ക്കും ബുദ്ധിക്ക് ഉപയോഗമുണ്ട്. കല്ലിന്റെ അടിയിൽ വിരൽ പെട്ടു പോയാൽ ആ വിരലിനെ എടുക്കാനും വീണ്ടും കല്ലിന്റെ അടിയിൽ പെടാതിരിക്കാനും ബുദ്ധി വേണം. കുറേ ധനം സമ്പാദിക്കാനും ആളുകളെ വഞ്ചി-ക്കാനും ബുദ്ധി ഉപയോഗിക്കരുത്, അങ്ങനെ ചെയ്യുന്നത് അപകടമാണ്.

നമ്മുടെ പുണ്യകർമ്മമനുസരിച്ചാണ് ധനം വന്നുചേരുന്നത്. ബുദ്ധിയുടെ മാത്രം ഫലമല്ല. വലിയ വ്യവസായങ്ങളുടെ ഉടമകളും ധനികന്മാരും ബുദ്ധിയുള്ള-വർ ആകണമെന്നില്ല എന്നാൽ അവർക്ക് ധാരാളം സമ്പത്ത് വന്നുചേരുന്നു. അവരുടെ സെക്രട്ടറിമാരും മാനേജർമാരും ബുദ്ധി ഉപയോഗിക്കുന്നു. മാനേ-ജർമാർ ഇൻകം ടാക്സ് ഓഫീസിൽ പോയി ചീത്തകേൾക്കുമ്പോൾ മുതലാളിമാർ വീട്ടിൽ സുഖമായി ഉറങ്ങുന്നു.

## 68

## ബുദ്ധിയുടെ ഉദ്ദേശ്യം

**അന്വേഷകൻ** : അവനവന്റെ ഗൃഹത്തിൽ എല്ലാവരും സന്തുഷ്ടരാണ്.

**ദാദാജി** : വാസ്തവം തന്നെ, എന്തെന്നാൽ അതു ബുദ്ധിയുടെ ഉദ്ദേശ്യമാകുന്നു.ഒരു ചെറിയ വീട്ടിൽ താമസിക്കുന്ന ആൾ ബംഗ്ലാവിൽ സന്തുഷ്ടനല്ല, ബംഗ്ലാവിൽ താമസിക്കുന്ന ആൾ ചെറിയ വീട്ടിലും സന്തുഷ്ടനല്ല. ഒരുവന്റെ ബുദ്ധിയുടെ ഉദ്ദേശത്തിൽ കൊണ്ടുവരുന്നത് അവനു ലഭിക്കുന്നു. ബുദ്ധിയുടെ ഉദ്ദേശ്യങ്ങൾ

ഓരോരുത്തരിലും വ്യത്യസ്തമാണ്.

സാധാരണ നിലയിൽ ജനങ്ങളിൽ ഭൂരിഭാഗവും അവരുടെ കർമ്മഫലങ്ങളെ കാറുകൾ, ബംഗ്ലാവുകൾ, മക്കൾ, ഭാര്യ എന്നിവയ്ക്കായി പ്രയോജനപ്പെടുത്തുമ്പോൾ ഒന്നോ രണ്ടോ ശതമാനം മാത്രം യഥാർത്ഥ മതത്തിൽ ബാക്കിയാവുന്നു.

**അന്വേഷകൻ** : ഒരുവൻ ആഗ്രഹിക്കുന്നത് അയാൾക്ക് എപ്പോഴും ലഭിക്കുമോ ?

**ദാദാജി** : ബുദ്ധിയുടെ ഉദ്ദേശ്യങ്ങളിൽ ഉൾക്കൊണ്ടിരിക്കുന്നത് രണ്ടുരീതിയിൽ പ്രകടമാകാം : ഒരുവൻ സമ്പാദിച്ചതായ നല്ലതും ചീത്തയുമായ കർമ്മങ്ങളുടെ ആവിഷ്കാരമനുസരിച്ച് ഒന്നുകിൽ ആഗ്രഹിച്ചത് അല്ലെങ്കിൽ ആഗ്രഹിക്കാത്തത്.

**അന്വേഷകൻ** : കൂടുതൽ വ്യക്തമാക്കുമോ

**ദാദാജി** : മോഷ്ടിക്കുന്ന രണ്ടു കള്ളന്മാർ ഉണ്ടെന്നു കരുതുക. ഒരുവൻ പിടിക്കപ്പെടുകയും മറ്റൊരാൾ കൌശലത്തിൽ കടന്നുകളയുകയും ചെയ്തു. ഇത് എന്താണ് അർത്ഥമാക്കുന്നത് ? രണ്ടു കള്ളന്മാർക്കും മോഷണബുദ്ധി ഉണ്ടായിരുന്നു. എന്നാൽ പിടിക്കപ്പെട്ടവന് അവൻ ചെയ്ത മോശം കർമ്മങ്ങളുടെ ഫലവും രക്ഷപെട്ടവനു അവൻ ചെയ്ത സത്കർമ്മത്തിന്റെ ഫലവും ലഭിച്ചു.

സത്കർമ്മത്തിന്റെയും ദുഷ്കർമ്മത്തിന്റെയും ഫലം ബുദ്ധിയുടെ ഉദ്ദേശ്യത്തിൽ പ്രവർത്തിക്കുന്നു. സമ്പത്തുണ്ടാക്കണം എന്ന ഉദ്ദേശ്യം നിറഞ്ഞ ബുദ്ധിയുമായ് ഒരുവൻ ഈ ലോകത്തു വന്നാൽ അവന്റെ നല്ല പ്രവൃത്തിയുടെ ഫലമായി ധാരാളം സമ്പത്തുണ്ടാകുന്നു. എന്നാൽ ദുഷ്കർമ്മത്തോട് കൂടി ഇതേ ലക്ഷ്യത്തിനു വരുന്ന ഒരുവനെ ധനദേവത മുഖം കാണിക്കുകയില്ല.

പ്രകൃതിയുടെ മുന്നിൽ എല്ലാവരും അശക്തരാണെന്നുള്ളത് വ്യക്തമാണ്. ഒരുവൻ താൻ ലക്ഷക്കണക്കിനു രൂപ സമ്പാദിച്ചു എന്നു വിശ്വസിച്ചേക്കാം. ആ പണം സമ്പാദിക്കാൻ കാരണമായത് അവന്റെ പുണ്യകർമ്മം ആണെന്ന് അയാൾ അറിയുന്നില്ല. അതിലും നല്ലത് നിങ്ങളുടെ ബുദ്ധിയുടെ ഉദ്ദേശ്യത്തെ മാറ്റുന്നതാണ്.യഥാർത്ഥ ധർമ്മത്തിന് വേണ്ടി ആയിരിക്കണം ഒരുവൻ തന്റെ ബുദ്ധിയുടെ ഉദ്ദേശ്യങ്ങളെ ഉപയോഗിക്കേണ്ടത്. കാർ, ബംഗ്ലാവ്, തുടങ്ങിയ ക്ഷണികമായ വസ്തുക്കൾക്ക് വേണ്ടി ആകരുത് ഒരുവന്റെ രോദനം.

**അന്വേഷകൻ** : എന്തായിരിക്കണം മാതൃകാപരമായി ബുദ്ധിയുടെ ഏകദേശമായ ഉദ്ദേശ്യം ?

**ദാദാജി** : നിങ്ങൾക്ക് എന്തെല്ലാം ലഭ്യമായിട്ടുണ്ടോ അത് അതുപോലെ ഇരി-

ക്കട്ടേ. എന്നാൽ ഇന്നു മുതൽ നിങ്ങൾ ധർമ്മത്തിനായി നിങ്ങളുടെ ബുദ്ധിയുടെ ലക്ഷ്യത്തെ മാറ്റുക.

എന്റെ ബുദ്ധിയുടെ ഉദ്ദേശ്യം നൂറു ശതമാനവും യഥാർത്ഥ ധർമ്മത്തിനും ലോകക്ഷേമത്തിനും വേണ്ടിയാണ്. എന്റെ പുണ്യകർമ്മങ്ങൾ കാർ, ബംഗ്ലാവ്, മക്കൾ എന്നിവയ്ക്ക് വേണ്ടി ഉള്ളതല്ല. ബുദ്ധിയാകുന്ന പാത്രത്തിലെ വസ്തു അല്ലെങ്കിൽ ഉദ്ദേശ്യം അനുസരിച്ചാണ് പുണ്യകർമ്മങ്ങൾ ഫലം നൽകുന്നത്. എന്നെ കണ്ടുമുട്ടിയവരും ദീക്ഷിതരായവരും അവരുടെ ബുദ്ധിയുടെ ഉദ്ദേശ്യത്തിൽ രണ്ടു മുതൽ അഞ്ചു വരെ ശതമാനം ധർമ്മത്തിനായി മാറ്റിയിട്ടുണ്ട്. ഞാൻ നൂറു ശതമാനവും എന്റെ ബുദ്ധിയുടെ താത്പര്യങ്ങളെ യഥാർത്ഥ മതത്തിനായി പ്രവേശിപ്പിച്ചിട്ടുണ്ട്.അതുകൊണ്ടാണ് എനിക്ക് മതത്തിന്റെ 'നോ ഒബ്ജെക്ഷൻ സർട്ടിഫിക്കറ്റ്" കിട്ടിയിട്ടുള്ളത്.

69

## ഗണപതി : ബുദ്ധിയുടെ അധിഷ്ഠാനദേവത

**അന്വേഷകൻ** : വളരെയധികം പേർ ഗണേശനെ പൂജിക്കുന്നു.

**ദാദാജി** : ഗണപതി ബുദ്ധിയുടെ ദേവതയാണ്. പൊതുവേ ശാസ്ത്രങ്ങൾ എഴുതുന്ന അവകാശം അദ്ദേഹത്തിനാണ്. അദ്ദേഹത്തിന്റെ സ്വരൂപം ബുദ്ധിയാൽ പൂർണ്ണമായും പ്രകാശമാനമാകുന്നതിനാൽ എല്ലാത്തിലും വച്ച് ഗണപതി പ്രഥമനായി ആരാധിക്കപ്പെടുന്നു. അദ്ദേഹത്തെ പൂജിക്കുന്നതുകൊണ്ട് ബുദ്ധി വിനയാന്വിതമാകുന്നു. അത് ഒരുവന്റെ ബുദ്ധിയെ ഭ്രമത്തിൽ നിന്നും വിദ്വേഷത്തിൽ നിന്നും പ്രതികൂലസാഹചര്യത്തിൽ നിന്നും അകറ്റുന്നു.

ഒരു മാസം ഒരാൾക്ക് രണ്ടു വിഘ്നങ്ങളെ ഉണ്ടാകുകയുള്ളെങ്കിലും സ്ഥിരമായ ഭയം ഉണ്ടാകുന്നത് ശത്രുതാബുദ്ധികൊണ്ടാണ്. എല്ലാ മഹത്ഗുണങ്ങളുടെയും അധിപനായ ഗണപതിയെ ആദ്യം പൂജിക്കുന്നു. അതിനാൽ ബുദ്ധി ഭ്രമിക്കപ്പെടുകയോ, ദ്വേഷിക്കുകയോ പ്രതികൂലമാകുകയോ ചെയ്യുന്നില്ല. എന്നാൽ ബുദ്ധിഹീനമായി പൂജ ചെയ്യുന്നതിനാൽ അതിനു ശരിയായ ഫലം ഉണ്ടാകുന്നില്ല.

ശരിയായ രീതിയിൽ പൂജ ചെയ്താൽ അതിനു ശരിയായ ഫലം ലഭിക്കും. ബുദ്ധിയുടെ സങ്കീർണ്ണതകളെയെല്ലാം അതിക്രമിച്ചവനാണ് ഗണപതി. ഗണപതിയെ വിവേകപൂർവ്വം ഭജിച്ചാൽ ഒരുവന് ശരിയായ ബുദ്ധിയുണ്ടാകുന്നു.

70

## ബുദ്ധിയിലൂടെയും ജ്ഞാനത്തിലൂടെയും ഉള്ള അനുഭവം

**അന്വേഷകൻ** : എന്താണ് ബുദ്ധി ?

**ദാദാജി** : നിങ്ങളുടെ പൂർവ്വജന്മത്തിന്റെ വീക്ഷണകോണാണത്. ഉദാഹരണത്തിനു നിങ്ങൾ ഹൈവേയിലൂടെ വാഹനമോടിക്കുമ്പോൾ ഒരു മൈൽ ദൂരം കഴിയുമ്പോൾ ഒരു കാഴ്ച ഉണ്ടാകുന്നു. നിങ്ങളുടെ ബുദ്ധി പറയും "ഇങ്ങനെ തന്നെയായിരുന്നെങ്കിൽ നന്നായിരുന്നെന്നെ". അങ്ങനെ ഒന്നാമത്തെ മൈൽ വീക്ഷണം ഉറപ്പിക്കുന്നു. വീണ്ടും മുന്നോട്ട് പോയി രണ്ടാം മൈൽ എത്തുമ്പോൾ നിങ്ങളുടെ വീക്ഷണം മാറുന്നു. മുഴുവൻ കാഴ്ചപ്പാടും മാറുന്നു. അപ്പോൾ അതു ഇങ്ങനെയായിരിക്കണമെന്നു ബുദ്ധി പറയും. എന്നാൽ മുൻപുള്ള വീക്ഷണം മറന്നിട്ടില്ല. അതിനാൽ അതു അയാളുടെ മുന്നിൽ വീണ്ടും വീണ്ടും വരും.

പൂർവ്വ വീക്ഷണങ്ങളെ പരിഗണിച്ചില്ലെങ്കിൽ യാതൊരു തടസ്സവും ഉണ്ടാകുന്നില്ല എന്നാൽ അതിനെ പരിഗണിക്കാതിരിക്കാൻ ആകുന്നില്ല. ആ കാഴ്ചപ്പാട് നിങ്ങളെ തടയുന്നു. ഞങ്ങൾ അതിനെ പൂർവ്വകാലജ്ഞാനം സംവേ-ദനം എന്നൊക്കെ പറയുന്നു. എന്തെന്നാൽ ബുദ്ധി അതിൽ മുദ്ര പതിപ്പിച്ചിരിക്കു-ന്നു. അതിനാൽ വിരുദ്ധാഭിപ്രായങ്ങൾ ഉള്ളിൽ ഇരട്ടിച്ചുകൊണ്ടിരിക്കും.

നിങ്ങളുടെ ഇപ്പോഴത്തെ ബുദ്ധി കഴിഞ്ഞ കാലത്തെ കാഴ്ചപ്പാടുകളാണ്. ഇപ്പോഴത്തെ കാഴ്ചപ്പാട് അടുത്ത ജന്മത്തിലെ ബുദ്ധിയാകും, ഇതിങ്ങിനെ തുടർന്നുകൊണ്ടിരിക്കുന്നു.

**അന്വേഷകൻ** : ഒരുദാഹരണം പറയുമോ.

**ദാദാജി** : പൂർവ്വസംസ്കാരങ്ങൾ കൊണ്ട് ഒരു കള്ളൻ മോഷണം നടത്തുകയും എന്നാൽ നല്ല ആളുകളോട് കൂട്ടുകൂടി മോഷണം തെറ്റാണെന്നു മനസ്സിലാക്കി അവന്റെ വീക്ഷണം മാറ്റുകയും ചെയ്യാം. ഈ ജന്മം മോഷ്ടിക്കുന്നുവെങ്കിലും അവന്റെ വീക്ഷണം മാറ്റിയതിനാൽ മോഷ്ടിക്കരുത് എന്ന ബുദ്ധിയോടു കൂടിയാകും അവൻ ജനിക്കുന്നത്.

**അന്വേഷകൻ** : ബുദ്ധികൊണ്ടുള്ള അനുഭവവും ജ്ഞാനവും തമ്മിലുള്ള വ്യത്യാസം എന്താണ്?

**ദാദാജി** : ഒരിക്കലും ഐസ്ക്രീം കഴിക്കാത്ത ഒരാളെക്കുറിച്ച് സങ്കൽപ്പിക്കു. അയാൾക്ക് ഇരുട്ടത്ത് ഐസ്ക്രീം കൊടുക്കുന്നു. തണുപ്പാണോ ഐസ്ക്രീമിന്റെ ഗുണം ? പാലിന്റെ സഹജസ്വഭാവം ഐസ്ക്രീം പോലെതന്നെ തണുപ്പാണോ ? ഏലയ്ക്കായ്ക്കും സമാനമായ തണുപ്പ് ആണോ ? എന്നിങ്ങനെ അയാൾ ചിന്തിക്കുന്നു. എന്നാ-

ൽ ഐസ്ക്രീമിന്റെ അനുഭവം ഉള്ള ആൾക്ക് അതിനെ അറിയാനും അതിന്റെ കൂട്ടുകൾ മനസ്സിലാക്കാനും സാധിക്കുന്നു. അതുപോലെ ബുദ്ധി ഉപയോഗിച്ച് ഐസ്ക്രീം എന്തുകൊണ്ട് തണുത്തിരിക്കുന്നു എന്നും അറിയാൻ കഴിയും.

ബുദ്ധിക്ക് അത്തരം കാര്യങ്ങൾ ചെയ്യാൻ കഴിയുമെങ്കിൽ ശക്തിയോട്ടുകൂടി-യതും നേർപ്രകാശവുമായ ശുദ്ധാത്മാവിനു വിശേഷമായി എന്തെല്ലാം ചെയ്യാൻ കഴിയും.

**അന്വേഷകൻ** : ശുദ്ധാത്മാവിന്റെ സാക്ഷാത്കാരത്തിനു ശേഷം ഒരുവന് ബുദ്ധി-യുടെ പിന്തുണ ആവശ്യമുണ്ടോ ?

**ദാദാജി** : ലോകത്തിനു മുഴുവൻ ബുദ്ധി വേണം. അതവരുടെ ബലവും ആണ്. എന്നാൽ ഞാൻ ദീക്ഷ നല്കിയവരോടെല്ലാം അവരുടെ ബുദ്ധിയെ വിരമിപ്പിച്ച് പെൻഷൻ നൽകാനാണ് ഞാൻ പറയുക. എന്തെന്നാൽ ആത്മാവിന്റെ ജ്ഞാനം ബുദ്ധിയുടെ ആവശ്യം ഇല്ലാത്തത്ര മഹത്തരമാണ്. ബുദ്ധിയെ ഞാൻ സൂത്ര-ശാലിയായും കള്ളം പറയുന്നവളായും വിളിക്കുന്നു. അവളെ ഒരിക്കലും വിശ്വസി-ക്കരുത്. അവളോട് നിങ്ങൾ പറയണം : "ഹേ സഹോദരീ എല്ലാ ജന്മത്തിലും നീ എന്നെ ബുദ്ധിമുട്ടിക്കുകയാണ്. ഇപ്പോൾ നീ പോകുക. ആവശ്യമുള്ളവന്റെ അടുക്കൽ പോകൂ, ഞങ്ങൾക്ക് നിന്നെ ആവശ്യമില്ല." അതിനാൽ അവളുടെ പെൻഷൻ നൽകി അവളെ പറഞ്ഞയക്കൂ.

അവൾക്ക് നിങ്ങൾ ഉഗ്രമായ ആഘാതമല്ല നൽകേണ്ടത് എന്തെന്നാൽ വിദ്വേഷം ഉള്ളിടത്തോളം സാക്ഷാത്കാരം സാധ്യമല്ല. അതിനാൽ അവളെ വശീകരിക്കുക, മുഖസ്തുതി പാടുക, എന്നിട്ട് പെൻഷൻ നൽകി പറഞ്ഞയക്കുക. ഇവിടെ പെൻഷൻ എന്നാൽ സാന്ത്വനം എന്നാണ് അർത്ഥം.

**അന്വേഷകൻ** : മോക്ഷപ്രാപ്തിക്ക് ബുദ്ധി ഒരുവനെ സഹായിക്കുന്നതെങ്ങനെ ?

**ദാദാജി** : നിങ്ങൾക്ക് മോക്ഷം വേണമെങ്കിൽ നിങ്ങൾ ബുദ്ധിയെ ശ്രവിക്കരുത്. ഒരു ജ്ഞാനിയുടെ കുറ്റങ്ങൾ പോലും ബുദ്ധി ചൂണ്ടിക്കാണിച്ചുകൊണ്ടിരിക്കും. ഹേ നിർഭാഗ്യവാനെ ആരിലൂടെയാണോ മോക്ഷം സാധ്യമാകുക അയാളുടെ കുറ്റം നിങ്ങൾ കാണുന്നു. അക്കാരണത്താൽ നിങ്ങളിൽ നിന്നും മോക്ഷം അനേകം ജന്മങ്ങൾ അകലെയായിത്തീരുന്നു.

ബുദ്ധി നിങ്ങളെ ഈ ലോകത്തിൽ ഇരുട്ടിൽ തപ്പിത്തടയാൻ ഇടയാക്കും.

ഒരുവൻ സ്വന്തം ഭാര്യയുടെ ഉപദേശം അനുസരിച്ച് ജീവിക്കുമ്പോൾ തന്നെ സംഘർഷമാണ് അപ്പോൾ പിന്നെ സഹോദരിയായ ബുദ്ധിയുടെ കാര്യം

പറയണോ ? ഒരുവൻ അവളെ പിന്തുടർന്നാൽ ലോകത്തിന്റെ അങ്ങേ അറ്റത്തേക്ക് വലിച്ചെറിയപ്പെടും.രാത്രി 2 മണിക്കും സഹോദരി ബുദ്ധി നിങ്ങളെ വിളിച്ചുണർത്തി വഴിതെറ്റിക്കും. നിങ്ങളുടെ ഭാര്യ ചില സമയങ്ങളിൽ നിങ്ങളോടു പൊരുതും എന്നാൽ ഈ ബുദ്ധി എപ്പോഴും നിങ്ങളുടെ കൂടെത്തന്നെയുണ്ട്.

ഈ ബുദ്ധി വളരെ കൌശലക്കാരിയാണ്. അവൾ നിങ്ങളെ സ്ഥാന ഭ്രഷ്ടനാക്കും. അയ്യായിരം ദശലക്ഷം വിലയുള്ള ഒരു വജ്രമുണ്ട് എന്നു കരുതുക. നിങ്ങൾ നൂറു സ്വർണ്ണയുടമകളെ അതിന്റെ വില നിശ്ചയിക്കാൻ വിളിക്കുക. ഓരോരുത്തരും വ്യത്യസ്ത വിലയിടും എന്തെന്നാൽ അവരെല്ലാം അവരുടെ ബുദ്ധി യാൽ നയിക്കപ്പെടുന്നവരാണ്. വജ്രം ഒന്നെങ്കിലും വില വ്യത്യാസപ്പെട്ടത് എങ്ങ നെയാണ് ? എന്തുകൊണ്ടെന്നാൽ സ്വർണ്ണക്കച്ചവടക്കാരുടെ ബുദ്ധി വ്യത്യസ്തമാ ണ്. അതിനാൽ ഞാൻ നിങ്ങളോടു പറയുന്നു, “ജ്ഞാനത്തിന്റെ അവതാരം നിങ്ങളുടെ ബുദ്ധിയുടെ അളവിന് അപ്പുറമാണ്. അതിനെ ദയവായി അളക്കാതി രിക്കുക.”

ഒരു ജ്ഞാനിയുടെ മുന്നിൽ അബദ്ധത്തിൽ പോലും ബുദ്ധി ഉപയോഗി– ക്കരുത്. ഒരു ജ്ഞാനിയുടെ ഓരോ അംഗവും ഓരോ കർമ്മവും പൂജനീയമാണ്. അവിടെ ബുദ്ധി ഉപയോഗിക്കരുത്. ഈ ജ്ഞാനിപുരുഷനു ശരീരമുണ്ട്, എന്നാൽ ഉള്ളിലുള്ളത് എപ്പോഴും ഉണർന്നും ബോധത്തോടെയുമാണ് സ്ഥിതി ചെയ്യുന്നത്. നിങ്ങൾക്ക് കാണാനാവുന്നത് ഈ ജ്ഞാനിയുടെ നാടകീയഭാഗം മാത്രമാണ്. ആ നാടകത്തിന്റെ ആവേശത്തിൽ ആണ് ഞാൻ നിൽക്കുന്നത്. ഞാൻ ബുദ്ധിയോടു ചേരാത്തവനാണ്. ജ്ഞാനിയുടെ കൂടെ സഹവസിക്കുമ്പോൾ മാത്രമേ ബുദ്ധിയു ടെ ബന്ധനത്തിൽ നിന്നും പുറത്തുകടക്കാനാകൂ.

ലൌകികരുടെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് ബുദ്ധിയാണ്. സന്തു– ലിതമായ പ്രപഞ്ചഭരണം നടത്തുന്ന വ്യവസ്ഥിതശക്തിയാണ് ജ്ഞാനികളുടെ കർമ്മങ്ങളെ നയിക്കുന്നത്. അതിനാൽ അതിൽ പിഴവുണ്ടാകില്ല.

## 71

## ഭേദങ്ങൾ എന്തുകൊണ്ട്?

**അന്വേഷകൻ** : എന്തുകൊണ്ടാണ് ഭേദങ്ങളുണ്ടാകുന്നത്?

**ദാദാജി** : ഓരോ വ്യക്തിക്കും അയാളുടേതായ കാഴ്ച്ചപ്പാടുള്ളതിനാൽ ഒരു വസ്തു തന്നെ പലരും പലരീതിയിൽ കാണും. ഒരു കള്ളൻ മോഷ്ടിക്കുന്നത് അയാളുടേ– തായ കാഴ്ച്ചപ്പാടിലാണ്. ഓർക്കുക, അയാൾ അയാളുടെ ദൃഷ്ടിയിൽ കള്ളനല്ല.

ഒരാളുടെ അഭിപ്രായത്തെ തെറ്റെന്നു പറയുന്നത് അയാളുടെ ആത്മാവ് തെറ്റെന്നു പറയുമ്പോലെയാണ്.

**അന്വേഷകൻ** : അതെങ്ങനെയാണ്?

**ദാദാജി** : എന്തുകൊണ്ടെന്നാൽ അത് അയാളുടെ വിശ്വാസമാണ്. ഒരുവൻ തന്റെ ശരീരത്തെ ആത്മാവായി ധരിക്കുന്നു. അയാളുടെ കാഴ്ചപ്പാട് തെറ്റെന്നു പറയുന്നത് അയാളുടെ ആത്മാവ് തെറ്റെന്നു പറയും പോലെയാണ്. അയാളുടെ കാഴ്ചയിൽ അതു ശരിയാണ്. അയാൾ അജ്ഞാനിയായിരിക്കുവോളം അയാളുടെ കാഴ്ചപ്പാടാണ് അയാൾക്ക് പ്രമാണം. ദീക്ഷിതനായ ശേഷമേ അയാൾ കേന്ദ്രസ്ഥാനത്തേക്ക് വരികയുള്ളൂ. അപ്പോൾ അയാളുടെ അജ്ഞാനവും കാഴ്ചപ്പാടും നിസ്സഹായരാകും.

**അന്വേഷകൻ** : എന്നാൽ തീർച്ചയായും തെറ്റായിട്ടുള്ളവർ ഉണ്ടല്ലോ

**ദാദാജി** : ഞാൻ ആരോടും അവർ തെറ്റാണെന്നു പറയില്ല. ഒരു കള്ളനെപ്പോലും കുറ്റക്കാരനെന്നു ഞാൻ പറയില്ല എന്തെന്നാൽ അയാൾ അയാളുടെ കാഴ്ചപ്പാടിൽ ശരിയാണ്. എന്നാൽ തീർച്ചയായും മോഷണത്തിന്റെ പരിണതഫലത്തെക്കുറിച്ച് അയാളോടു ഞാൻ പറയും.

നല്ല ബുദ്ധിയുടെയും മോശം ബുദ്ധിയുടെയും അധീനതയിലാണ് ഈ ലോകത്തിലുള്ള എല്ലാവരും ചുറ്റിത്തിരിയുന്നത്. നല്ല ബുദ്ധി നല്ല കാര്യങ്ങളെയും കെട്ടബുദ്ധി മോശം കാര്യങ്ങളെയും കാട്ടിത്തരുന്നു. എന്നാൽ ആത്യന്തികമായി ഈ രണ്ടു തരവും ലൌകികജീവിതത്തിനു വേണ്ടിയുള്ളതാണ്. അതിനാൽ ഞാൻ അതിനെ വിപരീതബുദ്ധിയെന്നു വിളിക്കുന്നു. വിപരീതബുദ്ധി കൊടുക്കുന്നവനെയും വാങ്ങുന്നവനെയും ബാധിക്കുന്നു. എന്നാൽ സമ്യക്ബുദ്ധി രണ്ടു കൂട്ടർക്കും ഉപകാരപ്രദമാണ്.

ബുദ്ധി നമ്മെ ഒരുപാട് ക്ലേശിപ്പിക്കും. നിങ്ങളുടെ കുടുംബത്തിൽ ഒരാൾക്ക് പനി വന്നുവെന്നിരിക്കട്ടെ. അയാൾ മരിച്ചുപോകുമെന്ന് ബുദ്ധി പറഞ്ഞാലോ ? നിങ്ങൾ രാത്രി മുഴുവൻ ഇരുന്നു കരയും.

**അന്വേഷകൻ** : ബുദ്ധിയുടെ പ്രവർത്തനം വ്യത്യസ്ത ആളുകളിൽ വ്യത്യസ്തമാണോ ?

**ദാദാജി** : കച്ചവടക്കാർക്ക് ബലമേറിയ ബുദ്ധിയാണ്. അതിനാൽ അവർ കൂടുതൽ ദുരിതമനുഭവിക്കുന്നു. ഇങ്ങനെ പ്രഹരിക്കുന്ന ബുദ്ധി മുക്തിമാർഗ്ഗത്തിൽ തടസ്സമാണ്. മുക്തി നേടുക എന്നത് ധീരന്റെ സാഹസകൃത്യമാണ്. ക്ഷത്രിയർ ശക്ത–

രാണ്. ആത്മാവ് ജാതിയിൽ നിന്നും ഭിന്നമാണ് എന്നാൽ ആപേക്ഷികമായ ഗുണങ്ങൾ അതിനെ ആശയക്കുഴപ്പത്തിലാക്കി ഭ്രമിപ്പിക്കുന്നു. ഇരുപത്തിനാലു തീർത്ഥങ്കരന്മാരും ക്ഷത്രിയന്മാരായിരുന്നു. ക്ഷത്രിയർ മുക്തിയെ പ്രോത്സാഹിപ്പിക്കുമ്പോൾ സകല ഭൌതികസുഖങ്ങളെയും അപ്രധാനമായി കാണുന്നു. എന്നാൽ വൈശ്യനാകട്ടെ മുക്തിക്ക് വേണ്ടി ആഗ്രഹിക്കുമ്പോഴും ഭൌതിക കാര്യങ്ങൾക്കും പ്രാധാന്യം കൊടുക്കുന്നു. ഇങ്ങനെയുള്ള ബുദ്ധിയെക്കുറിച്ച് ജാഗ്രൂകരായിരിക്കുക. ഇത് മുക്തിമാർഗ്ഗത്തിൽ ആശയക്കുഴപ്പമുണ്ടാക്കും.

ഒരു വൈശ്യനു ലോഭത്തിന്റെ വലിയൊരു കെട്ടുണ്ട്, എന്നാൽ അത് കാണപ്പെടുന്നില്ല. ക്ഷത്രിയനാകട്ടെ അസ്വസ്ഥനായി എല്ലായിടത്തും തന്റെ വീരഭാവം കാട്ടുന്നു. എന്നാൽ അതിന്റെ ദുരിതം അനുഭവിക്കുമ്പോൾ തെറ്റു മനസ്സിലാക്കും. ഒരു ക്ഷത്രിയൻ തന്റെ പോക്കറ്റിൽ കയ്യിട്ടു കിട്ടുന്ന പണം മുഴുവൻ അമ്പലത്തിൽ കൊടുക്കുന്നു. എന്നാൽ വൈശ്യനാകട്ടെ അമ്പലത്തിൽ പോകും വഴി ചില്ലറ മാറി കുറച്ചു മാത്രം ക്ഷേത്രത്തിൽ കൊടുക്കുന്നു. വൈശ്യനു ഏറെ ആഗ്രഹമുണ്ടെങ്കിലും അയാൾ ബുദ്ധി ഉപയോഗിക്കും

**അന്വേഷകൻ** : പണം സമ്പാദിക്കാൻ ബുദ്ധി അത്യാവശ്യമെന്നു അവർ പറയുന്നു.

**ദാദാജി** : എന്താണ് സമ്പാദ്യം ? അതു നിറയലും ഒഴിയലും ആണ് അഥവാ വന്നും പോയും ഇരിക്കുന്നു. അകത്തോട്ടു വരുന്നുണ്ടെങ്കിൽ പുറത്തേക്കും പോകും. ആളുകൾ ലൌകികബുദ്ധി ഉപയോഗിച്ച് കാര്യങ്ങൾ വഷളാക്കും. ഈ മായന്മാർ അവരുടെ ഊർജ്ജം നിറച്ചും ഒഴിച്ചും കളയുന്നു. പണം ബാങ്ക് ബാലൻസ് ആണ്. ഒരേ ഒരു അക്കൌണ്ട്, അത് മുൻപേ നിശ്ചയിക്കപ്പെട്ടതാണ്. ആളുകൾ പണം സമ്പാദിക്കാനായി ബുദ്ധി ഉപയോഗിക്കുന്നു. അങ്ങനെ അവരുടെ ധ്യാനം, മനനം, വരാനുള്ള ജന്മം എന്നിവ നശിപ്പിക്കുന്നു.

**അന്വേഷകൻ** : കച്ചവടകാര്യങ്ങളെല്ലാം ഗഹനവും കൌശലപരവുമാണ്.

**ദാദാജി** : ബുദ്ധിയുടെ സാധാരണ വിനിയോഗം പോരാതെ മനുഷ്യർ കൌശലങ്ങൾ പ്രയോഗിക്കാൻ തുടങ്ങിയിരിക്കുന്നു.

കൌശലം എന്നാൽ മറ്റുള്ളവന്റെ കുറഞ്ഞ ബുദ്ധിയെ ചൂഷണം ചെയ്തു, അയാളെ ചതിച്ച് കുബുദ്ധിയാൽ അയാളിൽ നിന്നും പലതും തട്ടിയെടുക്കലാണ്. കൌശലം പ്രയോഗിക്കുന്ന ആൾ വളരെ ചതുരനാണ്. കൌശലക്കാരന് ഘോരമായ നരകജീവിതമാണ് വിധിച്ചിട്ടുള്ളത്.

കച്ചവടബുദ്ധിയുള്ളവർ അവരുടെ സ്വാർത്ഥലാഭത്തിനായി ബുദ്ധിയെ അങ്ങനെ ഉപയോഗിക്കുന്നു.അവരുടെ അയൽവാസികളുടെ നന്മ അവർ ആ-ഗ്രഹിക്കുകയില്ല. പിന്നെ അവർ എങ്ങനെ ലൌകികജീവിതത്തിൽ നല്ലതായി കാണപ്പെടും ? അവരുടെ ബുദ്ധിയാൽ നിർമ്മിക്കപ്പെട്ട പാറമടക്കിനാലോ ഭിത്തി-യാലോ ? കച്ചവടബുദ്ധിയുള്ള ഒരു മനുഷ്യൻ അയാളുടെ സ്വാർത്ഥമായ ആവശ്യ ങ്ങളെയാണ് കാണുക. അയാൾ എപ്പോഴും സ്വാർത്ഥതയിൽ മുങ്ങുന്നു. അയാ-ളുടെ സ്വാർത്ഥതയെ വെളിപ്പെടുത്തുന്ന ഒന്നും അയാൾ മിണ്ടുകയില്ല.

കച്ചവടബുദ്ധിയുള്ള ഒരാളോട് എന്തിനെക്കുറിച്ചെങ്കിലും വിധി പറയാൻ പറഞ്ഞാൽ അയാൾ വളരെ ആലോചിച്ച് മറുവശത്തുള്ള ആൾക്ക് അനി-ഷ്ടമാകാത്ത രീതിയിൽ പറയാനാകും ശ്രമിക്കുക. അയാൾക്ക് അനിഷ്ടം ഉണ്ടാ-കാതിരിക്കാൻ കള്ളം പറയുക വരെ ചെയ്യും . അയാൾ തെറ്റായ വിധി പറയു-കയും ചെയ്യും. എന്നാൽ അന്താരാത്മാവായ ഈശ്വരൻ എല്ലാം അറിയുകയും കാണുകയും ചെയ്യുന്നു. ഒരുവൻ അപ്രിയമല്ലാത്ത സത്യം പറയണം. എന്നാൽ ഈ മനുഷ്യൻ സത്യത്തെ മറച്ചു കൊണ്ട് തെറ്റായ വിധി പറയുന്നു. ഇത് ഒരു ഘോരമായ ഉത്തരവാദിത്വം ശിരസ്സിൽ എടുക്കുന്നതുപോലെയാണ്. തെറ്റു ചെയ്തവൻ നിരപരാധി എന്നു തെളിയിക്കാൻ നോക്കുന്നത് ഘോരമായ ഉത്തര-വാദിത്വം ശിരസ്സിലേറ്റുന്നതുപോലെയാണ്. ഒരുവൻ സത്യം അതുപോലെ ത ന്നെ പറയണം.

എന്തുകൊണ്ടാണിങ്ങനെ എന്നൊരാൾ ചോദിച്ചേക്കാം. എന്താണതിനു കാരണങ്ങൾ ? ഉത്തരം ഇതാണ് : കച്ചവടബുദ്ധി ഇടുങ്ങിയ സ്വാർത്ഥപരമായ ചാലിൽ തങ്ങുകയും ബന്ധം നിലനിർത്താൻ മറ്റുള്ളവയെ കൌശലപൂർവം ഇരു-ട്ടിൽ ആക്കുകയും ചെയ്യുന്നു. എല്ലാ തിന്മകളെയും ഉള്ളിൽ വച്ചുകൊണ്ടിരിക്കുന്ന അയാളെ അവ മോക്ഷംവരെ അസ്വസ്ഥനാക്കിക്കൊണ്ടിരിക്കും. അത് അയാളെ പീഡിപ്പിക്കുകയും എളുപ്പത്തിൽ മോക്ഷം നേടാൻ വിഘാതമാകുകയും ചെയ്യും. കച്ചവടതാല്പര്യമുള്ള ബുദ്ധിയോടു കൂടിയവർ ഒരു പ്രാണിയെയും കൊല്ലുകയോ മോഷ്ടിക്കുകയോ ചെയ്യുന്നില്ല. സ്ഥൂലമായ ഹിംസയും മോഷണവും അവരിൽ അവസാനിച്ചിരിക്കുന്നു. എന്നാൽ അദൃശ്യമായതും കണ്ടുപിടിക്കാൻ ആവാത്തതു മായ മോഷണം അവർ വലിയ തോതിൽ നടത്തുന്നു. സ്ഥൂലദൃഷ്ടിയിലെ കള്ള ന്മാർ എന്നെങ്കിലുമൊരിക്കൽ നന്നാകാം എന്നാൽ കുബുദ്ധികളായ കള്ളന്മാർക്ക് അഭിവൃദ്ധിയുണ്ടാകുന്നില്ല.

ഭഗവാൻ ഇതിനെ അദൃശ്യ ഹിംസ ! എന്നു വിളിക്കുന്നു. കാലക്രമേണ തോക്കു-കൊണ്ട് കൊല്ലുന്നവനെക്കൊണ്ടുള്ള പ്രശ്നങ്ങൾ അവസാനിക്കും എന്നാൽ കപടനെക്കൊണ്ടുള്ള പ്രശ്നങ്ങൾ തീരുന്നില്ല. കൊലപാതകി ഒരു ദിവസം മോക്ഷം പ്രാപിക്കും എന്നാൽ കപടൻ ഇരുട്ടിൽ തപ്പിത്തടയും. തോക്കുപയോഗി-ക്കുന്ന കൊലപാതകി നരകത്തിൽ പോയി തിരിച്ചുവന്നു മോക്ഷമാർഗ്ഗം അന്വേ-ഷിക്കുന്നു. എന്നാൽ കാപട്യം ഉള്ള കൊലപാതകി ലോകത്തിന്റെ ചെളിക്കു-ണ്ടിലേക്ക് ആഴത്തിൽ പതിക്കുന്നു. അയാൾക്ക് കുന്നുകണക്കിനു ധനമുണ്ടാകാം, അയാൾ അത് പരോപകാരത്തിനു ദാനം ചെയ്തേക്കാം. കർമ്മബീജം വളരുകയും ലൌകികജീവിതം തുടരുകയും ചെയ്യും. ഇതിനെ മിനുക്കിയ കൌശലം എന്ന് പറയുന്നു.

ജ്ഞാനിപുരുഷനു കൌശലങ്ങളില്ല.

കച്ചവടബുദ്ധി കൌശലങ്ങളിലല്ലേ സ്ഥിതി ചെയ്യുന്നത് ? കൌശലങ്ങൾ ഒന്നു-മേ അറിയാതെയിരിക്കുന്നത് നല്ലതാണ്. എനിക്ക് ആത്മസാക്ഷാത്കാരം ഉണ്ടാ-കുന്നതിനു മുൻപ് ആളുകളോടുള്ള സഹാനുഭൂതിയാൽ ഞാനും കൌശലം കാണിച്ചിരുന്നു, കുരുക്കിൽ പെടുകയും ചെയ്തു. അപ്പോൾ അത് ചെയ്യുന്നത് ഞാൻ നിർത്തി. കൌശലങ്ങളൊന്നുമില്ലാതെ ജീവിതം എങ്ങനെയാണോ അങ്ങനെ ജീവിക്കുക. മനസ്സിന്റെയും വാക്കിന്റെയും ശരീരത്തിന്റെയും ഭിന്നതയില്ലാതെ പൊരുത്തം ഉണ്ടാകണം.

ഉദാഹരണത്തിനു നിങ്ങൾ ഈ വാച്ച് തൊണ്ണൂറു രൂപയ്ക്ക് വാങ്ങിച്ചു. അതു നൂറ്റിപ്പത്തു രൂപക്ക് വിൽക്കാൻ തീരുമാനിച്ചു. നിങ്ങൾ എന്തു ചെയ്യും ഒരു കൌശലം പ്രയോഗിച്ച് നിങ്ങൾ പറയും, "ഞാൻ നൂറ്റിപ്പത്തു രൂപയ്ക്ക് വാങ്ങിച്ച-താണിത്, അതെ വിലയിൽ തന്നെ ഇതു വിൽക്കുന്നു." അങ്ങനെയൊരു കൌശലം പ്രയോഗിക്കുന്നതിനു പകരം നിങ്ങൾ തൊണ്ണൂറു രൂപയ്ക്ക് ആ വാച്ച് വാങ്ങിയെന്നും നൂറ്റിപ്പത്തു രൂപയ്ക്ക് വിൽക്കാൻ താല്പര്യപ്പെടുന്നു എന്നും പറ-ഞ്ഞാൽ എന്താണ് ? വാങ്ങുന്നയാൾക്ക് ആ വാച്ച് അത്യാവശ്യമെങ്കിൽ അയാൾ നൂറ്റിപ്പത്തു രൂപ തന്ന് അതു വാങ്ങും. നിങ്ങൾ കൌശലം പ്രയോഗിച്ചാലും ഇല്ലെങ്കിലും നിങ്ങൾക്ക് നൂറ്റിപ്പത്തു രൂപ കിട്ടുന്ന തരത്തിലാണ് വ്യവസ്ഥിത ശക്തി പ്രവർത്തിക്കുന്നത്. വ്യവസ്ഥിത ശക്തി കൃത്യവും മാറ്റാനാവാത്തതും എങ്കിൽ എന്തിനു കൌശലം പ്രയോഗിച്ച് അനാവശ്യ ഉത്തരവാദിത്വം ഏറ്റെടുക്കുന്നു ? ആ ഉത്തരവാദിത്വത്തിന്റെ ഫലം നിങ്ങളുടെ വീഴ്ചയാണ്. എന്താ-

ണ് സമ്പത്തിന്റെ ദേവത നിങ്ങളെ ഒഴിവാക്കുന്നത് ? നിങ്ങൾ കൌശലം പ്രയോഗിക്കുന്നതുകൊണ്ടാണത്. നിങ്ങൾ കൌശലങ്ങൾ പ്രയോഗിച്ച് ശീലമാക്കിയിരിക്കുന്നു. അല്ലെങ്കിൽ ഒരു വാണിയൻ നീതിപൂർവ്വം കച്ചവടം ചെയ്ത് ധാരാളം പണം സമ്പാദിച്ചേനെ. അയാൾക്ക് ജോലി ചെയ്യേണ്ടി വരുമായിരുന്നൊ ?

## 72

## കച്ചവടത്തിലെ നീതി

**അന്വേഷകൻ** : ഒരു കച്ചവടകാരൻ എന്ന നിലയിൽ ഒരുവൻ എന്താണ് ചെയ്യേണ്ടത്?

**ദാദാജി** : ഞാൻ നിങ്ങളുടെ ഏറ്റവും നല്ലതിന് പറയുന്നു : "കൌശലപ്രയോഗം നിർത്തു. നീതിപൂർവ്വം കച്ചവടം ചെയ്യൂ". നിങ്ങൾക്ക് പതിനഞ്ചു ശതമാനമേ ലാഭം ഉള്ളുവെന്നും അവർക്ക് താത്പര്യമുണ്ടെങ്കിൽ ഉത്പന്നം വാങ്ങുവാനും നിങ്ങൾ ഉപഭോക്താക്കളോട് പറയൂ. ഭഗവാൻ എന്താണ് പറഞ്ഞിരിക്കുന്നത് ? നിങ്ങൾക്ക് മുന്നൂറ് രൂപ കിട്ടാനുണ്ടെങ്കിൽ മോഷ്ടിച്ചോ, കൌശലം കൊണ്ടോ, സത്യസന്ധമായി കച്ചവടം ചെയ്തോ നിങ്ങൾക്കതു തീർച്ചയായും ലഭിക്കും. ഒരു രൂപ കൂടുതലോ കുറവോ നിങ്ങൾക്ക് ഉണ്ടാവില്ല. പിന്നെന്തിനു നിങ്ങൾ മോഷണവും കൌശലവും നടത്തുന്നു. കുറച്ച് ദിവസം നിങ്ങൾ സത്യസന്ധമായി കച്ചവടം ചെയ്തു നോക്കു. ഒരു ആറു മാസമോ ഒരു വർഷമോ നിങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാം എന്നാൽ അതിനു ശേഷം നിങ്ങളുടെ കച്ചവടം വളരും. നിങ്ങൾക്ക് നല്ല മേന്മ ഉണ്ടാകും. നിങ്ങളുടെ കച്ചവടം സത്യസന്ധമാണെന്നു ആളുകൾക്കും ബോധ്യമാകും.അങ്ങനെ ആളുകൾ നിങ്ങളുടെ കടയിലേക്ക് പുകഴ്ത്തലുകൾ കൂടാതെ തന്നെ എത്തും.

എത്ര ആളുകൾ നിങ്ങളുടെ കടയിൽ എത്തുന്നു എന്നത് വ്യവസ്ഥിത ശക്തിയുടെ പരിധിയിലാണ്. അത് ക്രമത്തോട് കൂടിയതും തീരുമാനിക്കപെട്ടതുമാണ്. എന്നാൽ കൌണ്ടറിൽ ഇരിക്കുന്ന നിർഭാഗ്യവാൻ ഇങ്ങനെ ചിന്തിക്കും. :" ഇപ്പോൾ ഒരാൾ കടയിൽ വന്നിരുന്നെങ്കിൽ നന്നായിരുന്നേനെ"; അത് ധ്യാനത്തെയും മനനത്തെയും നശിപ്പിക്കുന്ന ചിന്തയാണ്.

ഒരാൾ സത്യസന്ധമായ കച്ചവടം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ അതു അയാൾക്ക് കിട്ടും. ഭഗവാൻ പറയുന്നു, "നിങ്ങൾ ഭക്ഷണത്തിലും സ്വർണ്ണത്തിലും മായം കലർത്തുന്നുവെങ്കിൽ അതൊരു വലിയ കുറ്റമാണ്" കച്ച്കാരും ഈ കൌശലം എന്ന രോഗത്താൽ പീഡിതരാണ്. വാണിയന്മാരെ അവർ ഈ

കലയിൽ തോൽപ്പിക്കും.

**അന്വേഷകൻ** : കൌശലക്കാരുടെയും സൂത്രശാലികളുടെയും ഇടയിൽ ജീവിക്കേണ്ടി വരുന്ന കാലമാണ് ഇപ്പോൾ

**ദാദാജി** : ഈ കൌശലങ്ങളെ എങ്ങനെ മറികടക്കാം എന്നു നിങ്ങൾ എപ്പോഴും ഓർക്കണം. അതുണ്ടെങ്കിൽ നിങ്ങൾക്ക് പശ്ചാത്താപത്തിലൂടെ ഉത്തരവാദിത്വത്തിൽ നിന്നും മോചിക്കാം. കൌശലമൊന്നും ആവശ്യമില്ലാത്ത അനുകൂലസാഹചര്യത്തിൽ നിങ്ങൾ എത്തും. ആളുകൾ നിങ്ങളെ സ്തുതിക്കുകയും നിങ്ങളുടെ കച്ചവടം മെച്ചപ്പെടുകയും ചെയ്യും.

ജ്ഞാനിയുടെ ഉപദേശാനുസരണം വേണം മുക്തി നേടാൻ ആഗ്രഹിക്കേണ്ടവർ പ്രവർത്തിക്കേണ്ടത്. മുക്തി വേണ്ടെങ്കിൽ നാൽക്കാലികളെ അനുസരിക്കുക. കൌശലക്കച്ചവടത്തിൽ ഇടപെടില്ല എന്ന് നാം എപ്പോഴും മനസ്സിൽ ജാഗ്രത പാലിക്കണം. അങ്ങനെയെങ്കിൽ ഏറ്റവും നീതിപൂർവ്വമായ വ്യവഹാരം സാധ്യമാകും. കൊച്ചു കുട്ടികൾ കടയിൽ വരുമ്പോൾ അവരുടെ മാതാപിതാക്കൾക്ക് പോലും ചതിക്കപ്പെട്ടു എന്നു തോന്നാൻ പാടില്ലാത്ത വിധം സത്യസന്ധമായിരിക്കണം നമ്മുടെ വാണിജ്യം.

73

## എന്തുകൊണ്ടാണ് പണത്തിനു കുറവുണ്ടാകുന്നത്?

**അന്വേഷകൻ** : സർ, ഒരാൾക്ക് പണത്തിനു ക്ഷാമമുണ്ടാകുന്നു.

**ദാദാജി** : എന്തുകൊണ്ടാണ് പണത്തിനു കുറവുണ്ടാകുന്നതെന്ന് നിങ്ങൾക്കറിയുമോ ? മോഷണം കൊണ്ടാണ് പണത്തിനു ക്ഷാമം നേരിടുന്നത്. മനസ്സുകൊണ്ടും, വാക്ക്കൊണ്ടും ശരീരം കൊണ്ടും മോഷണം എവിടെയില്ലയോ അവിടെ ധനദേവത പ്രസാദിക്കുന്നു. അതിനാൽ മോഷണം സമ്പത്തിനു വിപരീതമാകുന്നു. പണം സമ്പാദിക്കുവാൻ ബുദ്ധിയെ ഉപയോഗിക്കരുത്. അതു ആളുകൾക്ക് നന്മ ചെയ്യുവാൻ മാത്രമേ ഉപയോഗിക്കാവൂ.

ശരിയായ ജ്ഞാനം കൊണ്ട് ഒരുവൻ സാക്ഷാത്കാരം നേടുന്നു. ഏതു പ്രവൃത്തി നല്ലതെന്നും ഏതു പ്രവൃത്തി മോശമെന്നും അയാൾക്ക് വിവേചിക്കാൻ കഴിയും. എന്നാൽ ബുദ്ധിജീവികൾ എന്ന് വിളിക്കപ്പെടുന്നവർ കൌശലത്താൽ എല്ലാം നശിപ്പിക്കുന്നു.

നമ്മുടെ ഡിക്ഷ്ണറിയിൽ കൌശലം എന്നൊരു വാക്കുണ്ടാകാൻ പാടില്ല. വ്യവസ്ഥിതശക്തിയുടെ വിജ്ഞാനം എന്തിനാണ് നമുക്ക് നല്കപ്പെട്ടിരിക്കുന്നത് ?

വ്യവസ്ഥിത്താൽ നിശ്ചയിക്കപ്പെടുന്നതുപോലെ കാര്യങ്ങൾ സംഭവിക്കട്ടെ. ആയിരം രൂപയുടെ ലാഭം ഉണ്ടായെങ്കിൽ സ്വാഗതം ചെയ്യുക അത്രയും നഷ്ടമുണ്ടായാലും സ്വാഗതം ചെയ്യുക. ഇതെല്ലാം വ്യവസ്ഥിതത്തിന്റെ ന്യായപരിധിയിൽ പെട്ടതാണ്. നമ്മുടെ കൈയ്യിൽ ശക്തിയില്ല. ഒരുവന് ശക്തി ഉണ്ടായിരുന്നെങ്കിൽ തന്റെ മുടി നരയ്ക്കുവാൻ അയാൾ സമ്മതിക്കുമോ ? എന്തെങ്കിലും വിദ്യയാൽ എന്നും മുടി അയാൾക്ക് കറുപ്പായി വയ്ക്കാം.

കൌശലം ഇല്ലാത്ത മനുഷ്യൻ എളിയവനാണ്. അയാളുടെ മുഖത്തേക്ക് നോക്കുമ്പോൾ തന്നെ നാം സന്തോഷിക്കുന്നു. എന്നാൽ കൌശലക്കാരന്റെ മുഖം ആവണക്കെണ്ണ കുടിച്ച പോലെയിരിക്കും. വിഷാദഭാവം അയാളുടെ ചുറ്റും വ്യാപരിക്കും. ഒരുവൻ ശുദ്ധാത്മാവാകുമ്പോൾ അയാൾ ആന്തരികവ്യാപാരവും ശുദ്ധീകരിച്ചിരിക്കും. നിങ്ങൾ എടുത്തതെല്ലാം തിരിച്ചുകൊടുക്കണ്ടേ ? നിങ്ങൾ കൌശലം കൊണ്ട് നേടിയതൊക്കെ തിരിച്ചു കൊടുക്കേണ്ടി വരില്ല എന്ന മിഥ്യാധാരണ മാറ്റിയേക്കൂ. നിങ്ങൾ വളരെ ദുരിതത്തോട് കൂടി അവയെല്ലാം തിരിച്ചു കൊടുക്കേണ്ടി വരും. അതിനാൽ ഞാൻ നിങ്ങളോടു പറയുന്നു "സത്യസന്ധത ആണു ഏറ്റവും നല്ല നയം. കപടത ഏറ്റവും വലിയ മൂഢത്വവും."

74

## ബുദ്ധിയുടെയും ജ്ഞാനത്തിന്റെയും പ്രവൃത്തികൾ

**അന്വേഷകൻ** : ബുദ്ധിയും ജ്ഞാനവും എങ്ങനെ പ്രവർത്തിക്കുന്നു ?

**ദാദാജി** : അശുദ്ധമെന്നും, അധാർമ്മികമെന്നും, ധാർമ്മികമെന്നും മറ്റും അറിയുന്നത് ബുദ്ധിയുടെ പ്രവർത്തനമാണ്, ജ്ഞാനത്തിന്റെയല്ല. ശുദ്ധമായതിനെ മാത്രം കാണുന്നതും അറിയുന്നതുമാണ് ജ്ഞാനത്തിന്റെ പ്രവർത്തനം. എന്നാൽ അറിയപ്പെടുന്നതിനെ അറിയുന്നവനായി ബുദ്ധി തെറ്റിദ്ധരിച്ചിരിക്കുന്നു. 'ഞാൻ അമിത് ആകുന്നു' എന്നത് അറിയപ്പെട്ട വിഷയമാണ് അറിയുന്നവനല്ല. അതു ബുദ്ധിയുടെ പ്രവൃത്തി ആണ്. അഹങ്കാരം ബുദ്ധിയുമായി എപ്പോഴും ഇടകലർന്ന് അറിയപ്പെടേണ്ട വസ്തുവിനെ അറിയുന്നവനായി വിശ്വസിക്കും. ബുദ്ധിയുടെ പ്രവർത്തനത്തെ ജ്ഞാനത്തിന്റേതായി ധരിച്ചാൽ ഇവിടെ മോക്ഷം എങ്ങനെ ലഭിക്കും.

**അന്വേഷകൻ** : ബുദ്ധി ഒരുവനെ അറിയാനും മനസ്സിലാക്കാനും സഹായിക്കും

**ദാദാജി** : അറിയപ്പെട്ടതിനെ അറിയപ്പെട്ടതായും അറിയുന്നവനെ അറിയുന്നവനായും മനസ്സിലാക്കാൻ ബുദ്ധിക്ക് കഴിയില്ല. ബുദ്ധി തന്നെ ഒരു അറിയപ്പെട്ട വസ്തുവാണ്. അതിനാൽ അതിനു യാഥാർത്ഥ്യം അറിയാൻ കഴിയില്ല.

**അന്വേഷകൻ** : ബുദ്ധിയുടെ സഹായത്താൽ ലോകത്തിന്റെ ഉത്പത്തിയെക്കുറിച്ച് അറിയാൻ കഴിയില്ലേ ?

**ദാദാജി** : ലോകത്തിനു തുടക്കമോ ഒടുക്കമോ ഇല്ല. ഈ വിഷയത്തിൽ പോലും ആളുകൾ അവരുടെ ബുദ്ധി ഉപയോഗിച്ച് ആശയക്കുഴപ്പത്തിലാകുന്നു. ഈ അറിവ് കൊണ്ട് നിങ്ങൾക്ക് എന്താണ് പ്രയോജനം. അതൊരു വൃത്തം പോലെയാണ്. വൃത്തത്തിനു ആരംഭമോ അവസാനമോ ഉണ്ടോ ? നിങ്ങൾ ജ്ഞാനിപുരുഷനായാൽ നിങ്ങളുടെ ബുദ്ധിയെ അതിജീവിക്കാൻ കഴിയും.

**അന്വേഷകൻ** : ഒരുവന്റെ ആത്മീയ ഉന്നമനത്തിനു ബുദ്ധി സഹായിക്കുകില്ലേ ?

**ദാദാജി** : അനുസരണയില്ലാത്ത മനസ്ഥിതി ഭ്രമാത്മക ബുദ്ധി ആണ്. വിവേകശൂന്യമായ ജീവിതത്തിലൂടെ ജനങ്ങൾ അവരെത്തന്നെ നശിപ്പിക്കുന്നു. നന്മതിന്മകൾ ചെയ്യുമ്പോഴാകട്ടെ, ഗ്രന്ഥങ്ങൾ പഠിക്കുമ്പോൾ ആകട്ടെ, ഒരുവൻ അവന്റെ തന്നെ പ്രകൃതം അനുസരിച്ച് പ്രവർത്തിക്കുമ്പോൾ അതൊരു അശുദ്ധമായ പ്രവർത്തിയാകുന്നു. ഗ്രന്ഥങ്ങൾ വായിക്കുമ്പോൾ തെറ്റായ ഒരു വിശ്വാസം ഉണ്ടായാൽ അത് അനേകം ജന്മങ്ങൾക്ക് കാരണമാകും. അതിനാൽ ബുദ്ധിയുടെ അനുസരണയില്ലായ്മയെ സൂക്ഷിക്കുക.

വക്രബുദ്ധി നിങ്ങളെ നയിക്കുമ്പോൾ നിങ്ങൾ മാത്രമാണ് അതിനുത്തരവാദി. ഈശ്വരൻ നിങ്ങളുടെ കാര്യങ്ങളിൽ ഇടപെടില്ല. വക്രബുദ്ധി കൊടുക്കുന്നവനെയും വാങ്ങുന്നവനെയും ക്ലേശിപ്പിക്കുന്നു.

**അന്വേഷകൻ** : ബുദ്ധിവികാസം വളരെയധികം ഉണ്ട്. എങ്കിലും സന്തോഷം കുറയുന്നത് അത്ഭുതമാണ്.

**ദാദാജി** : ആന്തരികമെന്നും ബാഹ്യമെന്നും ബുദ്ധി രണ്ടു തരത്തിലുണ്ട്. ഭാരതീയർക്ക് ആന്തരികവും പാശ്ചാത്യർക്ക് ബാഹ്യവും. ആദ്യം പറഞ്ഞ കൂട്ടർ കൂടുതൽ കലുഷിതരാകുന്നു എന്തെന്നാൽ ആന്തരികമായ ബുദ്ധിവികാസം വിക്ഷോഭത്തെ ഉണ്ടാക്കുന്നു. വിദേശികൾ ജന്മവാസനയോടു കൂടിയവരും ഭാരതീയർ ചില കാര്യങ്ങളിൽ ജന്മവാസനയും മറ്റ് ചിലതിൽ വികല്പത്തോട് കൂടിയവരും ആകുന്നു. എന്നാൽ ആന്തരിക ബുദ്ധി മാത്രമേ ആദ്ധ്യാത്മികതയിൽ ഗുണകരമാകൂ.

ബാഹ്യബുദ്ധി പുറമെയുള്ള അനേകം വിഷയങ്ങളെ പര്യവേഷണം ചെയ്യുന്നു. ബുദ്ധിക്ക് അകമേ അന്വേഷണം നടത്താൻ കഴിയുമെങ്കിൽ അതു ഗുണകരമാണ്. ആളുകളുടെ ബുദ്ധി ബാഹ്യവിഷയങ്ങളിൽ നിരന്തരം അലയുകയും ക്ഷീണിക്കു-

കയും ചെയ്യുന്നു. ഞാൻ അയാൾക്ക് നിർത്താതെ ഉള്ളിൽ തന്നെ ചലിക്കുന്ന ബുദ്ധിയെ കൊടുത്താൽ ജീവിതപ്രഹേളിക പരിഹരിക്കപ്പെടും. നിങ്ങളുടെ ബുദ്ധി അനിയന്ത്രിതമാണ്. അതു സന്തോഷത്തെ അകറ്റി ദുരിതം നൽകുന്നു എന്തെന്നാൽ സന്തോഷത്തേയും സന്താപത്തെയും വേർതിരിക്കാൻ നിങ്ങൾക്ക് കഴിയുന്നില്ല.

ബുദ്ധി നിങ്ങളെ ഭ്രമിപ്പിക്കുന്നു. ഭൌതികവസ്തുക്കളിൽ നിന്നും താത്കാലികസുഖം മാത്രമേ കിട്ടുന്നുള്ളൂ. നിങ്ങളുടെ പുതിയ കാറിൽ ആരെങ്കിലും വരച്ചിട്ടാൽ നിങ്ങളുടെ സന്തോഷം നഷ്ടപ്പെടുന്നു. വസ്തുക്കളോടുള്ള ആകർഷണത്താൽ ബുദ്ധി അവയിൽ സന്തോഷം ഉണ്ടെന്നു ധരിപ്പിക്കുന്നു. വാസ്തവത്തിൽ ഒരു വസ്തുവിലും ആനന്ദമില്ല.

ശുദ്ധാത്മാവിന്റെ ആനന്ദം തേടി ഒരുവൻ ഓരോരോ വസ്തുക്കളിൽ അഭിരുചിയോടു കൂടി അതിനെ അനുഭവിക്കുകയും പിന്നീട് എന്താണ് സന്തോഷം നൽകിയതെന്ന് അന്വേഷിക്കുകയും ചെയ്യുന്നു. ജീവൻ ആനന്ദത്തെ അന്വേഷിച്ചുള്ള ഒരു യാത്ര തുടങ്ങുന്നു. ആദ്യം അതു സമ്പത്തിലാണെന്ന് അയാൾ ധരിക്കുന്നു. എന്നാൽ ഭ്രാന്തമായി ധനത്തിന്റെ പുറകെ പോകുമ്പോൾ അയാൾ ദുരിതമനുഭവിക്കുന്നു.

പിന്നീട് സ്ത്രീയിലാണ് ആനന്ദം എന്ന് അവൻ കരുതുന്നു. പുരുഷനിലാണ് ആനന്ദം എന്ന് സ്ത്രീയും കരുതുന്നു. അങ്ങനെ ആനന്ദം പണത്തിലും ലൈംഗികതയിലും ആണെന്ന് അവർ തീരുമാനിക്കുന്നു. എന്നാൽ ഭാര്യ ഭർത്താവിനെ വിമർശിച്ചു തുടങ്ങിയാൽ പ്രശ്നങ്ങൾ തുടങ്ങുകയായി.

ധനം നിങ്ങൾക്ക് എതിരായാലോ ? ഇൻകംടാക്സ് പരിശോധന വരുമ്പോൾ ധനം നിങ്ങൾക്ക് വിപരീതമാകുന്നു.

75

## വ്യത്യസ്ത ബുദ്ധി : വ്യത്യസ്ഥ അഭിപ്രായങ്ങൾ

**അന്വേഷകൻ** : 'അഭിപ്രായങ്ങൾ ഒന്നിനൊന്നു മാറിക്കൊണ്ടിരിക്കും' എന്നൊരു ചൊല്ലുണ്ട്. അതുപോലെ 'ഒരുവന്റെ ദൃഷ്ടി പോലെയാണ് ഈ ലോകം' എന്നും ചൊല്ലുണ്ട്. അതിനെക്കുറിച്ച് വിശദീകരിച്ചാലും.

**ദാദാജി** : അഭിപ്രായമനുസരിച്ചാണ് ദൃഷ്ടി ഉണ്ടാകുന്നത്, അതിനാൽ ആ ദൃഷ്ടിയനുസരിച്ച് ഒരുവൻ കാണുന്നു. മുൻവിധിയോടു കൂടിയ ദൃഷ്ടി ജനന-മരണങ്ങളുടെ ചക്രം ഉണ്ടാക്കുന്നു. ഒരു മോഷണത്തിന് സാക്ഷിയായിരുന്നാലും മുൻവി

ധി ഇല്ലെങ്കിൽ അയാൾ ജ്ഞാനിയാണ്. മോക്ഷാവ് നാളെ നീതിമാനും ബ്രഹ്മാന്യനും ആകില്ല എന്നതിനു എന്ത് തെളിവാണുള്ളത്?

മധുരമുള്ള ഒരു മാമ്പഴത്തെ ഇന്ദ്രിയങ്ങൾ സ്വീകരിച്ചാൽ അതിൽ തെറ്റില്ല എന്നാൽ അതിനു ശേഷം അതിന്റെ ഓർമ്മ ഉണ്ടെങ്കിൽ അത് അപകടകരമാണ്. എന്തെന്നാൽ ആ ഓർമ്മയുടെ പുറകിൽ മാമ്പഴം നല്ലതാണ് എന്ന അഭിപ്രായം കിടപ്പുണ്ട്. അത് രാഗദ്വേഷത്തെ ഉളവാക്കും.

**അന്വേഷകൻ** : ഒരുവന് അഭിപ്രായങ്ങൾ ഉണ്ടാക്കുന്നത് എന്താണ്?

**ദാദാജി** : ലോകസംജ്ഞ- പൊതുവായി ആളുകൾ വിശ്വസിക്കുന്നത്, പ്രത്യേകിച്ചും ചുറ്റും ഉള്ളതും കാണപ്പെടുന്നതും. എന്തെന്നാൽ ഒരുവന്റെ വിശ്വാസം പൊതുവിജ്ഞാനത്തെ ആശ്രയിച്ചിരിക്കുന്നു. അതനുസരിച്ച് ബുദ്ധി ഒരുവൻ എങ്ങനെ പെരുമാറണം എന്ന് തീരുമാനിക്കുന്നു. ജ്ഞാനിസംജ്ഞയെ പിന്തുടർന്നാൽ ലോകസംജ്ഞ ഇല്ലാതെയാകും.

"അഭിപ്രായം ബുദ്ധിയെ ആശ്രയിച്ചിരിക്കുന്നു (ബുദ്ധി നോ ആശയ) - ദാദാശ്രീ. സന്തോഷം എന്തെന്ന് ബുദ്ധി ധരിക്കും പോലെയാണ് അഭിപ്രായം. ഫ്രഞ്ച് ഹെയർ സ്റ്റൈൽ ആണ് സന്തോഷമെങ്കിൽ അങ്ങനൊരു അഭിപ്രായം ഉണ്ടാകുന്നു.

ഒരു വ്യക്തിയുമായി ചേർച്ചയില്ലായ്മയ്ക്കു കാരണം കാഴ്ചയുടെ കുഴപ്പമല്ല. ആ ദൃഷ്ടിയിലേക്ക് നയിച്ച അഭിപ്രായത്തിന്റെ കുഴപ്പമാണ്.

**അന്വേഷകൻ** : ചില ആളുകളുടെ സാന്നിധ്യത്തിൽ അസ്വസ്ഥത ഉണ്ടാകുന്നത് എന്തുകൊണ്ടാണ്?

**ദാദാജി** : ഒരു വ്യക്തിയെക്കുറിച്ച് പ്രതികൂലമായ ചെറിയ ചിന്താപ്രകമ്പനം പോലും ആ വ്യക്തിയിലെത്തി ഫലം തരും. ഇവിടെ 'കാഴ്ചമാത്ര പ്രതിക്രമണം' (എതിർവ്യക്തിയോട് അറിഞ്ഞോ അറിയാതെയോ ഉള്ള തെറ്റിന് ഉടനടി ക്ഷമാപണം നടത്തുക) കൊണ്ട് അത്തരം കമ്പനങ്ങൾ അയാളിൽ എത്തുന്നത് തടയാം. അയാളിൽ എത്തിയ കമ്പനങ്ങളെയും അത് ഇല്ലാതാക്കും. അഭിപ്രായം ഇല്ലാതെയായാൽ അയാളോടുള്ള വാക്കും പെരുമാറ്റവും ഹൃദയസ്പർശിയായി സാധാരണയാകും. ഇതിനു വിപരീതമായത് അയാളിൽ അതിന്റെ നിഴൽ പതിപ്പിക്കും.അങ്ങനെ വന്നാൽ അയാളുടെ സാന്നിധ്യം അസ്വസ്ഥത ഉളവാക്കും.

**അന്വേഷകൻ** : അഭിപ്രായങ്ങൾ രൂപീകരിക്കുന്നതിൽ ദോഷമെന്താണ്?

**ദാദാജി** : വേദനിപ്പിക്കുന്ന വാക്കുകൾക്ക് കാരണമാകുന്നത് അഭിപ്രായങ്ങളാണ്

എന്നാൽ ആശങ്കയാണ് അഭിപ്രായത്തിന് കാരണം. പ്രതിഷ്ഠിതാത്മാവിന്റെ അഭിപ്രായമനുസരിച്ചാണ് ഈ ശരീരസംഘാതം പ്രവർത്തിക്കുന്നത്. അഭിപ്രായങ്ങൾ തടസ്സങ്ങൾ ഉണ്ടാക്കും. അഭിപ്രായങ്ങൾ ഉണ്ടാക്കുന്ന തടസ്സങ്ങളാൽ ഭയാനകമായ വിപത്തുണ്ടാകും. സ്വതന്ത്രമാകേണ്ട ഇടത്ത് ഒരുവനെ അത് ബന്ധിതനാക്കും.

കർമ്മത്തിന്റെ വിത്ത് പാകപ്പെടുന്നത് പ്രവൃത്തികൊണ്ടല്ല ആ പ്രവൃത്തിയുടെ പിന്നിലെ ഭാവം കൊണ്ടാണ്, അഭിപ്രായം അഥവാ ചിന്താഗതി കൊണ്ടാണ്. ബ്രഹ്മചര്യത്തെക്കുറിച്ചും, ശരീരം ഏറ്റവും വലിയ വഞ്ചകൻ ആണെന്നതിനെക്കുറിച്ചും ഉള്ള ചിന്താഗതിയാണ് ആകെ സ്വീകാര്യമായുള്ളത്. അഹന്തയുടെ പരമാണുക്കൾ കൊണ്ടാണ് അഭിപ്രായം ഉണ്ടാക്കപ്പെടുന്നത്. ഒരുവന്റെ ദൃഷ്ടിയെ അതു പൂർണ്ണമായും മാറ്റുന്നു. ശാഠ്യത്തോടു കൂടിയ ചിന്താഗതി ജ്ഞാനത്തെ മറയ്ക്കും. അചേതനമായതിനെക്കുറിച്ചുള്ള അഭിപ്രായങ്ങളിൽ നിന്നും മുക്തമാകാനുള്ള ധർമ്മം അവനവനു തന്നെയാണ്. എന്നാൽ മിശ്രചേതനയാണെങ്കിൽ മറ്റെയാൾ നിങ്ങളെ വിടില്ല. കോപത്താലും പ്രതികാരത്താലും മുഖം ചുവക്കുന്ന മറ്റുള്ളവരെക്കുറിച്ച് അഭിപ്രായം രൂപീകരിക്കുമ്പോൾ എന്തു ഫലമാകും ഉണ്ടാകുക !

**അന്വേഷകൻ** : പക്ഷെ എങ്ങനെയാണ് ഒരുവന് സ്വന്തം അഭിപ്രായത്തെ ഇല്ലാതെയാക്കാനാകുക ? അത് ആഴത്തിൽ പതിഞ്ഞതാണ്.

**ദാദാജി** : അഭിപ്രായങ്ങൾ തകർക്കപ്പെടേണ്ടതാണെന്ന് തീരുമാനിച്ചാൽ അത് വിഘടിച്ചുതുടങ്ങും. ദിവസവുമുള്ള പ്രതിക്രമണം (തെറ്റിനെക്കുറിച്ച് പശ്ചാത്താപം) കൊണ്ട് ആഴത്തിൽ പതിഞ്ഞ ചിന്താഗതികൾ ഇല്ലാതെയാകും. ഒരുവന്റെ അഭിപ്രായം അനുസരിച്ചാണ് അടുത്ത ജന്മത്തെ കാര്യം എന്ന നിലയിൽ പുദ്ഗലം (മനസ്സ്, വാക്ക് ശരീരം എന്നിവയുടെ അനാത്മസംഘാതം) രൂപപ്പെടുന്നത്)

അഭിപ്രായം മാറ്റുവാൻ ഒരുവന് അതിന്റെ സ്ഥാനത്ത് വിപരീത അഭിപ്രായം ഇടേണ്ടി വരുന്നു. ഒരാൾ കള്ളനാണ് എന്ന അഭിപ്രായം മാറ്റാൻ അയാൾ സത്യസന്ധൻ ആണെന്നും, ഒടുവിൽ ശുദ്ധാത്മാവാണെന്നുമുള്ള ദൃഷ്ടി ഉണ്ടാകണം.

സൂക്ഷ്മരൂപത്തിൽ പതിഞ്ഞിരിക്കുന്ന അഭിപ്രായങ്ങളെക്കുറിച്ചുള്ള ചിന്താഗതി മാറ്റേണ്ടതുണ്ട്. അങ്ങനെയിരിക്കലും, ആത്മാസാക്ഷാത്കാരം നേടിയവൻ; പുരുഷൻ ആയവൻ, പുരുഷാർത്ഥമോ പരാക്രമമോ (പരമപുരുഷാർത്ഥം)

ചെയ്യുവാൻ പ്രാപ്തനാണ്.

**അന്വേഷകൻ** : കുടുംബത്തിൽ അഭിപ്രായ വ്യത്യാസങ്ങൾ ഇടയ്ക്ക് ഉണ്ടാകാറുണ്ട്

**ദാദാജി** : ആധുനിക ലോകത്തിൽ ഒരു കുടുംബത്തിൽ മൂന്നുപേരാകും ഉണ്ടാകുക, എന്നാൽ വൈകുന്നേരം ആകുമ്പോൾ മുപ്പത്തിമൂന്നു അഭിപ്രായഭിന്നതകൾ കാണും. അതിനെങ്ങനെ പരിഹാരമുണ്ടാകും ? ഗുരുവും ശിഷ്യനും തമ്മിൽ വരെ അനേകം ഭിന്നതകൾ ഒരു ദിവസം ഉണ്ടാകാം.

**അന്വേഷകൻ** : പിന്നെ എപ്രകാരമാണ് ഈ ഭേദങ്ങൾക്ക് അവസാനം ഉണ്ടാകുക ?

**ദാദാജി** : ബുദ്ധിക്ക് വിവേചനമുള്ളപ്പോൾ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകും. അതില്ലാതെ ആകുമ്പോൾ ജീവിതപ്രശ്ങ്ങൾ പരിഹരിക്കപ്പെടും. പക്ഷപാതിയല്ലാത്തവാൻ കേന്ദ്രസ്ഥാനത്തിരുന്ന് എല്ലാവരും നിഷ്ക്കളങ്കരെന്നു കാണും. ബുദ്ധി വിഷയങ്ങളെ വക്രീകരിച്ച് കാണിക്കുമ്പോൾ നാം നമ്മുടെ ശരിയായ ബുദ്ധി ഉപയോഗിച്ച് ഭേദങ്ങൾ പരിഹരിക്കണം. ജീവാത്മാവ് ഭ്രമിക്കപ്പെടുമ്പോൾ ലോകം നിലവിൽവരും. ആ വക്രബുദ്ധി അസ്തമിക്കുമ്പോൾ ജ്ഞാനം പ്രകാശിതമാകും.

**അന്വേഷകൻ** : അങ്ങ് എല്ലാവരോടും സൌഹാർദ്ധത്തോടെ എങ്ങനെ പെരുമാറുന്നു ?

**ദാദാജി** : ഞാൻ ഒരുവന്റെ ബുദ്ധിയിലേക്കല്ല നോക്കുന്നത്. അവന്റെ വിവേകത്തെയാണ് പരിഗണിക്കുക. ബുദ്ധി വളഞ്ഞ വഴി ആകാം എന്നാൽ അവന്റെ വിവേകം കൃത്യമെങ്കിൽ പ്രശ്നമില്ല. ബുദ്ധിയോടു കൂടിയവൻ ഉയർച്ച നേടാം എന്നാൽ പതിക്കുകയും ചെയ്യാം. എന്നാൽ സമ്യഗ്ജ്ഞാനമുള്ളവൻ കൂടുതൽ ഉയരുകയും ഒരിക്കലും പതിക്കാതെയിരിക്കുകയും ചെയ്യുന്നു. ബുദ്ധി പ്രകൃതേനെയുള്ളതാണ്. ശുദ്ധാത്മാവിന്റെ ഗുണമല്ല. അന്തർജ്ഞാനം ശുദ്ധാത്മാവിന്റെ സഹജഗുണമാണ്. പിത്തഗുണം ഉള്ളയാൾക്ക് കൂർത്തബുദ്ധിയാണ്. വായുവിന്റെ ഗുണമെങ്കിൽ ആഴത്തിലുള്ള അവഗാഹം ഉള്ളവനാണ്.

**അന്വേഷകൻ** : ഗ്രന്ഥങ്ങളിൽ പറയുന്നകാര്യങ്ങൾക്ക് ഏകരൂപത കാണുന്നില്ല

**ദാദാജി** : എല്ലാം ബുദ്ധിയുടെ ഭാവനയിൽ നിന്നുണ്ടായതാണ്. അത് ക്ഷണികമാണ്, ആപേക്ഷികമാണ്. ബുദ്ധിയുടെ ഭാവനാമണ്ഡലത്തിൽ എന്തെല്ലാം തെളിഞ്ഞുവോ അതെല്ലാം മതഗ്രന്ഥങ്ങളിൽ കാണാം. ശാസ്ത്രം എന്നാൽ ബുദ്ധിയിൽ നിന്നും ഉണ്ടായ ജ്ഞാനമാണ്. ശുദ്ധമായ ബോധത്തെ അതിൽ കാണ-

വാനാവില്ല.

ജ്ഞാനം സ്വയം പ്രകാശിക്കുന്നതും ജ്ഞാനിപുരുഷന്റെ ഹൃദയത്തിൽ ഉള്ളതുമാണ്. ബുദ്ധിക്ക് അതിന്റെ മാറുന്നതായ തലങ്ങളുണ്ട്. അതിന്റെ വിശ്വസിപ്പിക്കത്തക്ക കഴിവുകൾ അനേകമാണ്. ആ തലങ്ങളെ ശുദ്ധ ആത്മാവായി അതു തെളിയിക്കാൻ ശ്രമിക്കും. അതിനാൽ ഞാൻ പറയുന്നു. ബുദ്ധിയെ സൂക്ഷിക്കുക. ബുദ്ധി ഭ്രമിപ്പിക്കുമ്പോൾ 'എന്നെ' ചിന്തിച്ചുകൊണ്ട് 'ഞാൻ വീതരാഗനാണ് എന്ന് പറയുക. അപ്പോൾ അതു പിൻവാങ്ങും.

ജ്ഞാനി ആരിലും കുറ്റം കാണുകയില്ല. ബുദ്ധി എല്ലാവരിലും കുറ്റം കണ്ടെത്തും. അതു സ്വന്തം സഹോദരനിൽ പോലും കുറ്റം കണ്ടെത്തുമ്പോൾ ജ്ഞാനം രണ്ടാനമ്മയിൽ പോലും കുറ്റം കാണില്ല. മകൻ ഭക്ഷണം കഴിക്കാൻ ഇരിക്കുമ്പോൾ രണ്ടാനമ്മ കരിപിടിച്ച കിച്ചടി വിളമ്പിയാൽ ബുദ്ധി തലയുർത്തി മകനോട് പറയും, 'ഈ രണ്ടാനമ്മ മോശമാണ്'. ഇതു ദുഃഖം മാത്രം ഉണ്ടാക്കുന്നതാണ്. എന്നാൽ മകൻ ദീക്ഷിതനായാൽ ജ്ഞാനം ഉണ്ടാകുകയും ,' അവർ ശുദ്ധ ആത്മാവാണ് ഞാനും ശുദ്ധ ആത്മാവാണ്, ഇതെല്ലാം ജഡപ്രപഞ്ചത്തിന്റെ കളികളാണ് എന്ന് പറയുകയും ചെയ്യും.

**അന്വേഷകൻ** : ബുദ്ധിയും ജ്ഞാനത്തെയും കുറിച്ച് കൂടുതൽ പറയൂ

**ദാദാജി** : നോക്കൂ, ശരീരം മണ്ണുകൊണ്ടും ബുദ്ധി പ്രകാശം കൊണ്ടുമാണ് ഉണ്ടാക്കപ്പെട്ടിട്ടുള്ളത്. ബുദ്ധി പ്രകാശം തരുന്നതിനാൽ ചിലപ്പോൾ കത്തുകയും ചെയ്യും. അതിനാൽ ഞാൻ ബുദ്ധിയെ സൂത്രശാലി എന്ന് വിളിക്കുന്നു. ബുദ്ധിയെ അതിജീവിക്കേണ്ടതുണ്ട്. ലോകത്തിലുള്ള എല്ലാം സ്വാഭാവികമാകേണ്ടതുണ്ട്. നിങ്ങൾ അബുദ്ധനായിലെങ്കിൽ, ബുദ്ധിയിൽ നിന്നും മോചിതനായില്ലെങ്കിൽ ഈ സ്വാഭാവികത ഉണ്ടാകില്ല. ഞാൻ അബുദ്ധനാകുന്നു, തുറന്ന മനസ്സോടുകൂടിയവനാകുന്നു, സ്വാഭാവികതയോടെയും ഇരിക്കുന്നു. ശുദ്ധാത്മാവിന്റെ ദിവ്യപ്രകാശത്താൽ ഞാൻ സർവജ്ഞത്വത്തെ നേടിയിരിക്കുന്നു. സാധാരണ ബുദ്ധിയോടു കൂടിയ ഒരാളുടെ ഹൃദയം മൃദുവാണ്. അയാൾ ജീവിതരഹസ്യം കണ്ടെത്താൻ ശ്രമിച്ചാൽ നടന്നേക്കാം എന്നാൽ അയാൾ വഴിമാറിയാൽ പതിക്കുക തന്നെ ചെയ്യും. ഒരുവൻ തന്റെ ബുദ്ധിക്ക് ആഴ്ചയിൽ ഒരിക്കൽ, ഞായറാഴ്ച എങ്കിലും വിശ്രമം നൽകിയാൽ ഉടൻ തന്നെ പ്രയോജനം ഉണ്ടാകും. അടുത്ത ജന്മത്തിലേക്ക് വിത്തു പാകണമെങ്കിൽ ബുദ്ധിയെ ഉപയോഗിച്ചോളൂ.

ബുദ്ധിയുടെ പ്രകാശത്തെ ഉയർത്തുക എന്നത് നിങ്ങളുടെ കയ്യിലുള്ള കാര്യമല്ല.

പക്ഷെ ആ പ്രകാശത്തെ നമുക്ക് മങ്ങൽ ഏൽപ്പിക്കാൻ കഴിയും. ബുദ്ധിയുടെ പ്രകാശത്തെ മങ്ങിയതാക്കുക. ബുദ്ധി സാർവലൌകികമായി ഉപയോഗപ്രദമല്ല എന്നാൽ ജ്ഞാനം അങ്ങനെയാണ്.

## 76

## ഏകാഗ്രതയുടെ ശക്തി

**അന്വേഷകൻ** : ബുദ്ധി അന്വേഷണത്തിനു സഹായകരമാണ്

**ദാദാജി** : ഇടുങ്ങിയതും അവികസിതവുമായ ബുദ്ധിയോടുകൂടിയവൻ മറ്റുള്ളവ-രോട് മോശമായി പെരുമാറാം, എന്നാൽ അത്തരം ചിന്തകളെ വിശാലബുദ്ധി ഉള്ളവർ സ്വീകരിക്കില്ല. നമ്മൾ ഒരു മ്യൂസിയത്തിൽ പോയാൽ നമ്മുടെ വിദ്വേഷം അതിലെന്തിലെങ്കിലും കാണിക്കുമോ ? ബുദ്ധിയുടെ അമിതമായ ജിജ്ഞാസ ദുഷ്ട മായ കൂട്ടുകെട്ടിന് സമാനവും ജീവിതത്തിൽ ആശയക്കുഴപ്പത്തെ ഉണ്ടാക്കുന്ന-തുമാണ്.

**അന്വേഷകൻ** : ചിലർക്ക് പല കാര്യങ്ങൾ ഒരുമിച്ച് ചെയ്യാൻ തക്കവണ്ണം ശക്തിയേറിയ ബുദ്ധിയാണ്

**ദാദാജി** : ബുദ്ധിശക്തിയിൽ ആണ് ഒരേ സമയം ഒന്നിൽ കൂടുതൽ പ്രവൃത്തികൾ ചെയ്യാനുള്ള കഴിവ് ഇരിക്കുന്നത്. മോഷ്ടിക്കുമ്പോൾ ഒരു സമയം പതിനാറു കാര്യങ്ങളിൽ കള്ളനു ശ്രദ്ധയുണ്ടാകാം. സ്വന്തം ഊണ് പോലും മറന്നു മോഷ്ടി-ക്കാൻ ഇറങ്ങുന്ന കള്ളന്റെ ഏകാഗ്രത വർദ്ധിച്ച് പല കാര്യങ്ങൾ ഒരേ സമയം ചെയ്യാൻ കഴിയുന്നു. എന്ത് മോഷ്ടിക്കണം ? എപ്പോൾ ? എവിടെ വച്ച്? പോലീ-സുകാരൻ എവിടെ ? പേഴ്സ് എവിടെ ? ഏതു പോക്കറ്റ് ? എങ്ങനെ പോക്ക-റ്റടിക്കണം, എങ്ങനെ ഏതു വഴിയിലൂടെ രക്ഷപെടണം ? തുടങ്ങി അനേകം കാര്യ ങ്ങളിൽ ഒരേ സമയം കള്ളൻ ശ്രദ്ധിക്കുന്നു. പൂർവ്വജന്മങ്ങളിൽ ആർജ്ജിച്ച കർമ്മങ്ങളുടെ ഫലത്തെയാണ് ഈ ജന്മത്തിലൂടെ നാം അനുഭവിക്കുന്നത്. ചില നല്ല കർമ്മഫലം ഫലിക്കുന്നു, അല്ലാതെയൊന്നുമില്ല.

ഒരേ സമയത്ത് അനേകകാര്യങ്ങളിൽ ഉള്ള ശ്രദ്ധ ബുദ്ധികൊണ്ടാണ്. അതു ജ്ഞാനവുമായി ബന്ധപ്പെട്ടതല്ല. ആ ശക്തി ചിലപ്പോൾ കൂടിയേക്കാം. അതു ബുദ്ധിയുടെ ഫലമായിരുന്നുവെങ്കിൽ മാറിക്കൊണ്ടിരിക്കില്ല. എപ്പോഴും തുല്യമായി ഇരുന്നേനെ.

**അന്വേഷകൻ** : ബുദ്ധി മായയാണോ ?

**ദാദാജി** : അല്ല, മായ എന്ന് അവർ വിളിക്കുന്നത് അജ്ഞാനത്തെയാണ്. ഒരുവന്

ജ്ഞാനം ഉണ്ടാകുമ്പോൾ മായ അഥവാ അജ്ഞാനം നശിക്കുകയും അന്തക്കരണം ബാക്കി നിൽക്കുകയും ചെയ്യുന്നു. ബുദ്ധി ബാക്കി നിൽക്കുന്നു. വ്യവഹാരത്തിൽ പ്രവർത്തിക്കുവാനാണ് അത്. എന്താണു ഈ ബുദ്ധി ? ആരെങ്കിലും നിങ്ങളുടെ മകനെ കുട്ടക്കാൻ വന്നാൽ അതിൽ ഇടപെടാൻ ബുദ്ധി നിങ്ങളെ നിർബന്ധിക്കും. ഈ ലോകത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും കാരണം വ്യവസ്ഥിതശക്തിയാണ്. എങ്കിലും എല്ലാ കാര്യത്തിലും ബുദ്ധി ഇടപെടും. മനസ്സ് ബുദ്ധിയെ ഫോൺ ചെയ്യുന്നു. അപ്പോൾ 'നീ എന്താണ് പറഞ്ഞത് ? എന്ന് ബുദ്ധി ചോദിക്കും ? എന്ത് ? അങ്ങനെ ബുദ്ധി ഇടപെടാൻ തുടങ്ങും. എല്ലാത്തിലും ബുദ്ധി കയറി ഇടപെടുന്നു. ഒരാൾ സ്വപ്നം കാണുമ്പോൾ അതു ശല്യം ചെയ്യുന്നില്ല എങ്കിൽ എല്ലാം അയാൾക്ക് നന്നായി നടക്കുന്നു. ഈ ഉണർന്നിരിക്കുന്ന അവസ്ഥയും ഒരു സ്വപ്നമാണെന്ന് നിങ്ങൾ മനസ്സിലാക്കാത്തതെന്ത്?

**അന്വേഷകൻ** : ഒരു ഉദാഹരണം പറയുമോ

**ദാദാജി** : ഒരാൾ കാറോടിക്കുമ്പോൾ എതിരെ ഒരു വണ്ടി വരുന്നു എന്ന് കരുതുക. അടുത്തിരിക്കുന്ന ആൾ ഡ്രൈവറുടെ കയ്യിൽ കയറി പിടിച്ചാൽ അപകടം ഉണ്ടാകില്ലേ ? ആളുകൾ ബുദ്ധിശാലികളാണ്. അവർ സ്റ്റിയറിംഗ് വീലിൽ പിടിക്കില്ല. എല്ലാം ഡ്രൈവറുടെ കയ്യിൽ ആണെന്ന് അവർക്കറിയാം. എല്ലാവരും അവനവന്റെ കാര്യം നോക്കും. ഒരു മോട്ടോർ കാറിന്റെ കാര്യത്തിൽ അവർ ഇതു മനസ്സിലാക്കും. എന്നാൽ ആന്തരികമായ കാര്യങ്ങളിൽ പരാജയപ്പെടും. അവൻ സ്വയം അവയിൽ ഇടപെട്ടു പ്രശ്നമുണ്ടാക്കും. കാറോടിക്കുന്ന ഡ്രൈവറെ അതിനു അനുവദിക്കുന്നത് പോലെ കാര്യങ്ങൾ സ്വാഭാവികമായി നടക്കുവാൻ അനുവദിച്ചാൽ അക്രമമോ ആശയക്കുഴപ്പമോ ഉണ്ടാകില്ല.

താൻ ശുദ്ധാത്മാവാണ് എന്ന് ഗ്രഹിക്കുന്നതിനാണ് തത്ത്വബുദ്ധി എന്നു പറയുന്നത്. ഈ തത്ത്വം മനസ്സിലാക്കിയാൽ ദേഹബുദ്ധി ഇല്ലാതെയാകും. ശരീരത്തെ അഭിമാനിച്ചിരുന്ന ബുദ്ധി തത്ത്വത്തിൽ എത്തും. തത്ത്വബുദ്ധിയാണ് സമ്യക്ബുദ്ധി. ശരിയായ ജ്ഞാനം ഉണ്ടാകുമ്പോൾ ശരിയായ ബുദ്ധിയും ഉണ്ടാകുന്നു. അതിന്റെ അഭാവത്തിൽ വിപരീതബുദ്ധി ഉണ്ടാകുന്നു.

77

## ചിത്തം : പ്രതിബിംബാത്മക ബോധം
## (അന്തക്കരണത്തിന്റെ മൂന്നാമത്തെ ഘടകം)

**അന്വേഷകൻ** : മനസ്സും ബുദ്ധിയും ഉപദേശിച്ചതിനു ശേഷമുള്ള ചിത്തത്തെക്കുറിച്ച്

ഇനി പറയൂ

**ദാദാജി** : മനസ്സിനും ബുദ്ധിക്കും ശേഷം അന്തക്കരണത്തിന്റെ മൂന്നാമത്തെ ഘടകമാണ് ചിത്തം. പ്രതിബിംബാത്മക ബോധം എന്നും ഇതിനെ വിളിക്കാം. വസ്തുക്കൾ എങ്ങനെയോ അതിന്റെ ചിത്രീകരണം ആണ് ചിത്തത്തിന്റെ ധർമ്മം. നിങ്ങൾ ഇവിടെ ഇരിക്കുമ്പോൾ അമേരിക്കയുടെ ചിത്രത്തെ നിങ്ങളുടെ ഉള്ളിലെ സ്ക്രീനിൽ കാണിക്കുന്നതാണ് ചിത്തത്തിന്റെ ധർമ്മം.

**അന്വേഷകൻ** : മനസ്സ് അലഞ്ഞു നടക്കുന്നു എന്ന് അവർ പറയുന്നു.

**ദാദാജി** : അതൊരു തെറ്റായ പേരാണ്. മനസ്സ് ശരീരത്തിനു പുറത്തേക്ക് പോകുന്നില്ല. പുറത്തേക്ക് പോകുന്നത് ചിത്തമാണ്. കൃത്യതയോടെ പറഞ്ഞാൽ പുറത്തേക്ക് പോകുന്നത് അശുദ്ധ ചിത്തമാണ്. ശുദ്ധ ചിത്തം ശുദ്ധാത്മാവാണ്.

ജ്ഞാനവും ദർശനവും ചേർന്നത് ചിത്തം-പ്രതിബിംബാത്മക ബോധം.

അശുദ്ധ ജ്ഞാനവും അശുദ്ധ ദർശനവും ചേർന്നത് അശുദ്ധ ചിത്തം.

ശുദ്ധ ചിത്തമെന്നാൽ ശുദ്ധജ്ഞാനവും ശുദ്ധ അന്തർജ്ഞാനവും ചേർന്നത്.

**അന്വേഷകൻ** : അന്തക്കരണത്തിന്റെ പ്രവർത്തനത്തെ കുറിച്ച് പറയുമോ ?

**ദാദാജി** : മനസ്സ് ഒരു ലഘുലേഖയും ചിത്തം ഒരു ചിത്രവും കാണിക്കുന്നു. മനസ്സും ചിത്തവും ഒരു വിഷയത്തിൽ ആലോചനാമഗ്നമാകുമ്പോൾ ബുദ്ധി തീരുമാനം എടുക്കുന്നു, അഹങ്കാരം അതിനെ പ്രമാണീകരിച്ച് പ്രവൃത്തി നടത്തുന്നു. ചിത്തം ഒരു അവസ്ഥയാണ്. അശുദ്ധമായ ജ്ഞാനദർശനത്തിന്റെ അവസ്ഥ. ബുദ്ധി തീരുമാനം എടുക്കും മുൻപ് മനസ്സിലും ചിത്തത്തിലും ആശയക്കുഴപ്പം ഉണ്ടാകുന്നു. എന്നാൽ തീരുമാനം എടുത്താൽ എല്ലാം ശാന്തമാകും. ബുദ്ധിയെ ഒരിടത്ത് ഇരുത്തിയാൽ മനസ്സോ ചിത്തമോ സംഭ്രമിക്കില്ല.

**അന്വേഷകൻ** : എന്തിനാണ് ചിത്തം ഓടിനടക്കുന്നത്?

**ദാദാജി** : അനാദികാലം മുതൽ ചിത്തം അതിന്റെ അധിഷ്ഠാനത്തെ തേടി അലയുകയാണ്. അനേകം വസ്തുക്കളെ ചിത്തം അലഞ്ഞു നടന്നു കാണുന്നു. പല വസ്തുക്കളെ കണ്ടിട്ട് ഇതിങ്ങനെയാണ്, ഇതങ്ങനെയാണ് എന്നെല്ലാം ചിത്തം ധരിച്ചുവച്ചിരിക്കുകയാണ്. ചിത്തം യാതൊന്നിനെ ഗ്രഹിക്കുന്നുവോ അതിന്റെ മുദ്ര പതിഞ്ഞാൽ ആ പദാർത്ഥങ്ങൾ കൂടിച്ചേർന്ന് കെട്ടുകൾ ആകുകയും മനസ്സ് രൂപീകരിക്കപ്പെടുകയും ചെയ്യുന്നു. ചിത്തവൃത്തികൾ എവിടെയൊക്കെ അലയുന്നുവോ പ്രകൃ തിയുടെ നിയമം അനുസരിച്ച് ശരീരത്തിനും അലയേണ്ടി വരുന്നു.

അടുത്ത ജന്മത്തിൽ അതിന്റേതായ സമയത്ത് മനസ്സ് പല ലഘുലേഖകളും

കാണിക്കുന്നു. ചിത്തം ചിത്രരൂപത്തിൽ അവയെ കാണിക്കുകയും ബുദ്ധി അതിൽ തീരുമാനം എടുക്കുകയും ചെയ്യുന്നു.

തന്റെ നിവാസസ്ഥാനമായ ശുദ്ധാത്മാവിനെ തേടിയാണ് ചിത്തം ഓടിനടക്കുന്നത്. എന്തു കാണുന്നുവോ അതിൽ ആനന്ദം കണ്ടെത്താൻ ചിത്തം ശ്രമിക്കുന്നു. ചിത്തം എവിടെ നിൽക്കുന്നുവോ, എവിടെ ഏകാഗ്രമാകുന്നുവോ അന്തഃക്കരണത്തിലെ മറ്റു ഘടകങ്ങൾ നിശ്ചലമാകുന്നു. അതു ഒരുവനെ സന്തുഷ്ടനാക്കുന്നു. എന്നാൽ അതു അധികം താമസിയാതെ മടുക്കുന്നു. എത്ര നേരം ചിത്തത്തിനു ഒരേ അവസ്ഥയിൽ ഇരിക്കാൻ പറ്റും ? അതുകൊണ്ട് സന്തോഷത്തിനായി അതു മറ്റു വിഷയങ്ങളിലേക്ക് ഓടിക്കൊണ്ടിരിക്കും.

എന്നാൽ സുഖത്തെ പുറമേ അന്വേഷിച്ചാൽ കിട്ടുന്നത് ദുഃഖമാണെന്നു മനസ്സിലാകും. മുൻപ് സന്തോഷം നൽകിയ വസ്തു ഇപ്പോൾ അതു തരുന്നില്ല എന്ന് ബുദ്ധി നിശ്ചയിക്കും. അപ്പോൾ ചിത്തം വീണ്ടും പര്യടനം തുടങ്ങും.

**അന്വേഷകൻ** : ചിത്തത്തിന്റെ നിർത്താതെയുള്ള ഈ ഓട്ടത്തിൽ നിന്നുള്ള മുക്തിക്കും ശാന്തി ലഭിക്കുവാനും എന്തെങ്കിലും വഴിയുണ്ടോ ?

**ദാദാജി** : ജ്ഞാനിപുരുഷനായ ഞാൻ നിങ്ങളുടെ ചിത്തവൃത്തികളെ എന്നിലേക്ക് നയിക്കുന്നു, അതിനാൽ നിങ്ങളുടെ ചിത്തം പുറമേ വ്യാപരിക്കുന്നത് കുറയുന്നു. അങ്ങനെ ചിത്തവൃത്തികൾ അടങ്ങുന്നത് മുക്തിയിലേക്കുള്ള ശരിയായ പാതയാകുന്നു. അനാദികാലം മുതൽ അശുദ്ധചിത്തവൃത്തികൾ അലയുകയാണ്. അതിനെ ഒരു വിഷയത്തിൽ നിന്നും പിൻവലിക്കാൻ നിങ്ങൾ ശ്രമിക്കുമ്പോൾ അതു കൂടുതൽ ശക്തിയോടെ മറ്റു വിഷയങ്ങളുടെ പുറകെ പോകുന്നു. എന്നാൽ ജ്ഞാനിപുരുഷന്റെ അനുഗ്രഹത്താൽ അവ അവയുടെ യഥാർത്ഥ ഭവനത്തിലേക്ക്, ശുദ്ധാത്മാവിലേക്ക്, പോകുന്നു. ഇതൊരു വലിയ അത്ഭുതമല്ലേ !

ഈ ക്രമികമാർഗ്ഗത്തിൽ മനസ്സിന്റെയും ചിത്തത്തിന്റെയും അനേകായിരം തലങ്ങളെ ഒരുവന് കടക്കേണ്ടതായിട്ടുണ്ട്. അപ്പോൾ അവൻ കണ്ണാടിയിൽ പ്രതിബിംബമെന്നപോലെ ആപേക്ഷികമായ അഹത്തെ അറിയും. ഈ കടമ്പകളെയെല്ലാം ആയാസം കൂടാതെ കടന്ന് ശുദ്ധാത്മാവിൽ പ്രതിഷ്ഠിതരാകാൻ നിങ്ങളെ ഞാൻ സഹായിക്കുന്നു.

വാസ്തവം പറഞ്ഞാൽ ബാഹ്യവസ്തുക്കളിൽ ആനന്ദം ഇല്ല. അതിന്റെ പുറകെ പോകുന്നവർ ദുരിതത്തിലേക്ക് ആണ് പോകുന്നത്.

ചിത്തവൃത്തികൾ അതിന്റെ അധിഷ്ഠാനത്തിൽ നിരോധിക്കപ്പെടാതെ ഈ

അലച്ചിൽ അവസാനിക്കുന്നില്ല. യഥാർത്ഥ ആനന്ദം രുചിക്കുമ്പോൾ മറ്റെല്ലാം രുചിരഹിതമായിത്തീരുന്നു. അതിനു ശേഷം ബാക്കി ഉള്ള അശുദ്ധ ചിത്തം പുറത്ത് സഞ്ചരിച്ചാലും ശുദ്ധ ചിത്തം അതു കാണുകയും അതിനെ അതായി അറിയുകയും ചെയ്യുന്നു. അങ്ങനെ അശുദ്ധചിത്തത്തിന്റെ കലകൾ ക്രമേണ ക്ഷയിച്ച് ഇല്ലാതെയാകുന്നു. പിന്നീട് അവശേഷിക്കുന്നത് ശുദ്ധ ചിത്തത്തിന്റെ ഘട്ടമാണ്. അതായത് കേവലജ്ഞാനം.

ജ്ഞാനിപുരുഷൻ നിങ്ങളുടെ അശുദ്ധചിത്തത്തെ സ്പർശിക്കുന്നില്ല. എന്നാൽ അനന്തമായ ആനന്ദത്തെ നിങ്ങളെക്കൊണ്ടു രുചിപ്പിക്കുന്നു. അങ്ങനെ ശുദ്ധചിത്തത്തെ നേടുന്നു. ശുദ്ധാത്മാവല്ലാതെ മറ്റൊന്നുമല്ലത്. ശുദ്ധചിത്തം ശുദ്ധമായതിനെ മാത്രം നിരീക്ഷിക്കുമ്പോൾ ക്രമേണ അശുദ്ധ ചിത്തം ഇല്ലാതെ-യാകുന്നു. അശുദ്ധചിത്തത്തിന്റെ ഘട്ടം കഴിയുമ്പോൾ പരിപൂർണ്ണശുദ്ധാത്മാ-വിന്റെ കല, അനന്താനന്ദാവസ്ഥ മാത്രം അവശേഷിക്കും.

## 78

## ചിത്തത്തിന്റെ ശുദ്ധീകരണം

**അന്വേഷകൻ** : എങ്ങനെയാണ് ഞാൻ ചിത്തത്തെ ശുദ്ധീകരിക്കേണ്ടത്?

**ദാദാജി** : ലോകത്തുള്ള എല്ലാ മതങ്ങളും തുണിയിലെ അഴുക്കു സോപ്പിട്ടു കഴുകുന്നത് പോലെ ചിത്തത്തെ ശുദ്ധീകരിക്കാൻ വിഷമിക്കുകയാണ്. സോപ്പ് തുണി വൃത്തിയാക്കുമെങ്കിലും അതിന്റെ അവശിഷ്ടം അതിൽ കിടക്കും. അപ്പോൾ നിങ്ങൾക്ക് ഒരു ഡിറ്റർജെന്റ് ഉപയോഗിക്കേണ്ടി വരുന്നു. എന്നാൽ അതും അതിന്റെ അവശിഷ്ടം ബാക്കി വയ്ക്കുന്നു. അതിനാൽ അഴുക്ക് കളയാനുള്ള ഒരു വസ്തു മറ്റൊരു അഴുക്ക് അവശേഷിപ്പിക്കുന്നു. ലോകത്തിലുള്ള ആപേക്ഷിക മതങ്ങളുടെ കാര്യം ഇതുപോലെയാണ്. ക്രമേണ ചിത്തം ശുദ്ധീകരിക്കാൻ ശ്രമിച്ചാലും ചില വാസനകൾ അവശേഷിക്കും.

**അന്വേഷകൻ** : അങ്ങനെയെങ്കിൽ ഒരാൾ ശുദ്ധാത്മാവിനെ എങ്ങനെ സാക്ഷാ-ത്കരിക്കും ?

**ദാദാജി** : ഒരുവൻ അയാളുടെ അസ്തിത്വത്തിന്റെ, ബോധത്തിന്റെ, ഓരോ അണു-വിലും ശുദ്ധനെങ്കിൽ അയാൾക്ക് നമ്മെ ശുദ്ധീകരിക്കാൻ കഴിയും. അങ്ങനെയൊരു ജ്ഞാനിപുരുഷനല്ലാതെ മറ്റാർക്കും പൂർണ്ണമായി നമ്മെ ശുദ്ധീകരിക്കാൻ കഴിയി-ല്ല. അതിനാൽ നിങ്ങൾക്ക് ആത്മാവിനെ സാക്ഷാത്കരിക്കണമെങ്കിൽ ഒരു

ജ്ഞാനിയുടെ അടുക്കലേക്ക് പോകൂ എന്ന് എല്ലാ ശാസ്ത്രഗ്രന്ഥങ്ങളും പറയുന്നു. അദ്ദേഹത്തിനു മാത്രമേ നിങ്ങൾക്ക് സാക്ഷാത്കാരം നൽകാൻ കഴിയൂ.

ഗ്രന്ഥങ്ങളിൽ നമുക്ക് വ്യാജമായ ആത്മാവിനെ മാത്രമേ കാണാൻ കഴിയൂ. അതിന്റെ വിവരണങ്ങൾ ഉപയോഗശൂന്യമാണ്. അതു നിങ്ങൾക്ക് സാക്ഷാത്കാരത്തിനു ഉതകുന്നതല്ല.

**അന്വേഷകൻ** : ആത്മാസാക്ഷത്കാരത്തിനായി നമുക്ക് എങ്ങനെ മനസ്സിനെ ശുദ്ധീകരിക്കാൻ കഴിയും ?

**ദാദാജി** : ആത്മാസാക്ഷാത്കാരത്തിലേക്കുള്ള യാത്രയിൽ മനസ്സിനെ സ്പർശിക്കേണ്ടതില്ല, ചിത്തത്തെ ശുദ്ധീകരിച്ചാൽ മതി. എങ്കിൽമാത്രമേ ഈ പ്രഹേളിക പരിഹരിക്കാൻ കഴിയൂ. ചിലർ മനസ്സിനെ പീഡിപ്പിച്ച് അതിനെ കീഴടക്കാൻ ശ്രമിക്കും. അവർ അവരുടെ വീക്ഷണകോണിൽ ശരിയാണ് എന്നാൽ അവർ വസ്തുതകൾ മനസ്സിലാക്കേണ്ടതുണ്ട്. ചിത്തം ഒരിക്കൽ ശുദ്ധീകരിക്കപ്പെട്ടു കഴിഞ്ഞാൽ മനസ്സിനെക്കുറിച്ച് വ്യാകുലത വേണ്ട. എന്തെന്നാൽ ശുദ്ധ ചിത്തം മനസ്സിന്റെ ചിത്രത്തെ കാണുന്നു.

മനസ്സിനെ വ്യാപൃതമാക്കുവാൻ വസ്തുക്കളും ഇടങ്ങളും ഉണ്ട് എന്നാൽ ചിത്തത്തെ വ്യാപൃതമാക്കുവാൻ ഒന്നുമില്ല. ആളുകൾ കാർഡ് കളിക്കുന്നത് കണ്ടിട്ടില്ലേ ? എന്താണത് ? ആ കളിയിൽ എന്തു സന്തോഷമാണുള്ളത് ? ചിത്തത്തെ വ്യാപരിപ്പിക്കുവാൻ ഒരു മാർഗം എന്ന് മാത്രം. എന്നാൽ എത്ര നേരം കാർഡിൽ ചിത്തത്തെ നിർത്തും. അതൊരു താൽകാലിക വ്യാപാരം മാത്രമാണ്. കുറച്ചു കഴിയുമ്പോൾ നിങ്ങൾ മടുക്കില്ലേ ?

**അന്വേഷകൻ** : എന്തുകൊണ്ടാണ് ചിത്തം പ്രത്യേക വസ്തുക്കളിലും മറ്റും അലയുന്നത്?

**ദാദാജി** : അതിനു പ്രിയമുള്ളതോ ഭയമുള്ളതോ ആയ വസ്തുക്കളിലോ ഇടങ്ങളിലോ ആയിരിക്കും ചിത്തം ഓടി നടക്കുന്നത്. ഉച്ച സമയത്ത് മുറിയിൽ പാമ്പിനെ കണ്ട ഒരാൾക്ക് രാത്രി കിടക്കുമ്പോഴും ആ ചിന്ത പിന്തുടരുന്നു. ചിത്തം ഏതെങ്കിലും സ്ഥലത്തെ ഭയപ്പെടുന്നെങ്കിൽ അതു സ്ഥിരമായി അങ്ങോട്ടു പോകുന്നു. ചേതനമോ അചേതനമോ ആയ എന്തിലുമാകട്ടെ ചിത്തം അതിനിഷ്ടമുള്ളിടത്തൊക്കെ പോകുന്നു. അതിനു യാത്ര ചെയ്യാൻ ടിക്കറ്റ് ആവശ്യമില്ല. ടിക്കറ്റ് എടുത്ത് യാത്ര ചെയ്യണമായിരുന്നെങ്കിൽ ചിത്തം യാത്ര ചെയ്യില്ല. പൂർവജന്മത്തിൽ ഏതൊക്കെ ഘട്ടങ്ങളിലൂടെ കൂട്ടതലായി കടന്നുപോയിട്ടുണ്ടോ ഇപ്പോ-

ൾ അത് ആവിഷ്ക്കരിക്കപ്പെടുന്നു. അങ്ങനെ വരുമ്പോൾ ചിത്തം അതിനാൽ പൂരിതമാകുകയും കർമ്മത്തിന്റെ വിത്തുകൾ പാകപ്പെടുകയും ചെയ്യുന്നു. എന്നാൽ ബലമില്ലാത്ത വാസനകൾ ചിത്തത്തോട് ചേരാതെ ക്ഷയിച്ചുപോകുന്നു.

ചേതന എന്ന വാക്ക് ചിത്തത്തിൽ നിന്നും ഉണ്ടായതാണ്. ശുദ്ധജ്ഞാനവും ശുദ്ധദർശനവും ചേർന്നതാണ് ശുദ്ധചേതന.

**അന്വേഷകൻ** : ജ്ഞാനവും ദർശനവും എന്താണ്?

**ദാദാജി** : ജ്ഞാനത്തെയും ദർശനത്തെയും ഒരുമിച്ച് പറയണമെങ്കിൽ അതിനെ നാം ചിത്തം എന്ന് വിളിക്കും. ക്ഷണികമായതിനെ മാത്രമേ ചിത്തം കാണിക്കൂ. വാസന എവിടെയോ ചിത്തം അങ്ങോട്ടു പോകുന്നു. ദർശനം അസ്പഷ്ടമായ കാഴ്ചയും ജ്ഞാനം യഥാർത്ഥ കാഴ്ചയും ആകുന്നു.

**അന്വേഷകൻ** : ക്ഷേത്രത്തിൽ പോകുമ്പോൾ ഈശ്വരവിഗ്രഹം ഓരോ സമയത്തും ഓരോന്നുപോലെ ഇരിക്കുന്നു. അതെന്താണ്?

മനസ്സിന്റെ സ്വഭാവം, ചിത്തവൃത്തികൾ എന്നിവയെ അടിസ്ഥാനപ്പെടുത്തിയാണ് ഒരുവൻ ക്ഷേത്രദർശനം നടത്തുമ്പോൾ ആ വിഗ്രഹത്തിൽ അയാൾ കാണുന്ന മാറ്റങ്ങളെ പറയാനാകുക. ഒരുവന്റെ ആന്തരികവും ബാഹ്യവുമായ സ്പഷ്ടത അനുസരിച്ചാണ് ക്ഷേത്രവിഗ്രഹത്തിലെ കാഴ്ചയുടെ സ്പഷ്ടതയിരിക്കുന്നത്. ക്ഷേത്രത്തിന്റെ മുന്നിൽ നിന്നു വെളിച്ചം വരുമ്പോൾ ഉള്ള കാഴ്ചയും വശങ്ങളിൽ നിന്നും വരുന്ന കാഴ്ചയും വ്യത്യസ്തമാണ്. അതുപോലെ ജ്ഞാനിയുടെ മുഖം ഒന്ന് തന്നെ എന്നാൽ ആളുകൾ അവരുടെ മനസ്സിന്റെ അവസ്ഥയും ചിത്തവൃത്തികളുടെ ചലനവും കാരണം പല രീതിയിൽ അതിനെ അറിയുന്നു. എന്നാൽ ജ്ഞാനിയുടെ ദർശനം ശുദ്ധാത്മാവിന്റെ പ്രതിരൂപമെന്ന വണ്ണം വേണം നടത്തുവാൻ.

## 79

## ചിത്തത്തിന്റെ ആനന്ദം

**അന്വേഷകൻ** : ഋഷഭദേവന്റെ വിഗ്രഹം ചിരിക്കുന്നതായി ആനന്ദ്ഘൻജിയുടെ ഒരു പദ്യത്തിൽ പറഞ്ഞിരിക്കുന്നു. ആ വിഗ്രഹത്തിന്റെ കണ്ണുകൾ സ്ഫടികനിർമ്മിതമാണ്. അതെങ്ങനെ ചിരിക്കുന്നതായി കാണപ്പെടുന്നു ?

**ദാദാജി** : അതെ, അത് ചിരിക്കുന്നതായി കാണപ്പെടുന്നു എന്തെന്നാൽ അദ്ദേഹത്തിന്റെ ചിത്തവൃത്തികളും ചൈതന്യവും അതിൽ അധ്യാരോപം ചെയ്യപ്പെട്ടിരിക്കുന്നു. അതിനാൽ ആ വിഗ്രഹം ചിരിക്കുന്നതായി കാണപ്പെടുന്നു. ഇതിനെയാ-

ണ് പൂർണ്ണമായും പുഷ്പിതമായ ചിത്തത്തിന്റെ ആനന്ദം എന്നു പറയുന്നത്.

**അന്വേഷകൻ** : എങ്ങനെയാണു ചിത്തം പൂർണ്ണമായും ആനന്ദഭരിതമായിത്തീരുന്നത്?

**ദാദാജി** : ഒരുവന്റെ വഞ്ചനയുടെ എല്ലാ അഭിനിവേശങ്ങളും അസ്തമിക്കുമ്പോൾ ചിത്തത്തിൽ ആനന്ദം പുഷ്പിക്കും. കപടതയും ആനന്ദവും ഒരുമിച്ചിരിക്കില്ല. എന്താണ് മഹാനായ കബീർ പറഞ്ഞിരിക്കുന്നത്?

"ഈശ്വരൻ അകലെയെന്ന് കരുതി ഞാൻ, എന്നാൽ അവൻ എൻ ഹൃദയത്തിനുള്ളിലല്ലോ, എങ്കിലും കാപട്യത്തിൻ മൂടുപടം എൻ കാഴ്ചയെ മറയ്ക്കുന്നുവല്ലോ"

കാപട്യത്തിന്റെ മൂടുപടം കാഴ്ചയെ മറയ്ക്കുന്നതിനാൽ ഈശ്വരദർശനം ഉണ്ടാകുന്നില്ല. ക്ഷുദ്രവൃത്തി നശ്വരമായ വിഷയങ്ങളുടെ പുറകെ പോകില്ല. എന്റെ ശിഷ്യർ അവരുടെ ചിത്തത്തിൽ നശ്വരമായതിനു സ്ഥാനം കൊടുത്തില്ലെങ്കിൽ ചിത്തത്തിന്റെ ആനന്ദത്തോടു കൂടിയുള്ള യഥാർത്ഥ ഭക്തി ആരംഭിക്കും.

മനസ്സിന്റെയോ ചിത്തത്തിന്റെയോ കലകളിൽ കുടുങ്ങിപ്പോയവർക്ക് നശ്വരമായതിനെപ്പോലും ആസ്വദിക്കാൻ ആവില്ല.

**അന്വേഷകൻ** : അതെങ്ങനെ ?

**ദാദാജി** : ഒരുവന്റെ ചിത്തം ഒരു വിഷയത്തിൽ ഒരു സമയം എകാഗ്രപ്പെട്ടാൽ ചിലപ്പോൾ ആ അവസ്ഥയുടെ ഭാരം അടുത്ത മണിക്കൂറുകളിലും അയാൾക്ക് ബുദ്ധിമുട്ടുണ്ടാക്കാം. അയാൾ ചായ കുടിക്കുന്നത് പോലും ആ ഭാരം ചുമന്നുകൊണ്ടാകും. എല്ലാ ലൌകിക വ്യവഹാരങ്ങളിലും ചിത്തം മാത്രമാണ് ചേതനവത്തായിരിക്കുന്നത്. ചിത്തം അവിടെയില്ലെങ്കിൽ നിങ്ങൾ ചെയ്യുന്നതിന് അർത്ഥമില്ല. നിങ്ങൾ കഴിക്കുമ്പോൾ ചിത്തം അവിടെയില്ലെങ്കിൽ എന്താണ് ഗുണം ?

ചിത്തത്തെ ദുഃഖരഹിതമാക്കുക എന്നതാണ് എല്ലാ മതങ്ങളുടെയും സാരം. ആ അവസ്ഥയിലെത്തിയാൽ നിങ്ങൾക്ക് പുനർജന്മമില്ല.

**അന്വേഷകൻ** : കഴിഞ്ഞ ദിവസം രാത്രി ഞാൻ ഉറങ്ങിക്കിടക്കുമ്പോൾ സൂര്യനെപ്പോലെ ശക്തിയുള്ള ഒരു പ്രകാശം കുറേ നേരത്തേക്ക് ഞാൻ കണ്ടു, അതെന്തായിരിക്കും ?

**ദാദാജി** : അതു ചിത്തത്തിന്റെ അത്ഭുതകരമായ സൃഷ്ടിയാണ്. അത്ഭുതങ്ങൾ കാട്ടാൻ ചിത്തത്തിന് ശക്തിയുണ്ട്. ആദ്യം ചിത്തത്തിന്റെ അത്ഭുതങ്ങൾ കാണും. അതിനു ശേഷം ജ്ഞാനപ്രകാശം പരക്കും.

**അന്വേഷകൻ** : എന്തിനാണ് ക്ഷേത്രത്തിൽ മണിയടിക്കുന്നത്?

**ദാദാജി** : ചിത്തത്തെ എകാഗ്രമാക്കുവാൻ. പെരുമ്പറ മുഴക്കുമ്പോഴും മണിയടിക്കു-മ്പോഴും മനസ്സും ചിത്തവും കുറച്ച് നേരത്തേക്ക് എകാഗ്രമാകും. എന്നിരുന്നാലും ശുദ്ധാത്മാവിനെ സാക്ഷാത്കരിക്കും വരെ പൂർണ്ണമായ ഏകാഗ്രത സാധ്യമല്ല.

**അന്വേഷകൻ** : പല വിഷയങ്ങളും ചിത്തം അലയുന്നതിനു കാരണമാകുന്നു.

**ദാദാജി** : ചിത്തം ഓടിനടക്കുന്ന വിഷയങ്ങളെല്ലാം നിങ്ങൾക്ക് അഭിനിവേശമു-ള്ളവയാണ്. ബജ്ജി കഴിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നതിൽ കുഴപ്പമില്ല എന്നാൽ ചിത്തം അതിനോട് പറ്റിപ്പിടിക്കുകയും ആ വിഷയത്തിന്റെ സ്മരണയിൽ മതിമറക്കുകയും ചെയ്താൽ അതൊരു കുടുക്കാണ്. ജ്ഞാനമല്ലാതെ മറ്റെന്തിനോടും പറ്റിപ്പിടിക്കുന്നത് കെണിയിൽപെടുന്നതിനു തുല്യമാണ്. ചിത്തം ശുദ്ധാത്മാവിനു പുറത്ത് സഞ്ചരിക്കുമ്പോൾ പുനർജന്മത്തിന്റെ വിത്തുകൾ പാകപ്പെടുന്നു. ചിത്തം എപ്പോഴും ചിത്രമെടുക്കുന്നു. ചിലത് വ്യക്തമായും ചിലതവ്യക്തമായും. നിങ്ങളുടെ ചിത്രഗ്രാഹണത്തിന്റെ മികവനുസരിച്ചായിരിക്കും ചിത്രത്തിന്റെ മേന്മ. എന്നാൽ ഈ ചിത്രങ്ങൾ പിന്നീട് നിങ്ങൾക്ക് കാണേണ്ടതും അത് അനുഭവിക്കേണ്ടതും ആണ്. അതിനാൽ നല്ല ചിത്രങ്ങൾ എടുക്കുക. ചിത്തത്തിന് വേണ്ടി ഫിലിം പാഴാക്കാതെയിരിക്കുക.

## 80

## അഹങ്കാരം

**ദാദാജി** : അന്തക്കരണത്തിന്റെ നാലാമത്തെയും അവസാനത്തെയും ഘടകമാണ് അഹങ്കാരം.

**അന്വേഷകൻ** : സർ, എന്താണ് അഹങ്കാരം ?

**ദാദാജി** :മനസ്സിനോടും ചിത്തത്തോടും യോജിച്ച് ബുദ്ധി നിശ്ചയിക്കുന്നതിനെ പ്രമാണീകരിക്കുന്നതാണ് അഹങ്കാരം. അഹങ്കാരം അംഗീകരിച്ചില്ലെങ്കിൽ ഒരു കർമ്മവും നടക്കില്ല. എന്നാൽ ബുദ്ധി ഒരു തീരുമാനം എടുക്കുമ്പോൾ അഹങ്കാരം അതുമായി താദാത്മ്യം പ്രാപിക്കുകയും കർമ്മം നടക്കുകയും ചെയ്യുന്നു. ഒരു ജ്ഞാ-നിയുടെ അഭിപ്രായത്തിൽ 'ഞാൻ അമിത് ആകുന്നു' എന്നതാണ് ആദ്യത്തെയും പ്രധാനപ്പെട്ടതുമായ അഹങ്കാരവൃത്തി. ലോകം മുഴുവൻ ആ ഒരു അച്ചുതണ്ടിൽ നിലനിൽക്കുന്നു. 'ഞാൻ അമിത് ആകുന്നു' എന്ന അഹങ്കാരവൃത്തി ഇല്ലാതെയാ-കുമ്പോൾ മോക്ഷം ലഭിക്കും. യാതൊന്നിനെ ആധാരമാക്കിയാണ് ഈ ജീവിതം നിലനിൽക്കുന്നത് ? കാലിനെയാണോ ? ശരീരത്തെയാണോ ? രണ്ടിനെയുമല്ല, അതു നിൽക്കുന്നത് "ഞാൻ ആണ്" എന്നതിലാണ്. "ഞാൻ ശുദ്ധാത്മാവാണ്"

എന്ന ശുദ്ധബോധത്താൽ ഒരുവന് മോക്ഷം നേടാം. ബാക്കി എല്ലാ അഹം-വൃത്തികളും ജനിമൃതികൾക്ക് കാരണമാകും.

**അന്വേഷകൻ** : കൂടുതൽ വിശദമാക്കു. സാധാരണ നാം അഭിമാനത്തെ അഹം എന്ന് പറയുന്നു.

**ദാദാജി** : അനാത്മാവിലുള്ള ആത്മബുദ്ധി അഹങ്കാരം ആണ്. ശുദ്ധാത്മാവിലുള്ള അഹംബുദ്ധി അഹങ്കാരമല്ല. 'ഞാൻ ആണ്' എന്നത് ഒരുവന്റെ ഉണ്മയെ ആണ് അർത്ഥമാക്കുന്നത്. ഈ ഞാൻ എവിടെയാണ് ലക്ഷ്യമാക്കുന്നത് എന്ന് നിങ്ങൾക്ക് ശരിക്കറിയില്ല. ഒരുവന് അനാത്മാവിൽ ആത്മാവിനെ ദർശിക്കാൻ യാതൊരു അവകാശവുമില്ല. ഞാൻ ആരെന്നു അതിന്റെ യഥാർത്ഥ അർത്ഥത്തിൽ ഒരുവന് അറിയില്ലേ ? ഈ രഹസ്യം അറിഞ്ഞാൽ യുദ്ധം ജയിച്ചു.

ലോകം അതിന്റെ വഴിയിൽ സഞ്ചരിക്കുന്നു. ആരും അതിനെ ചലിപ്പിക്കുന്നില്ല, അതിനു കഴിയുകയുമില്ല. ഈ വലിയ ലോകത്തെ ഞാൻ നിയന്ത്രിക്കുന്നു എന്ന് ഒരാൾ പൊങ്ങച്ചം പറഞ്ഞേക്കാം. ആത്മാവിനെ സാക്ഷാത്കരിക്കാത്തിടത്തോളം ഒരുവൻ ഒരു കളിപ്പാട്ടം മാത്രമാണ്.

## 81

## എന്തിനെയാണ് ത്യജിക്കേണ്ടത്?

**ദാദാജി** : മുക്തി നേടാൻ ലൌകികമായതെല്ലാം ത്യജിക്കണം എന്ന് അവർ പറയുന്നു

**ദാദാജി** : വാസ്തവത്തിൽ ഭഗവാൻ പറയുന്നു : "നിങ്ങൾക്ക് മുക്തി വേണമെങ്കിൽ ഒന്നും ത്യജിക്കേണ്ടതില്ല". അഹങ്കാരവും മമതയും ത്യജിച്ചാൽ എല്ലാം ത്യജിച്ചു. ഞാൻ എന്നത് അഹങ്കാരവും എന്റേത് എന്നത് മമതയും ആണ്. ഞാൻ, എന്റെ എന്നിവയെ മാത്രം ത്യജിച്ചാൽ മതി.

ഞാൻ നിങ്ങൾക്ക് ദീക്ഷ നൽകുമ്പോൾ ശുദ്ധാത്മാവിനെ സാക്ഷാത്കരിപ്പിക്കുകയും അഹങ്കാരത്തെയും മമതയെയും ത്യജിക്കുകയും ചെയ്യും. ഒരു വശത്ത് ഞാൻ, എന്റെ എന്നിവ ത്യജിക്കുമ്പോൾ മറ്റു വശത്ത് എന്താണ് നേടുന്നതെന്ന് അറിയുമോ ? ഞങ്ങൾ ശുദ്ധാത്മാവിനെ സ്വീകരിപ്പിക്കും. അപ്പോൾ സ്വീകരണമോ ത്യാഗമോ എന്ന ചോദ്യം അസ്തമിക്കും. ഈ ത്യാഗമെല്ലാം അഹങ്കാരവിമോചനത്തിനാണ്. നിങ്ങളുടെ ഉണ്മയുടെ അനുഭവം എവിടെ പോകുന്നു ? അത് അതിന്റെ ഏറ്റവും മൂലത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. അഹംബുദ്ധിയെ ഞങ്ങൾ അതിന്റെ ശരിയായ സ്ഥാനത്ത്, ശുദ്ധാത്മാവിൽ, പ്രതിഷ്ഠിക്കുന്നു.

നിങ്ങൾക്ക് കാലത്ത് അഞ്ചു മണിക്ക് എഴുന്നേൽക്കണമെങ്കിൽ തീർച്ച-യായും അതു സാധിക്കും. ഉറച്ച സങ്കൽപം മറ്റൊരു വാക്കിൽ പറഞ്ഞാൽ അഹം-ഭാവമാണ്. അതുകൊണ്ട് ഒന്നും സാധ്യമല്ലാതെയില്ല.

**അന്വേഷകൻ** : ഒരു ഉദാഹരണം പറയൂ.

**ദാദാജി** : ഒരിക്കൽ സ്വാമി സഹജാനന്ദജി കത്തിയവാറിൽ പോയപ്പോൾ രാജാവ് അദ്ദേഹത്തെ സന്ദർശിച്ചു. ആ രാജാവ് സ്വാമിജിയോടു പറഞ്ഞു. "ഒരു സാധു വന്നു. അദ്ദേഹം ഭൂമിക്കടിയിൽ രാത്രിമുഴുവൻ കിടക്കും" സ്വാമിജി പറഞ്ഞു : "അദ്ദേഹം എന്റെ മുന്നിൽ ഈ പരീക്ഷണം നടത്തട്ടെ". സാധു രാത്രി മുഴുവൻ മണ്ണിനടിയിൽ കിടന്നു. സ്വാമിജി അപ്പോൾ രാജാവിനോട് പറഞ്ഞു : "എപ്പോഴും നീ അയാളെ വാദ്യമേളങ്ങളോടു കൂടി സ്വീകരിക്കുന്നു. എന്നാൽ ഇത്തവണ അതു നിർത്തുക. അയാൾ മൺകുഴിയിൽ നിന്നും പുറത്തുവരുന്ന ദിവസം രണ്ടു ഭടന്മാരെ മാത്രം അയക്കുക." അതു ചെയ്യപ്പെട്ടു. സാധു പുറത്തു വന്നപ്പോൾ വാദ്യമേളങ്ങൾ ഇല്ല, രാജാവുമില്ല. അയാൾ ഉച്ചത്തിൽ അലറി-വിളിക്കാനും തുടങ്ങി. "രാജാവ് എവിടെ ? രഥം എവിടെ ? മേളം എവിടെ ? അങ്ങനെ അലറിവിളിക്കവേ ആ സാധു കുഴഞ്ഞു വീണു.

അയാളുടെ അഹങ്കാരം ജീവിച്ച സമയം വരെ അയാൾ ജീവിച്ചു, അതു പോഷിപ്പിക്കപ്പെടാതെയിരുന്നപ്പോൾ അയാൾ മരിച്ചു. യഥാർത്ഥത്തിൽ നിങ്ങൾ അല്ലാത്ത ഒന്നിൽ സ്വയം അദ്ധ്യാരോപം ചെയ്യുന്നതാണ് അഹങ്കാരം. ആത്മാവ് ഒരിക്കലും മരിക്കുന്നില്ല.

അഹങ്കാരം ആണ് മരിക്കുന്നത്, വീണ്ടും ജനിക്കുന്നതും. അഹംഭാവം വിഷയീകരിക്കാത്തിടത്തോളം കാലം മരണം വരികയില്ല. എന്നാൽ നിർഭാഗ്യ-വാനായ വ്യക്തിക്ക് അതിൽ നിന്നും രക്ഷപെടാനാവില്ല. ഒരു മനുഷ്യൻ വളരെ പരിതാപകരമായ അവസ്ഥയിൽ കിടപ്പിലാകുമ്പോൾ അയാൾ താൻ മരിച്ചി-രുന്നെങ്കിൽ നന്നായിരുന്നു എന്ന് ദൃഢീകരിക്കുന്നു. അങ്ങനെ മരണം സാക്ഷ്യ-പ്പെടുന്നു.

## 82

## ആരാണ് ഭോക്താവ്?

**അന്വേഷകൻ** : അഹങ്കാരത്തെക്കുറിച്ച് കൂടുതൽ പറയുമോ

**ദാദാജി** : ശുദ്ധാത്മാവ് ഒന്നിനെയും അനുഭവിക്കുന്നില്ല. ഒരു വസ്തുവിനെയും അനുഭവിക്കാൻ ശുദ്ധാത്മാവിനു ഒരിക്കലും കഴിയില്ല. അനുഭവിക്കുക എന്നത്

ശുദ്ധാത്മാവിന്റെ സഹജസ്വഭാവം ആയിരുന്നെങ്കിൽ ആ സ്വഭാവം ആത്മാവിനെ ഒരുകാലത്തും വിട്ടുകയുമില്ല. മോക്ഷം സാധ്യമല്ലാതെ വരികയും ചെയ്യും. ഭോക്താവ് താൻ അനുഭവിച്ചു എന്ന് അഭിമാനിക്കുന്നു.

ഇന്ദ്രിയങ്ങൾ കാര്യത്തിനു വിധേയമാണ്. അവ കാരണത്തിന്റെ കാര്യങ്ങൾ അനുഭവിക്കുമ്പോൾ ഭ്രമിച്ചിരിക്കുന്ന വ്യക്തി പറയും : "ഞാൻ അനുഭവിച്ചു, ഞാൻ അനുഭവിച്ചു". ഞാൻ കർത്താവാണ് എന്ന മിഥ്യാഭിമാനം ഉപേക്ഷിച്ചാൽ മുക്തി വിദൂരമല്ലെന്ന് മനസ്സിലാകും. മുക്തി ഈ ശരീരത്തിൽ ഇപ്പോൾ സാധ്യമാണ്.

ജനങ്ങളുടെ പെരുപ്പമല്ല ഉള്ളത് അഹങ്കാരത്തിന്റെ പെരുപ്പമാണ്. ഈ ആൾക്കൂട്ടത്തിനിടയിൽ ജ്ഞാനത്തോട് കൂടി ഒരാൾക്ക് ജീവിക്കാം. പ്രകൃതി അതിന്റെ നിയമങ്ങൾ അനുസരിക്കുന്നു. ശുദ്ധാത്മാവ് അതിന്റെ സ്വഭാവത്തെ പിന്തുടരുന്നു. ആത്മാവിനും അനാത്മാവിനും ഇടയിലുള്ള അഹങ്കാരമാണ് ദുരിതത്തിന് കാരണം. ചെയ്യാൻ പാടില്ലാത്തത് അത് ചെയ്യുന്നു. ഈ ലോകം മുഴുവൻ അഹം എന്ന അച്ചുതണ്ടിലാണ്. ഒരു ജീവന്റെ നാലുതരത്തിലുള്ള ഗതി ഈ അഹങ്കാരം കാരണമാണ്. ഈ അഹങ്കാരമാണ് നമ്മെ ഈശ്വരനിൽ നിന്നും അകറ്റിയത്.

സൌന്ദര്യമുള്ള ഒരു മനുഷ്യൻ പോലും അഹങ്കാരത്താൽ വിരൂപനായിത്തീരുന്നു. എപ്പോഴാണ് ഒരാൾ സൌന്ദര്യം ഉള്ളവനാകുന്നത് ? സ്നേഹം നിറഞ്ഞവനോ എല്ലാത്തിനെയും സ്നേഹിക്കുന്നവനോ ആകുമ്പോൾ ഒരുവൻ സൌന്ദര്യമുള്ളവനാകുന്നു. മുഖത്ത് ട്യൂമർ ഉള്ള ഒരാൾ എത്ര വിരൂപനായാണ് കാണപ്പെടുന്നത്? സുന്ദരൻ അഹങ്കാരം എന്ന ട്യൂമറാൽ വിരൂപനായി കാണപ്പെടുന്നു.

**അന്വേഷകൻ** : പല തരത്തിലുള്ള അഹങ്കാരം ഉണ്ടോ ?

**ദാദാജി** : ഞാൻ ഈ അനാത്മവസ്തു ആണെന്ന് പറഞ്ഞ നിമിഷം തന്നെ അഹങ്കാരമാണ്. അഭിമാനം, ധിക്കാരം, ഗർവ്വ് , അസൂയ, പ്രതാപം, ബഹുമാനവും പുച്ഛവും, ആദരവില്ലായ്മ എന്നിങ്ങനെയുള്ള വാക്കുകൾ പല സമയത്തും ഉപയോഗിക്കപ്പെടുന്നു. എന്നാൽ എല്ലാവരും അഹങ്കാരത്തിന്റെ സ്ഥൂലാർത്ഥം മാത്രമേ ഗ്രഹിച്ചിട്ടുള്ളൂ. അതിനാൽ ജ്ഞാനികൾ പല പേരുകൾ ഉപയോഗിക്കുന്നു.

**അന്വേഷകൻ** : ചില ആളുകൾ അവരെത്തന്നെ അഹങ്കാരമില്ലാത്തവർ എന്ന് വിളിക്കുന്നു.

**ദാദാജി** : സ്ഥൂലമായി അഹങ്കാരമുള്ളവരെക്കാൾ ഭ്രമത്തിലാണ് സ്വയം അഹങ്കാരം ഇല്ലാത്തവർ എന്ന് അഭിമാനിക്കുന്നവർ. അയാൾ അതിൽ ഏറെ അഭിമാനിക്കുന്നു. അങ്ങനെ അഭിമാനിക്കുന്നവർ ചിലപ്പോൾ ഒരു മൂർഖനെപ്പോലെ തലയുയർത്തും. ആത്മജ്ഞാനം കൂടാതെ അഹങ്കാരം നശിക്കുകയില്ല. എന്നാൽ ആളുകൾ അഹങ്കാരരഹിത അവസ്ഥക്കായി അതിൽ നിന്നുണ്ടാകുന്ന അപകടം മനസ്സിലാകാതെ ഓരോന്നിൽ ഇടപെട്ടു ഭ്രമിക്കുന്നു. അഹങ്കാരരഹിതനെന്ന അഭിമാനത്തിൽ നിന്നുളവാകുന്ന അഹങ്കാരത്തിന്റെ സൂക്ഷ്മവും അപകടകരവുമായ രൂപത്തെക്കുറിച്ച് ചിന്തിക്കു.

**അന്വേഷകൻ** : പിന്നെ എങ്ങനെ ഒരുവൻ അഹങ്കാരത്തെ ഇല്ലാതെയാക്കും ?

**ദാദാജി** : ആത്മജ്ഞാനത്തിനു ശേഷം അന്തക്കരണം അതുപോലെ നിലനിൽക്കും. ജ്ഞാനിപുരുഷൻ നിങ്ങളുടെ നിങ്ങൾ അല്ലാത്ത ഒന്നിൽ ഉള്ള ഭ്രമത്തെ ഇല്ലാതെയാക്കും.

നിങ്ങളുടെ 'ഞാൻ' യഥാർത്ഥ 'ഞാനി'ൽ ഞാൻ പ്രതിഷ്ഠിക്കും. പിന്നീട് നിങ്ങളുടെ വ്യവഹാരത്തെ നിയന്ത്രിക്കുന്നത് അന്തക്കരണത്തിലെ പോകാൻ മടിച്ചു നിൽക്കുന്ന അഹങ്കാരം ആയിരിക്കും. അതിനെ പൂർണ്ണമായും നിരോധിക്കുകയല്ല മറിച്ച് എല്ലായിടത്തും ഓടിപ്പോകുന്നതിനുള്ള താത്പര്യം ഇല്ലാതെയാക്കുകയാണ്.

## 83

## അഹങ്കാരത്തിന്റെ സത്തിനെ വേർതിരിച്ചെടുക്കുക

**അന്വേഷകൻ** : എന്റെ മനോവികാരങ്ങൾ മിക്കവാറും വ്രണപ്പെടുന്നു

**ദാദാജി** : നിങ്ങൾ ഒരിടത്ത് പോകുമ്പോൾ, ഹേ വിഡ്ഢീ നേരെ നടക്കു, എന്നൊരാൾ പറയുന്നു. ആ നിമിഷം അഹങ്കാരം പ്രകോപിക്കപ്പെടുകയും വ്രണപ്പെടുകയും ചെയ്യുന്നു. നിങ്ങൾക്ക് അമർഷമുണ്ടാകുന്നു. നിങ്ങൾ അസ്വസ്ഥനാകേണ്ട എന്തെങ്കിലും അവിടെയുണ്ടോ ?

ഒരിക്കൽ യാഥാർത്ഥ്യത്തെ അറിഞ്ഞാൽ അഹങ്കാരത്തെ ഗുണകരമായി ഉപയോഗിക്കണം. ഇപ്പോൾ നാം അസ്വസ്ഥനാകേണ്ട ഒരു കാരണവും ഇല്ല. അതിനാൽ അതിനെ ഉപയോഗിക്കണം.

ആരും അപമാനിതനാകാൻ ഇഷ്ടപ്പെടുന്നില്ല. എന്നാൽ ഞാൻ പറയുന്നു അതു വളരെ ഉപകാരപ്രദമാണ്.

**അന്വേഷകൻ** : അപമാനം എങ്ങനെ ഉപകാരപ്രദമാകും ?

**ദാദാജി** : ബഹുമാനവും അപമാനവും അഹങ്കാരത്തിന്റെ മധുരമുള്ളതും കയ്പ്പുള്ളതുമായ സത്താണ്. നിങ്ങളെ അപമാനിക്കുന്ന ആൾ നിങ്ങളുടെയുള്ളിലെ കയ്പ്പുസത്തിനെ ഞെക്കിപ്പിഴിയാൻ വന്നതാണ്. നീ മണ്ടനാണ് എന്ന് ആരെങ്കിലും പറഞ്ഞാൽ ആ കയ്പ്പുരസം അയാൾ പിഴിഞ്ഞുകളയുന്നു. കുലികൊടുക്കാതെ തന്നെ അഹങ്കാരം പൊട്ടിപ്പൊളിയും. അഹങ്കാരം നിറയെ ഈ സത്തോട് കൂടിയതാണ്. ആരെങ്കിലും അതു പിഴിഞ്ഞെടുത്താൽ വേദന തോന്നും. അതിനാൽ സ്വാഭാവികമായി അവബോധത്തോടെ അതു സംഭവിക്കട്ടെ. മറ്റൊരാൾ ബോധപൂർവ്വം നിന്നിൽ നിന്നും അതു പിഴിഞ്ഞെടുക്കുകയാണെങ്കിൽ അതിലും ഉപകാരപ്രദമായത് എന്തുണ്ട് ? ആ മാന്യൻ നൽകുന്ന ഏറ്റവും വലിയ സഹായം ആകും അത്.

നമ്മുടെ പരിശ്രമത്താൽ അഹങ്കാരത്തിന്റെ നീര് പൂർണ്ണമായി പിഴിഞ്ഞെടുക്കുമ്പോൾ ജീവിതത്തിന്റെ കടംകഥക്ക് പരിഹാരമാകും.

അഹങ്കാരവും ഉപാകാരപ്രദമാണ്. അല്ലെങ്കിൽ ലൌകികവ്യവഹാരങ്ങൾ എങ്ങനെ നടക്കും ?

എങ്കിലും ഒരു കാര്യം വേണ്ടത് അഹങ്കാരവൃത്തിയിൽ അഭിരുചിയുണ്ടാകാതെ ആവിഷ്കരിക്കുക എന്നതാണ്. നാം ശുദ്ധീകരിക്കേണ്ടാത് മറ്റൊരാൾ ചെയ്തുതരുന്നു എന്നതാണ് ഇവിടെ ലാഭം.

ജ്ഞാനിപുരുഷൻ അബുദ്ധനാണ്. എന്നാൽ അറിയൂ, അഹങ്കാരത്തിന്റെ എല്ലാ നീരും പിഴിഞ്ഞുകളയാൻ അദ്ദേഹത്തിനു ശക്തിയുണ്ട്. എന്നാൽ നിനക്ക് ആ ശക്തികളില്ല. അതിനാൽ നിന്നെ അപമാനിച്ച് നിന്റെ അഹങ്കാരത്തെ ആരെങ്കിലും പിഴിഞ്ഞുകളയുന്നെങ്കിൽ നീ സന്തോഷിക്കുക. നിന്റെ ജോലിഭാരം അയാൾ കുറച്ചിരിക്കുന്നു. നീ വളരെ ലാഭം നേടി. എന്താണ് ഗുണകരമെന്നു നാം നോക്കേണ്ടതുണ്ട്. ഇതു തികച്ചും ലാഭകരമാണ്. നിങ്ങളുടെ കയ്പുരസം പോയെങ്കിൽ അഹങ്കാരം നാടകീയമായി അതിന്റെ ജോലികൾ ചെയ്തുകൊള്ളും. അഹങ്കാരം ഇല്ലാതാക്കപ്പെടുകയല്ല മറിച്ച് അതിന്റെ സത്തു കളഞ്ഞു ആവിഷ്കരിക്കുകയാണ്.

അഹങ്കാരം ഉപകാരപ്രദമാണ്. ഭക്ഷണം കഴിക്കാൻ ഇരിക്കുമ്പോൾ നമ്മൾ , "ആഹ ഈ കറി എന്തു രുചികരമാണ്", എന്നിങ്ങനെ പുകഴ്ത്താറില്ലേ ? മറ്റൊരാളെ പ്രോത്സാഹിപ്പിക്കാൻ വേണ്ടി.

## 84
## പുഞ്ചിരിച്ചുകൊണ്ട് വിഷം കുടിക്കൽ

**അന്വേഷകൻ** : ആരുടേയും അഹന്തയെ മുറിവേൽപ്പിക്കരുത് എന്ന് പറയുന്നു.

**ദാദാജി** : സത്യമാണ്. ആരുടെയെങ്കിലും അഹങ്കാരം നമ്മാൽ മുറിവേൽക്കപ്പെട്ടാൽ അയാൾക്ക് വേദനയുണ്ടാകും. ഇപ്പോൾ നമുക്ക് മറ്റുള്ളവരെ വേദനിപ്പിക്കാതെയിരിക്കുന്നതിന്റെ ഗുണം അറിയാം. ആർക്കും അരുചികരമായ പ്രവൃത്തി ചെയ്യാതിരിക്കുന്നതാണ് നല്ലത്.

കവിരാജ നവനീത് എന്ന കവി ജ്ഞാനിപുരുഷനെക്കുറിച്ച് പാടിയിരിക്കുന്നു.

"ശ്രേഷ്ഠപുരുഷൻ പുഞ്ചിരിച്ചുകൊണ്ട് വിഷം പാനം ചെയ്യുന്നു, നീലകണ്ഠനായ ആര്യൻ, ഉപചാരമോ ബഹുമാനമോ ആവശ്യപ്പെടാത്ത വൈരാഗിയായ സന്ന്യാസി"

**അന്വേഷകൻ** : വിശദീകരിക്കു സർ

**ദാദാജി** : കവിരാജ നവനീത് ഈ വരികൾ എനിക്കു വേണ്ടി എഴുതിയതാണ്. ഞാൻ നീലകണ്ഠനായ ശിവനായിരിക്കുന്നു. അപമാനങ്ങളുടെ വിഷത്തെ എനിക്കു തന്നാലും ഞാൻ അതു ചിരിച്ചുകൊണ്ട് കുടിക്കുന്നു. ഞാൻ ചിരിച്ചുകൊണ്ട് അതു കുടിക്കുന്നു, തന്നവനെ അനുഗ്രഹിക്കുന്നു. അതിനാൽ ഞാൻ നീലകണ്ഠനായ ശിവനാകുന്നു.

**അന്വേഷകൻ** : എങ്ങനെയാണ് ഒരാൾക്ക് വിഷമാണെന്ന് അറിഞ്ഞു അതു ചിരിച്ചുകൊണ്ട് കുടിക്കാൻ കഴിയുക ?

**ദാദാജി** : നിങ്ങൾ അപമാനരൂപത്തിലുള്ള വിഷത്തെ പാനം ചെയ്യേണ്ടതായുണ്ട്. അതു വ്യവസ്ഥിതത്തിലെ നിങ്ങളുടെ ഇടപാടിലുള്ളതാണ്. ചിരിച്ചു കൊണ്ട് കുടിക്കുക. നിങ്ങൾക്ക് കുടിക്കാൻ ഇഷ്ടമില്ലെങ്കിലും അതിനു നിർബന്ധിതനാകുന്നു. എങ്കിൽ പിന്നെ ചിരിച്ചുകൊണ്ട് അതു നല്കിയവനെ അനുഗ്രഹിച്ച് കുടിച്ചു കൂടെ ? അങ്ങനെ ചെയ്യാതെ എങ്ങനെ ഒരുവൻ നീലകണ്ഠനാകും ?

നിങ്ങൾ നീരസത്തോടെ ഇരുന്നാൽ മൂല്യത്തിൽ നിങ്ങൾ താഴോട്ടു പതിക്കും. ഉയർന്ന അവസ്ഥയിലേക്ക് എത്തുവാനുള്ള നിങ്ങളുടെ അവസരം നഷ്ടപ്പെടും. എനിക്കു നൽകപ്പെട്ട വിഷം പുഞ്ചിരിച്ചു കൊണ്ട് കുടിച്ചും തന്നവരെ അനുഗ്രഹിച്ചും ഞാൻ നീലകണ്ഠനായി മാറി.

**അന്വേഷകൻ** : അത്തരത്തിലുള്ള ബലം എങ്ങനെ നേടും ?

**ദാദാജി** : "ഞാൻ അമിത് ആകുന്നു" എന്ന ചിന്തയുള്ളിടത്തോളം കാലം എല്ലാം

നിങ്ങൾക്ക് കയ്പ്പേറിയതാകും. എന്നാൽ എനിക്ക് എല്ലാം അമൃതാണ്. മാനാപമാനം, മധുരാമ്ലങ്ങൾ ഇവയെല്ലാം ദ്വന്ദങ്ങൾ ആണ്. നാം അതിൽ നിന്നും മുക്തനാണ്. നാം ദ്വൈതങ്ങളിൽ നിന്നും മുക്തനായതിനാൽ ആണ് ഈ സത്സംഗത്തിൽ ഇരിക്കുന്നത്. എല്ലാവരും ദ്വൈതാതീതമായ അവസ്ഥയെ പ്രാപിക്കേണ്ടതുണ്ട്. കയ്പ്പുള്ള മിശ്രമദ്യം ഒരാൾ നിങ്ങളെ കുടിപ്പിക്കുകയാണെങ്കിൽ ചിരിച്ചുകൊണ്ട് അയാളെ അനുഗ്രഹിച്ച് കുടിക്കുമ്പോൾ നിങ്ങളുടെ അഹങ്കാരം ശമിക്കും. ഇത് മറ്റെയാളെയും സഹായിക്കും

**അന്വേഷകൻ** : നമുക്ക് വിഷം തന്ന ആൾക്ക് ഇതു ഗുണകരമാകുന്നതെങ്ങനെയാണ്?

**ദാദാജി** : നിങ്ങൾക്ക് കയ്പ്പുരസം നൽകിയ ആൾക്ക് പുനർചിന്തനം ഉണ്ടാകുകയും അയാൾക്ക് ആ മാറ്റത്താൽ ഗുണം ഉണ്ടാകുകയും ചെയ്യാം. നിങ്ങളെ കയ്പുള്ള മദ്യം കഴിപ്പിച്ചത് അയാളുടെ ബലഹീനതയാണെന്നും നിങ്ങൾ ശക്തനാണെന്നും ഉള്ള തോന്നൽ അയാളിൽ ഉണ്ടാകാം. എന്തെന്നാൽ നിങ്ങൾ വൈമനസ്യം കൂടാതെ അതു കുടിച്ചു.

**അന്വേഷകൻ** : ആരും കയ്പുള്ളത് കഴിക്കാൻ സ്വയം ഇഷ്ടപ്പെടുന്നില്ല

**ദാദാജി** : തീർച്ചയായും ഇല്ല. ഒരാൾ അയാളുടെതായി നമുക്ക് നൽകുമ്പോൾ അത് എത്ര ഉപകാരപ്രദമാകുന്നു. നമുക്ക് നൽകുന്നയാൾ അമ്മയെ പോലെയാണ് അതിനാൽ കുടിക്കാതിരിക്കാൻ നിർവാഹമില്ല. അതു കുടിച്ചാലേ നീലകണ്ഠനാകാൻ കഴിയൂ.

നാം നമ്മോടു പറയണം : " ഇതൊരു നൂറു തവണ ഞാൻ കുടിക്കണം". എങ്കിൽ നിങ്ങൾ ക്രമേണ അതിനോട് പൊരുത്തപ്പെടും. ഒരു കുട്ടിയെ കയ്പ്പുള്ള മരുന്നു കഴിപ്പിക്കേണ്ടി വരുന്നു. എന്നാൽ ആ മരുന്നു രോഗം മാറ്റുന്നതെന്നറിഞ്ഞാൽ നിർബന്ധിക്കേണ്ട ആവശ്യമില്ല. കുട്ടി തനിയെ അതു കുടിക്കും. കയ്പ്പുള്ള ഈ മരുന്നു കുടിക്കാൻ നിങ്ങൾ തീരുമാനിച്ചാൽ നിങ്ങൾക്ക് അതു കുടിക്കുവാൻ ആകും. എന്നാൽ കയ്പ്പുള്ള മരുന്നു എങ്ങനെ കുടിക്കണമെന്നു നിങ്ങൾ അറിയേണ്ടതുണ്ട്. എന്നെങ്കിലുമൊരിക്കൽ അതു കുടിക്കേണ്ടി വരും അതിനാൽ ഇപ്പോഴേ പരിശീലിച്ചുകൂടെ ?

**അന്വേഷകൻ** : മറ്റുള്ളവരുടെ മുന്നിൽ വച്ച് അപമാനിച്ചാൽ നാം വ്രണപ്പെടും

**ദാദാജി** : അപമാനിതനാകുന്നത് അനുഗ്രഹമെങ്കിൽ അതിൽ നഷ്ടമില്ലല്ലോ ?

നിങ്ങൾ പറയുന്നു : "ഞാൻ ശുദ്ധാത്മാവാണ്" പക്ഷെ ആ അവസ്ഥയിൽ നിനക്ക്

എപ്പോഴും ഇരിക്കണ്ടേ ? അതിനാൽ നിന്റെ സർവ്വശക്തിയും ഉപയോഗിച്ച് അഹങ്കാരത്തെ മാറ്റേണ്ടതുണ്ട്.

ഒരു നാടോടിയെ രാജാവാക്കി. രാജാവിന്റെ സിംഹാസനത്തിൽ ഇരുന്ന അയാൾ "ഞാൻ നാടോടിയാണ്" എന്ന പറഞ്ഞാൽ എത്ര പരിഹാസ്യമാണ്. ഒരിക്കൽ ശുദ്ധാത്മാവിന്റെ അവസ്ഥ സാക്ഷാത്കരിച്ചുകഴിഞ്ഞാൽ മറ്റു മമതകൾ ഉണ്ടാകില്ല.

അഹങ്കാരത്തിന്റെ മധുരാമ്ലരസങ്ങളിൽ നിന്നും നിനക്കു മോചിതനാകണ്ടേ ? പിന്നെ എന്തിനു നീ അതിൽ ഇരിക്കുന്നു. ശുദ്ധാത്മാവാണ് എന്ന് നീ നിശ്ചയിച്ചു-കഴിഞ്ഞാൽ അതിനോട് നീ നീതിപുലർത്തണം അല്ലാതെ അനാത്മാവിനോടല്ല. ക്ഷണികമായ വസ്തുക്കളിൽ ആകർഷണം ഉണ്ടാകാതെയിരിക്കാൻ പ്രാർത്ഥനാ-സമയം നീ പറയുക "ഞാൻ ശുദ്ധാത്മാവാകുന്നു"

**അന്വേഷകൻ** : പൂക്കൾ അർപ്പിക്കുമ്പോൾ ആളുകൾ പരിഹസിച്ചു ചിരിക്കുന്നു. എന്നാൽ കല്ലെറിഞ്ഞാൽ എന്തു സംഭവിക്കും ?

**ദാദാജി** : അഹങ്കാരത്തെ വിഷയാഭിരുചിയോടു കൂടാത്തതാക്കാൻ വളരെ പ്രയാസമാണ്. അതിനാൽ ആരെങ്കിലും നിങ്ങൾക്കായി അതു ചെയ്തു തരുന്നെ-ങ്കിൽ അതു വളരെ നല്ല കാര്യമാണ്. ആ സമയം മുതൽ അഹങ്കാരം ഒരു നാടക-നടനെപ്പോലെ ആകും. ആന്തരികപ്രവർത്തനങ്ങൾ ശരിയായി നടക്കുകയും ചെയ്യും.

ഇതു വളരെ ലാഭകരമെന്ന് നീ അറിയുമ്പോൾ നിനക്ക് നൽകുന്നത് സന്തോ-ഷത്തോടെ സ്വീകരിക്കാതിരിക്കരുത്. അഹങ്കാരം അഭിരുചിരഹിതമായിത്തീ-രുമ്പോൾ ശുദ്ധാത്മാവ് പൂർണ്ണമായും വെളിപ്പെടും. അതിനാൽ അഹങ്കാരത്തെ അഭിരുചിരഹിതമാക്കാൻ നിശ്ചയിക്കുക.

ഈ കയ്പുള്ള മരുന്നു നിനക്ക് പാകമാണെങ്കിൽ എല്ലാ ദുരിതങ്ങളും അവസാനിക്കും. ഇതു ലാഭമുള്ള കച്ചവടമാണെന്നു ഇപ്പോൾ നിനക്കറിയാം. മധുരമുള്ള ഈ ജീവിതം തുല്യ കയ്പോടും കൂടിയതാണ്. അതിനാൽ ആദ്യം കയ്പുള്ള മരുന്നു കുടിക്കു, അപ്പോൾ മധുരമുള്ള മരുന്നു സ്വാഭാവികേന വന്നു-കൊള്ളും. ഈ കയ്പേറിയ മരുന്നു ദഹിച്ചാൽ അതൊരു വലിയ നേട്ടമാണ്.

85

## അദൃശ്യമായ തപസ്സ് എന്താണ്?

**അന്വേഷകൻ** : എല്ലാ മതങ്ങളും തപശ്ചര്യകൾ അനുഷ്ഠിക്കാൻ പറയുന്നു.

**ദാദാജി** : യാഥാർത്ഥ തപസ്സ് അദൃശ്യമാണ്

**അന്വേഷകൻ** : അതെങ്ങനെ ?

**ദാദാജി** : നോക്കൂ, അഹങ്കാരം എന്നത് അറിയപ്പെടുന്നതും, നീ, അതായത് ശുദ്ധാത്മാവ് അറിയുന്നവനും ആണ്. എവിടെയാണോ ദൃക്ദൃശ്യബന്ധം ഉള്ളത് അറിയപ്പെടുന്ന വസ്തു (അഹങ്കാരം) അറിയുന്നവന്റെ നഷ്ടത്തിൽ സംരക്ഷിക്കപ്പെടേണ്ടതല്ല. നിങ്ങൾ അഹങ്കാര ത്തെയാണ് സംരക്ഷിക്കുന്നതെങ്കിൽ അതിന്റെ മറ്റു ദൌർബല്യങ്ങളെയും സംരക്ഷിക്കേണ്ടി വരും. അവയെല്ലാം അറിയപ്പെടുന്ന വസ്തുക്കളും അനേകവുമാണ്. ഇനി നീ അദൃശ്യത്തിന്റെ തപസ്സ് അനുഷ്ഠിക്കണം. അഹങ്കാരവുമായും തദ് സംബന്ധിയായ വിഷയങ്ങളുമായും താദാത്മ്യം പ്രാപിക്കാതിരിക്കാൻ നീ ജാഗ്രത പാലിക്കണം.

പൂർണ്ണമായ അവബോധം ആണ് യഥാർത്ഥ തപസ്സ്. അദൃശ്യമായ തപസ്സ്.

**അന്വേഷകൻ** : അത്തരം അദൃശ്യമായ തപസ്സ് എന്തിനാണ് ചെയ്യേണ്ടത്?

**ദാദാജി** : ഈ അദൃശ്യമായ തപസ്സ് ചെയ്യേണ്ടതുണ്ട് എന്തെന്നാൽ അനേക കാലങ്ങളായി ജീവൻ വിഷയങ്ങളുമായി താദാത്മ്യം പ്രാപിച്ചിരിക്കുന്നു. അനാത്മവസ്തുക്കളുമായുള്ള താദാത്മ്യം അദൃശ്യമായ തപസ്സാൽ ഇല്ലാതെയാകുകയും അഹങ്കാരം കീഴടങ്ങുകയും ചെയ്യും. അപ്രകാരം ജീവിതപ്രഹേളികക്ക് സമാധാനം ഉണ്ടാകുകയും ചെയ്യും. അദൃശ്യതപം ചെയ്യുവാൻ തുടങ്ങിയാൽ അതു അതിന്റേതായ പൊരുത്തപ്പെടലിൽ നടന്നുകൊള്ളും.

നീ സൌന്ദര്യമുള്ളവനെങ്കിലും നിന്നെ വിരൂപനാക്കുന്നതും, ഓരോ കാൽവെപ്പിലും ഇടർച്ചയുണ്ടാക്കുന്നതുമായ അഹങ്കാരം കൊണ്ട് എന്താണ് പ്രയോജനം ? അറിയപ്പെട്ടത് അറിയുന്നവൻ ആകില്ല. ഇതാണ് പൂർണ്ണമായ അവബോധം. ഇതാണ് പൂർണ്ണമായ തപസ്സ്. അഹങ്കാരത്തെ ഉരുക്കാൻ ഉള്ള ഈ ജാഗ്രത തന്നെയാണ് ശരിയായ തപസ്സ്.

ഈ ജീവിതയാത്രയിൽ ഒരുവന് ഉള്ളിൽ നിന്നും പുറത്തു നിന്നും വിഘ്നങ്ങൾ നേരിടാം. അഹങ്കാരം ഒരു തടസ്സമാണ്. അതിനെ നേരിടാൻ നിങ്ങൾ പൂർണ്ണമായും തയ്യാറാകണം.

മറ്റുള്ളവർ നൽകുന്ന ആദരവ് പോലും ദുസ്സഹമാണ്.

**അന്വേഷകൻ** : എങ്ങനെ ?

**ദാദാജി** : ആക്ഷേപങ്ങളെ സഹിക്കുന്ന ഒരുവന് മാത്രമേ ആദരവിനെ സ്വീകരിക്കാൻ കഴിയൂ. ഒരാൾ ഒരിക്കൽ എന്നോടു ചോദിച്ചു. : ആളുകൾ നിങ്ങൾക്ക് പൂക്കൾ

അർപ്പിക്കുന്നു. പക്ഷെ നിങ്ങൾ എന്തിനു അവ സ്വീകരിക്കുന്നു. ?". ഞാൻ പറഞ്ഞു : "അവർ എനിക്ക് ഈ പൂക്കൾ അർപ്പിക്കട്ടെ. അവർ നിങ്ങളെയും മാല അണിയിക്കട്ടെ. എന്നാൽ നിങ്ങൾക്ക് ആ ആദരവ് സഹിക്കാൻ ആവില്ല". ആളുകൾ ഈ പൂക്കളുടെ കൂട്ടം കണ്ടു അത്ഭുതപ്പെടും. നിങ്ങൾ ഒരാളെ നമസ്കരിക്കുമ്പോൾ നിരീക്ഷിക്കുക, അയാൾ അയാളുടെ ഇരിപ്പിടത്തിൽ നിന്നും എഴുന്നേൽക്കും.

## 86

## ആദരവ്-അനാദരവ് ഒരു അവലോകനം

**അന്വേഷകൻ** : അപമാനിക്കപ്പെടുമോ എന്ന ഭയം എപ്പോഴും എന്നിൽ ഉണ്ട്.

**ദാദാജി** : "അനാദരവിനെക്കുറിച്ച് ഭയം എപ്പോൾ ഇല്ലയോ ആരും നിങ്ങളെ അപമാനിക്കാൻ ധൈര്യപ്പെടില്ല.". അതു പ്രകൃതിയുടെ നിയമമാണ്. ഭയം എന്ന് വരെയുണ്ടോ അതുവരെ അത്തരം കാര്യങ്ങൾ ഉണ്ടാകും. ഭയം പോകുമ്പോൾ ഈ സംഭവങ്ങൾ ഇല്ലാതെയാകും.

നിങ്ങളുടെ പുസ്തകങ്ങളിൽ ആദരവിന്റെയും അനാദരവിന്റെയും ഒരു അവലോകനക്കണക്ക് തയ്യാറാക്കു. എപ്പോഴൊക്കെ ആളുകൾ നിങ്ങളെ അപമാനിക്കുന്നുവോ അപ്പോഴെല്ലാം അതു നിങ്ങളുടെ അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്യൂ. കടമായി വക്കരുത്. നിങ്ങളുടെ കയ്പുള്ള അനുഭവം ചെറുതോ വലുതോ ആകട്ടെ അതു കണക്കുപുസ്തകത്തിൽ എഴുതി വയ്ക്കുക. മാസത്തിൽ നൂറു അപമാനങ്ങൾ ക്രെഡിറ്റ് ചെയ്യാൻ തീരുമാനിക്കുക. കൂടുതൽ അപമാനം എന്നാൽ കൂടുതൽ ലാഭം എന്ന് നിങ്ങളുടെ മനസ്സിനെ ബോധ്യപ്പെടുത്തുക. എഴുപതെ കിട്ടിയുള്ളൂ എങ്കിൽ ബാക്കി മുപ്പത് നിങ്ങൾക്ക് നഷ്ടമാണ്. അപ്പോൾ അടുത്ത മാസം നൂറു തികയ്ക്കാൻ നിങ്ങൾ ഉദ്ദേശിക്കും.

മുന്നൂറ് അപമാനങ്ങൾ അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്ത ആൾക്ക് അപമാനത്തെക്കുറിച്ച് ഭയമുണ്ടാകുകയില്ല. അയാൾ നദിയുടെ അക്കരെ കടക്കും.

അതിനാൽ നിങ്ങൾ നിങ്ങളുടെ കണക്കുപുസ്തകത്തിൽ മാസാദ്യം മുതൽ അക്കൌണ്ട് വിവരങ്ങൾ എഴുതിതുടങ്ങണം. ഇതു നിങ്ങൾക്ക് ചെയ്യാൻ കഴിയില്ലേ ? ഒരു ജ്ഞാനിയെ നമസ്കരിക്കാൻ നിങ്ങൾ കൈകൾ മടക്കുമ്പോൾ നിങ്ങളുടെ അഹങ്കാരം ശുദ്ധീകരിക്കപ്പെടുന്നു. നിങ്ങളുടെ നെറ്റി പാദങ്ങളിൽ നമസ്കരിക്കുമ്പോൾ നിങ്ങൾ നിങ്ങളുടെ അഹങ്കാരത്തെ ആ പാദങ്ങളിൽ അർപ്പിച്ചു

എന്നാണ്. നിങ്ങളുടെ അഹങ്കാരത്തെ പരിത്യജിക്കുമ്പോൾ നിങ്ങൾക്ക് ഗുണമുണ്ടാകും.

**അന്വേഷകൻ** : ഇനി അനുകമ്പയെക്കുറിച്ചു പറയൂ

**ദാദാജി** : നിങ്ങൾ ദ്വൈതത്തെ അതിക്രമിക്കും വരെ അനുകമ്പ എന്നത് ലോകത്തിന്റെ ഒരു സ്തുത്യർഹഗുണമാണ്. അതു ലോകത്തിന്റെ അടിത്തറയാണ്. എന്നാൽ അനുകമ്പ ഈശ്വരന്റെ സുരക്ഷയ്ക്കല്ല ഒരുവന്റെ തന്നെ സുരക്ഷയ്ക്കായുള്ളതാണ്.

ജ്ഞാനിക്ക് അനുകമ്പ എന്ന ഗുണമല്ല പക്ഷെ അനന്തമായ കാരുണ്യമാണ് അദ്ദേഹത്തിനുള്ളത്. അനുകമ്പ സ്വാർത്ഥവും അപകടകരവുമായ അഹങ്കാരത്തിന്റെ സ്വഭാവമാണ്.

**അന്വേഷകൻ** : അനുകമ്പ എങ്ങനെയാണു അഹങ്കാരത്തിന്റെ സ്വഭാവമാകുന്നത്?

**ദാദാജി** : ഞാൻ പറയാം. അനുകമ്പ ഇരട്ട ഗുണമാണ്. അതായത് അനുകമ്പയുടെ പടലത്തിനടിയിൽ ക്രൂരതയുടെ ഒരു തലമുണ്ട്. അതു പുറത്തേക്ക് വരുമ്പോൾ മാത്രമേ അറിയൂ. അപ്പോൾ അയാളുടെ സകലതും അതു പിഴുതെടുത്തിരിക്കും. അയാൾ കുപ്രസിദ്ധമായ പലതും ഏറ്റെടുക്കും. അയാളുടെ വീടിനെയോ, ഭാര്യയെയോ, കുട്ടികളെയോ വെറുതെവിടില്ല. ലോകം മുഴുവൻ ഈ ദ്വൈതത്തിൽ മുങ്ങിയിരിക്കുന്നു.

**അന്വേഷകൻ** : സന്ന്യാസിമാർ അനുകമ്പയുള്ളവരായി കാണപ്പെടുന്നു.

**ദാദാജി** : വാസ്തവത്തിൽ മറ്റുള്ളവർക്ക് അനുകമ്പ നൽകാൻ ഇറങ്ങിയവർ അനുകമ്പ അർഹിക്കുന്നു. പ്രിയ സുഹൃത്തെ നിങ്ങൾക്ക് നിങ്ങളോടു തന്നെ അനുകമ്പ ഇല്ലാത്തതെന്ത് ? എന്തിനാണ് നിങ്ങൾ മറ്റുള്ളവർക്ക് അനുകമ്പ നൽകാൻ പോകുന്നത് ? ചില സാധുക്കൾ മറ്റുള്ളവരോട് സഹാനുഭൂതി കാണിച്ച് ചോദിക്കും : "ഓ ദൈവമേ ഈ ആളുകൾക്ക് എന്തു സംഭവിക്കും ?". ഞാൻ അവരോടു ചോദിക്കും, " അവരോടു സഹാനുഭൂതി കാണിക്കാൻ നിങ്ങളാരാണ് ? നിങ്ങളുടെ ജീവിതത്തിന്റെ അർത്ഥം കണ്ടെത്താത്ത നിങ്ങൾക്ക് മറ്റുള്ളവരുടെ പ്രശ്നത്തെ എങ്ങനെ പരിഹരിക്കാൻ കഴിയും ?". ഇത് മറ്റൊന്നുമല്ല, അഹങ്കാരത്തിന്റെ ഒരു ആവിഷ്കാരം മാത്രമാണ്. ലൌകികരുടെ ലഹരി റേഷനും, എണ്ണയും, പഞ്ചസാരയും മറ്റും വാങ്ങാൻ ആനേകം മണിക്കൂർ ക്യൂവിൽ നിൽക്കുമ്പോൾ ഉരുകും. എന്നാൽ ഈ സന്ന്യാസിമാരുടെയോ ? അതു കൂടിക്കൊണ്ടേ ഇരിക്കും.

"അഹങ്കാരത്തിന്റെ ലഹരിയിൽ നിന്നും മുക്തനായവൻ മോക്ഷം പ്രാപിക്കുന്നു", എന്ന് ഭഗവാൻ പറഞ്ഞിരിക്കുന്നു. അഹങ്കാരത്തിന്റെ ഈ തരത്തിലുള്ള ലഹരി വളരെ സൂക്ഷ്മമാണ്, വളരെ അപകടകരവുമാണ്. അത് നിങ്ങളെ ജനനമരണ-ങ്ങളുടെ ചക്രത്തിൽ കറക്കിക്കൊണ്ടേ ഇരിക്കും.

**അന്വേഷകൻ** : ഇതു വളരെ പ്രാധാന്യമുള്ളതാണ്. എനിക്കു മനസ്സിലായി.

**ദാദാജി** : സ്ഥൂലമായ അഹന്ത മറ്റുള്ളവർക്ക് കാണാനും അതു ചൂണ്ടിക്കാണിക്കാ-നും സാധിക്കും. 'ഹേ മണ്ടാ നീ തലയുയർത്തി നടക്കുവാണോ, അല്പം കുനിയൂ' എന്ന് പറയാൻ ആരെങ്കിലും കാണും. എന്നാൽ സൂക്ഷ്മമായ അഹന്ത : "ഞാൻ ആരോ ആണ്; ഞാൻ എന്തൊക്കെയോ നേടിയിട്ടുണ്ട്; എനിക്ക് ചിലത് അറി-യാം", അങ്ങനെയുള്ള അഹന്ത പോകുവാൻ പ്രയാസമാണ്.

എന്താണ് ശരിയായ ജ്ഞാനം ? ജ്ഞാനപ്രകാശമുള്ളപ്പോൾ ഒരുവൻ ആ പ്രകാശത്തിൽ ഇടറിവീഴുമോ ? എന്നാൽ ഈ ആളുകളോ, അവർ ഓരോ കാൽവെപ്പിലും വീഴുന്നു. പിന്നെങ്ങനെ അവർ എന്തെങ്കിലും നേടിയെന്നു പറയാനാകും ? അവർ സ്വയം അജ്ഞാനത്തിൽ കാലിടറുമ്പോൾ മറ്റുള്ളവരോട് അനുകമ്പ കാണിക്കാൻ അവർക്ക് എന്തവകാശം ഉണ്ട്?

## 87

## അഹന്തയുടെ വിഷം

**അന്വേഷകൻ** : ആത്മീയ യാത്രയിൽ അഹന്തകൊണ്ടുണ്ടാകുന്ന അപകടസാ-ധ്യതകൾ എന്താണ്?

**ദാദാജി** : നേട്ടത്തിന്റെ അഹങ്കാരംകൊണ്ടു തന്നെ ഒരുവൻ പതിക്കും. ഒരാൾ കൊല്ലുന്നതിലും മറ്റൊരാൾ രക്ഷിക്കുന്നതിലും അഭിമാനിക്കുന്നു. എന്നാൽ ഭഗവാൻ രണ്ടു കൂട്ടരെയും അഹങ്കാരികളായി കണക്കാക്കുന്നു എന്തെന്നാൽ ആർക്കും ഒരു ജീവനെയും രക്ഷിക്കാനോ കൊല്ലാനോ ഉള്ള ശക്തിയില്ല. വ്യക്തി സ്വയം പുക-ഴ്ത്തുന്നു : "ഞാൻ ഒരാളെ രക്ഷിച്ചു, ഞാൻ ഒരാളെ കൊന്നു" എന്നിങ്ങനെ. രണ്ടു കൂട്ട-രും അഹന്തയുള്ളവരാണ്. ജീവൻ രക്ഷിക്കുന്നവർക്ക് നല്ല ഭാവിയുണ്ട് എന്നാൽ കൊല്ലുന്നവർ താഴേക്കു പതിക്കും. എന്നിരുന്നാലും രണ്ടിലും ബന്ധനമുണ്ട്.

ഒരുവന് ദിവ്യശക്തികൾ ലഭിക്കുമ്പോൾ അഹങ്കാരം ഉണർന്നാൽ അയാൾ നേട്ട-ത്തിന്റെ ഉയരത്തിൽ നിന്നും താഴേക്കു പതിക്കും ആ ശക്തികളെ നിന്ദിച്ചാൽ അ-യാൾ ദുരിതപൂർണ്ണ ജീവിതത്തിലേക്ക് വീഴും. അഹങ്കാരത്താൽ പ്രതിപ്രവർത്ത-

നമുണ്ടായാൽ വ്യക്തി നരകജീവിതത്തിലേക്ക് ശിക്ഷിക്കപ്പെടും.

എന്നാൽ എന്നാൽ ദീക്ഷിതരായ മഹാത്മാക്കളുടെ കാര്യമെടുത്താൽ അവർ ജ്ഞാനത്തിന്റെ അഹന്തയെ അനുഭവിക്കുമ്പോൾ പതിക്കുന്നില്ല; എങ്കിലും അവരുടെ ജ്ഞാനപ്രകാശം മങ്ങുന്നു.

**അന്വേഷകൻ** : കുട്ടികൾക്ക് അഹന്തയുണ്ടാവുന്നില്ല.

**ദാദാജി** : കുട്ടികൾക്ക് അവരുടെ അഹങ്കാരാവസ്ഥയുണ്ട് എന്നാൽ അതു നിഷ്ക്രിയമാണ്. അതു സങ്കോചമായ അവസ്ഥയിലാണ്. കുട്ടി വളരുമ്പോൾ അഹന്തയും വളരുന്നു. അവരുടെ അഹന്തയെ നാം പോഷിപ്പിക്കാതിരുന്നാൽ അവർ വിവേകികളായി വളരും. നിങ്ങളാൽ അവരുടെ അഹന്ത നിറയ്ക്കപ്പെടാതിരുന്നാൽ അവർ സംസ്കാരം ഉള്ളവരായിത്തീരും.

**അന്വേഷകൻ** : അഹന്തയുള്ളവരുമായി എങ്ങനെ ഇടപെടും ?

**ദാദാജി** : ഈ ലോകത്തിലെ ആളുകളുമായി ഇടപെടാതിരിക്കുന്നത് മെച്ചം തന്നെ. അവർ അവരുടെ അഹന്തയെ വളർത്താനുള്ള കാര്യങ്ങൾ അന്വേഷിക്കുന്നു. അവരുമായി കെട്ടുപിണയണ്ട എങ്കിൽ അവരുടെ അഹന്തയെ പോഷിപ്പിക്കേണ്ടി വരും അല്ലെങ്കിൽ നിങ്ങളുടെ വഴി തടസ്സപ്പെടും.

അഹന്തയുള്ളവൻ അവന്റെ അഹങ്കാരത്തിന്റെ സങ്കീർണ്ണതകളുമായി കെട്ടുപിണഞ്ഞു കിടക്കുകയാണ്. സാധാരണയായി ലോഭത്തിന്റെ കെട്ടു അവരിൽ ഉണ്ടായിക്കാണില്ല.

ആഴത്തിൽ ചിന്തിക്കുവാനും മനസ്സിലാക്കാനും കഴിവുള്ള ആളുകളെയാണ് ഈ ലോകത്തിൽ സംസ്കാരമുള്ളവരായി കരുതുന്നത്. ഈ സംസ്കാരസമ്പന്നർ അവരിലെ 'ഞാൻ' എന്നതിനെ വളരെയേറെ വികസിപ്പിച്ചിട്ടുണ്ട്.

ഒരാൾക്ക് മമതയിൽ നിന്നോ ഉടമസ്ഥാഭിമാനത്തിൽ നിന്നോ രക്ഷ നേടാം എന്നാൽ അഹന്തയിൽ നിന്നും രക്ഷ നേടാൻ വളരെ പ്രയാസമാണ്.

**അന്വേഷകൻ** : എന്തിനാണ് ചിലർ ആത്മഹത്യ ചെയ്യുന്നത്?

**ദാദാജി** : അതു അഹന്തയുടെ അങ്ങേയറ്റം ആണ്. അവരുടെ അഹങ്കാരം ഛിന്നഭിന്നമാകുമ്പോൾ, അതിനു ഒരിടത്തുനിന്നും പോഷണം കിട്ടാതെ വരുമ്പോൾ ഒരുവൻ ആത്മഹത്യ ചെയ്യുന്നു. ക്രമേണ അയാൾ നരകജീവിതത്തിലേക്ക് തയ്യാറെടുക്കുന്നു.

അഹന്തയുടെ അളവു എത്ര കുറയുന്നോ അത്രയും ഉയർന്ന അവസ്ഥ ലഭിക്കുന്നു. എത്രത്തോളം കൂടുന്നുവോ ഒരുവൻ നേടുന്ന ജീവിതം അത്രയും താഴ്ന്ന അവസ്ഥ–

യിൽ ആയിരിക്കും.

**അന്വേഷകൻ** : എങ്കിൽ അഹന്തയുടെ ഈ കാട്ടിൽ നിന്നും പുറത്തുകടക്കാനുള്ള വഴി എന്താണ്?

**ദാദാജി** : നോക്കു, ഒരു സിംഹം എത്ര അഹന്തയോട് കൂടിയതാണ്. അവൻ മൃഗങ്ങളുടെയും പക്ഷികളുടെയും രാജാവാണ്. പല ജന്മങ്ങൾ അലഞ്ഞു തിരിഞ്ഞിട്ട് ഈ ജന്മം ഇങ്ങനെ കിട്ടി. പക്ഷെ അവൻ ഒരിടത്തും സന്തോഷം കാണുന്നില്ല. അതിനാൽ അവന്റെ അലർച്ചയിലൂടെ അവൻ അഹങ്കാരത്തിന്റെ ക്രോധം പ്രകടമാക്കുന്നു. അവൻ സ്വതന്ത്രനാകാൻ ആഗ്രഹിക്കുന്നുവെങ്കിലും സാധിക്കുന്നില്ല.

വളരെ അപൂർവമായി ഒരുവൻ വഴി കണ്ടെത്തും. മോക്ഷദാതാവായ ഒരു ജ്ഞാനിയെ കണ്ടെത്തുന്നത് അപൂർവമാണ്. സാഹചര്യങ്ങൾ മാറിവരാം എന്നാൽ ജ്ഞാനിപുരുഷനുമായുള്ള സമാഗമത്താൽ ജീവിതപ്രശ്നത്തിന് ശാശ്വതപരിഹാരം നേടാം.

## 88

## അഹന്തയാണ് നിങ്ങളുടെ ലോകം

**ദാദാജി** : നിങ്ങളുടെ അഹങ്കാരമാണ് നിങ്ങളുടെ ലോകം

**അന്വേഷകൻ** : അങ്ങനെയാണോ ?

**ദാദാജി** : നിങ്ങൾ നിരീക്ഷിക്കുന്നതല്ല ലോകമെന്നു ഈ കടന്നുപോകൽ കാണിക്കുന്നു .അങ്ങനെയെങ്കിൽ ഈ ക്ഷണികമായ ലോകത്ത് എന്തെങ്കിലും തിരിച്ചെടുത്തില്ലെങ്കിൽ എന്താണ് കുഴപ്പം ? ഒരാൾ നിങ്ങളുടെ അഞ്ഞൂറ് രൂപ തിരികെ തന്നില്ല എന്നു കരുതുക. അയാൾ ആ പണം തരുന്നത് വരെ നിങ്ങളുടെ അഹന്ത തൃപ്തിപ്പെടുകയില്ല. നിങ്ങൾ കേസ് കൊടുത്തു പ്രശ്നമുണ്ടാക്കുന്നു. എന്നാൽ ആ മനുഷ്യൻ നിങ്ങളുടെ കാലുപിടിച്ചു കരഞ്ഞാൽ നിങ്ങളുടെ അഹന്ത തൃപ്തിപ്പെടും. നിങ്ങൾ അയാളെ ശിക്ഷിക്കുകയുമില്ല.

ഈ അഹങ്കാരം എങ്ങനെയെന്നാൽ അത് നിങ്ങളുടെ ഇപ്പോഴത്തെ അവസ്ഥയെ ചെറുതായിട്ടുപോലും ഇഷ്ടപ്പെടാതിരിക്കാൻ സമ്മതിക്കില്ല. ഒരു യാചകൻ പോലും അയാളുടെ കുടിലിനോട് മമത പുലർത്തുകയും അഹന്തയാൽ അതിൽ സന്തോഷിക്കുകയും ചെയ്യുന്നു. താൻ സുരക്ഷിതനും ഭേദവുമാണെന്ന് അയാൾ കരുതുന്നു. ഈ ലോകത്ത് ഒരുവൻ നേടിയതിനോട് അനിഷ്ടം

ഉണ്ടാകാൻ അവരുടെ അഹന്ത അനുവദിക്കില്ല.

**അന്വേഷകൻ** : എല്ലായിടത്തും വിമതവിഭാഗങ്ങൾ ഉണ്ട്; വിവിധ മതങ്ങൾക്കിടയിലും.

**ദാദാജി** : അഹന്തയാണ് വിമതവിഭാഗത്തെ ഉണ്ടാക്കുന്നത്. ജ്ഞാനിക്ക് അഹന്തയില്ല. എല്ലാ ഭേദങ്ങളും അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ ഇല്ലാതെയാകുന്നു. ഭേദങ്ങളും വിഭാഗീയതയും അഹങ്കാരികൾ സ്വാർത്ഥതാല്പര്യത്തിനായി നിർമ്മിക്കുന്നതാണ്.

**അന്വേഷകൻ** : ചില ആളുകൾ വളരെ പെട്ടെന്ന് പ്രതികരിക്കുന്നവരാണ്.

**ദാദാജി** : അഹന്തയുടെ പ്രത്യക്ഷമായ ഗുണമാണ് അത്. ജീവിതവർത്തമാനത്തിനിടക്ക് ഞാൻ ചോദിക്കുന്നതായി സങ്കൽപ്പിക്കുക "ബറോഡയിൽ നിന്നും വരുന്ന വഴി എന്തു സംഭവിച്ചു ?" ആ സമയത്ത് ഒരാൾ ഇടപെട്ട് സംസാരിച്ചാൽ അയാൾ സെൻസിറ്റീവ് ആണ്. അതു അയാളുടെ ആന്തരിക സംഭ്രമം ആണ്. അഹന്തയാണ് അതിനു കാരണം.

**അന്വേഷകൻ** : ആന്തരികസംഭ്രമത്തെക്കുറിച്ച് വിശദമാക്കുമോ ?

**ദാദാജി** : ശക്തനായ ഒരു കുതിര ഒരു പള്ളിയുടെ മുന്നിലോ ശവപ്പറമ്പിനു മുന്നിലോ മറ്റെന്തെങ്കിലും അപൂർവസംഗതികളുടെ മുന്നിലോ എത്തുമ്പോൾ പെട്ടെന്ന് നിൽക്കുകയും മുന്നോട്ട് പോകാൻ മടിക്കുകയും ചെയ്യുന്നത് കാണാം. അതു അതിന്റെ ആന്തരിക സംഭ്രമം അല്ലെങ്കിൽ തടസ്സം ആണ്.

അതുപോലെ എല്ലാവരും അവരുടെ ആന്തരികമായ തടസ്സത്തെ അഭിമുഖീകരിച്ച് അലയുന്നു. ഈ അലച്ചിലിനു കാരണം സംഭ്രമമാണ്. ആ ചക്രത്തിൽ നിന്നും മോചിക്കാനുള്ള വഴി ഞാൻ കാണിക്കുന്നു.

എന്തായാലും പെട്ടെന്ന് സംവദിക്കുന്ന അഹന്ത ആന്തരികസംഭ്രമത്തെക്കാൾ അപകടകരമാണ്. അതുണ്ടായാൽ പുരോഗതിയുണ്ടാകില്ല.

**അന്വേഷകൻ** : എങ്ങനെ ഒരാൾക്ക് ഇവയിൽ നിന്നും മോചനം നേടാം ?

**ദാദാജി** : ആന്തരിക സംഭ്രമത്തെ നിരീക്ഷിക്കുക വഴി അതിനെ ജയിക്കാം എന്നാൽ നിങ്ങളുടെ ബലവും ശ്രദ്ധയും നിയന്ത്രണവും ഇല്ലാതെ സംവേദനത്തെ (സെൻസിറ്റീവ്) ഇല്ലാതെയാക്കാൻ കഴിയില്ല.

എന്തെല്ലാം നിങ്ങൾ ഉള്ളിൽ അടക്കിയാലും അവയെല്ലാം പുറത്തു വരും. എന്നാൽ അതിനെ സശ്രദ്ധം നിരീക്ഷിക്കുക. ജ്ഞാനി നിങ്ങൾക്ക് പൂർണ്ണമായ ജ്ഞാനം നൽകിയിട്ടുണ്ട്. പിന്നെന്തു കൊണ്ടാണ് നിങ്ങൾക്ക് സന്തോഷമില്ലാത്തത് ?

നിങ്ങളുടെ ആന്തരികസംഭ്രമവും സംവേദനത്വവുമാണ് അതിനു കാരണം.
സംവേദനം കൂടിയ ഒരാൾ തന്റെ സംവേദനവുമായി ഐക്യം പ്രാപിച്ച് ആനന്ദ-രഹിതനായിത്തീരുന്നു. നിങ്ങൾക്ക് എവിടെയാണ് പിഴച്ചത് എന്ന് കൃത്യമായി മനസ്സിലാക്കുക.
പ്രകാശത്തിന്റെ, ജ്ഞാനത്തിന്റെ വഴിയിൽ സഞ്ചരിക്കുമ്പോൾ നിങ്ങൾക്ക് എ-ങ്ങനെ അന്ധകാരത്തെ നേരിടേണ്ടി വരും ? അതും നിങ്ങളുടെ ആന്തരികമായ സംഭ്രമവും സംവേദനത്വവും കൊണ്ടാണ്. അറിവുകൊണ്ടും നിരീക്ഷണം കൊണ്ടും ആ സംവേദനം ഇല്ലാതെയാകും, ശരിയായ ജ്ഞാനം കൊണ്ടും ഗ്രഹണം കൊ-ണ്ടും ഈ ആന്തരികവാണിജ്യം സ്വയം ഇല്ലാതെയാകും.

അതിനാൽ ജ്ഞാനിയും ഗ്രാഹകനും ആകുക. ആന്തരികസംഭ്രമങ്ങൾ ഇല്ലാതെയാകും. എന്നാൽ സൂക്ഷ്മസംവേദനത്വം അത്ര എളുപ്പം പോകുകയില്ല. സംവേദനത്വമുണ്ടാകുമ്പോൾ നിങ്ങളുടെ ഉള്ളിൽ ഒരുതരം വൈദ്യുതി ഉണ്ടാ-കുന്നു. ആ തീവ്രതയിൽ അനേകം ജീവനുകൾ കൊല്ലപ്പെടുന്നു.
ഇത് വളരെ ലളിതമായ കാര്യമാണെങ്കിലും വളരെക്കാലമായി ഇവ നിങ്ങളെ പിടികൂടിയിരിക്കുകയാണ്. നിങ്ങളുടെ ഭാഗത്ത് ജാഗ്രത ഉണ്ടെങ്കിലും ഒന്നും നിങ്ങളെ തടസ്സപ്പെടുത്തില്ല. നിങ്ങളുടെ ഉള്ളിൽ ശേഖരിക്കപ്പെട്ട കച്ചവടസാധ-നങ്ങൾ പതിയെ അവിടുന്നു മാറ്റപ്പെടും

## 89

## അന്തക്കരണത്തിന്റെ പ്രവർത്തനം

**അന്വേഷകൻ** : ആന്തരികമായ മാനസികപ്രവർത്തനം എങ്ങനെയാണ് സംഭ-വിക്കുന്നത്?

**ദാദാജി** : അന്തക്കരണത്തിലെ വിചാരസഭ തനിയെ നടക്കുന്നതാണ്. മനസ്സ്, ബുദ്ധി, ചിത്തം അഹങ്കാരം എന്നിവ പ്രകൃത്യാ അതിന്റെ സ്വഭാവമനുസരിച്ച് നടക്കുന്നു.

**അന്വേഷകൻ** : എന്നാൽ അത് സംഭവിക്കുന്നതായി തോന്നുന്നില്ല.

**ദാദാജി** : അന്തക്കരണത്തിൽ ശബ്ദമുണ്ടാകുമ്പോൾ ചിത്തത്തിനോ ബുദ്ധിക്കോ ഉള്ള ഫോൺ കോളുകൾ അഹങ്കാരം ഏറ്റെടുക്കുന്നു. മനസ്സ്, ചിത്തം ബുദ്ധി, അഹങ്കാരം എന്നിവയുടെ പ്രവർത്തനം അറിയുകയാണ് മുഖ്യം. കണ്ണ്, മൂക്ക് തുടങ്ങിയ ഇന്ദ്രിയങ്ങളുടെ പ്രവൃത്തികളുടെ ജ്ഞാതാവ് മാത്രമാണ് നാം. മനസ്സിനോ ചിത്തത്തിനോ ഉള്ള ഫോൺകോളുകൾ നാം എടുത്താൽ ആശയ-

കുഴപ്പമുണ്ടാകും,

ഈ ലോകചക്രം പ്രതിഷ്ഠിതമായിരിക്കുന്ന അന്തക്കരണത്തിന്റെ പ്രവൃത്തികൾ ശരിയായി നടക്കേണ്ടതുണ്ട്. ശരിയായ ആന്തരിക കാരണം കോൾ എടുക്കേണ്ടതുണ്ട്. ആത്മാവ് അതിൽ ഇടപെടേണ്ട ആവശ്യമില്ല.

**അന്വേഷകൻ** : ആത്മാവിന്റെ ശരിയായ ധർമ്മം എന്താണ്?

**ദാദാജി** : ഭക്ഷണം കഴിച്ച ശേഷം വയറ്റിലും കുടലുകളിലും എന്താണ സംഭവിക്കുന്നതെന്നു നിങ്ങൾ എപ്പോഴെങ്കിലും അന്വേഷിച്ചിട്ടുണ്ടോ ? അവയവങ്ങളെല്ലാം അവയുടെ സ്വഭാവത്തെയും ധർമ്മത്തെയും യഥാനുസരണം പിന്തുടരുന്നു. ചെവി അതിന്റെ സ്വഭാവത്തിൽ അല്ലെങ്കിൽ ഒന്നും കേൾക്കാൻ ആകില്ല. മൂക്ക് അതിന്റെ സ്വഭാവത്തിൽ നിന്നും മാറിയാൽ സുഗന്ധമോ ദുർഗന്ധമോ അറിയില്ല.

അതുപോലെ തന്നെ മനസ്സ്, ബുദ്ധി, ചിത്തം,, അഹങ്കാരം എന്നിവ അവയുടെ സ്വഭാവം അനുസരിച്ച് പ്രവർത്തിക്കുന്നു. ഞാൻ ചെയ്തു എന്ന് നിങ്ങൾ പറഞ്ഞാൽ അത് നിങ്ങളിൽ പറ്റിച്ചേരും. സ്വധർമ്മമനുസരിച്ച് അവയെല്ലാം എങ്ങനെ പ്രവർത്തിക്കുന്നു എന്ന് മാത്രമാണ് നാം അറിയേണ്ടത്. ശുദ്ധാത്മാവിൽ പ്രതിഷ്ഠിതനായാൽ ഒരു തരത്തിലുമുള്ള അസ്വാസ്ഥ്യം ഉണ്ടാകുകയില്ല.

അന്തക്കരണം അതിന്റെ സ്വഭാവത്തിൽ ഇരിക്കുക, അതായത് മനസ്സ് വൃത്തികളെ ചെറുലേഖകളായി കാണിക്കുന്നു, ചിത്തം അവയുടെ ചിത്രത്തെ കാണിക്കുന്നു, ബുദ്ധി നിശ്ചയിക്കുന്നു, അഹങ്കാരം അതിനു അനുമതി നൽകുന്നു, ശുദ്ധാത്മാവ് അതിന്റെ ജ്ഞാതാവാകുന്നു എങ്കിൽ ആശങ്കയൊന്നുമില്ല. എല്ലാ ഘടകങ്ങളും അതിന്റെ സ്വഭാവമനുസരിച്ച് പ്രവർത്തിക്കുന്നു.

അന്തക്കരണത്തിന്റെ എന്തു ഗുണങ്ങൾക്കാണ് തകരാറെന്നും അതിനെ പരിഹരിച്ച് സാധാരണനിലയിൽ ആക്കുന്നതെങ്ങനെയെന്നും ഒരാൾ അറിയേണ്ടതുണ്ട്. എന്നാൽ നിർഭാഗ്യവാനായ അയാൾ ഇങ്ങനെ ചിന്തിക്കുന്നു : “ഞാൻ ചിന്തിച്ചു, ഞാൻ പറയുന്നു, ഞാൻ ചെയ്യുന്നു”. തന്റെ അഹന്തയെ ആത്മാവെന്നു ധരിച്ച് അയാൾ ആശയക്കുഴപ്പത്തിലാകുന്നു. മനസ്സിനെ ഗുണങ്ങൾ ക്ലേശിപ്പിക്കുന്നു എന്ന് നിങ്ങൾക്കറിയാമോ ? നിങ്ങൾക്ക് അറിയാം എന്ന് ഞാൻ കരുതുന്നു.

**അന്വേഷകൻ** : ഒരു ഉദാഹരണം പറയൂ

**ദാദാജി** : ഒരു വൃദ്ധമുത്തശ്ശി നിങ്ങളുടെ വീട്ടിൽ വരികയും പിറുപിറുത്തുകൊണ്ട് ദിനം മുഴുവൻ നിങ്ങളെ അധിക്ഷേപിച്ചെന്നും കരുതുക. നിങ്ങൾ കുറച്ച് ദിവസം

അതിനോടു പ്രതികരിക്കാതെ ഇരുന്നാൽ അതു സ്വാഭാവികമായിത്തീരും. ഇതു-പോലെ നിങ്ങളുടെ മനസ്സിൽ അനേകം വിസ്ഫോടനങ്ങൾ നടക്കുന്നു. ഏതു തരം സ്ഫോടനമാണ് നടക്കുന്നതെന്ന് വിവേചിച്ചറിയാൻ ഉള്ള ശക്തി നിങ്ങൾക്ക് നഷ്ട മാകുന്നു. പലതരം വെടിമരുന്നുകൾ കൂടിച്ചേർന്നിരിക്കും പോലെ.

മനസ്സും ഇതുപോലെ അനേകം വിഷയങ്ങളാൽ പൊട്ടിത്തെറിക്കുവാൻ തയ്യാറായി നിൽക്കുകയാണ്. വൃദ്ധയോടു കലഹം ഉണ്ടാകാതെ ഇരുന്നപോലെ നിങ്ങളുടെ മനസ്സിന്റെ അസ്വസ്ഥതയോട് നിങ്ങൾ പൊരുത്തപ്പെട്ടു പോകുന്നു.

മനസ്സ്, ബുദ്ധി, ചിത്തം, അഹങ്കാരം എന്നിവയുമായി ദൃക്ദൃശ്യ അഥവാ അറിയുന്നവൻ-അറിയപ്പെടുന്നത് എന്നുള്ള ബന്ധമാണ് ഉള്ളത്. നമ്മൾ അറിയു-ന്നവനും അന്തക്കരണം അറിയപ്പെടുന്നതുമാണ്. ഇതൊരു വൈവാഹികബന്ധ മല്ല മറിച്ച് ദൃക്ദൃശ്യബന്ധമാണ്.

ശുദ്ധാത്മാവായ നമ്മിൽ നിന്നും ഭിന്നമായത് നമ്മിൽ നിന്നും വേറിട്ട് തന്നെ നിൽക്കും.

**അന്വേഷകൻ** : ചിലർ ആളുകളെ എങ്ങനെയാണു സമ്മോഹനം ചെയ്യുന്നത്?

**ദാദാജി** : ആളുകളുടെ അന്തക്കരണത്തെയാണ് മയക്കുന്നത്. അന്തക്കരണത്തി-ന്റെ എല്ലാ ഭാഗങ്ങളെയും അവർ സമ്മോഹിപ്പിക്കുന്നു. ആദ്യം ചിത്തത്തെയും പിന്നീട് മറ്റുള്ളവയെയും കീഴടക്കുന്നു. അന്തക്കരണം ബാധിക്കപ്പെടുമ്പോൾ ബാ-ഹ്യകരണങ്ങളും ബാധിക്കപ്പെടുന്നു. മനസ്സിന്റെ ഉത്തരവനുസരിച്ച് ബാഹ്യമായ കരണങ്ങൾ പ്രവർത്തിക്കാൻ തുടങ്ങും.

ഒരുവനെ സമ്മോഹനം ചെയ്താൽ അയാളുടെ വിവേചനശക്തി ഇല്ലാ-തെയാകുന്നു. അയാൾ ഒന്നും മനസ്സിലാകാത്ത പോലെ ആകുന്നു. തിരിച്ച് സാ ധാരണ ബോധത്തിലേക്ക് വരുമ്പോൾ മുൻപ് നടന്നത് ഓർക്കുകയുമില്ല. ഒരുതരം ബോധമില്ലാത്തവനെപ്പോലെ ആകും. ഈ സമ്മോഹനത്തിനു എല്ലാവരും വശംവദരാകുകയില്ല. പഴയ ഒരു കർമ്മത്തിന്റെ ഫലമനുഭവിക്കാൻ ഉണ്ടെങ്കിൽ മാത്രമേ ഒരാളെ സമ്മോഹനം ചെയ്യാൻ സാധിക്കൂ. അത് അധി-കനേരത്തേക്ക് നിൽക്കുകയുമില്ല.

**അന്വേഷകൻ** : ഒരാൾക്ക് എങ്ങനെ ശരിയായ ആനന്ദവും ശാന്തിയും അനുഭ-വിക്കാൻ കഴിയും ?

**ദാദാജി** : നിങ്ങളുടെ ശരീരവും അന്തക്കരണവും അർപ്പിച്ച് കുറച്ച് സമയം ഒരു ജ്ഞാനിയുടെ സമീപം ഇരുന്നാൽ ഈ ലോകത്തെ മുഴുവനും ജയിക്കാം. ഞാൻ

നിങ്ങൾക്ക് ദിവ്യനേത്രങ്ങളെ നൽകാം. ശുദ്ധാത്മാവിനെ സാക്ഷാത്കരിപ്പിക്കാം. അങ്ങനെയെങ്കിൽ ഈ ലോകത്ത് എവിടെയും നിനക്ക് പോകാം. മുക്തിയുടെ കവാടത്തിൽ എത്തുവോളം ശുദ്ധാത്മാവ് നിന്നോടൊപ്പം ഉണ്ടാകും. എന്റെ സാന്നിധ്യത്തിൽ നിങ്ങളുടെ അന്തക്കരണം ശുദ്ധീകരിക്കപ്പെടും. നിങ്ങളുടെ ആന്തരികദുരിതങ്ങൾ ഇല്ലാതെയാകും. ഈ ശുദ്ധീകരണത്താൽ ശരിയായ ആനന്ദവും ശാന്തിയും ആസ്വദിക്കാം.

**അന്വേഷകൻ** :ഞാൻ ജപിക്കുമ്പോൾ അന്തക്കരണത്തിൽ പല പ്രവൃത്തികളും നടക്കുന്നു. അതെല്ലാം എന്താണ് ? ഏതു മനസ്സാണ് ആരാധന ചെയ്യുമ്പോൾ ഉള്ളത്?

**ദാദാജി** : മിക്കവാറും എല്ലാ സാധകർക്കും ഇത് സംഭവിക്കാറുണ്ട്. അവർ മാനസികമായി യജ്ഞം ചെയ്യുന്നു, വിരലുകൾ മാലയിലെ മുത്തുകൾ എണ്ണുന്നു, മന്ത്രം ജപിക്കുന്നു. എന്നാൽ ചിത്തം മറ്റു വിഷയങ്ങളിൽ വ്യാപരിക്കുന്നു.

മണികളുടെ എണ്ണം എടുക്കാൻ മനസ്സ് തീരുമാനിക്കുമ്പോൾ പ്രവൃത്തി തനിയെ തുടങ്ങുന്നു. കൈകൾ അതിന്റെ ജോലി ചെയ്യുന്നു. മനസ്സും അഹങ്കാരവും ഉള്ളിൽ പ്രവർത്തിക്കുന്നു. എന്നാൽ ചിത്തം അവിടെയില്ല. അത് പുറത്ത് അലയുന്നു. അപ്പോൾ അഹങ്കാരം ഞാൻ മണികൾ എണ്ണി എന്ന് അഭിമാനിക്കുന്നു. അങ്ങനെ അടുത്ത ജന്മത്തെ കർമ്മബീജം പാകുന്നു.

അഹങ്കാരം ചെയ്യുന്നതെല്ലാം പൂർണ്ണമായും പുറത്തേക്കുള്ള ഒഴിവാണ്. എന്നാൽ നിർഭാഗ്യവാനാകട്ടെ ഇതെല്ലാം തന്റെയെന്ന അഭിമാനിക്കുന്നു. കർമ്മഫലം അതിനെ ആശ്രയിച്ചിരിക്കുന്നു. ജപിക്കുമ്പോൾ ചിത്തം ദൃഢമെങ്കിൽ നല്ല കർമ്മഫലങ്ങൾ ഉണ്ടാകും. എന്നാൽ പെട്ടെന്ന് ജപിച്ച് തീർക്കാം എന്നാണെങ്കിൽ അടുത്ത ജന്മം ജപിക്കാൻ അവസരം കിട്ടിയെന്നും വരില്ല. അതനുസരിച്ചാണ് അടുത്ത ജന്മത്തിലേക്കുള്ള കർമ്മങ്ങളെ സഞ്ചയിക്കുന്നത്.

**അന്വേഷകൻ** : കുട്ടികൾക്ക് എങ്ങനെ പഠനകാര്യങ്ങൾ ഓർക്കാൻ കഴിയും ?

**ദാദാജി** : കുട്ടികൾ വായിക്കാറുണ്ട്. മനസ്സ്, ചിത്തം, ബുദ്ധി, അഹങ്കാരം എന്നിവയെല്ലാം അവിടെ സന്നിഹിതമെങ്കിൽ ഒരുതവണ മാത്രം വായിച്ചാൽ മതിയാകും. എന്നാൽ അവർ അവിടെയും ഇവിടെയുമൊക്കെ വായിച്ചാൽ എല്ലാം വെറുതെയാകും. മേശയുടെ ഒരു കാൽ ഒടിഞ്ഞാൽ എന്തു സംഭവിക്കും. അങ്ങനെയാണ് അന്തക്കരണത്തിന്റെ അവസ്ഥ.

**അന്വേഷകൻ** : ചിലർ എല്ലാം ഉപേക്ഷിച്ച് കാട്ടിൽ പോയി ഏകാന്തവാസം

ചെയ്യും

**ദാദാജി** : കവിരാജൻ നവനീത് എന്തു പറഞ്ഞിട്ടുണ്ടെന്നു അറിയുമോ ?

"നിബിഡതയിലെ ഏകാന്തത, അങ്ങനെയൊരു സ്വപ്നദേശത്ത്;

'ഞാൻ' കേൾക്കുന്നവനാകുന്നു; പാടുന്നവനും 'ഞാൻ' തന്നെ !"

ബോംബെ ലോക്കൽട്രെയിനിൽ നല്ല തിരക്കുള്ള ഒരു യാത്രയിൽ നിങ്ങളുണ്ടെങ്കിൽ നിങ്ങളെ അങ്ങോട്ടും ഇങ്ങോട്ടും ആളുകൾ തള്ളുകയും വലിക്കുകയും ചെയ്യും. ആ സമയത്ത് നിങ്ങളുടെ അന്തക്കരണം തിങ്ങിനിറഞ്ഞ ജനക്കൂട്ടത്തിൽ നിമഗ്നമായിരിക്കും. ആ സമയം ശുദ്ധാത്മാവ് കാണുന്നതിന്റെയും അറിയുന്നതിന്റെയും അസുലഭമുഹൂർത്തത്തിലാകും. അപ്പോൾ അയാൾ ശരിക്കും ഏകാകിയാകും. പരിപൂർണ്ണസ്വാതന്ത്ര്യം ലഭ്യമാകും. തിരക്കുകൾ കൂടുമ്പോഴും അറിയപ്പെടുന്ന വിഷയങ്ങൾ അധികമാകുമ്പോഴും അറിയുന്നവന്റെ അറിയാനുള്ള ശക്തി അതനുസരിച്ച് വികസിക്കുന്നു.

ഒരാൾ തിരക്കുകൾക്കിടയിൽ ആകുമ്പോൾ അറിയുന്നവൻ പൂർണ്ണ മഹിമാവിൽ ശോഭിക്കുന്നു. അറിയുന്നവന്റെ ശക്തി വർദ്ധിക്കുന്നു. എന്നാൽ ശരിയായ ഹർഷം തിരക്കിനിടയിലാണ്. പുറത്തും അകത്തും എല്ലായിടത്തും തിരക്കാകുമ്പോൾ ശുദ്ധാത്മാവ് യഥാർത്ഥ ഏകാന്തത അനുഭവിക്കുന്നു. ആ സമയം ശുദ്ധാത്മാവ് ഒന്നുമായും ഐക്യപ്പെടുന്നില്ല.

എന്നാൽ ഇത് ശുദ്ധാത്മാവിനെ അറിഞ്ഞ ശേഷമേ സാധിക്കൂ. അങ്ങനെ അറിഞ്ഞാൽ ഒരുവൻ വനത്തിൽ ഏകാന്തതയെ അന്വേഷിക്കുകയില്ല.

## 90

## നിർബന്ധിതവും സ്വേച്ഛാനുസാരവും

**അന്വേഷകൻ** : സർ, ജീവിതത്തിൽ നിർബന്ധമായതും സ്വന്തം ഇച്ഛ അനുസരിച്ചുള്ളതും എന്തൊക്കെയാണ്?

**ദാദാജി** : ലോകം എങ്ങനെ പ്രവർത്തിക്കുന്നു എന്ന് എളുപ്പം മനസ്സിലാകില്ല, ഒരാളുടെ പൂർവ്വകർമ്മമനുസരിച്ച് ചെയ്യുന്നതെല്ലാം ഈ ലോകത്ത് നിർബന്ധിതമാണ്. എന്നാൽ അത് സ്വന്തം ഇച്ഛയനുസരിച്ചെന്നു ഒരുവൻ കരുതുന്നു. അങ്ങനെ ബന്ധനത്തിൽ ആകുന്നു. നമ്മുടെ ജനനം, പഠനം, വിവാഹം, മരണം എന്നിവയെല്ലാം നിർബന്ധിതമാണ്.

**അന്വേഷകൻ** : കുട്ടികളെ വളർത്തുക, പഠിപ്പിക്കുക, വിവാഹം കഴിപ്പിക്കുക തുടങ്ങിയവയൊക്കെ കടമ അല്ലേ ?

**ദാദാജി** : അതെ, അതാണ് നിർബന്ധിതം എന്ന് പറഞ്ഞത്. നിങ്ങൾ അത് ചെയ്യാൻ നിർബന്ധിതനാകുന്നു. നിർബന്ധിതം എന്നാൽ കടമായാൽ ബന്ധിക്കപ്പെട്ടതും സ്വേച്ഛാനുസാരമെന്നാൽ ഇച്ഛാബന്ധിതവും ആണ്. രണ്ടും തമ്മിൽ ആളുകൾ തെറ്റിദ്ധരിക്കും. ലൌകികകർമ്മങ്ങൾ നിങ്ങളെ ബന്ധനസ്ഥനാക്കുന്നു. കടമയെ ഇച്ഛയായി തെറ്റിദ്ധരിക്കുന്നു. മാറ്റം വരുത്താൻ കഴിയുന്നത് ഇച്ഛാശക്തിയുടെ മണ്ഡലത്തിലാണ്.

ഒരു മകൻ അവന്റെ അച്ഛനെ ധിക്കരിക്കുമ്പോൾ അച്ഛൻ ക്രുദ്ധനായി അവനോടു എന്താണ് ചെയ്തത് എന്ന് ചോദിക്കുന്നു. അയാൾ എന്തെങ്കിലും പുതുതായി ചെയ്തോ ? എല്ലാവരും ഇത് ചെയ്യുവാൻ ബാധ്യസ്ഥരാണ്. അത് കടമയാണ്. ഇച്ഛാബന്ധിതമായ കർമ്മത്തെക്കുറിച്ച് നിങ്ങൾ പറയൂ.

**അന്വേഷകൻ** : നമ്മൾ ചെയ്യുന്ന ജോലിയോ ?

**ദാദാജി** : നിങ്ങൾ ജോലിക്ക് പോകുന്നത് ഇച്ഛകൊണ്ടാണോ ? അത് കടമയാണ്. നിങ്ങൾ എന്തെങ്കിലും സ്വേച്ഛയാൽ ചെയ്തോ ?

തങ്ങളുടെ ആഗ്രഹപ്രകാരം എന്തെങ്കിലും നടന്നാൽ അതു തന്റെ ഇച്ഛയാലെന്നു ഒരുവൻ കരുതുന്നു. എന്നാൽ മറിച്ച് സംഭവിച്ചാലോ ? അതു നിർബന്ധിതമെന്നും കരുതുന്നു. ഹേ നിർഭാഗ്യവാനെ രണ്ടും നിർബന്ധിതമായി നടന്നതാണ്. ഈ കർമ്മങ്ങളെല്ലാം നിർബന്ധിതമാണ്, നിങ്ങൾക്ക് അവയെ നിർത്താനാവില്ല. ഞാൻ എന്റെ ഇച്ഛയാൽ ഇത് ചെയ്തു എന്നുള്ള തോന്നൽ ഭ്രമം മാത്രമാണ്.

**അന്വേഷകൻ** : ഒരുവൻ ഇച്ഛയുടെ മണ്ഡലത്തെ ശരിയായി അറിയുന്നില്ല എന്ന് ഞാൻ കരുതുന്നു.

**ദാദാജി** : എന്തെങ്കിലും കർത്തവ്യബന്ധിതമായി കണ്ടാൽ നിങ്ങളുടെ കർത്തൃത്വബോധം ഇല്ലാതെയാകുന്നു. എന്നാൽ ഇച്ഛാബന്ധിതമായി കണ്ടാൽ നിങ്ങൾ കർത്താവെന്നു സ്വയം സങ്കൽപിക്കും. നിങ്ങളുടെ പ്രവൃത്തി ഇച്ഛാബന്ധിതമെന്നു കരുതുന്നത് അഹന്തയുടെ മറ്റൊരു രൂപമാണ്. ഒരാൾ സമ്പാദിക്കുമ്പോൾ താൻ നേടി എന്ന് അഭിമാനിക്കുകയും നഷ്ടം ഉണ്ടാകുമ്പോൾ ദൈവത്തിനു പഴി ചാരുകയും ചെയ്യുന്നു. ഈ വൈരുദ്ധ്യം അഹന്തയാലാണ്.

ഈ ലോകം ഇച്ഛാബന്ധിതമെന്നു കരുതുന്നവൻ പുണ്യപാപങ്ങളെ സഞ്ചയിക്കുന്നു. എന്നാൽ കർത്തവ്യബന്ധിതമായി കണ്ടാൽ ബന്ധനമില്ല. പുണ്യത്താൽ സ്വർഗ്ഗലോകം അനുഭവിക്കുന്നതും പാപത്താൽ ദുരിതം അനുഭവിക്കുന്നതും നിർബന്ധിതമാണ്.

**ദാദാജി** : ഇനി പറയൂ വിവാഹം കർത്തവ്യബന്ധിതമോ ഇച്ഛാബന്ധിതമോ ?

**അന്വേഷകൻ** : മുൻപ് അത് ഇച്ഛാബന്ധിതമായി തോന്നിയിരുന്നു, എന്നാൽ ഇപ്പോൾ കർത്തവ്യബന്ധിതം ആണെന്ന് ഞാൻ കരുതുന്നു.

**ദാദാജി** : നിങ്ങളുടെ പേര് നിർബന്ധിതമോ സ്വേച്ഛാനുസാരമോ ?

**അന്വേഷകൻ** : ! ! ! ! ! !

**ദാദാജി** : അത് നിർബന്ധിതമാണ്. എന്തെന്നാൽ അതു ചെറുപ്പത്തിൽ നിങ്ങൾക്ക് നൽകപ്പെട്ടതാണ്. നിങ്ങൾക്ക് ഇഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും അത് നിങ്ങൾക്ക് വാങ്ങേണ്ടി വന്നു. മറ്റു വഴിയില്ല. നിങ്ങൾക്കായി നിശ്ചയിക്കപ്പെട്ടത് സംഭവിക്കുക തന്നെ ചെയ്യും. അതിനു നിങ്ങൾ നിർബന്ധിതനാകും.

**അന്വേഷകൻ** : അതെങ്ങനെയാണ്?

**ദാദാജി** : പുറത്ത് പോലീസുകാർ അവരെ ബഹുമാനിക്കാൻ നിങ്ങളെ നിർബന്ധിതരാക്കുന്നു. ഇതുപോലെ നിങ്ങളുടെ ഉള്ളിലും ഒരു പോലീസ് ഉണ്ട്. നിങ്ങളുടെ ഉള്ളിലെ ആ പോലീസ് എല്ലാ പമ്പരങ്ങളെയും കറങ്ങാൻ പ്രേരിപ്പിക്കുന്നു. അതു കറങ്ങുകയും 'ഞാൻ ചെയ്തു' എന്ന് പറയുകയും ചെയ്യുന്നു.

**അന്വേഷകൻ** : ഒരുദാഹരണം പറയുമോ ?

**ദാദാജി** :ഒരിക്കൽ ഞാൻ വരാന്തയിൽ ഇരിക്കുമ്പോൾ മൂന്നാല് പേർ ഒരു കാളവണ്ടിയുമായ് പോകുന്നതു കണ്ടു. കാളയുടെ മൂക്കിൽ നിന്നും രക്തം വരുന്നവിധം യാതൊരു കാരുണ്യവുമില്ലാതെ അവർ കടിഞ്ഞാൺ വലിക്കുകയും അതിനെ പുറകിൽ നിന്നും ചാട്ടയാൽ അടിക്കുകയും ചെയ്തിരുന്നു. മൂർച്ചയുള്ള ആണി തറച്ച വടികളാൽ അവർ അതിനെ മുൻപോട്ടു തള്ളുകയും ചെയ്തു എന്നാൽ അത് ഒരിഞ്ചു മുന്നോട്ട് നീങ്ങുന്നില്ല. ഞാൻ അവരോടു ചോദിച്ചു : "സഹോദരങ്ങളെ നിങ്ങൾ എന്തിനാണ് ഈ കാളയെ ഇങ്ങനെ പീഡിപ്പിക്കുന്നത് ? എന്താണ് അത് അനങ്ങാതെ നിൽക്കുന്നത് ?" ഇന്നലെ അവർ ആ കാളയെ മൃഗാശുപത്രിയിൽ കൊണ്ടുപോയെന്നും ഇന്നും അവിടെ കൊണ്ടു പോകും എന്ന് ഭയന്നാണ് അത് അനങ്ങാത്തതെന്നും അപ്പോൾ അവർ പറഞ്ഞു. കാളയ്ക്ക് മറ്റൊരു വഴിയുമില്ലെന്ന് എനിക്ക് മനസ്സിലായി. അതിന്റെ മൂക്കിൽ വലിക്കുന്നു, വടി കൊണ്ടടിക്കുന്നു, കുത്തുന്നു, മൃഗാശുപത്രിയിലേക്ക് കൊണ്ടു പോകുന്നു. കരുണകൂടാതെ ഉപദ്രവിക്കുന്നതിനു പകരം ഇച്ഛയോടെ കൊണ്ടു പോകരുതോ ? അതല്ലേ കൂടുതൽ യുക്തിപരം ?

നിങ്ങളുടെ പ്രവൃത്തികൾ ഇച്ഛാനുസരണം ചെയ്തുകൂടെ ? അല്ലെങ്കിൽ നിങ്ങ

ൾ തല്ലുവാങ്ങിക്കൂട്ടും. ഇതൊക്കെ കർത്തവ്യബന്ധിതമാണ്. അതിനാൽ ശാന്തമായി മുന്നോട്ടുപോകൂ അല്ലെങ്കിൽ ലോകം ആ കാളയെ എന്നപ്പോലെ നിങ്ങളെ പീഡിപ്പി ക്കും.

ലോകത്തിലെ വിഷം പാനം ചെയ്യുവാൻ നിങ്ങൾക്ക് ആഗ്രഹമില്ലായിരിക്കാം എന്നാൽ അതിനു നിർബന്ധിതമാണ്.നിങ്ങൾ അതു കുടിക്കേണ്ടി വരും. സുഹൃത്തുക്കളെ, വിലപിക്കുന്ന മുഖത്തോടു കൂടാതെ സന്തോഷത്തോടെ ചിരിച്ചു കൊണ്ട് അതു പാനം ചെയ്തു നീലകണ്ഠനാകൂ. ഈ പ്രവൃത്തിയാൽ നിങ്ങളുടെ അഹന്ത ഇല്ലാതെയായി നിങ്ങൾ നീലകണ്ഠനാകും. ഞാൻ ഇപ്രകാരം നീലകണ്ഠനായിരിക്കുന്നു.

ഒരു ക്ഷണനേരത്തേക്കെങ്കിലും തന്റെ സ്വതന്ത്ര ഇച്ഛാശക്തിയെ അറിഞ്ഞ മനുഷ്യർ അപൂർവ്വമാണ്. അങ്ങനെയുള്ള മനുഷ്യൻ ഈ ലോകത്ത് അപൂർവ്വമാണ്.

**അന്വേഷകൻ** : സ്വതന്ത്ര ഇച്ഛാശക്തിയുടെ മണ്ഡലത്തിൽ എങ്ങനെ പ്രവേശിക്കാൻ കഴിയും ?

**ദാദാജി** : ഒരുവൻ സാക്ഷാത്കാരം നേടി പുരുഷൻ ആകുമ്പോൾ അവന്റെ സ്വതന്ത്ര ഇച്ഛാശക്തി പ്രകടമാകും. പുരുഷൻ ആകുമ്പോൾ മാത്രമേ പുരുഷാർത്ഥമാരംഭിക്കുകയുള്ളൂ. ജനനം മുതൽ മരണം വരെയുള്ള എല്ലാ കർമ്മങ്ങളും നിർബന്ധിതമാണ്,

ഈ സംസാരചക്രത്തിൽ നിന്നും നിങ്ങളെ കരകയറ്റാൻ പ്രാപ്തനായ ഒരു ജ്ഞാനിയെ കണ്ടെത്തും വരെ നിങ്ങൾ ജനനമരണങ്ങളുടെ അനന്തമായ ചക്രത്തിൽ കറങ്ങിക്കൊണ്ടിരിക്കും.

മഹാത്മാക്കൾ കർത്തവ്യബന്ധിതമായി ചെയ്യുന്നതൊക്കെ ആഡംബരവും ഇച്ഛാനുസരണം ചെയ്യുന്നത് മുക്തിയും ആകുന്നു. രാജകീയപ്രതാപത്തോടു കൂടിയ മോക്ഷം അതാണ് ദാദാഭഗവാന്റെ അക്രമജ്ഞാനം.

## 91

## ലോകത്തിന്റെ ആധാരം

**അന്വേഷകൻ** : ആത്മാവ് അകർത്താവാണെന്നു ശാസ്ത്രങ്ങൾ ഒരു വശത്തു പറയുന്നു. പിന്നെ എങ്ങനെ ഈ ജന്മചക്രത്തിൽ പെടുന്നു. ഞാൻ പഠിച്ച സിദ്ധാന്തങ്ങളിൽ ഇതിനു സമാധാനം കാണുന്നില്ല.

**ദാദാജി** : ഈ ലോകത്ത് ആളുകൾ ജീവിതചക്രത്തെ അന്വേഷിക്കുന്നു എങ്കിലും അത് കണ്ടെത്താൻ വളരെ പ്രയാസമേറിയതാണ്. വാസ്തവത്തിൽ ശുദ്ധാത്മാവല്ല പ്രതിഷ്ഠിത ആത്മാവാണ് ജീവിതചക്രത്തിൽ പെടുന്നത്. ഈ ജീവിതചക്രത്തിന്റെ യഥാർത്ഥ ആധാരം സ്വാഭാവികമായി എന്നിലൂടെ വെളിപ്പെടുന്നതാണ്.

**അന്വേഷകൻ** : അങ്ങ് സ്വയം ശുദ്ധാത്മാവായി അകർത്താവായി ഇരിക്കുന്നു എങ്കിൽ ആരാണ് സൂക്ഷ്മമായ പ്രവൃത്തികളെ ചെയ്യുന്നത്?

**ദാദാജി** : അത് പ്രതിഷ്ഠിത ആത്മാവാണ് ചെയ്യുന്നത്. പൂർവ്വജന്മകൃതകർമ്മങ്ങളുടെ ഫലമാണ് പ്രതിഷ്ഠിതാത്മാവ്. കഴിഞ്ഞ ജന്മത്തിൽ ചെയ്ത പ്രവൃത്തികൾ ഈ ജന്മത്തിൽ പ്രതിഷ്ഠിതാത്മാവിനു കാരണമാകുന്നു.

**അന്വേഷകൻ** : ഈ പ്രതിഷ്ഠ എങ്ങനെയാണ് വന്നത്?

**ദാദാജി** : ഒരാൾ പറയുന്നു : "ഞാൻ ആണിത്, ഇതെന്റെ ശരീരം, എന്റെ മനസ്സ്, എന്തൊക്കെ സംഭവിച്ചോ അതെല്ലാം ഞാൻ ചെയ്തതാണ്"; ഇതെല്ലാം പ്രതിഷ്ഠയാണ്. അദ്ധ്യാരോപം അഥവാ അതിവ്യാപനം എന്ന പ്രക്രിയ പ്രതിഷ്ഠിതാത്മാവിനു കാരണമാകുന്നു. അടുത്ത ജന്മത്തിൽ അതു ശുദ്ധാത്മാവിനൊപ്പം സഞ്ചരിക്കുന്നു.

ഒരാൾ എന്താണോ ചെയ്യുന്നത് അതുമായി പ്രതിഷ്ഠിതാത്മാവ് താദാത്മ്യം പ്രാപിക്കുന്നു. ഈ ജന്മം ഒരുവൻ മരിക്കുമ്പോൾ പ്രതിഷ്ഠിതാത്മാവ് സൂക്ഷ്മമായ് മറ്റൊരു പ്രതിഷ്ഠിതാത്മാവിനെ ഉണ്ടാക്കി അടുത്ത ജന്മത്തിലേക്ക് പോകുന്നു. ഇതിനെ എങ്ങനെ മനസ്സിലാക്കാൻ സാധിക്കും ?

ഒരുവന്റെ 'ഞാൻ' എന്ന അഹന്തയും 'എന്റെ' എന്ന മമതയും കൂടിച്ചേർന്നതാണ് പ്രതിഷ്ഠിതാത്മാവ്. ഞാൻ എന്നും എന്റെ എന്നും ഇല്ലാത്തിടത്ത് അഭിനിവേശമില്ല. അഭിനിവേശത്തോട് കൂടിയതാണ് പ്രതിഷ്ഠിതാത്മാവ്. ശുദ്ധാത്മാവ് അഭിനിവേശത്തിൽ നിന്നും മുക്തമാണ്.

**അന്വേഷകൻ** : പ്രതിഷ്ഠിതാത്മാവ് ഈ കർമ്മങ്ങൾ എല്ലാം ചെയ്യുന്നു ! ! ! !

**ദാദാജി** : ശുദ്ധാത്മാവ് ഒന്നും തന്നെ ചെയ്യുന്നില്ല. ചലനങ്ങളൊക്കെ അനാത്മാവിന്റെയാണ്. ആത്മാവ് പകലോ രാത്രിയോ ഉറങ്ങുന്നില്ല. അനാത്മാവ് ഉറങ്ങുന്നു. കർമ്മങ്ങൾ ചെയ്യുന്ന ഭാഗം ഉറങ്ങുന്നു. കർമ്മം ചെയ്യുന്നവർക്ക് വിശ്രമം ആവശ്യമാണ്. ശുദ്ധാത്മാവ് യാതൊരു കർമ്മവും ചെയുന്നില്ല അതിനാൽ വിശ്രമം എന്തിനു ? ആരാണ് വിശ്രമം ആഗ്രഹിക്കുന്നത്? ആർക്കാണോ വിശ്രമം ആവശ്യമുള്ള

ത് അയാൾ. ആരാണയാൾ ? അത് പ്രതിഷ്ഠിതാത്മാവാണ്. ഈ കർമ്മങ്ങൾ പ്രതിഷ്ഠിതാത്മാവിനോട് ചേർന്നതാണ്. പ്രതിഷ്ഠിതാത്മാവ് നന്നായി ഉറങ്ങിയോ ഇല്ലയോ എന്നറിയുന്നത് ആരാണ്? അത് ശുദ്ധാത്മാവാണ് അറിയുന്നത്.

**അന്വേഷകൻ** : ശുദ്ധാത്മാവ് ഒരു സമയത്തും ഒന്നും ചെയ്യില്ലേ ?

**ദാദാജി** : പ്രതിഷ്ഠിതാത്മാവിന്റെ ഒരു പ്രവൃത്തിയിലും ശുദ്ധാത്മാവ് ഇടപെടില്ല. അത് അറിയുക മാത്രം ചെയ്യുന്നു. എല്ലാ ഇടപെടലുകളും പ്രതിഷ്ഠിതാത്മാവിന്റെ മാത്രമാണ്. പ്രതിഷ്ഠിതാത്മാവിനെ അറിയപ്പെടുന്ന വസ്തുവായ് അറിയുന്നത് ശുദ്ധാത്മാവാണ്. പ്രതിഷ്ഠിതാത്മാവിനു അസ്വസ്ഥതയ്ക്ക് കാരണമെന്താണ് ? അനാത്മാവിലുള്ള താത്പര്യവും ഇടപെടലും ആണ് അതിനു കാരണം.

ശുദ്ധാത്മാവിനു ഒന്നിലും താത്പര്യമില്ല. മമതയില്ല. അത് അറിയുന്നവനും, നിരീക്ഷിക്കുന്നവനും ആനന്ദസ്വരൂപനും ആകുന്നു. ശുദ്ധാത്മാവ് സ്വയം പ്രകാശിക്കുകയും മറ്റുള്ളവയെ പ്രകാശിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ പ്രതിഷ്ഠിതാത്മാവ് സ്വയം പ്രകാശിക്കുന്നതല്ല. ശുദ്ധാത്മാവ് പ്രതിഷ്ഠിതാത്മാവിനെ ദർശിക്കുകയും അറിയുകയും ചെയ്യുന്നു. അതിനാൽ പ്രതിഷ്ഠിതാത്മാവ് അറിയപ്പെടുന്ന വസ്തു ആകുന്നു. അവ തമ്മിൽ അറിയുന്നവൻ – അറിയപ്പെടുന്ന വസ്തു എന്ന ബന്ധമാണുള്ളത്.

**അന്വേഷകൻ** : എങ്കിൽ ആരാണ് ക്ലേശിക്കുന്നത്?

**ദാദാജി** : നിങ്ങളാണ് ക്ലേശിക്കുന്നത്. നിങ്ങളല്ലേ ആത്മാവ്? നിങ്ങൾ ആത്മാവാണ് പക്ഷെ പ്രതിഷ്ഠിതാത്മാവാണ്. നിങ്ങൾ ശുദ്ധാത്മാവിനെ സാക്ഷാത്കരിച്ചിട്ടില്ല. പിന്നെങ്ങനെ നിങ്ങൾക്ക് രൂപത്തെ വിശദീകരിക്കാൻ കഴിയും. അതെ നിങ്ങൾ ശുദ്ധാത്മാവിനെ അറിയുകയും അതിൽ തന്നെ സ്ഥിതി ചെയ്യുകയും ചെയ്താൽ നിങ്ങൾ ശുദ്ധാത്മാവാകുന്നു, എന്നാൽ നിങ്ങൾ അമിത് ആണ്, ഈ ശരീരം നിങ്ങളുടെതാണ് എന്ന് കരുതിയാൽ നിങ്ങൾ പ്രതിഷ്ഠിതാത്മാവാകും. നിങ്ങൾ നിങ്ങളുടെ അഹന്തയും മമതയും സ്ഥാപിച്ച് പ്രതിഷ്ഠിതാത്മാവായിരിക്കുന്നു.

**അന്വേഷകൻ** : ഒരു ഉദാഹരണത്താൽ വ്യക്തമാക്കുമോ

**ദാദാജി** : അഞ്ചു കിലോമീറ്റർ സഞ്ചരിച്ചതിനു ശേഷം മാത്രം നിൽക്കുന്ന വിധത്തിൽ ജപ്പാൻകാർ ഒരു കാർ നിർമ്മിച്ചുവെന്നു കരുതുക. നാലു പേർ ആ കാറിൽ കയറി. അത് പ്രോഗ്രാം ചെയ്തതിനാൽ കാർ ചലിക്കാൻ തുടങ്ങി. അവർ ആരെയാണോ കാണാൻ പുറപ്പെട്ടത് അയാളെ ഒരു ഒന്നര കിലോമീറ്റർ ദൂരം കാർ ചെന്നപ്പോൾ കാണാൻ ഇടയായി. ഹലോ, ജയ് സച്ചിദാനന്ദ്, നിൽക്കു നി

ൽക്കു ! എന്ന് അയാൾ പറഞ്ഞു. എന്നാൽ അവർ എങ്ങനെ പ്രോഗ്രാം ചെയ്യ-പ്പെട്ട കാർ നിർത്തും ?

**അന്വേഷകൻ** : അവർ ഒരു യു ടേൺ എടുത്താൽ പോരെ ?

**ദാദാജി** : അത് തിരിച്ചറിവിന്റെ വിഷയമാണ്. അയാൾ നിർത്താൻ പറയും എന്നാൽ ആളുകൾ കറങ്ങിക്കൊണ്ടിരിക്കും. ഇതാണ് ലോകം. സ്വയം പ്രോഗ്രാം ചെയ്യപ്പെട്ടതാണ കാർ. പക്ഷെ അതു ഇച്ഛയാൽ നിർത്താൻ കഴിയുന്നില്ല. ഒരു-വൻ പ്രതിഷ്ഠയെ തനിയെ ചെയ്യുന്നു എങ്കിലും അവന്റെ തന്നെ സൃഷ്ടിയിൽ കുടു-ങ്ങിപ്പോകുന്നു.

കേൾക്കപ്പെടുന്നതും കാണപ്പെടുന്നതും ഇന്ദ്രിയങ്ങളാൽ അനുഭവിക്കപ്പെ-ടുന്നതും പ്രതിഷ്ഠിതാത്മാവാണ്. എന്നാൽ പ്രതിഷ്ഠിതാത്മാവ് അനുഭവിക്കുന്നതി-നു സാക്ഷിയായി അതിനെ അറിയുന്നത് ശുദ്ധാത്മാവാകുന്നു. ഇന്ദ്രിയജ്ഞാനം പ്രതിഷ്ഠിത ആത്മാവിന്റെയും അതീന്ദ്രിയമായത് ശുദ്ധ ആത്മാവിന്റെയുമാണ്. പ്രതിഷ്ഠിതാത്മാവ് പരോക്ഷവും പരിമിതവുമാണ്. എന്നാൽ ശുദ്ധാത്മാവ് അപ-രോക്ഷവും അപരിമിതവുമായ ജ്ഞാനമാണ്.

പ്രതിഷ്ഠിതാത്മാവും ശുദ്ധാത്മാവും ഒടുവിൽ വേർപിരിയുകയും മോക്ഷത്തിന്റെ ആ നിമിഷത്തിൽ പൂർവ്വശരീരത്തെ അപേക്ഷിച്ച് അത് അരൂപമാകുകയും ചെയ്യും. ഒരിക്കലും അതിനു രൂപമില്ല.

എല്ലാ വ്യാപാരങ്ങളും സ്ഥൂല സൂക്ഷ്മങ്ങളായ എല്ലാ കൊടുക്കൽവാങ്ങലുകളും പ്രതിഷ്ഠിതാത്മാവിന്റെയാണ്. ആർക്കും മോഷിക്കുവാനോ ആരുടേയും മോഷി-ക്കപ്പെടുവാനോ സാധ്യമല്ല. ഈ കൊടുക്കൽവാങ്ങലുകൾ പ്രതിഷ്ഠിതാത്മാവിനെ സംബന്ധിച്ചതാണ്.

**അന്വേഷകൻ** : ഒരു ജീവിയെ നാം കൊന്നാൽ അത് പാപമാണോ ?

**ദാദാജി** : പ്രതിഷ്ഠിതാത്മാവിനെ നിങ്ങൾ വേദനിപ്പിച്ചാൽ നിങ്ങൾ ഘോരമായ പാപം ചെയ്യുന്നു. ഒരുവന്റെ ബലമായ വിശ്വാസം യഥാർത്ഥ ആത്മാവിൽ ആരോപിക്കപ്പെട്ടിരിക്കുന്നു. ഈ മേശ കത്തിച്ചാൽ അതു പാപമല്ല. എന്നാൽ ആരുടെയെങ്കിലും ഉടമസ്ഥത അതിനുണ്ടെങ്കിൽ അയാൾ പറയുകയാണ് ഇത് എന്റേതാണ്; എങ്കിൽ അതു പാപമാണ്. താനാണ് ഇത് അനുഭവിക്കുന്നത് എന്ന് കരുതുമ്പോൾ ഒരുവന്റെ മമത്വം രൂപപ്പെടുന്നു. ഈ മമത്വമാണ് ഞാൻ അനുഭവി ക്കുന്നു എന്നതിൽ ആരോപിക്കപ്പെടുന്നത്. ഇതെല്ലാം നിങ്ങളുടെ അനുഭവങ്ങളി ൽ നിങ്ങൾക്കുണ്ടാകുന്ന പറ്റുമാനം കൊണ്ടാണ്. ഒരുവൻ അവന്റെ പ്രതിഷ്ഠാക

ർമ്മത്തിന്റെ ഫലം നേടുന്നു.

നിങ്ങൾ എന്തിലെങ്കിലും സന്തോഷത്തെ പ്രതിഷ്ഠിച്ചാൽ നിങ്ങളും സന്തുഷ്ടനാ-കുന്നു. അതുപോലെതന്നെയാണ് അനിഷ്ടവും ദുഃഖവുമെല്ലാം.

**അന്വേഷകൻ** : ശുദ്ധാത്മാവിനു മാത്രമേ അനുഭവിക്കാൻ കഴിയൂ എന്ന് അവർ പറയുന്നു.

**ദാദാജി** : ശുദ്ധാത്മാവ് ഒരിക്കലും അനുഭവിക്കുന്നവനോ പ്രവർത്തിക്കുന്നവനോ അല്ല. ശുദ്ധാത്മാവും മമതയും പരസ്പരവിരുദ്ധമാണ്. ചെയ്യുന്നു, അനുഭവിക്കുന്നു തുടങ്ങിയ മമതാബന്ധം പ്രതിഷ്ഠിതാത്മാവിന്റേതാണ്. ഇതു കണ്ണുകളിൽ കൂടി കാണുകയോ മറ്റു ഇന്ദ്രിയങ്ങളിൽ കൂടി അനുഭവിക്കുകയോ ചെയ്യുന്നു അല്ലാതെ ശുദ്ധാത്മാവിനെ ഇതു സംബന്ധിക്കുന്നേ ഇല്ല.

ശുദ്ധാത്മാവ് സാക്ഷിയും എല്ലാം അറിയുന്നവനുമാണ്. ശുദ്ധാത്മാവ് അനന്തമായ ജ്ഞാനശക്തിയോടു കൂടിയതാണ്. ഒരുവൻ ശുദ്ധാത്മസ്വരൂപത്തെ അറിയുമ്പോൾ മാത്രമേ ഇതു ഗ്രഹിക്കുന്നുള്ളൂ. അപ്പോൾ മാത്രമേ ശുദ്ധാത്മാവിനെ അതായത് അകർത്താവിനെ അറിയുന്നുള്ളൂ. ശുദ്ധാത്മാവിനെ സാക്ഷാത്കരിക്കും വരെ ഒരുവൻ പ്രതിഷ്ഠിത ആത്മാവായി കർമ്മത്തിൽ അഭിമാനിക്കുന്നു. അടുത്ത ജന്മത്തിലേക്കുള്ള വാസനകൾ അയാൾ സഞ്ചയിക്കുന്നു. ലോകത്തിന്റെ ചക്രച്ചാലിൽ വീഴുകയും ചെയ്യുന്നു.

സാക്ഷിയും ജ്ഞാതാവും ശുദ്ധാത്മാവ് മാത്രമാണ്.

**അന്വേഷകൻ** : എല്ലാവർക്കും അവരവരുടെ മുഖം ഇഷ്ടമാണ്. എന്തുകൊണ്ട്?

**ദാദാജി** : പ്രതിഷ്ഠിതാത്മാവ് ഈ ആകൃതിയെ പരിപോഷിപ്പിച്ചിരിക്കുന്നതിനാ-ൽ എല്ലാവർക്കും കണ്ണാടിയിൽ പ്രതിഫലിക്കുന്ന അവരുടെ മുഖം ഇഷ്ടമാകുന്നു; അല്ലെങ്കിൽ ആർക്കും ഇഷ്ടമാകില്ല. ഇതെല്ലാം പ്രതിഷ്ഠിതാത്മാവിന്റെ സൃഷ്ടിക-ളാണ്.

**അന്വേഷകൻ** : എങ്ങനെയാണു കർമ്മം ബന്ധിക്കുന്നത്?

**ദാദാജി** : പ്രതിഷ്ഠിതാത്മാവ് താനാണ് കർത്താവ് എന്ന് കരുതുവോളം അയാൾ കർമ്മത്തിന്റെ വിത്തുകൾ പാകിക്കൊണ്ടിരിക്കുന്നു. അങ്ങനെ എല്ലാ മനുഷ്യരും അവരുടെ പുതിയ ജന്മത്തെ പാകപ്പെടുത്തുന്നു. നിങ്ങൾ എപ്രകാരം വിതയ്ക്കു-ന്നുവോ അപ്രകാരം കൊയ്യും. നിങ്ങളുടെ പ്രതിഷ്ഠ അനുസരിച്ച് ഒരു രൂപം ലഭിക്കും. നിങ്ങളുടെ പ്രതിഷ്ഠ തന്നെയാണ് പ്രതിഷ്ഠിതാത്മാവായി മാറുന്നത്. അതെ ആത്മാവിനെത്തന്നെ എല്ലാ കർമ്മങ്ങളുടെയും കർത്താവെന്നനിലയിൽ വ്യവ

ഹാരാത്മാവ് എന്നും പറയുന്നു.

ലോകം മുഴുവൻ സത്യത്തെ അന്വേഷിക്കുന്നു. തന്റെ ഉള്ളിൽ പ്രകാശിക്കുന്ന ആത്മാവ് സത്താകുന്നു എന്നാൽ ആരും ഈ ലോകത്തിൽ ആത്മാവിനെ കണ്ടെത്തിയിട്ടില്ല. കണ്ടെത്തിയത് എല്ലാം ആപേക്ഷികമാണ്, അതും അപൂർണ്ണമായി. അഭിലഷിക്കുക എന്നതിൽ കവിഞ്ഞൊന്നും പ്രതിഷ്ഠിതാത്മാവിനു സാധിക്കുന്നില്ല.

പരിണാമചക്രത്തിൽ പ്രവേശിക്കാത്തതും വ്യക്തമാക്കപ്പെടാത്ത അഥവാ അവ്യവഹാര രാശിയിൽ ഉള്ളതുമായ ജീവന്മാർ എപ്പോഴും പ്രതിഷ്ഠിതാത്മാവിനോട് ചേർന്നാണ് ഇരിക്കുന്നത്. വ്യവഹാരത്തിൽ പെടാത്ത ജീവന്മാർ വ്യവഹാരത്തിൽ എത്തുമ്പോൾ ഒരു രൂപം സ്വീകരിക്കുന്നു. അപ്പോൾ മുതൽ അവരുടെ പരിണാമം ആരംഭിക്കുന്നു.

**അന്വേഷകൻ** : അന്തക്കരണം, പ്രതിഷ്ഠിതാത്മാവ്, ശുദ്ധാത്മാവ് എന്നിവ എങ്ങനെ ബന്ധപ്പെട്ടു പ്രവർത്തിക്കുന്നു ?

**ദാദാജി** : പ്രതിഷ്ഠിതാത്മാവ് അന്തക്കരണത്തിന്റെ സ്വാമിയാണ്. എന്നാൽ അതിൽ നിന്നും ഭിന്നവും. അത് മനസ്സ് ബുദ്ധി അഹങ്കാരം ചിത്തം എന്നിവയിൽ നിന്നും ഭിന്നമാണ്. മനസ്സ് പറയുന്നു : "എനിക്ക് ഒരു കാര്യം ചെയ്യണം"; പക്ഷെ പ്രതിഷ്ഠിതാത്മാവ് വേണ്ട എന്ന് പറയുന്നു. അപ്പോൾ അതു സംഭവിക്കുകയില്ല. ഉദ്ദേശങ്ങളും താത്പര്യങ്ങളും പ്രതിഷ്ഠിതാത്മാവിനാണ്. ശുദ്ധാത്മാവ് സാക്ഷി മാത്രമാണ്. ഉള്ളിലെ ആഗ്രഹങ്ങളെ പോഷിപ്പിക്കുന്നത് പ്രതിഷ്ഠിതാത്മാവാണ്. മനസ്സുമായുള്ള മമതയും മമതയില്ലായ്മയും ശുദ്ധാത്മാവ് അറിയുന്നു.

അജ്ഞാനിക്ക് പോലും പ്രതിഷ്ഠിതാത്മാവിനെ മനസ്സിൽ നിന്നും വേർപിരിച്ച് യോഗസിദ്ധി നേടാനാകും.

**അന്വേഷകൻ** :ശുദ്ധാത്മാവിനെ സാക്ഷാത്കരിക്കുമ്പോൾ കർമ്മത്തിനു എന്തു സംഭവിക്കും ?

**ദാദാജി** : ശുദ്ധാത്മപദം പ്രാപിച്ചാൽ പുതിയ പ്രതിഷ്ഠ ഉണ്ടാകുകയില്ല. പൂർവ്വകാലത്ത് ചെയ്ത കർമ്മങ്ങൾ ലൌകിക വ്യവഹാരങ്ങളായി അനുഭവപ്പെടും. ഇതു നമ്മൾ മമത കൂടാതെ പറയുന്ന വാക്കുകളാണ്. പുതിയ കർമ്മങ്ങൾ ഉണ്ടാകുന്നില്ല. അത് അത്ഭുതമാണ്. ഒരു ജന്മത്തിൽ ഈ പ്രതിഷ്ഠ ഇല്ലാതെയായാൽ അത് വലിയ നേട്ടമാണ്. ജ്ഞാനിയുടെ അഹം ശുദ്ധാത്മാവിൽ എത്തുന്നു. എന്നാൽ മറ്റുള്ളവരുടെ അഹം പ്രതിഷ്ഠിതാത്മാവിൽ ആണ്.

ജ്ഞാനി അനാത്മാവായ എല്ലാത്തിനെയും അറിയുന്നു. ഒപ്പം പ്രതിഷ്ഠിതാത്മാവിനെയും അറിയുന്നു. അതിനാൽ പുതിയ കർമ്മം ഉണ്ടാകുന്നില്ല. എന്നാൽ അജ്ഞാനി പ്രതിഷ്ഠിതാത്മാവുമായി താദാത്മ്യം പ്രാപിച്ച് പുതിയ കർമ്മങ്ങൾ ഉണ്ടാക്കുന്നു.

**അന്വേഷകൻ** : ചേതനൻ എന്ന് പൊതുവിൽ ഉപയോഗിക്കുന്ന വാക്ക് ശുദ്ധാത്മാവിനെ കുറിക്കുന്നതാണോ ?

**ദാദാജി** : ചേതനൻ എന്ന് ഉപയോഗിക്കുന്നത് പ്രതിഷ്ഠിതാത്മാവിനെ സൂചിപ്പിക്കാൻ ആണ്. എന്നാൽ ശുദ്ധാത്മാവിൽ ഒന്നും നഷ്ടപ്പെടുകയോ സ്വീകരിക്കപ്പെടുകയോ ചെയ്യുന്നില്ല. ബാറ്ററി ചാർജ് ചെയ്യുന്ന സ്ഥലത്തിനു അത് ചാർജ് ചെയ്യുമ്പോൾ ഒന്നും സംഭവിക്കുന്നില്ല. ഈ ജീവന്മാരെല്ലാം കർമ്മങ്ങൾ ചെയ്യുകയും ജന്മങ്ങൾ എടുക്കുകയും ചെയ്താലും ശുദ്ധാത്മാവിനു യാതൊന്നും സംഭവിക്കുന്നില്ല. പരിശ്രമം പാഴാകുന്നുണ്ട്. ജീവൻ അനേകം ജന്മങ്ങളിൽ കൂടി അലയുന്നു എങ്കിൽ ഈ സ്വർണ്ണം ശുദ്ധമായിത്തന്നെ ഇരിക്കുന്നു.

മാറ്റങ്ങൾ എല്ലാം പ്രതിഷ്ഠിതാത്മാവിനെ സംബന്ധിച്ചാണ്. ചാർജും ഡിസ്ചാർജും പ്രതിഷ്ഠിതാത്മാവിനെ, മിശ്രചേതനേ അപേക്ഷിച്ചാണ് സംഭവിക്കുന്നത്, ശുദ്ധാത്മാവിനല്ല.

**അന്വേഷകൻ** : ചിന്തിക്കുക എന്ന പ്രവൃത്തി പ്രതിഷ്ഠിതാത്മാവ് ചെയ്യുന്നതാണോ ?

**ദാദാജി** : ഒരു ചിന്തയും വളർത്താതിരിക്കുക എന്ന നിലയിൽ പ്രതിഷ്ഠിതാത്മാവ് ശുദ്ധമാണ്. ചിന്ത മനസ്സിന്റെയാണ്. ഒരു കെട്ടുണ്ടാകുമ്പോൾ ചിന്തിക്കുന്ന അവസ്ഥ സംജാതമാകുന്നു. മതത്തെക്കുറിച്ചുള്ള ചിന്തകളോ, മോഷണത്തെക്കുറിച്ചുള്ള ചിന്തകളോ, എല്ലാം മനസ്സിന്റെ കെട്ടിൽ നിന്നാണ് ഉണ്ടാകുന്നത്. പ്രതിഷ്ഠിതാത്മാവ് ചിന്തിച്ചിരുന്നെങ്കിൽ ബുദ്ധി നിലനിൽക്കില്ല. ഒരു കമ്പ്യൂട്ടർ പോലെ ആയേനെ. പ്രതിഷ്ഠിതാത്മാവ് ആന്തരികവ്യാപാരം തുടങ്ങുമ്പോൾ അദ്യ പ്രതിപ്രവർത്തനം അന്തക്കരണത്തിലും പിന്നീട് ബാഹ്യകരണങ്ങളിലും ഉണ്ടാകുന്നു. ആന്തരികത്തെ അറിഞ്ഞവൻ ബാഹ്യത്തെയും അറിയുന്നു. എന്നാൽ ഒരുവൻ മനസ്സ് ബുദ്ധി അഹങ്കാരം ചിത്തം എന്നിവയെ അറിയണം. ഇവ പ്രതിഷ്ഠിതാത്മാവിന്റെ അംഗങ്ങളാണ്. ഈ അർത്ഥത്തിൽ അന്തക്കരണം പ്രതിഷ്ഠിതാത്മാവ് ആകുന്നു.

അന്തക്കരണം ഏതു പ്രകാരത്തിലാണോ ബാഹ്യകരണം ആ പ്രകാര-

ത്തിൽ പ്രവർത്തിക്കുന്നു. തലച്ചോറ് സ്ഥൂലവും അന്തക്കരണം സൂക്ഷ്മവുമാണ്. അന്തക്കരണത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ പ്രതിഷ്ഠിതാത്മാവിന്റെതാണ്.

**അന്വേഷകൻ** : പ്രതിഷ്ഠിതാത്മാവ് ശക്തനാണോ ?

**ദാദാജി** : ഒരു കൽവിഗ്രഹത്തിന്റെ പ്രതിഷ്ഠ സാധാരണ ഒരുവന് കുറേക്കാലം അനുഗ്രഹമാണ്. ഈ പ്രതിഷ്ഠ എത്ര ശക്തമാണ്.

ശാസ്ത്രത്തിന്റെ കണ്ടുപിടുത്തങ്ങൾ എല്ലാം പ്രതിഷ്ഠിതാത്മാവ് ചെയ്തതാണ്. പ്രതിഷ്ഠിതാത്മാവ് അനേകം ശക്തികൾക്ക് ഉടമയാണ്. ശുദ്ധാത്മാവ് ആകട്ടെ അനന്തശക്തികൾ ഉൾക്കൊള്ളുന്നു. ശരിയായ പ്രതിഷ്ഠയാൽ ഒരു ഭിത്തിയെ പോലും സംസാരിപ്പിക്കത്തക്ക ശക്തി ആത്മാവിനുണ്ട്.

വിഗ്രഹം പ്രതിഷ്ഠിച്ചാൽ രൂപമുള്ള ഭഗവാനെ കിട്ടും. എന്നാൽ അമൂർത്ത-മായതിനെ പ്രതിഷ്ഠിച്ചാൽ അരൂപനായ ഭഗവാനെ നിങ്ങൾ സാക്ഷാത്കരിക്കും.

## 92

## നിശ്ചേതന-ചേതന

**അന്വേഷകൻ** : ചേതനവാനായ അവസ്ഥയെക്കുറിച്ച് വിശദീകരിക്കുമോ ?

**ദാദാജി** : നിശ്ചേതന ചേതനമെന്നും ശുദ്ധചേതനമെന്നും രണ്ടുതരത്തിൽ ചൈ-തന്യത്തെ അഥവാ ബോധത്തെ തരംതിരിക്കുന്നു. എന്നാൽ നിങ്ങൾ നിശ്ചേത-നചേതനത്തെ ചേതനയായി ധരിക്കുന്നു. രണ്ടും സങ്കലനരൂപത്തിലാണ് സ്ഥിതി ചെയ്യുന്നത് സംയുക്തമായല്ല. അല്ലെങ്കിൽ രണ്ടിന്റെയും ഗുണങ്ങൾ നഷ്ടമാകും.

**അന്വേഷകൻ** : ഇതൊരു പുതിയ അറിവാണ്.

**ദാദാജി** : ആളുകൾ ചൈതന്യം എന്ന് വിളിക്കുന്നതിനെ ഞാൻ സമ്മിശ്രബോധം എന്ന് വിളിക്കുന്നു എന്തെന്നാൽ അതു ചൈതന്യമെന്നപോലെ തോന്നുമെങ്കിലും ബോധത്തിന്റെ യാതൊരു സ്വഭാവവും കാണിക്കുന്നില്ല. അങ്ങനെയെങ്കിൽ അതിനെ ചൈതന്യം എന്ന് എങ്ങനെ വിളിക്കും ?

**അന്വേഷകൻ** : ഒരു ഉദാഹരണം പറയുമോ ?

**ദാദാജി** : പിച്ചളയുടെ കാര്യമെടുക്കുക. സ്വർണ്ണം പൂശിയാൽ അത് സ്വർണ്ണം പോലെ ഇരിക്കില്ലേ ? സ്വർണ്ണം പോലെ ഇരിക്കുമെങ്കിലും അതു സ്വർണ്ണമല്ല എന്ന് സ്വർണ്ണപ്പണിക്കാരന്റെ അടുത്ത് കൊണ്ട്പോയാൽ അറിയാം. അതു സ്വർണ്ണ-മാണോ എന്ന് അയാൾ പരിശോധിക്കും. അതിനു സ്വർണ്ണത്തിന്റെ സ്വഭാവം ഇല്ലെങ്കിൽ അത് സ്വർണ്ണമാകുകയില്ല. അത് സ്വർണ്ണം പോലെ ഇരിക്കും എന്നാ-

ൽ യഥാർത്ഥ സ്വർണ്ണം ആകുകയില്ല.

അതുപോലെ ചൈതന്യം പോലെ തോന്നുന്നതും ചൈതന്യം ആകുകയില്ല. അതിനെ ഞാൻ നിശ്ചേതനചേതന എന്ന് വിളിക്കുന്നു. പിച്ചള സ്വർണ്ണം പോ-ലെ ഇരിക്കും എന്നാൽ ഉരുമ്പിക്കുമ്പോൾ അത് അതിന്റെ സ്വഭാവം കാണിക്കും.

**അന്വേഷകൻ** : നമ്മുടെ ശരീരമോ ?

**ദാദാജി** : ഈ ശരീരം മിശ്രചേതന ആണ് അതായത് ജഡദ്രവ്യവും ബോധവും ചേർന്നത്. നിശ്ചേതന ചേതന. നമ്മുടെ യഥാർത്ഥ ആത്മാവ് ശുദ്ധചൈത-ന്യമാണ്. പൂർവ്വജന്മത്തിൽ ഉണ്ടായ പ്രതിഷ്ഠ ആണ് പ്രതിഷ്ഠിതാത്മാവ്, അത് പ്രതിഷ്ഠിത ചേതന. ചേതനയും അചേതനയും അതുമാത്രമായി മനസിലാക്കാൻ കുഴപ്പമില്ല എന്നാൽ മിശ്രചേതന അത്ര എളുപ്പം ഉൾക്കൊള്ളാൻ ആവില്ല എന്തെന്നാൽ അതു തെറ്റിധരിപ്പിക്കും.

**ദാദാജി** : എങ്ങനെ ?

**ദാദാജി** : ഭഗവാൻ പറയുന്നു "നിങ്ങൾക്ക് നിങ്ങളുടെ കമ്പനങ്ങളെ അറിഞ്ഞു കൊണ്ട് സോപാനത്തിലൂടെ സഞ്ചരിക്കാം എന്നാൽ മിശ്രചേതനുമായി കമ്പനം ഉണ്ടാക്കരുത് പ്രത്യേകിച്ചും മറ്റു ലിംഗങ്ങളിൽ ഉള്ളവരുമായി." സാധാരണ രീതിയിലുള്ള ഇടപെടലുകൾ കുഴപ്പമില്ല. എന്നാൽ ഇടർച്ച ഉണ്ടാകരുത്. അങ്ങനെ ഉണ്ടായാൽ ആ വ്യക്തിയെ ഞാൻ ജാഗരൂകനാക്കും.

അചേതനമായതുമായുള്ള ഇടപെടൽ കുഴപ്പമില്ല. ബീഡി അചേതന-മാണ്. അതിനാൽ അതിനെതിരെ ഞാൻ ഒന്നും പറയുന്നില്ല. എന്നാൽ അചേ-തനമായ ഒന്നിനോട് ഇടപെടുമ്പോൾ സന്തുലിതാവസ്ഥ ഉണ്ടാകണം ഇല്ലെങ്കിൽ അതു നിങ്ങളുടെ മനസ്സിനെ അസ്വസ്ഥമാക്കും. എന്നാൽ മിശ്രചേതന വന്നാൽ നിങ്ങളുടെ അടുത്ത ജന്മത്തിൽ അതു പ്രതികൂലമായി ബാധിക്കും എന്ന് പറഞ്ഞു ഞാൻ അയാളെ ശാസിക്കും.

**അന്വേഷകൻ** : അതെങ്ങനെയാണ് സർ ?

**ദാദാജി** : നിങ്ങൾ എന്തിനാണ് എന്നെ ആസ്വദിക്കുന്നത് എന്ന് ചോദിച്ച് ഒരു സിനിമ എപ്പോഴെങ്കിലും നിങ്ങൾക്കെതിരെ കേസ് കൊടുക്കുമോ. ഇല്ല എന്തെ-ന്നാൽ അത് ജഡമാണ്. എന്നാൽ മിശ്രചേതനമായ ജീവജാലങ്ങൾ പ്രതികരി-ക്കും എന്തെന്നാൽ ഉള്ളിൽ ശാന്തത ഇല്ല. ഉള്ളിൽ അത് ആളിക്കത്തുകയാണ്. അകത്ത് ശാന്തി ഉണ്ടെങ്കിൽ പ്രശ്നമില്ല.

എപ്പോഴെങ്കിലും ജീവനുള്ളവയെ അപേക്ഷിച്ച് ഒരു അശുഭചിന്ത ഉണ്ടായാൽ

അപ്പോൾത്തന്നെ അതു ഇല്ലാതെയാക്കണം. പ്രതിക്രമണം കൊണ്ട്, മനസ്സിനെ അതിൽനിന്നും പിൻവലിച്ചുകൊണ്ട് അതിനെ മറികടക്കണം. മിശ്രചേതനയുടെ പ്രശ്നം എന്തെന്നാൽ അതു നിങ്ങളുടെ മോക്ഷത്തിനും സന്തോഷത്തിനും തടസ്സ-മായി നിൽക്കും.

ഒരു സിനിമ കാണാനുള്ള ആഗ്രഹമോ രുചിയോ അത്തരം കുഴപ്പങ്ങൾ ഉണ്ടാ-ക്കുന്നില്ല എന്നാൽ മിശ്രചേതനയുമായി അഥവാ അന്യലിംഗത്തിൽ പെട്ട ആളു-മായുള്ള ഇടപെടൽ സങ്കീർണത ഉണ്ടാക്കുന്നു. ലൌകികമായ പ്രശ്നങ്ങൾക്കെ-ല്ലാം പ്രധാന കാരണം അതാണ്. മിശ്രചേതന ഒരു തമോഗർത്തമാണ്. അത് അടയ്ക്കപ്പെട്ടാൽ എന്താണ് പിന്നെ പ്രശ്നം ? ഒരുവൻ സ്വതന്ത്രമനസ്സോടു കൂടി സുരക്ഷിതസ്ഥാനത്തായിരിക്കണം. പക്കോട കഴിക്കാൻ ആഗ്രഹിച്ച് ഇരിക്കാം എന്നാൽ മിശ്രചേതന ആണെങ്കിൽ നിങ്ങൾക്ക് സ്വതന്ത്രമായി ഇരിക്കാൻ ആവില്ല.

**അന്വേഷകൻ** : ദയവായി മനുഷ്യന്റെ ബാഹ്യവും ആഭ്യന്തരവുമായ പ്രവർത്തനം വിശദീകരിക്കുമോ ?

**ദാദാജി** : നിശ്ചേതനചേതന യാന്ത്രികമാണ്. ബാഹ്യമായതെല്ലാം യാന്ത്രി-കമാണ്. ബാഹ്യയന്ത്രത്തെ നിയന്ത്രിക്കേണ്ടതുണ്ട്. എന്നാൽ ആന്തരികമായത് നിങ്ങൾ പൂർവ്വജന്മങ്ങളിൽ നിന്നും ആർജ്ജിച്ചതാണ്. അത് തനിയെ പ്രവ-ർത്തിക്കുന്നു. നിങ്ങൾ ഇന്ധനം നിറയ്ക്കുന്നു എന്ന് മാത്രം. സ്ഥൂലശരീരം യാന്ത്രിക ചേതന ആകുന്നു. എന്നാൽ ഞാൻ ചെയ്തു എന്ന മമത അടുത്ത ജന്മത്തിലേക്കുള്ള വിത്തു പാകുന്നു.

**അന്വേഷകൻ** : ആത്മാവ് അകത്തും പുറത്തുമുള്ള എല്ലാ പ്രവൃത്തികളും ചെയ്യുന്നു എന്ന് നാം വിശ്വസിക്കുന്നു.

**ദാദാജി** : അചേതനത്തെ ചേതനമായി തെറ്റിദ്ധരിച്ച് ആത്മാവാണ് എല്ലാം ചെ-യ്യുന്നതെന്ന് ലോകം മുഴുവൻ വിശ്വസിക്കുന്നു. എന്നാൽ ആത്മാവ് പ്രവർത്തി ചെ-യ്യുകയോ ആത്മാവിൽ പ്രവൃത്തി നടക്കുകയോ ചെയ്യുന്നില്ല. ഈ സത്യം എപ്പോ-ളാണ് തിരിച്ചറിയുക ? ഈ അചേതനചേതന ലോകത്തെ ഭരിക്കുന്നു എന്ന് അവർ കരുതുന്നു. എന്നാൽ ചേതന അചേതനയിൽ നിന്നും ഭിന്നമാണ്.

വിഭാവിക ഗുണങ്ങളാണ് അചേതനചേതനയായി മാറുന്നത്. ആത്മാവി-ലുള്ള മിഥ്യാജ്ഞാനത്തിൽ നിന്നും ഉണ്ടാക്കപ്പെട്ട ഗുണങ്ങൾ ആണ് വിഭാവിക ഗുണങ്ങൾ. മിശ്രചേതന പ്രവർത്തിക്കുന്നതും അങ്ങനെയാണ്.

93

## മോക്ഷത്തിനുള്ള മനുഷ്യന്റെ വിശേഷാധികാരം

**അന്വേഷകൻ** : ഡാർവിന്റെ പരിണാമ സിദ്ധാന്തം വളരെ പ്രസിദ്ധമാണ്.

**ദാദാജി** : ഡാർവിന്റെ സിദ്ധാന്തം അപൂർണ്ണമാണ്.

**അന്വേഷകൻ** : അതെങ്ങനെ അപൂർണ്ണമാകും ?

**ദാദാജി** : അത് ഭാഗികമാണ്. മനുഷ്യന് ശേഷം താഴ്ന്ന ജീവിയിലെക്കുള്ള പരിണാമത്തെക്കുറിച്ച് അദ്ദേഹത്തിനു അറിയില്ല. പൂർണ്ണവും വിശ്വസനീയമായുമുള്ള സിദ്ധാന്തത്തെ നൽകാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല.

മനുഷ്യശരീരം പോലെ മോക്ഷത്തിനു അനുകൂലമായ മറ്റൊരു ശരീരവും ഇല്ല. മോക്ഷത്തിനുള്ള ഒരു ഉപാധിയാണ് മനുഷ്യശരീരം. ഒരുവന് മനുഷ്യശരീരം ലഭ്യമായാൽ ഒപ്പം തന്നെ മോക്ഷത്തിനു അനുകൂലമായ സാഹചര്യവും ഉണ്ടായാൽ അവന്റെ ജീവിതചക്രത്തിന്റെ പ്രഹേളിക പരിഹരിക്കപ്പെടും. എന്നാൽ ഇപ്പോൾ മനുഷ്യർ യാന്ത്രിക ചേതനയുടെ അവസ്ഥയിൽ ആണ്. വിഭാവനം ചെയ്യപ്പെട്ടതും, ഉപാധിയോടു കൂടിയതും യാന്ത്രികവുമായ ചേതനയാണത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ കറങ്ങുന്ന പമ്പരം പോലെ.

**അന്വേഷകൻ** : എങ്ങനെയാണ് പമ്പരം പോലെ അഥവാ യാന്ത്രിക ചേതന ആകുന്നത്?

**ദാദാജി** : ഭാവമനമെന്നും ദ്രവ്യമനമെന്നും പറയുന്നത് നിശ്ചേതനചേതനയെ ആണ്. ജ്ഞാനിക്ക് മാത്രമേ ശുദ്ധ ചേതനയെ നിങ്ങൾക്ക് നൽകാനാകൂ. ബാക്കി എല്ലാം യാന്ത്രികമാണ്.

ഈ യന്ത്രം തനിയെ പ്രവർത്തിക്കുന്നു, എന്നാൽ ഒരുവൻ പറയുകയാണ്: “ഞാൻ ആണ് അതിനെ ചലിപ്പിച്ചത്”. അത് അഹന്തയാണ്. മനസ്സ് കെട്ടുകളാൽ ബന്ധിതമാണ്. അത് കർമ്മഫലത്തെ ഉളവാക്കുന്നു. ആ കർമ്മഫലം മിശ്രചേതനയുമായുള്ള ബന്ധമാണ് ഉണ്ടാക്കുന്നത് എങ്കിൽ അവിടെ ആശയക്കുഴപ്പം ഉണ്ടാകുന്നു. നമ്മൾ ഒഴിഞ്ഞാലും മറുവശത്തുള്ള ആൾ ഒഴിയണമെന്നില്ല. എന്നാൽ നിങ്ങൾ അചേതനമായതിനെ ഒഴിവാക്കിയാൽ അത് നിങ്ങളുടെ പുറകെ വരില്ല.

ഡോക്ടർമാർക്ക് മനസ്സിനെ കാണാൻ കഴിയില്ല. എന്നാൽ ജ്ഞാനിക്ക് അത് കഴിയും. മനസ്സ് പൂർണ്ണമായും ഭൌതികമാണ്. എന്നാൽ ഉപബോധമനസ്സ് നിശ്ചേതന ചേതനയാണ്.

**അന്വേഷകൻ** : ജീവൻ എന്നും ചേതന എന്നും പദങ്ങൾ പരസ്പരം മാറി ഉപ-യോഗിക്കാറുണ്ടല്ലോ.

**ദാദാജി** : ഈ നിശ്ചേതനചേതനയെ ജീവൻ എന്ന് വിളിച്ചാലും ചേതന എന്ന് വിളിക്കാൻ ആവില്ല. മഹാത്മാക്കൾ ശുദ്ധ ചേതനയെ സാക്ഷാത്കരിച്ചവർ ആണ്. നമ്മുടെ ശരീരം നിശ്ചേതനചേതനയും നമ്മൾ ശുദ്ധചേതന അഥവാ ശുദ്ധാത്മാവും ആകുന്നു.

നിശ്ചേതനചേതനയിൽ നിശ്ചേതന എന്നത് വിശേഷണം ആണ്. ജഡം ആണ് എന്നാൽ ചേതനം എന്ന് തോന്നുകയും ചെയ്യുന്നു എന്നാണ് അർത്ഥം. നിങ്ങൾ ശുദ്ധചേതന ആകും വരേയ്ക്കും ജീവൻ അഥവാ നിശ്ചേതനചേതന ആണ്. സാധുക്കൾ, സന്ന്യാസിമാർ തുടങ്ങി എല്ലാവരും നിശ്ചേതനചേതനയാണ്. മനുഷ്യർ, തിര്യക്കുകൾ, ദേവാസുരന്മാർ, എല്ലാവരും നിശ്ചേതനചേതന അഥവാ ജീവന്മാരാണ്; അതിനാൽ പമ്പരം എന്ന് വിളിക്കുന്നു.

ശുദ്ധാത്മാവിനെ സാക്ഷാത്കരിക്കും വരെ ഒരുവൻ നിശ്ചേതനചേതനൻ ആണ്. ജ്ഞാനിപുരുഷനെ കാണും വരെ നിങ്ങൾ ജീവനാണ്. മമതാഭിമാനമി-ല്ലാത്ത ഞാൻ ലോകത്തിന്റെ ഈശ്വരനാണ് എന്തെന്നാൽ ഞാൻ പ്രകടീകരി-ക്കപ്പെട്ട ശുദ്ധാത്മാവാണ്.

സംഭവങ്ങളും ഘട്ടങ്ങളും വന്നും പോയുമിരിക്കും, അതു നിശ്ചേതനചേത-നമാണ്. നാം ശുദ്ധചേതനമാണ്. എല്ലാ സംഭവങ്ങളും അറിയുകയും പരിഹരിക്ക-പ്പെടുകയും ചെയ്യേണ്ടതുണ്ട്. സാഹചര്യങ്ങളെ എങ്ങനെ നേരിടണം എന്ന് ഒരു-വൻ അറിഞ്ഞിരിക്കേണ്ടതാണ്. നിങ്ങൾ ഏതെങ്കിലും പ്രശ്നത്തിൽ പെട്ടാൽ നിങ്ങളുടെ സന്തോഷം നഷ്ടമാകുന്നു. പ്രവർത്തനശക്തിയും അധികാരിയും നിശ്ചേതനചേതനൻ ആണ്. എന്നാൽ യഥാർത്ഥ ചൈതന്യത്തിൽ മഹത്തായ ആനന്ദവും സമാധിയുമാണ്.

**അന്വേഷകൻ** : എങ്കിൽ ആന്തരികാത്മാവിന്റെ ഏതു ഭാഗമാണ് ദുഃഖങ്ങൾ അനുഭവിക്കുന്നത്.

**ദാദാജി** : ദുഃഖങ്ങൾ, ദുരിതങ്ങൾ, ആകുലതകൾ എല്ലാം തന്നെ നിശ്ചേതനചേ-തനനിലാണ്. സങ്കടവും ആകുലതയും ജീവനാണ്. ആ ജീവൻ 'ഞാൻ അമിത് ആണ്' എന്നിങ്ങനെ ചിന്തിക്കുന്നു. അതിനാൽ ദുഃഖമുണ്ടാകുന്നു. ആരും ചേതന-സ്വരൂപനായി ജീവിക്കുന്നില്ല. ജ്ഞാനത്തിന്റെ ഭാഷയിൽ എല്ലാവരും നിശ്ചേ-തനചേതനരാണ്.

**അന്വേഷകൻ** :ഈ നിശ്ചേതനചേതന സൃഷ്ടിചക്രത്തിൽ എത്ര നാൾ തുടരണം ?

**ദാദാജി** : അജ്ഞാനത്താൽ ഒരുവൻ ആത്മാവിൽ 'ഞാൻ അമിത് ആകുന്നു' എന്നിങ്ങനെ ആരോപിക്കുന്നു. അവൻ അല്ലാത്ത ഒന്നിനെ അവനായി സ്വീകരിക്കും വരെ നിശ്ചേതനചേതനനായി ജീവിക്കുന്നു. അജ്ഞാനം നശിക്കും വരെ ഈ പ്രതിഷ്ഠ തുടരും. 'ഞാൻ ശുദ്ധാത്മാവാകുന്നു' എന്ന് ഒരുവന് നിശ്ചയിക്കാമെങ്കിൽ അയാൾ വീണ്ടും നിശ്ചേതനചേതനനാകുകയില്ല. ആ സാക്ഷാത്കാരം കൊണ്ട് മാത്രമേ ശുദ്ധചേതന വെളിപ്പെടുകയും അജ്ഞാനചക്രത്തിൽ നിന്നും മുക്തി നേടുകയും ചെയ്യുകയുള്ളൂ.

ജീവന്മാർ ഒരു കർമ്മത്തിൽ നിന്നും വിടുതൽ നേടുമ്പോൾ തെറ്റായ വിശ്വാസത്താൽ മറ്റൊരു കർമ്മത്തെ സഞ്ചയിക്കുന്നു.

## 94

## ആഗ്രഹം

**അന്വേഷകൻ** : ആഗ്രഹം എന്നത് ജ്വലിച്ചുകൊണ്ടിരിക്കുന്ന അഗ്നിയാണ്. അതു സാധ്യമാകും വരെ ഉള്ളിൽ കത്തിക്കൊണ്ടിരിക്കും. ഭഗവാൻ എന്താണ് പറയുന്നത് ? ആത്മാവിന്റെ ഊർജ്ജത്തെ തടയുന്നത് ആഗ്രഹമാണ്, അന്തരായകർമ്മം. മോക്ഷത്തിനോ ജ്ഞാനിപുരുഷനോ വേണ്ടി മാത്രമേ ആഗ്രഹം ഉണ്ടാകാൻ പാടുള്ളൂ. അങ്ങനെയുള്ള ആഗ്രഹത്തിന് തടസ്സമുണ്ടാക്കാൻ ആവില്ല. ബാക്കി എല്ലാ ആഗ്രഹങ്ങളും അഗ്നി പോലെ ദഹിപ്പിക്കുന്നതാണ്.

ജനങ്ങൾ ആ അഗ്നി ശമിപ്പിക്കാൻ വെള്ളം അന്വേഷിക്കുന്നു, എന്നാൽ പെട്രോൾ എടുത്ത് ഒഴിക്കുകയും ചെയ്യുന്നു. ഒരു ആഗ്രഹം സഫലമാകും മുൻപ് അടുത്തത് വരുന്നു.

**അന്വേഷകൻ** : എല്ലാ ആഗ്രഹങ്ങളും സാധിക്കപ്പെടുന്നില്ല.

**ദാദാജി** : പ്രകൃതിനിയമം എന്താണ് പറയുന്നത്? നിങ്ങൾ എന്തെല്ലാം ആഗ്രഹങ്ങളെ വളർത്തുന്നുവോ അതൊക്കെ എപ്പോഴെങ്കിലും സാധ്യമാകും. പിന്നെന്തിനു അവയെക്കുറിച്ച് ചിന്തിക്കുന്നു ? ആഗ്രഹങ്ങളെക്കുറിച്ച് ചിന്തിച്ച് നിങ്ങൾ എല്ലാം സങ്കീർണ്ണമാക്കുന്നു. തുടർച്ചയായി വരുന്ന ആഗ്രഹങ്ങൾ നിങ്ങളെ വേട്ടയാടിക്കൊണ്ടിരിക്കും. എല്ലാത്തിനെയും ഒരുവൻ ആഗ്രഹിക്കില്ല, പക്ഷെ അവനു ഇഷ്ടമുള്ളതിനെ ആഗ്രഹിക്കും. എന്തിനെയാണ് ഒരുവൻ ആഗ്രഹിക്കുന്നത്? നിങ്ങളുടെ പൂർവകാലത്തിൽ നിന്നും നിങ്ങൾ ബുദ്ധിയാകുന്ന പാത്രത്തിൽ കൊണ്ടു-

വന്നതിനെയാണ് ആഗ്രഹിക്കുക. ബുദ്ധിയുടെ ആശ ആണത്. നിങ്ങൾ പൂർവ്വ-ജന്മത്തിൽ നിന്നും കൊണ്ടുവന്ന എല്ലാ സന്തോഷങ്ങളും നിങ്ങൾ ആസ്വദിക്കുന്നു, എന്നാൽ പുണ്യകർമ്മങ്ങൾ ആണ് ഈ സന്തോഷത്തിനു കാരണം.

**അന്വേഷകൻ** : ആത്മീയ പാതയിൽ ഇച്ഛാശക്തിക്ക് എന്താണ് പ്രാധാന്യം.

**ദാദാജി** : ലോകത്തിന്റെ കത്തി ഇരുതലമൂർച്ചയുള്ളതാണ്. എന്നാൽ ശുദ്ധാ-ത്മാവിന്റെ കത്തി ഒരുവശം മാത്രം ഉപയോഗിക്കേണ്ടതാണ്. ഞാൻ അശുദ്ധാ-ത്മാവെന്നു ഒരുവൻ ചിന്തിച്ചാൽ എന്ത് സംഭവിക്കും ? ഫലം ഭീമമായ നാശമാകും. ശുദ്ധാത്മാവിനു ഇച്ഛാശക്തിയില്ല എന്നാൽ അന്തരാത്മാവിന് ഉണ്ട്. ശുദ്ധാത്മ-സ്ഥിതിയിൽ എത്താൻ അന്തരാത്മാവ് ഇച്ഛ ഉപയോഗിക്കും. ആ അവസ്ഥയെ പ്രാപിച്ചാൽ ഇച്ഛയുടെ പൊടിപോലും കാണില്ല. വീതരാഗത കൊണ്ടാണ് അതു നേടുന്നത്. വീതരാഗനു ഇച്ഛയില്ല. ഞാൻ ശുദ്ധാത്മസ്ഥിതിയെ പ്രാപിച്ചവനാണ്. എന്റെ ഇച്ഛ മോചനത്തിന്റെ ഇച്ഛയാണ്.

**അന്വേഷകൻ** : ആഗ്രഹവും ചിന്താവനവും (മനനം) തമ്മിലുള്ള വ്യത്യാസം എന്ത്?

**ദാദാജി** : ചിന്താവനം (ഒരു വിഷയത്തിൽ എകാഗ്രമാക്കിയുള്ള ധ്യാനം) ഭാവിയി-ലേക്കുള്ള കർമ്മത്തെ നിശ്ചയിക്കുന്നു എന്നാൽ ആഗ്രഹം ഭൂതകാല കർമ്മങ്ങളെ വെളിവാക്കുന്നു. ആഗ്രഹമോ ആഗ്രഹമില്ലായ്മയോ അനുസരിച്ച് കർമ്മം നിശ്ച-യിക്കപ്പെടുന്നു.

**അന്വേഷകൻ** : ആഗ്രഹങ്ങൾ എങ്ങനെയാണ് സാധ്യമാകുക ?

**ദാദാജി** : നിങ്ങളുടെ പുണ്യകർമ്മങ്ങൾ ഫലിക്കുമ്പോൾ ആഗ്രഹങ്ങൾ സാധിക്കു-ന്നു. എന്നാൽ ആ കണ്ണി മുറിഞ്ഞുപോയാൽ നിങ്ങൾക്ക് വിപരീതഫലങ്ങൾ ഉണ്ടാകാം. ഒന്ന് മുതൽ അക്കങ്ങൾ ഇരുട്ടിൽ എഴുതിയാൽ അവയെ എണ്ണാൻ ഒരു ക്രമം ഉണ്ടെങ്കിൽ എളുപ്പമാണ്. ക്രമം തെറ്റിയാൽ ഏഴ് എണ്ണിക്കഴിഞ്ഞു അൻപത്തിയേഴ് എണ്ണാം.

**അന്വേഷകൻ** : ഒരുദാഹരണം പറയുമോ

**ദാദാജി** : രത്നഗിരിയിൽ ഒരാൾ എന്നോട് വന്നു ചോദിച്ചു : “ദാദാ ഞാൻ എവിടെ കൈ വെച്ചാലും എനിക്ക് സ്വർണ്ണം ലഭിക്കുന്നു.” പുണ്യകർമ്മങ്ങളുടെ ഒരു ക്രമം ഈ സമയത്ത് നിങ്ങൾക്കുണ്ട് എന്നാൽ ആ ക്രമം ഇല്ലാതെയാകാം എന്ന് ഞാൻ അയാളോട് പറഞ്ഞു. സംഭവിച്ചത് ഇതാണ്. അയാളുടെ കച്ചവടം തകർന്നു അ യാളും ഭാര്യയും ആത്മഹത്യക്ക് ശ്രമിച്ചു. ഭാഗ്യത്തിന് അവർ രക്ഷപെട്ടു. അപ്പോൾ

അവർ എന്റെ വാക്കുകൾ ഓർത്തു.

ഈ ക്രമവും അക്രമവും വന്നും പോയുമിരിക്കും. അങ്ങനെയാണ് ഈ ലോകം. പഴയകാല സംഭവങ്ങളുടെ പരിണിതഫലമാണ് ആഗ്രഹങ്ങൾ. ചിന്താവനം ഭാവിയിലേക്കുള്ള പദ്ധതികൾ ആണ്, അതിൽ മുഴുകി പുതിയ കാരണങ്ങൾ ഉണ്ടാക്കുന്നവ. ആഗ്രഹം കാര്യവും ചിന്താവനം കാരണവും ആകുന്നു. അതൊരു ചാർജിംഗ് പോയിന്റാണ്.

കാര്യങ്ങൾ സംഭവിക്കാൻ തീർച്ചപ്പെടുത്തിയതെങ്കിൽ ആഗ്രഹങ്ങൾ ഉണ്ടാകും. പരീക്ഷ പാസ്സാകേണ്ട ഒരുവൻ ആദ്യം അതിനു ആഗ്രഹിക്കുന്നു. അവന്റെ കർമ്മത്തിലെ പ്രതിബന്ധങ്ങൾ തീരുമ്പോൾ അവൻ പാസ്സാകുന്നു. ഒരുവൻ സത്സംഗത്തിനായി പണം മുടക്കാൻ ആലോചിക്കുന്നു. എന്നാൽ തടസ്സങ്ങളും മറ്റും ഉണ്ടാകുന്നു. പണമുണ്ടെങ്കിലും ആഗ്രഹം സഫലീകരിക്കാൻ ആകുന്നില്ല. തടസ്സങ്ങൾ മാറുമ്പോൾ എല്ലാം കൃത്യമായി നടക്കുന്നു.

ആഗ്രഹങ്ങൾ പൂക്കളെ പോലെ സ്വയം വിരിയുന്നു എന്നാണ് ഗ്രന്ഥങ്ങളിൽ മഹാന്മാരായ എഴുത്തുകാർ പറയുന്നത്.

**അന്വേഷകൻ** : ആളുകൾക്ക് ആഗ്രഹങ്ങളുടെ ആധിക്യമാണ്.

**ദാദാജി** : ഈ കലിയുഗത്തിൽ ആളുകൾക്ക് ചട്ണി കഴിക്കണം തുടങ്ങിയ ചെറിയ ആഗ്രഹങ്ങളാണ് ഉള്ളത്. ഒരുപാട് കാര്യങ്ങൾ ആസ്വദിക്കാനുള്ള ആഗ്രഹം അവർക്കില്ല. പൂർവ്വജന്മത്തിൽ മഹാവീരന്റെ സന്നിധിയിൽ ചിലവഴിച്ച കുറേപേരെ ഞാൻ കണ്ടിട്ടുണ്ട്. സഭയിൽ ഭക്ഷണം കൊണ്ടുവരാൻ അവരുടെ ഭാര്യമാരോട് അവർ പറയും. ഭഗവാന്റെ വാക്കുകൾ അവർക്ക് അമൃതാണ്. അതിനാൽ അവർ സഭ വിട്ടു പോകില്ല. എങ്കിലും ചട്ണിയോടുള്ള ആഗ്രഹം അവരെ ഈ ലോകത്തിൽ കറക്കും.

ആളുകൾക്ക് ഉദിക്കുന്നതും അസ്തമിക്കുന്നതുമായ ആഗ്രഹങ്ങൾ ഉണ്ട്.

**അന്വേഷകൻ** : അടങ്ങുന്ന ആഗ്രഹം എന്താണ്?

**ദാദാജി** : നിങ്ങളുടെ ആഗ്രഹങ്ങൾ എല്ലാം തരിശാണെന്ന്, വിത്തു മുളയ്ക്കാത്തതെന്നു, ഞാൻ ദീക്ഷിതരായ മഹാത്മാക്കളോട് പറയാറുണ്ട്. അതാണ് അസ്തമിക്കുന്ന ആഗ്രഹങ്ങൾ. സൂര്യൻ അസ്തമിക്കുന്നു, എങ്കിലും ഉദിക്കുന്നതായി കാണാം. അതിനെ ഓർത്തു വിഷമിക്കേണ്ട. അതു അസ്തമിക്കുന്ന ആഗ്രഹങ്ങളാണ്. മറ്റുള്ളവർക്ക് ഉദിക്കുന്നതും അസ്തമിക്കുന്നതും ഉണ്ടാകാം. ഉദിക്കുന്നവ കാരണങ്ങളും അസ്തമിക്കുന്നവ കാര്യങ്ങളുമാണ്.

ഇവിടെ സ്വല്പം പഞ്ഞി കിടക്കുന്നു, അത് ആഗ്രഹമല്ല. എന്നാൽ ഒരു തീപ്പെട്ടി ഉരച്ച് അത് കത്തിച്ചാൽ അത് ആഗ്രഹമാണ്. ആഗ്രഹം ആവിഷ്കരിക്കപ്പെട്ട അഗ്നി ആണ്. അത് സാധ്യമാകും വരെ കത്തിക്കൊണ്ടിരിക്കും. ഒരു വസ്തുവിനെ തീ കൊടുക്കുന്നത് ആഗ്രഹമാണ്, ആ കത്തൽ ഉള്ളിൽ ഉണ്ടാകും. എന്താണ് എന്റെ അവസ്ഥ ? കത്തിക്കാൻ എനിക്കൊരു തീപ്പെട്ടി പോലുമില്ല. ഉദിക്കുന്നതും അസ്തമിക്കുന്നതുമായ ആഗ്രഹങ്ങൾ നിറവും ഒഴിവുമാണ്. കഴിക്കുന്നതും കുടിക്കുന്നതും ഒന്നും അപകടകരമായ ആഗ്രഹങ്ങളല്ല. ഉദിക്കുന്ന ആഗ്രഹങ്ങൾ ബന്ധകാരണങ്ങളാണ്. എന്നാൽ ആഗ്രഹമല്ല ഭാവം.

## 95

## എന്താണ് ഭാവം ? ആഴത്തിലുള്ള ഉദ്ദേശമോ സാരമോ ?

**അന്വേഷകൻ** : ഭാവം എന്നാൽ എന്താണ്? അത് ഉദ്ദേശങ്ങളോ അഭിലാഷങ്ങളോ ആണോ ? കർമ്മത്തിൽ അതിന്റെ പങ്കെന്താണ്?

**ദാദാജി** : ശുദ്ധാത്മാവിൽ യാതൊരു വികാരവുമില്ല. പ്രതിഷ്ഠിതാത്മാവിന്റെ ഭാവമാണ് (പൊരുൾ) ഭാവം. അതിനെ അഗാധമായ ഉദ്ദേശമെന്നോ അഭിവാഞ്ഛ എന്നോ ഒക്കെ വിളിക്കാം. പ്രതിഷ്ഠിതാത്മാവ് ജ്ഞാനിയിലും അജ്ഞാനിയിലും ഉണ്ട്. അജ്ഞാനിക്ക് മാനസികവ്യാപാരങ്ങളുടെ രൂപത്തിലാണ് ഭാവം. ഒരാൾ പ്രായശ്ചിത്തം ചെയ്യുന്നതായി ശക്തമായി ഭാവന ചെയ്യുമ്പോൾ അത് ഉറച്ച ഭാമാണ്. അതിൽ നിന്നും ദ്രവ്യഭാവം ഉണ്ടാകുന്നു. അതിൽ നിന്നും മറ്റു ഭാവങ്ങളും.

**അന്വേഷകൻ** : ഭാവമനവും ദ്രവ്യമനവും എന്താണ്?

**ദാദാജി** : പ്രതിഷ്ഠിതാത്മാവ് ഭാവിക്കുമ്പോൾ ഭാവമനം ആരംഭിക്കുന്നു, അതു കാരണം ദ്രവ്യമനം ഉണ്ടാകുന്നു. സൂക്ഷ്മ ആന്തരിക കാരണമനസ്സായ ഭാവമനം പ്രതിഷ്ഠിതാത്മാവിനെ നേരിട്ടു നിറയ്ക്കുന്നതാണ്. ഭാവമനസ്സ് തന്നെ രണ്ടു വിധമുണ്ട്: ഒന്ന് ഒഴിവിനും മറ്റൊന്ന് നിറവിനും.

ദ്രവ്യമനം അഥവാ ഭൌതികമനസ്സ് അല്ലെങ്കിൽ കാര്യ മനസ്സ് എന്നത് ഒഴിവിനാണ്. ഭാവമനം ദൃശ്യമല്ല. അതിനെക്കുറിച്ച് ആരും ബോധവാന്മാരല്ല.

നിറയ്ക്കൽ പ്രക്രിയ എളുപ്പം മനസ്സിലാകുമായിരുന്നെങ്കിൽ ആരും പ്രതിഷ്ഠിതാത്മാവിനെ അതിനു അനുവദിക്കില്ല. എല്ലാവരും മുക്തരായേനെ.

ഭാവത്തെ വേഗം കണ്ടെത്താൻ ആവില്ല. കണ്ടെത്തിയാൽ അത് സീൽ ചെയ്യാം. കുറച്ച് പേർക്ക് മാത്രമേ ആന്തരികഭാവം അറിയാൻ കഴിയൂ. അജ്ഞനായ ജീവഭാവമായാണ് അവർ അതറിയുന്നത്. അങ്ങനെ എല്ലാത്തിനെയും

സങ്കീർണ്ണമാകും. ജ്ഞാനം കൂടാതെ ഭാവത്തെ അറിയാൻ കഴിയില്ല. വളരെ സൂക്ഷ്മവും ഗ്രഹിക്കാൻ പ്രയാസമുള്ളതും ആണത്.

**അന്വേഷകൻ** : ഭാവം ശുദ്ധാത്മാവിന്റെ സൃഷ്ടിയാണോ ?

**ദാദാജി** : ശുദ്ധാത്മാവിനു യാതൊരു ഭാവവും ഇല്ലാതെയിരിക്കാം. അതു ഭാവാതീതമാണ്. ഭാവം പ്രതിഷ്ഠിതാത്മാവിനോട് ബന്ധപ്പെട്ടതാണ്. ആളുകൾ അവരുടെ ഇഷ്ടാനിഷ്ടങ്ങൾ ഭാവമായി പറയുന്നു. ഇതെല്ലാം പ്രതിഷ്ഠിതാത്മാവ് മൂലമാണ്. അതിനാൽ കർമ്മവും ഉണ്ടാകുന്നു. ആളുകൾ ക്ഷണികമായ കാര്യങ്ങൾ ആഗ്രഹിക്കുകയും ക്ഷണികമായിത്തീരുകയും ചെയ്യുന്നു. ഒരുവൻ കണ്ണാടിയിലെ പ്രതിബിംബത്തെ ആത്മാവായി ധരിച്ചാൽ എന്ത് പുരോഗതി ഉണ്ടാകാൻ ?

## 96

## കുലീനതയും കുടിലതയും

**അന്വേഷകൻ** : ഈ ലോകത്ത് കുലീനൻമാരും കുടിലന്മാരും ഉണ്ട്

**ദാദാജി** : സത്യം, രണ്ടു കൂട്ടരും ലോകത്തുണ്ട്. കുടിലൻ കാരണമാണ് കുലീനനു മഹത്വം ഉണ്ടായത്. എല്ലാവരും കുലീനന്മാർ ആയിരുന്നെങ്കിലോ ?

**അന്വേഷകൻ** : പലതരം ആളുകളുടെ ഗുണങ്ങൾ പറയുമോ

**ദാദാജി** : സാധാരണയായി നാലു തരം ആളുകൾ ഉണ്ട്.

കുലീനൻ : ഒരു കുടിലനുമായി ധാർമ്മികബാധ്യത ഇല്ലാത്തവൻ

കുടിലൻ : മറ്റുള്ളവരിൽ തുടർച്ചയായി ഉപദ്രവം ഉണ്ടാക്കുന്നവൻ

നന്ദിയുള്ളവൻ : ചെയ്ത ഉപകാരത്തിനു മറ്റുള്ളവരോട് നന്ദിയുള്ളവനും മറ്റുള്ളവരുടെ ഉപദ്രവത്തെ ആലോചിക്കാത്തവനും

നന്ദിയില്ലാത്തവൻ : മറ്റുള്ളവർ ചെയ്ത നന്മയെ മറക്കുകയും ബോധപൂർവ്വം അന്യരെ ഉപദ്രവിക്കുകയും ചെയ്യുന്നവൻ. ഇതു പൊതുവായിട്ടുള്ളതാണ്. ലോകത്തിന്റെ ആഴം അളക്കുന്നതിനേക്കാൾ എളുപ്പം സമുദ്രത്തെ അളക്കുന്നതാണ്.

**അന്വേഷകൻ** : അധികാരസ്ഥാനത്തിരിക്കുമ്പോൾ ഒരുവൻ എങ്ങനെയാണ് പെരുമാറേണ്ടത്?

**ദാദാജി** : തന്റെ അധികാരത്തെ അവഹേളിക്കുന്ന ഒരുവന് അവന്റെ അധികാരം നഷ്ടമാകും. അവന്റെ അധികാരത്തെ സാധൂകരിക്കുന്ന പ്രവർത്തി ചെയ്തില്ലെങ്കിൽ അവന്റെ അധികാരിത്വം നഷ്ടമാകും. നിങ്ങളുടെ സേവകൻ നിങ്ങളെ അധിക്ഷേപിച്ചാൽ നിങ്ങൾ അധിക്ഷേപിക്കരുത് എന്തെന്നാൽ നിങ്ങൾ അവന്റെ നിലവാരത്തിലേക്കാകും. ക്രമേണ നിങ്ങളുടെ അധികാരവും നഷ്ടമാകും.

**അന്വേഷകൻ** : സത്യം കള്ളം എന്നിവയെക്കുറിച്ച് പറയൂ

**ദാദാജി** : ഒരു കള്ളം ഉത്തരത്തിലിരുന്നു നിലവിളിക്കും. സത്യവും അങ്ങനെതന്നെ. കള്ളം ഒരിക്കലേ സംസാരിക്കൂ എന്നാൽ സത്യം പുറത്ത് വരാൻ അനേകം സമയമെടുക്കാം. അസത്യം വേഗം അവകാശവാദം ഉന്നയിക്കും.

**അന്വേഷകൻ** : പ്രയാസമേറിയ ആളുകളുമായി എങ്ങനെ ഇടപെടണം.

**ദാദാജി** : സങ്കർഷത്തിൽ ആനന്ദമില്ല. പ്രശ്നം പരിഹരിക്കുന്നതിലാണ് ആനന്ദം. നീതിപൂർവ്വം ഒരാളോടു ഇടപെടുക സങ്കർഷം ഒഴിവാക്കുക. സത്ബുദ്ധി ഉള്ളവരാണ് അങ്ങനെ പെരുമാറുക.

എന്താണ് നീതി ? ഒരുവൻ കോടതിയിൽ പോയില്ലെങ്കിൽ അവിടെ നീതിയുണ്ട്. പോയാൽ നീതിയില്ല.

**അന്വേഷകൻ** : മനുഷ്യജീവിതം എങ്ങനെ അർത്ഥപൂർണ്ണമാക്കാം ?

**ദാദാജി** : മനസ്സ്, വാക്ക്, ശരീരം, ആത്മാവ് എന്നിവയെ അന്യരുടെ ഹിതത്തിനായി ഉപയോഗിക്കുക. ഇവയെ നിങ്ങളുടെ മാത്രം അഭിവൃദ്ധിക്കായി ഉപയോഗിച്ചാൽ അഞ്ഞൂറ് വർഷം ആയുസ്സുള്ള വൃക്ഷമായി നിങ്ങൾക്ക് പുനർജ്ജനിക്കേണ്ടി വരും. ആളുകൾ നിങ്ങളുടെ ഫലത്തെ ആസ്വദിക്കും, നിങ്ങളുടെ തടി കത്തിക്കും, അങ്ങനെ ജനങ്ങളുടെ തടവുകാരനായി നിങ്ങൾ ജീവിക്കും. അതിനാൽ ഭഗവാൻ പറയുന്നു, "നിങ്ങളുടെ മനസ്സും വാക്കും ശരീരവും ആത്മാവും മറ്റുള്ളവർക്കായി ഉപയോഗിക്കൂ; എന്നിട്ടും നിങ്ങൾക്ക് ദുഃഖമുണ്ടായാൽ എന്നോടു വഴക്കുണ്ടാക്കിക്കോളൂ".

**അന്വേഷകൻ** : മനുഷ്യനായി ജീവിക്കുമ്പോൾ ഒരുവനുണ്ടാകുന്ന ഉത്തരവാദിത്വവും ശങ്കയും എന്താണ്?

**ദാദാജി** : ലോകത്തെ നശിപ്പിക്കാൻ ശ്രമിച്ചവർ സ്വയം നശിച്ചിട്ടേ ഉള്ളൂ. മനുഷ്യൻ ആകുന്നത് തന്നെ ശങ്കയുള്ളതാണ്. അതൊരു പരീക്ഷണമാണ്. മനുഷ്യൻ പതിക്കാൻ സാധ്യതയുള്ള അനേകം സന്ദർഭങ്ങളുണ്ട്. എല്ലാ നിമിഷവും മരണഭയം ഉള്ളപ്പോൾ ഈ നിമിഷം പാഴാക്കുന്നതെന്തിന്?

നിങ്ങളുടെ അടുത്ത ജന്മം നേരെയാക്കുവാൻ എന്തെങ്കിലും ചെയ്യൂ. മനുഷ്യജീവിതം ഒരു വഴിത്തിരിവാണ്. ഇവിടെ നിന്നും ജീവന്റെ പല രൂപങ്ങളിലേക്കും വഴി പിരിയുന്നു. നരകഗതിയോ, വൃക്ഷമൃഗഗതിയോ, മനുഷ്യഗതിയോ, ദേവഗതിയോ കർമ്മം അനുസരിച്ച് ഉണ്ടാകാം. ഒരുവന് മുക്തിയും ഉണ്ടാകാം. ജ്ഞാനിയെ കണ്ടെത്തിയാൽ നിങ്ങൾ ഭാഗ്യവാനാണ്. അദ്ദേഹം നിങ്ങളെ മുക്തിയിലേക്ക്

നയിക്കും.

## 97

## മൂന്നു തരം ശരീരങ്ങൾ

**ദാദാജി** : നമുക്ക് മൂന്നു തരം ശരീരങ്ങളുണ്ട് : വിദ്യുത്ശരീരം (സൂക്ഷ്മശരീരം), കാരണശരീരം, കാര്യശരീരം.

**അന്വേഷകൻ** : വിദ്യുത്ശരീരം എന്നാൽ എന്താണ്?

**ദാദാജി** : ആത്മാവുമായി സന്തതം സാമ്യപ്പെട്ടു സ്ഥിതി ചെയ്യുന്നു. അതിസൂക്ഷമായതിനാൽ അതിനെ സൂക്ഷ്മശരീരമെന്നും വിളിക്കുന്നു. അത് ഭക്ഷണം ദഹിപ്പിക്കുകയും ചൂടു ഉണ്ടാക്കുകയും ചെയ്യുന്നു. രക്തചംക്രമണം അതിനാലാണ് സംഭവിക്കുന്നത്. അതിന്റെ ശൃംഖല ശരീരമാകെ വ്യാപിച്ചു കിടക്കുന്നു. ചില കാർമ്മികപോരായ്മകളാൽ ഭക്ഷണം ദഹിച്ചില്ലെന്നു വരാം. വിദ്യുത്ശരീരമാണ് ആ പ്രവർത്തനങ്ങൾ എല്ലാം നോക്കുന്നത്. പക്ഷെ സ്ഥൂലശരീരം അതിനു ശരിയായ പ്രതികരണം നൽകാതെ വരുമ്പോൾ അതു ബലഹീനമാകുന്നു. ശരീരത്തിന്റെ പ്രഭാവലയവും തിളക്കവും വിദ്യുത്ശരീരം മൂലമാണ്.

**അന്വേഷകൻ** : ആളുകളിൽ ശരീരത്തിന്റെ പ്രഭ വ്യത്യസ്തമാണ്.

**ദാദാജി** : ശരീരപ്രഭയ്ക്കു കാരണമായ നാലു ഘടകങ്ങൾ ഉണ്ട്.

സമ്പത്തിന്റെ പ്രഭ (ലക്ഷ്മി)

രാജകീയമായ ജീവിതം കൊണ്ടും സന്തോഷം കൊണ്ടും, സുഖസൌകര്യം കൊണ്ടുമാണ് ഇതുണ്ടാകുന്നത്.

ധർമ്മപ്രഭ

ആത്മീയവും ധാർമ്മികവുമായ ജീവിതചര്യ ഉള്ളവരിൽ നിന്നും പ്രവഹിക്കുന്നത്.

ജ്ഞാനപ്രഭ

പല ഉപദേശങ്ങളും ശാസ്ത്രങ്ങളും പഠിച്ചുണ്ടാകുന്ന ആപേക്ഷികജ്ഞാനത്തിന്റെ തിളക്കം.

ബ്രഹ്മചര്യപ്രഭ

പരിപൂർണ്ണമായ ബ്രഹ്മചര്യം അനുഷ്ഠിച്ച് ഉണ്ടാകുന്ന പ്രഭ

ഈ നാലും വിദ്യുത്ശരീരത്തിൽ നിന്നും ഉണ്ടാകുന്നു.

**അന്വേഷകൻ** : സൂക്ഷ്മശരീരത്തെക്കുറിച്ച് കൂടുതൽ പറയുമോ

**ദാദാജി** : എല്ലാ സംഭവങ്ങൾക്കും കാരണം വിദ്യുത്ശരീരമാണ്. പരമാണുക്കളാൽ ആണ് അത് നിർമ്മിക്കപ്പെട്ടിരിക്കുന്നത്. സ്ഥൂലശരീരത്തിന്റെ പ്രവൃത്തിയുമായി

ആത്മാവിന് യാതൊരു സംബന്ധവുമില്ല. സൂക്ഷ്മശരീരമാണ് അതിൽ പ്രവർത്തിക്കുന്നത്.

സൂക്ഷ്മശരീരം ആത്മാവിന്റെ ആവിഷ്കാരമാണ്. 'ഞാൻ' എന്ന ഛായ നിർമ്മിക്കുന്നത് അതാണ്. ആപേക്ഷിക ആത്മാവ് പോലെ സൂക്ഷ്മശരീരം പ്രവർത്തിക്കുകയും ചെയ്യുന്നു.

**അന്വേഷകൻ** : കാര്യശരീരത്തെക്കുറിച്ച് പറയൂ

**ദാദാജി** :അമ്മയുടെ അണ്ഡവും അച്ഛന്റെ ബീജവും ചേരുന്നതാണ് അത്. ജീവൻ എന്നാൽ എന്താണ്? ജീവിക്കുകയും മരിക്കുകയും ചെയ്യുന്നതാണ് ജീവൻ. ജീവികൾ മരിക്കുമ്പോൾ അവർ തങ്ങളുടെ സൂക്ഷ്മകാരണശരീരങ്ങളെ അവയ്ക്കൊപ്പം കൊണ്ടുപോകുന്നു. മനസ്സും ബുദ്ധിയും ചിത്തവും വിമുക്തമാകുന്നു. കാരണശരീരത്തിൽ നിന്നും പുതിയ കാര്യശരീരം ഉണ്ടാകുന്നു.

അണ്ഡബീജസംയോഗത്തിൽ നിന്നുണ്ടായ കാര്യശരീരം അതിന്റെ നിലനിൽപ്പിനായി ഭ്രൂണമാകുന്നു. ജീവന് ഭക്ഷണം കൂടാതെ കഴിയാൻ ആവില്ല. ഭക്ഷണം ഇല്ലെങ്കിൽ ജലമോ വായുവോ എങ്കിലും വേണം

ശരീരത്തിന്റെ നിർമ്മാണം കാരണശരീരത്താൽ തീരുമാനിക്കപ്പെടുന്നതാണ്. ഭൌതികശരീരമാണ് കാര്യശരീരം.

കർമ്മം കൂടുതലെങ്കിൽ ശരീരം ചെറുതാണ്. കർമ്മം കുറവെങ്കിൽ ശരീരം വലുതുമാണ്. ഒരു ഉറുമ്പിനെയും ആനയെയും നോക്കൂ. ഉറുമ്പ് വെളുപ്പിനെ നാലുമണിക്ക് ഒരു പഞ്ചസാരത്തരി എടുത്തുകൊണ്ടു പോകുമ്പോൾ ആന രാജകീയമോടിയിൽ ജീവിക്കുന്നു.

**അന്വേഷകൻ** : ഒരുവന് ശാരീരികമായ ബുദ്ധിമുട്ടുകൾ എന്തുകൊണ്ടാണ് അനുഭവിക്കേണ്ടി വരുന്നത്?

**ദാദാജി** : കാര്യശരീരത്തെ കാരണശരീരം നിർണ്ണയിക്കയാൽ സാധാരണ നിലയിൽ നിന്നും കാർമ്മികന്യൂനതയാൽ കൂടിയോ കുറഞ്ഞോ ഇരിക്കുന്ന ശരീരത്തിന്റെ ഭാഗമാണ് ദുരിതത്തിലൂടെ കടന്നു പോകുന്നത്. അതിൽ നിന്നും ദുരിതത്തിന്റെ കാരണം മനസ്സിലാക്കാവുന്നതാണ്.

**അന്വേഷകൻ** : കാരണശരീരത്തെ വിശദീകരിക്കുമോ

**ദാദാജി** : കാരണശരീരത്തെ എളുപ്പത്തിൽ മനസ്സിലാക്കാം. ജന്മനാ തന്നെ അതു നിലവിൽ വരുന്നു. അതു ശ്വസിക്കാൻ തുടങ്ങുമ്പോൾ രാഗദ്വേഷങ്ങൾ പുറത്ത് വരുന്നു. ഇഷ്ടാനിഷ്ടങ്ങൾ ജന്മനാ തന്നെ സഹവർത്തിക്കുന്നു. ഈ രാഗദ്വേഷ-

ങ്ങൾ പരമാണുക്കളുടെ ആകർഷണത്തിനു കാരണമാകുന്നു. ഒരുവൻ വീതരാഗനായിരുന്നാൽ മാത്രമേ ഈ ആകർഷണത്തിൽ നിന്നും രക്ഷ നേടൂ. പരമാണുക്കളുടെ ആകർഷണം പൂരണം ആണ്. അത് കാരണശരീരത്തെ നിർമ്മിക്കുന്നു. കാരണശരീരത്താൽ നിശ്ചയിക്കപ്പെടുന്ന കാര്യശരീരമാണ് ഭൌതികശരീരം. ജ്ഞാനിക്ക് കാരണശരീരത്തെ അറിയാൻ കഴിയും. പുതിയ കാരണശരീരം ഉണ്ടാകാത്ത വിധം ആത്മീയശക്തി ജ്ഞാനിക്കുണ്ട്.

**അന്വേഷകൻ** : ഒരുവൻ മരിക്കുമ്പോൾ ഈ ശരീരങ്ങൾക്ക് എന്ത് സംഭവിക്കും. ?

**ദാദാജി** : കാരണശരീരം, പാപം, പുണ്യം എന്നിവയും കൊണ്ട് ജീവൻ ഭൌതികശരീരത്തിൽ നിന്നും വേർപ്പെടുന്നു. പുണ്യബലം കൊണ്ട് ആരോഗ്യമുള്ള ശരീരം ലഭിക്കുന്നു. ശാരീരികദൌർബല്യങ്ങൾക്ക് കാരണം പാപമാണ്.

കാരണസൂക്ഷ്മശരീരങ്ങളെ ജീവൻ വഹിക്കുന്നു. സൂക്ഷ്മശരീരപരമാണുക്കളുടെയും കാരണശരീരത്തിന്റെയും വ്യവസ്ഥിതശക്തി ചേരുമ്പോൾ പുതിയ ഭൌതികശരീരം ഉണ്ടാകുന്നു.

**അന്വേഷകൻ** : അതു സമയം എടുത്താകും നടക്കുക.

**ദാദാജി** : അല്ല. ഒരാൾ മരിക്കുമ്പോൾ ജീവൻ ശരീരത്തിൽ നിന്നും അതിസൂക്ഷ്മസമയം കൊണ്ട് വേർപ്പെടുകയും വ്യവസ്ഥിതശക്തിയാൽ നിശ്ചയിക്കപ്പെട്ട സ്ഥലത്ത് എത്തുകയും അണ്ഡബീജസംയോഗത്തിലൂടെയുണ്ടായ പുതിയ ശരീരത്തെ നേടുകയും ചെയ്യുന്നു.

ഇതെല്ലാം ഒരുവന്റെ വ്യവസ്ഥിതമനുസരിച്ച് ഒരേ സമയത്ത് നടക്കുന്നതാണ്. തന്റെ പുതിയ സ്ഥാനത്തെത്താൻ ജീവൻ സങ്കോചിക്കുകയും വികസിക്കുകയും ചെയ്യുന്നു. പുതിയൊരു സ്ഥാനം കണ്ടെത്താതെ ജീവൻ ആ ശരീരത്തെ ഉപേക്ഷിക്കുകയില്ല.

പഴയ ശരീരത്തിൽ നിന്നും പുതിയ കാര്യശരീരത്തിലേക്ക് ജീവൻ സഞ്ചരിക്കുന്നു. എന്നാൽ ചില സാഹചര്യങ്ങളിൽ ജീവന്മാർക്ക് പെട്ടെന്ന് മറ്റു ശരീരം സ്വീകരിക്കാൻ കഴിയാതെ വരികയും അതിനാൽ ശരീരമില്ലാതെ അലയേണ്ടി വരികയും ചെയ്യും. പുതിയ ശരീരം ലഭിക്കുമ്പോൾ മാത്രമേ അവർ മോചിതരാകുകയുള്ളൂ.

**അന്വേഷകൻ** : ഒരു മനുഷ്യൻ വീണ്ടും മനുഷ്യനായിത്തന്നെ ജനിക്കുമോ ?

**ദാദാജി** : മനുഷ്യജീവിതം നേടിയ ഒരു ജീവൻ തന്റെ കർമ്മഫലം അനുസരിച്ച് എട്ടു ജന്മങ്ങൾ ദേവഗതി, തിര്യക്ഗതി, നരകഗതി എന്നിവ നേടാം. അതിനു-

ശേഷം മനുഷ്യജന്മം ലഭിക്കും.

മനുഷ്യശരീരത്തിലൂടെ മാത്രമേ ഒരുവൻ ഉയർത്തപ്പെടുകയോ താഴ്ത്തപ്പെടുകയോ മുക്തി നേടുകയോ ചെയ്യുന്നുള്ളൂ. അതിനാൽ വക്രഗതിയോ മോക്ഷമോ ഉണ്ടാകും. മനുഷ്യജന്മത്തിന്റെ ഉദ്ദേശത്തെ പൂർത്തീകരിച്ചാൽ ഒരുവന് മോക്ഷം നേടാം അല്ലെങ്കിൽ ജന്മങ്ങൾ എടുത്തുകൊണ്ടേ ഇരിക്കും.

**അന്വേഷകൻ** : എല്ലാ ജീവരൂപങ്ങളും കർമ്മം സഞ്ചയിക്കുമോ ?

**ദാദാജി** : മറ്റു ഗതികളിൽ ജീവൻ തന്റെ കർമ്മഫലങ്ങൾ അനുഭവിക്കുന്നു പക്ഷെ സഞ്ചയിക്കുന്നില്ല. എന്നാൽ മനുഷ്യജന്മത്തിൽ കർമ്മങ്ങൾ അനുഭവിക്കുകയും സഞ്ചയിക്കുകയും ചെയ്യുന്നു.

അതിനാൽ ഈ മനുഷ്യജീവിതത്തെ ഏറ്റവും പ്രയോജനപ്പെടുത്തുക .മനുഷ്യശരീരത്തിനായി ജീവൻ അനേകം ജന്മചക്രങ്ങളിൽ സഞ്ചരിച്ചിട്ടുണ്ട്. ഒരു ജന്മം ആത്മാവിനായി സമർപ്പിച്ചാൽ മോക്ഷമാകുന്ന ലക്ഷ്യത്തെ നേടാം.

**അന്വേഷകൻ** : എങ്ങനെ ഒരുവൻ ജനനമരണങ്ങളുടെ ചക്രത്തിൽ നിന്നും മോചനം നേടും ?

**ദാദാജി** : മനുഷ്യരൂപത്തിൽ ഉള്ള ഒരുവൻ ഒരു ജ്ഞാനിയെ സമീപിച്ചാൽ മാത്രം. അയാൾക്ക് നിങ്ങളെ മുക്തിയിലേക്ക് നയിക്കാം. ശത്രുവായിരുന്ന ശരീരം അപ്പോൾ മുതൽ മിത്രമായിത്തീരും.

നിങ്ങൾ ഒരു ജ്ഞാനിയെ കണ്ടെത്തിയിരിക്കുന്നു. അതിനാൽ മറുകരയിലേക്ക് നീന്തുക. മോക്ഷം നേടാൻ ശരീരം ബലവത്താകേണ്ടതുണ്ട്. നിർവാണം യാതൊരു ശരീരത്തിലൂടെ ആണോ നേടുന്നത് അതിനെ ചരമശരീരം എന്ന് വിളിക്കുന്നു. ഈ ശരീരത്തോട് എനിക്ക് എത്ര മമത ഉണ്ട് ? ഞാൻ മുക്തി നേടിയിരിക്കുന്നു. ഈ ശരീരം മറ്റുള്ളവരുടെ മുക്തിയ്ക്കായി ഉപയോഗിക്കാം എന്ന ഒരേ ഒരു മമത ആണ് എനിക്കുള്ളത്.

ഒരു അയൽവാസി എന്ന നിലയിലാണ് ഞാൻ ഈ ശരീരത്തെ കാണുന്നത്. ഈ ശരീരത്തിൽ എനിക്ക് യാതൊരു അവകാശവുമില്ല. അവകാശമുള്ളവർ അതിനു അവകാശവാദമുന്നയിക്കും. ഈ ശരീരത്തെ ഒരു സുഹൃത്തായിക്കണ്ട് ജോലി തീർക്കു. ശരീരത്തിനു എന്ത് സംഭവിക്കുമെന്ന് അറിയില്ല, പക്ഷെ ആത്മാവിന് യാതൊന്നും സംഭവിക്കില്ല.

ഈ ശരീരത്തിൽ ഈശ്വരൻ എത്ര നാൾ വസിക്കും ? പ്രതിഷ്ഠിതാത്മാവ് നിറയ്ക്കപ്പെടും വരേയ്ക്കും ഈശ്വരൻ ഇതിൽ വസിക്കും. എന്നാൽ പ്രധാനശക്തി

ശുദ്ധാത്മാവിന്റെതാണ്. ഒരുവൻ ശ്വാസത്താൽ ജീവിക്കുന്നു. എന്നാൽ എട്ടു മിനിറ്റ് മൂക്കടച്ചു പിടിച്ചാൽ അയാൾ മരിക്കുന്നു. അതൊരു യന്ത്രം പോലെയാണ്. ശരീരബോധം ഭ്രമമാണ്. ശരീരത്തെ ആത്മാവായി ആരോപിക്കുന്നത് അജ്ഞാനമാണ്. ആത്മാവിനെ സാക്ഷാത്കരിക്കുന്നത് വഴി മുക്തി നേടാം.

സ്ഥൂലശരീരം ഇഷ്ടാനിഷ്ടങ്ങളിൽ നിന്നും മുക്തമാണ്. തടിക്കസേര പോലെ വീതരാഗമാണത്. ആത്മാവും പൂർണ്ണമായും വീതരാഗമാണ്.

## 98

## എപ്പോഴാണ് ദേഹാദ്ധ്യാസം മറയുന്നത്?

**അന്വേഷകൻ** : താൻ ശരീരമാണെന്ന് ഒരാൾ എപ്പോഴും വിശ്വസിക്കുന്നു.

**ദാദാജി** : ഞാൻ അമിത്, ഞാൻ അമ്മാവനാണ്, അവളുടെ ഭർത്താവ്, അവന്റെ അച്ഛൻ ഇതെല്ലാം ദേഹാദ്ധ്യാസങ്ങൾ. ഞാൻ ശരീരം ആണെന്നുള്ള വിശ്വാസം ആണ്. അതെ ചിലപ്പോൾ ഒരാൾ പറയാം. ഈ ശരീരം എന്റെയല്ല. അങ്ങനെ ഒരാളെ ബോധമില്ലാത്തവൻ എന്ന് വിളിച്ചാൽ അയാൾ ആ രാത്രി ഉറങ്ങില്ല.

**അന്വേഷകൻ** : ദേഹാദ്ധ്യാസത്തെ എങ്ങനെ ഇല്ലാതെയാക്കാം ?

**ദാദാജി** : ശുദ്ധാത്മാവിനെ സാക്ഷാത്കരിക്കാതെ ദേഹാദ്ധ്യാസം ഇല്ലാതെയാകില്ല. ആ വിശ്വാസം മുറിയപ്പെടും വരെ നല്ലതിനും ചീത്തയ്ക്കും ഒപ്പം സ്ഥൂലവും സൂക്ഷ്മവുമായ മമത ഉണ്ടാകും. ഞാൻ ശുദ്ധാത്മാവാകുന്നു എന്ന സാക്ഷാത്കാരത്തിൽ ദേഹാദ്ധ്യാസം ഇല്ലാതെയാകുന്നു. സാക്ഷാത്കാരത്തിനു ശേഷം മകൻ മരിച്ചാൽ പോലും ദുഃഖമുണ്ടാകുകയില്ല. ശരിതെറ്റുകളുടെ ദ്വന്ദഭാവം ഉണ്ടാകില്ല. സത്യാത്മാവിന്റെ അവബോധം അഥവാ ആത്മാദ്ധ്യാസം കൊണ്ട് ദേഹാദ്ധ്യാസത്തെ മറികടക്കണം. ഗാഢനിദ്രയിലും ഒരുവൻ ആത്മാവിനെക്കുറിച്ച് അവബോധം ഉള്ളവനാകണം.

ജ്ഞാനത്തിലൂടെ ഞാൻ നിങ്ങൾക്ക് ആത്മസാക്ഷാത്കാരം നൽകുന്നു. തൈരും വെണ്ണയും വേർതിരിക്കും പോലെ ജ്ഞാനത്തിനു ശേഷം ശരീരവും ആത്മാവും ഭിന്നമായി ഇരിക്കും. പണ്ടത്തെ ജ്ഞാനികൾ അവരുടെ ശരീരത്തെ കുറേ ക്ലേശങ്ങളിലൂടെ കൊണ്ടുപോയിട്ടുണ്ട്. ശുദ്ധാത്മാവിനെ അതു ബാധിക്കില്ലെന്ന് അവർക്കറിയാം.

## 99

## ശരീരത്തിന്റെ മൂന്നു അവസ്ഥകൾ

**അന്വേഷകൻ** : ശരീരത്തിനു മൂന്നവസ്ഥകൾ ഉണ്ട്. ബാല്യം, യൌവനം, വാർധക്യം. എല്ലാവരും ബാല്യത്തിൽ സന്തുഷ്ടരാണ് എന്നാൽ അതിനു ശേഷം അങ്ങനല്ല.

**ദാദാജി** : ബാല്യകാലം ആനന്ദകരമാണ് സ്വാഭാവികവും ദിവ്യവുമാണ്. കുട്ടിയെ ഒന്നും ബാധിക്കുന്നില്ല. ചുണ്ടിലേക്ക് പകരുന്ന പാൽ അവനെ ജന്മനാ സ്വീകരിക്കുന്നു. അവനു സങ്കടപ്പെടേണ്ട അവശ്യം ഉണ്ടോ ? എപ്പോഴാണ് പാല് കൊടുക്കേണ്ടത് ? എന്നിരുന്നാലും അവനു എല്ലാം കൃത്യ സമയത്ത് ലഭിക്കുന്നു.

കുട്ടിയുടെ മനസ്സ് വികസിച്ചതല്ല, ബുദ്ധി വികസിച്ചതല്ല, ചിത്തവൃത്തികൾ വളരെ ചെറിയ ഒരു പരിധിയിൽ പ്രവർത്തിക്കുന്നു.

ഉദാഹരണത്തിനു കുട്ടി ഒരു കളിപ്പാട്ടം കണ്ടു. അതിന്റെ ചിത്തവൃത്തി അതിൽ വ്യാപിച്ചു. എന്നാൽ അൽപസമയം കഴിയുമ്പോൾ മറ്റൊന്നിലാകും അതു വ്യാപിക്കുക. എന്നാൽ മുതിർന്നവർക്ക് അവരുടെ ചിത്തവൃത്തിയെ ബന്ധിക്കുന്ന മൂന്നോ നാലോ കാര്യങ്ങളെ കാണും. അവർ അതുമായി കുറേ നേരം അലഞ്ഞുകൊണ്ടിരിക്കും. കുട്ടിയുടെ ബുദ്ധി വികസിക്കും വരെ അതു സന്തുഷ്ടനാണ്; എന്നാൽ വികസിക്കുംതോറും അശാന്തനാകും. ജ്ഞാനി കുട്ടിയെപ്പോലെയാണ്. പക്ഷെ കുട്ടി അജ്ഞാനത്തിലും ജ്ഞാനി ജ്ഞാനത്തിന്റെ പരമനിലയിലും ആണ്.

**അന്വേഷകൻ** : യുവാക്കളോ ?

**ദാദാജി** : ആളിക്കത്തുന്ന അഗ്നി പോലെയാണ് യൌവ്വനം. ഈ അവസ്ഥയിൽ സാഹചര്യങ്ങൾ ഉണ്ടാകുകയും സ്വഭാവത്തെ ബാധിക്കുകയും ചെയ്യുന്നു. അതിനാൽ ശ്രദ്ധ ആവശ്യമുണ്ട്. ദേവകൾ മാത്രമേ ജരാനരകൾക്ക് വിധേയമാകാതെ ഇരിക്കുന്നുള്ളു. അവർ എപ്പോഴും യൌവ്വനയുക്തരാണ്.

**അന്വേഷകൻ** : വാർധക്യത്തെക്കുറിച്ച് പറയൂ.

**ദാദാജി** : ക്ഷയാവസ്ഥയാണ് വാർധക്യം. ബുദ്ധിമുട്ടേറിയതും നിർണ്ണായകവുമായ കാലഘട്ടമാണിത്. ശരീരഭാഗങ്ങൾ ജീർണ്ണിക്കാൻ തുടങ്ങും. പല്ലുകൾ കൊഴിയുകയും ചെവി വേദനിക്കുകയും ചെയ്യും. വളരെ ശ്രദ്ധ ആവശ്യമായി വരും. കർമ്മബന്ധനസ്ഥൻ അല്ലെങ്കിൽ വേദന കൂടാതെ വേഗം മരിക്കും. ശരീരം പ്രവർത്തിക്കാൻ ബുദ്ധിമുട്ടുമ്പോൾ പോലും നിസ്സാരകാര്യങ്ങൾക്കായി വൃദ്ധൻ ആഗ്രഹിക്കും.

ഭാരമേറിയ കർമ്മങ്ങൾ വേദനയെ ഉളവാക്കുന്നു. വാർധക്യകാലത്ത് അത് ദുരിതത്തെ കൊണ്ടുവരുന്നു.

**അന്വേഷകൻ** : ഒരാൾ വാർധക്യ കാലത്ത് എങ്ങനെ സന്തോഷവാനാകും ?

**ദാദാജി** : യൌവനകാലത്ത് എന്തൊക്കെ സുഖങ്ങളിൽ ശരീരം വ്യാപൃതമായോ അത് വാർധക്യകാലത്ത് ദുഃഖമായി പരിണമിക്കുന്നു. ദുഃഖങ്ങൾ സുഖങ്ങളായും പരിണമിക്കുന്നു. അതാണു പ്രകൃതിയുടെ നിയമം. സുഖദുഃഖങ്ങൾ ആനുപാതി-കങ്ങളാണ്. വളരെ കുറച്ചു അനുഗ്രഹീതർ മാത്രം ശാന്തമായി യാത്രയാകുന്നു.

**അന്വേഷകൻ** : ഭോഗം അനുഭവിക്കുന്നതിൽ എന്താണ് തെറ്റ്?

**ദാദാജി** : ഭോഗം അനുഭവിക്കുമ്പോൾ അതു തിരിച്ചു അടക്കേണ്ടതാണെന്ന് അനുഭവിക്കുന്നവർ തിരിച്ചറിയുന്നില്ല. മരണസമയത്ത് ഇതെല്ലാം തിരിച്ചു നല്കപ്പെടേണ്ടതാണ്. നേർവഴിയിൽ നടക്കുന്നവർക്ക് എല്ലാം ശുഭമായി നടക്കും.

**അന്വേഷകൻ** : ഈ ലോകത്തെ വിട്ടുപോകുമ്പോൾ എന്താണ് മാതൃകാപരമായ സമീപനം ?

**ദാദാജി** : ഒരുവൻ സ്വയം ബോധവാനായി ലോകം ഉപേക്ഷിക്കുന്നുവെങ്കിൽ ഉയർന്ന അവസ്ഥകളെ പ്രാപിക്കും.

എന്നാൽ കോമയിലോ അബോധാവസ്ഥയിലോ ഉള്ള മരണം ഒരു മൃഗത്തി-ന്റെയോ മറ്റോ ജന്മത്തിനു കാരണമാകും. ഹൃദയാഘാതം കൊണ്ടുള്ള മരണവും താഴേക്ക് പതിപ്പിക്കും. എങ്ങോട്ടെന്നു ആർക്കും അറിയില്ല.

രൌദ്രധ്യാനവും അർത്ഥധ്യാനവും ഇന്നത്തെ ജീവിതത്തെ മാത്രമല്ല മരണത്തെ-യും കഠിനമാക്കിയിരിക്കുന്നു. ചെറുപ്പക്കാർ മരിക്കുന്നത് കൂടുതൽ രൌദ്രധ്യാനവ-സ്ഥയിലോ അർത്ഥ ധ്യാനവസ്ഥയിലോ ആണ്.

നിരാശയോടെയും ദുഃഖത്തോടെയും മരിക്കുന്ന വൃദ്ധർ അടുത്തജന്മത്തിൽ താഴ്ന്ന അവസ്ഥയിലേക്ക് പതിക്കുവാൻ ഇടയുണ്ട്.

**അന്വേഷകൻ** : ഭൂരിപക്ഷം ആളുകളും എന്തുകൊണ്ട് സമാധാനമായി മരിക്കു-ന്നില്ല ?

**ദാദാജി** : ഇന്നത്തെ ആളുകൾ ആഹാരവും വസ്ത്രവും അധാർമ്മികമായാണ് നേടുന്നത്. എല്ലാം അർത്ഥധ്യാനംകൊണ്ടും രൌദ്രധ്യാനം കൊണ്ടുമാണ് നേടു-ന്നത്.

ഇത് മരണസമയത്ത് ക്ലേശവും വേദനയും ഉണ്ടാകും. ശരീരത്തിലെ ഓരോ പരമാണുവും വേദനയിലൂടെ കടന്നുപോകും. ഹൃദയം തകരാറിലാകും. അടുത്ത

ജന്മത്തിലേക്കു കർമ്മഫലം സഞ്ചയിക്കപ്പെടും. ഇതാണ് പരമാണുക്കളുടെ ശാസ്ത്രം. വീതരാഗർ മനസ്സിലാക്കിയ ശാസ്ത്രവും ഇതാണ്.

നല്ലതായാലും ചീത്തയായാലും ധാർമ്മികമായി നേടിയത് സ്വീകരിക്കണം എന്ന് ഭഗവാൻ പറഞ്ഞിട്ടുണ്ട്. ഒരു ചെറിയ ഊണോ വസ്ത്രമോ ധാർമ്മികമായി നേടുന്നതാണ് അധർമ്മത്തെക്കാൾ ശ്രേഷ്ഠം.

മരണസമയം അടുക്കുമ്പോൾ കർമ്മത്തിന്റെ പടക്കങ്ങൾ പൊട്ടുവാൻ തുടങ്ങും. ജ്ഞാനത്തിന്റെ അഭാവം വാർദ്ധക്യത്തെ ദുസ്സഹമാക്കും.

**അന്വേഷകൻ** : ആത്മജ്ഞാനിയായ ഒരുവൻ തന്റെ മരണത്തെ എങ്ങനെ സ്വീകരിക്കും ?

**ദാദാജി** : ജ്ഞാനം ഉറച്ചതെങ്കിൽ ഒരുവൻ അവന്റെ പൊട്ടിത്തെറിക്കുന്ന കർമ്മങ്ങൾക്ക് സാക്ഷിയായി ആത്മഗുഹയിൽ സുരക്ഷിതനായിരിക്കും. ഞാൻ ദീക്ഷ നൽകിയവർ പറയും "അങ്ങ് ഈ ശരീരത്തിന്റെ അവസാന ശ്വാസം കാണുന്നത് പോലെ ഞാനും കാണുന്നു." അവർ സാക്ഷിഭാവത്തിൽ ആണ്.

**അന്വേഷകൻ** : ജീവിതയാത്രയെ എങ്ങനെ കാണണം എന്ന് വിശദീകരിക്കുമോ ?

**ദാദാജി** : ജനിക്കുന്ന നിമിഷം മുതൽ നിങ്ങൾ പട്ടടയിലേക്കുള്ള യാത്രയിലാണ്. മരിക്കുമെങ്കിൽ പിന്നെന്തിനു ക്ഷണികമായതിനു പുറകെ പോകണം. നിങ്ങൾക്ക് നിങ്ങളുടെ അവസാന ലക്ഷ്യത്തിലെത്തണം. സമാധാനമായ മരണത്തെയാണ് നിങ്ങൾ കാംക്ഷിക്കുന്നത്, അല്ലാതെ അത് എപ്പോൾ വരും എന്നതല്ല. വാർധക്യത്തിൽ എല്ലാ ദുരിതങ്ങളും കൂടി ഒരുമിച്ച് വരുന്നു. മരുന്നു അറിയുമെങ്കിൽ ദുരിതം തുടങ്ങുമ്പോൾ തന്നെ കഴിക്കാം. അപ്പുറമുള്ള ലോകത്തിലേക്കുള്ള ക്ഷണനം ആണത്.

**അന്വേഷകൻ** : ഈ ശരീരത്തെക്കുറിച്ച് പറയുമോ ?

**ദാദാജി** : നശിക്കുന്നതായ ഈ ശരീരത്തോട് മമത എന്തിനു ? തൊലിയാൽ മറയ്ക്കപ്പെട്ട ഒരു മാംസപിണ്ഡം മാത്രമാണത്. നിങ്ങൾ അതിനെ കുളിപ്പിച്ച് വൃത്തിയാക്കി ഭക്ഷണം കഴിപ്പിച്ചാലും അതു നിങ്ങളെ തഴയുന്നു.

നമ്മുടെ ശരീരം പോലും അവസാന കാലത്ത് നമ്മെ തഴയുമെങ്കിൽ ബന്ധുക്കളുടെ കാര്യം പറയണോ ?

ഒരുവൻ ശരീരത്തെ എപ്പോഴും പരിചരിക്കുന്നു പക്ഷെ അതു പഴുത്തു തുടങ്ങിയാൽ ഇഷ്ടപ്പെടുമോ ? ആ പഴുപ്പ് കാണുമ്പോൾ നിങ്ങൾക്ക് അതിനോടുള്ള ഇഷ്ടം

കുറയുന്നു. ഈ ശരീരം ചലം, രക്തം, മാംസം മുതലായവയുടെ ഒരു സംഘാതമാണ്.

അതെ ഞാൻ അതിനെ അതായി കാണുന്നു. ഞാൻ വീതരാഗനാണ്. ശരീരത്തോടുള്ള മമത ജനനമരണങ്ങൾ മാത്രമാണ് സമ്മാനിക്കുന്നത്. ആത്മാവിനോടുള്ള മമത വീതരാഗനാക്കും. നഷ്ടങ്ങൾക്ക് പരിഹാരവുമാകും.

നിങ്ങൾക്ക് എങ്ങനെയുള്ള ശരീരമാണ് വേണ്ടത്. ? മുക്തിക്കുള്ള സാധനമാകണം അത്. ചരമശരീരത്തെ നേടാനാവണം.

പരമാണുക്കളുടെ സംഘാതമാണ് ശരീരം. കഴിഞ്ഞ ജന്മത്തിൽ ഏതു പരമാണുക്കളെ നിങ്ങൾ സഞ്ചയിച്ച എന്നതനുസരിച്ചാണ് ഈ ജന്മത്തിലെ അനുഭവം.

എല്ലാ ജീവജാലങ്ങളും മനുഷ്യനെ സേവിക്കുന്നു; എന്നാൽ മനുഷ്യൻ അവനുവേണ്ടിമാത്രം ജീവിക്കുന്നു. എങ്കിലും ഈശ്വരൻ പറയുന്നു മനുഷ്യശരീരത്തെ കാണാൻ ദേവന്മാർ പോലും കൊതിക്കുന്നു എന്ന്. മനുഷ്യശരീരത്തിന്റെ പ്രാധാന്യം അറിഞ്ഞാൽ നമുക്ക് അർത്ഥപൂർണ്ണമായ ഒരു ജീവിതം നയിക്കാം.

## 100

## മനുഷ്യരൂപത്തിന്റെ പ്രാധാന്യം

**അന്വേഷകൻ** : മനുഷ്യജീവിതത്തിന്റെ പ്രാധാന്യമെന്ത്?

**ദാദാജി** : മനുഷ്യരൂപം എടുക്കുന്നതിന്റെ ശരിയായ ഉദ്ദേശം ഈ ലോകത്തിൽ ആരറിയുന്നു. മനുഷ്യശരീരം നേടുന്നതിന്റെ ഉദ്ദേശത്തെ സംബന്ധിച്ച് അറിവില്ലായ്മയാണ്. ആളുകൾ കരുതും അവർ ഇവിടെ വന്നത് ആസ്വദിക്കാനും, ഈശ്വരപൂജചെയ്യാനും, യോഗ പരിശീലിക്കാനും, തപസ്സ് ചെയ്യാനും ലോകത്തെ ഉപേക്ഷിക്കാനും ഒക്കെ ആണെന്ന്. എന്നാൽ നമുക്ക് മനുഷ്യ ശരീരം നൽകിയത് ശുദ്ധാത്മാവിനെ സാക്ഷാത്കരിക്കാൻ വേണ്ടിയാണ്.

അതിനാൽ കവിരാജ നവനീത് എഴുതുന്നു

"പൂർവ്വാപരാധം നീക്കാൻ ഈ ശരീരം നാമെടുക്കും;.

കർമ്മത്തിൻ തിരശ്ശീല ഉയരുമ്പോൾ, ഉള്ളിലെ ദൈവം വെളിപ്പെടും."

**ജീവിതത്തിന്റെ യഥാർത്ഥ ഉദ്ദേശം : പരോപകാരതത്പരതയും സ്വയം അറിയലും**

**അന്വേഷകൻ** : മനുഷ്യജീവിതത്തിന്റെ ഉദ്ദേശമെന്താണ്?

**ദാദാജി** : യഥാർത്ഥ ഉദ്ദേശം പുനർജ്ജന്മത്തിന്റെ ബന്ധനത്തിൽ നിന്നും മുക്തനാകുക, കേവല ചൈതന്യമാകുക, പിന്നെ ശുദ്ധാത്മാവിന്റെ സാക്ഷാത്കാരം

ലഭിക്കും വരെ മറ്റുള്ളവർക്ക് വേണ്ടി നിങ്ങളുടെ ജീവിതം ഉപയോഗിക്കുക എന്ന-താണ്. ഈ രണ്ടു ജീവിതലക്ഷ്യങ്ങൾക്ക് വേണ്ടിയാണ് ഒരുവൻ ഭാരതത്തിൽ ജനിക്കുന്നത്. ആരെങ്കിലും ഈ ലക്ഷ്യത്തെ പിന്തുടരുന്നുണ്ടോ ? അതിനു പകരം ആളുകൾ ദുർമ്മാർഗ്ഗവും അഴിമതിയും കാരണം മനുഷ്യനിൽ നിന്നും മൃഗാവ-സ്ഥയിലേക്ക് പോകുന്നു.

പരോപകാരം പുണ്യകർമ്മത്തെ ഉണ്ടാക്കുന്നു

**അന്വേഷകൻ** : മറ്റുള്ളവർക്ക് വേണ്ടി ജീവിക്കുന്നതിന്റെ പ്രാധാന്യം എന്താണ്?

**ദാദാജി** : മുക്തി നേടും വരെ പുണ്യകർമ്മം മാത്രമേ നിങ്ങൾക്ക് സുഹൃത്തായി കാണുകയുള്ളൂ. നിങ്ങളുടെ പാപകർമ്മം ശത്രുവായി പ്രവർത്തിക്കും. സുഹൃത്തി-നെ വേണോ ശത്രുവിനെ വേണോ എന്ന് നിങ്ങൾ ഇപ്പോൾ തീരുമാനിക്കണം. ആർക്കെങ്കിലും പാപകർമ്മമാകുന്ന ശത്രുവിനെ ഇഷ്ടമാണെങ്കിൽ അവർക്ക് ഇ ഷ്ടമുള്ളതൊക്കെ ചെയ്യാം എന്നാൽ പിന്നീട് അതിന്റെ പരിണിതഫലം കൂടി അനുഭവിക്കണം.

**അന്വേഷകൻ** : പുണ്യകർമ്മം എങ്ങനെ സമ്പാദിക്കാം ?

**ദാദാജി** : ഭഗവാൻ മഹാവീരൻ പറയും : 'യോഗോപയോഗപരോപകാരായ'; ഇവിടെ യോഗ എന്നതുകൊണ്ട് മനുഷ്യനെന്ന നിലയിലുള്ള മനസ്സ്-ശരീരം-വാക്ക്-ബുദ്ധി-ചിത്തം തുടങ്ങിയവയുടെ കൂട്ടമാണ് അർത്ഥമാക്കുന്നത്. ഉപയോഗ എന്നാൽ ആ സംഘാതത്തെ മറ്റുള്ളവരുടെ നന്മയ്ക്കായി പ്രയോജനപ്പെടുത്തുക എന്നർത്ഥം. നിങ്ങൾക്ക് പുണ്യകർമ്മം എന്ന സുഹൃത്തിനെ വേണമെങ്കിൽ വൃക്ഷ-ത്തിൽ നിന്നും പഠിക്കൂ. വൃക്ഷങ്ങൾ അവയുടെ ഫലങ്ങളെ ആസ്വദിക്കാറുണ്ടോ ? അല്ലമെങ്കിലും ? നമ്മൾ നോക്കാത്തപ്പോൾ ? അവർ അവയുടെ ഫലങ്ങളെ ഭക്ഷിക്കുമോ ?

അവരുടേത് ആസ്വദിക്കുവാൻ വൃക്ഷങ്ങൾ നിങ്ങളോടു പറയുന്നു. അതുകൊണ്ട് നിങ്ങൾക്ക് ഈ ലൌകിക ജീവിതമിഷ്ടമെങ്കിൽ പരോപകാരം അഭ്യസിക്കൂ. അ ലഞ്ഞുതിരിയുന്ന ഒരു പെൺപട്ടിക്ക് കഴിക്കാൻ ഭക്ഷണം കിട്ടുന്നത് എന്തുകൊ-ണ്ടാണ് ? ഈശ്വരൻ കുടികൊള്ളുന്ന പട്ടിക്കുട്ടികളെ അവൾ സംരക്ഷിക്കുന്നതു-കൊണ്ടാണ്. ലോകം ഇങ്ങനെയാണ് പ്രവർത്തിക്കുന്നത്. വൃക്ഷങ്ങൾക്ക് പോഷ-ണം കിട്ടുന്നത് എങ്ങനെ ? അവരുടെ നിലനിൽപ്പിനെക്കുറിച്ച് അവർ ഒരിക്കലും ആകുലരല്ല. അവർ വെള്ളം കുടിക്കാൻ ഒരു മൈൽ യാത്ര ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കുന്നില്ല.

**അന്വേഷകൻ** : ഇല്ല. പക്ഷെ എങ്ങനെയാണ് വൃക്ഷങ്ങൾ ഈ വ്യവസ്ഥയിൽ ഉപകാരപ്പെടുന്നത്?

**ദാദാജി** : സേവനം ചെയ്യുവാനും മനുഷ്യന് ഫലങ്ങൾ നല്കുവാനുമാണ് വൃക്ഷങ്ങൾ. അവർ ഉയർന്ന ഒരു ജീവഭാവത്തിലേക്ക് എത്തും. അവരുടെ സഹായത്താൽ മനുഷ്യരും വളരും. ഉദാഹരണത്തിനു, നിങ്ങൾ മാങ്ങ കഴിക്കുമ്പോൾ മാവിന് എന്താണ് നഷ്ടപ്പെടുന്നത്? നിങ്ങൾ എന്താണ് നേടുന്നത്? മാങ്ങ കഴിക്കുന്നതിലെ ആനന്ദം നിങ്ങൾക്ക് ലഭിക്കുന്നു. ആ സന്തോഷം കൊണ്ട് നിങ്ങളുടെ വാസനകൾക്ക് ഉണർവ്വ് ഉണ്ടാകുകയും ആത്മീയമായ പോയിന്റ് നേടുകയും ചെയ്യുന്നു, ഉദാഹരണത്തിനു നൂറു പോയിന്റ്. ആ നൂറിൽ അഞ്ചു ശതമാനം മാവിന് പോകും. ബാക്കി തൊണ്ണൂറു പോയിന്റും നിങ്ങളിൽ അവശേഷിക്കും. അതിനാൽ നിങ്ങൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുമ്പോൾ അവർ ഉയർന്ന ഒരു നിലയിൽ എത്തുകയും നിങ്ങൾ പതിക്കാതെയിരിക്കുകയും ചെയ്യുന്നു. മറ്റുള്ളവരെ സഹായിക്കുന്നത് നിങ്ങളെ സഹായിക്കലാണ്

**അന്വേഷകൻ** : പരോപകാരം എനിക്കെങ്ങനെ ഗുണമാകും ?

**ദാദാജി** : വൃക്ഷങ്ങളുടെ പ്രവൃത്തികൾ നല്ലതാണ് പക്ഷെ അവയ്ക്ക് കർതൃത്വബോധമില്ല. അവരുടെ ഉള്ളിൽ ജീവനുണ്ട്, അവ മറ്റുള്ളവർക്ക് ഫലംകൊടുക്കുന്നു. നിങ്ങളും അതുപോലെ ചെയ്യണം. നിങ്ങളും ഫലം നേടിക്കൊണ്ടിരിക്കും, മനസ്സിനും ശരീരത്തിനും വാക്കിനും ഉള്ള ഫലം. മറ്റുള്ളവർക്ക് സൌജന്യമായി നല്കുന്നിടത്തോളം നിങ്ങൾക്കും ലഭിച്ചുകൊണ്ടിരിക്കും. ജീവിതത്തിലെ ആവശ്യങ്ങൾക്കായി നിങ്ങൾക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുകയില്ല. എന്നാൽ നിങ്ങളുടെ ഭാഗ്യത്തിന്റെ ഫലം തനിയെ അനുഭവിച്ചാൽ നിങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാം.

**അന്വേഷകൻ** : സ്വാർത്ഥമായ ജീവിതത്തിൽ എന്താണ് തെറ്റ് ?

**ദാദാജി** : മാവ് അതിന്റെ ഫലങ്ങൾ തനിയെ തിന്നിരുന്നെങ്കിൽ അതിന്റെ ഉടമസ്ഥൻ എന്തു ചെയ്യേനെ ? അതു വെട്ടിക്കളയില്ലേ ? അതുപോലെ ആളുകൾ അവരുടെ ഫലങ്ങൾ സ്വയം അനുഭവിക്കും. നോക്കു, നിങ്ങളുടെ ജീവിതം നിങ്ങളുടെ ഗുണത്തിനായി മാത്രം ഉപയോഗിച്ചാൽ മരണസമയം വളരെ ബുദ്ധിമുട്ടുള്ളതാകും. ഈ ലോകവും അതിലെ കാര്യങ്ങളും ശാന്തിയോടെയും സമചിത്തതയോടെയും ഉപേക്ഷിക്കാൻ നിങ്ങൾക്ക് കഴിയില്ല. എന്നാൽ നിങ്ങൾ മറ്റുള്ളവർക്കായി ജീവിച്ചാൽ നിങ്ങൾക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാവില്ല എന്നുമാത്രമല്ല നിങ്ങളുടെ എല്ലാ ആഗ്രഹങ്ങളും സഫലീകരിക്കപ്പെടും.

എന്നാൽ കാര്യങ്ങളുടെ പുറകെ അവ നേടാനായി പോയാൽ ഒരു ആഗ്രഹവും നടക്കില്ല, ആ മനോഭാവം ശാന്തമായി ഉറങ്ങാൻ നിങ്ങളെ സമ്മതിക്കില്ല. തങ്ങ-ളുടെ ബുദ്ധിയും മനസ്സും ഉപയോഗിക്കുന്നതിനു ആളുകൾ ഇക്കാലത്ത് പണം വാങ്ങുന്നു. ഒരു ഫോം പൂരിപ്പിക്കാനോ അപേക്ഷ എഴുതാനോ എഴുതാൻ അറി-യാത്ത ഒരാളിൽ നിന്നും അവർ ഇരുപതു രൂപാ വാങ്ങുന്നു.

ഒരു തർക്കം നടക്കുമ്പോൾ സൌജന്യ ഉപദേശം നൽകിയിരുന്ന നമ്മുടെ രാജ്യത്തിന് എന്തു പറ്റിയെന്നു നോക്കൂ. വാസ്തവത്തിൽ ആ സൌജന്യഉപദേശം സൌജന്യഭക്ഷണത്തിന്റെ പുറത്താണ് നൽകിയിരുന്നത്. ഗ്രാമത്തിൽ ഒരു തർക്കം നടന്നാൽ ബുദ്ധിമാനായ ഒരു ധനികനായ കച്ചവടക്കാരൻ സൌജന്യ-മായി മദ്ധ്യസ്ഥൻ ആകും. രണ്ടു കൂട്ടർക്കും സമ്മതമായ ഒരു ഒത്തുതീർപ്പിൽ അയാ-ൾ എത്തും. കടംവീട്ടാൻ ഉള്ളതാണെങ്കിൽ അതിലെ ഒരു ഭാഗം അയാൾ കൊടു-ക്കും. ബാക്കി ഉള്ളതിന് വ്യവസ്ഥ ചെയ്യുകയും ചെയ്യും. എന്നിട്ട് മൂന്നു പേരും കൂടി ഒരുമിച്ച് ഭക്ഷണം കഴിക്കും. ഇപ്പോൾ അങ്ങനെയൊന്നു കാണാനുണ്ടോ ?

**അന്വേഷകൻ** : പക്ഷെ സർ നാം സഹായിക്കുന്നവർക്ക് നന്ദി ഉണ്ടാകാറില്ല. അതിനു നാം എന്തു ചെയ്യാനാണ്?

**ദാദാജി** : പരോപകാരിയായ ഒരുവൻ നന്ദി അന്വേഷിച്ചാൽ ഒരു വക്കീലിനെ പോലെ അവകാശവാദി ആകും. നിങ്ങൾ സഹായിക്കുന്നവരിൽ നന്ദി തേടാതി-രിക്കുക. ഫലംകഴിക്കുന്നവൻ നല്ലവനാണോ ചീത്തയാണോ എന്ന് വൃക്ഷം അ-ന്വേഷിക്കാറുണ്ടോ ? ആരാണോ എടുക്കുന്നത് അവർക്കുവേണ്ടിയാണ് മാങ്ങ. വൃക്ഷങ്ങളുടെ ജീവിതമാണ് യഥാർത്ഥമായ പരോപകാരജീവിതം.

**അന്വേഷകൻ** : എന്നാൽ സഹായിക്കുന്നവരെ ആളുകൾ കുറ്റപ്പെടുത്തിയാൽ അവരെ വീണ്ടും സഹായിക്കണോ ?

**ദാദാജി** : അതെ അതു ശ്രദ്ധിക്കേണ്ട കാര്യമാണ്. നന്ദികേടിനോടുള്ള പരോപ-കാരതത്പരതയാണ് യഥാർത്ഥ പരോപകാരം. എന്നാൽ എവിടെയാണ് ആളുകൾ അത്തരം ശരിയായ ധാരണ പുലർത്തുന്നത്? ഇത്രയും ഒരാൾ മനസ്സി-ലാക്കിയാൽ അയാൾ അനുഗ്രഹിക്കപ്പെട്ടവനാണ്.

പരോപകാരം ഒരു ഉയർന്ന അവസ്ഥയാണ്. അതു മനുഷ്യജീവിതത്തിന്റെ മുഖ്യമായ ഉദ്ദേശമാണ്. ഭാരതത്തിൽ രണ്ടാമത്തെ ലക്ഷ്യം ജനനമരണങ്ങളുടെ ചക്രത്തിൽ നിന്നും മുക്തമാകുക എന്നതാണ്.

തങ്ങളുടെ ഫലങ്ങളെ മറ്റുള്ളവർക്ക് കൊടുക്കുന്നവരെ പ്രകൃതി സംരക്ഷി-

ക്കും എന്നതാണ് നിയമം. ഇതു മറഞ്ഞിരിക്കുന്ന നിയമമാണ്. ഈ പരോപകാരം ആപേക്ഷികധർമ്മമാണ്. അടുത്തത് യഥാർത്ഥ ധർമ്മമാണ്. ആത്മധർമ്മം. നിങ്ങളുടെ മനസ്സും, വാക്കും, ശരീരവും മറ്റുള്ളവർക്കായി ഉപയോഗിക്കുക എന്നതാണ് മനുഷ്യജന്മത്തിന്റെ സാരം.

## 101

## പെരുമാറ്റം, ആലോചന, ചട്ടംകെട്ടൽ

**അന്വേഷകൻ** : ശരിയായ പെരുമാറ്റത്തെക്കുറിച്ച് പറയുമോ

**ദാദാജി** : ചിന്തകൾ, വാക്ക്, പ്രവൃത്തി എന്നിവ മാറിക്കൊണ്ടിരിക്കുന്നതാണ്. ഏതു തരം ചിന്തയാണ് ഉയരുന്നത് എന്നു നിരീക്ഷിക്കുക മാത്രമാണ് നാം ചെയ്യേണ്ടത്. നമ്മുടെ ചിന്തകൾക്ക് ഉത്തരവാദി നമ്മൾ അല്ല പക്ഷെ പൂർവ്വകർമ്മങ്ങളുടെ കെട്ടുകളാണ്. ഇപ്പോൾ നാം ചിന്തകളെ വളർത്തിയാൽ ഭാവികർമ്മത്തെ സഞ്ചയിക്കുകയാണ്. ഉള്ളിൽ വിരിയുന്നത് ചിന്തയും ഭൌതികമാകുന്നത് പ്രവൃത്തിയും ശബ്ദരൂപത്തിൽ വരുന്നത് വാക്കുമാണ്. അവ മാറിക്കൊണ്ടിരിക്കുന്നു. ചലനം അവയിൽ അന്തർലീനമാണ്. ഇവ മൂന്നും സ്വാഭാവിക സന്തുലിതാസ്ഥയിൽ ആണെങ്കിൽ സഞ്ചാർ എന്ന് പറയുന്നു. അതുകൊണ്ടാണ് നാം നമ്മുടെ ജീവിതത്തിൽ സ്വാഭാവികത കാത്തുസൂക്ഷിക്കാൻ പറയുന്നത്.

സത്യയുഗത്തിൽ മനസ്സിന്റെ ചിന്തകൾ മാത്രമായിരുന്നു മലിനപ്പെട്ടിരുന്നത് വാക്കും പ്രവൃത്തിയും ശുദ്ധമായിരുന്നു. കലിയുഗത്തിൽ മൂന്നും മലിനമാക്കപ്പെട്ടു. ശരീരത്തിന്റെ പെരുമാറ്റം ശുദ്ധമാകണം, എന്നാൽ മനസ്സിന്റെയും വാക്കിന്റെയും മാറ്റങ്ങൾക്ക് വിധേയമാകുന്നു. ലൌകികമായ പെരുമാറ്റത്തിൽ വളരെയേറെ ശങ്കകൾ ഉണ്ടാകും.

ഇതു മൂന്നും മലിനമാകുമ്പോൾ പുറത്ത് വരുന്ന വാക്ക് പ്രതികൂലമാകാം. എല്ലാ മാലിന്യങ്ങളും പുറത്തു വരും. ശുദ്ധാത്മാവ് മാറ്റമില്ലാത്തതാണ് എന്നാൽ പെരുമാറ്റം, ആലോചന, ചട്ടംകെട്ടൽ എല്ലാം മാറ്റത്തിനു വിധേയമായതും പരിശോധിക്ക പ്പെടേണ്ടതുമാണ്.

**അന്വേഷകൻ** : ഒരുവന് വേണ്ട ചിന്തകൾ ആ സമയത്ത് ഉണ്ടാകണമെന്നില്ല.

**ദാദാജി** : പൂർവ്വകർമ്മങ്ങളുടെ കെട്ടു വിടുന്നതാണ് ചിന്തകളുടെ ആവിർഭാവത്തിനു കാരണമാകുന്നത്. പൂർവ്വജന്മത്തിൽ പ്രമാണീകരിക്കപ്പെട്ടവയാണ് ഉണ്ടാകുന്ന ചിന്തകൾ. എന്നാൽ അതിനെ വീണ്ടും വീണ്ടും പ്രമാണീകരിച്ചാൽ അതിൽ അപകടസാധ്യതയും ഉത്തരവാദിത്വവും കൂടുതലാണ്. ശുദ്ധാത്മാവെന്ന

നിലയിൽ അതിനെ അറിയുക എന്ന ധർമ്മം മാത്രമാണ് നാം ചെയ്യേണ്ടത്.

**അന്വേഷകൻ** : എന്താണ് നമുക്ക് മോശം പെരുമാറ്റം ഉണ്ടാകുന്നത്.

**ദാദാജി** : ബാഹ്യലോകത്തിൽ സന്തോഷം കണ്ടെത്താൻ കഴിയാത്തതുകൊ-ണ്ടാണ് അത്. ആന്തരികമായ സന്തോഷം ഉണ്ടായിക്കഴിഞ്ഞാൽ ബാഹ്യമായ പെരുമാറ്റം നേരെയാകും

**അന്വേഷകൻ** : എന്താണ് മലിനമായ പെരുമാറ്റം ?

**ദാദാജി** : ഒരാൾ പോക്കറ്റടിച്ചാൽ അയാളുടെ ഉള്ളിലൊരു ഭയം ഉണ്ടാകും. അതൊരു നിന്ദ്യപ്രവൃത്തി ആണെന്ന് അയാൾക്ക് തോന്നും. അതുപോലെ തന്നെ അടിയുണ്ടാക്കുക, മദ്യപിക്കുക, പന്തയം വയ്ക്കുക തുടങ്ങിയവയെല്ലാം അഴിമതിയു-ടെയും അധാർമ്മികതയുടെയും ഗണത്തിൽ പെടുത്താം. ആളുകൾ അതിനെ വിമർശിക്കുന്നു. അതോരാൾക്ക് വിനാശകരമാണ്. നിങ്ങൾ ആപത്തിനെ സ്വീകരിക്കാൻ തയ്യാറെങ്കിലും മോശം പെരുമാറ്റം എന്തു ഗുണമാണ് തരിക ?

ഒന്നാമതായി ബ്രഹ്മചര്യത്തിലുണ്ടാകുന്ന പിഴവുകളെ സാധൂകരിക്കാനോ രണ്ടാമതായി മോഷണത്തെ അനുവദിക്കാനോ സാധ്യമല്ല. എല്ലാ മൂല്യങ്ങളിലും വെച്ച് ബ്രഹ്മചര്യം ഒന്നാമതാണ്. അത് ദേവതകളുടെ അനുഗ്രഹത്തെ തരുന്നു. ലോകം അതിന്റെ രീതിയിൽ കുഴപ്പം ഉണ്ടാക്കുന്നില്ല. ഒരാൾക്ക് ഏകഭാര്യയോ അനേകം ഭാര്യമാരോ ഉണ്ടാകട്ടെ. എന്നാൽ ഒരുവൻ തന്റെ ലൌകിക സ്വഭാ-വത്തെ മലിനപ്പെടുത്തിയാൽ ഈശ്വരദൃഷ്ടിയിൽ അത് അധാർമ്മികമാണ്, വ്യഭിചാരമാണ്. അതിനാൽ അത് അനുവദനീയമല്ല.

ജ്ഞാനത്തിന്റെ പ്രഭാവം ലോകസ്വഭാവം മലിനമാകാതിരിക്കാൻ സഹായിക്കും.

**അന്വേഷകൻ** : ആത്മജ്ഞാനി അയാളുടെ പെരുമാറ്റത്തെ എങ്ങനെ ശ്രദ്ധിക്ക-ണം.

**ദാദാജി** : എല്ലാ കർമ്മത്തിന്റെയും ചിന്തകളുടെയും വാക്കിന്റെയും സാക്ഷിയാണ് ജ്ഞാനി. ജ്ഞാനമുള്ളതിനാൽ എല്ലാ പ്രതികൂല സാഹചര്യങ്ങളിൽ നിന്നും ഞങ്ങൾക്ക് പുറത്തു കടക്കാൻ കഴിയും. നിങ്ങൾക്ക് ജ്ഞാനമില്ല എങ്കിൽ കറങ്ങു-ന്ന പമ്പരം പോലെയാകും. ജ്ഞാനത്താൽ നിങ്ങൾക്ക് നല്ല പെരുമാറ്റവും വലിയ ഉത്തരവാദിത്വവും ഉണ്ടാകുന്നു. മറ്റുള്ളവരാൽ വിമർശിക്കപ്പെടാത്ത ഒരു പെരു-മാറ്റമാണ് നമുക്ക് വേണ്ടത്. മോശം ചിന്തകളോ വാക്കുകളോ ക്ഷമിക്കാം എന്നാൽ മോശം പെരുമാറ്റം ക്ഷമിക്കാൻ കഴിയില്ല.

**അന്വേഷകൻ** : താൻ എല്ലാത്തിന്റെയും സാക്ഷി ആണെന്ന് വിചാരിച്ച് ഒരാൾ

അധർമ്മം ചെയ്താലോ ?

**ദാദാജി** : നാം ചിന്തകളുടെയും വാക്കിന്റെയും സാക്ഷിയാണ്. ഇതെല്ലാം സിനിമ-യെന്നപോലെ കാണപ്പെടുന്നു. എന്നാലും അപമാനകരമായ പ്രവൃത്തി അനുവ-ദിക്കാൻ പാടില്ല. അതിനു സാക്ഷി ആണെന്ന് പറയുകയും അത് നമ്മെ കീഴടക്കു-കയും ചെയ്യുന്ന അവസ്ഥ അരുത്. വിഷത്തെ അറിയാൻ അതു രുചിച്ച് നോക്കേണ്ട. നിങ്ങളുടെ സ്വഭാവത്തെ മാറ്റാൻ അഹംബോധം ഉപയോഗിക്കുന്നു എങ്കിൽ നല്ല പെരുമാറ്റം കൊണ്ട് ചെയ്യുക. മോശം പെരുമാറ്റം അപകടകര-മാണ്. നല്ല പെരുമാറ്റം നിങ്ങളെ മുക്തിയിലേക്ക് എത്തിക്കും.

പ്രവൃത്തി കലുഷമെങ്കിൽ മറ്റൊരു അപകടവും ഉണ്ട്. ദേവതകൾ നിങ്ങൾക്ക് ദുരി-തത്തെ തരും. നല്ല പെരുമാറ്റവും പ്രവൃത്തിയും ദേവീദേവന്മാരെ സന്തോഷിപ്പി-ക്കുകയും മുക്തിയിലേക്ക് നമ്മെ അവർ സഹായിക്കുകയും ചെയ്യും.

നമ്മുടെ അഹംബുദ്ധി കൊണ്ടുതന്നെ മോശം പെരുമാറ്റങ്ങളിൽ നിന്നും പ്രവൃത്തി-കളിൽ നിന്നും മാറി നിൽക്കണം. തന്റെ പാതയ്ക്ക് തടസ്സമായ എല്ലാ വിഷയങ്ങ-ളിൽ നിന്നും മോക്ഷം ഇച്ഛിക്കുന്നവർ പിന്മാറണം.

## 102

## മനോവികാരം : വ്യാകുലത

**അന്വേഷകൻ** : മനോവികാരത്തെക്കുറിച്ച് പറയുമോ.

**ദാദാജി** : ആപേക്ഷികമായ ബോധത്തിന്റെ ചലനം സാധാരണ ഗതിയിൽ ഉള്ളപ്പോൾ അതിനെ നമുക്ക് വേഗം എന്ന് വിളിക്കാം. തീവ്രമായ ഗതിയാണെങ്കി-ൽ അതിനെ ഉദ്വേഗം എന്നും വിളിക്കാം. സാധാരണ ഗതിയിൽ എല്ലാം ശാന്തമാ-യും തീവ്രഗതിയിൽ അസ്വസ്ഥവും ആകുന്നു. എന്തോ മോശമായത് സംഭവിക്കാൻ പോകുന്നു എന്ന് അത് സൂചിപ്പിക്കും.

**ദാദാജി** : ഓടുന്ന ട്രെയിൻ ചലനത്തിലോ വികാരത്തിലോ ?

**അന്വേഷകൻ** : അതു ചലനത്തിലായിരിക്കണം

**ദാദാജി** : അതിനു വികാരം ഉണ്ടായാലോ ?

**അന്വേഷകൻ** : അനേകം പേർ മരിക്കുന്ന ഒരു അപകടം ഉണ്ടാകും.

**ദാദാജി** : അതിനു സമമായി മനുഷ്യശരീരവും ചലനത്തിൽ ആയിരിക്കുമ്പോൾ അപകടം ഉണ്ടാകുന്നില്ല എന്നാൽ വികാരമുണ്ടാകുമ്പോൾ ശരീരത്തിലെ അതി-സൂക്ഷ്മജീവികളുടെ മരണത്തിനു അതു കാരണമാകും.

ക്രോധം, മമത, അസൂയ, ലോഭം എന്നിവ മനുഷ്യനെ വികാരഭരിതനാക്കുകയും

അനേകം സൂക്ഷ്മജീവികളുടെ ഹിംസയും മരണവും നടക്കുകയും ചെയ്യുന്നു. ഈ ഹിംസയുടെ ഫലം ഒരുവൻ അനുഭവിക്കേണ്ടി വരുന്നു. അതിനാൽ ജ്ഞാനി പറയുന്നു, "പ്രിയ സഹോദരാ എപ്പോഴും ചലിച്ചുകൊണ്ടിരിക്കു എന്നാൽ വികാരപ്പെടാതിരിക്കു".

**അന്വേഷകൻ** : ഒരുവൻ തീവ്രമായി വികാരപ്പെട്ടാൽ എന്തു സംഭവിക്കും ?

**ദാദാജി** : ഒരുവൻ തീവ്രമായി വികാരപ്പെടുമ്പോൾ അനേകം ആന്തരിക കെട്ടുകൾ ഒരേസമയം പൊട്ടുന്നു. അവന്റെ ചിത്തത്തെ അതു പൂർണ്ണമായും വ്യാപൃതനാക്കുന്നു. അനേകം പരമാണുക്കൾ ആത്മാവിനെ മറയ്ക്കുകയും ചെയ്യുന്നു. മേഘങ്ങൾ സൂര്യനെ മറയ്ക്കും പോലെ വികാരാവസ്ഥ ആത്മാവിനെ മറയ്ക്കുന്നു. ഇത് ഒരുവന്റെ അചിന്ത്യമായ ആത്മീയശക്തിയെ ഇരുട്ടിലാക്കുന്നു. വികാരം മനസ്സിന്റെയും ശരീരത്തിന്റെയും സന്തുലനത്തെ ഇല്ലാതെയാക്കുന്നു. കുന്തമുനയാൽ കുത്തപ്പെട്ട പ്രതീതിയാണ് അയാൾക്ക് ഉണ്ടാകുക. വികാരമാണ് ഏറ്റവും വലിയ മറവ്. അതിനെ അതിജീവിച്ചാൽ വഴി തെളിയും. വലിയ വികാരത്തെ അതിജീവിക്കാൻ കഴിഞ്ഞാൽ ചെറിയ വികാരങ്ങൾ നിങ്ങളുടെ വഴിയിൽ തടസ്സമാകില്ല.

**അന്വേഷകൻ** : കർമ്മത്തിൽ വികാരങ്ങളുടെ പങ്കെന്താണ്?

**ദാദാജി** : ഉയർന്ന വൈകാരികാവസ്ഥയിൽ അടുത്ത ജന്മത്തിൽ താഴ്ന്ന അവസ്ഥയെ പ്രാപിക്കത്തക്ക കർമ്മവിത്തുകൾ ഒരുവൻ പാകിയിട്ടുണ്ടാകും. അത്തരം കർമ്മബീജങ്ങൾ ഒരുവന്റെ കെട്ടുകൾ ആയി മാറും. വികാരമുണ്ടാകുമ്പോൾ ഈ കെട്ടുകൾ പുറത്തേക്ക് പൊട്ടിത്തെറിക്കുന്നു.

നിർബന്ധബുദ്ധിയുള്ള ഒരുവന് വ്യവസ്ഥിതത്തിന്റെ നിയമം അനുസരിച്ച് ശക്തമായ കെട്ടുകൾ പിളരുകയും അവർ ചെയ്യുന്ന പ്രവൃത്തികളിൽ ഉറപ്പിക്കുകയും ചെയ്യുന്നു. അവർ അക്രമം കാണിക്കുകയും പാത്രങ്ങൾ മുതലായവ വലിച്ചെറിയുകയും ചെയ്യുന്നു. എന്നാൽ തുറന്ന മനസ്ഥിതി ഉള്ളവർക്ക് ചെറിയ കെട്ടുകളാണ് ഉള്ളത്.

**അന്വേഷകൻ** : വികാരങ്ങളെ സൂക്ഷിക്കേണ്ടത് എങ്ങനെയാണ്?

**ദാദാജി** : വികാരം വൈഷമ്യമുണ്ടാക്കുന്നതാണ്. വികാരമുള്ളപ്പോൾ പ്രവൃത്തി മാറ്റിവയ്ക്കുകയോ താമസിപ്പിക്കുകയോ വേണം. ഒരുവന്റെ പ്രവൃത്തിയെ വികാരം മലിനമാക്കുന്നു. സാധാരണ ചലനാവസ്ഥയിൽ മാത്രമേ ഒരുവൻ സാധാരണമായി പെരുമാറുകയുള്ളൂ.

വികാരം എന്നാൽ കുതിച്ചുയരലാണ്. വികാരത്തോടുള്ള ശരിയായ സമീപനം നിങ്ങളെ ആത്മീയമായി കുതിച്ചുയരാൻ സഹായിക്കും. തെറ്റായ സമീപനം താഴേക്കും പതിപ്പിക്കും.ഒരുവൻ ശ്രദ്ധയോടെയും തുറന്നമനസ്സോടെയും ഇരുന്നാൽ വികാരം ആത്മസാക്ഷാത്കാരത്തിനു ജാഗ്രതയുളവാക്കാൻ പ്രയോജനപ്പെടുത്താം.

**അന്വേഷകൻ** : വികാരങ്ങൾ എത്ര ശക്തമായാണ് വരിക ?

**ദാദാജി** : കാരണമില്ലാതെ ഉദ്വേഗം ഉണ്ടാകുകയില്ല. അതു നിങ്ങളുടെ പൂർവ്വകാല കർമ്മങ്ങൾ അനുസരിച്ചാണ് വരിക. നിങ്ങൾക്ക് പരിചയമുള്ളത് മാത്രമേ വരികയുള്ളൂ. കാരണമില്ലാതെ ഒന്നും സംഭവിക്കുകയില്ല.

ഉദ്വേഗം ഒരു അവിചാരിതസംഭവമല്ല അനന്തരഫലമാണ്. രണ്ടിനും കാരണങ്ങൾ അനവധിയാണ്. ശരീരത്തോടുള്ള മമത വികാരങ്ങളെ ഉളവാക്കുന്നു. ചലം പുറപ്പെടുവിക്കുന്ന ഈ ശരീരത്തോട് ജനങ്ങൾക്ക് എന്തിനാണ് ഇത്ര മമത ?

ഒരു ജ്ഞാനിപുരുഷനെ കണ്ടെത്താനും ജീവിതപ്രശ്നം പരിഹരിക്കാനും സഹായിക്കുന്ന ഉപാധി എന്ന നിലയിൽ ശരീരത്തെ കാണണം. നിങ്ങളുടെ മമതയുണ്ടെങ്കിലും ശരീരം ചാരമാകുന്നതാണ്.

ഒരുവന് അതിനോടു സ്നേഹമുണ്ടെങ്കിലും ശരീരത്തിന്റെ ക്ഷയം നിൽക്കുകയില്ല. ഈശ്വരൻ പോലും പറയുന്നു : "ഈ നശ്വരമായ ശരീരം ചതിക്കുന്ന കുമിളയാണ്. അത് ഒരിക്കൽ ചാരമാകും."

ഈ ശരീരമാണ് ഒരുവന് ഇഷ്ടാനിഷ്ടങ്ങൾ ഉണ്ടാക്കുന്നത്. അതിനാൽ ഈശ്വരൻ പറയുന്നു : "നിങ്ങൾ അനേകം കാലം നിങ്ങളുടെ ശരീരത്തിനു വേണ്ടി ചിലവഴിച്ചു, ഇനി ഈ ജീവിതത്തിൽ ആത്മാവിനെ അറിയാൻ ശ്രമിക്കു".

ഈ ലോകത്തിൽ ഒന്നിനോട് മാത്രമേ സ്നേഹമുണ്ടാകാൻ പാടുള്ളൂ, അതു ജ്ഞാനിപുരുഷനോടാകണം. ബാക്കി എല്ലാം ദുഃഖത്തെ നൽകുന്നവയാണ്. മോഹംകൊണ്ടുള്ള അടിമത്തത്താലാണ് ഉദ്വേഗം ഉണ്ടാകുന്നത്. ജീവിതം ആസ്വദിക്കുന്നതിൽ തെറ്റില്ല എന്നാൽ മോക്ഷത്തിന്റെ തീവണ്ടി വരുമ്പോൾ എല്ലാം ഉപേക്ഷിച്ച് അതിൽ കയറുക. എന്നാൽ ആളുകൾ അതിനു പകരം സ്റ്റേഷനിൽ തന്നെ നിൽക്കുകയും ട്രെയിൻ നഷ്ടപ്പെടുകയും ചെയ്യുന്നു. ഉദ്വേഗം നിങ്ങളെ ചാടുവാൻ സഹായിക്കുന്നു, എന്നാൽ ആ ചാട്ടത്തിൽ നേരെ നിൽക്കുവാൻ കഴിഞ്ഞില്ലെങ്കിലോ ? എന്നാൽ എന്റെ സത്സംഗിലേക്ക് വന്നെങ്കിലോ നിങ്ങളുടെ കാര്യം നടക്കും. ഒരു വശത്ത് മോക്ഷം നൽകുന്ന സത്സംഗവും മറുവശത്ത് ദുരിതം

നൽകുന്ന ലൌകിക സുഖഭോഗങ്ങളും.

വികാരത്തിൽ നിന്നും എളുപ്പത്തിൽ ഒരുവൻ മനസ്സിനെ പിൻവലിച്ചാൽ അയാൾ മഹാത്മാവാകുന്നു. ഉയർന്നു വരുന്ന വികാരത്തെ അയാൾ നിശബ്ദചലനമാക്കി മാറ്റും. ഉദ്വേഗത്തിൽ നിന്നും വേഗത്തിൽ എത്തിയാൽ എല്ലാം നേരെയാകും. മനസ്സ് വേഗത്തിലാകണം.

ആത്മസാക്ഷാത്കാരത്തിൽ മാത്രമേ ഒരുവനെ വികാരങ്ങളെ ജയിക്കാനാകൂ. സാക്ഷാത്കാരത്തിന്റെ അഭാവത്തിൽ വികാരസംഘട്ടനങ്ങൾ ഇല്ലാതെയിരിക്കുന്നതാണ് നല്ലത്. അല്ലെങ്കിൽ അതു പരമാണുക്കളുടെ ആകർഷണത്തിലൂടെ ദുഷ്കർമ്മഫലങ്ങളെ ഉണ്ടാക്കും.

## 103

## നിദ്ര

**അന്വേഷകൻ** : നിദ്രയെക്കുറിച്ച് ദയവായി വിശദീകരിക്കൂ

**ദാദാജി** : എല്ലാ ജീവജാലങ്ങൾക്കും ഉറക്കം അത്യന്താപേക്ഷിതമാണ്. എന്നാൽ ഉറക്കത്തിന്റെ അനുപാതം പാലിക്കപ്പെടുന്നില്ല. ഈ കാലത്ത് ഇത് എന്തൊരു തരം ആളുകളാണ് ? വിചിത്രവും, നാനാതരത്തിലുള്ളതും, മിശ്രജവുമായ ഒരു തലമുറ; അല്ലെങ്കിൽ ഇത്ര അപൂർവ്വമായി അസാധാരണരീതിയിൽ എങ്ങനെ ഉറങ്ങും ? മൃഗങ്ങളും പക്ഷികളും മനുഷ്യരെപ്പോലെയാണോ ഉറങ്ങുന്നത്? പകൽ ഉറക്കം വരാത്ത രീതിയിൽ ഉറക്കം സമീകൃതമായിരിക്കണം. എന്നാൽ ഈ ആളുകൾ സൂര്യൻ ഉദിക്കും വരെ പത്തു മണിക്കൂർ കിടന്നുറങ്ങും. ജീവിതം ഇങ്ങനെ കിടന്നു ഉറങ്ങാനുള്ളതാണോ ?

**അന്വേഷകൻ** : ശരിയായി ഉറക്കം ലഭിക്കാത്തതിനാൽ ആളുകൾ പരാതിപ്പെടാറുണ്ട്.

**ദാദാജി** : ശരിയാണ്, വളരെപ്പേർക്ക് ഉറക്കം ലഭിക്കുന്നില്ല. അമേരിക്കയിൽ എൺപത് ശതമാനം പേരും ഉറക്കഗുളിക കഴിച്ചാണ് ഉറങ്ങുന്നത്. ഇതൊരു വലിയ രോഗമാണ്. ഉറക്കഗുളികകൾ അവരെ ശ്മശാനത്തിലെത്തിക്കും. നിങ്ങൾക്ക് ചന്ദ്രനിലെത്താം എന്നാൽ ഉറക്കഗുളികകളുടെ ഉപയോഗം കുറയ്ക്കാൻ ആവാത്തതെന്ത് ? അതാണ് നിങ്ങൾക്കിപ്പോൾ ആവശ്യം. നിങ്ങളുടെ രാജ്യത്തുള്ളവർ ഉറക്കമില്ലായ്മയാൽ കഷ്ടപ്പെടുന്നു. അതിനാൽ ആദ്യം ആ പ്രശ്നം പരിഹരിക്കൂ. നിദ്ര പ്രകൃതിദത്തമായ അനുഗ്രഹമാണ്. എന്നാൽ നിങ്ങൾക്കത് നഷ്ടപ്പെട്ടു. നിങ്ങളുടെ സമ്പത്തും, ആഡംബരവും സുഖവും എന്ത് പ്രയോജനം

തരും ? നിങ്ങളുടെ ഐശ്വര്യം എന്ത് ആനന്ദത്തെ തരും ? അത് അപ്രധാനമല്ലേ ?

**അന്വേഷകൻ** : നൈസർഗ്ഗികമായ ഉറക്കം നഷ്ടപ്പെടുന്നതിനുള്ള കാരണം എന്താണ്?

**ദാദാജി** : ആഹാരക്രമവും ജോലിയും ആനുപാതികമായി ക്രമപ്പെടാത്തതുകൊണ്ടാണ് ആളുകൾക്ക് നിദ്ര ശരിയായ രീതിയിൽ സംഭവിക്കാത്തത്. ആഹാരവും ജോലിയും സമീകൃതമായിരിക്കണം. അതു ശരിയായ നിദ്രയെ തരും. വികസിതമെന്നു പറയപ്പെടുന്ന രാജ്യങ്ങളിൽ ഉറക്കമില്ലായ്മ ഒരു പ്രധാന പ്രശ്നമാണ്. എന്നാൽ എനിക്കു പ്രകൃതിദത്തമായ് ഒരു പരിഹാരം അതിനുണ്ട്. സ്വാഭാവികമായ ആഹാരം, ഉറക്കം, ഭോഗം എന്നിവയുള്ള സ്വാഭാവിക ജീവിതം നയിക്കാൻ അവരെ എനിക്കു പഠിപ്പിക്കാനാകും.

**അന്വേഷകൻ** : സാമാന്യമായി എത്ര മാത്രം ഉറക്കം വേണം ?

**ദാദാജി** : ഉറക്കത്തിനായി എത്ര സമയമാണ് നൽകേണ്ടത് ? ശാരീരിക തളർച്ചയിൽ നിന്നും മുക്തമാകാൻ വേണ്ടത്ര ഉറക്കം. അത്രയും സമയമേ ഉറക്കത്തിനു ആവശ്യമുള്ളൂ. ഈശ്വരൻ മൂന്നു മണിക്കൂർ നിദ്രയാണ് പറയുക. നിങ്ങളുടെ ജീവിതം ഉറങ്ങിക്കളയാനുള്ളതല്ല.

ജ്ഞാനം നേടിയ ശേഷം അനേകം സമയം ഉറങ്ങുന്നത് നല്ലതല്ല. കഴിഞ്ഞ ഇരുപത് വർഷമായി ഞാൻ ഒന്നര മണിക്കൂറിൽ കൂടുതൽ ഉറങ്ങാറില്ല. ഞാൻ ജ്ഞാനത്തിന്റെ സാമീപ്യത്തിൽ രാത്രികൾ ചിലവഴിച്ചിരിക്കുന്നു.

ഗൌതമസ്വാമി ഭഗവാൻ മഹാവീരനോട് ചോദിച്ചു : "ഉറങ്ങുന്നതോ ഉണർന്നിരിക്കുന്നതോ നല്ലത് ? ഭഗവാൻ പറഞ്ഞു. , "ആയിരത്തിൽ 999 പേർക്ക് ഉറങ്ങുന്നത് നല്ലതായിരിക്കാം എന്നാൽ ഒരു അനുഗ്രഹീതനു ഉണർന്നിരിക്കുന്നതും."

## 104

## സ്വപ്നം

**അന്വേഷകൻ** : സ്വപ്നങ്ങളെക്കുറിച്ച് ദയവായി വിശദീകരിക്കു

**ദാദാജി** : സ്വപ്നങ്ങളുടെ ശാസ്ത്രം ഗഹനവും നിഗൂഢവുമാണ്. വലിയ ശാസ്ത്രജ്ഞന്മാർ ആ രഹസ്യത്തിന്റെ ചുരുളഴിക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നു. ശരീരത്തിലെ ഏതു ഭാഗമാണ് സ്വപ്നത്തിൽ നിരതമാകുന്നത് ? ആ സമയം അന്തക്കരണത്തിന്റെ ധർമ്മമെന്താണ് ? അത്തരമാണ് അവരുടെ ഗവേഷണമേഖല. എന്നാൽ സ്വപ്നശാസ്ത്രം ബുദ്ധിയുടെ താളത്തിനും അപ്പുറമാണ്.

സ്വപ്നത്തിൽ സ്ഥൂലശരീരത്തിന്റെ എല്ലാ വാതിലുകളും അടയ്ക്കപ്പെടുന്നു. സൂക്ഷ്മശ-രീരം, മനസ്സ്, ബുദ്ധി, ചിത്തം എന്നിവ മാത്രമേ അപ്പോൾ പ്രവർത്തിക്കുകയുള്ളൂ. അഹങ്കാരത്തിനു സ്വയം സ്വപ്നത്തിൽ അവതരിപ്പിക്കുവാൻ കഴിയുകയില്ല. അഹങ്കാരം പ്രവർത്തിച്ചിരുന്നു എങ്കിൽ സ്വപ്നം കാണുന്ന ആൾ ഉണർന്നു പ്രശ്ന-മുണ്ടാക്കിയേനെ. അയാൾ എഴുന്നേറ്റു നടക്കും. സ്വപ്നത്തിലെ എല്ലാ പ്രവർത്തന-ങ്ങളോടും സ്ഥൂലമായി അയാൾ പ്രതികരിച്ചുവെന്നുവരും. പക്ഷെ സ്വപ്നത്തിൽ അഹങ്കാരം പ്രവർത്തിക്കുന്നില്ല. എന്നാൽ ഉണർന്നിരിക്കുമ്പോൾ അഹങ്കാരം പ്രവർത്തിക്കുകയും തനിക്ക് എന്തെങ്കിലും ചെയ്യുവാൻ കഴിയും എന്ന് അഭിമാനി-ക്കുകയും ചെയ്യും. ബാക്കി അവസ്ഥകളിൽ എല്ലാം അവശൻ ആണെങ്കിലും ജാ-ഗ്രദവസ്ഥയിൽ ശരീരത്തിന്റെ എല്ലാ വാതിലുകളും തുറന്നിരിക്കുമ്പോൾ അഹ-ങ്കാരം അജ്ഞാനത്താൽ കർത്തൃത്ത്വം ഏറ്റെടുക്കുകയും ചെയ്യുന്നു.

**അന്വേഷകൻ** : സ്വപ്നങ്ങൾ വാസ്തവമാണോ ?

**ദാദാജി** : സ്വപ്നങ്ങൾ വാസ്തവവും കൃത്യവുമാണ്. അവ ശാസ്ത്രീയ പരീക്ഷണ-ത്തെ വിജയിക്കാൻ ശേഷിയുള്ളതും, സത്യവുമാണ്. സൂക്ഷ്മശരീരം മാത്രമല്ല സ്ഥൂലശരീരവും സ്വപ്നത്തിന്റെ പരിണിതഫലത്തെ അനുഭവിക്കുന്നുണ്ട്. ആ അ-ർത്ഥത്തിൽ സ്വപ്നങ്ങൾ ഫലമുള്ളവയാണ്. ഏത് രീതിയിൽ ? ഞാൻ നിങ്ങ-ളോടു അത് പറയാം.

**അന്വേഷകൻ** : ദയവായി ഒരു ഉദാഹരണം തരു

**ദാദാജി** : ഒരു ദരിദ്രൻ രാജകുമാരനാകുന്നതായി സ്വപ്നംകണ്ടാൽ അയാൾ ആഹ്ലാദിക്കുകയും രാജാവ് താൻ ദരിദ്രനായതായി സ്വപ്നം കണ്ടാൽ അയാൾ നിരാശനാകുകയും ചെയ്യും. സ്വപ്നാവസ്ഥയിൽ അയാൾ ആകെ തകർന്നു പോകുകയും ഉണരുമ്പോൾ ചിലപ്പോൾ തന്റെ കണ്ണിൽ നിന്നും കണ്ണീർ വന്നതായി കാണുകയും ചെയ്യും. സ്വപ്നത്തിന്റെ ഫലം ചിലപ്പോൾ ഉണർന്നു കഴിഞ്ഞും തുട-ർന്നു നിൽക്കും, അതിനാൽ അയാൾ കരച്ചിൽ തുടർന്നേക്കാം. കൊച്ചു കുട്ടികൾ സ്വപ്നംകണ്ട് പേടിക്കുകയും കരയുകയും ചെയ്യാറുണ്ട്. ദുസ്സ്വപ്നങ്ങൾ ശരീരപ്രകൃ-തിയെക്കുറിച്ച് പറയും; ശ്വാസഗതി ഉയരും, രക്തപ്രവാഹം വർദ്ധിക്കും, പൾസ് കൂടും. ഇതെല്ലാം ശാസ്ത്രീയമായി തെളിയിക്കാൻ ആകും. ഫലത്തെ ഉണ്ടാക്കാൻ ശേഷിയുള്ളവയാണ് സ്വപ്നങ്ങളെങ്കിൽ അത് അവാസ്തവം എന്ന് പറഞ്ഞു തള്ളിക്കളയേണ്ടത് എന്തിനു ?

എന്നെ മുൻപ് കണ്ടിട്ടില്ലാത്ത ഒരാൾ ഉണ്ടായിരുന്നു. എന്നാൽ എന്റെ സ്വപ്നദ-

ർശനം അയാൾക്ക് ലഭിച്ചിരുന്നു. ഈ പ്രക്രിയ എങ്ങനെ വിശദീകരിക്കും ? എത്ര സങ്കീർണ്ണമാണ് ഇത്? എത്ര നിഗൂഢമാണിത്!

മുൻപ് ഒരിക്കലും കാണാത്തതു പോലും സ്വപ്നത്തിൽ കാണാൻ സാധിച്ചെന്നു വരാം.

**അന്വേഷകൻ** : അങ്ങനെയോ ?

**ദാദാജി** : അതു നിങ്ങളുടെ പൂർവ്വജന്മങ്ങളിൽ കണ്ടതാകാം. സ്വപ്നങ്ങൾ അനേകം ജന്മചക്രങ്ങളുടെ സമാഹരണമാണ്. അറിയപ്പെടാത്ത ഒന്നല്ല അത്. ചിലർ പറയുന്നു പകൽ ഏർപ്പെടുന്ന കാര്യങ്ങളിൽ നിന്നും സ്വപ്നം ഉണ്ടാകുന്നു എന്ന്. എന്നാൽ പകൽ സമയത്ത് നമ്മുടെ മനസ്സ് നൂറുകണക്കിന് ചിന്തകളിൽ വ്യാപരിക്കുന്നു. അവയെല്ലാം സ്വപ്നത്തിൽ വരുന്നുണ്ടോ ? എന്നാൽ നിങ്ങൾ പകൽ സമയത്ത് ചിന്തിക്കാത്തത് കൂടി സ്വപ്നത്തിൽ വരുന്നില്ലേ ?

**അന്വേഷകൻ** : അതെ, അങ്ങനെ ഉണ്ടാകാറുണ്ട്.

**ദാദാജി** : സ്വപ്നത്തിൽ സൂക്ഷ്മശരീരവും കാരണശരീരവും പ്രവർത്തനനിരതമാണ്. സ്ഥൂല ശരീരം അതിൽ പങ്കെടുക്കുന്നില്ല.

ഒരാൾ തനിക്ക് അതികഠിനമായ രോഗമെന്ന് സ്വപ്നം കണ്ടു. ഡോക്ടർമാർ വന്നു അയാളെ പരിശോധിച്ചു. പൾസ് കിട്ടാത്തതിനാൽ അയാൾ മരിച്ചു എന്ന് അവർ വിധിയെഴുതി. അയാളും അയാൾ മരിച്ചതായി കണ്ടു. തന്റെ മൃതശരീരവും അതിന്റെ സംസ്കാരവും അയാൾ കണ്ടു. തന്നെ മാറ്റിക്കൊണ്ട് തന്റെ ശരീരം ദഹിപ്പിക്കുന്നത് കണ്ട് പെട്ടെന്ന് അയാൾ ഭയത്തോടെ ഉണർന്നു.

സ്വപ്നത്തിൽ അവിവാഹിതർ വിവാഹം കഴിച്ച് പിതാക്കന്മാരാകുന്നതും കൊച്ചുമക്കളെ വിവാഹം കഴിപ്പിക്കുന്നതും വരെ കാണുന്നു. !

**അന്വേഷകൻ** : സ്വപ്നത്തിന്റെ കാരണമെന്താണ്?

**ദാദാജി** : ഈ ദൃശ്യപ്രപഞ്ചം നാം ഉണർന്നിരിക്കുമ്പോൾ ചെയ്യുന്ന കർമ്മങ്ങളുടെ ഫലമാണ്. സ്വപ്നങ്ങളും പൂർവ്വാർജ്ജിത പാപപുണ്യ കർമ്മങ്ങളുടെ ഫലമാണ്. എന്നാൽ അവയുടെ സ്വാധീനം മൃദുവാണ്.

ഒരുവന്റെ കെട്ടുകളുടെ അല്ലെങ്കിൽ വൈകാരികതയുടെ ഫലമാണ്. സൂക്ഷ്മകാരണ ശരീരങ്ങളാൽ ബന്ധിതമായ പൂർവ്വ കർമ്മങ്ങളുടെ ഫലമാണ് അവ. അത് മൂന്നു ശരീരങ്ങളാലും ബന്ധിതമല്ല. സൂക്ഷ്മകാരണ ശരീരങ്ങൾ മാത്രമാണ് അവ അനുഭവിക്കുന്നത്.

**അന്വേഷകൻ** : സ്വപ്നാവസ്ഥയിൽ കർമ്മം ബന്ധിക്കുമോ ?

**ദാദാജി** : ഇല്ല. സ്വപ്നം ഒരു പ്രഭാവം മാത്രമാണ്. അഹങ്കാരം പ്രവർത്തിക്കാ– ത്തതിനാൽ കർമ്മം അവിടെ ബന്ധിക്കുന്നില്ല.

**അന്വേഷകൻ** : എന്തുകൊണ്ടാണ് ചിലർ അവർ കാണുന്ന സ്വപ്നങ്ങൾ ഓർമ്മിക്കാത്തത്?

**ദാദാജി** : സ്വപ്നത്തിൽ സൂക്ഷ്മകാരണശരീരങ്ങൾ ആണ് പ്രവർത്തിക്കുന്നത്. പ്രതിഷ്ഠിതാത്മാവ് സ്വപ്നം കാണുകയും ശുദ്ധാത്മാവ് അതിന്റെ സാക്ഷി മാത്രമായി സ്ഥിതിചെയ്യുകയും ചെയ്യുന്നു. കർമ്മത്തിന്റെ മൂടുപടം കൂടുമ്പോൾ ഒരുവൻ കാണു– ന്നത് അവ്യക്തമാകുന്നു. മൂടുപടം ലോലമാകുമ്പോൾ സ്വപ്നം വ്യക്തമാകുന്നു. സ്വപ്നം കാണാറില്ല എന്ന് ചിലർ പറയും. എന്നാൽ അവർക്ക് സ്വപ്നം കാണാൻ കഴിയും പക്ഷെ കർമ്മം മറയ്ക്കുന്നതിനാൽ ഓർമ്മിച്ചെടുക്കാൻ സാധിക്കുന്നില്ല.

**അന്വേഷകൻ** : സ്വപ്നത്തിൽ ജ്ഞാനിപുരുഷന്റെ ദർശനത്തിനു എന്താണ് പ്രാധാന്യം ?

**ദാദാജി** : ഒരാൾ എന്നോട് പറഞ്ഞു : "ദാദാ, ഞാൻ സ്വപ്നത്തിൽ രണ്ടു മണിക്കൂർ കരഞ്ഞു എന്നാൽ അങ്ങയുടെ ദർശനം എന്നെ ആശ്വസിപ്പിച്ചു; എല്ലാം ശാന്ത– മായി. ഞാൻ ഒരു ചെറിയ പുഷ്പം പോലെയായി." ഞാൻ പറഞ്ഞു : "പ്രിയപ്പെട്ട– വനേ നിന്റെ വസ്ത്രങ്ങൾ നനഞ്ഞില്ലയോ ? "നിനക്ക് ദാദയെ നേരിൽ കാണുന്ന– തിലും അധികം സമൃദ്ധമായി സ്വപ്നത്തിൽ ലഭിച്ചു. ഈ ദാദ സ്വപ്നത്തിൽ പോലും പലതും പ്രവർത്തിക്കാൻ കഴിവുള്ളവനാണ്. എന്നാൽ നീ നിനക്കെന്താണ് വേണ്ടതെന്നു ചോദിക്കാൻ അറിയേണ്ടതുണ്ട്. നമ്മുടെ ചില ദീക്ഷിതരായ മഹാത്മാക്കൾ ദാദയെ എല്ലാ ദിവസവും സ്വപ്നത്തിൽ കാണും. ഗ്രന്ഥങ്ങൾ പാടും പോലെ

"ഒരിക്കലെങ്കിലും സ്വപ്നത്തിൽ കണ്ട ജ്ഞാനിയെ
അല്ലാതെ മനം മറ്റൊരു ദർശനം തിരയില്ലല്ലോ"

ജ്ഞാനിയെ സ്വപ്നത്തിൽ കാണുന്നത് പോലും മനസ്സിന്റെ അലച്ചിൽ ഇല്ലാ– തെയാക്കും.

**അന്വേഷകൻ** : ജീവിതം ഒരു സ്വപ്നം എന്ന് അവർ പറയുന്നു.

**ദാദാജി** : നിങ്ങൾ രണ്ടു ശരീരങ്ങളുടെയും സ്വപ്നങ്ങളെ സത്യമായി സ്വീകരിക്കു– ന്നില്ല അല്ലെ ?

**അന്വേഷകൻ** : ഇല്ല. എങ്ങനെയാണ് ഒരു ജ്ഞാനിപുരുഷൻ ഈ ഉണർന്നിരി– ക്കുന്ന ജീവിതത്തെ കാണുന്നത്?

**ദാദാജി** : ഉറക്കത്തിൽ കാണുന്ന സ്വപ്നങ്ങൾ സൂക്ഷ്മകാരണശരീരങ്ങളുടെ-താണ്. പൂർണ്ണമായും ഉണർന്നിരിക്കുമ്പോൾ പോലും ജ്ഞാനി മൂന്ന ശരീരങ്ങളുടെ അനുഭവങ്ങളെയും സ്വപ്നസമാനം കാണുന്നു. മൂന്ന ശരീരങ്ങളുടെയും സ്വപ്ന-ങ്ങൾ സത്യമെന്ന് മായയാണ് മനുഷ്യനെ തെറ്റിദ്ധരിപ്പിക്കുന്നത്.

**അന്വേഷകൻ** : ഉദാഹരണം കൊണ്ട് വ്യക്തമാക്കുമോ

**ദാദാജി** : ഒരു ദരിദ്രൻ താൻ സ്വപ്നത്തിൽ രാജാവായത് കണ്ടു ആഹ്ലാദിക്കുന്നു. എന്നാൽ ഉണരുമ്പോൾ കാര്യങ്ങൾ പഴയപടി തന്നെ. അതുപോലെ ഈ ജാഗ്രദവസ്ഥയും ഒരു സ്വപ്നമാണ്. ഈ ലോകത്തിലെ സ്വപ്നത്തിൽ നിന്നും ഉണ-രുമ്പോൾ ഹർഷമില്ല. ഇവിടുന്നു പോകുമ്പോൾ നിങ്ങൾക്കുള്ളത് ഇവിടെ തന്നെ ഉപേക്ഷിക്കണം.

ഈ ലോകമാകുന്ന സ്വപ്നം കണ്ണു തുറന്നു കാണുന്നു, ഉറക്കത്തിലെ സ്വപ്നം കണ്ണട ച്ചും കാണുന്നു. വ്യത്യാസം എന്തെന്നാൽ ഉണർന്നിരിക്കുമ്പോൾ കാണുന്ന സ്വപ്ന ത്തിൽ അഹങ്കാരവൃത്തി ഉണ്ടെന്നുള്ളതാണ്.

ആയിരക്കണക്കിന് സ്വപ്നങ്ങൾ നിങ്ങൾക്കുണ്ടാകാം എന്നാൽ അവയൊന്നും നിങ്ങളെ ബാധിക്കില്ല എന്തെന്നാൽ നിങ്ങൾ സാക്ഷിയും സ്വപ്നത്തിന്റെ ദ്രഷ്ടാവും ആണ്. അഹങ്കാരം പ്രവർത്തിക്കില്ല. ജീവിതത്തിന്റെ എല്ലാ ക്ഷണികമായ മാറ്റ-ങ്ങളെയും സാക്ഷിഭാവത്തിൽ കണ്ടുകൊണ്ടു ജ്ഞാനി ജാഗ്രത്തിൽ അറിയുന്നവ-നായി സ്ഥിതി ചെയ്യുന്നു. അല്പം പോലും അഹങ്കാരം അദ്ദേഹത്തിൽ ഇല്ല. അതിനാൽ ഉണർന്നിരിക്കുമ്പോഴും അയാൾക്ക് എല്ലാം സ്വപ്നസമാനം ആണ്. ജ്ഞാനി കേവലസാക്ഷിയും അറിയുന്നവനും ആണ്.

## 105

## ഭയം

**അന്വേഷകൻ** : ഭയത്തെക്കുറിച്ച് വിവരിച്ചാലും

**ദാദാജി** : പ്രപഞ്ചത്തിലുള്ള സകലജീവജാലങ്ങളെയും ഭയം ബാധിക്കുന്നു. എല്ലാ ജീവികളിലും ഭയം ജന്മസിദ്ധമായുണ്ട് പക്ഷെ സ്വാഭാവിക അളവിലാണ്. ഭയ-പ്പെടുത്തുന്ന സന്ദർഭങ്ങൾ ഉണ്ടാകുമ്പോൾ അവ ഭയപ്പെടുന്നു.എന്നാൽ മനുഷ്യർ മാത്രം വിപരീതഭയത്തിനു വശപ്പെടുന്നു.

**അന്വേഷകൻ** : എന്താണ് വിപരീതഭയം ?

**ദാദാജി** : വിപരീതഭയം, ഭയമുളവാക്കുന്ന ഒരു ചെറിയ സാഹചര്യത്തിൽ നൂറുകണക്കിന് ഭയപ്പെടുത്തുന്ന സാഹചര്യങ്ങളെ സങ്കൽപിക്കും. ഭയപ്പെടേണ്ട

ആവശ്യം ഇല്ലെങ്കിൽ പോലും അത് ഒരുവനെ ഭയപ്പെടുത്തുന്നു. നടക്കാത്ത ഒരു സംഭവം പോലും അയാളിൽ പരിഭ്രമം ഉണ്ടാക്കുന്നു. ഉദാഹരണമായി അയാൾ ഒരുവനെമാത്രം ഭക്ഷണം കഴിക്കാൻ വിളിച്ചു. എന്നാൽ നൂറു പേർക്ക് ഭക്ഷണം കൊടുക്കേണ്ടി വരുമോ എന്ന് അയാൾ ഭയക്കുന്നു. അത്തരം ഉയർന്ന തീവ്രതയുള്ള ഭയം സാങ്കല്പികവും മായികവുമാണ്.

**അന്വേഷകൻ** : ഭയത്തെ ഉണ്ടാക്കുന്നതെന്താണ്?

**ദാദാജി** : നിങ്ങൾ എന്തിനെയെങ്കിലും ദ്വേഷം കൊണ്ടോ, അവജ്ഞ കൊണ്ടോ എതിർപ്പ് കൊണ്ടോ ഒഴിവാക്കിയാൽ അത് അവനിൽ ഭയമുണ്ടാക്കിക്കൊണ്ടിരിക്കും. ഒരാൾ എന്തിനാണ് പോലീസിനെ ഭയക്കുന്നത്? അയാളെ ഇഷ്ടമില്ലാത്തതുകൊണ്ടാണ്. ഇഷ്ടപ്പെടാത്തതിനാൽ ഒരുവന് വെറുപ്പും ഭയവും ഉണ്ടാകുന്നു. എന്തിനാണ് കോടതി എന്ന് കേൾക്കുന്നത് ഒരുവനെ ഭയപ്പെടുത്തുന്നത് ? കോടതിക്ക് അതായിട്ട് എന്തെങ്കിലും ചെയ്യാൻ കഴിയുമോ ? ഇല്ല. അതിനോടുള്ള നീരസം കാരണം ഒരുവൻ കോടതിയെ ഭയപ്പെടുന്നു.

ഉള്ളിലുള്ള അവജ്ഞയുടെയും നീരസത്തിന്റെയും പ്രകടീകരണമാണ് ഭയം. പാമ്പിൽ ഈശ്വരനെ കാണാൻ കഴിയാത്തത് അതിനെ ഭയക്കാൻ കാരണമാകുന്നു. പാമ്പിന്റെ രൂപം വ്യവസ്ഥിതം മാത്രമാണ്. ഒരു പാമ്പിനെ കാണുന്ന സമയത്ത് ഒരുവൻ ഭയമൊന്നും കൂടാതെ നിശ്ചലനായി നിന്നാൽ പാമ്പ് അതിന്റെ വഴിയെ ഇഴഞ്ഞു പോകും. അതുമായി കാർമ്മികബന്ധമൊന്നും ഇല്ലെങ്കിൽ അതു നിങ്ങളെ ഒന്നും ചെയ്യില്ല.

സംസരണമാർഗം ലോകത്തിലെ ജീവന്റെ സംഭ്രമാത്മകമായ യാത്രയാണ്. നിരവധി മായക്കാഴ്ചകൾ നിറഞ്ഞ ലൌകികജീവിതമാണത്. ഭയപ്പാടുണ്ടാകുന്ന ഒരു ഭൂതത്തെപ്പോലെയാണത്.

**അന്വേഷകൻ** : ഒരുദാഹരണം തരുമോ

**ദാദാജി** : മുറിയിലേക്ക് ഉറങ്ങാൻ പോകും മുൻപ് അവിടെ പ്രേതമോ പാമ്പോ ഉണ്ടെന്നു ഒരുവൻ ഭയപ്പെട്ടാൽ ആ രാത്രി അവനു ഉറങ്ങാനേ കഴിയില്ല. നേരം വെളുക്കുമ്പോൾ സങ്കല്പരൂപമായ ആ ഭയം ഇല്ലാതെയാകുകയും ചെയ്യുന്നു. അങ്ങനെ സാങ്കല്പികഭയം ലോകജീവിതത്തിൽ കാണാം.

**അന്വേഷകൻ** : ഭയത്തെക്കുറിച്ചും ആശങ്കകളെക്കുറിച്ചും കൂടുതൽ പറയുമോ ?

**ദാദാജി** : ഒരുവൻ ഒരു പ്രേതത്തെ ഭയക്കുമ്പോൾ തനിക്കെന്തു സംഭവിക്കും എന്ന ആശങ്കയാണ് ഉള്ളത് അപകടമില്ല. പകൽ ആകുമ്പോൾ ആശങ്ക പോകും.

എന്നാൽ ലോകത്ത് ഭയവും ആശങ്കയും ദീർഘനേരം തുടർന്ന് നിൽക്കുന്നു.

ലൌകികജീവിതത്തിൽ ഒരാൾക്ക് എന്തിനോടെങ്കിലും ഭയം ഉണ്ടാകുന്നുണ്ടെ-ങ്കിൽ ഏതെങ്കിലും വ്യക്തിയോടോ വസ്തുവിനോടോ സാഹചര്യത്തോടോ രാഗ-ദ്വേഷമുണ്ടായിരിക്കും. ഭയമുണ്ടാക്കുന്ന സാഹചര്യത്തെ ഒഴിവാക്കാൻ ഒരുവൻ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കും.

ആത്മാവിനെ ശരിയായി അറിയാത്തതാണ് ഭയാനുഭവത്തിനു കാരണം. എന്നാൽ ഭയാശങ്കയുണ്ടാകുന്നത് സംഗിചേതന അഥവാ അസ്വാഭാവികചോദ-നത്തിനുള്ള പ്രതികരണം കൊണ്ടാണ്.

**അന്വേഷകൻ** :അതെങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന് ഉദാഹരണം കൊണ്ട് വ്യക്തമാക്കുമോ ?

**ദാദാജി** : ധ്യാനിക്കുകയോ പ്രാർഥിക്കുകയോ ചെയ്യുമ്പോൾ ഉച്ചത്തിൽ ശബ്ദം കേട്ടാൽ നിങ്ങൾ ഞെട്ടുകയും ഒരു തരംഗം ശരീരത്തിലൂടെ കടന്നു പോകുന്ന പോലെ അനുഭവപ്പെടുകയും ചെയ്യുന്നു. അതു തനിയെ സംഭവിക്കുന്നതാണ്. അതാണ് ചാർജ്ജ് ചെയ്യപ്പെട്ട ചോദനകൾ. അതിനെ ഞാൻ സംഗിചേതന എന്ന് വിളിക്കുന്നു.

**അന്വേഷകൻ** : എന്നാൽ ഈ ഭയത്തിന്റെ മൂലകാരണം എന്താണ്?

**ദാദാജി** : ഒരുവന്റെ അധികാരപരിധിയിലോ നിയന്ത്രണത്തിലോ പെടാത്ത ഒരു കാര്യത്തിൽ ഇടപെടേണ്ടി വന്നാൽ എന്താണ് സംഭവിക്കുക ? ഒരു ക്ലർക്ക് കളക്ടറുടെ കള്ള ഒപ്പിട്ടാൽ ആ ദിനം മുഴുവൻ അയാൾ ഭയപ്പെടും. അതിനു കാര-ണം അയാൾക്ക് കളക്ടറുടെ അധികാരം ഇല്ല എന്നതാണ്.

അതുപോലെ ലോകത്ത് ജനങ്ങൾ അവരുടെ അധികാരപരിധിക്ക് വെളിയിൽ ജീവിക്കുന്നു. അനാത്മാവിന്റെ ഗുണമായ അവരുടെ പേരിൽ അവർ അഭിമാനി-ക്കുന്നു. ഞാൻ അമിത് ആകുന്നു എന്നത് പരസത്തയാണ്. അയാൾക്ക് അയാ-ളുടെ യഥാർത്ഥ സ്വരൂപം അറിയില്ല പക്ഷേ നിരന്തരം പരസത്തയിൽ നിൽക്കു-ന്നു. അതുകൊണ്ടാണ് അയാൾ എപ്പോഴും ഭയപ്പെടുന്നത്.

**അന്വേഷകൻ** : നമുക്കെന്തെങ്കിലും സംഭവിക്കുമോ, നമുക്ക് വേണ്ടത് കിട്ടാതിരി-ക്കുമോ തുടങ്ങിയ ആകുലതകൾ സ്ഥിരമായി നമുക്ക് ഉണ്ടാകുന്നു.

**ദാദാജി** : ആളുകൾക്ക് വലിയ ബുദ്ധിമുട്ടില്ലാതെ എല്ലാം ലഭിക്കും എന്നാൽ അവ-ർക്ക് ഉത്തമവിശ്വാസം ഉണ്ടായിരിക്കണം. എങ്കിലും അവർ എപ്പോഴും ഭയാശങ്ക-കളിൽ ജീവിക്കുന്നു. ഇതു വിപരീതഭയമാണ്. ബുദ്ധി എന്തിനു വേണ്ടിയാണ് ?

അതു സമാധാനിപ്പിക്കാനാണ് ഭയപ്പെടുത്താനല്ല. ഭയത്തെ കാണിക്കുന്ന ബുദ്ധി വിപരീതബുദ്ധിയാണ്, അതിനെ കീഴടക്കേണ്ടതുണ്ട്.

പ്രിയ സുഹൃത്തെ നിങ്ങൾക്ക് എന്തിനെയെങ്കിലും ഭയപ്പെടട്ടെ തീരു എന്നാകിൽ മരണത്തെ ഭയപ്പെട്ടു. ! മരണം നിങ്ങളെ ഓരോ നിമിഷവും തുറിച്ചു നോക്കുന്നു. എന്നിട്ടും നിങ്ങൾ എന്തിനാണ് അതിനെ ഭയപ്പെടാത്തത് ? മൃത്യുവിനെ ഭയപ്പെ-ട്ടാൽ നിങ്ങൾ ആത്മസാക്ഷാത്കാരത്തിന്റെ വഴി കണ്ടെത്തും. അത്ഭുതമെന്നു-പറയട്ടെ ആളുകൾ ഇതിനോട് ശരിയായി പ്രതികരിക്കുന്നില്ല.

## 106

## സ്വതാത്പര്യത്തെക്കുറിച്ചുള്ള അവബോധം

**അന്വേഷകൻ** : സാധാരണയായി ഒരുവന് തന്റെ താത്പര്യങ്ങളെക്കുറിച്ച് വ്യക്തമായ ധാരണയില്ല.

**ദാദാജി** : ഏതു പ്രവൃത്തികൾ തന്നെ സന്തുഷ്ടനാക്കുമെന്നും ദു :ഖിതനാക്കുമെന്നും ഒരുവൻ വേർതിരിച്ചറിയണം. അവനവന്റെ സ്വതാത്പര്യത്തിൽ എന്തെല്ലാം ഉണ്ടെന്നു ഒരുവൻ വിവേചിച്ച് അറിയണം. അതില്ലെങ്കിൽ മറ്റുള്ളവരെ അനു-കരിക്കും.

പക്ഷെ നിങ്ങൾക്കറിയുമോ ഈ ലോകത്തിൽ ആരെയാണ് അനുകരിക്കാൻ കൊള്ളുന്നത് എന്ന് ? “വിവേകിയായ ഒരുവനെ” എന്ന് നിങ്ങൾ മറുപടി പറയും. എന്നാൽ ഒരുവൻ വിവേകിയായ ഒരാളുമായി അപൂർവ്വമായേ സന്ധിക്കു. അപ്പോൾ നിങ്ങൾ ആരെ അനുകരിക്കാനാണ്?

‘ഞാൻ അമിത് എന്ന് എത്ര നാൾ ഒരുവൻ വിശ്വസിക്കുന്നുവോ അത്രയും നാൾ അയാൾ തന്റെ തന്നെ അനുകരണമാണ്. നിങ്ങൾക്ക് യാഥാർത്ഥ്യത്തെ അനുക-രിക്കാം എന്നാൽ മിഥ്യയായതിനെ അനുകരിച്ചത് കൊണ്ട് നിങ്ങൾ എന്തു നേടാ-നാണ്. സത്യത്തെ അനുകരിച്ചത് കൊണ്ട് മാത്രമേ ഗുണഫലം ഉണ്ടാകു എന്ന് ഓർക്കുക.

ജ്ഞാനി മാത്രമാണ് യഥാർത്ഥം, ബാക്കി എല്ലാവരും അനുകരിക്കുന്നവരാണ്. ഇക്കാലത്ത് അനുകരണം ഒരു പരിഷ്കാരമായിരിക്കുന്നു. നിൽക്കുന്നതും നടക്കുന്ന-തും, ഉറങ്ങുന്നതും, ഇരിക്കുന്നത് പോലും അനുകരിക്കപ്പെടുന്നു.

**അന്വേഷകൻ** : ശരിയായ പെരുമാറ്റത്തിന്റെ ആവശ്യകതയെക്കുറിച്ച് പറയുമോ

**ദാദാജി** : സത്യയുഗത്തിൽ ആളുകൾ ലോകത്തിൽ തങ്ങളുടെ സ്വതാത്പര്യ-ത്തെക്കുറിച്ചു ബോധവാൻമാരായിരുന്നു. ആ കാലത്ത് മോശമായ പെരുമാറ്റം

ഉണ്ടായിരുന്നില്ല. അവർ നീതിമാന്മാരും ധാർമ്മികരും ആയിരുന്നു. എന്നാൽ ഇ ക്കാലത്ത് മൂല്യമില്ലാത്ത പ്രവൃത്തികൾ വർധിച്ചു. പിന്നെങ്ങനെ ഒരുവൻ സ്വതാ ത്പര്യത്തെ നിർണ്ണയിക്കും ? മറുവശത്ത് ആളുകൾ മറ്റുള്ളവരെ നോക്കി മോശം പെരുമാറ്റം പഠിച്ചിരിക്കുന്നു. അവരുടെ അന്തരാത്മ ചൈതന്യത്തെ തിരിച്ചറിയാ ൻ ആളുകൾ പരിശ്രമിക്കുന്നില്ല.

ആത്മാവിനെ അറിയുക എന്ന സ്വതാത്പര്യത്തെ കുറിച്ച് വിവേചിച്ച് ബോധ-വാനായാൽ നിങ്ങളുടെ വാക്കുകൾ പക്ഷപാതരഹിതവും മമതാരഹിതവും ആ യിത്തീരുന്നു. അതു ശുദ്ധമാകുകയും മിത്രശത്രുഭേദമെന്യേ ആളുകൾ അതിനെ സ്വീകരിക്കുകയും ചെയ്യും.

**അന്വേഷകൻ** : ഈ വിവേചനബുദ്ധിയെ എങ്ങനെ വളർത്തിയെടുക്കാം ?

**ദാദാജി** : ഒരുവന്റെ സ്വതാത്പര്യത്തിനു നല്ലതെന്ത് എന്ന് നിരന്തരം ബോധ-വാനാകണം. രണ്ടു തരത്തിലാണത് : (i) "ഞാൻ ആര് ?" എന്ന് പരമാർത്ഥ-ത്തിലും, (ii) "വ്യവഹാരത്തിൽ എനിക്ക് ഗുണകരവും ദോഷകരവും ആയത് എന്തെല്ലാം ? "സത്യമായ ആത്മാവ് ഒരിക്കലും വഞ്ചിക്കുകയില്ല എന്നാൽ ലോകം ചതിക്കുന്നതിനാൽ ജാഗ്രതയോടെ ഇരിക്കണം.

വിവേകിയായ ഒരുവൻ വിഷം കുടിക്കുമോ ? അത്തരം ഒരു വിവേകമില്ലായ്മ പരീക്ഷിക്കാൻ ആരും മുതിരില്ല.

## 107

## ജീവിതത്തിലെ ക്രമീകരണങ്ങൾ

**അന്വേഷകൻ** : ദയവായി ജീവിതത്തിലെ ക്രമീകരണങ്ങളെക്കുറിച്ച് പറയൂ

**ദാദാജി** : എല്ലാവർക്കും ജീവിതത്തിൽ ചില തത്ത്വങ്ങൾ ഉണ്ട്. എങ്കിലും സാഹ-ചര്യങ്ങൾക്കനുസരിച്ച് ക്രമീകരിക്കാൻ കഴിയുന്നു. അങ്ങനെ ക്രമീകരിക്കാൻ കഴി വുള്ളവനാണ് മനുഷ്യനെന്ന നിലയിൽ നിലനിൽക്കാൻ കഴിയുന്നവൻ. എല്ലാ സാഹചര്യങ്ങളിലും സ്വയം ക്രമീകരിക്കാനുള്ള കഴിവ് മോക്ഷത്തിലേക്ക് നയിക്കും. അതൊരു മനോഹരമായ ആയുധമാണ്. അഡ്ജസ്റ്റ് ചെയ്യാൻ കഴിയാത്തവരു-മായി അഡ്ജസ്റ്റ് ചെയ്യുക. അമ്മായിയമ്മയും മരുമകളും സഹോദരിയും എല്ലാം തമ്മിലുള്ള ക്രമീകരണമില്ലായ്മ നാം കാണുന്നതല്ലേ. ജനനമരണങ്ങളിൽ നിന്നും മുക്തി വേണ്ടവർ അഡ്ജസ്റ്റ് ചെയ്യാൻ പഠിക്കണം.

**അന്വേഷകൻ** : വൈവാഹികജീവിതത്തെക്കുറിച്ച് പറയൂ

**ദാദാജി** : ദമ്പതിയിൽ ഒരാൾ കീറുമ്പോൾ മറ്റൊരാൾ തയ്ച്ചുകൊണ്ടേ ഇരിക്ക-

ണം. ഒരാൾ എതിർക്കുമ്പോൾ മറ്റൊരാൾ അനുരഞ്ജനം ചെയ്യണം. എങ്കിൽ മാത്രമേ ബന്ധങ്ങൾ നിലനിൽക്കുകയും ശാന്തി ഉണ്ടാകുകയും ചെയ്യൂ. അഡ്ജസ്റ്റ് ചെയ്യാൻ അറിയാത്തവർ പൊതുദൃഷ്ടിയിൽ ഭ്രാന്തനാണ്. ക്ഷണികവും ആപേക്ഷികവുമായ കാര്യങ്ങളിൽ കടുംപിടുത്തം പാടില്ല. ഒരു കള്ളനോട് പോലും അഡ്ജസ്റ്റ് ചെയ്യാൻ പഠിക്കണം. എണ്ണമില്ലിലെ കണ്ണു മൂടപ്പെട്ട് കറങ്ങുന്ന കാളയെ പോലെയാണ ആധുനികമനുഷ്യന്റെ അവസ്ഥ. കെണിയിൽ വീണാൽ പിന്നെ രക്ഷയില്ല. എല്ലായിടത്തും അഡ്ജസ്റ്റ് ചെയ്യുന്നവൻ യഥാർത്ഥ മനുഷ്യനാണ്

**അന്വേഷകൻ** : നിത്യജീവിതത്തിലെ ക്രമീകരണങ്ങളെക്കുറിച്ച് ഉദാഹരണം തരുമോ

**ദാദാജി** : ഞാൻ ഒരിക്കൽ കുളിക്കാൻ ചെന്നപ്പോൾ, ചൂടുവെള്ളം കോരിക്കുളിക്കാൻ ബക്കറ്റിൽ പാത്രമൊന്നും ഇല്ലായിരുന്നു. തണുത്ത വെള്ളം കിട്ടാനുമില്ല. ഞാൻ മെല്ലെ വെള്ളത്തിൽ തൊട്ടപ്പോൾ നല്ല ചൂടു. ഒടുവിൽ മെല്ലെ മെല്ലെ വെള്ളം തൊട്ടു ദേഹത്ത് പുരട്ടാൻ തുടങ്ങി. അന്നത്തെ ദിവസം ദാദാ കൂടുതൽ സമയം കുളിക്കാൻ എടുത്തു എന്ന് ശിഷ്യർ കരുതി. ഞാൻ മറ്റെന്തു ചെയ്യാൻ ? അവരെ വിളിച്ച് പാത്രം എടുപ്പിക്കേണ്ട എന്ന് ഞാൻ കരുതി. ഞാൻ അഡ്ജസ്റ്റ് ചെയ്തു. 'അഡ്ജസ്റ്റ്' എന്നതാണ് ധാർമ്മികതയുടെ കാവൽവചനം. അതാണ് ഒരുവന്റെ ശരിയായ ധർമ്മം. ഈ ലോകത്ത് പോസിറ്റീവും നെഗറ്റീവും ആയതിനോട് അഡ്ജസ്റ്റ് ചെയ്യേണ്ടി വരും. നെഗറ്റീവിനെ പോസിറ്റീവും പോസിറ്റീവിനെ നെഗറ്റീവും ആക്കേണ്ടി വരും. ആരെങ്കിലും എന്നെ ഭ്രാന്തൻ എന്ന് വിളിച്ചാൽ അത് ശരിയാണ് എന്ന് പറഞ്ഞു ഞാൻ സംസാരം അവസാനിപ്പിക്കും.

**അന്വേഷകൻ** : ആരാണ് വിവേകി ?

**ദാദാജി** : വിവേകം ഉള്ളവൻ ആരെയും വേദനിപ്പിക്കില്ല, മറ്റുള്ളവർ തരുന്ന വേദനയെ സഹിക്കുകയും ചെയ്യും. മറ്റുള്ളവരോട് ധാർമ്മികമായി പെരുമാറുകയും സഹായിക്കുകയും ചെയ്യും. അങ്ങനെയുള്ള ഒരുവനെ മനുഷ്യൻ എന്ന് വിളിക്കാം. അയാൾ തന്റെ ജീവിതത്തിലെ ഒരു ഘട്ടത്തിൽ മോക്ഷത്തെ നേടും.

## 108

## സംഘർഷങ്ങൾ

**അന്വേഷകൻ** : സംഘർഷങ്ങളെ കുറിച്ച് വിശദീകരിച്ചാലും

**ദാദാജി** : "ഒരിക്കലും ആരുമായും സംഘർഷത്തിൽ ഏർപ്പെടരുത്, എല്ലാ സംഘർഷങ്ങളും ഒഴിവാക്കുക", എന്റെ ഈ ഉപദേശത്തെ പിന്തുടർന്നാൽ സംശയം

വേണ്ട നിങ്ങൾ മോക്ഷത്തെ പ്രാപിക്കും. നിങ്ങളുടെ ആത്മാർത്ഥതയും എന്റെ വാക്കുകളുടെ ശക്തിയും ചേർന്നു നിങ്ങൾക്ക് അർഹമായ ഫലം തരും. നിങ്ങൾ അതിനു തയ്യാറാകേണ്ടതുണ്ട്.

എന്റെ ഒരു വചനമെങ്കിലും അതിന്റെ ശരിയായ അർത്ഥത്തിൽ പാലിച്ചാൽ അതു മോക്ഷത്തിലേക്ക് നയിക്കാൻ ശക്തിയുള്ളതാണ്. ഒരു വാചകം വേണമെന്നില്ല ഒരു വാക്ക് മതിയാകും; അതു അതുപോലെ തന്നെ ഉൾക്കൊണ്ടാൽ ഒരുവനെ മുക്തനാക്കും. അതിനെ ബുദ്ധികൊണ്ട് അളക്കാതെ നേരിട്ട ഉൾക്കൊള്ളുക. നിങ്ങളുടെ ബുദ്ധിക്ക് ഇവിടെ പ്രവർത്തിക്കാൻ ശേഷിയില്ല.

എന്റെ ഒരു വാക്ക് കൊണ്ട് ഒരു ദിവസം ജീവിക്കാൻ ആയാൽ വലിയ ആത്മീയ ഊർജ്ജം നിങ്ങൾക്കുണ്ടാകും. ആത്മാവിന്റെ ശക്തി സ്വയം പ്രകടമാകും. നിങ്ങളുടെ ഉള്ളിൽ അനേകം ശക്തിയുണ്ട്. എല്ലാ സംഘർഷങ്ങളെയും ഒന്നൊന്നായി അതിജീവിക്കാൻ നിങ്ങൾക്ക് കഴിയും.

**അന്വേഷകൻ** : എന്നാൽ ചില ആളുകൾക്ക് സംഘർഷങ്ങൾ ഉണ്ടാകുന്നു.

**ദാദാജി** : സ്വന്തം നന്മയ്ക്കായി പ്രവർത്തിക്കാത്ത ഒരുവനോട് ചേർന്നാൽ അയാൾ നിങ്ങളെയും അധപ്പതിപ്പിക്കും. നിങ്ങൾക്ക് മുക്തി വേണോ അതോ അത്തരം ആളുകളുമായി സംഘർഷം വേണോ ? അവർ ഒരിക്കലും മുക്തി നേടുകയില്ല, നിങ്ങളെ പിന്നോട്ട് വലിക്കുകയും ചെയ്യും, മുക്തി വേണമെങ്കിൽ അവരെ ശ്രദ്ധിക്കാതിരിക്കുക. അവരെ കൂടുതൽ പരിചരിക്കാനും പോകേണ്ടതില്ല.

**അന്വേഷകൻ** : മോക്ഷമാർഗ്ഗത്തിൽ എന്തു ശ്രദ്ധയാണ് പരിശീലിക്കേണ്ടത്?

**ദാദാജി** : എല്ലാ വശത്തും നിങ്ങൾ ജാഗരൂകരായിരിക്കണം, അല്ലെങ്കിൽ മുക്തരാകാൻ ആഗ്രഹിച്ചാൽ പോലും ലോകം നിങ്ങളെ ബന്ധിക്കും. മോക്ഷത്തിന്റെ ട്രെയിൻ യാത്ര തുടങ്ങാറാകുമ്പോൾ നിങ്ങളുടെ മുണ്ട് മുള്ളു നിറഞ്ഞ ചെടിയിൽ തറച്ചാൽ ആ മുണ്ടിനു കാത്തു നിൽക്കാതെ അതുപേക്ഷിച്ച് ട്രെയിനിൽ കയറാൻ നോക്കു.

ഏതു സാഹചര്യത്തിലും മമതക്ക് കീഴ്പ്പെടുന്നത് നല്ലതല്ല. അങ്ങനെ ആയാൽ ആത്മാവിലുള്ള ദൃഷ്ടി നഷ്ടമാകും. ക്ഷണികമായ കാര്യങ്ങൾക്ക് എന്തു പ്രസക്തിയുണ്ട് ? സംഘർഷസാഹചര്യങ്ങൾ എപ്പോൾ വേണമെങ്കിലും ഉണ്ടാകാം. അബദ്ധത്തിൽ സംഘർഷത്തിൽ ഏർപ്പെട്ടാൽ അതിനെ പരിഹരിക്കണം. ശ്രദ്ധാപൂർവ്വം അതിൽ നിന്നും പുറത്തുകടക്കുക.

## 109

## മിതവ്യയം

**അന്വേഷകൻ** : ദൈനംദിന ജീവിതത്തിൽ മിതവ്യയത്തിനുള്ള പ്രാധാന്യം എന്താണ്?

**ദാദാജി** : നിങ്ങളുടെ സാമ്പത്തിക അവസ്ഥയെ ക്രമീകരിക്കാൻ വേണ്ടിയാണ് മിതവ്യയം. പണം കുറവുള്ളപ്പോൾ ചെലവുചുരുക്കുക, പണം വരുമ്പോൾ സ്വസ്ഥമായി ജീവിക്കുക. കടം വാങ്ങാതിരിക്കാൻ ശ്രദ്ധിക്കുക. കച്ചവടത്തിനായി ഒരാൾ കടം വാങ്ങിയേക്കാം എന്നാൽ ആഡംബരത്തിനായി കടം വാങ്ങരുത്.

**അന്വേഷകൻ** : അത്യാർത്തിയുള്ളവനും പിശുക്കനും തമ്മിലുള്ള വ്യത്യാസമെന്ത്?

**ദാദാജി** : പിശുക്കനായ ഒരാൾ പണത്തെക്കുറിച്ച് മാത്രം വ്യാകുലപ്പെടുമ്പോൾ അത്യാർത്തിയുള്ളവൻ എല്ലാത്തിലും ദുരാശ വയ്ക്കുന്നു. പ്രശസ്തിക്കും പണത്തിനും അയാൾ അത്യാർത്തി കാണിക്കുന്നു. എല്ലാം തനിക്കു സ്വന്തമാക്കണം എന്ന കാഴ്ചയാണ് അയാൾക്കുള്ളത്.

ഉറുമ്പുകളെ നോക്കൂ. അവ ഏതെങ്കിലും പ്രാണിയുടെ മുറിക്കപ്പെട്ട ചിറകു കണ്ടാൽ കൂട്ടമായി വന്നു എടുത്തു കൊണ്ടുപോകും. അത്യാർത്തിയുള്ളവന്റെ ബാലൻസ്ഷീറ്റിൽ എന്തു കാണും ? ഉറുമ്പുകളെ പോലെ പതിനഞ്ചു കൊല്ലത്തെക്കുള്ളത് സ്വരൂപിക്കും. സ്വരൂപിക്കുക എന്നതാണ് അവരുടെ ജീവിതത്തിലെ മുഖ്യപ്രവൃത്തി. ആരെങ്കിലും ഇടപെട്ടാൽ അവർ അവരോടു കലഹിക്കുകയും ചിലപ്പോൾ മരിച്ചുപോകുകയും ചെയ്യും. ജീവിതകാലം മുഴുവൻ ഉറുമ്പ് ശേഖരിച്ചുകൊണ്ടിരിക്കുന്നു. എലിയാകട്ടെ ക്ഷണനേരം കൊണ്ട് അതിനുള്ള ആഹാരം എടുക്കുകയും ചെയ്യുന്നു.

**അന്വേഷകൻ** : പിശുക്കും മിതവ്യയവും തമ്മിൽ എന്താണ് വ്യതാസം ?

**ദാദാജി** : അനേകം വ്യത്യാസങ്ങൾ ഉണ്ട്. ഒരു മനുഷ്യൻ ആയിരം രൂപ സമ്പാദിക്കുകയും ചെലവു എണ്ണൂറു രൂപയിൽ നിർത്തുകയും ചെയ്താൽ അല്ലെങ്കിൽ ഒരുവൻ അഞ്ഞൂറ് രൂപ സമ്പാദിച്ച് ചെലവ് നാനൂറിൽ നിർത്തുകയും ചെയ്താൽ അത് മിതവ്യയം ആണ്. എന്നാൽ ഒരു പിശുക്കനാകട്ടെ തന്റെ വരുമാനം ആയിരമോ രണ്ടായിരമോ ആണെങ്കിലും നാനൂറു രൂപയെ ചിലവാക്കൂ. അയാൾ കാറിൽ പോകില്ല, നടന്നെ പോകൂ. സാമ്പത്തികശാസ്ത്രത്തിന്റെ സത്ത് മിതവ്യയം ആണ്. ഭാവിയിലെ പ്രശ്നങ്ങളെ പരിഹരിക്കാൻ അത് സഹായിക്കും. ഒരുവനിൽ പിശുക്ക് കണ്ടാൽ ഒരാൾക്ക് സഹിക്കാനാവില്ല എന്നാൽ മിതവ്യയം

ആണെങ്കിൽ പ്രശ്നമില്ല. വാസ്തവത്തിൽ രണ്ടും ആപേക്ഷികമാണ്. വിശാലമനസ്കനായ ഒരാൾക്ക് മിതവ്യയിയെ ഇഷ്ടമല്ല.

ഇതെല്ലാം ലോകത്തിലെ ഭാഷാപ്രയോഗങ്ങളിൽ നിന്നും ഉണ്ടായതാണ്. ആളുകൾ പറയും വിശാലത വേണമെന്ന് എന്നാൽ മിതവ്യയിയും പിശുക്കനും തങ്ങളുടെ സ്വഭാവം മാറ്റില്ല. വിശാലതയും മിതവ്യയവും എല്ലാം ജന്മനാ ഉള്ള സ്വഭാവങ്ങളാണ്. ഒടുവിൽ നിങ്ങൾക്ക് എല്ലാത്തിലും സ്വാഭാവികത വേണ്ടതുണ്ട്.

**അന്വേഷകൻ** : ജ്ഞാനിപുരുഷൻ പണം കൈകാര്യം ചെയ്യുന്നത് എങ്ങനെയാണ്?

**ദാദാജി** : കനഭായി എന്റെ പോക്കറ്റിൽ കുറച്ച് പണം ഇട്ടാൽ ഞാൻ അതു ട്രെയിനോ ടാക്സിക്കോ ഉപയോഗിക്കും. ചിലവാക്കാനോ ആക്കാതിരിക്കാനോ ഉള്ള പ്രേരണ എനിക്കില്ല. ഒന്നും മുൻകൂട്ടി തീരുമാനിക്കില്ല. പണം പാഴാക്കാൻ ഉള്ളതല്ല. സാഹചര്യം വരുമ്പോൾ ഉപയോഗിക്കേണ്ടതാണ്.

ഞാൻ മിതവ്യയിയും അമിതവ്യയിയും ആണ്. അമിതവ്യയി. അതെ, എങ്കിലും ഞാൻ അഡ്ജസ്റ്റബിളാണ്. മറ്റുള്ളവർക്ക് വേണ്ടി ചെലവാക്കുമ്പോൾ ഞാൻ ഉദാരനാണ്. എനിക്കു വേണ്ടി ചെലവാക്കുമ്പോൾ മിതവ്യയിയും. പഠിപ്പിക്കുമ്പോൾ ഞാൻ കൃത്യത ഉള്ളവനാണ്. സത്സംഗങ്ങളിൽ ഞാൻ വളരെ കുറച്ച് വാക്കുകളെ പറയുകയുള്ളൂ എന്ന് ആളുകൾ ശ്രദ്ധിക്കാറുണ്ട്. എന്റെ മിതവ്യയം അഡ്ജസ്റ്റബിൾ ആണ്. വെള്ളവും ഞാൻ മിതമായേ ഉപയോഗിക്കാറുള്ളൂ. എന്റെ സഹജമായ ഗുണങ്ങളുടെ ആയാസരഹിതവും സ്വാഭാവികവുമായ പ്രകടീകരണം എപ്പോഴും ഉണ്ട്.

110

## ഇന്ദ്രിയവിഷയങ്ങൾ

**അന്വേഷകൻ** : ദയവായി ഇന്ദ്രിയവിഷയങ്ങളെക്കുറിച്ച് വിശദമാക്കു.

**ദാദാജി** : ലോകത്തിൽ ഇന്ദ്രിയവിഷയങ്ങളെ സംബന്ധിച്ച് അജ്ഞതയുണ്ട്. വിഷയങ്ങൾ വിഷമാണെന്ന് ഗ്രന്ഥങ്ങൾ പറയുന്നു. ഈ പ്രസ്താവന സ്വീകരിച്ച് ഇന്ദ്രിയവിഷയങ്ങൾ മോക്ഷത്തിനു തടസ്സമെന്ന് ചിലർ പറയുന്നു. ഞാൻ പറയുന്നു വിഷയങ്ങൾ സ്വയമേവ വിഷമല്ല എന്നാൽ വിഷയങ്ങളോടുള്ള ഭയമില്ലായ്മയാണ് വിഷം. അതിനാൽ ഒരുവന് ഇന്ദ്രിയവിഷയങ്ങളിൽ ഇടപെടുമ്പോൾ ഭയമുണ്ടാകണം.

ഈ ഇന്ദ്രിയവിഷയങ്ങളിൽ ആശങ്കയില്ലാതെ മുഴുകുന്നത് വിഷമാണ്.

**അന്വേഷകൻ** : സർ എങ്കിൽ ജീവിതത്തിൽ ഇന്ദ്രിയവിഷയങ്ങളോടുള്ള ശരിയാ-
യ സമീപനം എങ്ങനെ ആയിരിക്കണം ?

**ദാദാജി** : നിങ്ങൾ ഒരിടത്ത് കാലാട്ടിക്കൊണ്ട് ഇരിക്കുമ്പോൾ രണ്ടുമൂന്നു പാമ്പുകൾ ഇഴഞ്ഞു വരുന്നു. നിങ്ങൾക്ക് ഭയം ഇല്ലെങ്കിൽ നിങ്ങൾ കാലുകൾ ആട്ടിക്കൊണ്ട് തന്നെ ഇരിക്കും. എന്നാൽ ഭയം ഉണ്ടെങ്കിൽ കാലുകൾ നിങ്ങൾ ഒരിക്കലെങ്കിലും വലിക്കും. ഭയമില്ലെങ്കിൽ കാൽ പൊക്കുകയില്ല. പൂർണ്ണമായ ഭയരാഹിത്യം ആത്മസാക്ഷാത്കാരം സിദ്ധിച്ച കേവലജ്ഞാനിക്കാണ്. നിങ്ങൾ പൂർണ്ണരാകും വരെ കാലുകൾ ഉയർത്താനുള്ള വാസന ഉണ്ടാകും.

ഈ ഉദാഹരണം കൊണ്ട് നിങ്ങളുടെ ഭയമില്ലായ്മയെ അളക്കാനുള്ള തെർമോമീ-
റ്റർ ഞാൻ തരുന്നു. നിങ്ങൾക്ക് പാമ്പുകളുടെ മുന്നിൽ ആശങ്കയില്ലാതെ ഇരിക്കാ-
മെങ്കിൽ ഇന്ദ്രിയ വിഷയങ്ങളെ ഭയപ്പെടേണ്ടതില്ല. എന്നാൽ നിങ്ങൾ പാമ്പുക-
ളെ ഭയന്നു കാലുകൾ പോക്കുന്ന ആളാണെങ്കിൽ ഇന്ദ്രിയവിഷയങ്ങളെ ഭയപ്പെ-
ടണം. ഭഗവാൻ മഹാവീരസ്വാമി പോലും ഇന്ദ്രിയവിഷയങ്ങളെ ഭയന്നിരുന്നു, ഞാനും അങ്ങനെതന്നെ. വിഷയങ്ങളിൽ ഭയമില്ലായ്മ ഒരുവന്റെ കുസലില്ലായ്മയും വിവേകരാഹിത്യവും ആണ് കാണിക്കുന്നത്.

**അന്വേഷകൻ** : വിഷയങ്ങൾ ഒരുവനെ മോക്ഷം നേടാൻ അനുവദിക്കില്ല എന്ന് പറയപ്പെടുന്നു.

**ദാദാജി** : വാസ്തവത്തിൽ ഇതല്ല. ഇംഗ്ലീഷിൽ വിഷയം എന്ന വാക്കിനു സബ്ജക്റ്റ് എന്നാണു പറയുക. ലോകം അനേകം സബ്ജക്റ്റുകൾ കൊണ്ട് നിറഞ്ഞിരിക്കുന്നു. ഈ വിഷയങ്ങൾ മോക്ഷത്തെ തടഞ്ഞിരുന്നുവെങ്കിൽ ആർക്കും മോക്ഷം ലഭി-
ക്കില്ലായിരുന്നു. ഭഗവാൻ മഹാവീരസ്വാമിയെ മോക്ഷം നേടുന്നതിൽ നിന്നും വിഷയങ്ങൾ തടഞ്ഞിട്ടില്ല. എങ്കിൽ അവ നിങ്ങളുടെ വഴി തടയുന്നതെങ്ങനെ ? വിഷയങ്ങളല്ല നിങ്ങളുടെ തന്നെ കപടവാസനകളാണ് മോക്ഷത്തിനു തടസ്സം. ഭഗവാൻ നിർവിഷയി ആയിരുന്നുകൊണ്ട് മുക്തി നേടി. ശുദ്ധാത്മാവ് സ്വാഭാവി-
കമായി നിർവിഷയിയാണ്. മനസ്സ്, വാക്ക്, ശരീരം എന്നിവയാണ് വിഷയികൾ; ഇന്ദ്രിയഭോഗം തേടുന്നവർ.

ശുദ്ധാത്മാവ് മനസ് ബുദ്ധി വാക്ക് എന്നിവയിൽ നിന്നും ഭിന്നനായി നിന്നാൽ നിങ്ങൾക്ക് മോക്ഷം നേടാം.

**അന്വേഷകൻ** : എങ്കിൽ എങ്ങനെയാണ് ആത്മാവ് വികാരത്തോടും ഇന്ദ്രിയഭോ-
ഗവാസനയോടും ബന്ധപ്പെട്ടിരിക്കുന്നത്?

**ദാദാജി** : സ്വാഭാവികേന ശുദ്ധാത്മാവ് നിർവിഷയി ആയിരിക്കുമ്പോൾ ആത്മാ-വിന് എങ്ങനെ വിഷയസുഖം അനുഭവിക്കാൻ കഴിയും ? ഇന്ദ്രിയവിഷയങ്ങൾ അനുഭവിക്കുന്നവൻ ആയിരുന്നെങ്കിൽ ഒരിക്കലും മോക്ഷം സിദ്ധിക്കുകയില്ല. അത് ശുദ്ധാത്മാവിന്റെ അവിഭാജ്യവും സമഗ്രവുമായ സ്വഭാവം ആയിരുന്നേനെ. ഇത് മൂലതത്വത്തിനു വിപരീതമാണ്. ശുദ്ധാത്മാവ് ഇന്ദ്രിയസുഖം അനുഭവിക്കുന്നില്ല.

**അന്വേഷകൻ** : എങ്കിൽ ഇന്ദ്രിയവിഷയം അനുഭവിക്കുന്നവന്റെ ഉള്ളിലെന്താണ്?

**ദാദാജി** : അജ്ഞാനത്താൽ 'ഞാൻ അനുഭവിച്ചു' എന്ന് അഭിമാനിക്കുനതാണ് ബന്ധനത്തിന് കാരണം. അജ്ഞാനം നശിക്കുകയും ശുദ്ധാത്മാവിൽ നിലനി-ൽക്കുകയും ചെയ്താൽ ഒരുവൻ നിർവിഷയി ആയി.

**അന്വേഷകൻ** : ഈ സന്ദർഭത്തിൽ വിഷയം എന്നാൽ എന്താണ്?

**ദാദാജി** : ഒരുവന്റെ മനസ്സിനെ ആഹ്ലാദിപ്പിക്കുന്നതെന്തും വിഷയമാണ്. ഒരുവ-ന്റെ മനസ്സിനെയും, ബുദ്ധിയെയും, ചിത്തത്തെയും, അഹങ്കാരത്തെയും ആഗിരണം ചെയ്യുന്നതെന്തും വിഷയമാണ്. വിഷയത്തിലാണ് ഒരുവൻ മുഴുകുന്നതും. മുൻപ് സ്വരൂപിച്ച പരമാണുക്കളെ പുറത്തേക്ക് തള്ളുന്നതിനാൽ ഇന്ദ്രിയവിഷയങ്ങളിൽ ഉള്ള താത്പര്യം സ്വാഭാവികമാണ്. എന്നാൽ നിങ്ങൾ അതിൽ മുഴുകുകയും ആ സ്വദിക്കുകയും ചെയ്യുമ്പോൾ അതു ഹാനികരമാണ്. തുടക്കത്തിലും ഒടുക്കത്തിലും നിങ്ങൾക്ക് ഇഷ്ടമുള്ളതാണ് വിഷയം. വിഷയം ഒരു വസ്തുവല്ല പരമാണുക്കളുടെ ശക്തിയാണ്. പൂർവജന്മത്തിലെ തീവ്രമായ ഭാവത്താൽ ചാർജ്ജ് ചെയ്യപ്പെട്ട പരമാണുക്കൾ.

ഈ പരമാണുക്കൾ ഡിസ്ചാർജ്ജ് ചെയ്യപ്പെടുമ്പോൾ നിങ്ങൾ അതിൽ മുഴുകുന്നു, അതുമായി താദാത്മ്യം പ്രാപിക്കുന്നു, അപ്പോൾ അതിനെ വിഷയം എന്ന് വിളിക്കുന്നു. വിഷയം ചരിത്രത്തിലോ, ഭൂമിശാസ്ത്രത്തിലോ, തപസ്സിലോ, സന്യാസത്തിലോ എന്തിൽ വേണമെങ്കിലും ആവാം. ഏതിലാണോ നിങ്ങൾ മുഴുകുന്നത് അത് വിഷയമാണ്. ഇന്ദ്രിയവിഷയങ്ങളിൽ വ്യാപൃതനായാൽ എങ്ങനെ നിങ്ങൾ മോക്ഷം നേടും ? അതിൽ നിന്നും സ്വതന്ത്രനാകൂ മോക്ഷം നേടൂ.

**അന്വേഷകൻ** : എന്നാൽ ഇന്ദ്രിയവിഷയങ്ങൾ മനസ്സിൽ ചിന്തകളായി വന്നു-കൊണ്ടിരിക്കുന്നു

**ദാദാജി** : അതു സ്വാഭാവികമാണ്. അത് പണ്ട് ചാർജ്ജ് ചെയ്യപ്പെട്ട പരമാണു-ക്കളുടെ വേർപിരിയൽ കൊണ്ടാണ്. എന്നാൽ അതിൽ നിങ്ങൾക്ക് രുചി ഉണ്ടാ-

യാൽ അത് വിഷയമാകും. അത് അപകടകരമാണ്. നിങ്ങളുടെ മനസ്സിനെ പിന്തുടരുന്നതാണ് വിഷയം.

**അന്വേഷകൻ** : രുചികരമായ ഭക്ഷണം കഴിക്കുന്നതിൽ തെറ്റുണ്ടോ ?

**ദാദാജി** : മധുരപലഹാരങ്ങൾ, പക്കോടാ. ദഹിവട ഒക്കെ കഴിക്കുന്നതിൽ തെറ്റില്ല പക്ഷെ അവയുടെ ചിന്ത നിങ്ങളുടെ മനസ്സിനെ പിന്തുടർന്നാലോ അത് വിഷയമാകും. നിങ്ങൾ ഒരു ചലച്ചിത്രം കണ്ടിട്ട് അതിൽ നിന്നും ഒന്നും എടുത്തില്ല എങ്കിൽ അത് ഇന്ദ്രിയസുഖം അല്ല. നിങ്ങൾ ഒരു വിഷയം ആസ്വദിക്കും പക്ഷെ അതിനെ വീണ്ടും ഓർക്കാതിരിക്കാം. വീണ്ടും വീണ്ടും വിഷയത്തെ ഓർക്കുന്നത് നിങ്ങളെ അതിലേക്ക് ആഗിരണം ചെയ്യിക്കും. അതിനാൽ അതു വിഷയം എന്ന് പറയപ്പെടുന്നു.

**അന്വേഷകൻ** : ഓരോ ആളുകൾക്കും ഉള്ള വിഷയാഭിരുചി വ്യത്യസ്തമാണ്.

**ദാദാജി** : അനേകം തരത്തിലുള്ള വിഷയങ്ങൾ ഉണ്ട്. ഒരാൾക്ക് പനിനീർപ്പൂവ് ഇഷ്ടമാണ്. അയാൾ അത് പൂന്തോട്ടത്തിൽ കണ്ടു, അതു നേടുവാൻ വികാര-പരമായി പരിശ്രമിക്കുന്നു. അതു ഇന്ദ്രിയവിഷയമാണ്. നിങ്ങൾ എന്താണോ ഓർത്തുകൊണ്ടിരിക്കുന്നത് അത് വിഷയമാണ്. എന്നാൽ ഡയമണ്ട് വാങ്ങിയ ശേഷം നിങ്ങൾ അത് ഓർക്കാതിരിക്കുകയും അല്ലെങ്കിൽ ആ ഓർമ്മ നിങ്ങളെ പിന്തുടരാതിരിക്കുകയും ചെയ്താൽ അത് ഡിസ്ചാർജ് മാത്രമാണ്. അതിനെ ഞാൻ സമചിത്തതയിലെ ഇടപാട് എന്ന് വിളിക്കുന്നു. എന്നാൽ ഡയമണ്ട് എന്ന ചിന്ത വന്നുകൊണ്ടിരുന്നാൽ അതു വിഷയമാണ്.

ആഗ്രഹം സ്വാഭാവികമാണ്. എന്നാൽ വിഷയസുഖത്തിനായി ആഗ്രഹിച്ചു-കൊണ്ടേ ഇരുന്നാൽ അത് മോക്ഷത്തിനു തടസ്സമാണ്.

ഒരു സ്ത്രീ ഒരു സാരി കാണുകയും അതിനെക്കുറിച്ച് ആലോചിച്ചുകൊണ്ടേ ഇരിക്കുകയും ആണെങ്കിൽ അത് വിഷയമാണ്.

**അന്വേഷകൻ** : വിഷയങ്ങൾക്കിടയിൽ ഒരുവൻ എങ്ങനെ മോക്ഷപാതയിൽ സഞ്ചരിക്കും ?

**ദാദാജി** : ഒരുവൻ ആത്മീയപാതയിൽ ആണെങ്കിൽ വിഷയഭോഗങ്ങൾക്കുള്ള ആഗ്രഹങ്ങൾ തുടർച്ചയായി വന്നുകൊണ്ടിരിക്കും. എന്നാൽ ദാദാ ഭഗവാൻ കാ-ണിച്ചുതരുന്ന മാർഗ്ഗം ഒരുവനെ പൂർണ്ണമായും ഇന്ദ്രിയവിഷയങ്ങളിൽ നിന്നും പിൻവലിച്ച് നിർവിഷയി ആക്കിത്തീർക്കുന്നു. ദാദയുടെ വഴി അത്രയ്ക്കും മഹത്വ-മാർന്നതാണ്.

ഇന്ദ്രിയസുഖങ്ങളുമായി രമ്യതയിൽ ആകേണ്ടതില്ല ധിക്കരിക്കേണ്ടതുമില്ല. നിങ്ങൾ പാമ്പുകളെക്കുറിച്ച് എത്ര മാത്രം ശ്രദ്ധാവാനാകുന്നുവോ അതുപോലെ ഇന്ദ്രിയസുഖങ്ങളെക്കുറിച്ചും ആകുക. അവയെക്കുറിച്ച് കരുതലോടെ ഇരിക്കുക. ആത്മസാക്ഷാത്കാരം വരെ ഇന്ദ്രിയവിഷയങ്ങളിൽ നിന്നും നിങ്ങൾ മുക്തരല്ല എന്തെന്നാൽ നിങ്ങൾ അഹന്തയിൽ നിന്നും കർതൃത്വത്തിൽ നിന്നും മുക്തരല്ല. നിങ്ങളുടെ വിഷയം വീതരാഗം ആണെങ്കിൽ നിങ്ങൾക്ക് വീതരാഗനെ അറിയാം. എന്നാൽ നിങ്ങളുടെ വിഷയം കഷായം (കാമാക്രോധാദികൾ) ആണെങ്കിൽ എങ്ങനെ നിങ്ങൾക്ക് വീതരാഗനെ അറിയാം ? ജ്ഞാനം കൂടാതെ വിഷയങ്ങളിൽ നിന്നും മുക്തരാകില്ല.

ഇന്ദ്രിയവിഷയങ്ങളുടെ പുറകേപോകുന്നത് ഇന്ദ്രിയാധീനതയിലേക്ക് നയിക്കും. ഗ്രഹണം ത്യാഗത്തിലേക്കും ത്യാഗം ഗ്രഹണത്തിലേക്കും നയിക്കും. ത്യാഗത്തിനു വിപരീതമാണ് ഇന്ദ്രിയസുഖം വിപരീതമുള്ളതൊക്കെ വിഷയമാണ്.

**അന്വേഷകൻ** : വികാരാതീതമായ അവസ്ഥയെ എങ്ങനെ പ്രാപിക്കാം ?

**ദാദാജി** : ആത്മസാക്ഷാത്കാരത്തിന്റെ അഭാവത്തിൽ ഒരുവൻ കർമ്മചക്രത്തിന്റെ ചുഴി അടച്ചാലും അടുത്ത ജന്മത്തിൽ അത് വീണ്ടും തുറക്കും. ആത്മസാക്ഷാത്കാരം കൂടാതെ ഇന്ദ്രിയവിഷയങ്ങളിൽ നിന്നും മുക്തി സാധ്യമല്ല.

**അന്വേഷകൻ** : ആവർത്തിച്ചുള്ള ഇന്ദ്രിയാനുഭവങ്ങൾക്ക് വിഷയാഗ്രഹങ്ങളെ ശമിപ്പിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്?

**ദാദാജി** : "ഞാൻ വിഷയങ്ങൾ അനുഭവിക്കുന്നു" എന്ന് അഹങ്കാരമാണ് പറയുന്നത്. നിങ്ങൾ അത് അനുഭവിച്ചിരുന്നു എങ്കിൽ നിങ്ങൾ ഇപ്പോൾ തന്നെ തൃപ്തനായിരുന്നേനെ. എന്നാൽ അതങ്ങനെയല്ല. വാസ്തവത്തിൽ വിഷയങ്ങൾ ഇന്ദ്രിയസുഖം അനുഭവിക്കുന്നില്ല. പൂർവ്വജന്മത്തിൽ ചാർജ്ജ് ചെയ്യപ്പെട്ട പരമാണുക്കളുടെ ഇടപാടാണത്. കണ്ണ്, മൂക്ക് തുടങ്ങി എല്ലാ ഇന്ദ്രിയങ്ങളും അതിന്റേതായ വിഷയങ്ങളിൽ സമർത്ഥമാണ്. മൂക്കിനു ജിലേബിയുടെ മധുരം രുചിക്കാനാകുമോ ?

പരമാണുക്കളുടെ ഇടപാട് തീർക്കുന്നതിനാൽ വിഷയങ്ങൾ വിഷയമെന്ന പോലെ ആവില്ല. എന്നാൽ നിങ്ങൾ അതിൽ മുഴുകിയാൽ, താദാത്മ്യപ്പെട്ടാൽ അതു വിഷയമാകും. വിഷയങ്ങളിൽ ഇന്ദ്രിയങ്ങൾ യാതൊന്നും കാര്യമായി ചെയ്യുന്നില്ല. അവ സന്ദേശം നൽകുക മാത്രമേ ചെയ്യുള്ളൂ. അതിനാലാണ് ഇന്ദ്രിയങ്ങളുടെ മേൽ നിയന്ത്രണമുള്ളവനെ ജിതേന്ദ്രിയജിനൻ എന്ന് വിളിക്കുന്നത്. ദൃഷ്ടി

ദ്രഷ്ടാവിലും ജ്ഞാനം ജ്ഞാതാവിലും ഇരിക്കുന്നവനാണ് ജിതേന്ദ്രിയജിനൻ. ഇതു തന്നെയാണ് ഭഗവാൻ മഹാവീരനും പറഞ്ഞിട്ടുള്ളത്. ആത്മാവ് എല്ലാത്തിന്റെയും സാക്ഷി മാത്രമാണ്.

**അന്വേഷകൻ** : വിഷയാസക്തിയുടെ തുടക്കം എന്താണ്?

**ദാദാജി** : ഒരു സ്ത്രീയെ കാമത്തോടെ നോക്കുന്നതാണത്. പക്ഷെ എല്ലാ സ്ത്രീകളെ–യും ഒരുവൻ അങ്ങനെയാണോ നോക്കുന്നത്? അല്ല. അതിനാൽ എന്തോ കുഴ–പ്പമുണ്ട്. ഒരു സ്ത്രീയ്ക്ക് മേലുള്ള നോട്ടം പുരുഷനെ ഇളക്കുന്നുവെങ്കിൽ അത് എല്ലാ സ്ത്രീകളിലും ഉണ്ടാകണം. സ്ത്രീയാണ് എല്ലാത്തിനും കാരണമെങ്കിൽ എല്ലാ സ്ത്രീക–ളെയും നോക്കുമ്പോൾ കാമവികാരം ഉണ്ടാകണം. എന്നാൽ കാര്യങ്ങൾ അങ്ങ–നല്ല. ചാർജ്ജ് ചെയ്യപ്പെട്ട പരമാണുക്കളുടെ പരസ്പര ആകർഷണമാണ് രണ്ടു പേരെയും അടുപ്പിക്കുന്നത്.

വിഷയാസക്തിയിൽ അധിഷ്ഠിതമായ ബന്ധം ആണെങ്കിൽ അവിടെ കലഹവും ഉണ്ടാകാം എന്നോർത്തിരിക്കുക. വിഷയാസക്തിയുടെ ഒരു പരമാണുവെങ്കിലും നിങ്ങളിൽ ഉണ്ടെങ്കിൽ നിങ്ങൾക്ക് സ്യദ്വാദവാണി സാധ്യമല്ല.

മനുഷ്യൻ ആഗ്രഹിക്കുന്ന പോലുള്ള ഇന്ദ്രിയസുഖങ്ങൾ മൃഗങ്ങൾക്ക് പോലുമില്ല എന്നത് വിചിത്രമാണ്. വിഷയം എപ്പോഴും വിഷയമാണെങ്കിൽ, ഉദാഹരണ–ത്തിനു അമ്മയും ഭാര്യയും ഇരിക്കുന്നു. എന്തു കൊണ്ട് അമ്മയെ കാണുന്നത് വികാരം ഉണ്ടാക്കുന്നില്ല. ? വികാരം വിഷയപ്രകൃത്യാ അല്ല മായയാണ് അതിനു കാരണം. ഇന്ദ്രിയവിഷയങ്ങളെ കാണുന്നതിനുള്ള ശരിയായ മാർഗ്ഗം നമുക്ക് പറയാം. നിങ്ങളുടെ ഉള്ളിലുള്ള ഓട്ടോമാറ്റിക് ക്യാമറയാണ് ഇന്ദ്രിയാഭിമുഖത എന്ന് കരുതുക. അതിന്റെ വിഷയങ്ങളുടെ ചിത്രമെടുക്കാൻ അനുവദിക്കരുത്. നിങ്ങൾ കാണുന്ന വിഷയത്തിലെ ശുദ്ധാത്മാവിന്റെ ചിത്രമെടുക്കു.

വാസ്തവത്തിൽ ഇന്ദ്രിയാഭിമുഖത എന്നത് ഇല്ലാത്തതാണ്. ഈ കാര്യമറിയാതെ വലിയ ബ്രഹ്മചാരികളായ സന്യാസിമാർ പോലും പ്രയാസപ്പെട്ടിട്ടുണ്ട്. വിഷ–യത്തിൽ രമിച്ചിരിക്കുമ്പോൾ ഒരുവൻ തന്റെ മുന്നിലും പിന്നിലും ഉള്ള ഒന്നും അറിയാതെ അന്ധനായിത്തീരുന്നു. തന്റെ ഇന്ദ്രിയവിഷയമല്ലാതെ മറ്റൊന്നും അയാൾ കാണുന്നില്ല. അതിനെ അയാളെ മോഹാന്ധൻ എന്ന് വിളിക്കുന്നു. ഇന്ദ്രിയസുഖങ്ങൾ നേടാൻ ഭിക്ഷ എടുക്കേണ്ടി വരുന്നവന് ലോകത്തെ ജയിക്കാം. ഒരു അപൂർവ കാര്യം തന്നെ ! മാനുഷിക മൂല്യമുള്ള ജീവിതം അങ്ങനെയാണ്.

രോഗം ബാധിച്ച ശരീരം ഇന്ദ്രിയസുഖങ്ങൾക്കായി കൂടുതൽ കേഴുന്നു. ആ

രോഗ്യമുള്ള ശരീരം കുറച്ച്കൂടി ഉറപ്പുള്ളതാണ്. രോഗം വിഷയം കൊണ്ടല്ല ഉണ്ടാകുന്നത് എന്നാൽ വിഷയാനുരാഗം കൊണ്ട് ശരീരത്തിൽ രോഗം ഉണ്ടാകും. വിഷയം തടസ്സമല്ല വിഷയാനുരാഗം തടസ്സമാണ്. അടുക്കളയിൽ ചെന്ന് അതു വേണം ഇതു വേണം എന്ന് പറയുകയും എരിവില്ലാത്തത് ഞാൻ കഴിക്കില്ല എന്നൊക്കെ പറയുന്നതും വിഷയാഗ്രഹം ആണ്. ക്രോധം, ആസക്തി, വഞ്ചന, അഹന്ത ഇവയെല്ലാം രോഗത്തിന് കാരണമാണ്.

തങ്ങളുടെ ഉള്ളിലെ അടക്കാനാവാത്ത വേദനയും പ്രയാസവും കൊണ്ട് ആളുകൾ വികാരങ്ങളിലേക്ക് വലിച്ചിഴപ്പിക്കപ്പെടുന്നു. എന്നാൽ ശരിയായ വിചാരത്താൽ അത്തരം വികാരങ്ങളെ ഇല്ലാതെയാക്കാൻ കഴിയും. ശരീരത്തിലെ തൊലി മാറ്റിക്കഴിഞ്ഞാൽ ആർക്കെങ്കിലും അതിനോടു ആകർഷണം തോന്നുമോ ? അത് തൊലികൊണ്ട് പൊതിഞ്ഞിരിക്കുന്നു എന്ന് മാത്രം. വയറോ മലം നിറച്ച കുടവും. പൊട്ടിച്ചാൽ മലം മാത്രം പുറത്ത് വരും. ആരെങ്കിലും ഈ തൊലിയുരിക്കപ്പെട്ട, ചലമൊഴുകുന്ന ശരീരത്തെ കൈകൊണ്ടു തൊടാൻ ആഗ്രഹിക്കുമോ ? എന്നാൽ അതു ചിന്തിക്കാതെ എല്ലാം നടക്കും. മോഹം ഒരുതരം ഭ്രാന്താണ്. വിചാരമില്ലായ്മകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്.

**അന്വേഷകൻ** : എങ്ങനെ ഒരാൾക്ക് ഈ പ്രയാസമേറിയ ഇന്ദ്രിയവിഷയാസക്തിയിൽ നിന്നും രക്ഷ നേടാൻ കഴിയും ?

**ദാദാജി** : മധുരംകഴിച്ച ശേഷം ചായ കുടിച്ചാൽ അതിനു രുചി തോന്നുകയില്ല. അത് ചായയോടു ചെയ്യുന്ന അനീതിയല്ലേ ? ചായക്ക് രുചിയില്ലേ ? പിന്നെന്തുകൊണ്ട് രുചി അനുഭവപ്പെടുന്നില്ല. നിങ്ങൾ അതിനു മുൻപ് മധുരം കഴിച്ചതുകൊണ്ടാണ്. അതുപോലെ ഞാൻ നിങ്ങൾക്ക് ജ്ഞാനം തരുന്നു. ജ്ഞാനത്തിനു ശേഷം ലോകത്തിലെ എല്ലാ സുഖങ്ങളും നിങ്ങൾക്ക് അരുചിയായി തോന്നും. മലേറിയ ഉള്ളപ്പോൾ മധുരപലഹാരം കയ്പ്പും എന്ന് പറയുന്നു. വായ തന്നെ കയ്ക്കുന്നത്കൊണ്ടാണത്. മധുരത്തെ പഴിക്കേണ്ട കാര്യമില്ലല്ലോ. അതുപോലെ നിങ്ങളുടെ 'അക്രമജ്ഞാന'ത്താൽ മോഹത്തിന്റെ താപനില കുറയുമ്പോൾ ഇന്ദ്രിയസുഖം അരുചിയായി തോന്നും. ആ അനുഭവം നമ്മുടെ വിഷയാസക്തിയാൽ ഉണ്ടായ പനിയെ അളക്കുന്ന തെർമോമീറ്റർ പോലെയാണ്.

ക്രമികമാർഗ്ഗത്തിലും വിഷയസുഖങ്ങൾക്ക് അരുചിയുണ്ടാകും. എന്നാൽ അത് അഹന്തയിലൂടെ ആകയാൽ വീണ്ടും സാധകനെ സമീപിക്കാം. എന്നാൽ എന്റെ അക്രമ മാർഗ്ഗത്തിൽ പ്രശ്നം ഉണ്ടാകുകയില്ല. വിഷയസാഗരത്തിന് നടുവിലും

സ്വതന്ത്രമായി നിർവിഷയി ആയിരിക്കാം.

**അന്വേഷകൻ** : ഒരുവന് നിർവിഷയി ആയിരിക്കാൻ കഴിയുമോ ?

**ദാദാജി** : നിർവിഷയാവസ്ഥ നനവ് പറ്റാതെ ജലത്തിൽ വിരിഞ്ഞു നിൽക്കുന്ന താമര പോലെയാണ്. ഈ ശരീരത്തിന്റെ ഉടമസ്ഥാവകാശം ഞാൻ ഉപേക്ഷിച്ചിരിക്കുന്നു. അതിനാൽ ഒന്നുംതന്നെ എന്നെ സ്പർശിക്കുകയില്ല. ഉടമസ്ഥത എന്ന ചിന്ത പോലും എന്നിലില്ല. എന്നിൽ നിന്നും ദീക്ഷ നേടിയവരിൽ നിന്നും ഞാൻ ഈ ഉടമസ്ഥത കളഞ്ഞിരിക്കുന്നു. അവർക്കും അതിനാൽ താമരയില പോലെ ജീവിക്കാം.

അനാത്മാവാണ് പല കാര്യങ്ങളിൽ ഇടപെടുന്നത്. എന്നാൽ നിങ്ങൾ അതിൽ മുഴുകുന്നത് അതിനുള്ള മൌനസമ്മതം നൽകി എന്നതിന് തെളിവാണ്. അതിനാൽ നിങ്ങൾ കർമ്മത്താൽ ബന്ധിക്കപ്പെടുന്നു. എന്നാൽ അതിനെ നിങ്ങൾ അനുവദിച്ചില്ലെങ്കിൽ, കേവല സാക്ഷിയായി നിലനിന്നാൽ കർമ്മം സഞ്ചയിക്കില്ല. നിങ്ങൾ സ്വതന്ത്രരാണ്.

ഞാൻ എന്തിനാണ് പ്രത്യേകതരം കോട്ട് ധരിക്കുന്നതെന്ന് ചിലർ ചോദിക്കുന്നു. മറുപടിയായി ഞാൻ പറഞ്ഞു : ഇതാണ് നിർവിഷയിവിഷയം. ഇന്ദ്രിയഭോഗങ്ങളുമായി ബന്ധപ്പെട്ട രണ്ടു തരം വിഷയങ്ങളുണ്ട്. ഒന്ന് ഇന്ദ്രിയങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ. മറ്റൊന്ന് ഇന്ദ്രിയസുഖമല്ലാത്ത വിഷയങ്ങൾ. വിഷയരഹിതമായ അവസ്ഥയാണ് നിർവിഷയിവിഷയം.

ഒരുവൻ ശ്രദ്ധാവാനാകുമ്പോൾ വിഷയങ്ങളിൽ കൂടുതലായി മുഴുകുന്നു. എല്ലാവരും അവരുടേതായ വിഷയങ്ങളിൽ ഇടപെടുകയും ആഴത്തിൽ അതിൽ മുഴുകുകയും ചെയ്യുന്നു.

ശുദ്ധാത്മാവ് നിർവിഷയി ആണ്. ലോകം മുഴുവൻ വിഷയാസക്തമാണ്. ആളുകൾ അവർക്ക് ഇഷ്ടമുള്ള വിഷയങ്ങളിൽ ഇടപെടുന്നു. സാധു തപസ്സ് എന്ന വിഷയം സ്വീകരിക്കുന്നു, ത്യാഗി ത്യാഗത്തെയും, പ്രഭാഷകൻ പ്രഭാഷണത്തെയും, സാധാരണ ലൌകികൻ ലൌകികവിഷയത്തെയും സ്വീകരിക്കുന്നു.

ആളുകൾ ഈ വിഷയങ്ങളുടെ പുറകെ പോകുന്നു. എന്നിട്ടും പുരുഷാർത്ഥമെന്നു പറയുന്നു. അവർ ഒരു ജ്ഞാനിയെ കണ്ടു പുരുഷാർത്ഥമെന്തെന്നു അറിഞ്ഞിരുന്നെങ്കിൽ നന്നായിരുന്നു.

നിർബന്ധിതമായ കർമ്മത്തെ നിങ്ങൾ സ്വയംവരിക്കുന്നതായി കരുതുന്നു. നിങ്ങൾ വിഷയങ്ങളിൽ ഇല്ലാത്ത ശുദ്ധാത്മാവിനെ തേടി വിഷയങ്ങളുടെ പുറ–

കെ പോകുന്നു. കഷ്ടം തന്നെ. പ്രിയപ്പെട്ടവരേ ഇതു നിങ്ങളെ സഹായിക്കു-കയില്ല. വിഷയബന്ധിതമായ എല്ലാത്തിൽ നിന്നും ഉയരത്തിലെത്തു. ആളുകൾ യഥാർത്ഥജ്ഞാനം എന്തെന്ന് അറിയുന്നില്ല. എങ്കിലും അവരെ അതിൽ കുറ്റം പറയാൻ ആവില്ല.

എന്റെ വാക്കുകൾ കരുണയിൽ നിന്നും ഉളവായി വരുന്നതാണ്. അല്ലെങ്കിൽ ജ്ഞാനിയായ ഞാൻ എന്തിനു പരുഷമായ വാക്കുകൾ ഉപയോഗിക്കണം ? വേറെ എന്തു ചെയ്യാനാണ് ? കലിയുഗത്തിൽ നിങ്ങൾ ശരിയായ മാർഗ്ഗം കാണാൻ വിഷമിക്കുന്നതിനാൽ കട്ടത്ത വാക്കുകൾ എനിക്ക് ഉപയോഗിക്കേണ്ടി വരും. വാസ്തവത്തിൽ ജ്ഞാനി കരുണാസാഗരമാണ്.

**അന്വേഷകൻ** : കാമപരമായ ഇന്ദ്രിയസുഖങ്ങളോടുള്ള നമ്മുടെ സമീപനം എങ്ങനെ ആയിരിക്കണം ?

**ദാദാജി** : ഇന്ദ്രിയസുഖങ്ങളെ ക്ഷണിക്കുകയോ ഉണർത്തുകയോ ചെയ്യരുത്. വ്രതം അനുഷ്ഠിക്കുന്ന ഒരാളെ പോലിസ് പിടിച്ചുകൊണ്ടുപോയി രണ്ടു ദിവസം പട്ടിണിക്കിട്ട ശേഷം നിർബന്ധിച്ച് മാംസം കഴിപ്പിക്കാൻ ശ്രമിക്കുമ്പോൾ അയാൾക്കുണ്ടാകുന്ന മനോഭാവം പോലെ ആകണം അത്. മറ്റൊരു മാർഗ്ഗവും ഇല്ലാത്തപ്പോൾ മാത്രമേ ഇന്ദ്രിയവിഷയങ്ങളെ മടികൂടാതെ സ്വീകരിക്കാവൂ.

വിഷയമോ വിഷയാവിഷയങ്ങളെ ഒഴിവാക്കുന്നതോ തന്റെ ശക്തിക്ക് അതീത-മാണ്. പോലീസുകാരന്റെ കൂടെ സ്വേച്ഛയാൽ പോകാൻ ആരു തയ്യാറാകും ? ആരുമില്ല. അടിച്ചേൽപ്പിക്കപ്പെടുന്ന ഇന്ദ്രിയസുഖം നിന്ന് പോകും. എന്നാൽ ഇന്ദ്രിയസുഖത്തിൽ രമിക്കുന്നത് വിഷയമാകും. അത് ഈശ്വരന്റെ നിയമമാണ്. ശരീരം ഇന്ദ്രിയസുഖം അനുഭവിച്ചാൽ അത് ഡിസ്ചാർജ് ആണ്. മനസ്സ് അത് ആസ്വദിക്കുകയും കർമ്മവിത്തു പാകുകയും ചെയ്താൽ അത് മനസ്സിൽ പതിഞ്ഞു വിഷയവാസനയായി പിന്നീട് വീണ്ടും വരും.

ലോകത്തിൽ ഇന്ദ്രിയസുഖത്തിനായി തീവ്രമായ അഭിലാഷമാണ്. നിങ്ങൾ ഏറ്റവും നല്ല വസ്ത്രം ധരിക്കുകയും മറ്റുള്ളവരെ ആകർഷിക്കുകയും ചെയ്താൽ നിങ്ങൾ മറ്റുള്ളവർക്ക് കർമ്മവിത്തു പാകുവാനുള്ള ഉപകരണം ആയി മാറും. നിങ്ങൾ അതിനു വിലകൊടുക്കേണ്ടി വരും. നിങ്ങൾ ഇന്ദ്രിയവിഷയങ്ങളെ നിരൂപണം ചെയ്താൽ അതെല്ലാം വെറും നിസ്സാരമെന്നു മനസ്സിലാകും. എവിടെയാണോ നിങ്ങൾ ഇടറുന്നത് അതാണ് നിങ്ങളുടെ വിഷയം.

അചേതനങ്ങളായവയ്ക്ക് വേണ്ടിയുള്ള വിഷയാഭിലാഷം മിശ്രചേതനമായതി-

നോടുള്ള ആഗ്രഹത്തെക്കാൾ ഭേദമാണ്. നിങ്ങൾക്ക് മുക്തനാകണമെന്നു തോന്നിയാൽ പോലും മറുവശത്ത് ഉള്ള ആളിന്റെ രാഗദ്വേഷങ്ങൾ അതിനു അനുവദിക്കില്ല. അചേതനമായവസ്തു നിങ്ങളോടു മമതയില്ലാത്തതിനാൽ അവയെ ഉപേക്ഷിച്ചാൽ നിങ്ങൾ മുക്തരാകും. നിങ്ങൾ യാത്രപറയാൻ കാത്തിരിക്കുകയാണ് അവ.

ജീവിതകാലം ശ്വാസത്തിന്റെ അളവനുസരിച്ചാണ്. കൂടുതൽ ശ്വാസം എടുക്കുമ്പോൾ ആയുസ്സ് കുറയുന്നു. ദ്വേഷം, അഭിമാനം, മമത, ദുരാശ, മോഹം, വഞ്ചന എന്നിവ കൂടുതൽ ശ്വാസത്തെ എടുക്കുന്നു. കാമവികാരത്തോട് കൂടിയ ഭോഗവും ധാരാളം ശ്വാസം എടുക്കുന്നു.

അതുകൊണ്ടാണ് ഞാൻ ആളുകളോട് പറയുക : "നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയില്ലെങ്കിൽ പണത്തിന്റെയും ശുക്ലത്തിന്റെ അഥവാ ജീവോർജ്ജത്തിന്റെയും മിതവ്യയം പാലിക്കുക. "ഇതു രണ്ടുമാണ് ആപേക്ഷികജീവിതത്തിന്റെ മൂലക്കല്ലുകൾ. മദ്യം മോശമെന്ന് പറയുന്നു എന്തെന്നാൽ അവ വിഷയങ്ങളിലേക്ക് ഒരുവനെ വലിച്ചുകൊണ്ട് പോകുന്നു.

അനേകായിരം ജന്മങ്ങൾ കഴിഞ്ഞാലും തീരാത്ത വിധമാണ് ഇന്ദ്രിയവിഷയങ്ങൾ. ഞാൻ എന്റെ ദീക്ഷിതരായ മഹാത്മാക്കളെ നിർവിഷയരാക്കിയിട്ടുണ്ട്.

**അന്വേഷകൻ** : അഹന്തയും ഇന്ദ്രിയവിഷയങ്ങളോടുള്ള ആസക്തിയും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു.

**ദാദാജി** : ആളുകൾ വിഷയങ്ങൾക്ക് വേണ്ടിയല്ല ജീവിക്കുന്നത് പക്ഷെ ആ വിഷയാഭിമുഖമായ അഹന്തയെ തൃപ്തിപ്പെടുത്തുവാനാണ്. ഇന്ദ്രിയവിഷയങ്ങൾ, അഹങ്കാരം എന്നിവയുടെ പൂർവ്വജന്മാർജ്ജിതമായ പരമാണുക്കൾ ശരീരത്തിലുണ്ട്.

നമ്മുടെ ദീക്ഷിതരായ മഹാത്മാക്കളെ ഇന്ദ്രിയവിഷയങ്ങളോടുള്ള അഹന്തയിൽ നിന്നും ഒഴിവാക്കിയെടുത്തിട്ടുണ്ട്. എന്നാൽ പൂർവ ജന്മങ്ങളിൽ സഞ്ചയിച്ചവ അവ ഫലിച്ച ശേഷം ഇല്ലാതെയാകും. പലവിധ ഇന്ദ്രിയവിഷയവാസനകൾ നിങ്ങളുടെ ഉള്ളിൽ സഞ്ചയിക്കപ്പെട്ടിട്ടുണ്ട്. നിങ്ങളുടെ അഹങ്കാരവൃത്തിയിൽ വരാത്ത വിഷയങ്ങൾ നിങ്ങളുടെ മുന്നിൽ എത്തുകയില്ല. ബാഹ്യമായ അഹങ്കാരം ഇല്ലാതെയാകുകയും പരമാണുക്കൾ അവയുടെ ഫലത്തെ കൊടുക്കുകയും ചെയ്തു കഴിയുമ്പോൾ ശരീരം പതിക്കും.

**അന്വേഷകൻ** : കർമ്മവും വിഷയങ്ങളും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു.

**ദാദാജി** : ഒരുവന്റെ ഉള്ളിലെ സകലപരമാണുക്കളും വിഘടിക്കപ്പെട്ട സമഭാവത്തെ പ്രാപിക്കുമ്പോൾ ശരീരം മുക്തമാകുന്നു. ആപേക്ഷികമതങ്ങൾ അബന്ധത്തെ(കർമ്മത്തിന്റെ ആത്മാവിലേക്കുള്ള ഒഴുക്കില്ലായ്മ) ബന്ധമായി (കർമ്മത്തിന്റെ ആത്മാവിലേക്കുള്ള ഒഴുക്ക്) വിശ്വസിക്കുന്നു. അബന്ധം എന്തുകൊണ്ടാണെന്നും ആർക്കെന്നും അവർ ആലോചിക്കുന്നില്ല. ഇത് സൂക്ഷ്മവും ഗ്രഹിക്കാൻ പ്രയാസമുള്ളതുമാണ്.

ലോകത്തിനു അവർ പഠിച്ച വിഷയങ്ങളെക്കുറിച്ച് അറിവുണ്ട്. അവർ പഠിച്ച വിഷയത്തിലെ വിഷയികൾ ആണവർ. ആപേക്ഷികമതങ്ങൾ ശബ്ദസ്പർശരൂപരസഗന്ധങ്ങൾ എന്ന അഞ്ചു വിഷയങ്ങളെ പറയുന്നുള്ളൂ എന്നാൽ അനേകം വിഷയങ്ങൾ ഉണ്ട്.

സാധാരണ സ്ഥിതിയിൽ അല്ലാത്ത ഒരുവൻ വിഷയി ആയി ഇന്ദ്രിയവിഷയങ്ങളിൽ രമിക്കുന്നു. ഒരുവൻ വിഷയി ആകുന്നു എന്നത് അയാളുടെ ആപേക്ഷികജ്ഞാനത്തെയാണ് അല്ലാതെ ആത്മജ്ഞാനമാകുന്ന യഥാർത്ഥ ജ്ഞാനത്തെയല്ല സൂചിപ്പിക്കുന്നത്.

## 111

## സ്നേഹവും മമതയും

**അന്വേഷകൻ** : സ്നേഹത്തെക്കുറിച്ച് ഞങ്ങളോട് വിശദീകരിച്ചാലും.

**ദാദാജി** : എന്താണ് ശരിയായ സ്നേഹം ? അതൊരിക്കലും ക്ഷയിക്കുന്നതല്ല. അത് സ്ഥിരവും അചലവുമാണ്. കബീർദാസ് പറയുന്നു "വേലിയേറ്റമോ വേലിയിറക്കമോ ഇല്ലാതെ നിരന്തരം ഹൃദയത്തിൽ പ്രവഹിക്കുന്നതാണ് സ്നേഹം !"

ശുദ്ധമായ സ്നേഹം ദൈവികമാണ്. ചുരുങ്ങുന്നതും താഴുന്നതും യഥാർത്ഥ സ്നേഹമല്ല. അതു മമതയാണ്. ഈ ലോകത്ത് കാണുന്ന സ്നേഹം ആപേക്ഷികമാണ്. അതിനെ ഞാൻ "രൂപകൽപന ചെയ്ത സ്നേഹം" എന്ന് വിളിക്കുന്നു, എന്തെന്നാൽ അതൊരു ഉദ്ദേശലക്ഷ്യത്തോട് കൂടിയതാണ്. ഭാര്യ-ഭർത്താവ്, അച്ഛനമ്മമാർ, അച്ഛൻ-മകൻ, അമ്മ-മകൻ, യജമാനൻ-ഭൃത്യൻ എന്നിവർ തമ്മിലുള്ള സ്നേഹം ഒരു പ്രത്യേക ഉദ്ദേശത്തിനായി നിർമ്മിക്കപ്പെടുന്നവയാണ്. ആ സ്നേഹം മുറിയുമ്പോൾ അത് രൂപകല്പിതം എന്ന് മനസ്സിലാകുന്നു. മാധുര്യമുള്ളിടത്തോളം എല്ലാം സുഗമമായി തോന്നും എന്നാൽ കയ്പനുഭവങ്ങൾ വരുമ്പോൾ സത്യം അറിയും.

**അന്വേഷകൻ** : ഒരുദാഹരണം പറയൂ.

**ദാദാജി** : അച്ഛനെ വളരെ ബഹുമാനിക്കുന്ന ഒരു മകൻ ഒരു സാഹചര്യസമ്മർദ്ദ-ത്തിൽ, "താങ്കൾക്ക് ഒരു ബോധവുമില്ല" എന്ന് പറഞ്ഞു. ഇത് അച്ഛനും മകനും തമ്മിലുള്ള ബന്ധം വഷളാക്കി. അച്ഛൻ പറഞ്ഞു : "നീ ഇനി മുതൽ എന്റെ മകനല്ല". യഥാർത്ഥ സ്നേഹമെങ്കിൽ അത് എല്ലാക്കാലത്തേക്കും നിലനിൽക്കും. സംഘർഷങ്ങൾ കൊണ്ട് അത് തകരില്ല. അതിനെയല്ലാതെ മറ്റെന്തിനെ സത്യ-മായ സ്നേഹം എന്ന് വിളിക്കാനാകും ?

**അന്വേഷകൻ** : സ്നേഹവും മമതയും തമ്മിലുള്ള വ്യത്യാസമെന്താണ്?

**ദാദാജി** : രൂപകല്പന ചെയ്തതായ സ്നേഹം യഥാർത്ഥ സ്നേഹമല്ല മമതയാണ്. അതൊരു കടക്കാരനും ഉപഭോക്താവും തമ്മിലുള്ള സ്നേഹം പോലെയാണ്. അതൊരു വിലപേശൽ ആണ്. ലോകത്ത് കാണപ്പെടുന്ന സ്നേഹം വാസ്തവ-ത്തിൽ മമതയാണ്.

സ്നേഹിക്കുന്ന ആളോടൊപ്പം എപ്പോഴും ഉണ്ടാകുവാനും അയാളുടെ എല്ലാ കാര്യ-ങ്ങളെയും ഇഷ്ടപ്പെടുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതും യഥാർത്ഥ സ്നേ ഹമാണ്. അതിനു പ്രവർത്തനമോ പ്രതിപ്രവർത്തനമോ ഇല്ല. ശുദ്ധമായ സ്നേ ഹം ഈശ്വരന്റെ മറ്റൊരു നാമമാണ്. സ്നേഹത്തിന്റെ പ്രവാഹം തുല്യമാണ്.അതു ഉയരുകയോ താഴുകയോ ഇല്ല. അതു നിറയുകയോ ഒഴിയുകയോ ഇല്ല. നിറയു-ന്നതും ഒഴിയുന്നതും മമതയാണ്.

മമതയിൽ എന്താണ് ശരി എന്താണ് തെറ്റ് എന്നതിനെക്കുറിച്ച് അതിന്റെ യഥാർത്ഥ അർത്ഥത്തിൽ വിവേചനമില്ല. എന്നാൽ സ്നേഹത്തിൽ ഇതിനെ-ക്കുറിച്ച് പൂർണ്ണമായ അവബോധമുണ്ട്. നിങ്ങൾ കിടന്നുറങ്ങുന്ന സ്ഥലത്തോടു-പോലും നിങ്ങൾക്ക് മമതയാണ്. പായയിൽ കിടന്നാണ് ശീലമെങ്കിൽ അതിലും മെത്തയിൽ എങ്കിൽ അതിലും കിടക്കാൻ നിങ്ങൾ താത്പര്യപ്പെടുന്നു. പായയിൽ കിടക്കുന്നതിനോടു മമത ഉള്ള ആൾക്ക് മെത്തയിൽ കിടന്നുറങ്ങാൻ കഴിയുന്നില്ല. ഈ നിർബന്ധം വിഷമാണ് നിർബന്ധമില്ലായ്മ അമൃതുമാണ്.

**അന്വേഷകൻ** : എങ്ങനെ മറ്റുള്ളവരുടെ സ്നേഹത്തിനു പാത്രമാകാം ?

**ദാദാജി** : നിർബന്ധബുദ്ധി ഇല്ലെങ്കിലെ ലോകത്തിന്റെ സ്നേഹം നേടാൻ ആകൂ. നിർബന്ധമില്ലായ്മയിലൂടെയാണ് ശുദ്ധമായ സ്നേഹം വെളിപ്പെടുന്നത്, ആ ശുദ്ധ-മായ സ്നേഹമാണ് ഈശ്വരൻ. ലോകത്തിലെ ജനങ്ങൾക്ക് എന്താണ് വേണ്ടത്? അവർക്ക് സ്നേഹത്തിനു വേണ്ടിത്തന്നെയുള്ള സ്നേഹം അഥവാ മുക്തപ്രേമം ആണു ആവശ്യം, പ്രതീക്ഷകളോ സ്വാർത്ഥതയോ ഇല്ലാത്തതും രൂപകൽപന

ചെയ്യപ്പെടാത്തതുമായ സ്നേഹം.

യഥാർത്ഥ ജ്ഞാനം അഥവാ സാക്ഷാത്കാരം കൂടാതെയുള്ള സ്നേഹം നശിക്കുന്നതാണ്. ഇക്കാലത്ത് സ്നേഹം ഒരുവന്റെ പ്രകൃതി അനുസരിച്ചാണ്.അത് മാറ്റങ്ങൾക്ക് വിധേയമാണ്. അങ്ങനെ മാറ്റങ്ങൾക്ക് വിധേയമായ സ്നേഹം കൊണ്ട് എന്താണ് പ്രയോജനം ? അതെങ്ങനെ സ്ഥിരമാകും ?

**അന്വേഷകൻ** : അഹന്ത എങ്ങനെയാണ് സ്നേഹത്തെ ബാധിക്കുന്നത്?

**ദാദാജി** : ആളുകൾ സൌന്ദര്യം ഉള്ളവരെങ്കിലും അവരുടെ അഹന്തയാൽ വിരൂപരാകും. ശുദ്ധാത്മാവിനോടുള്ള അഹന്താരഹിതമായ പ്രേമമുള്ളപ്പോൾ, സ്വയം പ്രേമാത്മാവാകുമ്പോൾ അവർ സൌന്ദര്യം ഉള്ളവരായിത്തീരുന്നു.അവർ കാഴ്ചയിൽ വിരൂപരെങ്കിലും സൌന്ദര്യം ഉള്ളവരാണ്. ശുദ്ധമായ സ്നേഹം പുറത്തു വരുമ്പോൾ അയാൾ സൌന്ദര്യം ഉള്ളവനാകും.

**അന്വേഷകൻ** : നമുക്ക് മമതയുള്ള ആളുകളോട് ചിലപ്പോൾ നീരസം തോന്നുന്നത് എന്തുകൊണ്ടാണ്?

**ദാദാജി** : ലൌകികജീവിതത്തിൽ സംഘർഷങ്ങൾ മമതയുണ്ടാക്കും. മമതയ്ക്കുള്ള വിറ്റാമിൻ പോലെയാണ് സംഘർഷം. സംഘർഷമില്ലെങ്കിൽ വീതരാഗൻ ആകാം.

**അന്വേഷകൻ** : മുക്തിക്ക് ശ്രമിക്കുന്ന ഒരാൾ സ്നേഹത്തെയും മമതയും എങ്ങനെ കാണണം ?

**ദാദാജി** : ഈശ്വരൻ പറയുന്നു :" നീരസം അഥവാ ദ്വേഷം നിങ്ങളുടെ മമത നിങ്ങളെ വിട്ടുപോകാത്തപ്പോൾ പ്രയോജനപ്പെടുന്നു"; അതിനാൽ എല്ലാത്തിനോടും ഒരു അകലം പാലിക്കുക. ഒന്നിനോടും മമത പുലർത്താതിരിക്കുക ഒന്നിന്റെയും മമതയിൽ പെടാതെയും ഇരിക്കുക. എന്നാൽ നിങ്ങളോടു കാണിക്കുന്ന സ്നേഹത്തെ തിരസ്കരിച്ചാൽ നിങ്ങൾക്ക് മോക്ഷം ലഭിക്കുകയില്ല. അതിനാൽ ശ്രദ്ധാവാനായിരിക്കു. നിങ്ങൾക്ക് മോക്ഷം ആവശ്യമെങ്കിൽ നിങ്ങളെ എതിർക്കുന്നവരോട് നന്ദിയുള്ളവരാകു. നിങ്ങളോടു സ്നേഹമുള്ളവർ നിങ്ങൾക്ക് ബന്ധനം ഉണ്ടാക്കുന്നു, എതിർക്കുന്നവർ സഹായിക്കുന്നു. അതിനാൽ നിങ്ങളോടു സ്നേഹമുള്ളവരോട് അവർക്ക് നീരസമുളവാകാത്ത വിധത്തിൽ പെരുമാറുക.

**അന്വേഷകൻ** : മമതയുടെ ആന്തരികതത്ത്വം എന്താണ്?

**ദാദാജി** : മമത ശരീരത്തിന്റെ സ്വഭാവമാണ്. അത് പരമാണുക്കളുടെ സ്വഭാവമാണ്. എന്തു തരം സ്വഭാവമാണത്? കാന്തവും സൂചിയും പോലെ ആണത്. സൂചി

കാന്തത്തോട് ആകർഷിക്കപ്പെട്ടിരിക്കുന്ന പോലെ ശരീരം അതിനു അനുരൂപ-മായ പരമാണുക്കളോട് ആകർഷിക്കപ്പെടുന്നു. അതാണ് മമത.

മമത സാധാരണ നിലയ്ക്കും മുകളിലും താഴെയും ആകാം. എന്നാൽ യഥാർത്ഥ-സ്നേഹം സ്വാഭാവികനിലയിൽ തന്നെ നിൽക്കും. അതു എപ്പോഴും സ്ഥിരമാണ്. യാതൊരു മാറ്റവുമില്ല. മമത അനാത്മാവിന്റെ ഗുണമാണ്.ശുദ്ധാത്മാവിനു അതു-മായി ബന്ധമില്ല.

ആപേക്ഷികജീവിതത്തിലെ ഒരുമയ്ക്ക് ഒരു കാരണമുണ്ട്. ഈ യോജിപ്പ് പരമാണുക്കളുടെ സ്വഭാവവും മമതയും ചേർന്നു കൊണ്ടുവരുമെങ്കിലും അടുത്ത നിമിഷം എന്താണ് സംഭവിക്കുന്നതെന്നു പറയാൻ ആവില്ല. പരമാണുക്കൾ യോജിക്കാതെ വരുമ്പോൾ വികർഷണവും വിരോധവും ഉണ്ടാകുന്നു. അതിനാ-ൽ മമത ഉള്ളിടത്ത് വിരോധവും ഉണ്ടാകുന്നു.

ഇതാണ് പരമാണുക്കളുടെ ശാസ്ത്രം. ആത്മാവിന് ഇതിൽ പങ്കില്ല. എന്നാൽ പരമാണുക്കളുടെ ആകർഷണത്തെ ആത്മാവിന്റെയെന്നു ആളുകൾ തെറ്റിദ്ധരി-ക്കുന്നു. 'ഞാൻ ആകർഷിക്കപ്പെട്ടു' എന്നത് മിഥ്യാധാരണയാണ്. ആത്മാവ് ഒരി-ക്കലും ആകർഷിക്കപ്പെടുന്നില്ല. ആത്മാവ് ഒന്നിലും മുഴുകാതെ ഇരിക്കുമ്പോൾ ത്യാഗം ഉണ്ടെന്നു പറയാം. ശുദ്ധമായ സ്നേഹം എല്ലാ വാതിലുകളും തുറക്കും. ഗുരുവിനോടുള്ള സ്നേഹത്താൽ നേടാനാവാത്തത് എന്താണ് ? ഒരു ജ്ഞാനിപുരുഷന്റെ സ്നേഹം ശുദ്ധമാണ്. അത്തരം സ്നേഹം വേറെ എവിടെയും ലഭ്യമാകില്ല.

## 112

## പ്രകൃതി നിയമങ്ങൾ : കുറ്റം ദുഃഖിതന്റെയാണ്.

**അന്വേഷകൻ** : നമ്മുടെ ജീവിതത്തെ പരിപാലിക്കുന്ന പ്രകൃതിനിയമങ്ങളെ-ക്കുറിച്ച് പറയൂ

**ദാദാജി** : ലോകത്തിലെ വിധികർത്താക്കൾ എല്ലായിടത്തും ഉണ്ട് എന്നാൽ കർമ്മത്തിന് ഒരു പ്രകൃതി നിയമമുണ്ട് :" ആരാണോ ദുഃഖിക്കുന്നത് അവന്റെയാണ് കുറ്റം". ലോകത്തെ പരിപാലിക്കുന്ന ഒരേ ഒരു നിയമം ഇതാണ് എന്നാൽ ലോകത്തിന്റെ നിയമങ്ങളിൽ ലോകം കുരുങ്ങിക്കിടക്കുന്നു. ലൌകികനിയമ-ങ്ങൾ അനീതിയാണ്. അത് സംസാരചക്രത്തെ നിലനിർത്തുന്നു.

**അന്വേഷകൻ** : ഇതെനിക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല. ദയവായി കൂടുതൽ വിശദമാക്കൂ

**ദാദാജി** : ഒരാൾ പോക്കറ്റടിക്കപ്പെട്ടു എന്ന് കരുതുക. ആപേക്ഷികമായ നീതി എന്താണ് ചെയ്യുക ? ആളുകൾ അടുത്തു കൂടി പാവം ഒരു മാന്യൻ, അയാളുടെ പേഴ്സ് നഷ്ടപ്പെട്ടു എന്ന് പറഞ്ഞു അയാളെ ആശ്വസിപ്പിക്കും. പോക്കറ്റടിച്ച ആളെ കുറേ ചീത്തയും പറയും. എന്നാൽ പ്രകൃതിനിയമം പോക്കറ്റടിക്കപ്പെട്ട ആളിൽ കുറ്റം ചുമത്തും.

ആരാണ് ഇവിടെ ക്ലേശിക്കുന്നത്? കള്ളനോ അതോ പണം നഷ്ടപെട്ട ആളോ ? തീർച്ചയായും ക്ലേശിക്കുന്നവന്റെ ഭാഗത്താണ് തെറ്റ്. പോക്കറ്റടിച്ചവനെ കള്ളനെന്നു പിടിക്കപ്പെടുമ്പോൾ മാത്രമേ വിളിക്കൂ. എന്നാൽ ഈ നിമിഷം അയാൾ ഹോട്ടലിൽ സുഭിക്ഷമായ ഭക്ഷണം ആസ്വദിക്കുകയാവും. അവനെ പിടികുമ്പോൾ മാത്രമേ കുറ്റം ചെയ്തതിനുള്ള ശിക്ഷ ലഭിക്കൂ.എന്നാൽ ഈ നിമിഷം ആരാണ് ദുഖിക്കുന്നത് ? ഇരയാണ് ദുഖിക്കുന്നത്. പ്രകൃതി പറയുന്നു അയാളാണ് കുറ്റക്കാരൻ.പൂർവ്വജന്മത്തിൽ ചെയ്ത തെറ്റിന്റെ പരിണിതഫലം അയാൾ ഇന്ന് അനുഭവിക്കുന്നു.

പ്രകൃതിയുടെ കോടതിയിൽ നടപ്പാക്കുന്ന നിയമം ഞാൻ നിർദാക്ഷിണ്യം പറയുന്നു : “ആരാണോ ദുഖിക്കുന്നത് അവന്റെയാണ് കുറ്റം”.

**അന്വേഷകൻ** : ഒരു ദുഃഖവും യാദൃശ്ചികമായി ഞാൻ തെറ്റു ചെയ്യാതെ വരില്ല എന്നാണോ അങ്ങ് പറയുന്നത്?

**ദാദാജി** : എല്ലാവരും അവനവന്റെ തെറ്റിന് ശിക്ഷിക്കപ്പെടുന്നു. കല്ലെറിയുന്നവനല്ല, അത് കൊണ്ടവൻ ചെയ്ത തെറ്റിനാണ് അപ്പോൾ ഫലം. നിങ്ങളുടെ ചുറ്റുമുള്ളവർ എന്തൊക്കെ തെറ്റുകൾ ചെയ്താലും നിങ്ങളെ അതു ബാധിക്കുന്നില്ല എങ്കിൽ നിങ്ങൾ തെറ്റുകാരനല്ല. തെറ്റു കൂടുതൽ ചെയ്തിട്ടുള്ളവർ കൂടുതൽ ദുഃഖം അനുഭവിക്കുന്നു. കയ്പേറിയ അനുഭവമുള്ളവൻ കർത്താവാണ്. കർതൃത്വം അഹന്തയല്ലാതെ മറ്റൊന്നുമല്ല.

**അന്വേഷകൻ** : ദയവായി ഒരു ഉദാഹരണം പറയൂ.

**ദാദാജി** : നിങ്ങളുണ്ടാക്കിയ ഒരു യന്ത്രത്തിന്റെ ഗിയറിനിടയിൽ നിങ്ങളുടെ വിരൽ കുടുങ്ങിയെന്നു കരുതുക. യന്ത്രോട് അപേക്ഷിച്ചു നോക്കിയാലും അതു പോകില്ല. ക്ലേശിക്കുന്നത് നിങ്ങളായതിനാൽ തെറ്റു നിങ്ങളുടെതാണ് എന്ന് യന്ത്രം ഓർമ്മിപ്പിക്കുന്നു. അതുപോലെതന്നെ ലോകം യന്ത്രവും ആളുകൾ ഗിയറുകളുമാണ്. അങ്ങനെയല്ലായിരുന്നുവെങ്കിൽ ഒരു ഭാര്യയും ഭർത്താവിനെയും ഒരു ഭർത്താവും ഭാര്യയേയും അസന്തുഷ്ടരാക്കില്ലായിരുന്നു. കുറഞ്ഞപക്ഷം എല്ലാവ-

രും അവരവരുടെ വീടെങ്കിലും സന്തോഷഭരിതമാക്കിയേനെ. എന്നാൽ അങ്ങ‌നെയല്ല, കുട്ടികൾ, ഭാര്യ, ഭർത്താവ് എല്ലാം ഗിയറുകൾ ആണ്.

**അന്വേഷകൻ** : ഇങ്ങനെയാണോ സംഭവങ്ങളും സാഹചര്യങ്ങളും പരിപാലി‌ക്കപ്പെടുന്നത്?

**ദാദാജി** : പ്രകൃതിനിയമം കുറ്റക്കാരനെ മാത്രമേ ശിക്ഷിക്കുകയുള്ളൂ. ഒരു വീട്ടിൽ എഴു പേർ ഉറങ്ങുന്നുണ്ടാകാം. എന്നാൽ കുറ്റം ചെയ്തവനെ മാത്രമേ അതു കടിക്കു‌കയുള്ളൂ. ഇങ്ങനെയാണ് വ്യവസ്ഥിതം കൃത്യമായ ക്രമത്തിൽ പ്രവർത്തിക്കുന്നത്.

**അന്വേഷകൻ** : എന്നാൽ സംഘർഷങ്ങളെ വിധികൽപ്പിക്കാൻ മറ്റൊരാളെ അനുവദിക്കരുതെന്ന് പറഞ്ഞാൽ ശരിയാണോ ?

**ദാദാജി** : ആരാണോ ദുഖിക്കുന്നത് അവന്റെയാണ് കുറ്റം എന്ന പ്രകൃതി നിയമം നിലവിലുള്ളപ്പോൾ ഒരു കോടതിജഡ്ജിയും ഭരിക്കാൻ ആവശ്യമില്ല. ബാഹ്യ‌വിധികർത്താവ് മദ്ധ്യസ്ഥൻ മാത്രമാണ്. മധ്യസ്ഥൻ എന്തു ചെയ്യാൻ ? രണ്ടു വശവും അദ്ദേഹം കേൾക്കുകയും അവരുടെ ബുദ്ധി ഉപയോഗിക്കാത്തതിന് ശാസിക്കുകയും ചെയ്യുന്നു. മറ്റുള്ളവരെ പുറത്തു കാണിച്ചുകൊണ്ട് തന്റെ കീർത്തി‌യെ അയാൾ സംരക്ഷിക്കുന്നു.

പ്രകൃതി നിയമത്തിനു വിധികർത്താവിന്റെ ആവശ്യമില്ല.

**അന്വേഷകൻ** : എല്ലാവരും തങ്ങൾ നിഷ്കളങ്കർ എന്ന് കരുതുന്നു.

**ദാദാജി** : സത്യമാണ്, ആളുകൾ അവരുടെ കേസ് കൈകാര്യം ചെയുമ്പോൾ എന്താണ് ചെയ്യുക? പ്രതി ആകാതെ അവർ തന്നെ ജഡ്ജിയും വക്കീലുമാകുന്നു. അവരവരുടെ ഇഷ്ടത്തിനു വിധികൽപ്പിക്കുകയും തെറ്റുകൾ തുടരുകയും ചെയ്യുന്നു.

**അന്വേഷകൻ** : ആരിൽ നിന്നാണ് നീതി തേടേണ്ടത്?

**ദാദാജി** : സ്വന്തം ശരീരത്തോട് പോലും പക്ഷപാതിത്വമോ പ്രിയമോ ഇല്ലാത്ത ജ്ഞാനിപുരുഷനിൽ നിന്നാണ് നീതി തേടേണ്ടത്. എന്നാൽ സ്വയം ജഡ്ജിയും വക്കീലും വിധികർത്താവും ആയ ഒരാൾക്ക് അയാൾക്ക് അനുകൂലമായി തന്നെ വിധി വരുന്നു.

ഇങ്ങനെയാണ് ആത്മാവ് കർമ്മബന്ധിതനായിത്തീരുന്നത്. താൻ തെറ്റു ചെയ്തുവെന്ന് ഉള്ളിലുള്ള ജഡ്ജി പറയും എന്നാൽ ഉള്ളിലുള്ള വക്കീൽ അതിനെ ന്യായീകരിച്ച് താൻ നിഷ്കളങ്കനെന്നു വാദിക്കുന്നു. അങ്ങനെ അയാൾ കർമ്മ‌ത്താൽ ബന്ധിക്കപ്പെടുന്നു. ആത്മീയ വികാസത്തിന് ഒരുവൻ ആരാണ് തെറ്റു ചെയ്യുന്നതെന്നും ബന്ധനത്തിന് കാരണം എന്തെന്നും അറിയണം. അതെ, തെറ്റു

അവന്റെ മാത്രമാണ്. ലോകനീതിയിൽ അവൻ ഇര ആകാം എന്നാൽ പ്രകൃതി നിയമത്തിൽ ആരാണോ ദുഖിക്കുന്നത് അവന്റെയാണ് കുറ്റം. ദാദാ തന്റെ ജ്ഞാനത്താൽ ഇത് കണ്ടിട്ടുണ്ട്.

**അന്വേഷകൻ** : മോക്ഷമാർഗ്ഗത്തിൽ സഞ്ചരിക്കുന്നവർ പ്രകൃതിയുടെ നിയമത്തെ പിന്തുടരണം എന്നാണോ അങ്ങ പറയുന്നത്?

**ദാദാജി** : ആരാണോ ദുഖിക്കുന്നത് അവന്റെയാണ് കുറ്റം. ഈ തത്ത്വം നിങ്ങളെ മുക്തിയിലേക്ക് അടുപ്പിക്കും. മറ്റുള്ളവരിൽ കുറ്റം ആരോപിക്കുന്നത് തികച്ചും തെറ്റാണ്. ഒരുവന്റെ തെറ്റ് അവനു ദുഃഖം കൊണ്ടുവരുന്ന നിമിത്തത്തിനു മുന്നിലെത്തിക്കുന്നു. നിമിത്തം ഒരു വ്യക്തി ആണെങ്കിൽ നിങ്ങൾ അയാളുമായി കലഹിക്കും. മുള്ളു പോലെ ജീവനില്ലാത്തതാണെങ്കിലോ അയാൾ എന്ത് ചെയ്യും ?

നാലു വഴി കൂടുന്ന കവലയിൽ ഒരു മുള്ളു കിടക്കുന്നുണ്ടാകും. ആയിരക്കണക്കിന് ആളുകൾ അതിനാൽ വിഷമിക്കുന്നുണ്ടാവില്ല, എന്നാൽ ഒരു അമിത് അതുവഴി പോകുകയും മുള്ളു കൊള്ളുകയും ചെയ്യുന്നു. ഇതു വ്യവസ്ഥിതം എങ്ങനെ പ്രവർത്തിക്കുന്നു എന്ന് അത്ഭുതമുളവാക്കുന്നു. അമിത്തിനെ മാത്രം മുള്ളു കുത്തുന്നു. ഒരു പ്രത്യേക സാഹചര്യത്തിനായി വ്യവസ്ഥിതം എല്ലാ സാഹചര്യങ്ങളും ഉണ്ടാക്കുന്നു. സാഹചര്യങ്ങൾക്ക് നിമിത്തം കാരണമല്ല.

ആരെങ്കിലും ഒരു മരുന്നു തളിക്കുകയും ആളുകൾക്ക് അത് ചുമയ്ക്ക് കാരണമാകുകയും ചെയ്താൽ കലഹമുണ്ടാകും, എന്നാൽ അടുക്കളയിലെ മുളക് എരിയുമ്പോൾ ചുമച്ചാൽ ആരും കലഹിക്കുന്നില്ല. ആളുകൾ നിമിത്തത്തെ കുറ്റപ്പെടുത്തുന്നു. എന്തുകൊണ്ട് ഇതു സംഭവിക്കുന്നു, ആര് ഇത് ചെയ്യുന്നു എന്ന യഥാർത്ഥ സത്യം അവർ അറിഞ്ഞാൽ പ്രശ്നമൊന്നുമില്ല.

നിങ്ങൾ തെന്നലുള്ള ഒരു വഴിയിൽ ഷൂവിട്ടു നടക്കുകയും തെന്നിവീഴുകയും ചെയ്താൽ ആരെയാണ് കുറ്റപ്പെടുത്തേണ്ടത്? നിങ്ങളെ മാത്രമേ കുറ്റം പറയാനാവൂ. നഗ്നപാദനായി നടന്നാൽ വീഴില്ലായിരുന്നു എന്ന് നിങ്ങൾ അറിയണമായിരുന്നു. ആരാണ് കുറ്റക്കാരൻ ? മണ്ണോ ? ഷൂവോ ? അതോ നിങ്ങളോ ?
ആരുടെയെങ്കിലും മുഖത്ത് അനിഷ്ടം കണ്ടെങ്കിൽ നിങ്ങളാണ് അതിനു ഉത്തരവാദി. ആ അവസരത്തിൽ ആ മനുഷ്യനിൽ ശുദ്ധാത്മാവിനെ ദർശിച്ച് തുടർച്ചയായി മാപ്പപേക്ഷിക്കണം. അപ്പോൾ മാത്രമേ നിങ്ങൾ പൂർവ്വകർമ്മങ്ങളുടെ ബന്ധങ്ങളിൽ നിന്നും ഋണാനുബന്ധത്തിൽ നിന്നും മുക്തനാകൂ.

ദുഖിക്കുന്നവൻ കുറ്റക്കാരനാണ്, സന്തോഷിക്കുന്നവന് അവന്റെ പ്രതിഫ-

ലവുമാണ് ലഭിക്കുന്നത്. ലൌകിക നിയമങ്ങൾ നിമിത്തത്തെ കുറ്റപ്പെടുത്തുന്നു എന്നാൽ ഈശ്വരനിയമം കൃത്യവും വാസ്തവവുമാണ്. യഥാർത്ഥ കുറ്റവാളിയെ അത് പ്രതിയാക്കുന്നു. കൃത്യമായ ഈ നിയമം ആർക്കും മാറ്റാനാകില്ല. ചെയ്യാത്ത കുറ്റത്തിന് ഒരുവന് ശിക്ഷ ലഭിക്കുന്നൊരു നിയമവുമില്ല. ദുഖിക്കുന്നവൻ കുറ്റം ചെയ്തിട്ടുണ്ട്.

**ദാദാജി** : ഒരുവൻ ചെയ്ത കുറ്റത്തിന്റെ അളവ് അവൻ സഹിക്കുന്നത് വെച്ച് പറയാം.

**അന്വേഷകൻ** : ഒരു ഉദാഹരണം പറയൂ

**ദാദാജി** : ഒരു കുടുംബത്തിൽ പത്തു പേർ കാണും. അതിൽ രണ്ടു പേർ വീട്ടു-ചിലവ് എങ്ങനെ നടക്കുന്നു എന്ന് ചിന്തിക്കുന്നില്ല, മറ്റു രണ്ടു പേർ കുടുംബത്തെ സഹായിക്കാൻ ചിന്തിക്കുന്നു, രണ്ടു പേർ സഹായിക്കുന്നു, ഒരാൾ എങ്ങനെ വീട് പോറ്റും എന്ന് പരിതപിക്കുന്നു, എന്നിട്ടും മറ്റുള്ളവർ സമാധാനമായി ഉറങ്ങുന്നു. ആർക്കാണ് ഇവിടെ കുറ്റം ? എപ്പോഴും ദുഖിച്ചു കൊണ്ടിരിക്കുന്നവൻ തന്നെയാണു ഇവിടെ കുറ്റം ചെയ്തത്. സമാധാനമായി ഉറങ്ങുന്നവർ കുറ്റം ചെയ്തവരല്ല.

അമ്മായിയമ്മ മരുമകളെ വഴക്ക് പറഞ്ഞിട്ടും മരുമകൾ സന്തോഷത്തോ-ടെ ഇരിക്കുകയും അമ്മായിയമ്മ വിഷമിക്കുകയും ചെയ്താൽ കുറ്റം അമ്മായിയ-മ്മയുടേതാണ്. കുടുംബത്തിലെ ആരെങ്കിലും മരുമകളെ പ്രകോപിപ്പിച്ചു അവർ ദുഖി-ച്ചാൽ കുറ്റം അവളുടെയാണ്. തീർപ്പുകൽപ്പിക്കപെടാത്ത ഒരു കുറ്റം കഴിഞ്ഞ ജന്മത്തിൽ അവൾ ചെയ്തിരിക്കും. അതിപ്പോൾ ഫലിക്കുന്നു. അവൾ ആ തെറ്റു വീണ്ടും ആവർത്തിക്കാതിരിക്കുക അപ്പോൾ ദുഖിക്കേണ്ടി വരില്ല.

**അന്വേഷകൻ** : ദുഖിക്കുമ്പോൾ അവളുടെ ശരിയായ മനോനില എന്തായിരി-ക്കണം ?

**ദാദാജി** :അവളുടെ നേരെ വരുന്നത് എന്തായാലും, മധുരമാകട്ടെ, കയ്പ്പാകട്ടെ അതിനെ സ്വീകരിക്കുക. അത് ഇടപാട് തീർത്തുകൊള്ളും. ഈ ലോകത്ത് പൂർവജന്മബന്ധമില്ലാതെ ഒരു കാഴ്ച പോലും സാധ്യമല്ല. പിന്നെ എങ്ങനെ ? നിങ്ങൾ മറ്റുള്ളവർക്ക് കൊടുത്തത് തിരിച്ചു കിട്ടും. അത് സംഭവിക്കുമ്പോൾ ഒരു ചിരിയോടെ ആ കണക്കു തീർന്ന ആശ്വാസത്താൽ അതിനെ സ്വീകരിക്കുക. അതല്ലാതെ തെറ്റു വീണ്ടും ആവർത്തിക്കുകയാണെങ്കിൽ വീണ്ടും ദുഖിക്കേണ്ടി വരും.

“മുഴുവൻ ലോകവും നിനക്കുള്ളതാണ്”. ഈ പ്രപഞ്ചത്തിന്റെ അധിപനാണ്

നിങ്ങൾ. എന്നാൽ നിങ്ങൾ നിങ്ങളുടെ തെറ്റുകളാൽ ബന്ധിതനായിരിക്കുന്നു. അതിനാൽ നിങ്ങളുടെ ദുഃഖത്തിനു കാരണം കണ്ടുപിടിക്കു. നമ്മുടെ തന്നെ തെറ്റുകൾ നമ്മെ ബന്ധിക്കുന്നു, മറ്റുള്ളവർ അല്ല നമ്മെ ബന്ധിക്കുന്നത്. ആ തെറ്റിനെ ഇല്ലായ്മ ചെയ്താൽ മുക്തി പുറകെ വരും. ആ ശുദ്ധമായ നിയമത്തിന്റെ പശ്ചാത്തലത്തിൽ ഞാൻ പറയുന്നു നിങ്ങൾ എന്തിനു നീതിയെക്കുറിച്ചും അനീതിയെക്കുറിച്ചും ആകുലപ്പെടുന്നു ? ഇത് വളരെ ആഴമുള്ളതാണ്. എല്ലാ ഗ്രന്ഥങ്ങളുടെയും സാരമാണ്. പ്രകൃതിയുടെ നീതി എങ്ങനെയാണ് നടപ്പിലാകുന്നത് എന്ന്, "ആരാണോ ദുഖിക്കുന്നത് അവന്റെയാണ് കുറ്റം", എന്ന തത്വത്താൽ ഞാൻ വെളിപ്പെടുത്തുന്നു.

113

## നിങ്ങളുടെ കുറ്റങ്ങളെ കാണൽ

**അന്വേഷകൻ** : എന്താണ് എല്ലാവരും മറ്റുള്ളവരിലെ കുറ്റം കാണുന്നത്?

**ദാദാജി** : ആളുകൾ എല്ലാ ദിവസവും ക്ഷേത്രത്തിൽ പോകുകയും "കരുണാമയനായ ഈശ്വരാ ഞാൻ അനേകം കുറ്റങ്ങൾ ഉള്ളവനാണ്" എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. "കുറ്റങ്ങൾ കണ്ടെത്തിയില്ലെങ്കിൽ ഈ ബലഹീനമായ കപ്പൽ എങ്ങനെ കരക്കെത്തും" എന്നും അവർ പാടുന്നു.

അവരോടു എത്ര കുറ്റങ്ങൾ നിങ്ങൾക്കുണ്ട് എന്ന് ചോദിച്ചാൽ രണ്ടോ മൂന്നോ എന്നുത്തരം പറയും. ചില സമയത്ത് അവർ അല്പം കോപിഷ്ടരോ അത്യാഗ്രഹമുള്ളവരോ ആകും. അത്രേ ഉള്ളു.വേറെ കുറ്റമൊന്നും ഇല്ല ! നിൽക്കു നിങ്ങൾ എന്താണ് പാടിയത് ? "കരുണാമയനായ ഈശ്വരാ ഞാൻ അനേകം കുറ്റങ്ങൾ ഉള്ളവനാണ്" ? അവർ പറയും പാട്ടങ്ങനെയാണ് പക്ഷെ ഞങ്ങൾ അധികം കുറ്റമൊന്നും ചെയ്തിട്ടില്ല. ഈശ്വരനെപ്പോലും അവർ വഞ്ചിക്കുകയാണ്.

**അന്വേഷകൻ** : ഓ, അങ്ങനെയോ ?

**ദാദാജി** :ഈശ്വരൻ പറയുന്നു. രണ്ടു കുറ്റം മാത്രമുള്ളവൻ മൂന്നു മണിക്കൂറിനുള്ളിൽ മോക്ഷം നേടും.വലിയ സന്ന്യാസിമാരോടും ആചാര്യന്മാരോടും അവരുടെ കുറ്റമെത്രയെന്നു ചോദിച്ചാൽ രണ്ടോ മൂന്നൊ എന്ന് പറയും. എന്നാൽ അവർ മൂന്നു മണിക്കൂർ കൊണ്ട് മുക്തി നെടണ്ടേ ? അതിനർത്ഥം അവർക്ക് അനന്തമായ കുറ്റങ്ങൾ ഉണ്ടെന്നാണ്. അവർ മറ്റുള്ളവരിൽ എണ്ണമറ്റ കുറ്റങ്ങൾ ആരോപിക്കും എന്നാൽ സ്വന്തം കുറ്റങ്ങൾ കാണുകയില്ല.

എല്ലാവർക്കും മറ്റുള്ളവരുടെ കുറ്റം കാണണം.

**അന്വേഷകൻ** : എങ്കിൽപ്പിന്നെ സ്വന്തം തെറ്റുകൾ എങ്ങനെ കാണും ?

**ദാദാജി** : ശുദ്ധാത്മാവിനെ സാക്ഷാത്കരിക്കുമ്പോൾ ആണ് നിങ്ങൾക്ക് നിങ്ങളുടെ തെറ്റുകൾ മനസ്സിലാകുക. ആത്മസാക്ഷാത്കാരം നിങ്ങളിൽ പക്ഷപാതമില്ലായ്മ ഉണ്ടാക്കും. നിങ്ങളുടെ കുറ്റങ്ങൾ നിങ്ങൾ അറിഞ്ഞിരുന്നെങ്കിൽ ഇപ്പോൾ തന്നെ മുക്തരായേനെ.നിങ്ങൾ ജ്ഞാനിയുടെ നിലയെ പ്രാപിച്ചേനെ. എന്നാൽ ആരും ഇക്കാര്യത്തിൽ കുറ്റക്കാരല്ല. ഇത് കലിയുഗപ്രഭാവമാണ്.എല്ലാം സാഹചര്യങ്ങൾ കാരണമാണ് പിന്നെങ്ങനെ കുറ്റപ്പെടുത്താനാകും ?

**അന്വേഷകൻ** : നമ്മുടെ കുറ്റങ്ങളെ എങ്ങനെ ഒഴിവാക്കാം ?

**ദാദാജി** : ജ്ഞാനിപുരുഷന്റെ അനുഗ്രഹത്താൽ നിങ്ങൾക്ക് നിങ്ങളുടെ തെറ്റുകൾ തിരിച്ചറിയാൻ കഴിയും. ആദ്യമായി നിങ്ങൾ എണ്ണമറ്റ കുറ്റങ്ങൾക്ക് ഉടമയാണെന്ന തിരിച്ചറിയും, അങ്ങനെ ഓരോന്ന് അറിയും. നിങ്ങളുടെ കുറ്റങ്ങൾ തിരിച്ചറിഞ്ഞു തുടങ്ങുമ്പോൾ അവ ഓരോന്നായി മറഞ്ഞു പോകും. നിങ്ങളുടെ മന്ദത കാരണമാണ് കുറ്റങ്ങൾ തിരിച്ചറിയാത്തത്. ചെവി കേൾക്കാത്ത ഒരുവന്റെ വീട്ടിൽ കള്ളൻ കയറിയാൽ എങ്ങനെ ഇരിക്കും ? വീട്ടുസാധനങ്ങൾ മറിഞ്ഞുവീണാലും ബധിരൻ അത് കേൾക്കില്ല. അതുപോലെ കുറ്റങ്ങൾ അറിയാത്തവന് അവയെ ഉപേക്ഷിക്കാനും കഴിയില്ല. കണ്ടെത്തുമ്പോൾ അവ അപ്രത്യക്ഷമാകും. ചില കുറ്റങ്ങൾ ഒട്ടിച്ചേർന്നവയാണ്. പോകാൻ സമയമെടുക്കും. എന്നാൽ നിങ്ങൾ അത് തിരിച്ചറിഞ്ഞാൽ അവ മെല്ലെ പോയ്പ്പോകും. കള്ളൻ വീട്ടിൽ കയറിയാൽ എത്ര നേരം അവിടെ നിൽക്കും ? തന്റെ വീട്ടിൽ കള്ളൻ കയറിയെന്നു വീട്ടുടമ അറിഞ്ഞാൽ കള്ളൻ അവിടെ നിൽക്കുമോ ? ഉടമ അറിഞ്ഞയുടൻ കള്ളൻ രക്ഷപെടും.

**അന്വേഷകൻ** : മറ്റുള്ളവരുടെ കുറ്റവും കുറവും നോക്കരുതോ ?

**ദാദാജി** : എന്തെങ്കിലും കുറ്റം കാണണം എന്നുണ്ടെങ്കിൽ നമ്മുടെ കുറ്റം കാണുക. മറ്റുള്ളവരുടെ കുറ്റം കാണുമ്പോൾ നമ്മുടെ മനസ്സ് എത്ര അസ്വസ്ഥമാകും. അവരിലെ നന്മ കണ്ടാൽ മനസ്സ് സന്തോഷിക്കും. മറ്റുള്ളവരുടെ കുറ്റം കാണുന്നതിനുപകരം നമ്മുടെ തെറ്റുകൾ തിരുത്തുക. നമ്മുടെ പൂർവകർമ്മബന്ധമില്ലെങ്കിൽ ആരും നമ്മേക്കുറിച്ച് മോശമായി പറയില്ല. നിങ്ങൾ നിങ്ങളുടെ ഒരു തെറ്റെങ്കിലും കണ്ടെത്തിയാൽ ഈശ്വരദൃഷ്ടിയിൽ നിങ്ങളെ മനുഷ്യൻ എന്ന് വിളിക്കാം. ലോകത്തിന്റെ വന്യതയിൽ നിങ്ങൾ നിങ്ങളുടെ തെറ്റുകണ്ടെത്തിയാൽ അവയെ തിരുത്തിയാൽ നിങ്ങൾ യഥാർത്ഥ മനുഷ്യനാകും. ഈ ലോകത്ത് നിങ്ങൾക്കെ-

ല്ലാം എല്ലാം കണ്ടെത്താം എന്നാൽ നിങ്ങളുടെ തെറ്റ് കാണാൻ ആകുന്നില്ല.

**അന്വേഷകൻ** : എങ്ങനെ ഒരുവന് അവന്റെ തെറ്റ് കണ്ടെത്താം ?

**ദാദാജി** : നിങ്ങളുടെ തെറ്റുകളെ ഒരു ജ്ഞാനിക്ക് കാണിച്ചു തരാൻ കഴിയും. അദ്ദേഹത്തിനു മാത്രമേ അതിനുള്ള ആത്മീയ അധികാരം ഉള്ളൂ. അങ്ങനെയുള്ള തെറ്റുകൾ കാണിച്ചു തരുന്ന ആളെ ഈശ്വരൻ അതിമാനുഷൻ എന്ന് വിളിക്കുന്നു.

ഇത് എപ്പോൾ സംഭവിക്കാം ? ജ്ഞാനിപുരുഷനുമായുള്ള സമ്പർക്കം കൊണ്ട് മാത്രം, അയാൾ നിങ്ങളുടെ പക്ഷപാതിത്വം ഇല്ലാതെയാക്കുമ്പോൾ. നിങ്ങൾക്ക് നിങ്ങളോടു തന്നെ പക്ഷപാതിത്വം ഇല്ലാതെയാകുമ്പോൾ മാത്രമേ നിങ്ങളുടെ തെറ്റുകൾ കാണാൻ കഴിയൂ. ജ്ഞാനിപുരുഷൻ നിങ്ങളുടെ യഥാർത്ഥ ആത്മാവിനെ സാക്ഷാത്കരിക്കാൻ സഹായിക്കുമ്പോൾ മാത്രമേ നിങ്ങൾക്ക് അത് അറിയാൻ കഴിയൂ. യഥാർത്ഥ ജ്ഞാനം എങ്ങും തെറ്റുകൾ കാണില്ല എന്നാൽ ബുദ്ധി എല്ലാവരിലും കുറ്റങ്ങൾ കണ്ടെത്തുന്നു. സ്വന്തം സഹോദരനെപ്പോലും അത് വെറുതെ വിടില്ല.

**അന്വേഷകൻ** : മുതിർന്നവർ പ്രായം കുറഞ്ഞവരുടെയും അവർ അതിലും പ്രായം കുറഞ്ഞവരുടെയും കുറ്റം കാണുന്നത് എന്തുകൊണ്ടാണ് ? അവരുടെ കാഴ്ചപ്പാടുകൾ തമ്മിൽ ഭിന്നത എങ്ങനെയാണ് ഉണ്ടാകുക ?

**ദാദാജി** : അത് പ്രായമുള്ളത് പ്രായം കുറഞ്ഞ ഇരയെ പിടിക്കും പോലെയാണ്. "അത് എന്റെ തെറ്റാണ്" എന്ന് പറയുന്നതാണ് നല്ലത്. തെറ്റിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നത് പ്രശ്നം പരിഹരിക്കും. ഞാൻ എങ്ങനെ പ്രവർത്തിക്കും ? എന്റെ കുറ്റങ്ങളുടെ ഭാരം മറ്റുള്ളവർ എടുക്കില്ലെന്ന് എനിക്കറിയാം, ഞാൻ അതെടുക്കുന്നു. മറ്റുള്ളവരിൽ ഞാൻ കുറ്റം കാണില്ല.

സമുദ്രം പോലെ വിശാലമായ ഒരു ഉദരമുള്ളപ്പോൾ മറ്റുള്ളവരെ കയ്പ് രുചിക്കാൻ ഞാൻ എന്തിനു വിടണം ? നോക്കൂ ബോംബെയിലെ മാലിന്യങ്ങളെയും മറ്റും കടൽ ഉൾക്കൊള്ളുന്നത്. അതുപോലെ നാമും ചെയ്യണം. അത് നമ്മുടെ കുട്ടികൾക്കും മറ്റുള്ളവർക്കും ഉപകാരപ്പെടും. കടൽ പോലെ വിശാലമാണ് നമ്മുടെ ഹൃദയമെന്ന് അവർ തിരിച്ചറിയും. നിങ്ങളുടെ മുന്നിൽ വരുന്നതിനെ നിക്ഷേപിക്കൂ. ആപേക്ഷികജീവിതത്തിനു പ്രകൃതിയ്ക്ക് ഒരു നിയമമുണ്ട്. നിങ്ങളെ അപമാനിക്കുന്ന വ്യക്തിയും നിങ്ങൾക്ക് ശക്തി തരും. അതിനാൽ എല്ലാ അപമാനങ്ങളും ചിരിച്ചു കൊണ്ട് സ്വീകരിക്കുക.

**അന്വേഷകൻ** : പക്ഷെ തെറ്റുകൾ തുടർച്ചയായി സംഭവിക്കുന്നതെന്താണ്?

**ദാദാജി** : ഒരു കണ്ണിൽ അമർത്തി ചന്ദ്രനെ നോക്കിയാൽ അത് രണ്ടായി തോന്നും. ആരുടെ കുറ്റം ആണത്? ഇത് പോലെയാണ് ലോകത്തിലെ ജനങ്ങ-ളും. എല്ലാ നിമിഷവും അവർ തെറ്റ് ചെയ്യുന്നു.അവർ അനാത്മാവിന്റെ വിഷയ-ത്തിൽ പരസമയത്തിൽ - എപ്പോഴും ഇടപെടുന്നു. അവർക്ക് മറ്റുള്ളവർക്ക് വേണ്ടി സമയമുണ്ട്, അവർക്ക് വേണ്ടി ഇല്ല. സത്യാത്മാവിനു വേണ്ടി അല്പം സമയം പോലും അവർ ചിലവഴിക്കുന്നില്ല. തങ്ങളുടെ സത്യാത്മാവിനെ അറിയാത്തവർ പരസമയത്തിൽ മുഴുകുന്നു.ആത്മസാക്ഷാത്കാരത്തിൽ മാത്രമേ നിങ്ങൾ സ്വസ-മയത്തിലെ കാര്യങ്ങളിൽ ശ്രദ്ധിക്കൂ.

മിക്കവാറും ആളുകളുടെ ദൃഷ്ടി വികലമാണ്. അതിനാൽ അവർ അവരുടെ തെറ്റു കാണാതെ മറ്റുള്ളവരുടെ കുറ്റം കാണുന്നു. നിങ്ങളുടെ ദൃഷ്ടി നിങ്ങൾ നിഷ്കളങ്കമാ-ക്കണം. അതിനു നിങ്ങൾ ആദ്യം ആത്മസാക്ഷാത്കാരം നേടണം. അപ്പോൾ നിങ്ങളുടെ ദൃഷ്ടി കുറ്റമറ്റതാകും. എല്ലാവരും കുറ്റമറ്റവരായി കാണുമ്പോൾ നിങ്ങൾ സ്വതന്ത്രരാകും. ആളുകൾ അവരുടെ തെറ്റുകളാൽ ബന്ധിക്കപ്പെടുന്നു. കുറ്റവാ-സന ഉള്ളവൻ പോലീസിനാൽ പിടിക്കപ്പെടുന്നു.

**അന്വേഷകൻ** : ഇതെങ്ങനെ കർമ്മവുമായി ബന്ധപ്പെട്ടിരിക്കുന്നു.

**ദാദാജി** : ആളുകൾ കർമ്മത്തെക്കുറിച്ച് സംസാരിക്കുന്നു പക്ഷെ ആർക്കും കർമ്മം എന്തെന്നറിയില്ല. ഒരുവന്റെ കർമ്മം അവന്റെ കുറവുകളെ കാണിക്കുന്നു. ആത്മാവ് യഥാർത്ഥത്തിൽ കുറ്റമറ്റതാണ്. നിങ്ങളിൽ കൂടുതൽ കുറ്റങ്ങൾ നിങ്ങൾ കാണുന്നുവെങ്കിൽ കൊടുത്താൽ സ്വതന്ത്രരാകും. ചില കുറ്റങ്ങൾക്ക് ആയിരക്ക-ണക്കിന് പാളികൾ ഉണ്ടാകും. അതു ആയിരം തവണ കാണേണ്ടി വരാം. മനസ്സ്, വാക്ക്, ശരീരം എന്നിവയിൽ കുറ്റങ്ങൾ ഒരുക്കിവച്ചിരിക്കുന്നു.

**അന്വേഷകൻ** : ഒരു സാധകൻ എങ്ങനെയാണ് കുറ്റങ്ങളെ കാണുകയും ഇടപെ-ടുകയും ചെയ്യേണ്ടത്?

**ദാദാജി** : നമ്മുടെ ശരീരം മനസ്സ് വാക്ക് എന്നിവയുടെ കുറ്റങ്ങൾ ഓരോ നിമിഷവും ഗ്രഹിക്കണം. ഈ ദുഷ്കരമായ കാലത്ത് കുറവുകൾ ഇല്ലാത്ത ശരീരമില്ല. ആത്മാ-വിന്റെ പ്രകാശം ഒരുവൻ ചെയ്യുന്ന തെറ്റുകൾക്ക് ആനുപാതികമായിരിക്കും. ഈ കാലത്ത് അക്രമജ്ഞാനം ഒരു അത്യത്ഭുതകരമായ നേട്ടമാണ്. നിങ്ങൾ ജാഗ്ര-തയുള്ളവർ ആകണം, പൂർവ്വജന്മത്തിൽ നിന്നും കൊണ്ടുവന്ന മാലിന്യങ്ങളെ ഉപേക്ഷിച്ച് വൃത്തിയാകണം.

നിരന്തരമായി ആത്മാവിൽ അവബോധമുള്ളവരായിരിക്കുക. പകൽ സമയം ഉറങ്ങിക്കൊണ്ടിരുന്നാൽ വികാസം ഉണ്ടാകുകയില്ല. നിങ്ങളുടെ കുറ്റങ്ങളെ കണ്ടറിഞ്ഞു അവയെ ഉപേക്ഷിച്ചാൽ നിങ്ങൾ പുരോഗതി നേടും. ദാദയുടെ അഞ്ചു ആജ്ഞകൾ അനുസരിക്കുന്നത് അവബോധത്തിനു സഹായകരമാകും. ആത്മ ബോധത്തിന് സത്സംഗവും (ജ്ഞാനത്തെ അറിയൽ) പുരുഷാർത്ഥവും (ശുദ്ധീകരണത്തിന് ഉള്ള യത്നം) ആവശ്യമാണ്. അനുസരണയാണ് സത്സംഗത്തിലെ ആദ്യത്തെ പടി.

ലോകനാടകത്തിലെ നഷ്ടത്തിലോ നാശത്തിലോ ശാന്തമായിരിക്കാൻ കഴിഞ്ഞാൽ ലൌകിക ജീവിതത്തിന്റെ അവസാനകാലത്താണ് നിങ്ങൾ. നിങ്ങൾക്കെതിരെ ചൊരിയുന്ന അപമാനങ്ങളിൽ പ്രതികരിക്കാതെ ബാധിക്കാതെ ഇരിക്കുക എന്നതാണ് നിങ്ങൾക്ക് ചെയ്യാനുള്ളത്.

കാർമികമായ ബന്ധമില്ലെങ്കിൽ നിങ്ങൾക്ക് അനുകൂലമായോ പ്രതികൂലമായോ സംസാരിക്കാൻ ആർക്കും കഴിയുകയില്ല. വാസ്തവമായ കാര്യങ്ങൾ പറഞ്ഞാൽ പോലും ധിക്കരിച്ചു എന്ന് മറ്റുള്ളവർ ചിന്തിക്കാം. എല്ലാ മാലിന്യങ്ങളിൽ നിന്നും സത്സംഗം നിങ്ങളെ മുക്തമാക്കും. നിങ്ങൾ മറ്റുള്ളവരിൽ തെറ്റു കണ്ടാൽ നിങ്ങൾ അശുദ്ധരാകും. നിങ്ങളുടെ തെറ്റു കണ്ടാൽ ശുദ്ധരുമാകും. പ്രമാദമുള്ളവൻ മറ്റുള്ളവരുടെ കുറ്റം കണ്ടു പിടിച്ചുകൊണ്ടിരിക്കും.

## 114

## തെറ്റുകൾ

**അന്വേഷകൻ** : ആത്മീയ പുരോഗതിയുടെ പാതയിൽ തെറ്റുകൾ എങ്ങനെ ഒഴിവാക്കാം എന്ന് പറയുമോ

**ദാദാജി** :അജ്ഞാനത്തിൽ ചെയ്യുന്ന തെറ്റുകളും അജ്ഞാനത്തിൽ ഇരിക്കുന്ന തെറ്റുകളും ദൃശ്യമല്ല. ആത്മജ്ഞാനത്തിന്റെ പ്രകാശം വർദ്ധിക്കുമ്പോൾ തെറ്റുകൾ വ്യക്തമാകും. സ്ഥൂലമായ തെറ്റുകൾ ഇല്ലാതെയാക്കുന്നത് പോലും നിങ്ങളുടെ കണ്ണുകൾക്ക് തിളക്കമേകും. നിങ്ങളുടെ തെറ്റുകൾ കുറയുമ്പോൾ ആളുകൾക്ക് കേൾക്കാൻ ഇഷ്ടമുള്ള വിധമാകും നിങ്ങളുടെ വാക്കുകളും.

**അന്വേഷകൻ** : കൂടുതൽ ആളുകളും തങ്ങൾ തെറ്റുകാരല്ല എന്ന് കരുതുന്നു.

**ദാദാജി** : ആർക്കും ഞാൻ കുറ്റമറ്റവൻ ആണെന്ന് പറയാൻ കഴിയില്ല. നിങ്ങൾക്ക് കുറ്റങ്ങൾ ഇല്ലാ എന്ന് ഒരിക്കലും പറയരുത്. കേവലജ്ഞാനിക്ക് മാത്രമേ കുറ്റങ്ങൾ ഇല്ലാതെയാകു. നിങ്ങൾ കാണാത്തതും അജ്ഞതയിൽ ഉള്ളതുമായ കുറ്റ-

ങ്ങൾ നിങ്ങളുടെ ദൃഷ്ടിയിൽ നിന്നും മറഞ്ഞിരിക്കും.

**അന്വേഷകൻ** : അജ്ഞതയിൽ ഇരിക്കുന്നതും അജ്ഞാനത്തിൽ ചെയ്തതുമായ കുറ്റങ്ങളിൽ നിന്നും എങ്ങനെ മുക്തമാകാം.

അജ്ഞതയിൽ ഉള്ള കുറ്റങ്ങൾ കർത്താവിനെ ക്ലേശിപ്പിക്കുന്നില്ല. പിന്നെ എങ്ങനെ അദൃശ്യമായ ആ കുറ്റങ്ങളെ ഇല്ലാതെയാക്കാം ? കാണപ്പെടുന്ന കുറ്റങ്ങൾക്ക് കാണാത്തവയെക്കാളും ഭേദമാണ്.

നിങ്ങളുടെ അവബോധം കൂടുന്നതനുസരിച്ച് നിങ്ങളുടെ തെറ്റുകൾ വ്യക്തമാകും. നിങ്ങളുടെ സൂക്ഷ്മാപരാധങ്ങൾ സംഘർഷം ഉണ്ടാകുമ്പോൾ തന്നെ പോയ്പ്പോകുന്നു എന്നാൽ സൂക്ഷ്മതരവും സൂക്ഷ്മതമവും ആയ തെറ്റുകൾ പെട്ടെന്ന് ഇല്ലാതെയാക്കാൻ എളുപ്പമല്ല.

ജ്ഞാനി പ്രകാശം ചൊരിയുമ്പോൾ ആണ് അജ്ഞതയിൽ ഉള്ള തെറ്റ കാണാൻ ആവുന്നത്. ദൃശ്യാപരാധങ്ങൾ, വിദ്യുത്ശക്തിയോടെയുള്ള തെറ്റുകൾ ഇരുട്ടിലുള്ള തെറ്റുകളെക്കാൾ ഭേദമാണ് എന്തെന്നാൽ അവ കാണപ്പെടുന്നു.

**അന്വേഷകൻ** : എന്ത് പുരുഷാർത്ഥത്തിനാണ് നമ്മൾ ചെയ്യേണ്ടത്?

**ദാദാജി** : നാം പുരുഷൻ ആകുമ്പോൾ ആണ് യഥാർത്ഥ പുരുഷാർത്ഥം ഉള്ളത്. നിങ്ങൾ ശുദ്ധാത്മാവാണെന്ന് തിരിച്ചറിയുമ്പോൾ ആണ് പുരുഷാർത്ഥവും സ്വ പരാക്രമവും ആരംഭിക്കുന്നത്. പ്രകാശിച്ചുകൊണ്ടിരിക്കുന്ന ആത്മാവിന്റെ വെളിച്ചത്തിൽ എല്ലാവർക്കും അവരുടെ തെറ്റുകൾ കാണാം.

ശ്രമിക്കുന്ന അവസരങ്ങളിൽ ജ്ഞാനം നിങ്ങളുടെ സഹായത്തിനു വരും. നിങ്ങളുടെ ചെവി മുറിക്കപ്പെടുമ്പോൾ ജ്ഞാനം രക്ഷയ്ക്കായി എത്തിയാൽ അത് ശരിയായ ജ്ഞാനമാണ്. ഒരു ജ്ഞാനി ഒരു മണിക്കൂർ മാത്രമേ ഉറങ്ങുകയുള്ളൂ. അയാൾ എപ്പോഴും തന്റെ ആത്മസ്വരൂപത്തെക്കുറിച്ച് ബോധവാനാണ്. ഒരുവൻ അല്പം ഉറങ്ങുകയും ആഹാരം കുറച്ച് മാത്രം ഭക്ഷിക്കുകയും ചെയ്താൽ ആത്മാവബോധം വർദ്ധിപ്പിക്കാം. അധികം ഉറങ്ങുന്നത് ആത്മീയ ഉദാസീനതയാണ്. ഒരു കറുത്ത ബാഗിൽ തന്നെ അടച്ച വസ്തു പോലെയാണത്. അധികം ആഹാരം കഴിക്കുന്നതും നന്നല്ല.

ആളുകൾക്ക് തെറ്റ എന്തെന്ന് നിശ്ചയമില്ല. സ്വപരാക്രമം കൊണ്ട് മാത്രമേ ഒരുവന് തെറ്റുകൾ കാണാനും ഇല്ലതെയാക്കാനും കഴിയൂ.

തെറ്റുകൾ ഇല്ലതെയാക്കാൻ ഒരുവൻ യജ്ഞം അഥവാ ജ്ഞാനിയും അദ്ദേഹത്തിന്റെ ശിഷ്യരെയും സേവിക്കേണ്ടതുണ്ട് അല്ലെങ്കിൽ സ്വപുരുഷാർത്ഥം ചെയ്യണം.

സ്വപുരുഷാർത്ഥം കൂടാതെ ജ്ഞാനം ഉണ്ടാകില്ല. നിങ്ങളെ ആക്രമിക്കുന്ന തെറ്റുകൾ വിദ്യുത് അപരാധങ്ങളാണ്. നിങ്ങൾക്ക് അത് കാണുവാനും അറിയുവാനും ആകും. എന്നാൽ അജ്ഞതയിൽ ഉള്ള തെറ്റുകൾ നിങ്ങൾ കാണുന്നില്ല. അറിയപ്പെടുന്ന തെറ്റുകൾ താരതമ്യേന ഭേദമാണ്. അതെ വൈദ്യുതി ഉള്ളതിനെ കാണുവാൻ ആകും.

**അന്വേഷകൻ** : ഈ വിദ്യുത് അപരാധങ്ങൾ എന്താണ്?

**ദാദാജി** : തെറ്റു ചെയ്യുന്നവനെ ക്ലേശിപ്പിക്കുന്ന അപരാധങ്ങളെ വിദ്യുത് അപരാധങ്ങൾ എന്നും ക്ലേശിപ്പിക്കാത്ത അപരാധങ്ങളെ തമോ അപരാധങ്ങൾ എന്നും ഞാൻ വിളിക്കുന്നു. ക്ലേശിപ്പിക്കുന്നവ വേഗം നിങ്ങളുടെ ശ്രദ്ധയിൽ പെടുന്നു എന്നാൽ അല്ലാത്തവ കാണപ്പെടുന്നില്ല. അവ തുറന്ന അപരാധങ്ങളാണ്. അവ നിങ്ങളെ ജാഗരൂകരാക്കും.

തമസ്സിലുള്ള അപരാധങ്ങൾ കാണാൻ കഴിയില്ല. അവയിൽ നിങ്ങൾ കളങ്കിതനാണ് എന്നാൽ അത് കാണിച്ചുതരാൻ ആരുമുണ്ടാവില്ല. എനിക്കു അറിയാം എന്ന് ഒരുവൻ പറയുന്നത് തമസ്സിലെ അപരാധമാണ്. ഞാൻ കാര്യമാക്കുന്നില്ല എന്ന് പറയുന്നത് അതിലും തമസ്സാണ്.

എനിക്ക് കുറ്റങ്ങൾ ഇല്ല എന്ന് ജ്ഞാനിക്കല്ലാതെ മറ്റാർക്കും പറയാനാവില്ല. ഞാൻ ശുദ്ധാത്മാവാണെന്ന് എപ്പോഴും ബോധം ഉണ്ടാകണം എന്നാൽ ലൌകികജീവിതത്തിൽ എനിക്കൊന്നും അറിഞ്ഞു കൂടാനും കരുതണം. ഇത്തരത്തിൽ പെരുമാറിയാൽ പ്രശ്നങ്ങൾ ഒന്നും ഉണ്ടാകില്ല.

ശുദ്ധാത്മാവിനു കുറ്റങ്ങൾ ഇല്ല എന്നാൽ അമിത് തന്റെ തെറ്റുകൾ കാണുമ്പോൾ തന്നെ അതിൽ നിന്നും പിൻവലിയണം.

നിങ്ങൾക്ക് എന്റെ ആജ്ഞയെ അനുസരിക്കാൻ ആഗ്രഹമുണ്ട്. എന്റെ കൃപയാൽ നിങ്ങൾക്ക് അതിനു കഴിയും.

എന്റെ വാക്കുകളെ കേൾക്കുകയും എന്നിട്ടും മനസ്സിലാകാതെ വരികയും ചെയ്താൽ നിങ്ങളുടെ ഉള്ളിൽ വലിയ കെട്ടുണ്ട്.

ഞാൻ എല്ലാവരുടെയും തെറ്റുകൾ കാണിക്കില്ല. അതിനു എനിക്ക് നേരമില്ല. ഞാൻ നിങ്ങളുടെ തെറ്റുകൾ കാണിച്ചു തരുന്നു എങ്കിൽ അതു നിങ്ങളുടെ പുണ്യം കൊണ്ടാണ്. ഞങ്ങളുടെ സിദ്ധിയാൽ നിങ്ങളുടെ തെറ്റുകളിൽ ഒരു പ്രചാലനം നടത്തുന്നു. എന്റെ ഭാഗത്തു നിന്നും ഇതിനു വളരെ പ്രയത്നം ആവശ്യമുണ്ട്. തെറ്റുകൾ ഇല്ലാത്തവന് മേലധികാരിയും ഇല്ല. എനിക്ക് യജമാനനില്ല. ഞാൻ യജ–

മാനന്റെയും യജമാനൻ ആണ്. എന്റെ സൂക്ഷ്മാപരാധങ്ങൾ പോയിരിക്കുന്നു. എന്നാൽ ചില സൂക്ഷ്മതരവും സൂക്ഷ്മതമവുമായ കുറ്റങ്ങൾ ഉണ്ട്. ഞാൻ അതിന്റെ സാക്ഷിയാണ്. ഭഗവാൻ മഹാവീരനും ഈ അവസ്ഥയിൽ ആയിരുന്നു. പറ്റ-മാനം ഇല്ലാത്തപ്പോൾ ഒരുവന് സൂക്ഷ്മതരവും സൂക്ഷ്മതമവും ആയ തെറ്റുകൾ അറിയാനാകും. കേവലജ്ഞാനം നേടും വരെ മഹാവീര ഭഗവാന് തെറ്റുകൾ കാണാമായിരുന്നു. അദ്ദേഹം കേവലജ്ഞാനം നേടിയ സമയവും തെറ്റുകൾ ഒന്നും തന്നെ കാണാൻ കഴിയാത്ത സമയവും ഒന്നായിരുന്നു. ഒരു തെറ്റും ഇല്ലാതെ ഇരിക്കുമ്പോൾ കേവലജ്ഞാനം നേടും എന്നത് പ്രകൃതിയുടെ നിയമമാണ്.

**അന്വേഷകൻ** : ചെറുപ്പം മുതൽ തന്നെ ഞാൻ ജീവിതത്തിൽ കഷ്ടപ്പാടുകളി-ലൂടെയാണ് കടന്നു പോയത്. ഇപ്പോൾ ഞാൻ കുട്ടികളിൽ നിന്നും അപമാനവും ബുദ്ധിമുട്ടും ഏൽക്കേണ്ടി വരുന്നു. ഈ അവസ്ഥയെ എങ്ങനെ നേരിടണം എന്ന് ദയവായി പറയൂ. ആരുടെ തെറ്റാണു അത്?

**ദാദാജി** : ഈ ചായക്കോപ്പ നിങ്ങൾ സ്വയം പൊട്ടിച്ചാൽ നിങ്ങൾക്ക് വിഷമമാ-കുമോ ? നിങ്ങൾ ദുഖിക്കില്ല എന്നാൽ നിങ്ങളുടെ കുട്ടി പൊട്ടിച്ചാലോ നിങ്ങൾ ആശങ്ക ഉള്ളവനായി തീരുന്നു. അത് നിങ്ങളുടെ പൂർവകാലകർമ്മത്തിന്റെ ഫലമെന്ന് ചിന്തിച്ചാൽ ആശങ്കക്ക് വകയുണ്ടോ ? നിങ്ങൾ മറ്റുള്ളവരിൽ കുറ്റം കണ്ടു പകലും രാത്രിയും ദുഖിക്കുന്നു. നിങ്ങളുടെ പ്രവൃത്തി തന്നെയാണിത്, എന്നിട്ടും നിങ്ങൾ ക്ലേശിക്കുന്നു എന്ന് പരാതി പറയുന്നു.

**അന്വേഷകൻ** : എല്ലാവരും കുറ്റങ്ങളാൽ നിറഞ്ഞവരാണോ ?

**ദാദാജി** : നിങ്ങളുടെ ഉള്ളിൽ കുറ്റങ്ങളുടെ ഒരു കലവറയുണ്ട്. ഓരോ നിമിഷവും നിങ്ങളുടെ തെറ്റു തിരിച്ചറിഞ്ഞാൽ നിങ്ങൾക്ക് അർത്ഥപൂർണ്ണ ജീവിതം നയി-ക്കാം. ശുദ്ധാത്മാവിൽ ദൃഷ്ടി ഉറപ്പിച്ചാൽ കുറ്റങ്ങളെ അറിയാം. അറിയുന്നവന്റെയും സാക്ഷിയുടെയും ബന്ധമാണതിനുള്ളത്. അവിടെ വേദനയില്ല. ഞാൻ നമ്മുടെ തെറ്റുകൾ കണ്ടു അതിനാൽ ഞാൻ സ്വതന്ത്രനാണ്.

അഞ്ഞൂറ് രൂപ നിങ്ങൾ സ്വയം നഷ്ടപ്പെടുത്തിയാൽ സഹിക്കും. അതുപോലെ നിങ്ങളുടെ തെറ്റിനെ തിരിച്ചറിഞ്ഞാൽ നിങ്ങളുടെ സഹനശക്തി വർദ്ധിക്കും. ആരുടെ തെറ്റാണത് ? അതെ എന്റെ തെറ്റായിരുന്നു. ഇപ്രകാരം എടുത്താൽ നിങ്ങൾക്ക് സ്വാതന്ത്ര്യം ആയി; അല്ലെങ്കിൽ കൂടുതൽ ബന്ധനസ്ഥരാകും.

ഒരാൾ തന്റെ സഹിഷ്ണത വർദ്ധിപ്പിക്കണം എന്ന് ആവശ്യപ്പെടുന്നു. എത്ര നാൾ നീട്ടും ? യഥാർത്ഥ ജ്ഞാനത്തിന്റെ തന്ത്രി ലക്ഷ്യത്തിൽ എത്തും. സഹനത്തി

ന്റെയും സഹിഷ്ണുതയുടെയും എവിടെ എത്തും ? സഹനശക്തി പരിമിതമാണ് എന്നാൽ ജ്ഞാനശക്തി അപരിമിതമാണ്. നിങ്ങൾക്ക് സഹിക്കുകയോ ദുഖിക്കു-കയോ വേണ്ടാത്ത വിധമുള്ള ജ്ഞാനമാണ് ഞാൻ തരുന്നത്. സഹനം എന്നത് നോട്ടം കൊണ്ട് ഇരുമ്പ് ഉരുകും പോലെയാണ് എന്നാൽ ജ്ഞാനം സ്വതന്ത്രവും ദുഃഖസ്പർശമില്ലാത്തതുമായ പരമാനന്ദമാണ്. കൂടാതെ നിങ്ങൾ നിങ്ങളുടെ കർമ്മങ്ങളുടെ കടം വീട്ടുകയാണെന്ന അറിവും ഉണ്ടാകുന്നു.

**അന്വേഷകൻ** : നമ്മുടെ തെറ്റുകളും കുറവുകളും കാണാൻ ജാഗ്രതയെ എങ്ങനെ മൂർച്ചയുള്ളതാക്കാം ?

**ദാദാജി** : കുറ്റങ്ങൾ എണ്ണമറ്റതാണ്. അവ നമ്മെ ഉറക്കുന്നു. അല്ലെങ്കിൽ നാം എങ്ങനെ ഉറങ്ങും ? ഉറക്കം ഒരു ശത്രുവിനേപ്പോലെയാണ്. അത് നമ്മുടെ ആന്തരിക അശ്രദ്ധയോടുള്ള നിഷ്ക്രിയത്വം ആണ്. നല്ല കാര്യങ്ങൾ ചെയ്യുമ്പോഴും ജാഗ്രതയ്ക്ക് തടസ്സമുണ്ടാക്കുന്നതാണ് നിദ്ര.

നിങ്ങളുടെ ആഹാരവും നിദ്രയും പിൻവലിയുമ്പോൾ നിങ്ങളുടെ നിഷ്ക്രിയത്വവും കുറയും. കുറ്റങ്ങൾ കുറയുമ്പോൾ മുഖം പ്രകാശമാനമാകും, വാക്കുകൾ മധുരമുള്ള-താകും. അങ്ങനെയുള്ളവരെ ആളുകൾ ബഹുമാനിക്കും.

**അന്വേഷകൻ** : ശ്രദ്ധുപയോഗം എന്തിനെയാണ് സൂചിപ്പിക്കുന്നത്?

**ദാദാജി** : ആത്മാവിനെ ശ്രദ്ധിക്കാതിരിക്കരുത് എന്നാണത് സൂചിപ്പിക്കുന്നത്.

ജ്ഞാനിക്കല്ലാതെ മറ്റാർക്കും "തനിക്കു കുറ്റം ഒന്നുമില്ല" എന്ന് അവകാശപ്പെടാൻ കഴിയില്ല. നോക്കു നമ്മുടെ കനുഭായി അത്തരം ഉയർന്ന അവസ്ഥയിലാണ്, എന്നിട്ടും ഒന്നും പറയുന്നില്ല. എല്ലാ തെറ്റുകളും മനസ്സിലാക്കുകയും ഇല്ലാതെയാ-ക്കുകയും വേണം.

'എനിക്കറിയാം' എന്ന രോഗത്തിന് നിങ്ങൾ അടിമപ്പെടരുത്. നിങ്ങൾ ശുദ്ധാ-ത്മാവാണ്, ശുദ്ധാത്മാവ് കുറ്റരഹിതമാണ്- അപരാധരഹിതമാണ്. എന്നാൽ അമ്പാലാൽ എന്ന നിലയിൽ നിങ്ങൾക്ക് കുറ്റങ്ങൾ ഉണ്ടെങ്കിൽ അതു പരിഹ-രിക്കണം

ജ്ഞാനിപുരുഷനോട് അനുസരണയും ബഹുമാനവും അദ്ദേഹത്തിന്റെ കൃപയാ-ൽ അങ്ങനെ ആഗ്രഹിച്ചാൽ നിങ്ങൾക്ക് സാധ്യമാകും. അനുസരണ അതിന്റെ ആനന്ദം നൽകും. ജ്ഞാനത്തിന്റെ ആനന്ദം മറ്റുള്ളവരെ പഠിപ്പിക്കുകയും പ്രചോ-ദിപ്പിക്കുകയും ചെയ്യുന്നവരിലുണ്ട്.

**അന്വേഷകൻ** : ഒരുവന്റെ കുറ്റങ്ങളെ ഇല്ലാതെയാക്കുന്നതിൽ പരമമായ

ലാഭമെന്ത്?

**ദാദാജി** : സ്വരൂപജ്ഞാനം പ്രവർത്തിച്ചു തുടങ്ങുമ്പോൾ അതിന്റെ ഫലവും കാണിക്കും. ദുഃഖമുണ്ടാകുകയില്ല. ഒരുവന്റെ യഥാർത്ഥ സ്വരൂപം അറിഞ്ഞാൽ അയാൾ ജ്ഞാതാവാണ്. അറിയപ്പെടുന്നതെല്ലാം ജ്ഞേയമാണ്. അറിയുന്നവൻ എന്ന ബന്ധത്താൽ നിങ്ങൾക്ക് ക്ലേശം ഇല്ല.

എന്തിനാണ് ഒരാൾ നിങ്ങളോടു കലഹിക്കുന്നത് ? അതു നിങ്ങളുടെ തെറ്റാണ്. നിങ്ങളുടെ കുറ്റം നിങ്ങളെ ബന്ധിക്കുന്നു. നിങ്ങളുടെ കർമ്മങ്ങളുമായുള്ള സാഹ-ചര്യബന്ധമാണത്. സ്വന്തം തെറ്റുകൾ തിരിച്ചറിയുമ്പോൾ മാത്രമേ സ്വതന്ത്ര-നാകൂ. ഞാൻ എന്റെ തെറ്റുകൾ അറിഞ്ഞു സ്വതന്ത്രനായി. നിങ്ങളും ആകൂ.

ഒരുവന്റെ തെറ്റുകളെ കാണുന്ന ദൃഷ്ടി സമദൃഷ്ടിയാണ്. നിങ്ങൾ ശരിയായ പാതയിൽ ആകുമ്പോൾ നിങ്ങളുടെ ലൌകികവ്യാപാരശാല അടക്കും. ശരി-യായ പാതയിൽ ഉള്ളവൻ തന്റെ തെറ്റു കാണും. സ്വന്തം അഴുക്കുതുണികൾ കിട-ക്കുമ്പോൾ മറ്റുള്ളവരുടെ അഴുക്കു തുണികൾ വൃത്തിയാക്കാൻ നടക്കുന്നവരെപ്പോ-ലെയാണ് മറ്റുള്ളവരുടെ തെറ്റു തേടുന്നവർ. എന്താണ് ലോകത്തെ ബന്ധിക്കുന്ന-തെന്ന് ജ്ഞാനത്താൽ ഞാൻ വ്യക്തിപരമായി കണ്ടിട്ടുണ്ട്. ഒരുവൻ അവന്റെ അപരാധത്താൽ ആണ് ബന്ധിതൻ ആകുന്നത്.

**അന്വേഷകൻ** : നമ്മുടെ കേവലമായ കാഴ്ച എന്തായിരിക്കണം ?

**ദാദാജി** : എല്ലാ ജന്തുക്കളെയും നിഷ്കളങ്കമായും കുറ്റമറ്റതായും കാണുമ്പോൾ നി-ങ്ങൾ മുക്തിയിലേക്ക് നീങ്ങും. അത്തരം കുറ്റമറ്റ ദൃഷ്ടിയാൽ മനുഷ്യരെ മാത്രമല്ല ഒരു വൃക്ഷത്തെപോലുംനിങ്ങൾ കുറ്റം പറയില്ല. കാര്യങ്ങൾ അങ്ങനെ തന്നെ നടക്കട്ടെ. ഈ കുറ്റാന്വേഷണം നിങ്ങൾ അനന്തമായ ജന്മചക്രങ്ങളിൽ തുടങ്ങി-യതാണ്.

**അന്വേഷകൻ** : സമ്യക്ത്വത്തിന്റെ താക്കോൽ ഞങ്ങൾക്ക് അങ്ങ് തരുമോ ?

**ദാദാജി** : താഴെ പറയുന്ന രണ്ടു താക്കോലുകൾ കിട്ടിയാൽ നിങ്ങൾക്ക് ശരിയായ ദൃഷ്ടി ഉണ്ടാകും

മനസ്സ് കെട്ടുകളാൽ നിർമ്മിക്കപ്പെട്ടവയാണ്, ആത്മാവിന്റെ അംശമല്ല. അത് പൂർവ്വജന്മത്തിൽ കെട്ടപ്പെട്ടതെന്നു അറിഞ്ഞാൽ മറ്റൊന്നും ചെയ്യേണ്ടതില്ല.

രണ്ടാമത്തെ താക്കോൽ ഇതാണ് : "ആരാണോ ദുഖിക്കുന്നത് അവന്റെയാണ് കുറ്റം"

## 115

## ഭോഗാസക്തിയും അതിശുഷ്കാന്തിയും ആത്മീയാനുഷ്ഠാനത്തിൽ (സ്വച്ഛാനന്ദം : ആത്മീയ വിഷയങ്ങളിൽ സ്വന്തം ബുദ്ധിയെ പിന്തുടരൽ)

**അന്വേഷകൻ** : വളരെ പ്രയത്നം ചെയ്തിട്ടും കാര്യമാത്രമായ ആത്മീയപുരോഗതി ചിലർക്ക് നേടാനാകാത്തത് എന്തുകൊണ്ടാണ്?

**ദാദാജി** : നിങ്ങളുടെ ഉള്ളിൽ ഉള്ള ഒരു വാസനയാണ് സ്വച്ഛാനന്ദം. കാര്യങ്ങൾ തന്നിഷ്ടത്തിനു ചെയ്യുന്നതാണ് സ്വച്ഛാനന്ദം. ഈ അതിശുഷ്കാന്തി ജന്മചക്രങ്ങളിൽ നിന്നും മോചിതനാകുവാൻ തടസ്സമാണ്. നിങ്ങളുടെ അനേകം ജന്മങ്ങളിലെ ബാലൻസ് ഷീറ്റ് നോക്കു, അമിത് എന്ന അക്കൌണ്ട് ബുക്ക് ആണത്. ഇതാണോ ഈ കാലംകൊണ്ടത്രയും നിങ്ങൾ നേടിയത് ? എട്ടു തരം കർമ്മങ്ങളാൽ ബന്ധിതനായിട്ടും ജ്ഞാനത്തിന്റെ ഒരു കണിക പോലും നിനക്ക് നേടാനായോ ? നീ നേടിയ തിരിച്ചറിവുകളിൽ പരമാനന്ദത്തിന്റെ ഒരു തുള്ളി പോലും നീ നേടിയോ ?

ഈ ലൌകികസന്തോഷം ഒരു തെറ്റിധാരണയും സാങ്കല്പികവുമാണ്. നിങ്ങൾക്ക് വേണ്ടത് ശരിയായ മോചനമാണ്, സാങ്കല്പിക സന്തോഷമല്ല. നിങ്ങളെക്കാൾ വലിയൊരു യജമാനൻ നിങ്ങൾക്കില്ല. ഇത് അനുഭവമാകുമ്പോൾ നിങ്ങൾ മുക്തനാകും.

സ്വച്ഛാനന്ദം സ്വയം മരുന്നുണ്ടാക്കുന്നത് പോലെയാണ്. അയാൾ സ്വയം അസുഖം നിർണ്ണയിച്ച് സ്വയം മരുന്നു നിർദ്ദേശിച്ച് സ്വയം അതുണ്ടാക്കുന്നു. മോക്ഷമാർഗ്ഗവും നിങ്ങൾ സ്വയമേവ നിർമ്മിക്കുന്നു. അതുകൊണ്ടാണ് ആ മരുന്നു വിഷമായി മാറിയത്. അതാണ് ആരെങ്കിലും അതിനെ അനുമോദിച്ചാൽ രാഗവും വിമർശിച്ചാൽ ദ്വേഷവും ഉണ്ടാകുന്നത്. മതത്തിലോ, മതഗ്രന്ഥങ്ങളിലോ, ആചാരങ്ങളിലോ നിങ്ങൾക്ക് സ്വച്ഛാനന്ദം ഉപയോഗിക്കാൻ കഴിയില്ല. നിങ്ങൾ തന്നെ വക്കീലും ജഡ്ജിയും ആകുന്നതുപോലെയാണത്. ഈ ഭോഗാസക്തി നിങ്ങൾ പതിക്കുവാൻ കാരണമാകും.

സ്വച്ഛാനന്ദം എന്നാൽ സ്വയം ചിന്തിക്കുക, വ്യാഖ്യാനിക്കുക, പ്രവർത്തിക്കുക എന്നതാണ്. സ്വച്ഛാനന്ദം നിങ്ങളെ ആത്മീയമായി പതിപ്പിക്കും. നിങ്ങൾ തന്നിഷ്ടപ്രകാരം കർമ്മങ്ങൾ ചെയ്താൽ അതു നിങ്ങളെ മുക്തിയിൽ നിന്നകറ്റി ബന്ധനസ്ഥനാക്കുകയും ചെയ്യും.

നിങ്ങൾ ഈ ധർമ്മത്തിൽ എത്താതിരിക്കുകയും എന്നാൽ സ്വന്തം ഇഷ്ടത്തിനു

അതു നേടാൻ ശ്രമിക്കുന്നത് പോലെയുമാണ്. നിങ്ങൾ എവിടെയാണോ അങ്ങനെയിരിക്കുക, അല്ലെങ്കിൽ സ്വന്തം ഇഷ്ടപ്രകാരം നിങ്ങൾ സ്വച്ഛാനന്ദം ഉപയോഗിക്കുകയും ലോകത്തിൽ ബന്ധിക്കപ്പെടുകയും ചെയ്യും.

**അന്വേഷകൻ** : പക്ഷെ മോക്ഷത്തിനു വേണ്ടി സ്വന്തമായി പരിശ്രമിക്കുന്നത് എങ്ങനെ തെറ്റാകും ?

**ദാദാജി** : ഈ ലോകത്തിൽ ഒരുവന് തന്റെ മനസ്സിനെയും ബുദ്ധിയെയും മാത്രം ആശ്രയിച്ചുകൊണ്ട് മുന്നോട്ടു പോകുക സാധ്യമല്ല. നിങ്ങൾ ഒരു പ്രഭാഷണം കേട്ടാലും, സന്ന്യാസിയെ കണ്ടാലും, തപസ്സ് ചെയ്താലും എല്ലാം സ്വന്തം ഇച്ഛയാൽ ചെയ്താൽ സ്വച്ഛാനന്ദം ആണ്.

അതിനെ ഇല്ലാതാക്കുന്നതിന് മുൻപ് സ്വച്ഛാനന്ദം എന്തെന്ന് അറിയേണ്ടതുണ്ട്. ബുദ്ധിയെയോ മനസ്സിനെയോ മാത്രം ആശ്രയിച്ച് അതു ചെയ്യാനുമാകില്ല. ശ്രീമദ് രാജ്ചന്ദ്ര പറഞ്ഞിട്ടുണ്ട്, "ജീവന്മുക്തനായ ഒരു അവതാരപുരുഷനോട് സമഞ്ജസപ്പെടുത്താതെ നിങ്ങൾ എന്തു ചെയ്താലും അതു ബന്ധനമാകും. ഇത് എന്റെ ഹൃദയത്തിൽ നിന്നുള്ള വാക്കാണ്."

'ഞാൻ അമിത് ആണ്', ഈ തെറ്റായ വിശ്വാസമാണ് സ്വച്ഛാനന്ദം. നിങ്ങളുടെ ആപേക്ഷികമായ ആത്മാവിനെ സത്യമായി തെറ്റിദ്ധരിക്കുന്നത് സ്വച്ഛാനന്ദമാണ്. സ്വച്ഛാനന്ദം ഇല്ലാതെയായാൽ നിങ്ങൾക്ക് വേഗം തന്നെ മോക്ഷം ലഭിക്കുന്നതാണ്.

**അന്വേഷകൻ** : അപ്പോൾ സാധകർ ആത്മീയ അനുഷ്ഠാനത്തിൽ മാതൃകാപരമായി എന്താണ് ചെയ്യേണ്ടത്?

**ദാദാജി** : നിങ്ങളുടെ ബുദ്ധിയുടെ മാർഗ്ഗോപദേശത്തിൽ നിങ്ങൾക്ക് ജീവിക്കാനാകില്ല. ഒരു ജ്ഞാനിയെ കണ്ടെത്തും വരെ നിങ്ങളെക്കാൾ അഞ്ചു മടങ്ങെങ്കിലും ആത്മീയനിലയിലുള്ള ആളെ പിന്തുടരുക. ശ്രീമദ് രാജ്ചന്ദ്രജി പറഞ്ഞിട്ടുണ്ട്, "ഒരു ജ്ഞാനിപുരുഷനെ കണ്ടെത്തി അദ്ദേഹത്തിന്റെ പാദാരവിന്ദങ്ങളിൽ സകലതും സമർപ്പിക്കൂ. എന്നിട്ടും മോക്ഷം കിട്ടിയില്ലെങ്കിൽ എന്നിൽ നിന്നും എടുത്തുകൊള്ളൂ".

**അന്വേഷകൻ** : അപ്പോൾ ജ്ഞാനിയുടെ മാർഗ്ഗോപദേശം തികച്ചും അത്യാവശ്യമാണോ ?

**ദാദാജി** : അതെ, ആത്മീയവിഷയങ്ങളിൽ നിർദ്ദേശം തേടണം. ഇപ്പോൾ മതം സ്വച്ഛാനന്ദത്തിലൂടെയാണ് കടന്നു പോകുന്നത്. ഉദാഹരണമായി നിങ്ങൾ

കുറേക്കാലമായി ഒരു ഗുരുവിനെ പിന്തുടരുന്നു എങ്കിലും നിങ്ങളുടെ പേര് പിറുപിറുക്കുന്നത് കേട്ടാൽ നിങ്ങൾ ആകാംക്ഷാഭരിതരാകുന്നു. കൂടാതെ ആരെങ്കിലും നിങ്ങളെക്കുറിച്ച് പറഞ്ഞാൽ രാഗമോ ദ്വേഷമോ ഉണ്ടാകുന്നു. രാഗദ്വേഷങ്ങളെ അതിജീവിക്കാൻ ആവുന്നില്ലെങ്കിൽ ഗുരുവിനോടുള്ള ഭക്തികൊണ്ട് എന്തു പ്രയോജനം ?

എന്തായാലും ശുദ്ധമായും നിങ്ങളുടെ ഭക്തി മുക്തിക്കു വേണ്ടിയെങ്കിൽ നിങ്ങൾ ജ്ഞാനിയെ കണ്ടെത്തുകതന്നെ ചെയ്യും.

നിങ്ങൾക്ക് ഇനി മുതൽ തന്നിഷ്ടപ്രകാരം ജീവിക്കാൻ കഴിയില്ല. തീയിൽ അറിയാതെ തൊട്ടാൽ പോലും കൈ പൊള്ളും. അജ്ഞാനത്താൽ ചെയ്യുന്ന കർമ്മങ്ങളുടെ ഫലവും നിങ്ങൾക്ക് ലഭിക്കും. അതിനാൽ "ഞാൻ ആരാണ്, ഇതെല്ലാം എന്താണ്" എന്ന് നിങ്ങൾ പ്രാഥമികമായി അറിയണം.

സ്വച്ഛാനന്ദത്തിൽ നിന്നും മുക്തമാകുമ്പോൾ മാത്രമേ ദാദയുടെ 'ചരന്ദ്' (താളം) സ്ഥാനം ഏറ്റെടുക്കുകയുള്ളൂ, അതായത് ദാദയുടെ ജ്ഞാനം മോക്ഷത്തിനുള്ള എല്ലാ ആവശ്യങ്ങളിലും നിങ്ങളെ നയിക്കും. നിങ്ങളുടെ പിടിവാശി ഇല്ലാതെയാകുമ്പോൾ സ്വരൂപം വെളിപ്പെടും.

**അന്വേഷകൻ** : സ്വേച്ഛയോടു കൂടാത്ത, പിടിവാശി ഇല്ലാത്ത മനുഷ്യന്റെ വിവരണം എന്താണ്?

**ദാദാജി** : അങ്ങനെയുള്ളയാൾ വഴക്കമുള്ളവനാണ്. ആവശ്യാനുസരണം മാറുവാൻ അയാൾക്ക് കഴിയും.അയാൾ തീർച്ചയായും മോക്ഷമാർഗ്ഗത്തിൽ പ്രവേശിക്കും. എന്നാൽ നിർബന്ധബുദ്ധി ഒന്നിനും വഴങ്ങുകയില്ല.

ചാപല്യം, ഭോഗാസക്തി, ദുർവാശി എന്നിവ മനസ്സിന്റെ പതർച്ചയാണ്, മറ്റുള്ളവരാണ് തന്റെ ദുരിതത്തിന് കാരണം എന്ന ബുദ്ധിഭ്രമം ആണത്.മറ്റാരുമല്ല നിങ്ങൾത്തന്നെയാണ് ഉത്തരവാദി. ചാപല്യം-പിടിവാശി അതാണ് നിങ്ങളുടെ ഏറ്റവും വലിയ കുറവ്.

മോക്ഷം ആഗ്രഹിക്കുന്നവർക്കായി ഈശ്വരൻ ഒരു മനോഹരമായ കൂട്ടു തയ്യാറാക്കിയിരിക്കുന്നു. എല്ലാവർക്കും ആ മാർഗ്ഗം അദ്ദേഹം കൊടുത്തതാണ് എന്നാൽ ഇന്നത് നഷ്ടമായിരിക്കുന്നു. ആ മാർഗ്ഗം ഞാൻ നിങ്ങൾക്കു ഇന്ന് വെളിപ്പെടുത്തുന്നു.

ആ കൂട്ടിലെ ചേരുവകൾ ഇവയാണ് : 20% ശാസ്ത്രഗ്രന്ഥങ്ങൾ, 70% വിനയവും ജ്ഞാനിയോടുള്ള ബഹുമാനവും 10% ലൌകിക ആഗ്രഹങ്ങളും.

നിങ്ങൾക്ക് ഈ കൂട്ട് സുരക്ഷിതമായി ഉപയോഗിക്കാം. എന്നാൽ ആളുകൾ ഗ്രന്ഥ ങ്ങൾ മാത്രം പഠിച്ച് രോഗികളായി. മൂന്നു നേരവും ഈ കൂട്ട് നല്ലവണ്ണം ഇളക്കി സേവിക്കാൻ ഈശ്വരൻ പറഞ്ഞെങ്കിലും ആളുകളിൽ ചിലർ മൂന്നു നേരവും ഇത് ഇളക്കുക മാത്രം ചെയ്യുന്നു. ചിലരാകട്ടെ ഈ മരുന്നു ഇളക്കിയ ശേഷം കഴിക്കുക എന്ന് ആവർത്തിച്ചു കൊണ്ടുമിരിക്കുന്നു... !

ഇത് വൈദ്യന്മാർക്കുള്ള പുസ്തകത്തിൽ നിന്നും മരുന്നുണ്ടാക്കും പോലെയാണ്. വൈദ്യനെ കാണാതെ ആളുകൾ മരുന്നു വാങ്ങില്ല. എന്നാൽ ഭഗവാൻ മഹാവീ-രനെപ്പോലുള്ളവരുടെ ഗ്രന്ഥങ്ങൾ എടുത്ത് പഠിക്കുന്നു. ഭഗവാൻ ഇതിനെ സ്വച്ഛാനന്ദം എന്ന് വിളിക്കുന്നു.

**അന്വേഷകൻ** : വിധിപ്രകാരം മുന്നോട്ടു പോകുക എന്നത് നിർബന്ധമാണോ അല്ലാതെ ഇഷ്ടാനുസരണം ചെയ്യാൻ അവസരമില്ലേ ?

**ദാദാജി** : മോക്ഷമാർഗ്ഗം ഇടുങ്ങിയതാണ്. നേരായ വഴിയിൽ സഞ്ചരിച്ചില്ലെങ്കിൽ നിങ്ങൾ കുടുങ്ങും. നിർദ്ദേശങ്ങൾ അനുസരിച്ച് സഞ്ചരിച്ചില്ലെങ്കിൽ മോക്ഷം ലഭിക്കുകയില്ല. നിങ്ങൾ വഴക്കമുള്ളവരും, പിടിവാശി കളഞ്ഞവരും സാഹചര്യ ങ്ങൾക്കനുസരിച്ച് മാറുവാൻ കഴിയുന്നവരും ആകണം. ഒരു പാമ്പ് പോലും തന്റെ മാളത്തിൽ കയറുമ്പോൾ നേരെയാകും.

ലൌകികജീവിതം വഴക്കമില്ലായ്മയും ദുർവാശിയും കൊണ്ട് പ്രതിഷ്ഠിക്ക-പ്പെട്ടിരിക്കുന്നു. അതിനാൽ നിങ്ങൾക്ക് മോക്ഷം നേടാൻ സാധിക്കുന്നില്ല. സാധു ആകും മുൻപ് ഒരുവൻ ഋജുവാകുവാൻ ഈശ്വരൻ താത്പര്യപ്പെടുന്നു. പിടിവാ-ശി ഒഴിവാക്കാൻ ആയില്ലെങ്കിൽ നിങ്ങൾ സാധു ആയിട്ട് എന്ത് ഗുണം ? വികൃത-മായ അഹന്തയിൽ നിന്നാണ് ദുർവാശി ഉണ്ടാകുന്നത്. ഈ പിടിവാശി നേരായ മാർഗ്ഗം മുന്നിൽ വന്നാലും അതിനെ അംഗീകരിക്കാൻ ഒരുവനെ അനുവദിക്കില്ല. അയാൾ തന്റെ അഹന്തയെ മറ്റെല്ലാത്തിനേക്കാളും പരിപോഷിപ്പിച്ചിരിക്കുന്നു. ഈ പിടിവാശിയാൽ അയാൾ കുറേ ജന്മങ്ങൾ അലഞ്ഞു. ഇത് ഒരുവനെ ശരി-യായ വഴി കാണിച്ചു കൊടുക്കില്ല. പിടിവാശി സ്വച്ഛാനന്ദത്തെ ഉളവാക്കുന്നു. ആത്മീയവളർച്ചയ്ക്ക് വിഷമാണ് സ്വച്ഛാനന്ദം.

കേവലജ്ഞാനം നേടും വരെ ദുർവാശി ഉണ്ടാകും. നിങ്ങൾ പിടിവാശിയുടെ സമുദ്രം താണ്ടണം. നിങ്ങളിപ്പോൾ പിടിവാശിയുടെ തീരത്താണ്. മറുവശത്ത് എത്തണം. ദുർവാശിയെ ദുർവാശി കൊണ്ട് ഒഴിവാക്കാനാകില്ല. നിങ്ങൾ വഴക്ക മുള്ളവനാകണം. ഒരു പാമ്പിനു പോലും മാളത്തിൽ കയറാൻ നേരെ ആകണം.

മോക്ഷത്തിനു ഒരുവൻ തുറന്ന മനസ്സുള്ളവനും ഋജുവും ആകണം. എല്ലാ ബൌദ്ധികകെട്ടുകളും പൊട്ടിച്ച് സാമാന്യനാകണം.

**അന്വേഷകൻ** : ഗ്രന്ഥങ്ങൾ പഠിച്ചാലും സംശയങ്ങൾ കൂടാൻ കാരണമെന്ത്?

**ദാദാജി** : സ്വന്തം ഇച്ഛയനുസരിച്ച് ഗ്രന്ഥങ്ങൾ പഠിച്ചാൽ നിങ്ങളുടെ ബുദ്ധിയും ഭാവനയും വച്ചു അതിനെ നിങ്ങൾ വ്യാഖ്യാനിക്കുകയും സത്യത്തിൽ നിന്നും അകന്നു പോകുകയും നിങ്ങളുടെ ഉൾകാഴ്ച മങ്ങി ദുർവാശി ഉള്ളവൻ ആകുകയും ചെയ്യും. ഇത് അജ്ഞാനത്തിന്റെ മറവു കട്ടിയുള്ളതാക്കും.

നിങ്ങൾ ഗ്രന്ഥങ്ങളിൽ നിന്നും എന്തെങ്കിലും പഠിച്ചെങ്കിൽ എന്തിനാണ് സംശയിക്കുന്നത് ? ഒരുവൻ ഇരുട്ടത്താണ് സംഭ്രമിക്കുക വെളിച്ചമുള്ളപ്പോൾ അല്ല. ശരിയല്ലേ ? എന്തെങ്കിലും അറിഞ്ഞതുകൊണ്ട് ചെറിയ ദുഃഖമെങ്കിലും ശമിച്ചോ ? മറുവശത്ത് നിങ്ങൾ കൂടുതൽ ആശയക്കുഴപ്പത്തിലായി. സംശയമുള്ളിടത്ത് അജ്ഞാനമുണ്ട്. സംശയത്തിന്റെ സാന്നിധ്യം ശരിയായ ജ്ഞാനത്തിന്റെ അഭാവത്തെ കാണിക്കുന്നു. ജ്ഞാനം ഒരുവനെ പൂർണ്ണമായും സംശയത്തിൽ നിന്നും മുക്തനാക്കുന്നു.

ശരിയായ ജ്ഞാനം ഉള്ളിലുള്ള ഒരു പരമാണുവിനെയും ചലിപ്പിക്കുന്നില്ല. അത് എല്ലാ സംശയങ്ങളിൽനിന്നും നിങ്ങളെ മുക്തനാക്കും. സംശയം ഒരു രോഗമാണ് അത് ആത്മാവിൽ നിന്നും നിങ്ങളെ അകറ്റും. അതിനാൽ സംശയത്തെ മുളയിലെ നുള്ളണം. ആത്മാവിൽ സ്ഥിരപ്പെട്ടു കഴിഞ്ഞാൽ നിങ്ങളെ എന്തിനെങ്കിലും ഇളക്കാനാകുമോ ? നിങ്ങൾക്ക് സഹജമായ ഒന്നിനെ തട്ടിയെടുക്കാൻ ആർക്കെങ്കിലും കഴിയുമോ ? സംശയം ഒരു മാരക രോഗമാണ്. അത് എങ്ങനെ നിങ്ങളിൽ പ്രവേശിക്കുന്നു എന്നും എങ്ങനെ ഒഴിവാക്കണം എന്നും നിങ്ങൾക്കറിയില്ല.

**അന്വേഷകൻ** : ഗ്രന്ഥങ്ങളിൽ നമുക്ക് അറിവുണ്ടെങ്കിലും ആശങ്ക വിട്ടൊഴിയുന്നില്ല.

**ദാദാജി** : അനിശ്ചിതവും ഭദ്രമല്ലാത്തതുമായ ഈ ലോകത്തിൽ പുറത്ത് പോയ ശേഷം തിരികെ വീട്ടിലെത്തുമെന്നു ഉറപ്പില്ലാത്തപ്പോൾ, എന്തിനെ നിങ്ങൾ സംശയിക്കും, എന്തിനെ വിശ്വസിക്കും ? ഇതു മുൻപ് സംഭവിച്ചിട്ടില്ലേ ? ഇതെല്ലാം പുതിയതാണോ ? ഇതു മുൻപേ തന്നെ നിർമ്മിച്ചതാണ്. വ്യവസ്ഥിതനിയമത്തിനു അതീതമായി ഒന്നും സംഭവിക്കില്ല എന്ന് ഞാൻ ഉറപ്പു തരുന്നു. പിന്നെന്തിനാണ് ആശങ്ക ? സംശയിക്കേണ്ട കാര്യമൊന്നുമേ ഇല്ല.

ഈ ആളുകൾ മോക്ഷത്തെയും, വീതരാഗത്തെയും, മതത്തെയും സംശയിക്കുന്നു.

ഇങ്ങനെ നിങ്ങൾ സംശയിച്ചാൽ നിങ്ങൾ പുറത്താക്കപ്പെടും.

**അന്വേഷകൻ** : ഞാൻ ആത്മാവെന്നു തുടർച്ചയായി മനനം ചെയ്യുന്നുവെങ്കിലും സാക്ഷാത്കരിക്കാൻ കഴിയുന്നില്ല.

**ദാദാജി** : ഞാൻ ശരീരമാണ് എന്ന ദേഹാദ്ധ്യാസം പോകുമ്പോൾ മാത്രമേ ആത്മാവ് വെളിപ്പെടുകയുള്ളൂ. അല്ലെങ്കിൽ ഈ വിശ്വാസം ആത്മാവിനെ സാക്ഷാത്കരിക്കാൻ നിങ്ങളെ സഹായിക്കില്ല. ബുദ്ധിയാണ് ഇതിലെ യഥാർത്ഥപ്രതി. ലൌകിക ജീവിതത്തെ ബുദ്ധി ന്യായീകരിക്കുന്നു, നിങ്ങൾ അതിൽ അനേകം ജന്മങ്ങൾ അലയുന്നു. ബുദ്ധി നിങ്ങൾക്ക് ശരിയായ വഴി കാണിക്കില്ല. നിങ്ങൾ ശരിയായ പാതയിൽ എത്തുമ്പോൾ ആത്മാവിനെ സാക്ഷാത്കരിക്കാനുള്ള സാധ്യത നിലനിൽക്കുന്നു. ശരിയായ വഴി എന്നാൽ സംകിത അഥവാ ഞാൻ ശുദ്ധാത്മാവാണെന്നുള്ള ബോധം നേടുക എന്നതാണ്. 'ഞാൻ അമിത് ആണെന്നുള്ളത് തെറ്റായ ധാരണയാണ്. യഥാർത്ഥ ആത്മാവ് ജ്ഞാനമാണ്. 'ഞാൻ അമിത് എന്ന അജ്ഞാനത്തിന്റെ നാശമാണ് ഞാൻ ശുദ്ധാത്മാവെന്നുള്ള ജ്ഞാനത്തിന്റെ ഉദയം. അപ്പോൾ മാത്രമേ ഒരുവൻ മുക്തിയുടെ ആനന്ദം അനുഭവിക്കുകയുള്ളൂ.

## 116

## കർക്കശവിശ്വാസം : കാഴ്ചപ്പാടിലുള്ള നിർബന്ധബുദ്ധി (മതഗ്രഹം)

**അന്വേഷകൻ** : വളരെ ആവേശത്തോടെ ആളുകൾ അവരുടെ വിശ്വാസത്തെ പിന്തുടരുന്നു. എങ്കിലും ആത്മീയ പാതയിൽ പുരോഗതി ഉണ്ടാകുന്നില്ല.

**ദാദാജി** : അതെ. ആളുകൾ ചില പ്രത്യേക കാഴ്ചപ്പാടുകളിൽ കുടുങ്ങി അതു വിടാതെ പിടിച്ചിരിക്കുന്നു. ആ തത്ത്വം, സമ്പ്രദായം എന്നിവയുടെ അടിസ്ഥാനത്തെ അവർ ശക്തിപ്പെടുത്തുന്നു. മറ്റുള്ളവരുടെ കാഴ്ചപ്പാടുകളോട് അവർ അന്ധരാകുന്നു, കാർക്കശ്യം കാണിക്കുന്നു. അവരുടെ പക്ഷത്തെ ശക്തിപ്പെടുത്താനുള്ള ശ്രമത്തിൽ രാവും പകലും അവർക്ക് നഷ്ടമാകുന്നു. ഹേ മൂഢാ നിനക്ക് മോക്ഷം നേടണോ അതോ കർക്കശനായിരിക്കണോ ?

**അന്വേഷകൻ** : കാർക്കശ്യം മുക്തിക്ക് ഒരു വിധത്തിലും സഹായകരമാകില്ല സർ ?

**ദാദാജി** : മുക്തിയും കർക്കശസിദ്ധാന്തവും പരസ്പരവിരുദ്ധമാണ്. ഒരാൾ എല്ലാ കാഴ്ചപ്പാടുകൾക്കും അതീതമായി ഉയരുമ്പോൾ ആണ് മുക്തിയിലേക്കുള്ള വഴി കണ്ടെത്തുന്നത്. പക്ഷപാതം ഇല്ലാത്തിടത്തേ ഈശ്വരൻ ഉള്ളൂ. അവിടയേ മുക്തിയുള്ളൂ. മറ്റുള്ളവരുടെ കാഴ്ചപ്പാടുകളോട് അന്ധതയുള്ളവൻ ആത്മാവിനെ

ഒരിക്കലും അറിയില്ല. നിങ്ങൾ നിങ്ങളുടെ കാഴ്ചപ്പാടിനെ മാത്രമേ അംഗീകരിക്കു-ന്നുള്ളൂ എങ്കിൽ മറ്റുള്ളവരുടെ സത്യത്തെ എങ്ങനെ സ്വീകരിക്കും ? നിങ്ങളുടെ നിർബന്ധബുദ്ധി സ്ഥിരമോ ക്ഷണികമോ ? നിങ്ങൾക്ക് ആവശ്യമുള്ളത് സ്ഥിരമാ-യതാണ് എങ്കിലും ക്ഷണികമായ കാര്യങ്ങളിൽ നിങ്ങൾ നിർബന്ധബുദ്ധി ഉള്ള-വനാകുന്നു. പിന്നെങ്ങനെ നിങ്ങൾക്ക് ആത്മസാക്ഷാത്കാരം നേടാനാകും ?ആ ത്മാവ് ഒഴിച്ച് പൂർണ്ണമായും നിർബന്ധബുദ്ധിയിൽ നിന്നും സ്വതന്ത്രനാകൂ, അ പ്പോൾ ആത്മസാക്ഷാത്കാരം നേടാം. എല്ലാ ആഗ്രഹങ്ങളെയും മാറ്റി നിർത്തി സത്യത്തെ അറിയാൻ ശ്രമിക്കൂ.

## 117

## മതഭ്രാന്ത്:ദൃഷ്ടി രാഗം

(ഒരു പ്രത്യേക കാഴ്ചപ്പാടിനോട് മാത്രമായുള്ള മമത)

**അന്വേഷകൻ** : ഒരു പ്രത്യേക ആശയത്തോട് ഏകതാനതയുള്ള ഉദ്യമങ്ങളെക്കു-റിച്ച് പറയൂ.

**ദാദാജി** : മതാന്ധതയേക്കാൾ അപകടകരമാണ് ദൃഷ്ടിരാഗം. ഭഗവാൻ മതാന്ധ-തയ്ക്ക് എതിരല്ല എന്നും എന്നാൽ ഒരു പ്രത്യേക വിശ്വാസത്തോടുള്ള മതഭ്രാന്തി-നെതിരാണെന്നും പറയപ്പെടുന്നു.

**അന്വേഷകൻ** : എന്താണ് ദൃഷ്ടിരാഗം ?

**ദാദാജി** : നോക്കൂ 360 ഡിഗ്രി കാഴ്ചപ്പാടുകൾ ഉണ്ട്. ഒരു കാഴ്ച്ചപ്പാടുകളിലും അന-ന്തമായ മറ്റു കാഴ്ചപ്പാടുകളും ഉണ്ട്. ഏതെങ്കിലും ഒരു കഴ്ചപ്പാടിനോടുള്ള മതഭ്രാന്ത് ആണ് ദൃഷ്ടിരാഗം. ജ്ഞാനിപുരുഷനുമായുള്ള സമ്പർക്കം കൊണ്ടേ ദൃഷ്ടിരാഗം ഇല്ലാതെയാകൂ.

ദൃഷ്ടിരാഗമുള്ള ഒരു മനുഷ്യന് ആത്മാവിനെ മറയ്ക്കുന്ന നിഗൂഢമറവുണ്ട്. മമതയും, രാഗദ്വേഷങ്ങളും പോകാം പക്ഷെ ദൃഷ്ടിരാഗം പോകണമെന്നില്ല. ഈ രോഗം ഈ ജന്മത്തിലോ വരാനുള്ള അനേകം ജന്മങ്ങളിലോ പോകണമെന്നില്ല. ദൃഷ്ടിരാഗത്തിന്റെ ലക്ഷണങ്ങൾ എന്തെല്ലാമാണ്? വീതരാഗത്തിന്റെ ഒരു സ്വഭാ-വം പോലും അതിനില്ല.

ദൃഷ്ടിരാഗമുള്ളയാൾ ഞാൻ പറയുന്ന ഒരു വാക്ക് പോലും മനസ്സിലാക്കില്ല എന്നാ-ൽ ഒരു നിരക്ഷരന് ഞാൻ പറയുന്നത് മനസ്സിലാക്കാൻ പറ്റിയേക്കാം. എല്ലാ മമതകളുടെയും മമതയാണ് ദൃഷ്ടിരാഗം. അതിനെ വേരോടെ പിഴുതെറിഞ്ഞു കളഞ്ഞാൽ മാത്രമേ ഒരുവന് ആത്മാവിനെ സാക്ഷാത്കരിക്കാൻ കഴിയൂ.

## 118

## വിദ്വേഷവും പ്രതികാരവും

**അന്വേഷകൻ** : നമ്മെ ദംശിക്കാൻ വരുന്ന സർപ്പത്തെ നാം കൊല്ലണ്ടേ ?

**ദാദാജി** : അതിനെ കൊല്ലുന്നതിലും നല്ലത് മാറിപ്പോകുന്നതാണ്. നിങ്ങളുടെ നേരെ ഒരു ട്രെയിൻ പാഞ്ഞുവരുന്നത് കണ്ടാൽ നിങ്ങൾ എന്തു ചെയ്യും ? നിങ്ങൾ പുറകോട്ടു വഴി മാറും.

അഞ്ചു ഇന്ദ്രിയങ്ങളുള്ള ജീവിയാണ് സർപ്പം. അതിനെ കൊന്നാൽ അത് പ്രതികാരത്തിനു പ്രതിജ്ഞയെടുക്കും. തെറ്റു ചെയ്യാതെ കൊല്ലപ്പെട്ടു എന്നതു കരുതും. അടുത്ത ജന്മത്തിൽ അതു നമ്മളെ കൊല്ലും.

**അന്വേഷകൻ** : വീടിനുള്ളിൽ ഉള്ള പ്രാണികളെയും മറ്റും കൊല്ലണ്ടേ ?

**ദാദാജി** :ലോകം മുഴുവൻ പ്രതികാരത്തിലൂടെയാണ് മുളച്ചുവരുന്നത്. എന്തിനു, ഈ ചെറിയ ഉറുമ്പ് പോലും അതിനു ശക്തി ഉണ്ടെങ്കിൽ നിങ്ങളെ ആക്രമിക്കാമായിരുന്നു എന്ന് കരുതും. നോക്കു ഒരു മൂട്ട പോലും നിങ്ങൾ മുറിയിൽ വെളിച്ചം തെളിയിക്കുമ്പോൾ ഭയന്നു ഓടുന്നു. ഒരു വശത്തു അത് ചിന്തിക്കും 'നിങ്ങൾ എന്നെ കൊല്ലും,", മറുവശത്ത് അത് ചിന്തിക്കും, "ഇത് എന്റെ ഭക്ഷണമാണ്, എന്റെ ഭക്ഷണം കഴിക്കുന്നതിനു ഞാൻ എന്തിനു കൊല്ലപ്പെടണം ?". പൂർവകർമ്മബന്ധം (ഋണാനുബന്ധം) കൊണ്ട് അതു നിങ്ങളുടെ രക്തം കുടിക്കുന്നു.

സ്നേഹം, പ്രതികാരം എന്നിങ്ങനെ രണ്ടു തരത്തിൽ ബന്ധനമുണ്ട്. സ്നേഹം ആദരിക്കപ്പെടുന്നതും, അംഗീകരിക്കപ്പെടുന്നതും ആണ്. എന്നാൽ പ്രതികാരം ലോകത്തെ ബന്ധിക്കുന്നു. സ്നേഹവും വാത്സല്യവും പറ്റുമാനം ഉണ്ടാക്കുമെങ്കിലും ക്രമേണ അത് കുറയും, എന്നാൽ പ്രതികാരം അങ്ങനെയല്ല. ഓരോ ദിവസവും അതിനു മൂർച്ചകൂടിക്കൊണ്ടേ ഇരിക്കും.

## 119

## സംസാരസാഗരത്തിലെ സ്പന്ദനങ്ങൾ

**അന്വേഷകൻ** : ലൌകിക ജീവിതത്തിലെ സ്പന്ദനങ്ങളുടെ പ്രാധാന്യം വ്യക്തമാക്കുമോ

**ദാദാജി** : ലൌകികജീവിതം പരമാണുക്കളുടെ ഒരു സമുദ്രമാണ്. ഈ പരമാണുക്കൾ സ്പന്ദിക്കുമ്പോൾ അവ പരസ്പരം കൂട്ടിമുട്ടുന്ന തരംഗങ്ങളെ ഉണ്ടാക്കുന്നു. ഈ കൂട്ടിയിടികൾ കൂടുതൽ സ്പന്ദനങ്ങൾക്കും അതുവഴി കൂടുതൽ തരംഗങ്ങൾക്കും കാരണമാകുകയും അതൊരു കൊടുംകാറ്റ് പോലെ ആകുകയും ചെയ്യുന്നു. എല്ലാ

സ്പന്ദനങ്ങളും പരമാണുക്കളിൽ നിന്നു മാത്രമാണ്. ആത്മാവ് അതിൽ വ്യാപൃത-മായാൽ സ്പന്ദനങ്ങൾ കൂടുതൽ ശക്തി പ്രാപിക്കും. ഈ ലോകവും ഒരു സമുദ്രം പോലെയാണ്. ഒരു സ്പന്ദനം അനേകം സ്പന്ദനങ്ങളെ ഉണ്ടാക്കുന്നു. ലോകം മുഴുവനും ഈ മാറ്റൊലിയിൽ നിന്നും ഉയർന്നു വന്നതാണ്. എല്ലാ പ്രതിധ്വനി-കളും കൃത്യമാണ്, കൂടാതെ താളത്തിലാണ് കേൾക്കുന്നത്.

**അന്വേഷകൻ** : ഈ സ്പന്ദനങ്ങൾ എങ്ങനെയാണ് ഉണ്ടാകുന്നത്?

**ദാദാജി** : ആഴമുള്ള കിണറിന്റെ മുകളിൽ നിന്നും "നിങ്ങൾ ഒരു കള്ളനാണ്" എന്ന് ഉറക്കെ പറഞ്ഞാൽ എന്തു സംഭവിക്കും ? അത് പ്രതിധനിക്കും : "നിങ്ങൾ ഒരു കള്ളനാണ്. "നിങ്ങൾ ഒരു രാജാവാണ്" എന്ന് പറഞ്ഞാലോ അത് "നിങ്ങൾ ഒരു രാജാവാണ്" എന്ന് പ്രതിധ്വനിക്കും. "നിങ്ങൾ ഒരു ചക്രവർത്തിയാണ്" എന്ന് പറഞ്ഞാൽ അതുപോലെയും. ഈ ലോകം ആഴമുള്ള ആ കിണർ പോലെ -യാണ്. നിങ്ങളുടെ സ്പന്ദനങ്ങൾ പോലെയാണ് പ്രതിധ്വനികൾ ഉണ്ടാകുന്നത്. 'പ്രവർത്തനങ്ങളും പ്രതിപ്രവർത്തനങ്ങളും തുല്യവും വിപരീതവുമായിരിക്കും' എന്നത് പ്രകൃതിയുടെ നിയമമാണ്. ഏതു പ്രതിധ്വനി കേൾക്കണം എന്നുള്ളത് നിങ്ങളെ ആശ്രയിച്ചിരിക്കും. നിങ്ങൾ ആരെയെങ്കിലും കള്ളൻ എന്ന് വിളിച്ചാൽ നിങ്ങളും കള്ളൻ എന്ന് വിളിക്കപ്പെടും. അതിനാൽ എന്താണോ കേൾക്കാനിഷ്ടം അതനുസരിച്ചു വേണം നിങ്ങളുടെ സ്പന്ദനങ്ങളെ വിക്ഷേപിക്കുവാൻ. നിങ്ങൾ കല്ലെറിഞ്ഞില്ലെങ്കിൽ അത് മറുവശത്തുള്ള ആളിൽ തരംഗങ്ങളെ സൃഷ്ടിക്കില്ല. നിങ്ങളെ ബാധിക്കുകയും ഇല്ല. പക്ഷെ ഒരാൾക്ക് എന്ത് ചെയ്യാൻ കഴിയും ? ചിലർ ചെറുതും ചിലർ വലുതുമായ സ്പന്ദനങ്ങൾ ഉണ്ടാക്കുന്നു. ചിലർ ചെറിയ കല്ലുകൾ എറിയുന്നു. ചിലർ വലിയ പാറകളും.

അജ്ഞാനമറയാൽ സ്പന്ദനങ്ങളുണ്ട്. അതിനാൽ ഒരുവൻ തടവിലാക്കപ്പെടുന്നു. ജ്ഞാനമുള്ളിടത്ത് സ്പന്ദനമില്ല. സ്പന്ദനങ്ങൾ ഉണ്ടാക്കരുതെന്നു ഈശ്വരൻ പറ-യുന്നെങ്കിലും അയാൾ അതു നിർത്തുന്നില്ല. നമുക്ക് ശാന്തമായി ജീവിക്കണമെ-ങ്കിൽ സ്പന്ദനങ്ങൾ ഇല്ലാതെയാക്കണം.

ഒരുപാട് സ്പന്ദനങ്ങൾ നിങ്ങൾ സ്വരൂപിച്ചാൽ നരകജീവിതമാകും ഫലം. ചെറിയ സ്പന്ദനങ്ങൾ ഉള്ള ആളുകൾക്ക് സ്വർഗ്ഗജീവിതം ലഭിക്കും. സമുദ്രമല്ല നാം കല്ലെറിഞ്ഞുണ്ടാക്കുന്ന സ്പന്ദനങ്ങളാണ് നമ്മെ അലട്ടുന്നത്. തനിയെ വിട്ടാൽ സമുദ്രം ശാന്തമാണ് എന്നാൽ സ്പന്ദനങ്ങൾ കൊടുംകാറ്റു വിതക്കുന്നു.

ഈശ്വരൻ എന്താണ് പറയുന്നത് ? നാം ആത്മാവിനായി ഒരു നിമിഷം പോലും

ചിലവാക്കുന്നില്ല മറിച്ച് എല്ലാ സമയവും സ്പന്ദനങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു എന്ന് അദ്ദേഹം പറയുന്നു. ആളുകൾ സ്പന്ദനം ഉണ്ടാക്കുന്നു, നിങ്ങളും, അതിനാൽ നിങ്ങൾക്ക് നീന്താനോ മുങ്ങാനോ കഴിയുന്നില്ല.

ശരീരത്തിന്റെ സ്പന്ദനങ്ങൾ നിങ്ങൾക്ക് പ്രശ്നമുണ്ടാക്കില്ല എന്നാൽ മനസ്സിന്റെയും വാക്കിന്റെയും സ്പന്ദനം നിങ്ങളെ ബന്ധിക്കുന്നു. ഈശ്വരൻ അതിനെ സംരംഭം (ചിന്തയുടെ തുടക്കം), സമാരംഭം (തീരുമാനം എടുക്കുന്നതിലെ പങ്കാളിത്തവും അതിനെ വാചികമാക്കലും), ആരംഭം(ദൃശ്യമാകുന്ന പ്രവൃത്തി) എന്ന് വിളിക്കുന്നു. മനസ്സിന്റെ ആദ്യസ്പന്ദനങ്ങളുടെ ഒരു മിന്നലാണ് സംരംഭം. ഉദാഹരണത്തിനു ചർച്ച്ഗേറ്റിൽ പോകണമെന്ന് ആദ്യം നിങ്ങൾ ചിന്തിക്കുന്നത് സംരംഭം ആണ്. പിന്നെ നിങ്ങൾ അവിടെ പോകാൻ തീരുമാനിക്കുന്നു, അത് സമാരംഭം. ആ തീരുമാനത്തെ പ്രവൃത്തിയാക്കി ചർച്ച്ഗേറ്റിലേക്ക് യാത്ര തുടങ്ങുമ്പോൾ അത് ആരംഭമായി. ഈ ജീവിതപ്രഹേളിക എങ്ങനെ പരിഹരിക്കും ?

മനസ്സ് അവഹേളിക്കപ്പെട്ടതായി തോന്നിയാൽ എന്താണ് സംഭവിക്കുന്നതെന്നു നോക്കൂ. ഇത് മറ്റുള്ളവർക്കും തനിക്കും ബാധകമാണ്. ലോകജീവിതം ഉപേക്ഷിച്ചവർക്ക് നിന്ദ, അപമാനം തുടങ്ങിയ വികാരങ്ങൾ തീവ്രമാണ്. എന്നാൽ വീതരാഗനാകട്ടെ നിന്ദിക്കപ്പെട്ടാലും അപമാനിക്കപ്പെട്ടാലും സ്പന്ദനങ്ങൾ ഉണ്ടാകാൻ അനുവദിക്കില്ല.

**അന്വേഷകൻ** : നമ്മുടെ സ്പന്ദനങ്ങളുടെ പരിണിതഫലങ്ങൾ എന്തൊക്കെയാണ്?

**ദാദാജി** : ഒരു മനുഷ്യൻ തന്റെ മനസ്സിനാൽ ബന്ധിക്കപ്പെട്ടു. കൂടാതെ അയാൾ വിവാഹിതനാകുമ്പോൾ തന്റേതല്ലാത്ത മിശ്രചേതനയുമായി (മനസ്സ്, ശരീരം, അഹങ്കാരം, വാക്ക് എന്നിവയുടെ കൂട്ടം) ബന്ധിക്കപ്പെടുന്നു. അച്ഛനുമായി തർക്കമുണ്ടാകുമ്പോൾ ഭാര്യയുമായി എന്തുകൊണ്ട് അതുണ്ടാകുന്നില്ല ? ഭാര്യ ഒരു മിശ്ര ചേതനമാണ്. നിങ്ങൾ എന്താണ് അവിടെ ചെയ്യേണ്ടത്. നിങ്ങൾ എല്ലാ സ്പന്ദനങ്ങളും നിർത്തണം. അച്ഛനുമായി സ്പന്ദനങ്ങൾ അനുവദിക്കപ്പെടാം എന്നാൽ ഭാര്യയുമായുള്ള സ്പന്ദനം അനുവദനീയമല്ല. അതിൽ നിന്നും എന്തു ഗുണമാണ് നിങ്ങൾക്കുണ്ടാകുന്നത്? ഈ ലോകത്ത് സ്പന്ദനങ്ങൾ ഉണ്ടാകാതെയിരിക്കുന്നില്ല. നാവും വാക്കുമാണ് സൃഷ്ടിക്കുകയും സംഹരിക്കുകയും ചെയ്യുന്നത്. അത് എന്തുകൊണ്ടാണ്? അത് നിങ്ങളുടെ കഴിഞ്ഞജന്മങ്ങളിലെ അഹങ്കാരം കൊണ്ടാണ്. അഹങ്കാരം കൊണ്ടാണ് നാവു രോഷാകുലമാകുന്നതും സ്പന്ദനങ്ങൾ ഉണ്ടാകുന്ന-

ളും. ഇന്ന് നാം അനുഭവിക്കുന്ന ദുരിതങ്ങൾ വാക്കിന്റെ സ്പന്ദനങ്ങൾ മൂലമാണ്.

**അന്വേഷകൻ** : ഈ സ്പന്ദനങ്ങൾ എങ്ങനെ ഇല്ലാതെയാകും ?

**ദാദാജി** : ഈ സ്പന്ദനങ്ങളെപ്രതി അജ്ഞാനം നിലനിൽക്കുന്നുണ്ട്. ശരിയായ ജ്ഞാനമുണ്ടെങ്കിൽ കുഴപ്പമൊന്നുമുണ്ടാകില്ല. ഈശ്വരൻ പറയുന്നു : "സ്പന്ദനങ്ങൾക്ക് കാരണമാകാതിരിക്കു". ഈ ശരീരത്തിൽ സ്പന്ദനങ്ങളെ ഉണ്ടാക്കാതിരിക്കുക. ഇത് നശിക്കാനുള്ളതാണ്. ഇതിൽ സ്പന്ദനങ്ങളെ നൽകിയിട്ട് നിങ്ങൾ എന്ത് നേട്ടമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഈ കലികാലത്തിൽ നന്മചെയ്യാനുള്ള അവസരം അപൂർവമായേ ലഭിക്കു. നല്ല കർമ്മങ്ങളുടെ ഭാഗമാകാതെ തിന്മയുടെ കൂടെക്കൂടാനാണ് നിങ്ങൾ നിർബന്ധിക്കപ്പെടുന്നത്

ദീക്ഷിതരായ മഹാത്മാക്കൾ ജ്ഞാനത്തിനു ശേഷം നിഷേധാത്മക സ്പന്ദനങ്ങളിൽ നിന്നുണ്ടാകുന്ന നിഷേധാത്മക കർമ്മങ്ങൾ ചെയ്യുവാൻ ഇഷ്ടപ്പെടില്ല. കർമ്മങ്ങൾ ധനാത്മകമോ നിഷേധാത്മകമോ ആയാലും അവയെ ഡിസ്ചാർജ് ആയിക്കണ്ടാൽ പുതിയ സ്പന്ദനങ്ങൾ ഉണ്ടാകില്ല

എന്നാൽ മൂഢാത്മദശയിലുള്ള  അജ്ഞാനികൾ തങ്ങൾ തെറ്റുചെയ്യുന്നത് തിരിച്ചറിയുന്നില്ല. അപ്പോൾ അജ്ഞാനത്താൽ പ്രവർത്തനത്തിന്റെയും പ്രതിപ്രവർത്തനത്തിന്റെയും ഇരട്ടസ്പന്ദനങ്ങൾ ഉളവാകുന്നു. അജ്ഞാനമുള്ളതിനാൽ എപ്പോഴാണ് സ്പന്ദനങ്ങൾ ഉണ്ടാകുക എന്ന് അറിയാൻ ആകില്ല. ജ്ഞാനി ഒഴിച്ച് വേറെ ആരും ഇതിൽ നിന്നും മുക്തരല്ല. അജ്ഞാനമുള്ളിടത്ത് സാങ്കല്പികഭയം ഉണ്ട്. അവിടെ സ്പന്ദനങ്ങൾ ഉയർന്നു വരുന്നു.

**അന്വേഷകൻ** :സ്പന്ദനങ്ങളുടെ മൂലകാരണം എന്തെന്ന് ദയവായി പറയു.

**ദാദാജി** : ഒരു പ്രാവ് കണ്ണാടിയുടെ മുന്നിൽ ഇരുന്നാൽ കണ്ണാടിക്ക് എന്ത് സംഭവിക്കും ? അത് അതുപോലിരിക്കും, എന്നാൽ പ്രാവ് അതിനെപ്പോലിരിക്കുന്ന മറ്റൊരു പ്രാവിനെ കാണും. അതു അതിന്റെ ചിന്തകളെ മാറ്റുകയും തന്നെപോലെ മറ്റൊരു പ്രാവ് ഇരിക്കുന്നതായും കാണുന്നു. അതിനെ കൊത്താനും ശ്രമിക്കുന്നു. വിശ്വാസം മാറുന്നതനുസരിച്ച് ദൃഷ്ടിയും മാറുന്നു. പിന്നീട് വിശ്വാസം സത്യമായി മാറുന്നു.

ഈ കണ്ണാടി എന്തൊരു അത്ഭുതമാണ്. എന്നാൽ അതിന്റെ രഹസ്യം അറിയുന്നതിൽ ആളുകൾ പരാജയപ്പെടുന്നു. ആളുകൾ കണ്ണാടിയിൽ നോക്കി മുടി ചീകുകയും മുഖം മിനുക്കുകയും ചെയ്യുന്നു. അതിനാൽ ആണ് കണ്ണാടിക്ക്

അതിന്റെ മൂല്യം നഷ്ടമായത്. അല്ലെങ്കിൽ കണ്ണാടി അത്ഭുതമായേനെ. എന്തൊരു ലീലയാണ് ആപേക്ഷികതയുടേത് ? പ്രാവ് കണ്ണാടിയുടെ മുന്നിൽ ഇരിക്കുമ്പോൾ ജ്ഞാനം മാറുന്നില്ല എന്നാൽ വിശ്വാസം മാറുന്നു. മറ്റൊരു പ്രാവുണ്ടെന്നു കരുതി അതിനെ കൊത്താനും ആക്രമിക്കാനും അത് ശ്രമിക്കുന്നു.

ഒരു സ്പന്ദനം അനേകം സ്പന്ദനങ്ങളുമായി സംഘട്ടനത്തിൽ ഏർപ്പെടുന്നത് ആപേക്ഷിക ലോകത്തിൽ പൊതുവായുള്ളതാണ്. ജ്ഞാനം മാറുന്നില്ല എന്നാൽ വിശ്വാസം ഓരോ നിമിഷവും മാറുന്നു . ജ്ഞാനം മാറിയിരുന്നെങ്കിൽ അത് ആത്മാവിന്റെ അസ്തിത്വത്തെ ഇല്ലായ്മ ചെയ്തേനെ. ആത്മാവും ജ്ഞാനവും വ്യത്യസ്തങ്ങളല്ല.

ഒരു വസ്തുവും അതിന്റെ സഹജഗുണവും ഒരുമിച്ച് വേർപിരിയിക്കാൻ ആവാത്ത വിധത്തിൽ ഇരിക്കുംപോലെയാണ് ആത്മാവും ജ്ഞാനവും . എന്നാൽ ഒരുവൻ തന്റെ വിശ്വാസങ്ങളിലൂടെ സാങ്കല്പികമായി കാണുന്നു. ഒരുവൻ താൻ വിശ്വസിക്കുന്നതെന്തോ അതായിത്തീരുന്നു.

## 120

## കലഹവും വേദനകളും

**അന്വേഷകൻ** : ജീവിതത്തിലെ കലഹങ്ങളെക്കുറിച്ചും ഹൃദയവേദനകളെക്കുറിച്ചും പറയൂ. വീട്ടിലാകട്ടെ ഓഫീസിലാകട്ടെ എപ്പോഴും എല്ലായിടത്തും അതു നേരിടേണ്ടി വരുന്നു.

**ദാദാജി** : അല്പം പോലും സംഘർഷമില്ലാത്തവാൻ മുക്തനാകുന്നു. സംഘർഷത്തിന്റെ അന്തരീക്ഷം എപ്പോഴും ഉണ്ട്. സൂര്യന് കീഴെ ചൂടല്ലേ ? കാറ്റടിക്കുമ്പോൾ കതകുകൾ തുറന്നടയാറില്ലേ ? ഇതു സംഭവിക്കുമ്പോൾ ഒരു അകലത്തിൽ നിൽക്കുക എന്നതാണ് നിങ്ങൾ ചെയ്യേണ്ടത്. സംഘർഷഭരിതമായ ഒരു അന്തരീക്ഷത്തിൽ എങ്ങനെ മോക്ഷം നേടും ? ദാദയുടെ മോക്ഷം എങ്ങനെയെന്നാൽ ഈ സംഘർഷങ്ങൾക്കിടയിൽ നിങ്ങൾ മുക്തി നേടും.

ഭഗവാൻ ഒന്നിനെയും ബന്ധനമായി കാണുന്നില്ല. പ്രകൃതിയാണ് കുടിക്കുകയും, കഴിക്കുകയും എല്ലാ പ്രവർത്തികൾ ചെയ്യുകയും ചെയ്യുന്നത്. അതു നിങ്ങളെ ബന്ധിക്കില്ല. സംഘർഷങ്ങളിൽ നിന്നും മുക്തമാകുന്നതാണ് മോക്ഷം. സംഘർഷമുള്ളപ്പോഴും സ്പന്ദനങ്ങൾ ഇല്ലെങ്കിൽ ഒരുവൻ ശാസ്ത്രഗ്രന്ഥങ്ങൾ മനസ്സിലാക്കിയിരിക്കുന്നു. ശ്വാസം മുട്ടിക്കുന്ന സാഹചര്യങ്ങളിൽ അവയെ ഉള്ളിൽ അടിച്ചമർത്താൻ ശ്രമിക്കുന്നവർ കൂടുതൽ സംഘർഷങ്ങളെ ഉള്ളിൽ ഉണ്ടാക്കുന്നു. ആ

ചാര്യനും ശിഷ്യനും പോലും ഈ സംഘർഷം അനുഭവിക്കുന്നു.

ദാദയിൽ നിന്നും ജ്ഞാനം സ്വീകരിച്ച ശേഷം പ്രതികൂലസാഹചര്യത്തിൽ പോലും സംഘർഷം ഉണ്ടാകുന്നില്ല. എന്തുതരം ജ്ഞാനം ആണ് ദാദ നൽകിയിരിക്കുന്നത് ? അവർ ഒരിക്കലും ദുഃഖം അറിയുന്നില്ല. അവർ വീതരാഗത്തിന്റെ ആനന്ദം ആസ്വദിക്കുന്നു. എല്ലാ സംഘർഷങ്ങളെയും പരിഹരിക്കുമ്പോൾ മുക്തിയെ നേടുന്നു. ഈ ലോകത്തു തന്നെ നിങ്ങൾ മുക്തി ആസ്വദിക്കുന്നു.

നിങ്ങൾ സംഘർഷങ്ങൾ അനുഭവിക്കുമ്പോൾ എന്താണ് സംഭവിക്കുന്നത്? നിങ്ങളുടെ ഹൃദയവും ആത്മാവുമഗ്നിയിൽ വീണതായി നിങ്ങൾക്ക് അനുഭവപ്പെടാം. എത്ര ശ്രമിച്ചാലും ആ അഗ്നി അണയ്ക്കാൻ കഴിയാതെയുമിരിക്കും. പ്രിയമുള്ളവനേ, നിങ്ങളുടെ ജീവനെ ഇങ്ങനെ അഗ്നിക്കിരയാക്കണോ ? നിങ്ങളുടെ വസ്ത്രം കത്തിയെരിയട്ടെ എന്നാലും ജീവനെ എരിക്കരുത്. നിങ്ങൾ നിരന്തരം സംഘർഷങ്ങളിൽ എരിയുന്നു. ഇടയ്ക്കിടെ മതിഭ്രമത്തിൽ മുഴുകിയാലും വീണ്ടും സംഘർഷം നിങ്ങളെ വലിച്ചുകൊണ്ട് പോകുന്നു. ലോകം മുഴുവനും വേദനയിലും ദുരിതത്തിലും ആണ്ടിരിക്കുന്നു. അജ്ഞാനത്താലും മായയാലും കുറച്ചു സമയത്തേക്ക് നിങ്ങൾ വേദന മറക്കുന്നു. ദുരിതത്തെ നിങ്ങൾക്ക് നശിപ്പിക്കാനാവില്ല എന്നാൽ ജ്ഞാനി പുരുഷൻ നശിപ്പിക്കുമ്പോൾ മുക്തിയുണ്ടാകുന്നു.

**അന്വേഷകൻ** : സംഘർഷഭരിതസാഹചര്യത്തിൽ ചിലർ ആത്മഹത്യ ചെയ്യുന്നു.

**ദാദാജി** : ഈ കാലത്ത് സംഘർഷം, മന:ക്ലേശം, ദുഃഖം എന്നിവയുടെ തരംഗങ്ങൾ എല്ലായിടത്തുമുണ്ട്. അതു വഷളാകുമ്പോൾ ആളുകൾ ആത്മഹത്യക്കു ശ്രമിക്കുന്നു. എനാൽ അതു പ്രശ്നത്തെ പരിഹരിക്കുമോ ? ആ പ്രശ്നത്തെ നിങ്ങൾ അടുത്ത ജന്മത്തിലേക്കു കൊണ്ടുപോകുകയും ദുരിതം വലുതാകുകയും ചെയ്യുന്നു. അതിനാൽ ഈ ജീവിതത്തിൽ തന്നെ ദുരിതങ്ങളിലൂടെ കര കയറാൻ ശ്രമിക്കുക. ശരിയായ അറിവില്ലായ്മയെ ഇതു കാണിക്കുന്നു.

**അന്വേഷകൻ** : ഒരാൾ ആത്മഹത്യ ചെയ്യുമ്പോൾ എന്താണു സംഭവിക്കുന്നത്?

**ദാദാജി** : ഒരാൾ ആത്മഹത്യ ചെയ്തു മരിച്ചാലും അയാളുടെ കടവും കടമകളും വീട്ടാൻ വീണ്ടും വരേണ്ടി വരും. മനുഷ്യനെന്ന നിലയിൽ ഒരുവൻ ബുദ്ധിമുട്ടുകളെ നേരിടേണ്ടി വരും. എന്നാൽ ആത്മഹത്യ ചെയ്യണം എന്നല്ല അതിന്റെ അർത്ഥം. ആത്മഹത്യയുടെ പ്രത്യാഘാതം ഗൌരവമേറിയതാണ്. അതിനാൽ ഈശ്വരനതിനെ വിലക്കിയിരിക്കുന്നു. ആത്മഹത്യയുടെ ചിന്ത പോലും ഒരുവനുണ്ടാക-

രുത്. കർമ്മത്തിന്റെ കടങ്ങൾ വീട്ടു എന്നാൽ ആത്മഹത്യ അരുത്.ഭഗവൻ ശ്രീ രാമൻ അനേകം വേദനയും ദുരിതവും അനുഭവിച്ചു. രാജ്യമുപേക്ഷിച്ച് പതിനാലു-വർഷം വനവാസം ചെയ്യേണ്ടി വന്നു. അദ്ദേഹം കാട്ടിൽ അനുഭവിച്ച ഒരു ദിവ-സത്തെ ദുരിതം ഈ ആളുകളുടെ ജീവിതകാലത്തെ മുഴുവൻ ദുഃഖമാണ്. എങ്കിലും ഈ അക്ഷമരായവർ ചെറിയ സാങ്കല്പികവേദനകളെക്കുറിച്ച് പരാതിപ്പെടുന്നു. ക്ഷണിക്കപ്പെട്ട അതിഥികളെപ്പോലെയാണ് വേദനയും സുഖവും. അതിഥികളെ സ്വീകരിക്കും പോലെ അവയെയും നാം സ്വീകരിക്കണം. ഈ ലൌകികജീവിതം ദുരിതക്കടലാണ്. ലൌകികവ്യവഹാരത്തിൽ ഒരുവൻ പതറാൻ പാടില്ല. നിങ്ങൾ മറ്റുള്ളവരാൽ ദ്രോഹിക്കപ്പെടാൻ ആഗ്രഹിക്കുന്നില്ല എങ്കിൽ നിങ്ങൾ മറ്റുള്ളവരെയും ദ്രോഹിക്കാതെയിരിക്കുക. നിങ്ങളുടെ കർമ്മഫലങ്ങൾ തിരിച്ചു-വന്നാലുള്ള പരിണിതഫലങ്ങളെക്കുറിച്ച് ചിന്തിക്കു.

**അന്വേഷകൻ** : ഒരുവൻ പലതരത്തിലുള്ള വേദനകൾ അനുഭവിക്കുന്നു.

**ദാദാജി** : മൂന്നുതരത്തിലുള്ള വേദനാദുരിതങ്ങൾ ഉണ്ട്. ഒന്ന് ഭൌതികം : അതു പ്രത്യക്ഷമായ ദുരിതമാണ്. പല്ലുവേദന, കണ്ണുവേദന, തളർച്ച തുടങ്ങിയ എല്ലാ ശരീരവേദനകളും അതാണ്. അടുത്ത തീക്ഷ്ണമായ വാക്കുകൾ കൊണ്ടുള്ള മുറിവാ-ണ്. അതു കുറേ നാളത്തേക്ക് നിൽക്കും. മൂന്നാമത്തേത് മനസിന്റെ ദുരിതങ്ങളാണ്.

**അന്വേഷകൻ** : ഈ മൂന്നു വേദനകളെ എങ്ങനെ നേരിടണം ?

**ദാദാജി** : മനസ്സ്കൊണ്ടോ വാക്ക്കൊണ്ടോ ഉണ്ടാകുന്ന വേദന ഒരുവനെ ബാധിക്കാൻ പാടില്ല. ശരീരവേദന അനുഭവിച്ചേ മതിയാകൂ. എന്നാൽ അത് അവയുടെ സാക്ഷിയായി ആത്മഭാവത്തിൽ ഇരുന്നു വേണം അനുഭവിക്കാൻ. മനസ്സിന്റെയോ വാക്കിന്റെയോ വേദന ഉണ്ടാകാൻ പാടില്ല.

ഒരാൾക്ക് ഹൃദയാഘാതം കൊണ്ട് നെഞ്ചുവേദന ഉണ്ടായി എന്നു കേട്ടാൽ എനിക്ക് ഹൃദയാഘാതം വന്നാൽ എന്തു ചെയ്യും എന്ന് ഒരാൾ ചിന്തിച്ചാൽ അയാളുടെ മനോവേദന കൂടും. എന്നാൽ 'അത് പോകാൻ പറയൂ' എന്ന് ചിന്തിക്കണം. ശരീരത്തിനു പോകാൻ സമയമാകുമ്പോൾ അതു പൊക്കോളും. അത് വ്യവസ്ഥിതത്തെ ആശ്രയിച്ചല്ലേ നിലകൊള്ളുന്നത് ? പിന്നെന്തിനു അനാവശ്യചിന്തകൾ കൊണ്ട് ദുരിതമുണ്ടാക്കുന്നു. എല്ലാ വേദനകളുടെയും സാക്ഷിയായി നിന്നുകൊണ്ട് ലോകലീലയെ ആസ്വദിക്കുക.

ശരീരവേദനയെ മാത്രം വേദനയായി അംഗീകരിക്കാൻ ആണ് ഭഗവാൻ ഞങ്ങളോട് പറഞ്ഞിട്ടുള്ളത്. മൃഗങ്ങൾക്ക് മറ്റു വേദനകൾ ഇല്ലാത്തത് എന്താണ്?

എന്തെന്നാൽ അവരുടെ മനസ്സ് പരിമിതമാണ്. അവർക്ക് ആഹാരം കൊടു-ത്താൽ അവ നിങ്ങളുടെ അടുത്തേക്ക് വരും കാരണം എന്തെങ്കിലും ഭക്ഷിക്കാൻ കിട്ടും എന്നറിയാം. ഒരു വടിയെടുത്താൽ അവ ഓടിപ്പോകും. അവരുടെ മനസ്സിൽ അത്രയേ ഉള്ളൂ. അതല്ലാതെ മറ്റെന്തിനെക്കുറിച്ചെങ്കിലും അവയ്ക്ക് ദുഖിക്കാനു-ണ്ടോ ? ഈ പശുക്കളുടെ മനസ്സ് അലഞ്ഞുതിരിയാത്തതിനാൽ മനുഷ്യരെപ്പോ-ലെ മാനസികവ്യഥ അവയ്ക്കില്ല. അവർ ബുദ്ധിശാലികളല്ല എങ്കിലും അവയുടെ ജീവിതം മുന്നോട്ടു പോകുന്നു. പിന്നെ നിങ്ങളുടേത് എന്തുകൊണ്ട് മുന്നേറില്ല ? പശുവിനെക്കാൾ ഉയർന്നതാണ് നിങ്ങളുടെ മനസ്സ്, അതിന്റെ ഗുണം ഉപയോ-ഗിക്കാത്തത് എന്താണ് ? ഈ കറങ്ങുന്ന മനസ്സ് ഒരു പ്രശ്നം ആകുന്നതെന്ത് ? വേദനയെന്ന ചിന്തയെ സ്വീകരിക്കാതെയിരിക്കുക.

ഈ പശുക്കളെയും കാളകളെയും പോലെ നമുക്ക് ശരീരവേദനയുണ്ട് എന്നാൽ അവയ്ക്ക് വാക്ക് കൊണ്ടുള്ള വേദനയില്ല. അവയെ വഴക്ക് പറഞ്ഞാൽ പ്രശ്നമില്ല. എന്തെന്നാൽ അവരുടെ മനസ്സും ബുദ്ധിയും പരിമിതമാണ്. മനുഷ്യ-നുള്ള ഈ അധികവേദനകളെ ഇല്ലാതെയാക്കണം

പശുക്കൾക്കും പോത്തുകൾക്കും അവയുടെ കുട്ടികളെ വിവാഹം കഴിപ്പിച്ച-യക്കണം എന്ന ആകുലതയുണ്ടോ ? നിങ്ങളുടെ വീട്ടിൽ ഒരു ചിലന്തി കയറിയാൽ നിങ്ങൾ ഭയക്കാൻ തുടങ്ങും. എന്നാൽ നിങ്ങൾ വീട്ടിലേക്ക് ഇരുട്ടത്ത് കയറി-വരികയും ചിലന്തിയെ കാണാതെയിരിക്കുകയും ചെയ്താൽ ഭയം ഉണ്ടാകുന്നില്ല. ബുദ്ധിയുടെ വലിയ പ്രകാശത്തെ നിങ്ങൾക്ക് കുറയ്ക്കാം എന്നാൽ കുറഞ്ഞ പ്രകാ-ശത്തെ കൂട്ടാനാകില്ല. പശുക്കളും പോത്തുകളും ജീവിക്കുന്നെങ്കിൽ നിങ്ങൾക്കും ജീ വിച്ചുകൂടെ ? ബോധമില്ലാത്തവയുടെ ജീവിതം കൂടി മുന്നോട്ടു പോകുന്നു. ലോകം പോയ്ക്കൊണ്ടേ ഇരിക്കും. അതിനെ അങ്ങനെ വിട്ടാൽ എന്ത്?

വേദന ശരീരത്തെയാണ് വസ്തുങ്ങളെയല്ല സ്പർശിക്കുന്നത്. ചിലർക്ക് അ വരുടെ വസ്ത്രത്തിൽ തൊട്ടാൽ പ്രശ്നമാണ്. നിങ്ങൾ കല്യാണത്തിനുപോകും വഴി ആരെങ്കിലും നിങ്ങളുടെ വസ്ത്രത്തിൽ തുപ്പിയാൽ നിങ്ങൾ പരാതി പറയും : "അയാൾ എന്നെ തുപ്പി". ഞാൻ പറയും. "ശരിയാണ് അയാൾ നിങ്ങളെ തുപ്പി എന്നാൽ അത് നിങ്ങളുടെ വേദനയല്ല കാരണം അത് ശരീരത്തെ സ്പർശിച്ചില്ല". ശരീരത്തെ സംബന്ധിക്കുമ്പോൾ ആണ് അത് വേദനയാകുന്നത്.

നിങ്ങളുടെ ഭാര്യ വേദനിക്കുന്നുവെങ്കിൽ ആ വേദന അവളുടെ ശരീരത്തെയാണ് സ്പർശിക്കുന്നത്. നിങ്ങൾ അത് എന്തിനു ഏറ്റെടുക്കണം. അതിനെ ജ്ഞാനത്തിൽ

സ്വീകരിക്കുക.

ഈ സാങ്കല്പികവേദന ചുമലിലേറ്റി ഒരു കച്ചവടക്കാരൻ നടക്കുന്നു. കച്ചവടത്തിന്റെ വേദനയും സമൂഹത്തിന്റെ വേദനയും, എന്നാൽ അതു യഥാർത്ഥ വേദനയല്ല. ഞാൻ കച്ചവടത്തിന്റെ വേദന കച്ചവടത്തിനും സമൂഹത്തിന്റെ വേദന സമൂഹത്തിനും വിടുന്നു.

**അന്വേഷകൻ** : അങ്ങയുടെ സ്വന്തം കച്ചവടത്തിലെ പ്രയാസങ്ങളെ എങ്ങനെയാണ് നേരിടുന്നത്?

**ദാദാജി** : ഞാൻ എല്ലാത്തിനെയും വേറെ വയ്ക്കുന്നു. കച്ചവടത്തിന് നഷ്ടമുണ്ടായാൽ ഞാൻ പറയും കച്ചവടം നഷ്ടത്തിലായി, ലാഭനഷ്ടങ്ങളുടെ ഉടമ ഞാനല്ല കച്ചവടമാണ്. പിന്നെ അത് ഞാൻ എന്തിനു തലയിൽ വയ്ക്കണം ? ലാഭനഷ്ടങ്ങൾ എന്നെ ബാധിക്കില്ല. കച്ചവടത്തിന് നഷ്ടം ഉണ്ടാകുകയും ടാക്സ് ഓഫീസർ വരികയും ചെയ്യുമ്പോൾ കച്ചവടത്തോട് ഞാൻ പറയും,' പ്രിയ കച്ചവടമേ നിന്റെ കടം വീട്ടേണ്ടത് നീയാണ്, അങ്ങനെ ചെയ്യൂ'.

ഞങ്ങളുടെ നിർമ്മാണകച്ചവടത്തിൽ അഞ്ഞൂറ് ടൺ സ്റ്റീൽ കടലിൽ പോയി എന്ന വാർത്ത കേട്ടാൽ ഞാൻ ആദ്യം ചോദിക്കുന്നത് "നമുക്ക് മനുഷ്യരെ ആരെയും നഷ്ടമായില്ലല്ലോ അല്ലെ ?" എന്നാണ്. ഒരുവൻ അയാളുടെ കർമ്മം അനുസരിച്ചാണ് മരിക്കുന്നത്. പക്ഷെ ആ പ്രക്രിയയിൽ ഒരുവൻ ഹേതുവായിത്തീരരുത്.

**അന്വേഷകൻ** : ഇത് പുതുമയുള്ളതും വളരെ സന്തോഷകരവുമായ സമീപനമാണ്. വേദനകളെ നേരിടുന്നതിനെക്കുറിച്ച് കൂടുതൽ പറയുമോ ?

**ദാദാജി** : നിങ്ങൾക്ക് ചെവിവേദനയാണ് എന്ന് പറഞ്ഞാൽ ഞാൻ കേൾക്കാം. പല്ലുവേദന എന്ന് പറഞ്ഞാലും വിശപ്പാണ് എന്ന് പറഞ്ഞാലും കേൾക്കാം. അവയെല്ലാം വേദനയാണ്. എന്നാൽ നിങ്ങളുടെ ഭക്ഷണത്തിൽ വെണ്ണയും ജാമും ഇല്ലെന്നു പറഞ്ഞാൽ കേൾക്കാൻ കഴിയില്ല. നിങ്ങളുടെ ശരീരത്തിനു അല്പം കിച്ചടി കൊടുത്താൽ അത് പരാതി പറയില്ല. അതിനുശേഷം നിങ്ങൾക്ക് താല്പര്യമുള്ള ധ്യാനമോ ദുർധ്യാനമോ മറ്റെന്തെങ്കിലുമോ അത് അനുവദിക്കും, അത് നിങ്ങളുടെ തീരുമാനമാണ്. ആരെങ്കിലും നിങ്ങളുടെ മുടി വെട്ടിയാൽ വേദനിക്കില്ല എന്നാൽ ചെവി മുറിച്ചാൽ വേദനിക്കും.

ഈ ലോകം കരയാനുള്ളതല്ല. കരയാനുള്ള സമയത്ത് നിങ്ങൾ ഉന്മേഷത്തോടെയിരിക്കണം. പ്രതികൂലസാഹചര്യത്തെ അനുകൂലമാക്കിയാൽ ആ കടം തീരും.

ദുഖിക്കേണ്ട സാഹചര്യത്തിൽ അതിനെ ഒരു പുഞ്ചിരിയാൽ സ്വീകരിച്ചാൽ ആ കർമ്മബന്ധത്തിൽ പിന്നെയൊന്നും ബാക്കി കാണില്ല.

ഒരു മനുഷ്യൻ എന്നോട് പറഞ്ഞു, 'എന്റെ സമുദായത്തോടുള്ള ബഹുമാനം നഷ്ടമായി. അയാൾ എന്തിനാണ് സമുദായത്തിനാൽ ദുഖിക്കപ്പെടുന്നത്? ശരീരത്തെ സ്പർശിക്കുന്നത് മാത്രമാണ് വേദന. പ്രതികൂലചിന്തകൾ ഉണ്ടെങ്കിൽ അതയാളെ ബാധിക്കും. ഈ വേദന സ്വീകരിച്ച് പ്രതികൂലമായി ചിന്തിച്ചാൽ ഇല്ലാത്ത പ്രശ്നങ്ങൾ കൂടി ഉണ്ടാകും.

ഇയാൾ പറയുന്നു, 'എന്റെ ഭാര്യ ഇങ്ങനെ പറഞ്ഞത് എന്നെ വേദനിപ്പിച്ചു. അത് വേദനയല്ല എന്തെന്നാൽ അത് അയാളെ ഭൌതികമായി സ്പർശിച്ചിട്ടില്ല. ഈ ക്ഷണിക്കപെടുന്ന പ്രശ്നങ്ങൾ വേദനകളല്ല. മകന്റെ വേദനയുടെ ഭാരം ഒരാൾ എടുക്കുന്നു,എന്നാൽ എന്തുകൊണ്ട് അവൻ മരിക്കുമ്പോൾ കൂടെ പോകുന്നില്ല ? അവിടെ അയാൾ പോകുന്നില്ല.

ജ്ഞാനികൾ വിവേകികളാണ്. അവർ എല്ലാം കണ്ടെത്തിയിരിക്കുന്നു. ഈ കാലഘട്ടത്തിൽ അത് ജ്ഞാനിയെയും ബാധിക്കില്ലേ? ജ്ഞാനിക്കു വേദനയുണ്ടാകുമെന്നു നിങ്ങൾ കരുതുന്നില്ലേ ? അദ്ദേഹത്തിനും ഉണ്ട്, എന്നാൽ സമയത്തിനു മുൻപേ അയാൾ എല്ലാ ഒരുക്കങ്ങളും നടത്തുന്നു. പോസ്റ്റ് ഓഫീസിൽ ഓരോ ജില്ലകളിലേക്കും ഉള്ള എഴുത്തുകൾ തരം തിരിച്ചു വയ്ക്കാൻ ഇടമുണ്ട്. അതുപോലെ ജ്ഞാനി ഓരോ വേദനകളെയും അതാതു പെട്ടികളിൽ നിക്ഷേപിക്കുന്നു. കച്ചവടത്തിന്റെ പെട്ടി, സമൂഹത്തിന്റെ പെട്ടി, ഓഫീസിലെ പെട്ടി എന്നിങ്ങനെ തിരിച്ചു സുഖമായി ഉറങ്ങുന്നു.

സിനിമശാലയിലെ മേൽക്കൂര തകർന്നാൽ ആർക്കും പരിക്കില്ല എന്ന് സമാധാനിക്കുക, പരിക്കുണ്ടേൽ മരിച്ചില്ല എന്ന് സമാധാനിക്കുക.

ഇങ്ങനെ ശാന്തിയും പിന്തുണയും നേടുക. എല്ലാത്തിനെയും അതാതിൽ നിക്ഷേപിക്കുക. ശരീരത്തെ സ്പർശിക്കുന്നത് മാത്രമേ കാര്യമാക്കേണ്ടതുള്ളൂ. നിങ്ങളുടെ അച്ഛന്റെ ശരീരത്തിൽ വേദനയുണ്ടെങ്കിൽ നിങ്ങൾ അത് മനസ്സിൽ ചുമക്കുന്നത് എന്തിനാണ്? എന്നാൽ അദ്ദേഹത്തിനു എന്താണ് സംഭവിച്ചത് എന്ന് നിങ്ങൾ അന്വേഷിക്കണം. അതിനു ശേഷം ആവശ്യമുള്ള എല്ലാ വൈദ്യസഹായവും ചെയ്തുകൊടുക്കണം. പക്ഷെ മമതയോടു കൂടി ആവരുത്. ജീവിതം ക്ഷണികമായിരുന്നില്ലെങ്കിൽ അച്ഛൻ മരിക്കുമ്പോൾ മകനും കൂടെ പോകേണ്ടി വന്നേനെ. മരണം വരുമ്പോൾ നാടകമെന്നപോലെ ജീവിതത്തെ കാണുന്ന നമുക്ക് വേദന

വരുമ്പോൾ കാണാതിരിക്കുന്നതും എങ്ങനെ ?

ആത്മസാക്ഷാത്കാരത്തിനു ശേഷം വേദന ഇല്ലാതെയിരിക്കുവാൻ കഴിയും. എന്തുകൊണ്ടാണ് ഈ ജ്ഞാനിപുരുഷൻ പരമാനന്ദത്തിലായിരിക്കുന്നത് ? എന്തെന്നാൽ എല്ലാത്തിനോടും എങ്ങനെ ഇടപെടണം എന്ന് അദ്ദേഹത്തിനു അറിയാം കൂടാതെ അദ്ദേഹം അങ്ങനെയാവാൻ നിങ്ങളെ പഠിപ്പിക്കുകയും ചെയ്യും. കാര്യങ്ങളെക്കുറിച്ച് അമിതമായി ചിന്തിക്കാതിരുന്നാൽ എല്ലാം ഭംഗിയായി നടക്കും. നിങ്ങൾ ആകുലപ്പെടാൻ തുടങ്ങുമ്പോൾ ജോലി കുഴപ്പത്തിലാകും. അത് അഹന്തയിൽ നിന്നുണ്ടാകുന്നതും നിരാശ്രിതവുമാണ്. ആശ്രിതത്തിൽ ഈ ചിന്തകൾ ഉണ്ടായാൽ വ്യത്യസ്തവിഷയമാകും.

ഈ ദുരിതമെല്ലാം എവിടെ നിന്നും വരുന്നു ? അസന്തുഷ്ടനായ ഒരാളിൽ നിങ്ങൾ ആശ്രയം തേടിയിരിക്കുന്നത് കൊണ്ടാണ് ഇതുണ്ടായത്. സന്തുഷ്ടനായ ഒരാളുടെ ആശ്രയം സ്വീകരിച്ചാൽ ഈ ദുഃഖം ഉണ്ടാകുമോ ? ദാദാ പൂർണ്ണമായും സന്തുഷ്ടനും ആനന്ദഭരിതനും ആണ്. അദ്ദേഹത്തിൽ അഭയം തേടൂ. പിന്നീട് എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകുമോ ?

അസുന്തഷ്ടരും കപടരുമായ ആളുകളെ അഭയം പ്രാപിച്ചാൽ നിങ്ങളും അസന്തുഷ്ടരാകും. അയാൾക്ക് സ്വയം പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിവില്ലാത്തപ്പോൾ നിങ്ങളുടെ പ്രശ്നത്തെ എങ്ങനെ പരിഹരിക്കും ? പൂർണ്ണനും, ആനന്ദത്തിന്റെ ഉറവിടവും, സത്യസന്ധനും, ആഗ്രഹങ്ങൾ ഇല്ലാത്തവനുമായ ഒരുവനിൽ അഭയം പ്രാപിച്ചാൽ നിങ്ങളും പൂർണ്ണനാകും.

സംഘർഷങ്ങൾ കൂടുമ്പോൾ പരസ്യമായ വഴക്കുകൾക്ക് അത് കാരണമാകും. വഴക്കുണ്ടാക്കുന്ന ഒരാളുമായി സൗഹൃദം എങ്ങനെ നിലനിർത്തും ? കയ്പ്പിനെ മധുരമാക്കാൻ ശ്രമിച്ച് മധുരവും കയ്പ്പാകുന്നത് പോലെയാണത്. അത്തരം ആളിൽ നിന്നും അകലം പാലിക്കുന്നതാണ് നല്ലത്. ആത്മസാക്ഷാത്കാരം നേടുകയും മറ്റുള്ളവർ പറയുന്നത് കേവലം ശബ്ദരേഖയാണെന്നു തിരിച്ചറിയുകയും ചെയ്യുന്നതാണ് മറ്റൊരു വഴി. ജ്ഞാനി എല്ലാവരിലെയും ആത്മാവിനെ ശുദ്ധമായി കാണുന്നു. എന്നാൽ നിങ്ങൾ തടവറയിലാണ്. നിങ്ങൾക്ക് എന്തു ചെയ്യാൻ കഴിയും ? ഇതെന്തൊരു കുടുക്കാണ് ? വീട്ടിലെ എല്ലാവരും ഒരു വ്യക്തിയെ കുറ്റപ്പെടുത്തുമ്പോൾ അയാൾക്ക് എങ്ങനെ സന്തോഷത്തോടെ ഇരിക്കാൻ കഴിയും. അയാൾക്ക് രാത്രി ഉറങ്ങാൻ കൂടി കഴിയില്ല. വീടിലെ ആളുകളെ പിണക്കണ്ട എന്ന് കരുതി അത്താഴം പോലും അയാൾ ഒഴിവാക്കും. എല്ലാ നിമിഷവും ദുരിത-

മുണ്ട്, അയാൾ അതിനെ സ്വീകരിക്കേണ്ടിയും വരുന്നു. കർമ്മത്തിന്റെ ഫലങ്ങളെ നോക്കൂ ! വീട്ടിൽ പോലും അയാൾക്ക് തടവുകാരനായി കഴിയേണ്ടി വരുന്നു. ഈ ലോകത്തിന്റെ ദുരിതത്തിൽ നിന്നും നിങ്ങൾക്ക് മുക്തനാകാൻ ആകുന്നില്ല. ഒരാൾ ഒരിക്കൽ എന്റെ അടുക്കൽ വന്നു പറഞ്ഞു : "ദാദാ എനിക്കെന്റെ ഭാര്യയെ ഇഷ്ടമല്ല :"

**ദാദാജി** : നിങ്ങൾക്കെന്താ ഭാര്യയെ ഇഷ്ടമല്ലാത്തത്?

**അന്വേഷകൻ** : അവൾ മുടന്തുള്ളവളാണ്. സ്വല്പം ഞൊണ്ടിയാണ് നടക്കുന്നത്.

**ദാദാജി** : നിങ്ങളുടെ ഭാര്യക്ക് നിങ്ങളെ ഇഷ്ടമാണോ ?

**അന്വേഷകൻ** : അവൾക്ക് എന്നെ ഇഷ്ടമാണ് ദാദാജി. ഞാൻ സൗന്ദര്യമുള്ള-വനും, വിദ്യാഭ്യാസമുള്ളവനും, പണം ഉണ്ടാക്കുന്നവനും ആണ്. എനിക്കു വൈക-ല്യങ്ങൾ ഒന്നും ഇല്ല. പിന്നെ ഇഷ്ടപ്പെടാതിരിക്കാൻ എന്താണുള്ളത്?

**ദാദാജി** : അതു നിങ്ങളുടെ കുഴപ്പമാണ്. നിങ്ങളുടെ പഴയ കാലത്തിലെ ദുഷ്കർമ്മ-ങ്ങളുടെ ഫലമായാണ് മുടന്തിയായ ഒരു ഭാര്യയെ നിങ്ങൾക്ക് കിട്ടിയത്, എന്നാൽ നിങ്ങളുടെ ഭാര്യയുടെ നല്ല കർമ്മങ്ങളുടെ ഫലമായാണ് നിങ്ങളെ അവർക്ക് ഭ ർത്താവായി കിട്ടിയത്.

നിങ്ങൾ എന്തു വിതയ്ക്കുന്നോ അതു കൊയ്യും. എന്തിനാണ് മറ്റുള്ളവരെ കുറ്റ-പ്പെടുത്തുന്നത് ? ഇതു നിങ്ങളുടെ തെറ്റാണ്, അതു വീണ്ടും ആവർത്തിക്കാതെ ഇരിക്കുക. അയാൾക്ക് അത് മനസ്സിലാകുകയും സന്തോഷമാകുകയും ചെയ്തു. സം ഘർഷങ്ങളെ ഇല്ലാതെയാക്കുക എന്നതാണു ജീവിതത്തിലെ പ്രധാന സംഗതി. സംഘർഷം ഇല്ലാതെയാകുമ്പോൾ ആനന്ദം ഉണ്ടാകുന്നു. നിങ്ങൾക്ക് ആത്മസാ-ക്ഷാത്കാരം ഇല്ലായിരിക്കാം എന്നാൽ എപ്പോഴാണ് വീട്ടിൽ ധർമ്മമുണ്ടാകുന്ന-ത് ? അത് നിങ്ങൾ എല്ലാ സാഹചര്യങ്ങളെയും സഹിക്കുകയും സംഘർഷങ്ങ-ൾക്ക് ഇന്ധനം ഒഴിക്കാതിരിക്കുകയും ചെയ്യുമ്പോൾ ആണ്. അപ്പോഴാണ് നിങ്ങൾ ശ്രേഷ്ഠനാകുന്നത്.

അങ്ങനെയുള്ള ഭവനത്തിൽ ഈശ്വരൻ വസിക്കുന്നു. ഭവനത്തിൽ സംഘർഷമു-ണ്ടെങ്കിൽ എല്ലാം നഷ്ടമാകും. ഈശ്വരൻ ധനദേവതയോടൊപ്പം ആ ഭവന-ത്തിൽ നിന്നും ഇറങ്ങിപ്പോകും. ധർമ്മമുള്ള ഭവനത്തിൽ കലഹമില്ല, ഉണ്ടായാൽ തന്നെ അത് വീടിന്റെ നാലു ചുവരിനുള്ളിൽ ഒതുങ്ങുകയും വീണ്ടും ഉണ്ടാകാതി-രിക്കാൻ അവർ ശ്രദ്ധിക്കുകയും ചെയ്യും.

ലക്ഷ്മിയെ സന്തോഷിപ്പിക്കുന്നത് അവളുടെ നിയമങ്ങളുടെ അനുസരണയാണ്.

കടം വാങ്ങുന്നത് തിരിച്ചു കൊടുക്കുകയും പൂർണ്ണമായ സത്യസന്ധതയും. നിങ്ങൾ അവളെ പൂജിക്കുകയും ഒപ്പംതന്നെ അവളുടെ നിയമങ്ങളെ ലംഘിക്കുകയും ചെയ്താൽ ലക്ഷ്മി എങ്ങനെ പ്രസാദിക്കും ?

**അന്വേഷകൻ** : വീട്ടിലെ കലഹങ്ങൾ കാരണം കുട്ടികൾ ദുരിതത്തിൽ ആകുന്നു.

**ദാദാജി** : ഈ ചെറിയ കുട്ടിയും എന്റെ വാക്കുകൾ കേട്ട് ശാന്തനാകുന്നു. എന്താണ് ശാന്തി എന്താണ് അശാന്തി എന്നറിയാൻ അവനും ഒരു ബോധമുണ്ട്. വീട്ടിൽ കലഹമുണ്ടാകുമ്പോൾ അവൻ നിരീക്ഷിക്കുകയും അച്ഛനും അമ്മയും തമ്മിൽ ഉപ-യോഗിക്കപ്പെടുന്ന വാക്കുകളെ അളക്കുകയും ചെയ്യുന്നു. എനിട്ട് ആരുടെ തെറ്റാണ് എന്ന് ചിന്തിക്കുന്നു. എന്തെങ്കിലും പറയാൻ താൻ വളരെ ചെറുതാണ് എന്ന് അവൻ കരുതുന്നു. എന്നാൽ വളരുമ്പോൾ പ്രശ്നക്കാരനുമായി ഏറ്റുമുട്ടാൻ അവൻ ചിന്തിക്കും.

ശാന്തനും അശാന്തനുമായ വ്യക്തിയെ തിരിച്ചറിയാൻ കുട്ടികൾക്ക് പോലും കഴിയും.

**അന്വേഷകൻ** : സംഘർഷങ്ങൾ കൊണ്ടുണ്ടാകുന്ന ദുരിതങ്ങൾ ഒരുവന്റെ കർമ്മവുമായി ബന്ധപ്പെട്ടതാണോ ?

**ദാദാജി** : കലഹത്തിന്റെയും സംഘർഷത്തിന്റെയും സമയം കഴിഞ്ഞു പോയാലും ഒരുവൻ കർമ്മങ്ങളെ സഞ്ചയിക്കുകയും ജന്മബന്ധങ്ങൾക്ക് കാരണം ആകുകയും ചെയ്യുന്നു. സാഹചര്യങ്ങൾ അനുകൂലമാകുമ്പോൾ കലഹത്തിന്റെ വിത്തുകൾ ഉയർന്നു വരുന്നു. ഈ സംഘർഷങ്ങളുടെ വിത്തുകളെ ജ്ഞാനിപുരുഷന് എരിച്ചുകളയാൻ ആകും. രാജ്ചന്ദ്രജി പറഞ്ഞിട്ടുണ്ട്: “ഒരു ദിവസത്തേക്കെങ്കിലും സംഘർഷമില്ലാത്ത ഭവനത്തെ ഞാൻ നമസ്കരിക്കുന്നു”.

## 121

## എന്താണ് യഥാർത്ഥത്തിൽ സന്തോഷവും അസന്തുഷ്ടിയും ?

**അന്വേഷകൻ** : സന്തോഷമില്ലായ്മ എന്തുകൊണ്ടാണ്?

**ദാദാജി** : ഇതെല്ലാം സാങ്കൽപ്പികമാണ്, സന്തോഷവും സന്തോഷമില്ലായ്മയും എല്ലാം മാനസികമായ പ്രക്ഷേപണമാണ്. ഏതു കാര്യവും നല്ലത് എന്ന് സങ്ക-ല്പ്പിക്കുന്നവന് അത് സന്തോഷത്തെ ഉളവാക്കുന്നു. ജ്ഞാനിക്കു അസന്തുഷ്ടി ഇല്ല. ആളുകൾ സാധാരണയായി ഉപയോഗിക്കുന്ന ഒരു ഭാവം ആണത്. ജ്ഞാ-നിയുടെ ഉപദേശങ്ങളെ അനുസരിക്കുന്നവർക്ക് അസന്തുഷ്ടി ഇല്ല. ലോകത്തിൽ ആളുകൾ എവിടെപ്പോയാലും സന്തോഷിക്കുന്നില്ല.

ദുരിതം വാസ്തവത്തിൽ എന്താണ് ? ഒരാൾക്ക് വിശക്കുന്നു, കഴിക്കാൻ ഒന്നുമില്ല, ഒന്നും കിട്ടിയുമില്ല, വയറാകട്ടെ വിശന്നുകത്തുന്നു, അയാൾ ദുരിതത്തിലാണ്. ദാഹിക്കുന്നവനു വെള്ളം കിട്ടാതെ വരുന്നത് ദുരിതമാണ്. രണ്ടു നാസാദ്വാരങ്ങളും അഞ്ചു മിനിറ്റ് അടച്ച് വച്ചു, നിങ്ങൾക്കു ശ്വാസം മുട്ടും, അതു ദുരിതമാണ്. ബാഹ്യമായ എല്ലാ സമ്മർദ്ദങ്ങളെയും നമുക്ക് ഒഴിവാക്കാം എന്നാൽ ഭക്ഷണം, വെള്ളം വായു എന്നിവ ഒഴിവാക്കാൻ ആവുന്നില്ല. മറ്റു സമ്മർദ്ദങ്ങൾ കൊണ്ട് നിങ്ങൾ മരിക്കില്ല. അത് അനാവശ്യങ്ങളായ സമ്മർദ്ദങ്ങൾ ആണ്. മറ്റേ ആൾക്ക് എന്താണ് ഇഷ്ടം ? മറ്റുള്ളവരെ സന്തോഷഭരിതരാക്കാൻ ചെയ്യുന്നത് പുണ്യത്തെ സഞ്ചയിക്കൽ ആണ്.

**അന്വേഷകൻ** : ജീവിതയാത്രയിൽ ആശയങ്ങളും ആദർശങ്ങളും എന്തുകൊണ്ടാണ് മാറിക്കൊണ്ടിരിക്കുന്നത്? അതുപോലെ ഒരുവൻ നല്ലതെന്നു ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതും തമ്മിൽ ഭാഗം ചെയ്യൽ എങ്ങനെ ഉണ്ടാകുന്നു ?

**ദാദാജി** : ഇതെല്ലാം പരിണാമപ്രക്രിയ ആണ്. നിങ്ങളുടെ ജീവിതത്തിലെ ആദ്യ ഘട്ടത്തിൽ നേടുന്ന അറിവു ഓരോ ഘട്ടത്തിലും വളർന്നു കൊണ്ടിരിക്കുന്നു. ഒരു ജന്മത്തിൽ മോഷണം തെറ്റല്ല ഏന് കരുതുന്ന ആൾക്ക് അടുത്ത ജന്മത്തിൽ അത് തെറ്റാണെന്നു ബോധ്യപ്പെടാം. എന്നാൽ അവന്റെ ഈ അഭിപ്രായത്തിന് വിരുദ്ധമായി അവൻ പൂർവ്വവാസനയാൽ മോഷ്ടിക്കുകയും ചെയ്യാം. കർമ്മഫലങ്ങൾ പ്രവർത്തിച്ചു തുടങ്ങിയാൽ അതിനെ നിർത്താൻ കഴിയില്ല. ഈ കർമ്മങ്ങൾ അവസാനിക്കും വരെ ഒരുവൻ മരിക്കില്ല.

ഞാൻ പറയുന്നതെന്തെന്നാൽ പൂർവ്വകാലത്തിൽ ഉണ്ടായിരുന്ന തെറ്റായ ധാരണകളെയെല്ലാം നിങ്ങൾ മാറ്റണം. നിങ്ങൾ ഇനി മോഷ്ടിക്കില്ല എന്ന തീരുമാനത്തിൽ ഉറച്ചു നിൽക്കുക, കൂടെക്കൂടെ അതു ഓർക്കുക. മോഷണം ചെയ്യാൻ തോന്നുമ്പോൾ ആ ചിന്തയെ വേരോടെ കളയാൻ ശ്രമിക്കുക. അപ്പോൾ നിങ്ങൾ ശരിയായ കർമ്മത്തെ അടുത്ത ജന്മത്തിലെക്ക് സഞ്ചയിക്കും.

ഒരുവന്റെ ബുദ്ധിയുടെ രചന കാലാകാലം മാറിക്കൊണ്ടിരിക്കും എന്നാൽ ഒരാൾ മരണശയ്യയിൽ കിടക്കുമ്പോൾ ഉള്ളത് അടുത്തജന്മത്തിൽ ഫലമുളവാക്കും.

**അന്വേഷകൻ**: ജീവിതത്തിൽ ആദർശപരമായ സമീപനം എന്താണ്?

**ദാദാജി** : ലോകത്തിലെ ജനങ്ങൾക്ക് വ്യവഹാരധർമ്മം പഠിപ്പിക്കാൻ ഞാൻ പറയും, “നിങ്ങളെക്കുറിച്ച് ചിന്തിക്കാതെ മറ്റുള്ളവർക്ക് ഉപാകാരമുള്ളവരാകൂ. നിങ്ങളുടെ സ്വാർത്ഥതക്ക് വേണ്ടി പ്രവർത്തിക്കാതിരിക്കൂ. ലോകത്തിന്റെ നന്മ-

യ്ക്കായി നിങ്ങളുടെ സേവനങ്ങളെ കൊടുക്കുക. നിങ്ങൾക്കുള്ളതെല്ലാം നിങ്ങൾക്ക് മാത്രമായി ഉപയോഗിച്ചാൽ എല്ലാം ഒഴുകിപ്പോകും. മറ്റുള്ളവർക്ക് വേണ്ടി എന്തെങ്കിലും ചെയ്യുന്നത് അടുത്ത ജന്മത്തെ ഉയർച്ചയ്ക്ക് കാരണമാകും.

എന്താണ് ശുദ്ധാത്മ ഭഗവാൻ പറയുന്നത് ? "മറ്റുള്ളവരെ സഹായിക്കുന്നവരെ ഞാൻ സഹായിക്കുന്നു, അവനവനെ മാത്രം പരിഗണിക്കുന്നവനെ അവർക്ക് വേണ്ടി തന്നെ ഞാൻ ഒഴിവാക്കുന്നു".

## 122

## കുറ്റാരോപണ മനോഭാവം

**അന്വേഷകൻ** : മറ്റുള്ളവരിൽ കുറ്റം കാണുന്നത് ആ കുറ്റങ്ങൾ നമ്മളിൽ ഉള്ളത് കൊണ്ടാണോ ?

**ദാദാജി** : അല്ല, മറ്റുള്ളവരിൽ കുറ്റം കാണുമ്പോൾ ആ കുറ്റം നമ്മിൽ ഉണ്ടാകുകയോ ഇല്ലാതെയിരിക്കുകയോ ആവാം. ഒരാളുടെ ബുദ്ധി എന്താണ് ചെയ്യുക ? അത് എപ്പോഴും തന്റെ കുറ്റം മറച്ചുവച്ച് അന്യന്റെ കുറ്റം കണ്ടുപിടിക്കും. വക്രബുദ്ധി എപ്പോഴും അന്യന്റെ കുറ്റം കണ്ടുപിടിക്കും. തന്നിൽ യാതൊരു കുറ്റവും ഇല്ലാത്തവർ മറ്റുള്ളവരിലും കുറ്റം കാണുകയില്ല. അങ്ങനൊരു ദുശ്ശീലം അയാൾക്കുണ്ടാകില്ല. അയാൾ എല്ലായിടത്തും നിഷ്കളങ്കത കാണുന്നു. യഥാർത്ഥ ജ്ഞാനം എങ്ങനെയെന്നാൽ അതു ആരിലും കുറ്റം കാണാതിരിക്കാൻ നമ്മെ പ്രാപ്തനാക്കുന്നു.

**അന്വേഷകൻ** : മറ്റുള്ളവരിൽ കുറ്റം ഉണ്ടെങ്കിലും അതു കാണരുതെന്ന് പറയുന്നതെന്തുകൊണ്ടാണ്?

**ദാദാജി** : കുറ്റങ്ങൾ ഓവുചാലുകൾ പോലെയാണ്. തെരുവിൽ ഓവുചാലുകൾ നം തുറക്കാറില്ല. എല്ലാ അടുക്കളയിലും ഓവുചാൽ ഉണ്ട്. പക്ഷെ നാമതു തുറക്കില്ല. ഒരാൾക്ക് ഒരു കുറ്റം ഉണ്ട്, ഉദാഹരണത്തിനു അയാൾ മുൻകോപിയും അശാന്തനുമാണ്. അയാളുടെ മോശം സ്വഭാവത്തെക്കാൾ നല്ല സ്വഭാവം നാം കാണണം. ഓവുചാൽ കാണണമെങ്കിൽ നമ്മുടെതന്നെ കാണണം. അത് കവിഞ്ഞൊഴുകിയാൽ വൃത്തിയാക്കണം. പക്ഷെ അതെപ്പോൾ കവിഞ്ഞൊഴുകും എന്ന് നമുക്ക് നിശ്ചയമില്ല. അറിഞ്ഞാൽത്തന്നെ ഒരുവന് എന്തു ചെയ്യാനാകും ? കാലക്രമേണ അയാൾ അതിനോട് ഒത്തുചേരുകയും രോഗം പിടിപ്പെടുകയും ചെയ്യും. ഒരുവൻ ഗ്രന്ഥങ്ങൾ വായിച്ചു മൂളുന്നു "ആരെക്കുറിച്ചും മോശമായി സംസാരിക്കാതിരിക്കുക", എങ്കിലും ആരും അത് വകവയ്ക്കാതെ കുറ്റം പറയുന്നു.

**അന്വേഷകൻ** : അപ്പോൾ ആരെയും വിമർശിക്കാൻ പാടില്ലെന്നാണോ ?

**ദാദാജി** : ആരെക്കുറിച്ചെങ്കിലും നാം മോശമായിപ്പറഞ്ഞാൽ അത് നമുക്ക് അഹിതമായി വരും. തെരുവിലെ അഴുക്കുചാൽ തുറക്കാൻ നാം ഇഷ്ടപ്പെടുന്നില്ല എന്നാൽ മറ്റുള്ളവരുടെ അഴുക്കുചാൽ നാം തുറക്കുന്നു. എത്ര വിചിത്രം !

ആരെയെങ്കിലും വിമർശിക്കുന്നത് ഒരു രൂപയ്ക്ക് പകരം പത്തു രൂപാ കൊടുക്കും പോലെയാണ്. വിമർശിക്കുന്നവർ എപ്പോഴും നഷ്ടത്തിലാണ്. ഇത്തരം നിഷ്പ്രയോജനകാര്യങ്ങൾക്ക് ഊർജ്ജം കളയുന്നതെന്തിന് ? അനുചിതമായ വിമർശനത്താൽ നിങ്ങളുടെ ഊർജ്ജമാണ് പാഴായിപ്പോകുന്നത്. എള്ള് അല്ല മണൽ ആണെന്ന് അറിഞ്ഞാൽ പിന്നെ എന്തിനാണ് എണ്ണ ആട്ടാൻ പോകുന്നത് ? അതു സമയവും ഊർജ്ജവും നഷ്ടപ്പെടുത്തും.

വിമർശനം വഴി നിങ്ങൾ മറ്റുള്ളവരുടെ മാലിന്യം വൃത്തിയാക്കാൻ ശ്രമിച്ച് സ്വയം മലിനമാകുന്നു. എപ്പോഴാണ് നിങ്ങൾ അതു വൃത്തിയാക്കുന്നത്,

മൂആ (*ആത്മവിസ്മൃതിയിലായവൻ)

'മൂആ', ഞാൻ കൂടെക്കൂടെ ഉപയോഗിക്കുന്ന വാക്ക്, നിങ്ങൾ എങ്ങനെ പരിഭാഷപ്പെടുത്തും ? അതിനു വളരെ സൂക്ഷ്മമായ അർത്ഥമാണുള്ളത്. അതിൽ മൃദുവായ ഒരു താക്കീതുണ്ട്. വെറുപ്പോ നിന്ദയോ ഇല്ല. അതു നമ്മുടെ ഗ്രാമീണശൈലിയാണ് പക്ഷെ വളരെ ശക്തിയുള്ളതാണ്. ഓരോ വാചകങ്ങളും നിങ്ങളെ ചിന്തിപ്പിക്കും. ഹൃദയത്തെ തുളയ്ക്കുന്ന ജ്ഞാനിയുടെ വാക്കുകളാണ്,അതെ , ഇതു സരസ്വതീദേവിയുടെ നേരിട്ടുള്ള വെളിപാടാണ്.

(*ഇവിടെ മൂആ എന്നുള്ളതിന് ആത്മവിസ്മൃതിയിൽ ആയവൻ എന്നാണു അർത്ഥം സ്വീകരിച്ചിരിക്കുന്നത്; പ്രിയമുള്ളവനെ, നിസ്സാരനായ ജീവനെ, മൂഢാ, ശുംഭാ തുടങ്ങിയ അർത്ഥങ്ങൾ സന്ദർഭമനുസരിച്ച് ഉപയോഗിക്കാറുണ്ട്).

## 123

## സ്മൃതി

**അന്വേഷകൻ** : ഒരുവന് ഭൂതകാലം മറക്കാൻ ആവുന്നില്ല. അതെന്താണ് അർത്ഥമാക്കുന്നത്?

**ദാദാജി** : ഭൂതകാലം എങ്ങനെയെന്നാൽ നിങ്ങൾ ആഗ്രഹിക്കുമ്പോൾ ഓർമ്മവരാതിരിക്കുകയും ആഗ്രഹിക്കാത്തപ്പോൾ മറക്കാൻ പറ്റാതെ വരികയും എന്ന രീതിയിലാണ്. അതുകൊണ്ടാണ് 'ഭൂത കാലം' എന്ന് പറയുന്നത്. പലരും പഴയത് മറക്കാൻ ശ്രമിക്കുമെങ്കിലും സാധിക്കുന്നില്ല. യഥാർത്ഥ ജ്ഞാനത്തിന്റെ അഭാവത്തിൽ ഓർമ്മയിൽ നിന്നും ലോകത്തെ ഉന്മൂലനം ചെയ്യുക സാധ്യമല്ല.

രാഗദ്വേഷങ്ങളാണ് സംഭവങ്ങൾ ഓർക്കാനുള്ള കാരണം. ഒരു വസ്തുവിനോടുള്ള രാഗം കൂടുതലെങ്കിൽ അതു കൂടുതൽ ഓർക്കും. ദ്വേഷം കൂടുതലുള്ളതും കൂടുതൽ ഓർക്കും.

**അന്വേഷകൻ** : ഒരു ഉദാഹരണം പറയുമോ ?

**ദാദാജി** : അമ്മായിയമ്മയെക്കുറിച്ച് ഓർക്കാതിരിക്കാൻ ഒരു സ്ത്രീ അവളുടെ അച്ഛന്റെ വീട്ടിൽ പോയി നിന്നു. എങ്കിലും അവൾക്ക് മറക്കാൻ പറ്റിയില്ല. കാരണം അവൾ അവരെ വെറുത്തിരുന്നു. എന്നാൽ അവൾ അവളുടെ ഭർത്താവിനെയും ഓർത്തുകൊണ്ടിരുന്നു കാരണം അയാളോടു അവൾക്ക് രാഗമുണ്ടായിരുന്നു.

**അന്വേഷകൻ** : അരോചകമായ ഓർമ്മകൾക്ക് കാരണം എന്താണ്? അവയെ എങ്ങനെ ഇല്ലാതെയാക്കാം ?

**ദാദാജി** : നിങ്ങളെ ഏറ്റവും അസന്തുഷ്ടനാക്കിയതോ സന്തുഷ്ടനാക്കിയതോ നിങ്ങൾ ഓർത്തിരിക്കും. വസ്തുവിനോട് രാഗദ്വേഷങ്ങളാൽ ആണ് നിങ്ങൾ ബന്ധപ്പെട്ടിരിക്കുന്നത്. ആ ബന്ധം വിച്ഛേദിച്ചാൽ വിസ്മൃതി ആകും. സ്വയം ചിന്തകൾ കയറിവരുന്നത് ഓർമ്മ എന്ന് വിളിക്കാം. ഈ ചിന്തകൾ അപ്രത്യക്ഷമായാൽ ഓർമ്മിക്കൽ ഉണ്ടാകാതിരിക്കുകയും ഒരുവന്റെ സ്വതന്ത്രമായ പുഞ്ചിരി വിടരുകയും ചെയ്യും.

ഓർമ്മ അഥവാ സ്മൃതി മനസ്സിനെ വലിക്കുകയും മുഖഭാവങ്ങളെ ആയാസപ്പെടുത്തുകയും ചെയ്യുന്നതിനാൽ പുഞ്ചിരിക്ക് ആഹ്ലാദത്തിന്റെ രൂപമുണ്ടാകില്ല. സ്മൃതി ഓരോരുത്തരിലും വ്യത്യസ്തമായിരിക്കും. നിങ്ങൾ ഓർക്കുന്നത് മറ്റൊരാൾ ഓർക്കണം എന്നില്ല എന്തെന്നാൽ എല്ലാവർക്കും അവരുടേതായ രാഗദ്വേഷങ്ങൾ ഉണ്ട്. അതിനാൽ ഈ മമത-വിദ്വേഷം എന്നിവയാൽ ആണ് ഓർമ്മ നിലനിൽക്കുന്നത്.

**അന്വേഷകൻ** : എങ്ങനെയാണ് ഈ സ്മൃതിയെ ഇല്ലാതെയാക്കുന്നത്?

**ദാദാജി** : ഓർമ്മകൾ തന്നെ നമ്മോടു പറയും എന്നെ തുടച്ചു നീക്കു എന്ന്. ഓർമ്മ ഇല്ലെങ്കിൽ ആകെ ആശയക്കുഴപ്പം ആകും. എന്താണ് തുടച്ചു നീക്കേണ്ടത് എന്ന് നിങ്ങൾക്ക് അറിയാനും കഴിയില്ല. അതില്ലാതെ എങ്ങനെ നിങ്ങൾക്ക് രാഗദ്വേഷങ്ങളെ അറിയാനാകും ? നിങ്ങൾ ഓർക്കുന്ന കാര്യം തന്നെ പ്രശ്നപരിഹാരത്തിനായി എത്തും. അങ്ങനെ രാഗദ്വേഷങ്ങൾ കൊണ്ടുണ്ടായ പറ്റുമാനം ഇല്ലാതെയാക്കാം.

നിങ്ങളുടെ ഓർമ്മയിൽ വരുന്ന കാര്യം തുടച്ചു നീക്കിയാൽ അതു എന്നന്നേക്കുമാ-

യി മറക്കപ്പെട്ടും. നിങ്ങൾ എന്തിനോടെങ്കിലും ഒട്ടിച്ചേരുന്നത് കൊണ്ടാണ് ഓർമ്മകൾ ഉണ്ടാകുന്നത്. അതിനെ തുടയ്ക്കു, പശ്ചാത്തപിക്കു, വീണ്ടുമത് ചെയ്യില്ല എന്ന് തീരുമാനിക്കു. ആ ഓർമ്മയുടെ ഉന്മൂലനം അങ്ങനെ വരുത്താം. ലോകത്തെ മറക്കാൻ പ്രാപ്തമാക്കുന്നത് യഥാർത്ഥ ജ്ഞാനമാണ്.

## 124

## അസ്വാസ്ഥ്യത്തിലെ സ്വാസ്ഥ്യം

**അന്വേഷകൻ** : ജീവിതത്തിലെ സ്വാസ്ഥ്യങ്ങളെക്കുറിച്ച് പറഞ്ഞാലും

**ദാദാജി** : ഈശ്വരൻ പറയുന്നു, "അസ്വാസ്ഥ്യത്തിലും സ്വാസ്ഥ്യം തേടൂ". അസ്വസ്ഥമായ സാഹചര്യങ്ങളിലും സ്വസ്ഥത ഉണ്ട് എന്നാൽ നിങ്ങൾക്ക് അത് കണ്ടെത്താൻ കഴിയുന്നില്ല.

**അന്വേഷകൻ** : ദയവായി ഒരു ഉദാഹരണം പറയൂ

**ദാദാജി** : അഞ്ചു വർഷം മുൻപ് വാങ്ങിയ ഒരു സോഫയാൽ ഒരാൾ അസ്വസ്ഥനാകുന്ന കാരണം അതു പഴയ ഫാഷൻ ആണെന്ന് അയാൾ കരുതുന്നു. ഇതാണ് സ്വസ്ഥതയിൽ അസ്വസ്ഥത ഉണ്ടാക്കൽ.

ഒരു ചാരുകസേരയിൽ ഇരിക്കുന്നതിൽ പോലും ആളുകൾക്ക് ഇക്കാലത്ത് പ്രയാസമാണ്. ജീവിതത്തിൽ ഒരുവട്ടം അസ്വസ്ഥനാകാം എന്നാൽ എല്ലാ ദിവസവും അസ്വസ്ഥനായാലോ ! എപ്പോഴും വേദനയെക്കുറിച്ച് പരാതി പറയുകയും ചെയ്യുന്നു. ആരെയും സന്തുഷ്ടരാക്കാനുള്ളതൊക്കെ ബോംബയിൽ ഉണ്ട്. എന്നാൽ നിങ്ങൾ ദുഃഖത്തിൽ ആണ്ടിരിക്കുന്നു. ഉള്ള സുഖത്തെ വീണ്ടും സുഖകരമാക്കാൻ ശ്രമിക്കുന്നത് അസുഖത്തിൽ കലാശിക്കുന്നു.

അയൽപ്പക്കത്തെ വീട്ടിലെ പുതിയ സോഫാ കണ്ടിട്ട് അത്തരമൊന്നു വാങ്ങിക്കുവാൻ ഭാര്യ ആറുമാസം ഭർത്താവുമായി വഴക്കുണ്ടാക്കി. ഒടുവിൽ അതു വാങ്ങിച്ചു പക്ഷെ അതു തകരാറിലായപ്പോൾ അവർ വളരെ അസന്തുഷ്ടരായി. ഇക്കാലത്തു നിങ്ങൾ വാങ്ങുന്ന സോഫാകൾ ശരിയായതാകില്ല, ചെറിയ കാലം കൊണ്ട് അതിന്റെ കാലുകൾ തകരാം. ഇങ്ങനെയാണ് നിങ്ങൾ അസ്വസ്ഥത ഉണ്ടാക്കുന്നത്. നിങ്ങളുടെ ഹൃദയത്തെ ഇങ്ങനെ തപിപ്പിക്കണോ ? നിങ്ങളുടെ വസ്തുങ്ങൾക്ക് തീപിടിക്കാം എന്നാൽ ഹൃദയത്തെ ദഹിപ്പിക്കരുത്.

**അന്വേഷകൻ** : അത്തരം അവസരങ്ങളിൽ മാതൃകാപരമായ സമീപനം എങ്ങനെയാകണം ?

**ദാദാജി** : ആരെയും അനുകരിക്കാതിരിക്കുക എന്നതാണ് ആദർശപരം. ബുദ്ധി

കുറഞ്ഞവരാണ് അനുകരിക്കാൻ നോക്കുകയും ദുരിതത്തിൽ പെടുകയും ചെയ്യുന്നത്. എല്ലാ വീടുകളിലും ഇപ്പോൾ സോഫാസെറ്റുകൾ ഉണ്ട്. എന്നാൽ അതു തന്നെ നിനക്ക് വേണമെന്നു പറയുന്നത് എന്തുകൊണ്ട് ? നമ്മൾ ആരെയും അനുകരിക്കാതെ യഥാർത്ഥമായിരിക്കുക. നമുക്ക് ഭാരതീയ ശൈലിയിലുള്ള ഇരിപ്പിടങ്ങളും മറ്റും ആകാം. ആരെയും അനുകരിക്കുന്നുമില്ല സ്വസ്ഥമാകുകയും ചെയ്യാം.

ഒരു മനുഷ്യന് എന്താണ് യഥാർത്ഥത്തിൽ ആവശ്യം ? ഭക്ഷണം, വസ്ത്രം, പാർപ്പിടം. എന്നാൽ ആളുകൾ ഇക്കാലത്ത് പുതിയ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. വാസ്തവത്തിൽ ലോകത്ത് അശാന്തി ഇല്ല. ബോധമില്ലായ്മകൊണ്ട് മനുഷ്യൻ മനുഷ്യനുവേണ്ടി ദുരിതങ്ങളെ ഉണ്ടാക്കുന്നു.

അയൽക്കാരൻ ഇന്ന് നിങ്ങളെ ക്ഷണിക്കുകയും നാളെ അവഗണിക്കുകയും ചെയ്യാം. എപ്പോഴും ക്ഷണിക്കണം എന്ന സുഖപ്രതീക്ഷ എന്തിനാണ്? അയാൾ ബഹുമാനിക്കുമ്പോൾ നിങ്ങൾ അഭിമാനിക്കുകയും സ്വസ്ഥത അനുഭവിക്കുകയും ചെയ്യുന്നു. എന്നാൽ വിളിച്ചില്ലെങ്കിൽ അസ്വസ്ഥനാകും. അതു തൃപ്തികരം ആണെന്ന് കരുതിയാൽ ഏറ്റവും നല്ലത്. വിളിച്ചാലും ഇല്ലെങ്കിലും തൃപ്തികരം എന്ന് കരുതുക.

**അന്വേഷകൻ** : പിന്നെങ്ങനെ ഒരുവൻ ജീവിതത്തിൽ സന്തോഷം തേടും ?

**ദാദാജി** : നമ്മുടെ ഉള്ളിലും പുറത്തും സന്തോഷം നിറഞ്ഞിരിക്കുന്നു. എന്നാൽ അതു കണ്ടെത്തുവാൻ ഒരുവന് അറിയില്ല. യഥാർത്ഥത്തിൽ ഒരു ആനന്ദമേയുള്ളൂ എന്നാൽ ലോകം അതിനെ പലതായി തരംതിരിച്ചിരിക്കുന്നു. സത്യത്തെ അറിഞ്ഞാൽ നാം സന്തുഷ്ടരാകുകില്ലേ ? സാങ്കല്പികമായ ആനന്ദത്തിൽ എത്ര നാൾ നാം സന്തോഷിക്കും ? മറ്റെന്തു ചെയ്യാൻ പറ്റും ? നമ്മൾ കെണിയിൽപെട്ടു പോയി. എന്തു ചെയ്യാൻ കഴിയും ?

**അന്വേഷകൻ** : സർ ഇതെല്ലാം കെണിയിൽ പെട്ടപോലെയാണോ ?

**ദാദാജി** : ഇതെങ്ങനെയാണെന്ന് ഒരു സംഭവം വഴി വിവരിക്കാം

ഒരു കച്ചവടക്കാരനും അയാൾക്കൊരു മുസ്ലീം സ്നേഹിതനും ഉണ്ടായിരുന്നു. വളരെ അടുത്ത സുഹൃത്തുക്കൾ ആയിരുന്നു അവർ. ഒരു മുഹറം ദിനത്തിൽ രണ്ടുപേരും പുറത്തു കറങ്ങിനടക്കാൻ പോയി. പോകുന്ന വഴിയിൽ മുസ്ലീങ്ങളുടെ താസിയാ എന്ന ഘോഷയാത്ര കണ്ടു. അതു കണ്ട മുസ്ലിം അതീവതാല്പര്യത്തോടെ അതിൽ പങ്കുകൊള്ളാൻ തുനിഞ്ഞു. രണ്ടു മിനിറ്റ് കാക്കു എന്ന് കച്ചവടക്കാര-

നോട് പറഞ്ഞിട്ട അയാൾ ഘോഷയാത്രയിൽ പങ്കുകൊണ്ടു. "യാ ഹുസൈൻ യാ ഹുസൈൻ" എന്ന് അയാൾ ഉച്ചത്തിൽ പറയാൻ തുടങ്ങി. കച്ചവടക്കാരനാകട്ടെ അരമണിക്കൂർ അവിടെ കാത്തു നിന്നു. ഘോഷയാത്രയുടെ ലഹരിയിൽ മുഴുകിയ മുസ്ലിം അതിൽ നിന്നു മടങ്ങിവരാൻ ആഗ്രഹിച്ചില്ല. ഓരോ അഞ്ചു മിനിറ്റ് ആകുമ്പോഴും കച്ചവടക്കാരൻ അയാളെ കൈ കാട്ടി വിളിച്ചെങ്കിലും അയാൾ വന്നില്ല. ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ ക്ഷമ നശിച്ച കച്ചവടക്കാരൻ ആ മുസ്ലിമിന്റെ കയ്യിൽ പിടിച്ചു വലിച്ചു. എന്നാൽ കച്ചവടക്കാരനും ആ ഘോഷയാത്രയുടെ തിരക്കിൽ പെടുകയാണ് ഉണ്ടായത്. രണ്ടു മിനിറ്റ്, യാ ഹുസൈൻ യാ ഹുസൈൻ എന്ന് മുസ്ലിം പറഞ്ഞുകൊണ്ടിരുന്നു. അത് കേട്ട കച്ചവടക്കാരനും അതു അനുകരിക്കാൻ തുടങ്ങി. എന്നാൽ വാക്കുകളുടെ അർത്ഥം മനസ്സിലാകാത്തതിനാൽ അയാൾ ഉച്ചരിച്ചപ്പോൾ " ഞാൻ കെണിയിൽ പെട്ടു ഞാൻ കെണിയിൽ പെട്ടു" എന്നായി. അങ്ങനെയാണ് ലോകം. ഒരിക്കൽ ഈ ലോകത്തിന്റെ കെണിയിൽ പെട്ടാൽ തിരിച്ചു വരാൻ പ്രയാസമാണ്.

**അന്വേഷകൻ** : എങ്ങനെ ഈ കെണിയിൽ നിന്നും പുറത്തു വരാം ?

**ദാദാജി** : ഒരു ജ്ഞാനിക്ക് മാത്രമേ ഈ കെണിയിൽ നിന്നും നിങ്ങളെ പുറത്തു കൊണ്ടുവരാൻ സാധിക്കൂ. തെറ്റായ വിശ്വാസങ്ങളുടെയും അജ്ഞാനത്തിന്റെയും കെണിയാണിത്. പക്ഷെ തെറ്റായ വിശ്വാസവും അജ്ഞാനവും എങ്ങനെ ഇല്ലാതെയാക്കാം ? ജ്ഞാനി ഉണർത്തുമ്പോൾ പാത്രമേ അതില്ലാതെയാകൂ. മറ്റാർക്കും അതു ചെയ്യാനാവില്ല. അദ്ദേഹത്തിന്റെ ഉത്ബോധനാത്മകമായ സ്പർശം കൊണ്ട് മാത്രമേ ഈ ലോകത്തിന്റെ ചുഴിയിൽ നിന്നും കരകയറാൻ കഴിയൂ അല്ലെങ്കിൽ വീണ്ടും വീണ്ടും മുങ്ങിക്കൊണ്ടിരിക്കും.

## 125

## ചാർജ്-ഡിസ്ചാർജ്

**അന്വേഷകൻ** : സർ, കർമ്മത്തിന്റെ ചാർജിംഗ് എങ്ങനെയാണ് സംഭവിക്കുന്നത്?

**ദാദാജി** : ദർശനമോഹം (തെറ്റായ വിശ്വാസത്താൽ ഉണ്ടാകുന്നതും ലൌകികമമതയ്ക്കും പുതിയ കർമ്മത്തിനും കാരണമാകുന്നതുമായ തെറ്റായ ധാരണ) ചാർജ് മോഹം ആകുന്നു . ചരിത്രമോഹം (പുതിയ കർമ്മത്തെ ബന്ധിക്കാത്ത പൂർവ്വകാലമോഹത്തിന്റെ ഫലം) ഡിസ്ചാർജ് മോഹവും ആകുന്നു. ജലം ചാർജ് മോഹവും ഐസ് ഡിസ്ചാർജ് മോഹവും ആണ്. ചേതനം അചേതനത്തോടു സംബ-

ന്ധിക്കുമ്പോൾ തന്റെ യഥാർത്ഥ സ്വരൂപം ജീവൻ മറക്കുകയും അനാത്മാവിൽ ഉള്ള ഈ ആഗിരണം കർമ്മത്തെ ചാർജ്ജ് ചെയ്യുകയും ചെയ്യുന്നു. ഒരാൾ സ്ഥിരമായി ഓർത്തുകൊണ്ടിരിക്കുന്നതിൽ ആമഗ്നനാകുമ്പോൾ ചാർജിംഗ് ഉണ്ടാകുന്നു. ഒരുവന്റെ ഓർമ്മയിൽ എന്താണ് സ്ഥിരമായ് തെളിയുന്നത്? രാഗമോ ദ്വേഷമോ ഉള്ള വിഷയമായിരിക്കും അത്.

എന്തിനോടെങ്കിലും ഉള്ള രാഗദ്വേഷങ്ങൾ വ്യത്യസ്തവും ഭിന്നവുമായ വിഭവം എന്ന ആത്മാവിന്റെ സ്വഭാവത്തിന് കാരണമാകുന്നു. ആത്മാവിന്റെ സഹജമായ കല്പനാശക്തി 'ഞാൻ അമിത് ആകുന്നു' എന്ന മിഥ്യാത്മാവിന്റെ സൃഷ്ടിയായ വിഭവത്തെ സങ്കൽപ്പിക്കുകയും ചെയ്യുന്നു. ആത്മാവ് അനാത്മാവുമായി താദാത്മ്യം പ്രാപിക്കുമ്പോൾ ചാർജിംഗ് തുടങ്ങുന്നു. ഇങ്ങനെയാണ് ലൌകികജീവിതം കടന്നുപോകുന്നത്. തെറ്റുകളിലൂടെ ചാർജ്ജ് ചെയ്യപ്പെടുകയും തെറ്റായ വിശ്വാസത്തിലൂടെ സഞ്ചയിക്കുകയും ചെയ്യുന്നത് ഡിസ്ചാർജ്ജ് ചെയ്യപ്പെടും. ഇതാണ് കർമ്മത്തിന്റെ ചാർജിന്റെയും ഡിസ്ചാർജിന്റെയും ചംക്രമണം.

പൂർവ്വകാലകർമ്മങ്ങളുടെ ഡിസ്ചാർജ്ജ് നടക്കുമ്പോൾ ഉണ്ടാകുന്നവയോടു ഉണ്ടാകുന്ന രാഗദ്വേഷങ്ങൾ പുതിയ കർമ്മങ്ങളെ ഉണ്ടാക്കുന്നു. ആത്മാവ് അനാത്മാവുമായി താദാത്മ്യം പ്രാപിക്കുന്നതു കൊണ്ടാണ് ഇതു സംഭവിക്കുന്നത്. ലോകജീവിതമിപ്രകാരം നീണ്ടുനിൽക്കുന്നു. ഞാൻ അമിത് ആകുന്നു എന്ന തെറ്റിദ്ധാരണയിലൂടെ ചാർജ്ജ് ചെയ്യപ്പെടുന്നത് മായയാൽ ഡിസ്ചാർജ്ജ് ചെയ്യപ്പെടുന്നു.

**അന്വേഷകൻ** : ഒരുദാഹരണം പറയുമോ

**ദാദാജി** : ചന്ദൻ ഒരു കടയുടെ മുന്നിലൂടെ പോകുമ്പോൾ സാരി കാണുന്നു. അവൾ സാരിയെക്കുറിച്ചുള്ള ചിന്തകളിൽ മുഴുകുന്നു. സാരിയെ കാണുന്നതോ അതിന്റെ ഭംഗി ആസ്വദിക്കുന്നതോ അല്ല പ്രശ്നം അവൾ അതിൽ മോഹിതയാകുന്നു എന്നതാണ്. സാരി കാണുകയും ഇഷ്ടപ്പെടുകയും ചെയ്യുന്നത് ഡിസ്ചാർജ്ജ് മോഹമാണ്. എന്നാൽ സാരിയെക്കുറിച്ചുള്ള ചിന്തയിൽ മുഴുകി മോഹിക്കുമ്പോൾ അവൾ പുതിയ കർമ്മം ചാർജ്ജ് ചെയ്യുന്നു.

ആറു മീറ്റർ നീളമുള്ള സാരി അവളുടെ ചിത്തത്തെയും ആറു മീറ്റർ നീളമുള്ളതാക്കുന്നു. ഈ കാഴ്ചയിൽ എല്ലാ പൂക്കളും കണ്ണാടികളും അവളെ ബാധിക്കുന്നു. അവളുടെ പ്രതിഷ്ഠിതാത്മാവ് അതിൽ പൂർണ്ണമായും മുഴുകുന്നു.

അവൾ വീട്ടിലെത്തിയാലും അവളുടെ ചിത്തം സാരിയിൽ മുഴുകിയിരിക്കും. അവളുടെ ഭർത്താവ് ചോദിക്കും, "എന്താണ് കാര്യം ? ഇന്ന് നിനക്ക് സുഖമില്ലേ ?

നീ ആകെ ദുഃഖിതയായിരിക്കുന്നത് എന്താണ് ?" പാവം മനുഷ്യൻ. തന്റെ ഭാര്യ വീട്ടിൽ ആണെങ്കിലും മാനസികമായി സാരിക്കടയിൽ ആണെന്ന് അയാൾ എങ്ങനെ അറിയാൻ ! ഈശ്വരദൃഷ്ടിയിൽ ഇതാണ് ചാർജ്ജ് മോഹം.

**അന്വേഷകൻ** : പലതരം ഭക്ഷണം ആസ്വദിക്കുന്നതോ ?

**ദാദാജി** : രുചികരമായ ഭക്ഷണം കിട്ടുമ്പോൾ കഴിക്കുന്നതിനു യാതൊരു വിരോധവുമില്ല. എന്നാൽ രുചി നീണ്ടുനിൽക്കുകയും വീണ്ടും വീണ്ടും അവ ആസ്വദിക്കാൻ പ്രേരിപ്പിക്കുകയും ചെയ്താൽ ചാർജ്ജിംഗ് തുടങ്ങും. ബജിയും മധുരവും കഴിച്ച് അതിൽ മുഴുകിയാൽ നിങ്ങളും അതുപോലെ ആകും ! മോഹത്തിന്റെ ചാർജ്ജിങ്ങും നടക്കും.

**അന്വേഷകൻ** : നമ്മുടെ വ്യാപാരങ്ങൾ നടത്തുന്നതോ ?

**ദാദാജി** : നിങ്ങൾ വ്യാപാരം നടത്തുമ്പോൾ വാസ്തവത്തിൽ പൂർവകർമ്മം ഡിസ്ചാർജ്ജ് ചെയ്യപ്പെടുകയാണ്. കഴിഞ്ഞ ജന്മത്തിലെ ചാർജ്ജ് ചെയ്യപ്പെട്ട കർമ്മം നിങ്ങൾക്ക് ഒരു വ്യാപാരത്തെ കൊണ്ടുവരികയും അതു തുടങ്ങുന്ന നിമിഷം മുതൽ ഡിസ്ചാർജ്ജ് ആരംഭിക്കുകയും ചെയ്യുന്നു. എന്നാൽ നിങ്ങൾ അതിൽ മുഴുകിപ്പോയാൽ കർമ്മങ്ങൾ റീചാർജ്ജ് ചെയ്യപ്പെടും.

**അന്വേഷകൻ** : അങ്ങനെയെങ്കിൽ നാം ചെയ്യുന്നതെല്ലാം കർമ്മത്തിന്റെ ഡിസ്ചാർജ്ജ് ആണോ ?

**ദാദാജി** : ജനനം മുതൽ മരണം വരെ നിങ്ങളുടെ അവസാന ശ്വാസം വരെ എന്തെല്ലാം സംഭവിക്കുന്നുവോ അത് പൂർവ്വകർമ്മത്തിന്റെ ഡിസ്ചാർജ്ജ് ആണ്. ഈ ജന്മത്തിൽ നിങ്ങളുടെ മനുഷ്യരൂപത്തിലുള്ള അസ്തിത്വം പൂർവ്വ കർമ്മത്തിന്റെ ഡിസ്ചാർജ്ജ് ആണ്. കഴിഞ്ഞ ജന്മത്തിൽ മനുഷ്യത്വത്തിന്റെ കർമ്മങ്ങളെ നിങ്ങൾ ചാർജ്ജ് ചെയ്യുകയും ഈ ജന്മം അത് ഡിസ്ചാർജ്ജ് ചെയ്യുകയും ചെയ്യുന്നു.

**അന്വേഷകൻ** : പിന്നെ എന്താണ് എന്റെ പരിധിയിൽ ഉള്ളത് ?

**ദാദാജി** : നോക്കു, ഈശ്വരൻ ഡിസ്ചാർജ്ജിനെ എതിർക്കുന്നില്ല പക്ഷെ ഇവിടെ പ്രധാനമായുള്ളത് നിങ്ങളുടെ ഉദ്ദേശമാണ്, ഡിസ്ചാർജ്ജ് എന്ന പ്രക്രിയയിൽ നിങ്ങൾ എത്രമാത്രം മുഴുകുന്നു എന്നതാണ്.ഉദാഹരണത്തിനു നിങ്ങൾ ക്ഷേത്രത്തിൽ പോകുമ്പോൾ ചെരുപ്പ് വെളിയിൽ ഇടുന്നു. വിഗ്രഹത്തിൽ തൊഴുന്നത് പൂർവ്വകർമ്മത്തിന്റെ ഡിസ്ചാർജ്ജ് ആണ് എന്നാൽ തോഴുമ്പോൾ വെളിയിൽ കിടക്കുന്ന ഷൂ ആരെങ്കിലും മോഷ്ടിക്കുമോ എന്ന ഭയം പുതിയ കർമ്മത്തിന്റെ ചാർജ്ജിംഗ് ആണ്.

ജലം കുടിക്കുന്നത് ചാർജ് ആണ് എന്തെന്നാൽ ഒരുവൻ താൻ ജലം കുടിക്കുന്നു എന്ന് വിശ്വസിക്കുന്നു. ആ ജലം മൂത്രമായി പുറത്തേക്ക് പോകുമ്പോൾ അത് ഡിസ്ചാർജ് ആകുന്നു. ഒരാൾ ശരീരം ചൊറിയുന്നത് ഡിസ്ചാർജ് ആണ് എന്നാൽ അതിന്റെ ആസ്വാദനം പുതിയ ചാർജിനു കാരണം ആകുന്നു. എല്ലാ സ്ഥൂലമായ ഭൌതികപ്രവർത്തനങ്ങളും ഡിസ്ചാർജ് ആണ്. ഈ കർമ്മങ്ങളിൽ സന്തോഷിക്കുകയോ ദു:ഖികുകയോ ആവശ്യമില്ല. പ്രതിഷ്ഠിതാത്മാവാണ് അത് ആസ്വദിക്കുന്നത്, ശുദ്ധാത്മാവ് അറിയുന്നവൻ മാത്രമാണ്.

നീറ്റലിനു ശേഷം ചൊറിച്ചിലിലിണ്ടാകുമെന്നു ജ്ഞാതാവിനു അറിയാം. എന്നാൽ അതിന്റെ സുഖത്തിൽ രമിച്ചാൽ റീചാർജ് ഉണ്ടാകും. ഡിസ്ചാർജ് മോഹം ഒഴിയുന്നുവെങ്കിലും അടുത്ത ജന്മത്തിലെക്ക് ചാർജ് ചെയ്യപ്പെടുന്നു. അടുത്ത ജന്മം താൻ മനുഷ്യനാകുമെന്നു റീചാർജ് ചെയ്യുമ്പോൾ കരുതിയാലും ചിലപ്പോൾ കഴുത ആയിട്ടാകും ജനിക്കുക. ഇത് ഭാവനയ്ക്കോ ബുദ്ധിക്കോ അതീതമായ കാര്യമാണ്. സ്വതാല്പര്യത്തിനു അനുഗുണമായതെന്തെന്നറിയാതെ ആളുകൾ ഒന്ന് ചെയ്യുകയും അതു മറ്റൊരു വഴിയെ പോകുകയും ചെയ്യുന്നു.

**അന്വേഷകൻ** : ഡിസ്ചാർജ് എങ്ങനെയാണ്?

**ദാദാജി** : ചാർജ് ചെയ്യപ്പെടാവുന്ന മോഹം നിറയ്ക്കപ്പെടുന്നത് ക്രമേണയാണ്. 1° 2° 3° എന്നിങ്ങനെ ഉദാഹരണത്തിന് 500° വരെ. ഡിസ്ചാർജ് മോഹമോ ? 500° നിന്നും പെട്ടെന്ന് തന്നെ 450 പിന്നെ 400 അവസാനം 1, അതു കഴിഞ്ഞു. അപ്പോൾ പൂർണ്ണമായും ഡിസ്ചാർജ് ആയി. ഉയർന്ന ഡിഗ്രിയിൽ നിന്നാണ് ഡിസ്ചാർജ് നടക്കുക. അതിനു ശേഷം പടിപടിയായി കുറയുന്നു. ദ്വേഷം 500 ഡിഗ്രിയിൽ തുടങ്ങി പതിയെ ഇല്ലാതെയാകുന്നു.

**അന്വേഷകൻ** : അപ്പോൾ നാം എന്തു ചെയ്യണം ?

**ദാദാജി** : സ്ഥാപിതമായ സാമൂഹികക്രമത്തിന് വിപരീതമായ മാനസിക, ശാരീരിക, വാചിക പ്രവർത്തനങ്ങൾ ഒരുവൻ അവസാനിപ്പിക്കണം. ജനങ്ങളുടെ അംഗീകാരമുള്ള പ്രവൃത്തി ചെയ്യുന്നതിന് യാതൊരു തടസ്സവുമില്ല. സാമൂഹികമായ അംഗീകാരമില്ലാത്ത ഒരു പ്രവൃത്തി ഒരുവൻ ചെയ്യരുത്.

ശുദ്ധമായ "ഞാൻ" യാന്ത്രികമായ "ഞാനിൽ" നിയന്ത്രണം വയ്ക്കുന്നില്ല. എഞ്ചിൻ സ്റ്റാർട്ട് ആയാൽ ആ പ്രക്രിയ നിർത്താൻ കഴിയില്ല. സഞ്ചയിക്കപ്പെട്ട കർമ്മങ്ങൾ ഡിസ്ചാർജ് ചെയ്യപ്പെടുക വേണം. അതു ഫലിച്ചു തുടങ്ങിയാൽ നിർത്താൻ ഈശ്വരൻ പോലും ശക്തനല്ല. ചാർജ് ആയ ബാറ്ററി ഡിസ്ചാർജ് ആകുക

തന്നെ ചെയ്യും.

**അന്വേഷകൻ** : ഈ ചാർജ്ജ് ഡിസ്ചാർജ്ജ് ചക്രത്തിൽ നിന്നും എപ്പോൾ നാം പുറത്തു കടക്കും ?

**ദാദാജി** : നിങ്ങൾ നിങ്ങളുടെ ശുദ്ധമായ ആത്മാവ്, "ഞാൻ" എന്ന് പറയുന്നതിനെ അതിന്റെ യഥാർത്ഥ സ്വരൂപത്തിൽ അറിയുമ്പോൾ ചാർജിംഗ് അവസാനിക്കും. ആത്മസാക്ഷാത്കാരത്തിനു ശേഷം ചാർജ്ജ് ചെയ്യപ്പെട്ടതെല്ലാം പുരുഷാർത്ഥത്തിൽ ലയിക്കുന്നു. എല്ലാ പ്രവൃത്തികളുടെയും സാക്ഷിത്വം മാത്രം അവശേഷി ക്കും.

## 126
## ഇഷ്ടാനിഷ്ടങ്ങൾ

**അന്വേഷകൻ** :നമ്മുടെ ആഗ്രഹങ്ങൾക്ക് വിപരീതമായി ഇഷ്ടാനിഷ്ടങ്ങൾ ഉണ്ടാകുന്നത് എന്തുകൊണ്ടാണ്?

**ദാദാജി** : നിങ്ങളുടെ ജീവിതത്തിലെ ഇഷ്ടാനിഷ്ടങ്ങളുടെ മേൽ നിങ്ങൾക്ക് നിയന്ത്രണമില്ല. എന്നാൽ ആർക്കും അവർ എന്തുകൊണ്ട് ചിലത് ഇഷ്ടപ്പെടുകയും മറ്റുചിലത് ഇഷ്ടപ്പെടാതിരിക്കുകയും ചെയ്യുന്നു എന്ന് അറിയില്ല. പൂർവ്വജന്മത്തിൽ ചാർജ്ജ് ചെയ്യപ്പെട്ട മനസ്സ്, വാക്ക്, ശരീരം എന്നീ മൂന്നു ബാറ്ററികൾ നിങ്ങളുടെ ജനനം മുതൽ ഡിസ്ചാർജ്ജ് ചെയ്യപ്പെട്ടു തുടങ്ങും. ഇതിനെ നിങ്ങൾ ആഗ്രഹിച്ചാലും മാറ്റാനാവില്ല. അതു നിങ്ങളുടെ ഇച്ഛക്ക് അധീനമല്ല.

**അന്വേഷകൻ** : നമ്മുക്കിഷ്ടമില്ലാത്തത് പലപ്പോഴും ജീവിതത്തിൽ സംഭവിക്കുന്നു.

**ദാദാജി** : ഡിസ്ചാർജ്ജ് ചെയ്യപ്പെടുമ്പോൾ മാത്രമേ അത് തെറ്റായ ചാർജിംഗ് ആയിരുന്നു എന്ന് മനസ്സിലാകൂ. അതിനാൽ വീണ്ടും നല്ല രീതിയിൽ ചാർജ്ജ് ചെയ്താൽ ജീവിതം സുഗമമാകും.

**അന്വേഷകൻ** : ഒരു ഉദാഹരണം പറയൂ

**ദാദാജി** : നിങ്ങളുടെ ഇപ്പോഴത്തെ ജീവിതം നോക്കിയാൽ ചിത്രം മുഴുവൻ ഷൂട്ട് ചെയ്യപ്പെട്ടു കഴിഞ്ഞു. അടുത്ത ചിത്രത്തിനുള്ള വേഷം തയാറാക്കുകയാണ് ഇനി ചെയ്യാനുള്ളത്. ഇപ്പോൾ സ്ക്രീനിൽ കാണുന്ന ഫിലിം മുൻപ് ഷൂട്ട് ചെയ്തതാണ്. ഇഷ്ടപ്പെടാത്ത ഒരു രംഗം വന്നാൽ അതു കട്ട് ചെയ്യൂ എന്ന് ആക്രോശിക്കും, എന്നാൽ അതിനെക്കുറിച്ച് ഷൂട്ട് ചെയ്യുമ്പോൾ ആലോചിക്കേണ്ടിയിരുന്നു. ഇപ്പോൾ അതു മുറിച്ചു മാറ്റാൻ ആവില്ല. അതിനാൽ രാഗദ്വേഷങ്ങൾ ഇല്ലാതെ

ഈ ചിത്രത്തിലൂടെ കടന്നു പോകും. ലോകം മുഴുവൻ ചാർജിന്റെ നിയന്ത്രണത്തിലാണ്.

**അന്വേഷകൻ** : കർമ്മങ്ങളുടെ ചാർജിംഗ് എങ്ങനെയാണ് സംഭവിക്കുന്നത്?

**ദാദാജി** : ഇഷ്ടാനിഷ്ടങ്ങൾ ഡിസ്ചാർജ് മോഹമാണ്. രാഗദ്വേഷങ്ങൾ ചാർജ് മോഹവും. ചാർജ് ഈശ്വരന്റെ നിയമങ്ങൾക്ക് എതിരാണ് എന്നാൽ ഡിസ്ചാർജ് അങ്ങനെയല്ല.ആളുകൾ ഡിസ്ചാർജ് മോഹത്തിന്റെ ഇലകൾ മുറിച്ചു മാറ്റുന്നു എന്നിട്ട് പുതിയ കർമ്മങ്ങൾ ചാർജ് ചെയ്യുന്നു. ആളുകൾ ശാഖകൾ വെട്ടി മാറ്റുന്നു, ചിലർ വേരു മുറിച്ചു മാറ്റുന്നു, എന്നാൽ പ്രധാന വേര് മുറിച്ചു മാറ്റാത്തതിനാൽ മരം വീണ്ടും വളരും. ലൌകികജീവിതത്തിന്റെ വൃക്ഷം മുറിക്കാൻ ആളുകൾ പല പദ്ധതികൾ കൊണ്ട് വന്നാലും ജ്ഞാനി തന്റെ പ്രവൃത്തി ചെയ്യും വരെ അത് വളർന്നുകൊണ്ടിരിക്കും. ജ്ഞാനി ഇലകളോ, ശാഖകളോ അപ്രധാനവേരുകളോ സ്പർശിക്കില്ല. പ്രധാന വേര് കണ്ടുപിടിച്ച് അവിടെ അല്പം മരുന്നു ഒഴിക്കുമ്പോൾ അതു ഉണങ്ങിപ്പോകും.

ജ്ഞാനി ബാറ്ററി മാറ്റി എട്ടടി ദൂരത്ത് വയ്ക്കുന്നു, പിന്നെ ചാർജിംഗ് നടക്കില്ല. എന്തൊക്കെ പരിഹാരങ്ങൾ ആളുകൾ കൊണ്ടുവന്നാലും പുതിയ ചാർജിംഗ് ഇല്ലാതെയായെങ്കിലെ മോഹം ഇല്ലാതെയാകൂ. അല്ലെങ്കിൽ നിങ്ങൾ വീണ്ടും കെണിയിൽ ആകും. മുക്തരാകുവാൻ അൻപതു തരം മോഹങ്ങളിൽ നിന്നും മുക്തി നേടണം. 25 ചാർജ്മോഹങ്ങളിൽ നിന്നും 25 ഡിസ്ചാർജ്മോഹങ്ങളിൽ നിന്നും മുക്തരാകണം.

"ഞാൻ ഇതു ചെയ്തു" എന്ന് പറയുന്നത് ചാർജ് ആണ് , "ഞാൻ ദർശനം, പ്രതിക്രമണം നടത്തി" എന്നത് ചാർജ് ചെയ്യാനാണ്. കർതൃത്വത്തിൽ അഭിമാനിക്കുന്നത് കർമ്മം നിറയ്ക്കലാണ്.

ഒരു നാടകത്തിൽ അഭിനയിക്കുന്നതു പോലെയാണ് ലൌകികജീവിതത്തിൽ നിങ്ങൾ ഇങ്ങനെ പറയുന്നതെങ്കിൽ ഒരു അപകടവുമില്ല. എന്നാൽ കർതൃത്വാഭിമാനത്തോടെയാണ് പറയുന്നതെങ്കിൽ നിങ്ങളുടെ അഹന്ത ഉയരുകയും പഴയ കർമ്മത്തെ ഒഴിച്ച് പുതിയ കർമ്മത്തെ നിങ്ങൾ നിറയ്ക്കുന്നതാണ്. ഡിസ്ചാർജിനു മേൽ നമുക്ക് നിയന്ത്രണമില്ല എന്നാൽ ചാർജ് ചെയ്യലിനെ നിയന്ത്രിക്കാം. ആഗ്രഹിക്കപ്പെടേണ്ടത് മോക്ഷമാണ്. അങ്ങനെ ചെയ്യുമ്പോൾ നിങ്ങൾക്ക് വഴി തെളിയും. ചാർജ് ചെയ്യപ്പെടാൻ യോഗ്യമായതും മോക്ഷം തന്നെയാണ്.

**അന്വേഷകൻ** : ചുറ്റും നടക്കുന്നത് എന്തെന്ന് കാണാതെയിരിക്കുവാൻ ഒരുവന് കഴിയില്ല.

**ദാദാജി** : എല്ലാവർക്കും കാണുവാൻ അവകാശമുണ്ട് എന്നാൽ കാണുന്ന വസ്തുവിൽ ആധിപൂണ്ടിരിക്കുവാൻ ഇല്ല. ജ്ഞാനിയും സാധാരണ ഒരാളും ചിന്താഗതിയിലാണ് വ്യതാസപ്പെട്ടിരിക്കുന്നത്. ആരെയും വശീകരിക്കുന്ന മുംബൈ നഗരത്തിൽ ധാരാളം പേർ താമസിക്കുന്നു. ജ്ഞാനിയും താമസിക്കുന്നു. എന്നാൽ ജ്ഞാനി ഒന്നിനാലും മോഹിപ്പിക്കപ്പെടുന്നില്ല. അദ്ദേഹത്തിന്റെ ചിത്തം യാതൊന്നിലും ചുറ്റിപറ്റി നടക്കുന്നില്ല.

ഭാവകർമ്മം ഒരു ചാർജ്ജ് ബാറ്ററി ആണ്. അത് ആത്മാവിനോട് വളരെ അടുത്തതും തുടർച്ചയായി ചാർജ്ജ് ചെയ്യപ്പെടുന്നതുമാണ്. അതു കൂടുതൽ ചാർജ്ജ് ചെയ്യപ്പെടുന്നത് ഞാൻ തടയും. ദീക്ഷിതരായ മഹാത്മാക്കൾക്ക് ഡിസ്ചാർജ്ജ് ബാറ്ററി മാത്രമേ ഉള്ളൂ. ഡിസ്ചാർജ്ജ് പ്രക്രിയ നടക്കട്ടെ. യഥാർത്ഥ ആത്മാവ് ഈ ഡിസ്ചാർജ്ജിന്റെ ദ്രഷ്ടാവും ഗ്രാഹകനുമാണ്. നിങ്ങളുടെ മനസ്സ് ഉറച്ച് നിന്നാലും ഇളകിയാലും ചാർജ്ജിംഗ് ഇല്ലാത്ത വിധം അതിന്റെ ഗ്രാഹകനായി മാത്രം ഇരിക്കുക. നിങ്ങൾക്ക് എന്തെങ്കിലും ഉണ്ടെങ്കിലും ഇല്ലെങ്കിലും എല്ലാം ശരിയാണ് എന്ന ബോധത്തോടെ ഇരിക്കുക.

"ഭാവകർമ്മം ഒരു ചാർജ്ജ് ബാറ്ററി ആണ്." ഈ അഞ്ചു വാക്കുകൾ ഭഗവാൻ മഹാവീരന്റെ നാല്പത്തിയഞ്ചു ആഗമങ്ങളുടെ സാരാംശമാണ്. അല്ലെങ്കിൽ ഒരു തരത്തിലുള്ള മോഹത്തിൽ നിന്നും മുക്തമാകാൻ മാത്രം ആയിരക്കണക്കിന് ജന്മചക്രങ്ങളിൽ കറങ്ങേണ്ടി വരും.

**അന്വേഷകൻ** : സങ്കല്പവും ആഗ്രഹവും തമ്മിലുള്ള വ്യത്യാസമെന്താണ്?

**ദാദാജി** : ആത്മാവിനെക്കുറിച്ചുള്ള അജ്ഞാനത്തിലാണ് സങ്കല്പത്തിന്റെ ഉറവിടം. ആഗ്രഹം ഉണ്ടാകുന്നത് ഡിസ്ചാർജ്ജ്കർമ്മത്തിൽ നിന്നുമാണ്. എന്നാൽ ആഗ്രഹത്തിന്റെ മൂലം ഒരുവന്റെ യഥാർത്ഥ സ്വരൂപത്തെക്കുറിച്ചുള്ള അജ്ഞാനരൂപമായ സങ്കൽപം തന്നെയാണ്;. അതിങ്ങനെയാണ് : വെള്ളം മുകളിൽ നിന്നും വീഴുന്നു, ആകാശം അതിന്റെ സ്ഥാനത്ത് നിൽക്കുന്നു; വായു ചലിക്കുകയും മുകളിലുള്ള വെള്ളം താഴെയുള്ള വെള്ളവുമായി ചേർന്നു കുമിളകൾ ഉണ്ടാകുകയും ചെയ്യുന്നു. അതിൽ മഴ വീഴുന്നു. ഇവിടെ വായുവിന്റെയോ ജലത്തിന്റെയോ ആഗ്രഹത്താലല്ല, അതു സംഭവിക്കുകയാണ്. അതുപോലെ ആഗ്രഹവും സംഭവിക്കുകയാണ്.

**അന്വേഷകൻ** : ചാർജ്ജ് ആണോ ഡിസ്ചാർജ്ജ് ആണോ എന്ന് നാം എങ്ങനെ അറിയും ?

**ദാദാജി** : 'ഞാൻ അമിത് ആണ്' എന്ന തുടർച്ചയായ തോന്നൽ ഉണ്ടാകുമ്പോൾ അവിടെ ചാർജ്ജ് ഉണ്ട്. ഞാൻ ശുദ്ധ ആത്മാവാണ് എന്ന ബോധത്തിൽ ചാർജ്ജ് ഇല്ല. നിങ്ങൾ ഇടപെട്ടാൽ അവിടെ ചാർജ്ജ് ഉണ്ട്. എന്നാൽ ആരാണ് അങ്ങ-നെ ചെയ്യുന്നത് ? ചാർജ്ജിന്റെയും ഡിസ്ചാർജ്ജിന്റെയും പ്രത്യക്ഷ ലക്ഷണങ്ങൾ സമാനമാണ്. അതിനാൽ ഒരുവൻ രണ്ടിനെയും വേർതിരിക്കാൻ പ്രയാസപ്പെ-ടുന്നു. ഇതിനെ നിശ്ചയിച്ചാൽ ചാർജ്ജിംഗ് ഇല്ലാതെയാക്കാം. ജ്ഞാനിക്കു മാത്രമേ ഈ വ്യത്യാസത്തെ വ്യക്തമാക്കാൻ ആകൂ. ശുദ്ധാത്മാവിന്റെ നിലയിൽ ഡിസ്ചാർജ്ജ് മാത്രമേ ഉള്ളൂ. എന്നാൽ അമിത്തിന്റെ വേഷത്തിൽ അഹന്ത ഉണ്ടാകുമ്പോൾ ചാർജ്ജ് നടക്കുന്നു. പഴയ ബാറ്ററിയുടെ ഫലമാണ് ഡിസ്ചാർജ്ജ് ചെയ്യപ്പെടുന്നത് അതിന്റെ ഫലത്തെ സ്വീകരിക്കാൻ കഴിയാതെ പുതിയ ബാറ്ററി ചാർജ്ജ് ചെയ്യപ്പെടുന്നു.

ചാർജ്ജിംഗ് തുടങ്ങുമ്പോൾത്തന്നെ നിങ്ങൾ ആകുലതയുടെ പിടിയിലാകും. ഉള്ളിൽ ഒരു നീറ്റൽ ഉണ്ടാകും. അഗ്നി ആളും. അവനിൽ പരിഭ്രാന്തിയും ആശയ-ക്കുഴപ്പവും ഉണ്ടാകുന്നു. ഡിസ്ചാർജ്ജിൽ ഇങ്ങനെ സംഭവിക്കില്ല. അവിടെ ആശങ്കയോ ആശയക്കുഴപ്പമോ ഉണ്ടാകുന്നില്ല.

ഈശ്വരൻ പറയുന്നു : "ഞാൻ ഡിസ്ചാർജ്ജിന്റെ പൂർണ്ണ ഉത്തരവാദിത്വം ഏറ്റെടുക്കുന്നു പക്ഷേ ചാർജ്ജിംഗ് ചെയ്യരുത്". ലോകത്തെ സകല ഗ്രന്ഥങ്ങളുടെയും സാരം ഇതിലുണ്ട്.

ചാർജ്ജിംഗ് നിൽക്കുമ്പോൾ ഡിസ്ചാർജ്ജിന്റെ അവസാനമായെന്ന് പറയാം. ചാർജ്ജ് ചെയ്യപ്പെടുന്ന മോഹം ഒരു വാഗ്ദാനപത്രം പോലെയാണ് ഡിസ്ചാർജ്ജ് ചെയ്യപ്പെടുന്നത് കയ്യിൽ ഉള്ള പണം പോലെയും.

ദാദാ ഭഗവാനെ കണ്ടതിനു ശേഷം നിങ്ങളിൽ ചാർജ്ജിംഗ് ഉണ്ടാകുകയില്ല എന്ന ഉറപ്പു ഞാൻ തരുന്നു.

127

## മോഹത്തിന്റെ സ്വഭാവം

പ്രധാനമായും രണ്ടു തരം മോഹമുണ്ട് 1) ദർശനമോഹം അഥവാ ചാർജ്ജ് മോഹം 2) ചരിത്രമോഹം അഥവാ ഡിസ്ചാർജ്ജ് മോഹം.

**1.ദർശന മോഹം**

ദർശന മോഹം (ദർശനത്തിലുള്ള മോഹം) നിങ്ങളുടെ വാസന എന്തിലാണോ എന്നതിനെ ആശ്രയിച്ചിരിക്കും. ഒരുവന് തന്റെ അസ്തിത്വം നാമത്തിലാണെന്നും, ശരീരത്തിനെ ആത്മാവെന്നും അത് ധരിപ്പിക്കുന്നു, ഉദാഹരണത്തിനു 'ഞാൻ അമിത് ആകുന്നു'. ഒരുവന് താല്പര്യം, വാസന, ഇഷ്ടം ഏതിലാണോ അതിൽ ഈ മോഹമിരിക്കുന്നു എന്നാണു ഇതിന്റെ അർത്ഥം.

**മിഥ്യാത്വമോഹം**

നശിക്കുന്ന പ്രാപഞ്ചിക വിഷയത്തിലുള്ള മോഹം

**മിശ്രമോഹം**

ആത്മജ്ഞാനത്തോടുള്ള താല്പര്യത്തോടൊപ്പം ലൌകിക വസ്തുക്കളോടും ഉള്ള മോഹം. ആപേക്ഷികമായതും പാരമാർത്ഥികമായതും സത്യമെന്ന ധാരണ മിശ്രമോഹം.

**സമാകിതമോഹം**

ഇതു മാത്രമാണ് സത്യം എന്ന ഉറച്ച ബോധത്തോടെ ആത്മാവിനെ അറിയാനുള്ള തീവ്രമായ ആഗ്രഹമാണ് സമാകിതമോഹം. ആത്മാവിൽ തന്നെ ബുദ്ധിയും ദൃഷ്ടിയും ഉറപ്പിക്കുന്നതിനെയാണ് സമാകിതം എന്ന് പറയുന്നത്. ഒരുവന്റെ യഥാർത്ഥ ആത്മസ്വരൂപം അറിയുന്നതാണ് ശരിയായ ജ്ഞാനം. ജ്ഞാനത്തിനും ജ്ഞാനിക്കും വേണ്ടിയുള്ള തീവ്രമായ ആഗ്രഹമാണ് ഏറ്റവും പരമമായ മോഹം. അതിനെ സമ്യക്മോഹം എന്ന് പറയുന്നു. ബാക്കി എല്ലാത്തിനെയും മിഥ്യാമോഹം എന്ന് പറയുന്നു.

ഈ ലോകം നിലനിൽക്കുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ്? തീർച്ചയായും അത് ദർശനമോഹത്തിലാണ്.

**2) ചരിത്രമോഹം**

ഈശ്വരനു ചരിത്രമോഹത്തോടു യാതൊരു എതിർപ്പുമില്ല എന്തെന്നാൽ അത് ഡിസ്ചാർജ് മോഹമാണ്. ആത്മസാക്ഷാത്കാരം ഇല്ലാത്തവർക്കും ഡിസ്ചാർജ് ഉണ്ട് എന്നാൽ തന്റെ യഥാർത്ഥ ആത്മാവിനെ ആപേക്ഷികമായി കരുതുമ്പോൾ അവർ പുതിയ കർമം ചാർജ് ചെയ്യുന്നു.

മനസ്സ്, ശരീരം, വാക്ക് എന്നിവയ്ക്ക് മേലുള്ള അജ്ഞാനാവരണത്തിലൂടെയാണ് ചരിത്രമോഹം പ്രസരിക്കുന്നത്. ഞാൻ കർത്താവാണെന്നും ഇതെന്റെയാണെന്നുമുള്ള വിചാരം ഒരുവനിൽ ഉണ്ടാക്കുന്നത് ചരിത്രമോഹമാണ്. ഈശ്വരൻ വിശദീകരിക്കുന്ന ചരിത്രമോഹം വാസ്തവത്തിൽ എന്താണെന്ന് മനസ്സിലാക്കേ-

ണ്ടതുണ്ട്. ഞാൻ സമയിക അഥവാ ധ്യാനം ചെയ്യുന്നു എന്ന ആന്തരികഭാനമാണ് ചരിത്രമോഹം.

ധ്യാനിക്കുന്നു, പ്രതിക്രമണം ചെയ്യുന്നു തുടങ്ങി എല്ലാ വ്യവഹാരങ്ങളും ചരിത്രമോഹവും അവയോടുള്ള അഭിരുചി ദർശനമോഹവും ആണ്. പരിണിതഫലം എന്ന നിലയിലുള്ളതാണ് ചരിത്രമോഹം. അത് ഫലത്തെ നൽകാനുള്ള മോഹമാണ്. അതിനു ഡിസ്ചാർജ് മോഹത്തിന്റെ സ്വഭാവമാണ്. ചാർജ് ചെയ്യപ്പെടുന്ന മോഹം ദർശനമോഹവും ഡിസ്ചാർജ് ചെയ്യപ്പെടുന്നത് ചരിത്രമോഹവുമാണ്. ഡിസ്ചാർജ് മോഹം ഒരുവനെ വഴിതെറ്റിക്കും. അതു തെറ്റുകളിലേക്ക് വഴുതിവീഴാൻ കാരണമാകും.

**അന്വേഷകൻ** : ചാർജ് മോഹത്തിന്റെ മൂലകാരണം എന്താണ്?

**ദാദാജി** : ആത്മാവിന്റെ സാന്നിധ്യത്തിൽ അനാത്മാവിൽ ചേതനഭാവം ഉണ്ടാകുന്നു, അതു ചാർജ് ചെയ്യപ്പെടുന്നു. ആ ശക്തി പിന്നീട് ഡിസ്ചാർജ് ചെയ്യപ്പെടുന്നു.ചേതനയുമായുള്ള സംബന്ധത്താൽ അനാത്മാവ് ചാർജ് ചെയ്യപ്പെടുന്നു. എന്നാൽ ഈ ചാർജിങ്ങിൽ ചേതനയുടെ ഗുണങ്ങൾ അതിൽ പ്രവേശിക്കുന്നില്ല. മനുഷ്യശരീരത്തിൽ നിന്നും എല്ലാം ഡിസ്ചാർജ് ചെയ്യപ്പെടുന്നതായി നമുക്ക് കാണാൻ കഴിയും. ഒരു ഗ്രാഹകൻ എന്ന നിലയിൽ ഇതെല്ലാം ഒരാൾക്ക് അനുഭവിക്കാൻ കഴിയും. "അതു ചാർജ് ചെയ്യപ്പെട്ടിരുന്നു" എന്ന് അതിനാൽ ആണ് നമ്മൾ പറയുന്നത്. ഗലനം എന്നാൽ ഡിസ്ചാർജ് ആണ്. ഭാവ-അഭാവം (ഇഷ്ടം-അനിഷ്ടം) എന്ന് നമ്മൾ അതിനെ വിളിക്കുന്നു.. ശുദ്ധ ചേതന അതിലില്ല.

**അന്വേഷകൻ** : ഒരു ഉദാഹരണം പറയുമോ ?

**ദാദാജി** : ജീവപര്യന്തം തടവിനു ശിക്ഷിക്കപ്പെട്ട ഒരാൾക്ക് കഴിക്കുവാൻ ധാരാളം സാധാരണ ഭക്ഷണം കിട്ടും എന്നാൽ ലഡ്ഡു, ജിലേബി തുടങ്ങിയ മധുരപലഹാരങ്ങൾ ലഭിക്കുന്നില്ല. അതിനർത്ഥം അയാളിൽ മോഹം ഇല്ലെന്നാണോ ? അല്ല. അയാളിൽ മോഹമുണ്ട് എന്നാൽ അതു നിഷ്ക്രിയമാണ്. നിങ്ങൾക്ക് എന്തെങ്കിലും ലഭിക്കാതിരിക്കുമ്പോൾ മോഹത്തിന്റെ അഭാവം ആണത് എന്ന് കരുതാനാകില്ല.

**അന്വേഷകൻ** :എനിക്ക് മോഹം കൂടുതലാണെന്നും മറ്റുള്ളവർക്ക് കുറവാണെന്നുമാണോ ?

**ദാദാജി** : മോഹത്തിന്റെ ഏറ്റവും ചെറുതായ വിത്തു പോലും മുളയ്ക്കുമ്പോൾ ലോകം മുഴുവനായി വ്യാപിക്കുന്നു. മോഹം അതിന്റെ യഥാർത്ഥ അർത്ഥത്തിൽ പല അളവുകളിൽ ഇല്ല. മോഹത്തെ പൂർണ്ണമായി ഇല്ലാതാക്കിയാൽ മാത്രമേ നിങ്ങ-

ൾക്ക ലക്ഷ്യത്തിൽ എത്താനാകൂ. ഭഗവാനു വേണ്ടിയും സത്പുരുഷന്റെ ഉപദേശത്തിനു അഥവാ സത്സംഗത്തിനു വേണ്ടിയുള്ള മോഹത്തെ പ്രശസ്തമോഹം എന്ന് പറയുന്നു. അതിലൂടെ ഒരാൾക്ക് മുക്തി നേടാം.

മോഹങ്ങൾ അനേകപ്രകാരത്തിൽ ഉണ്ട്. അവയെ അതിക്രമിക്കുവാൻ വളരെ പ്രയാസമാണ്. ഒരു മോഹത്തിൽ നിന്നുതന്നെ മുക്തമാകുവാൻ ഒരുലക്ഷം ജീവചക്രമെടുക്കും. മനുഷ്യൻ മോഹത്തിന്റെ പ്രദർശനാലയമല്ലാതെ ഒന്നുമല്ല. നിങ്ങൾക്ക് ആത്മസാക്ഷാത്കാരം ലഭ്യമായില്ലെങ്കിൽ മോഹത്തിന്റെ പിടിയിൽ നിന്നും മുക്തിയില്ല.

## 128

## മായ

**അന്വേഷകൻ** : മായയുടെ ബന്ധനത്തിൽ നിന്നും മോചിക്കുവാൻ ഒരുവന് എന്തു ചെയ്യാൻ കഴിയും ? മോക്ഷമാർഗ്ഗത്തിൽ വിഘ്നമുണ്ടാക്കുന്നതും, എല്ലാവരെയും ആവരണം ചെയ്യുന്നതുമായ മായ എന്ന ഈശ്വരസൃഷ്ടമായ ഒരു മഹത്തായ ശക്തിയുണ്ടെന്നു പല മതഗ്രന്ഥങ്ങളും പറയുന്നു. ഇതെല്ലാം സങ്കീർണ്ണവും ആശയക്കുഴപ്പം ഉണ്ടാക്കുകയും ചെയ്യുന്നു. ഈ വിഷയത്തെക്കുറിച്ച് വ്യക്തമാക്കിയാലും.

**ദാദാജി** : മായ അജ്ഞാനം തന്നെയാണ്. ഒരുവന്റെ ആത്മസ്വരൂപത്തെക്കുറിച്ചുള്ള അറിവില്ലായ്മയാണ് മായ. മുറിവിനെ കാണാൻ സാധിക്കാത്തവണ്ണം പ്രഹരം അതു ഏൽപ്പിക്കുന്നു. നിങ്ങളെക്കാൾ ശ്രേഷ്ഠനായി മറ്റൊരാൾ ലോകത്തില്ല. മായ കാരണമാണ് ലോകത്തിൽ നിങ്ങൾ അടിച്ചമർത്തവനായി കരുതപ്പെടുന്നത്. എന്താണ് മായ ? ഈശ്വരന്റെ ആപേക്ഷികരൂപമാണ് മായ. മായ നിങ്ങളെ കെണിയിൽപ്പെടുത്തുന്നു എന്ന് ആളുകൾ പറയും.

ആരാണ് എല്ലാം നടത്തുന്നത് എന്നറിയാതെ തങ്ങൾ തന്നെയാണ് എല്ലാം ചെയ്യുന്നത് എന്ന് ആളുകൾ വിശ്വസിക്കുന്നു. ആ മായ എന്ന അറിവില്ലായ്മയിൽ ആണ് നാം നമ്മളെക്കാൾ ഉയർന്ന ഒരാളെ, നമ്മളെ ഭരിക്കുന്ന ഒരാളെ അംഗീകരിക്കുന്നത്. ആ മായയുടെ കെണിയിൽ ജനങ്ങൾ പെട്ടിരിക്കുന്നു.

ഈ ലോകത്ത് ആരെങ്കിലും മായയിൽ നിന്നും വിമോചിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അത് ഈശ്വരനാണ്. പക്വത നേടാത്തവർ ഈശ്വരന്റെ മായയുടെ പ്രഹരം ഏറ്റുവാങ്ങുന്നു. മായയുടെ പ്രഹരം മൃദുവോ കഠിനമോ എന്ന് പറയാൻ കഴിയില്ല എങ്കിലും ഒരുവനെ അത് മുക്തിക്കായി പ്രേരിപ്പിക്കും.

ഒരുവന്റെ യഥാർത്ഥ സ്വരൂപത്തെക്കുറിച്ചുള്ള അജ്ഞാനമാണ് മായ. ഈ

അജ്ഞാനം മാറിയാൽ മായ ഇല്ലാതെയാകും. ഇല്ലാത്ത ഒന്നിനെ ആരോപിക്കു-ന്നത് മായയാണ്. എന്റെ സാമീപ്യത്തിൽ മായ നിൽക്കുകയില്ല എന്നാൽ നിങ്ങൾ എന്റെ സാമീപ്യത്തിൽ നിന്നും മാറുമ്പോൾ മായ നിങ്ങളെ പിടികൂടും. എന്നിൽ നിന്നും ആത്മജ്ഞാനം നേടിക്കഴിഞ്ഞാൽ നിങ്ങൾക്ക് ലോകത്ത് എവിടെയും പോകാം, മായ നിങ്ങളെ സ്പർശിക്കുകയില്ല.

**അന്വേഷകൻ** : സർ, മനസ്സ് നമ്മെ ഒരുപാട് പീഡിപ്പിക്കുന്നു.

**ദാദാജി** : മനസ്സാണ് പ്രധാന പ്രശ്നക്കാരൻ എന്ന് ആളുകൾ കരുതുന്നു, അവർ അതിനെ വെറുതെ വിടുന്നില്ല. ആളുകൾ മനസ്സിനെ പിന്തുടർന്നുകൊണ്ടിരിക്കു-ന്നു. എന്നാൽ യഥാർത്ഥത്തിൽ മനസ്സല്ല അതിന്റെ പിന്നിലുള്ള മായയാണ് ഒരുവനെ വിഷമിപ്പിക്കുകയും ദുരിതങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നത്.

മായ പോയ്പ്പോകട്ടെ, അതിനു ശേഷം മനസ്സ് സുന്ദരമായ ഒരു ചലച്ചിത്രം പോലെയാകും.

**അന്വേഷകൻ** : സന്ന്യാസിമാർ മായയെ അതിക്രമിച്ചവരാകും

**ദാദാജി** : ലൌകികജീവിതത്തിന്റെ മായയെ ത്യജിച്ച ചിലർ സന്ന്യാസിമാർ ആയിട്ടുണ്ട്. എന്നാൽ അവർ മായയിൽ നിന്നും മുക്തരാണെന്ന് അതിനർത്ഥമു-ണ്ടോ ? ഇല്ല, അതിനു വിരുദ്ധമായി അവർ മായയാൽ ഇരട്ടിതവണ ബന്ധന-സ്ഥരാണ്.

ത്യാഗികൾ എന്ന് പറയപ്പെടുന്ന ഇവർ അവരുടെ ഭാര്യയെയും മക്കളെയും ഉപേക്ഷിക്കുന്നു എന്നാൽ അജ്ഞാനത്തിന്റെ അനേകം മടക്കുകൾ സ്വയം അ ണിയുന്നു.

എവിടെയാണ് പോകുന്നത് എന്നറിയാതെ അവർ അലയുന്നു. അവർ എങ്ങനെ മായയെ ഉപേക്ഷിച്ചിരിക്കുന്നു ?

**അന്വേഷകൻ** : ഒരാൾക്ക് അയാൾ മായയെ അതിക്രമിച്ചു എന്ന് എപ്പോൾ പറയാനാകും ?

**ദാദാജി** : ലോകത്തിന്റെ സുഖങ്ങളും സൌകര്യങ്ങളും അനുഭവിക്കുമ്പോഴും മായ-യിൽ നിന്നും മുക്തനെന്ന അനുഭവം ഉണ്ടായാൽ അത് ശരിയായ ത്യാഗമാണ്. നി ങ്ങൾ എവിടെ വേണമെങ്കിലും പോകാം എന്നാൽ എന്റേത്, നിന്റേത് എന്നി-ങ്ങനെയുള്ള ചിന്തയിൽ നിന്നും മോചിതനല്ലെങ്കിൽ, ഞാൻ എന്ന അഭിമാനം ഉണ്ടെങ്കിൽ, ഞാൻ എന്നും എന്റേത് എന്നുമുള്ള മായയും മമതയും നിങ്ങളെ ഗ്രസിച്ചിരിക്കും.

ഈ ജീവിതം നാടകീയമാണെന്നു ഈശ്വരൻ പറയുന്നു. നിങ്ങൾ ഒരു കാഴ്ചക്കാരൻ ആണ് നടനല്ല. നിങ്ങളുടെ യഥാർത്ഥ ആത്മാവിനെ നടൻ എന്ന് കരുതരുത്.

**അന്വേഷകൻ** : നമ്മുടെ പ്രിയപ്പെട്ടവരോടുള്ള മമത ചില സന്ദർഭങ്ങളിൽ ഒഴിവാക്കാൻ കഴിയുന്നില്ല.

**ദാദാജി** : ഇതിനെ സംബന്ധിച്ച് ഒരു യഥാർത്ഥ സംഭവം ഞാൻ പറയാം.

ഒരാൾ കരഞ്ഞുകൊണ്ട് എന്റെ അടുക്കൽ വന്നു പറഞ്ഞു : "എനിക്കു ജീവിക്കാൻ വളരെ പ്രയാസം തോന്നുന്നു. ആത്മഹത്യ ചെയ്യാൻ തോന്നുന്നു". നാലു കുട്ടികളെ ബാക്കിയാക്കി അയാളുടെ ഭാര്യ പതിനഞ്ചു ദിവസം മുൻപ് മരിച്ചിരുന്നു എന്ന് ഞാൻ മനസ്സിലാക്കിയിരുന്നു. "ശരി സഹോദരാ, നിങ്ങൾ വിവാഹം കഴിച്ചിട്ട് എത്ര വർഷങ്ങൾ കടന്നു പോയി ?

"പത്തു വർഷം" അയാൾ പറഞ്ഞു.

" നിങ്ങൾ അവളെ കാണുന്നതിനു മുൻപ് അവൾ മരിച്ചിരുന്നെങ്കിൽ നിങ്ങൾ കരയുമായിരുന്നു ?" ഞാൻ ചോദിച്ചു.

"അങ്ങനെയെങ്കിൽ ഞാൻ അവളെ അറിയുക പോലുമില്ലല്ലോ. പിന്നെങ്ങനെ കരയും ?" അയാൾ പറഞ്ഞു.

ഞാൻ പറഞ്ഞു : " നിങ്ങൾ എന്തിനു അവൾക്കു വേണ്ടി ഇപ്പോൾ കരയുന്നു എന്ന് ഞാൻ വിശദമാക്കിത്തരാം. വാദ്യഘോഷങ്ങളുടെ അകമ്പടിയോടെ നിങ്ങൾ അവളെ വിവാഹം കഴിക്കുവാൻ പോയി. യാഗാഗ്നിക്കു ചുറ്റും പ്രദക്ഷിണം ചെയ്യുമ്പോൾ "ഇതെന്റെ ഭാര്യയാണ്, ഇവൾ എന്റേതാണ്. എന്റെ ഭാര്യ" എന്നിങ്ങനെ നിങ്ങൾ ചിന്തിക്കാൻ തുടങ്ങി. അവളെ നോക്കുമ്പോഴെല്ലാം ഇതെന്റെ ഭാര്യയാണ് എന്ന ചിന്തയുണ്ടാകുകയും മമത വർദ്ധിക്കുകയും ചെയ്തു. ഭാര്യ നല്ലവൾ ആണെങ്കിൽ അതൊരു പട്ടുകൊണ്ടുള്ള ബന്ധനവും മോശമെങ്കിൽ പരുത്തികൊണ്ടുള്ള ബന്ധനവും ആണ്.

ഇതിൽ നിന്നും മുക്തനാകണമെങ്കിൽ അവൾ എന്റേതാണ് എന്ന് എത്രതവണ നിങ്ങൾ ചിന്തിച്ചോ അത്രയും തവണ അവൾ എന്റേതല്ല എന്ന് മറിച്ചു ചിന്തിക്കണം. എങ്കിലേ മമതയിൽ നിന്നും മോചിക്കാനാകൂ.

അയാൾക്ക് ഞാൻ പറഞ്ഞതു മനസ്സിലാകുകയും അങ്ങനെ ചെയ്യുകയും ചെയ്തു. പതിനഞ്ചു ദിവസങ്ങൾക്കു ശേഷം ആനന്ദാശ്രുവുമായി അയാൾ എന്നെ കാണാൻ വന്നു. മുട്ടുകുത്തി നിന്നുകൊണ്ട് പറഞ്ഞു, "എന്റെ മമതയുടെ കെട്ടുകൾ

അഴിക്കാനുള്ള വഴി അങ്ങ് കാണിച്ചു തന്നു. അത് എന്നെ മുക്തനാക്കി." ഈ യഥാർത്ഥ കഥ എന്നിൽ നിന്നും കേട്ടു പലരും മമതയുടെ കെട്ടിൽ നിന്നും മുക്തി നേടി.

## 129

## ക്രോധം

ലോകത്ത് ആർക്കും ക്രോധത്തെ കീഴടക്കാൻ കഴിയില്ല. ക്രോധം രണ്ടു തരത്തിലാണ് ആവിഷ്കരിക്കപ്പെടുന്നത് : (i ) ദൃശ്യക്രോധം (i i ) അദൃശ്യക്രോധം. ആളുകൾ മറികടക്കുന്ന ക്രോധമാണ് ദൃശ്യക്രോധം. ദൃശ്യമായ ക്രോധത്തെ അടിച്ചമർത്തുന്നത് അദൃശ്യക്രോധത്തിൽ കലാശിക്കും. "ഞാൻ ക്രോധത്തെ കീഴടക്കി", എന്ന് ആളുകൾ പറയുമ്പോൾ മിഥ്യാഭിമാനം വർദ്ധിക്കുന്നു. യഥാർത്ഥത്തിൽ ക്രോധത്തെ പൂർണ്ണമായും നിയന്ത്രിക്കാൻ കഴിയുകയില്ല. ദൃശ്യമായ ക്രോധത്തിന്റെ ദൃശ്യമായ അടയാളങ്ങൾ മാത്രമാണ് നിയന്ത്രിക്കപ്പെട്ടതായി കാണുന്നത്. ക്രോധം അഗ്നി പോലെയാണ്. അത് സ്വയം എരിയുക മാത്രമല്ല ചുറ്റുമുള്ളതിനെയും എരിച്ചു കളയുന്നു.

ക്രോധത്തിന്റെ പരമാണുക്കൾ തീക്ഷ്ണമാണ്. അതു പെട്ടിയിലെ വെടിമരുന്നു പോലെയാണ്. കത്തിയാൽ അത് തീപ്പോരികളും, ജ്വാലകളും, ചൂടും വമിക്കും, കത്തിത്തീർന്നാൽ ശാന്തമാകുകയും ചെയ്യും. ക്രോധവും അങ്ങനെയാണ്. വ്യവസ്ഥിത നിയമമനുസരിച്ച് ക്രോധപരമാണുക്കൾ പൊട്ടിത്തെറിക്കുമ്പോൾ എല്ലാ വശങ്ങളിൽ നിന്നും അവ കത്തും. എന്റെ അഭിപ്രായത്തിൽ യഥാർത്ഥ ക്രോധം ബാഷ്പശീലമോ ചണ്ഡപ്രകൃതിയോ അല്ല.

**അന്വേഷകൻ** : പിന്നെ എന്താണ് യഥാർത്ഥ ക്രോധം ?

**ദാദാജി** : യഥാർത്ഥ ക്രോധം കോപാക്രാന്തമായ പൊട്ടിത്തെറിയിൽ നിന്നും ഉണ്ടാകുന്ന വിദ്വേഷത്തിന്റെ വലിച്ചിഴയ്ക്കലാണ്. സ്വയം തപിക്കുമ്പോൾ ആണ് യഥാർത്ഥ ക്രോധം ഉണ്ടാകുന്നത്. ഒരുവൻ ഉള്ളിൽ തപിക്കുമ്പോൾ അതിന്റെ താപം അയാൾക്കും ചുറ്റും ഉള്ളവർക്കും അനുഭവപ്പെടുന്നു. രണ്ടു തരം ക്രോധത്തിന്റെയും അവസാനം വിദ്വേഷത്തിന്റെ വലിച്ചിഴയ്ക്കൽ ഉണ്ടാകും. രൌദ്രത മറ്റൊന്നാണ്. വിദ്വേഷത്തിന്റെ നിലനിർത്തൽ ആണ് യഥാർത്ഥത്തിൽ ക്രോധം.

**അന്വേഷകൻ** : ഒരു ഉദാഹരണം പറയുമോ ?

**ദാദാജി** : ഉദാഹരണത്തിനു ഒരു ഭർത്താവും ഭാര്യയും രാത്രിയിൽ വഴക്കുണ്ടാക്കി. ക്രോധം വർധിച്ച കാരണം രണ്ടു പേരും രാത്രി മുഴുവൻ ഉണർന്നിരുന്നു. പുല-

ർച്ചെ ഭാര്യ ഒരു കപ്പ് കാപ്പി മേശയിൽ വലിയ പ്രഹരത്തോടെ വച്ചു. വിദ്വേഷം തുടർന്നു നിൽക്കുന്നു എന്ന് ഭർത്താവിനു മനസ്സിലായി. ഇതാണ് ക്രോധം. മനോവേദനയുടെയോ വിദ്വേഷത്തിന്റെയോ തുടർന്നു നിൽക്കൽ ക്രോധത്തിൽ വളരെ നേരമുണ്ടാകാം. എന്തിനധികം, ചിലർക്ക് ജീവിതകാലം മുഴുവൻ അതു തുടർന്നു നിൽക്കും. അച്ഛനും മകനും തമ്മിൽ അസ്വാരസ്യം ജീവിതകാലം മുഴുവൻ ഉണ്ടാകാം. ആ ഭാവം അവരുടെ മുഖത്തിൽ തന്നെ വ്യക്തമാകും.

ചൂടേറിയ ഒരു സാഹചര്യത്തിൽ ഒരുവൻ കോപിഷ്ഠനാകുന്നില്ലാ എങ്കിൽ അത് ശുഭസ്വഭാവം ആകുന്നു. ശുഭസ്വഭാവം (ശുഭചരിത്രം) ഒരുവന്റെ ലൌകികജീവിതത്തെ നന്നാക്കുന്നു, അതിനെ മംഗളകരമാക്കുന്നു. എന്നാൽ മോക്ഷം ശുദ്ധാത്മാവിനെ സാക്ഷാത്കരിക്കുന്ന ശുദ്ധസ്വഭാവത്തിന്റെ (ശുദ്ധചരിത്രം) സമ്മാനമാണ്.

## 130

## ലോഭം

**അന്വേഷകൻ** : ലോഭത്തെക്കുറിച്ച് പറയുമോ

**ദാദാജി** : എല്ലാ കഷായങ്ങളിൽ (ക്രോധം, അഭിമാനം, വഞ്ചന, ലോഭം) വച്ചും ലോഭം, ലോഭത്തിന്റെ തുടർന്നു നിൽക്കൽ ആണ് ഏറ്റവും കൂടുതൽ. അതിക്രമിക്കാൻ ഏറ്റവും പ്രയാസവും അതിനെത്തന്നെ. ഏതെങ്കിലും ആഗ്രഹത്തെ പരിപോഷിപ്പിക്കുന്നതാണ് ലോഭം. ആക്ഷേപിക്കപ്പെടുമ്പോഴും ലോഭമുള്ളവൻ ചിരിക്കും. ജ്ഞാനിയും അങ്ങനെ തന്നെ എന്നാൽ ലോഭമുള്ളവൻ തന്റെ ലോഭത്തിന്റെ കെട്ടു വർദ്ധിപ്പിച്ചുകൊണ്ടാണ് ചിരിക്കുന്നത്.

**അന്വേഷകൻ** : ഒരു ഉദാഹരണം പറയുമോ

**ദാദാജി** : തന്റെ മകൻ അൻപതു സെന്റ് സ്ഥലത്തിൽ വഞ്ചിച്ചു എന്ന് ഒരു വ്യാപാരിയോടു ഉപഭോക്താവ് പറഞ്ഞാലും അയാൾ അസ്വസ്ഥനാകുന്നില്ല. വ്യാപാരി തന്റെ കസേരയിൽ അമർന്നിരുന്നു ചിരിക്കും. അത്തരം ഒരു അവസരത്തിൽ എളുപ്പം ഇളകുന്നവനല്ല അയാൾ. റോഡിലൂടെ പോയവർ കടയ്ക്കു ചുറ്റും കൂടി. അവർ വ്യാപാരിയെ ശാന്തനായും സ്ഥലം വാങ്ങിയ ആളെ അസ്വസ്ഥനായും ഉച്ചത്തിൽ ശബ്ദിക്കുന്നവനായും കണ്ടു. ഈ ഇടപാടുകാരന് ഭ്രാന്താണോ എന്ന് കൂടിനിന്നവർ വരെ ചോദിച്ചു. കലഹം ഉണ്ടാക്കാതെ അവർ അയാളെ ശകാരിച്ചുകൊണ്ട് അവിടെ നിന്നും മാറ്റി. മഹാനും ബഹുമാന്യനുമായ വ്യാപാരി ഒരു കുട്ടിയെ ചതിക്കില്ല എന്ന് അവർ പറയുന്നു. വ്യാപാരി അപ്പോഴും ചിരിച്ചുകൊണ്ടിരുന്നു. എന്തുകൊണ്ട്? അയാളുടെ മനസ്സിലുള്ള ലോഭം അയാ-

ളെ ഇങ്ങനെ ചിന്തിക്കാൻ പ്രേരിപ്പിച്ചു : "ഈ മറയൻ ബഹളമുണ്ടാക്കി പോകും. എനിക്കെന്താണ് നഷ്ടപ്പെടാനുള്ളത് ? അൻപതു സെന്റ് ഞാൻ കൈവശപ്പെ-ടുത്തിക്കഴിഞ്ഞു".

ലോഭമുള്ളവൻ പുറമേ ജ്ഞാനിയെപ്പോലെ കാണപ്പെടുന്നു. അഭിമാനിയായ ഒ രാൾ അയാളെ ആരെങ്കിലും അപമാനിച്ചാൽ ചിരിക്കുകയില്ല. അയാളുടെ ക്രോ ധം ഇരച്ചു വരും എന്നാൽ ലോഭമുള്ളവൻ അയാളുടെ ക്രോധം പുറത്തു കാണി ക്കില്ല.

**അന്വേഷകൻ** : ലോഭമുള്ള ആളുകൾ എപ്പോഴാണ് കോപിക്കുന്നത്?

**ദാദാജി** : പ്രതിസന്ധിഘട്ടത്തിൽ ഒരുവന്റെ ലോഭം അയാളിൽ നിന്നും വഴുതി-പോകുകയും അയാളുടെ വഞ്ചന നടക്കാതിരിക്കുകയും ചെയ്യുമ്പോൾ കോപമു-ണ്ടാകുന്നു. ക്രോധം കൊണ്ടും ദംഭ് കൊണ്ടുമാണ് ആളുകൾ ദുഖിക്കുന്നത് എന്ന് ഈശ്വരൻ പറയുന്നു. ദംഭ് അഥവാ സാങ്കല്പിക ആത്മാഭിമാനം വെറുപ്പും അനാദ-രവും ഉണ്ടാക്കും. ക്രോധത്തിൽ ഒരുവൻ സ്വയം എരിയുകയും മറ്റുള്ളവരെ എരിയ്ക്കു-കയും ചെയ്യുന്നു.

**അന്വേഷകൻ** : ആളുകൾ ക്രോധത്തെയും ദംഭിനെയും നിയന്ത്രിക്കാൻ ശ്രമിക്കുന്നു പക്ഷെ പരാജയപ്പെടുന്നു.

**ദാദാജി** : ആളുകൾ "കോപം പാടില്ല, ദംഭ് പാടില്ല", എന്നുള്ള ഈശ്വരന്റെ വാക്കുകൾ പിന്തുടരാൻ ശ്രമിക്കുന്നു. അങ്ങനെ അവയെ നിയന്ത്രിക്കാനും നോ ക്കുന്നു. മനസ്സ്, ശരീരം, വാക്ക് എന്നിവയെ നിയന്ത്രിക്കുന്ന ത്രിയോഗസാധന അനുഷ്ഠിക്കാൻ തുടങ്ങുന്നു. ഈ സാധനയിലൂടെ ക്രോധവും, ദംഭും ഒരു പരിധി വരെ പിൻവലിയുന്നു. വളരുന്നതായ ബുദ്ധിയുടെ പ്രകാശത്തിൽ ലോഭം വർദ്ധി-ക്കുന്നു. ലോഭത്തെ സഹായിക്കും വിധത്തിൽ വഞ്ചനയോടു കൂടി ബുദ്ധി പ്രവ-ർത്തിക്കും.

ക്രോധവും ദംഭും അകൃത്രിമവും നിഷ്കപടവുമാണ്. ക്രോധത്തിന്റെയും ദംഭിന്റെയും കുഴപ്പങ്ങളിൽ ഒരുവന്റെ ശ്രദ്ധ പതിഞ്ഞേക്കാം എന്നാൽ ലോഭത്തിന്റെയും വഞ്ച നയുടെയും കയ്യിൽപ്പെട്ടാൽ അവയെ തിരിച്ചറിയാൻ കഴിഞ്ഞെന്നു വരില്ല. ലോഭ വും വഞ്ചനയും ഒരിക്കൽ പ്രവേശിച്ചാൽ വിട്ടുപോകുവാൻ പ്രയാസമാണ്.

ലോഭത്തിന്റെ പിടിയിൽ പെട്ട ആൾക്ക് ലോഭത്തിൽ നിന്നും മോചനം നേടാൻ ജന്മം മുതൽ തന്നെ പ്രയാസമാണ്. അയാളുടെ ബോധം ലോഭത്താൽ മുൻപേ തന്നെ മൂടപ്പെടുന്നു. അഭിമാനിയായ മനുഷ്യൻ എവിടെ പോയാലും

അയാളുടെ അഭിമാനത്തെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കും. വീട്ടിനുള്ളിലും പുറത്താണെങ്കിലും തന്റെ ദുരഭിമാനത്തിന്റെ സ്വാധീനത്തിലാണ് അയാൾ. ആരെങ്കിലും ആക്ഷേപിച്ചാൽ അയാൾ കോപിഷ്ഠനാകും.

**അന്വേഷകൻ** : ഒരുവന്റെ മോക്ഷമാർഗ്ഗത്തിൽ തടസ്സം എന്താണ്?

**ദാദാജി**; ക്രോധം, ദംഭ്, വഞ്ചന, ലോഭം എന്നിവ മോക്ഷത്തിനു തടസ്സമാണ്. വഞ്ചന എപ്പോഴും ലോഭത്തെ സംരക്ഷിക്കുന്നു. ചില കച്ചവടക്കാർ തൂക്കം കുറയ്ക്കുന്നത് കണ്ടിട്ടില്ലേ ? ഒരുവന്റെ ദംഭിനെ പ്രതിരോധിക്കുന്നതിനാണ് ക്രോധം. ക്രോധം, ദംഭ്, വഞ്ചന, ലോഭം എന്നിവയുടെ അടിസ്ഥാനത്തിലാണ് ആളുകൾ ജീവിക്കുന്നത്. ക്രോധം, ദംഭ്, വഞ്ചന, ലോഭം എന്നിവ രണ്ടു തരത്തിലാണ് : നിയന്ത്രിതവും അനിയന്ത്രിതവും.

ഉദാഹരണത്തിനു നിങ്ങൾ ആരോടെങ്കിലും കോപിച്ചിരിക്കുകയാണെങ്കിൽ അത് നിങ്ങൾ അടിച്ചമർത്തി ശമിപ്പിക്കുന്നു. അതാണ് നിയന്ത്രിത ക്രോധം. ഈ അവസ്ഥയിൽ എത്തിയാൽ ജീവിതം ലളിതവും സുന്ദരവും ആകും. അനിയന്ത്രിതമായ ക്രോധത്തിൽ അതിനെ അടിച്ചമർത്തുന്നതിനുള്ള എല്ലാ പ്രയത്നങ്ങളും വെറുതെയാകും. അതിന്റെ പൊട്ടിത്തെറി തടയാനാകില്ല. അതു അയാൾക്കും മറ്റുള്ളവർക്കും ദോഷകരമാകും.

വഞ്ചനയുടെയും ലോഭത്തിന്റെയും കെട്ടുകൾ ക്രോധത്തിന്റെയും ദംഭിന്റെയും കെട്ടുകളെക്കാൾ ബലമുള്ളതും മുറുകിയതുമാണ്. അവയെ ഇല്ലാതെയാക്കുക എളുപ്പമല്ല. ലോഭത്തെ ഏറ്റവും വലിയ കുറ്റമായി കണക്കാക്കുന്നത് എന്തുകൊണ്ടാണ്? ലോഭം മറ്റുള്ളവരെ കൊള്ളയടിക്കുകയും നശിപ്പിക്കുകയും ചെയ്യും. അങ്ങു വതടാകത്തിലെ വെള്ളം മുഴുവനും നിങ്ങളുടെ ആവശ്യത്തിനെടുത്താൽ മറ്റുള്ളവർക്ക് ജലക്ഷാമം ഉണ്ടാകില്ലേ ?

## 131

## കുടിലത

**അന്വേഷകൻ** : കുടിലതയെക്കുറിച്ച് വ്യക്തമാക്കുമോ

**ദാദാജി** : കാര്യങ്ങൾ യഥാർത്ഥമായി പറയാതിരിക്കലാണ് കുടിലത. മനസ്സ്, വാക്ക്, ശരീരം എന്നീ മൂന്നിനെയും കുടിലത ബാധിക്കും. ഒരു സ്ത്രീക്ക് കുടിലതയുടെയും മോഹത്തിന്റെയും പരമാണുക്കൾ കൂടുതലായുണ്ട്. പുരുഷന് കോപവും ദംഭും കൂടുതലായുണ്ട്. ഒരാൾ കുടിലതയുടെയും മോഹത്തിന്റെയും പരമാണുക്കളെ ആകർഷിച്ചാൽ അടുത്ത ജന്മത്തിൽ സ്ത്രീശരീരം ലഭിക്കും. കോപവും ദംഭുമാണെ–

ങ്കിൽ പുരുഷശരീരവും ലഭിക്കും.

സാങ്കല്പികമായ ഭയം കൊണ്ടാണ് സ്ത്രീകൾക്ക് കുടിലതയുണ്ടാകുന്നത്. ഇതു സാന്ദ്രമായ ഒരു അജ്ഞാനമറയെ സൃഷ്ടിക്കും. മോഹമാകട്ടെ മതിഭ്രമത്തെയും ഉണ്ടാക്കും. എന്നാൽ മറുവശത്ത് പുരുഷന് ഉയർന്ന അഭിമാനബോധം ഉണ്ടാകുന്നു, ഇത് വർദ്ധിതമായ അവബോധത്തിനു കാരണമാകുന്നു. കുടിലത കൂടുന്നതനുസരിച്ച് മോഹവും കൂടുന്നു.

## 132

## കോപം, ദംഭ്, മമത, ലോഭം എന്നിവയുടെ പോഷണം

**അന്വേഷകൻ** : ആന്തരിക ചതുർഗണങ്ങളായ ക്രോധം, ദംഭ്, കുടിലത, ലോഭം എന്നിവയെ എങ്ങനെ നേരിടാം

**ദാദാജി** : ഈ നാലിൽ ഓരോന്നിനെയും എങ്ങനെ നേരിടാം എന്ന് ഒരുവൻ അറിഞ്ഞിരിക്കേണ്ടതുണ്ട്. ഈ നാലും അതിന്റെ പോഷണം അവനവനിൽ നിന്നു തന്നെ അപഹരിക്കുകയാണ് എന്നാൽ ആളുകൾ ഇത് തിരിച്ചറിയുന്നില്ല. ഈ നാലിനെയും മൂന്നു വർഷത്തേക്ക് പട്ടിണിക്കിട്ടാൽ അവ ഓടിയൊളിക്കും. അവയെ പോഷിപ്പിക്കുന്ന ആഹാരം എന്താണ്? അതറിഞ്ഞില്ലെങ്കിൽ അവയെ മരണം വരെ പട്ടിണിക്കിടുന്നതെങ്ങനെ ? ഈ ധാരണയുടെ അഭാവത്തിൽ ആളുകൾ അവയെ പോഷിപ്പിച്ചുകൊണ്ടേ ഇരിക്കുന്നു. അല്ലാതെ അവ എങ്ങനെ നിലനിൽക്കും. അനാദികാലം മുതൽ അവ നിലനിൽക്കുന്നു. അതിനാൽ നിങ്ങൾ അവയെ പോഷിപ്പിക്കുന്നത് നിർത്തണം. എല്ലാവരും അവയെ ബലം പ്രയോഗിച്ച് പുറത്താക്കാൻ ശ്രമിക്കുന്നു എന്നാൽ അവ അങ്ങനെ പോകുന്നവയല്ല.

നിങ്ങളുടെ ഉള്ളിലുള്ള യഥാർത്ഥ ആത്മാവിനെ തിരിച്ചറിഞ്ഞാൽ മാത്രമേ മലിനമായതൊക്കെ പോകൂ. ആ കുറവുകൾ ഹിംസ കൊണ്ട് പോകുന്നവയല്ല. അഹിംസ കൊണ്ടാണ് അവയെ ഇല്ലാതെയാക്കേണ്ടത്.

**അന്വേഷകൻ** : എങ്ങനെയാണ് ഒരുവൻ തന്റെ ക്രോധം, ദംഭ്, കുടിലത, ലോഭം എന്നിവയുടെ പോഷണത്തെ തടയേണ്ടത്?

**ദാദാജി** : ഗുരു ശിഷ്യനെ ശകാരിക്കുന്നത് എപ്പോഴാണ്? അദ്ദേഹത്തിനു ദേഷ്യം വരുമ്പോൾ മാത്രമാണ്. ആ സമയത്ത് ആരെങ്കിലും "ഗുരോ അങ്ങെന്തിനാണ് അയാളെ ശകാരിക്കുന്നത് ?" എന്ന് ചോദിച്ചാൽ ഗുരു പറയും "അവൻ ഇത് അർഹിക്കുന്നു". ഈ സംരക്ഷണമാണ് ക്രോധത്തിന്റെ ഭക്ഷണം. ക്രോധത്തെ സംരക്ഷിക്കുന്നതാണ് അതിന്റെ ആഹാരം.

പിശുക്കനായ ഒരുവൻ നിങ്ങളോട്ട ചായ വാങ്ങിക്കൊണ്ടു വരാൻ പറയുന്നു. മുപ്പത് സെന്റ് വിലയ്ക്ക് നിങ്ങൾ അതു വാങ്ങുമ്പോൾ അത്രയും ഉയർന്ന വിലയ്ക്ക് എന്തിനു വാങ്ങി എന്ന് അയാൾ ചോദിക്കും. അയാളുടെ ലോഭത്തെ അതു വളർത്തും. ഒരു 80 സെന്റ് വിലയ്ക്ക് ചായപ്പൊടി വാങ്ങിക്കൊണ്ടു വന്നാൽ ധൂർത്തനായ ഒരാൾ അത് ഉയർന്ന നിലവാരമുള്ള പൊടിയെന്നു കരുതും. ധൂർത്തിനെ പോഷിപ്പിക്കുന്നതാണ് അത്. ഇങ്ങനെയാണ് ലോഭം പോഷിപ്പിക്കപ്പെടുന്നത്. നമ്മൾ സാമാന്യമായാണ് ജീവിക്കേണ്ടത്.

ഇനി കുടിലതയെ വളർത്തുന്നത് എന്താണ് ? ഉദാഹരണത്തിനു ഒരു കച്ചവടക്കാരൻ കരിഞ്ചന്തയിൽ തത്പരനാണെങ്കിൽ കുടിലതയെക്കുറിച്ച് സംസാരം വന്നാൽ അയാൾ പറയും, "എന്തു സാഹചര്യം വന്നാലും നമ്മൾ കരിഞ്ചന്തയിൽ വ്യാപാരം ചെയ്യരുത്". അയാളുടെ വഞ്ചനയെ നീതികൊണ്ട് മറയ്ക്കാൻ അയാൾ ശ്രമിക്കുന്നു. ഇത് കുടിലതയുടെ ആഹാരമാണ്,

ദംഭിനു എന്തു അഹാരമാണ് ആവശ്യം ? നിങ്ങൾ വഴിയിൽ വച്ച് ചന്ദുലാലിനെ കാണുമ്പോൾ ചോദിക്കും : "നമസ്കാരം ചന്ദുലാൽ എന്തുണ്ട് വിശേഷം ?". ആ സമയം ചന്ദുലാലിന്റെ അഹന്ത ഉയരുകയും അയാൾ അഭിമാനിയാകുകയും ചെയ്യുന്നു. ഇതാണ് ദംഭിനുള്ള ഭക്ഷണം.

ആത്മാവൊഴിച്ച് ബാക്കിയെല്ലാം പോഷണത്തെ ആശ്രയിച്ച് നിൽക്കുന്നവയാണ്. ക്രോധം, ദംഭ്, കുടിലത, ലോഭം എന്നിവയ്ക്ക് നേരെ നമുക്ക് തണുത്ത ആതിഥേയരാകാം. അവയ്ക്ക് ഒരു തരത്തിലുള്ള ഭക്ഷണവും കൊടുക്കാതിരിക്കാം.

133

## സത്യമായ ആത്മാവിന് പോഷണം ആവശ്യമില്ല

**അന്വേഷകൻ** : പക്ഷെ എങ്ങനെയാണ് ഈ നാലു കൂട്ടം ഉത്ഭവിക്കുന്നത്?

**ദാദാജി** : തെറ്റായ വിശ്വാസത്താൽ പ്രതിഷ്ഠിതാത്മാവിനെ പോഷിപ്പിക്കുന്നത്തിലാണ് അവയുടെ ഉല്പത്തിയിരിക്കുന്നത്. ചാർജ്ജ് ചെയ്യപ്പെട്ട പ്രതിഷ്ഠിതാത്മാവിൽ നിന്നും അവ ഉണ്ടാകുന്നു.

**അന്വേഷകൻ** : അങ്ങനെയെങ്കിൽ ഒരാൾക്ക് എങ്ങനെ സ്വതന്ത്രനാകാൻ കഴിയും ?

**ദാദാജി** :ജ്ഞാനിക്ക് അയാൾ വിചാരിക്കുന്നതെന്തും ചെയ്യാൻ കഴിയും. ജ്ഞാനിപുരുഷൻ കർമ്മങ്ങളുടെ സഞ്ചയത്തെ തടഞ്ഞു, പ്രതിഷ്ഠിതാത്മാവിനെ ചാർജ്ജ്ചെയ്യിക്കുന്ന തെറ്റിദ്ധാരണകൾ ഇല്ലാതെയാക്കി, ക്ഷണികമായ ലോക-

ത്തെക്കുറിച്ചുള്ള ഒരുവന്റെ മോഹാത്മകമായ അഭിനിവേശത്തെയകറ്റി അയാളെ ശുദ്ധാത്മാവിലേക്ക് ഉയർത്തുന്നു. അതിനു ശേഷം ഒരുവൻ ക്രോധം, ദംഭ്, കുടിലത ലോഭം എന്നിവയിൽ നിന്നും മോചിതനാകുന്നു.

ക്രോധം-ദംഭ്-കുടിലത-ലോഭം എന്നിവ ആത്മാവിനെയും അനാത്മാവിനെയും, ജ്ഞാനത്തെയും അജ്ഞാനത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന ബന്ധനമാണ്. അല്ലെങ്കിൽ എല്ലാ മമതകളിൽ നിന്നും മുക്തനായ ശുദ്ധാത്മാവായ ഈശ്വരൻ എന്തിനു മമതയുള്ളവനാകണം ?

134

## ആഭ്യന്തരവകുപ്പും വിദേശകാര്യവകുപ്പും

**അന്വേഷകൻ** : ജീവിതത്തിൽ ഒരുവന് പലതരം കാര്യങ്ങളുടെയും, പ്രശ്നങ്ങളുടെയും സാഹചര്യങ്ങളുടെയും ഇടയിൽ ജീവിക്കേണ്ടി വരുന്നു

**ദാദാജി** :സാഹചര്യങ്ങൾ മാറിക്കൊണ്ടേയിരിക്കും, എന്നാൽ ഒരുവൻ ആത്മാവിനെ സംബന്ധിച്ച സാഹചര്യങ്ങളിൽ സൂക്ഷ്മദർശി ആയിരിക്കണം.

**അന്വേഷകൻ** : ഒരു ഉദാഹരണം കൊണ്ട് വ്യക്തമാക്കുമോ

**ദാദാജി** : നോക്കൂ, പെറു പോലുള്ള രാജ്യങ്ങളിൽ ചുഴലിക്കാറ്റോ അഗ്നിപർവതസ്ഫോടനമോ ഉണ്ടായാൽ പ്രധാനമന്ത്രി ഒരു ക്യാബിനറ്റ് യോഗം വിളിക്കുന്നു. ഒരു അനുശോചനസന്ദേശം തയ്യാറാക്കി പെറുവിലെ പ്രധാനമന്ത്രിക്ക് വിദേശകാര്യമന്ത്രി വഴി അയക്കുന്നു. ആ ദുരന്തം കാരണം ഉണ്ടായ നഷ്ടങ്ങളിൽ അതീവദുഃഖം രേഖപ്പെടുത്തുകയും ചെയ്യുന്നു. തന്റെ രാജ്യത്തെ ജനങ്ങളുടെ പേരിൽ അദ്ദേഹം അനുശോചനം അറിയിക്കുകയും രാജ്യത്തിന്റെ പതാക പകുതി താഴ്ത്തിക്കെട്ടി ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്യുന്നു.

ഒരു കൈകൊണ്ടു അദ്ദേഹം അങ്ങനൊരു എഴുത്ത് തയ്യാറാക്കുകയും മറ്റു കൈ കൊണ്ട് ചായയും മറ്റും കഴിക്കുകയും ചെയ്യുന്നു. വിദേശസംബന്ധമായ കാര്യങ്ങളിൽ എല്ലാവരും ഇതുപോലെ നിരർത്ഥകമായും ആഭ്യന്തരവിഷയങ്ങളിൽ സൂക്ഷ്മദർശിയും ആകും. വിദേശരാജ്യങ്ങളെ സംബന്ധിച്ച് ദുഃഖവും അനുകമ്പയും മോടികാട്ടലാകും. ഹൃദയത്തിൽ ആ വികാരമില്ലാതെ നാലു ചുമരുകൾക്കുള്ളിൽ ഇരുന്നുകൊണ്ട് അവർ രുചികരമായ ഭക്ഷണം ആസ്വദിക്കും. അവർ മോടികാട്ടുന്നവരല്ലേ ?

**അന്വേഷകൻ** : അതെ ഔദ്യോഗികതയുടെ പേരിൽ മാത്രം അവർ അങ്ങനെ ചെയ്യുന്നു.

**ദാദാജി** : അതുപോലെ തന്നെ നമ്മുടെ ഉള്ളിലും ആഭ്യന്തരം എന്നും വിദേശം എന്നും രണ്ടു വകുപ്പുകളുണ്ട്. വിദേശകാര്യ വകുപ്പിൽ മോടികാട്ടലും ആഭ്യന്തരവകുപ്പിൽ സൂക്ഷ്മ ദർശിത്വവും ആവശ്യമാണ്. ഒരുവന്റെ യഥാർത്ഥ ആത്മാവിനെക്കുറിച്ച് കൃത്യതയും സൂക്ഷ്മതയും ഉണ്ടാകണം. ലൌകിക വ്യവഹാരങ്ങളിലും മനോവാക്ക്ശരീരങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിലും വിദേശകാര്യ വകുപ്പിലെന്നപോലെ പ്രവർത്തിച്ചാൽ നന്ന്.

ആത്മസാക്ഷാത്കാരം എന്ന ലക്ഷ്യത്തിനു സഹായകരമാകുന്ന സാഹചര്യങ്ങളെ തിരിച്ചറിഞ്ഞു മാത്രം പ്രവർത്തിച്ചാൽ മതി. ബാക്കി എല്ലാ സാഹചര്യങ്ങളിലും ഒരു മോടികാട്ടൽ മാത്രമേ ആവശ്യമുള്ളൂ.

## 135
## സാഹചര്യങ്ങൾ

**അന്വേഷകൻ** : ഒരുവനെ എപ്പോഴും ചുറ്റിയിരിക്കുന്ന സാഹചര്യങ്ങളെ കുറിച്ച് പറയുമോ

**ദാദാജി** : നോക്കൂ, രണ്ടു സംഗതികൾ മാത്രമേ ഈ ലോകത്ത് നിലനിൽക്കുന്നുള്ളൂ. ആത്മാവും സാഹചര്യങ്ങളും. സാഹചര്യങ്ങളിൽ മതിമറന്നു പോകുന്നത് ലൌകികജീവിതത്തിൽ അടിമപ്പെടാൻ കാരണമാകും. ഈ സാഹചര്യങ്ങളെ അറിയുന്നവനായാൽ ഒരുവൻ ആത്മാവിൽ ഉയരും.

എപ്പോഴും ഒരു പ്രവാഹത്തിലായതിനാൽ ലോകം മാറ്റത്തിനു വിധേയമായിക്കൊണ്ടേ ഇരിക്കും. സാഹചര്യങ്ങൾക്ക് ചിതറിപ്പോകുവാനുള്ള ത്വര പ്രകൃത്യാതന്നെ ഉണ്ട്. സാഹചര്യങ്ങളും പ്രവാഹ രൂപമായതിനാൽ പരിവർത്തനം സംഭവിക്കും.

സാഹചര്യങ്ങളുടെ കൂടിച്ചേരലുകളും വേർപിരിയലുകളും കൊണ്ടാണ് ലോകം പ്രവർത്തിക്കുന്നത്. ലോകത്തിന്റെ സ്രഷ്ടാവ് ആരാണ് ? ലോകത്തിനു സ്രഷ്ടാവില്ല. വ്യവസ്ഥിത ശക്തിയിലൂടെയാണ് അത് പ്രവർത്തിക്കുന്നത്. എങ്ങനെയാണോ കാര്യങ്ങൾ കൂടിവരുന്നത് അതുപോലെ അവ കാണപ്പെടും. ഈ കൂടിച്ചേർച്ചയിൽ ആരും ഒന്നും ചെയ്യേണ്ടതില്ല.

**അന്വേഷകൻ** : ഒരുദാഹരണം പറയുമോ ?

**ദാദാജി** : നിങ്ങൾ കാണുന്ന മഴവില്ലിൽ വർണ്ണങ്ങൾ ചാർത്തിയത് ആരാണ് ? എല്ലാ വ്യവസ്ഥിതശക്തികളും കൂടിചേരുമ്പോൾ മഴവില്ല് കാണപ്പെടുന്നു. ഇവിടെ വ്യവസ്ഥിതശക്തികൾ സൂര്യൻ, മേഘം, കാണുന്ന ആൾ തുടങ്ങിയവയാണ്.

ഇങ്ങനെ പലതു ഒരുമിച്ചു ചേരുമ്പോൾ ആണ് മഴവില്ല് ഉണ്ടാകുന്നത്. ഈ സംഭവത്തിൽ സൂര്യൻ "എന്റെ അഭാവത്തിൽ മഴവില്ല് ഉണ്ടാകില്ല" എന്നൊരു പ്രസ്താവന ചെയ്താൽ അത് അബദ്ധമാണ്. എന്തെന്നാൽ മേഘങ്ങളുടെ അഭാവത്തിലും മഴവില്ലുണ്ടാകില്ല.

മേഘങ്ങൾ സ്വയം പ്രസ്താവിച്ചാലും അതു ശരിയല്ല. പലതിന്റെ ഒരുമിക്കലാണ് ഈ അവസ്ഥയെ കാണാൻ പ്രാപ്തമാക്കുന്നത്. ഇവയുടെ വേർപാടിൽ ഈ പ്രതിഭാസങ്ങളും ഇല്ലാതെയാകും. മഴവില്ല് അസ്തമിക്കും.

**അന്വേഷകൻ** : ഈ സാഹചര്യങ്ങൾ ഒരുമിച്ച് കൂടുന്നത് എങ്ങനെയാണ്?

**ദാദാജി** : സാഹചര്യങ്ങളുടെ എല്ലാ തരത്തിലുള്ള കൂടിച്ചേരലുകളെയും പിന്തുടർന്ന് വ്യവസ്ഥിതത്തോട് അനുബന്ധിച്ചുള്ള അതിന്റെ വേർപിരിയലുമുണ്ടാകും. എപ്പോൾ, ഏതു രൂപത്തിൽ, ഏതു രീതിയിൽ ഈ സാഹചര്യങ്ങൾ ഒത്തുചേരും എന്നുള്ളത് വ്യവസ്ഥിതത്തിന്റെ പരിധിയിൽ പെട്ടതാണ്. അതിനാൽ പ്രിയ ജീവനേ, എല്ലാംകൂടി കൂട്ടിക്കുഴക്കരുത്. ഈ ലോകം എങ്ങനെ ഉണ്ടായി ? വ്യവസ്ഥിതശക്തിയിലൂടെ മാത്രമാണത്. എന്നാൽ അത് പ്രകൃത്യാലുള്ളതാണ്. ഈ സംഭവങ്ങളുടെയെല്ലാം അടിസ്ഥാനം വ്യവസ്ഥിതമാണ്. സാഹചര്യങ്ങളുടെ ചേർച്ചയും വേർപാടും വഴി ഈ ലോകം വ്യവസ്ഥിതശക്തിയിൽ പ്രവർത്തിക്കുന്നു.

കുറച്ചു സാഹചര്യങ്ങൾ ഒരുമിച്ച് ചേർന്നു പ്രമാണമാകുന്നു. ഒരുവനെ ഉറക്കാൻ ചില സാഹചര്യങ്ങൾ പോകണം, അയാളെ ഉണർത്താൻ ചില സാഹചര്യങ്ങൾ കൂടിച്ചേരണം. ആവശ്യമുള്ള സാഹചര്യങ്ങളെ കൊണ്ടുവരുന്ന വ്യവസ്ഥിത ശക്തിയുടെ പ്രവർത്തനം എത്ര മനോഹരമാണ്.

**അന്വേഷകൻ** : ഇത് അല്പം സങ്കീർണ്ണമായി തോന്നുന്നു. ഒരുദാഹരണം പറയുമോ

**ദാദാജി** :നോക്കൂ, വെള്ളച്ചാട്ടത്തിൽ കുറേ കുമിളകൾ ഉണ്ടാകുന്നു. പല തരത്തിലും, വലിപ്പത്തിലും, രൂപത്തിലും ഉള്ളവയാണവ. ചിലത് അർദ്ധവൃത്തം, ചിലത് ചെറുത്, ചിലത് വളരെ ചെറുത്, മറ്റു ചിലത് വളരെ വലുത്, അങ്ങനെ. ആരാണ് അവ നിർമ്മിച്ചത് ? അവ തനിയെ ഉണ്ടാകുന്നു. വായു, ശക്തിയോടെ പതിക്കുന്ന ജലം, തിര തുടങ്ങിയവ അവയുടെ സാഹചര്യങ്ങൾ ആണ്. അവ കൂടിച്ചേർന്ന് കുമിളകൾ ഉണ്ടാകുന്നു. കൂടുതൽ വായു ഉള്ളത് വലിയ കുമിളയും കുറവുള്ളത് ചെറിയ കുമിളയും ആകുന്നു. ഈ മനുഷ്യരും അങ്ങനെയാണ്.

അവരെല്ലാം കുമിളകൾ പോലെയല്ലേ ? സാഹചര്യങ്ങൾ കൂടിച്ചേർന്നാണ് അവ ഉണ്ടാകുന്നത്.

**അന്വേഷകൻ** : സാഹചര്യങ്ങൾ ഒന്നാണെങ്കിൽ ചിലർ ഇഷ്ടപ്പെടുകയും ചിലർ ഇഷ്ടപ്പെടാതിരിക്കുകയും ചെയ്യുന്നതെന്തുകൊണ്ടാണ്?

**ദാദാജി** : എല്ലാ സാഹചര്യത്തിനും ഇതു ബാധകമാണ്. ചിലത് ചിലർക്ക് ഇഷ്ടപ്പെടുന്നു മറ്റു ചിലർക്ക് ഇഷ്ടപ്പെടുന്നില്ല. എന്നാൽ ഇഷ്ടമുള്ളത് എപ്പോൾ നഷ്ടപ്പെടുമെന്ന് ആരറിയുന്നു ? കൂടാതെ സാഹചര്യങ്ങൾ ഒന്നിന് പുറകെ ഒന്നായാണ് വരുന്നത്.

രണ്ടു തരം സാഹചര്യങ്ങൾ ഉണ്ട്. സ്വീകാര്യവും അസ്വീകാര്യവും. അസ്വീകാര്യമായ സാഹചര്യം ധർമ്മനിന്ദയുടെയും പാപത്തിന്റെയും ദുഷ്കർമ്മത്തിന്റെയും ഫലമാണ്. സ്വീകാര്യമായ സാഹചര്യം നീതിപൂർവ്വകവും ധാർമ്മികവുമായ സത്കർമ്മങ്ങളുടെ ഫലമാണ്. ആത്മനിഷ്ഠമായി ജീവിക്കുന്ന മാർഗ്ഗത്തെ പിന്തുടരുന്നതിന്റെ ഫലമാണ് മോക്ഷം.

സാഹചര്യങ്ങൾ നിങ്ങൾക്ക് ഇഷ്ടമോ അനിഷ്ടമോ ഉള്ളതാകട്ടെ അത് യാതന ഉണ്ടാക്കും.

**അന്വേഷകൻ** : അതെങ്ങനെയാണ്?

**ദാദാജി** : സ്വീകാര്യമായ സാഹചര്യങ്ങൾ ഇല്ലാതെയാകുമ്പോഴും അസ്വീകാര്യമായവയെ നേരിടേണ്ടി വരുമ്പോഴും ഒരുവൻ വ്യസനിക്കുന്നു. രണ്ടിലും പ്രകൃതിയുടെ നിയമമനുസരിച്ച് വേർപെട്ട സാഹചര്യങ്ങളുടെ കൂടിച്ചേരലും കൂടിച്ചേർന്നവയുടെ വേർപിരിയലും ഉണ്ടാകുന്നു. നല്ലതെങ്കിലും ചീത്തയെങ്കിലും ഇവ സാഹചര്യങ്ങൾ ആണെന്ന് ഈശ്വരൻ പറയുന്നു എന്നാൽ മോശം സാഹചര്യങ്ങളുടെ നടുവിൽ ആളുകൾ പറയുന്നു "അവൻ അവിവേകിയാണ്". പോലീസ് അറസ്റ്റ് ചെയ്യുന്നത് ഒരു മോശം സാഹചര്യമാണ് എന്നാൽ ഒരു ജ്ഞാനിയുടെ സത്സംഗത്തിൽ പങ്കു കൊള്ളുന്നത് നല്ല സാഹചര്യമാണ്. ഈ ലോകത്തിൽ സാഹചര്യങ്ങളുടെ പൂരണവും ഗലനവും അല്ലാതെ മറ്റൊന്നുമില്ല. ഈ നിറയ്ക്കലും ഒഴിക്കലും അല്ലാതെ മറ്റൊന്നും ലോകത്തില്ല. സാഹചര്യങ്ങളുടെ വേർപാട് പോലെ തന്നെ പ്രയാസകരമാണ് അവയുടെ കൂടിച്ചേരലും. സാഹചര്യങ്ങളുടെ ആവിർഭാവത്തിനു മുൻപ് ഒരു ആനന്ദം ഉണ്ടാകാറുണ്ട്.നിങ്ങൾക്ക് സമചിത്തത ഉണ്ടെങ്കിൽ ആ ആനന്ദത്തെ അറിയാം. ആ സമചിത്തത നഷ്ടമാകുമ്പോൾ ആനന്ദത്തിന്റെ രുചിയും നഷ്ടപ്പെട്ടു തുടങ്ങും.

**അന്വേഷകൻ** : ഒരുദാഹരണം പറയുമോ ?

**ദാദാജി** : ഞായറാഴ്ചദിവസം നിങ്ങൾ ഒരു തീർത്ഥാടനത്തിന് പോകുന്നു എന്ന് കരുതുക. തുടക്കത്തിൽ നിങ്ങൾ വളരെ ഉത്സാഹവാനും ആനന്ദവാനും ആകും. ഞായറാഴ്ച രാവിലെ ട്രെയിൻ വിട്ടു തുടങ്ങുമ്പോൾ സാഹചര്യങ്ങളുടെ സന്തുലി-താവസ്ഥ മെല്ലെ നഷ്ടപ്പെടുകയും അവസാനം ആ സാഹചര്യങ്ങൾ ഇല്ലാതെ-യാകുകയും ചെയ്യുന്നു.

**അന്വേഷകൻ** : സാഹചര്യങ്ങൾ എപ്പോഴും മാറിക്കൊണ്ടിരിക്കും എന്നാണോ ?

**ദാദാജി** : സാഹചര്യങ്ങൾ ഉണ്ടാകുന്ന നിമിഷം തന്നെ അവ വേർപിരിയാൻ തയ്യാറാകുന്നു. വേർപിരിയുമ്പോൾ പുതിയ കൂടിച്ചേരലിനു തയാറാകുന്നു .ഒരു കൂട്ടം സാഹചര്യങ്ങൾ വേർപിരിയാൻ തുടങ്ങുമ്പോൾ മറ്റൊരു കൂട്ടം കൂടിച്ചേരാൻ തുടങ്ങുന്നു.

**അന്വേഷകൻ** : സാഹചര്യങ്ങളിലൂടെ എന്ത് ഉദ്ദേശ്യമാണ് നടപ്പിലാകുന്നത്?

**ദാദാജി** : അനുഭവത്തിനു വേണ്ടിയും വിവേചിക്കുവാനും ഒരു പാഠം പഠിക്കുവാ-നും വേണ്ടിയാണ് ലോകത്തിൽ സാഹചര്യങ്ങൾ ഉള്ളത്. എന്നാൽ ആളുകൾ അവയുമായി സഖ്യമുണ്ടാക്കുന്നു. ഒരുവൻ സന്തോഷം കിട്ടാൻ വിവാഹം കഴിക്കുന്നു. ഭാര്യയിലോ, മക്കളിലോ, ഭാര്യാപിതാവിലോ എവിടെയാണ് സ ന്തോഷമിരിക്കുന്നത് ? നിങ്ങൾ ഒരു നിർണ്ണയത്തിൽ എത്താത്തത് എന്തുകൊ ണ്ടാണ്? ആളുകൾ വെറുപ്പും അനിഷ്ടവുമെല്ലാം അനുഭവിക്കും എന്നാൽ അവയി-ൽ നിന്നും പാഠം ഉൾക്കൊള്ളുന്നില്ല. ലൌകിക ബന്ധങ്ങളെല്ലാം ആപേക്ഷി-കങ്ങളാണ്, പരമാർത്ഥമല്ല. ഈ ബന്ധങ്ങളെല്ലാം വിവേചനം ചെയ്ത് നിർണ്ണ-യത്തിൽ എത്താനുള്ളതാണ്. വിവേചനം ചെയ്ത് നിർണ്ണയിക്കുന്നവരുടെ രാഗ-ദ്വേഷങ്ങൾ ക്രമേണ ഇല്ലാതെയായി മോക്ഷപാതയിലെത്തുന്നു.

മനുഷ്യശരീരം കൂടാതെ മോക്ഷം സാധ്യമല്ല. നിങ്ങൾക്ക് മനുഷ്യശരീരം കിട്ടുവാ-നും, മോക്ഷത്തിനു അനുകൂലമായ സാഹചര്യങ്ങൾ ലഭിക്കുവാനും, യഥാർത്ഥ ഉ പകരണങ്ങൾ ലഭിക്കുവാനും ഭാഗ്യമുണ്ടെങ്കിൽ മോക്ഷം സാധ്യമാണ്. ശുദ്ധസം-യോഗത്തിലൂടെ ശരിയായ സാഹചര്യങ്ങളെ കിട്ടുമ്പോൾ മാത്രമേ മോക്ഷം നേടാനാവൂ. ജ്ഞാനിയുമായുള്ള സത്സംഗം മാത്രമാണ് ശുദ്ധമായ സാഹചര്യം. ജ്ഞാനി പുരുഷന് വേണ്ടി എന്താണ് എഴുതപ്പെട്ടിട്ടുള്ളത്?

"ജ്ഞാനി ശുദ്ധാത്മാവിനെ ചൊരിയുന്നു
അഹന്തയും മമതയും അവൻ എടുത്തുമാറ്റുന്നു

അവൻ മാത്രമാണ് ശുദ്ധമായ സാഹചര്യം
ആരാണ് എന്നെ അനേകജന്മങ്ങളുടെ അലച്ചിലിൽ നിന്നും മോചിതനാക്കിയത്?
ആ കരുണാമയനെ ഞാൻ നമസ്കരിക്കുന്നു"

എന്റേതെന്നും ഞാനെന്നും ഉള്ളതിനെ പിരിച്ച് സത്യാത്മാവിനെ സാക്ഷാത്കരിക്കാനുള്ള ഉപാധി ജ്ഞാനിയുമായുള്ള സംഗം മാത്രമാണ്. ഞാൻ എന്നും എന്റെ എന്നും ഉള്ള ഭേദങ്ങളെ ഇല്ലാതെയാക്കി യഥാർത്ഥ ആത്മാവിനെ ജ്ഞാനി ബോധിപ്പിക്കുന്നു. അതിനാലാണ് ജ്ഞാനിയെ മോക്ഷസഹായകമായ അടിസ്ഥാന ഉപാധി എന്ന് പറയുന്നത്.

**അന്വേഷകൻ** : ആത്മാവ് എങ്ങനെയാണ് സാഹചര്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നത്.

**ദാദാജി** : ജ്ഞാതാവ്- അറിയുന്നവൻ, ജ്ഞേയം - അറിയപ്പെടുന്നത് എന്ന നിലയിലാണ് ആത്മാവും സാഹചര്യങ്ങളും ബന്ധപ്പെട്ടിരിക്കുന്നത്. ആത്മാവിന് ഉപാധിസംബന്ധമായ ബന്ധം മാത്രമേ മറ്റുള്ളവയോടുള്ളൂ. ശുദ്ധാത്മാവിനു ഉപാധികളോടു ബന്ധമില്ല. സാഹചര്യങ്ങളുടെ ചേരലും പിരിയലും അറിയപ്പെടുന്നവയും നിങ്ങൾ അറിയുന്നവനും ആണ്.

അറിയുന്നവൻ അറിയപ്പെടുന്നവയുമായി താദാത്മ്യം പ്രാപിക്കുമ്പോൾ അവൻ ജന്മങ്ങളിൽ നിന്നും ജന്മങ്ങളിലേക്ക് സഞ്ചരിക്കുന്നു.

അഞ്ചിന്ദ്രിയങ്ങളിലൂടെയും കാണുകയും അനുഭവിക്കുകയും ചെയ്യുന്നതെല്ലാം സ്ഥൂലമായ നശ്വര ഉപാധികളാണ്. അന്തക്കരണത്തിന്റെയും വാക്കിന്റെയും സൂക്ഷ്മ ഉപാധികളും ഉണ്ട്. എങ്കിലും ആത്മാവിന് ഇവയോടുള്ള ബന്ധം ഉപാധി എന്ന നിലയിൽ മാത്രമാണ് അല്ലാതെ യഥാർത്ഥമായ സംബന്ധം ആത്മാവിനില്ല. ജ്ഞാതാവ് എന്ന നിലയിൽ മാത്രമാണ് ബന്ധം, അതിനാൽ ആത്മാവ് ബന്ധനസ്ഥനാകുന്നില്ല. എന്നാൽ ആളുകൾ ഈ ഉപാധിയുമായി ഐക്യപ്പെടുകയും കെണിയിൽപ്പെട്ടു പുറത്തുകടക്കാൻ കഴിയാതിരിക്കുകയും ചെയ്യുന്നു.

ആത്മാവ് തികച്ചും വേറിട്ടതാണ്. എല്ലാ വശത്തു നിന്നും ആത്മാവിന് ഉപാധികളെ അറിയുവാൻ കഴിയും. എന്നാൽ ഈ ഉപാധികളോട് സംബന്ധം ഉണ്ടായാൽ എന്തു ചെയ്യാൻ കഴിയും.

എല്ലാ ഉപാധികളും പുദ്ഗളിതം അഥവാ അനാത്മാവാണ്. ഒരു കഴുത പുദ്ഗളിതമല്ല എന്തെന്നാൽ ആത്മാവും അനാത്മാവും കൂടിച്ചേർന്നിരിക്കുന്നു.

ആത്മാവ് അനാത്മാവുമായി വാസ്തവത്തിൽ ചേർന്നിട്ടില്ല, എന്നാൽ അജ്ഞാനത്താൽ അങ്ങനെ കരുതുന്നു.

**അന്വേഷകൻ** : എങ്ങനെയാണ് കർമ്മങ്ങൾ ഈ സാഹചര്യങ്ങളിൽ നാമുമായി ബന്ധിക്കപ്പെടുന്നത്.

**ദാദാജി** : ഈ ഉപാധികളുടെയെല്ലാം ചേരൽ സ്വയം പ്രവർത്തിതമാണ് അതിനാൽ പ്രത്യക്ഷജ്ഞാനവും പരിവർത്തനത്തിന് വിധേയമാകുന്നു. അവയുടെ യഥാർത്ഥ സ്വരൂപത്തിൽ നിന്നും വിഭാവികമാകുന്നു. ദ്രവ്യമോ അതിന്റെ ഗുണമോ മാറുന്നില്ല എന്നാൽ അത് മാറ്റങ്ങൾക്ക് അഥവാ പര്യായങ്ങൾക്ക് വിധേയമാകുന്നു. ദർശനജ്ഞാനം പരിവർത്തിതമായിക്കൊണ്ടിരിക്കുന്നു.

**അന്വേഷകൻ** : ഒരുദാഹരണം കൊണ്ട് വിശദമാക്കുമോ

**ദാദാജി** : എല്ലാ ഉപകരണങ്ങളോടും കൂടി ഒരു ലാബിൽ ഇരിക്കുന്ന ശാസ്ത്രജ്ഞനെക്കുറിച്ച് ചിന്തിക്കൂ. പരീക്ഷണം നടക്കുമ്പോൾ ഒരു കണ്ടെയ്നറിൽ നിന്നും ഗ്യാസ് പുറത്തു വരികയും ശ്വാസംമുട്ടി അയാൾ ബോധരഹിതനാകുകയും ചെയ്യുന്നു. ആ സമയം അയാൾ എല്ലാം മറക്കുന്നു. അയാൾക്ക് ബോധം മറയുന്നു. എന്നാൽ തന്റെ ബോധത്തിലേക്ക് വരുമ്പോൾ അയാൾക്ക് കൂടുതൽ വ്യക്തത വരികയും അറിവു സമയത്തിനനുസരിച്ച് വ്യക്തമാകുകയും ചെയ്യുന്നു.

അതുപോലെ തുടക്കത്തിൽ ഒരുവൻ തന്റെ നിയന്ത്രണത്തിലാണ് കാര്യങ്ങൾ എന്ന് കരുതുകയും ക്രമേണ താനല്ല ഈശ്വരനാണ് നിയന്ത്രിക്കുന്നത് എന്ന് മനസ്സിലാക്കുകയും ചെയ്യുന്നു. കൂടുതൽ ബോധവാനാകുമ്പോൾ ഇതെല്ലാം മായ ആണെന്നും ഈശ്വരന്റെ ശക്തികൾക്കുള്ളിൽ പോലുമല്ല എന്നും മനസ്സിലാക്കുന്നു. പൂർണ്ണാവബോധം ഉണ്ടാകുമ്പോൾ നടന്നതിനെല്ലാം കാരണം ഉപാധികൾ മാത്രമാണെന്നും മനസ്സിലാകും.അപ്പോൾ മാത്രമേ ആ ഉപാധികളിൽ നിന്നുംമുക്തമായ ഒരു ശാന്തഭാവം അയാൾക്ക് ഉണ്ടാകുകയുള്ളൂ. ഇങ്ങനെ എല്ലാം ബോധത്തിന്റെ തലങ്ങളിൽ ആണ് സംഭവിക്കുന്നത്.

പ്രയോഗി അഥവാ പരീക്ഷകൻ സാഹചര്യങ്ങളുമായി ഐക്യപ്പെട്ടാൽ അയാൾക്ക് അവബോധം നഷ്ടപ്പെടും. താൻ അവയിൽ നിന്നെല്ലാം ഭിന്നനാണെന്ന് അറിഞ്ഞാൽ അയാൾ സ്വാതന്ത്ര്യത്തിന്റെ ആനന്ദം അനുഭവിക്കും.

അനന്തമായ സാഹചര്യങ്ങൾ ഉയർന്നു വരും. അതിൽ മുഴുകിയാൽ കർമ്മത്തിന്റെ പുതുവിത്തുകൾ മുളയ്ക്കും. അങ്ങനെ പ്രശ്നം പരിഹരിക്കപ്പെടാൻ കഴിയാതെ വരും.

സാഹചര്യങ്ങളുടെ ജ്ഞാതാവായി സ്ഥിതി ചെയ്താൽ പുതിയ കർമ്മ-ബീജം വിതയ്ക്കുകയില്ല. സാഹചര്യങ്ങൾ അനന്തമാകയാൽ അവയെ വീണ്ടും മുളയ്ക്കാൻ അനുവദിക്കാതിരുന്നാൽ ഒരുവൻ തീർച്ചയായും മുക്തി നേടും.

എല്ലാവരും ഉപാധിയാൽ ബന്ധിതരാണ്. ദീക്ഷിതരായ മഹാത്മാക്കളും സാഹചര്യങ്ങളാൽ ചുറ്റപ്പെട്ടവരെങ്കിലും അവർ അവയുടെ ജ്ഞാതാവ് മാത്ര-മാണ്. അവരുടെ തെറ്റായ വിശ്വാസങ്ങൾ തകർക്കപ്പെട്ടതാണ്. ഭാര്യ, കുട്ടികൾ, ബന്ധുക്കൾ തുടങ്ങി ഒരേപോലുള്ള സാഹചര്യങ്ങൾ ചുറ്റും ഉണ്ടെങ്കിലും ഉദാത്ത-മായ സന്തോഷം അവരുടെ ജീവിതത്തിൽ നിലനിൽക്കുന്നു.

സാഹചര്യങ്ങളിൽ മുഴുകി കെട്ടപ്പെട്ടാൽ ഊർജ്ജം നഷ്ടമാകുന്നു. ജ്ഞാനിക്കു ചുറ്റും സാഹചര്യങ്ങൾ വരുമെങ്കിലും ജ്ഞാനി അവയുമായി കൈകോർക്കുന്നി-ല്ല.അവയെ ദൂരെ നിന്നും അദ്ദേഹം നിരീക്ഷിക്കുമ്പോൾ തന്നെ അവ ഇല്ലാതെ-യാകുന്നു. അവയെ നിരീക്ഷിക്കുന്നത് അവയോടു വിടപറയുന്നതിനു തുല്യമാണ്. തന്നെയും താൻ അല്ലാത്തതിനെയും പ്രകാശിപ്പിക്കുന്നത് ആത്മാവാണ്. ഒരുവന് ജ്ഞാനപ്രകാശിതമായ കാഴ്ചയുണ്ടെകിൽ ആത്മാവിന്റെ പ്രകാശത്തിൽ എല്ലാ സാഹചര്യങ്ങളും പ്രതിഫലിക്കും.

സാഹചര്യങ്ങൾക്ക്-ഉപാധികൾക്ക് ചേതനത്വമില്ല. നമ്മുടെ യഥാർത്ഥസ്വരൂപം ഉപാധികൾക്ക് അപ്പുറമാണ്. ഒരനുഭവത്തെ നല്ലതെന്നോ ചീത്തയെന്നോ ക ൽപ്പിക്കുന്നത് സാഹചര്യമാണ് അതു ശുദ്ധാത്മാവുമായി ബന്ധപ്പെട്ടതല്ല.

സാഹചര്യങ്ങൾ എപ്പോഴും നിലനിൽക്കുന്നവയല്ല. ക്ഷണികമായത് നമ്മുടെ യഥാർത്ഥ സ്വരൂപമല്ല. പിന്നെങ്ങനെ അവയെ നമ്മുടെതെന്നു കരുതാനാകും. ഒരു അയല്പ്പക്കകാരനെപ്പോലെ സാഹചര്യങ്ങൾ വന്നും പോയുമിരിക്കും.

ചിലയാളുകൾക്ക് അവർക്കുണ്ടാകുന്ന നല്ല ചിന്തയോ ആശയമോ ആത്മാവിന്റേ-തെന്നു കരുതും. അത് ആത്മാവിന്റെയല്ല. നിങ്ങളുടെ ഉള്ളിൽ ഉണ്ടാകുന്ന വിചാ-രങ്ങൾ "എന്റെയല്ല" എന്ന് അറിയണം.

നല്ലതായാലും ചീത്തയായാലും ഒരു സാഹചര്യത്തിലും കർതൃത്വാഭിമാനം പാടില്ല. സ്ഥൂലവും, സൂക്ഷ്മവും, വാക്ക്സംബന്ധവുമായ എല്ലാ ഉപാധികളും അനാത്മാവാണ് എന്ന് ഞാൻ ലോകത്തോട് പറയുന്നു. അവ അനാത്മാവിന്റെ പരിധിയിൽ പെട്ടതാണ്.

ഈ ലോകത്ത് ആത്മാവെന്നും സാഹചര്യമെന്നും രണ്ടു കാര്യങ്ങളെ ഉള്ളു. ഉണ്ടാകുന്നതോ ഉണ്ടാകത്തതോ ആയ എല്ലാം അനാത്മാവിനെ ആശ്രയിച്ച്

സാഹചര്യങ്ങൾക്ക് അനുസൃതമായിരിക്കും. ഒരുവന്റെ നിയന്ത്രണത്തിൽ ആയിരുന്നെങ്കിൽ അസ്വീകാര്യമായ ഒന്നിനെയും കൂടിച്ചേരാനോ സ്വീകാര്യമായതിനെ വേർപിരിയുവാണോ അനുവദിക്കുമായിരുന്നില്ല. അങ്ങനെ ആയാൽ ആരും മുക്തി നേടുകയുമില്ല.

ക്ഷണികമായതും ഉപാധികളുടെ ചേർച്ചയും പിരിയലും ഉണ്ടാകുന്നതുമായ എല്ലാം "എന്റെ അല്ല". ഇതിനെ അറിയുന്നതാണ് യഥാർത്ഥ ജ്ഞാനം. ആത്മാവിന്റെ എല്ലാ തലങ്ങളെയും ശുദ്ധീകരിക്കുന്നതിലൂടെ അനന്തജ്ഞാനം ഉണ്ടാകുന്നു. ജ്ഞാനത്തിന്റെ ചില തലങ്ങൾ ശുദ്ധമാകുമ്പോൾ മാത്രമേ സൂക്ഷ്മമായ സാഹചര്യങ്ങളെ കാണുവാൻ കഴിയൂ. അങ്ങനെ ശുദ്ധമാകുമ്പോൾ ഒരുവൻ അനന്തജ്ഞാനത്തോടുകൂടിയ പരമത്മാവായിമാറുന്നു.

**അന്വേഷകൻ** : ആത്മസാക്ഷാത്കാരം നേടാത്തവരോ ? അവർ എങ്ങനെയാണ് സാഹചര്യങ്ങളെ സമീപിക്കേണ്ടത്?

**ദാദാജി** : ഒരുവന് താനല്ല ഉപാധികളാണ് കർമ്മം ചെയ്യുന്നതെന്ന ജ്ഞാനം ഇല്ലായിരിക്കാം പക്ഷെ അയാൾ അങ്ങനെ നിശ്ചയത്തോടെ വിശ്വസിച്ചാൽ പുണ്യകർമ്മം സമ്പാദിക്കും. ഉയർന്ന തരത്തിലുള്ള ഒരു ജന്മം അയാൾക്ക് ലഭിക്കും. എന്തെങ്കിലും വിപരീതമായാൽ സാഹചര്യങ്ങളുടെ സമ്മർദത്തിൽ ചെയ്തെന്നു ആളുകൾ പറയും, അനുകൂലമായാലോ അങ്ങനെ ചെയ്യേണ്ടതായിരുന്നു എന്നും പറയും. അത് കർമ്മത്തെ ഉണ്ടാക്കുകയും അതിനു ഉത്തരവാദിയും ആകും.

പിരിഞ്ഞുപോകാനുള്ള സാഹചര്യങ്ങളെ എന്തിനാണ് ഭയക്കുന്നത്. നമ്മൾ പ്രായം, ജനനം, മരണം എന്നിവയെ ഭയക്കുന്നില്ല. അത് സാഹചര്യങ്ങളുടെ വരലും പോകലുമാണ്. ജ്ഞാനി മരണത്തെയും മൃഷ്ടാന്നത്തെയും ഒരുപോലെ കാണുന്നു. അത് അങ്ങനെ സംഭവിക്കുന്നു. ലോകത്തിൽ ഈ ഉപാധികൾ അല്ലാതെ മറ്റൊന്നുമില്ല.

**അന്വേഷകൻ** : വിവിധ സാഹചര്യങ്ങളുടെ നടുവിലും ജീവിക്കാൻ കഴിയാനുള്ള താക്കോൽ കാണിച്ചാൽ ഞങ്ങൾ കൃതാർത്ഥരാകും.

**ദാദാജി** : നിലവിലുള്ള സാഹചര്യങ്ങൾ വരുമ്പോൾത്തന്നെ അവയെ സമചിത്തതയോടെ നേരിട്ടുകൊണ്ട് ഒഴിയാൻ അനുവദിക്കുക. എന്റെ ഈ വാചകം ഒരു താക്കോൽ ആണ്. ഈ ഒരു വാചകത്തിൽ ലോകത്തിലെ എല്ലാ ശാസ്ത്രങ്ങളുടെയും സാരം അടങ്ങിയിട്ടുണ്ട്.

നിങ്ങളുടെ മുന്നിൽ പ്രാപ്തമായ എല്ലാ ഉപാധികളുടെയും ജ്ഞാതാവാണ് നിങ്ങൾ.

അല്ലാതെ അപ്രാപ്തമായതിന്റെയല്ല.

**അന്വേഷകൻ** : ഒരുദാഹരണം കൊണ്ട് വ്യക്തമാക്കുമോ

**ദാദാജി** : നിങ്ങൾക്ക് പതിനൊന്നുമണിക്ക് കോടതിയിൽ എത്തേണ്ടതുണ്ട്, അതെ സമയം തന്നെയാണ് നിങ്ങൾക്ക് ഭക്ഷണം വിളമ്പുന്നതും. ഇതാണ് പ്രാപ്ത-മായ സാഹചര്യം. അതിനോട് ആദ്യം തന്നെ വ്യവസ്ഥപ്പെടുകയും പിന്നെ ശാന്തമായി ഡിസ്ചാർജ് ചെയ്യുകയും വേണം. സമാധാനപരമായി വേണം നിങ്ങൾ ഭക്ഷണം കഴിക്കുവാൻ. രണ്ടു കൈകൊണ്ടും കഴിക്കുവാൻ നിങ്ങൾക്കാകില്ല.

സമാധാനപരമായി കഴിക്കുക എന്നാൽ നിങ്ങളുടെ ചിത്തം കോടതിയെ ചിന്തിക്കാതെ അവിടെത്തന്നെ സന്നിഹിതമായിരിക്കണം എന്നാണ അർത്ഥം. അതിനാൽ ആദ്യം ഭക്ഷണത്തോട് നീതി പാലിക്കണം എന്നിട്ട് കോടതിയിൽ പോകാം. പക്ഷെ ആളുകൾ എന്താണ ചെയ്യുന്നത് ? അവർ ഉൾപ്പെട്ട സാഹ-ചര്യത്തെ അവർ ആസ്വദിക്കുന്നില്ല അതിനു പകരം ആകുലപ്പെടുന്നു. ഈ സമ-യത്തുള്ളതിനെ നോക്കാതെ മറ്റൊന്നിന്റെ പുറകെ പോകുന്നു. ഒടുവിൽ രണ്ടും ലഭിക്കാതെ വരുന്നു. പ്രിയ സുഹൃത്തെ നിന്റെ ഉച്ചയൂണ് തയ്യാറാണ്, അത് ആസ്വദിക്കു. എങ്കിൽ മാത്രമേ നിങ്ങൾക്ക് അത് ഡിസ്ചാർജ് ചെയ്യാനാകൂ. കോടതി വളരെ ദൂരെയാണ്. എന്തിനാണ് അതിനെ മാനസികമായി പ്രാപിക്കു-ന്നത്. നിങ്ങൾക്ക് പ്രാപ്തമായ സാഹചര്യങ്ങളെ അനുകൂലമാക്കണം. ശരിയായ സാഹചര്യത്തിൽ കാര്യം നടന്നില്ലെങ്കിൽ അയാളുടെ ശ്രമങ്ങൾ വിഫലമാകും.

ആരാണ് ലളിതമായും കൃത്യമായും ഇത് മനസ്സിലാക്കിത്തരുന്നത്. പൂർണ്ണമായ അനുഭവം ഉള്ള ആളുടെ ജോലിയാണത്.

**അന്വേഷകൻ** : മോക്ഷപാതയിൽ എങ്ങനെയുള്ള സാഹചര്യമാണ് ഗുണകരം ?

**ദാദാജി** : ജ്ഞാനിപുരുഷന് ഇത് ചെയ്യാൻ കഴിയും. ലോകത്തിലെ എല്ലാ ജീവജാലങ്ങൾക്കും ഉയർന്ന സാഹചര്യത്തിനുള്ള നിമിത്തമാണ് അദ്ദേഹം. ഇത് പറയപ്പെട്ടിട്ടുണ്ട്, "സരളതയും നൈസർഗ്ഗികതയും ഉള്ളവനായ അവന്റെ അടു-ക്കൽ മൂർത്തീകരിക്കപ്പെട്ട പൂർണ്ണത മോക്ഷവാതിലിൽ കൊട്ടിക്കൊണ്ട് വരുന്നു". മോക്ഷത്തിനു അടുത്തു നിൽക്കുന്നവർക്ക് ജ്ഞാനിയുമായുള്ള സമ്പർക്കം പ്രയത്ന-രഹിതമായി സംഭവിക്കുന്നു. മോക്ഷം വളരെ എളുപ്പമാണ് എന്നാൽ ജ്ഞാനിയു-മായുള്ള സമ്പർക്കം വളരെ അപൂർവ്വമാണ്. ആ അപൂർവത വിവരണാതീ-തമാണ്.

അനേകം ജന്മങ്ങളിൽ അലഞ്ഞു തിരിഞ്ഞിട്ടും നിങ്ങൾ സന്തോഷം കണ്ടെ

ത്തിയിട്ടില്ല. ഈ കാലമത്രയും അഹന്തയും പേറി നടന്നു. മുക്തനാകുവാൻ ആ ഗ്രഹിച്ചെങ്കിലും നിങ്ങൾക്ക് ശരിയായ വഴി കണ്ടെത്താനായില്ല. ജ്ഞാനിപു-രുഷനെ കണ്ടെത്തി ശരിയായ പാതയിൽ സഞ്ചരിക്കുക എന്നത് അപൂർവ്വ-മാണ്.

എല്ലാ സാഹചര്യങ്ങളും വരികയും പോകുകയും ചെയ്യുന്നു എങ്കിലും ജ്ഞാ നിയുമായുള്ള സമ്പർക്കത്തെ ഉണ്ടാക്കുന്ന സാഹചര്യം മാത്രമേ നിങ്ങൾക്ക് പര മാനന്ദം നൽകുകയുള്ളൂ. നിങ്ങളുടെ ലക്ഷ്യം നേടാനുള്ള ഉത്തമമായ സമയമാ ണിത്. ജ്ഞാനിയുടെ ആദ്ധ്യാത്മികസാമീപ്യത്തിൽ കഴിയാനുള്ള തീവ്ര മായ ആഗ്രഹം ഉണ്ടാകണം. എല്ലാ സാഹചര്യങ്ങളെയും നേരിടാനും പ്രതിസന്ധിക ളെ നേരിടാനുമുള്ള അപൂർവ്വശക്തി അതു നിങ്ങൾക്ക് നൽകും.

## 136

## സാഹചര്യങ്ങളും സഹജമായ സ്വഭാവവിശേഷങ്ങളും (പ്രകൃതസംയോഗം)

**അന്വേഷകൻ** : ഓരോരുത്തർക്കും അവരവരുടെ പ്രകൃതി അനുസരിച്ചു പല കാര്യങ്ങളോടും പ്രിയമുണ്ടാകും. എങ്ങനെയാണ് ഒരാൾക്ക് ജീവിതയാത്രയിൽ പലതും ലഭ്യമാകുന്നത് എന്ന് വിശദമാക്കുമോ

**ദാദാജി** : നോക്കൂ, നിങ്ങളിലേക്ക് വരുന്നതെല്ലാം നിങ്ങളുടെ പ്രകൃതിയനുസരി-ച്ചാകും. നിങ്ങളുടെ സഹജമായ സ്വഭാവസവിശേഷതകൾക്ക് അനുസരിച്ചാ-യിരിക്കും നിങ്ങൾക്ക് ആവശ്യമുള്ളത് ലഭിക്കുക.

**അന്വേഷകൻ** : ഇതു മനോഹരമാണ്.

**ദാദാജി** : നിങ്ങളുടെ പ്രകൃതി അനുസരിച്ചാണ് എല്ലാം നിങ്ങളിലേക്ക് വരുന്നത്. നിങ്ങൾ കഴിക്കുന്ന ചായ, പച്ചക്കറി, ആഹാരങ്ങൾ എല്ലാം നിങ്ങളുടെ പ്രകൃതി അനുസരിച്ചാണ്. എന്നാൽ ക്രോധം, ദംഭ്, കുടിലത, ലോഭം എന്നിവ തലയിട്ട-മ്പോൾ നിങ്ങൾ എല്ലാം നശിപ്പിക്കുന്നു. കാര്യങ്ങൾ നേടാൻ ലോഭം പ്രേരിപ്പി-ക്കുന്നു, കുടിലത അതിനെ താങ്ങുന്നു. നിങ്ങൾ ഒന്നിലും അനാവശ്യമായി ഇടപടേണ്ട ആവശ്യമില്ല. നിങ്ങളുടെ ആവശ്യവും പ്രകൃതിയുമനുസരിച്ച് വേണ്ട-തെല്ലാം നിങ്ങൾക്ക് വന്നുചേരും.

"നാളെ സൂര്യൻ ഉദിച്ചില്ലെങ്കിൽ എന്തു സംഭവിക്കും ?" എന്ന് നിങ്ങൾ ചി ന്തിക്കുന്നു എന്ന് കരുതുക. നിങ്ങൾ ഇങ്ങനെ ചിന്തിക്കേണ്ട ആവശ്യമെന്ത് ? ഈ പ്രപഞ്ചത്തിലുള്ള എല്ലാം നിങ്ങൾക്ക് വേണ്ടി ഉള്ളതാണ് എന്നാൽ അത്

എങ്ങനെ അനുഭവിക്കണമെന്ന് നിങ്ങൾ അറിയേണ്ടതുണ്ട്. സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, വായു, ജലം എല്ലാം നിങ്ങൾക്കുള്ളതാണ്.

നിങ്ങളുടെ പ്രകൃതിയുടെ സഹജസ്വഭാവമനുസരിച്ച് ഒരു സുഖവാസകേന്ദ്രത്തിൽ പത്തു ദിവസം തങ്ങാൻ കഴിയുമ്പോൾ ഒരു പത്തു ദിവസം കൂടി ഇവിടെ തങ്ങണം എന്ന് മനസ്സ് പറയുന്നു. വേറെ എവിടെയെങ്കിലും രണ്ടു ദിവസം അധികം തങ്ങാൻ പറഞ്ഞാൽ അയാൾ അത് ഇഷ്ടപ്പെടാതിരിക്കുകയും എതിർക്കുകയും ചെയ്യുന്നു.

ആഹരാസാധനങ്ങളും പാനീയങ്ങളും മറ്റെല്ലാം തന്നെ അവന്റെ പ്രകൃതി-യനുസരിച്ചാണ് ഒരുവന് ലഭിക്കുന്നത്. എന്നാൽ അയാളുടെ ലോഭമനുസരിച്ച് ലഭിക്കണമെന്നില്ല. ലോകത്തെ ഉപേക്ഷിക്കുന്നതും ഉപവാസം അനുഷ്ഠിക്കുന്നതും പോലും ഒരാളുടെ പ്രകൃതിയനുസരിച്ചാണ്. ഞാൻ ഇതു ചെയ്തു വന്നു നിങ്ങൾ തെറ്റായി ധരിക്കുന്നു. ഇതൊരുവന്റെ അഹന്താഭാവം മാത്രമാണ്.

**അന്വേഷകൻ** : സ്വന്തം ഇച്ഛയാൽ ഒരുവന് പരിത്യജിക്കുവാൻ കഴിയില്ലേ ?

**ദാദാജി** : ഞാൻ യഥാർത്ഥത്തിൽ നടന്ന ഒരു സംഭവം പറയാം. ബറോഡയിൽ ഭാര്യയ്ക്കും ആറു മക്കൾക്കുമൊപ്പം ജീവിച്ചിരുന്ന ഒരു കച്ചവടക്കാരൻ സേഠ് ഉണ്ടായിരുന്നു. അയാളുടെ ഭാര്യ ദിനം മുഴുവൻ അയാളോട് വഴക്കടിക്കുന്ന സ്വഭാവമുള്ളവളായിരുന്നു. സഹികെട്ട അയാൾ താൻ ഒരു സന്ന്യാസി ആകുന്ന-താണ് ഉചിതം, ആളുകൾ ബഹുമാനിക്കുകയെങ്കിലും ചെയ്യുമല്ലോ എന്ന് കരുതി കുടുംബത്തെ ഉപേക്ഷിച്ചു സന്ന്യാസം സ്വീകരിച്ചു.

എന്നാൽ അയാളുടെ ഭാര്യ വളരെ സാമർത്ഥ്യം ഉള്ളവളായിരുന്നു. അവർ അയാളെ അങ്ങനെ വിടാൻ അനുവദിച്ചില്ല. ഡൽഹിയിലുള്ള ഗുരു മഹാരാജ് സാഹിബിന്റെ ജൈന ആശ്രമത്തിലാണ് ഇയാൾ എന്ന് മനസ്സിലാക്കി ഇവർ അങ്ങോട്ടേക്ക് ചെന്നു.

അവർ സേഠിനെ നോക്കി ആക്രോശിച്ചു "നിങ്ങൾ എന്നോട് എന്താണ് ചെയ്യുന്നത് ? നിങ്ങൾ എന്തൊരു മനുഷ്യനാണ് ? ഒരു ഭീരുവിനെ പോലെ ഉത്തരവാദിത്വം മറന്ന് എന്നെയും കുട്ടികളെയും ഉപേക്ഷിച്ച് നിങ്ങൾ നാടുവിട്ടു. കുട്ടികളുടെ വിദ്യാഭ്യാസം, വിവാഹം, ചിലവുകൾ ഒക്കെ ആരു നടത്തും ?". ഇങ്ങ-നെ പറഞ്ഞ് അയാളുടെ കൈയ്യ് പിടിച്ചുകൊണ്ട് അവർ അയാളെ വലിച്ചു. സാഹചര്യം മനസ്സിലാക്കിയ അയാൾ പറഞ്ഞു : "നിൽക്കു, ഞാൻ ഈ വസ്ത്രം ഒന്ന് മാറട്ടെ." ഇതു കേട്ട ആ സ്ത്രീ "വേഷമൊന്നും എനിക്കു പ്രശ്നമില്ല നിങ്ങൾ

ഇപ്പോൾ എങ്ങനെയാണോ അതേ പോലെ വീട്ടിലേക്ക് വരൂ” എന്ന് പറഞ്ഞു അയാളെ വലിച്ചുകൊണ്ട് പോയി.

ഇത് കണ്ടിരുന്ന മഹാരാജ് സാഹിബ് അയാളോട് ഭാര്യയ്ക്കൊപ്പം പോകുവാൻ പറഞ്ഞു. ഭാര്യ അയാളെ സന്ന്യാസവേഷത്തിൽത്തന്നെ വീട്ടിലേക്ക് കൂട്ടിക്കൊ-ണ്ടുവന്നു. പരിത്യാഗം അയാളുടെ പ്രകൃതിയിൽ ഉള്ളതായിരുന്നില്ല. അതിനാൽ അയാൾക്ക് വീട്ടിലേക്ക് തിരിച്ചു വരേണ്ടി വന്നു.

മറ്റൊരു സംഭവം കേൾക്കൂ. ഒരു സന്ന്യാസി വളരെ പ്രായമായി ആരും നോക്കാനില്ലാതെ കഴിഞ്ഞിരുന്നു. നിരാശയിൽ അദ്ദേഹം തന്റെ വീടിനെപ്പറ്റി ഓർക്കുകയും ആരുടെയൊക്കെയോ സഹായത്താൽ അവിടെ എത്തുകയും ചെയ്തു. അയാളുടെ ഭാര്യയും മക്കളും സന്തോഷത്തോടെ അയാളെ ശുശ്രൂഷിക്കുമെന്നു അയാൾ പ്രതീക്ഷിച്ചു. എന്നാൽ എല്ലാരും അയാൾക്ക് അഭയം കൊടുക്കാൻ വിസമ്മതിച്ചു. അയാളുടെ പ്രകൃതിയിൽ പരിത്യാഗം ഉണ്ടായിരുന്നതിനാൽ സാഹചര്യം അങ്ങനെയായി.

പ്രകൃതിയുടെ വിചിത്രമായ പ്രവർത്തനങ്ങൾ ഇങ്ങനെയാണ്.

**അന്വേഷകൻ** : അപ്പോൾ പ്രകൃതി എന്നാൽ എന്താണ്?

**ദാദാജി** : അതൊരു വ്യക്തി ആണെങ്കിൽ നമുക്ക് ഗംഗാബെൻ എന്ന് പേരിടാമാ-യിരുന്നു. എന്നാൽ അത് വ്യക്തിയല്ല. പ്രകൃതി എന്നാൽ വ്യവസ്ഥിതം എന്നാണ്. ഈ നടക്കുന്നതെല്ലാം പ്രകൃതിയുടെ പാവകളിയാണ്. പ്രകൃതിക്കനുസരിച്ച് ഒരുവൻ ഓരോന്ന് ചെയ്യുമെങ്കിലും ഇങ്ങനെ പറയുന്നു : “നോക്കൂ, ഞാൻ നൃത്തം ചെയ്യുന്നു ! ഞാൻ പരിത്യജിക്കുന്നു !”. പരിത്യാഗം സാധ്യമാണ്, ഒരുവന്റെ പ്രകൃതിയിൽ അതുണ്ടെങ്കിൽ മാത്രം ! അല്ലെങ്കിൽ അയാളുടെ ഭാര്യ അയാളെ വീട്ടിലെ-ത്തിക്കും.

പ്രകൃതിയുടെ ധർമ്മത്തെ തടയാൻ ആർക്കും ആകില്ല.

**അന്വേഷകൻ** : എങ്ങനെ നമ്മൾ പ്രകൃതിയുമായി ഇടപെടണം ?

**ദാദാജി** : പ്രകൃതിക്ക് അവസാനമില്ല. ആത്മജ്ഞാനിയായ പുരുഷനായി മാറുക, അപ്പോൾ പ്രകൃതിയും പുരുഷനും അവരുടേതായ നിലകളിൽ മറ്റൊന്നിൽ ഇട പെടാതെ നിലകൊള്ളുന്നു. ഇവിടെ പുരുഷനെന്നാൽ പരമാത്മാവ് എന്നാണു അർത്ഥം. പരമാത്മനിലയിലേക്ക് ഉയരും വരെ ഒരുവൻ പ്രകൃതിയുടെ താളത്തി-നൊത്ത് നൃത്തം ചെയ്യേണ്ടി വരും.

എല്ലാ ഗ്രന്ഥങ്ങളും പറയുന്നു “പുരുഷനെ അറിയൂ”, ആത്മാവിനെ അറിയൂ”. ഒരു

ഗ്രന്ഥവും പ്രകൃതിയെ അറിയാൻ പറയുന്നില്ല. പ്രിയപ്പെട്ടവനേ അനാത്മാവിന്റെ (പരാ-കൃതി) രചന അറിഞ്ഞാൽ നിങ്ങൾക്ക് ആത്മാവിന്റെ രചനയും അറിയാം. എണ്ണയും വെള്ളവും കൂടിക്കലർന്നാൽ വെള്ളത്തെ അറിഞ്ഞു അവയെ വേർതിരിച്ചാൽ എണ്ണയും അറിയാനാകും.

അതിനാലാണ് ഞാൻ പറയുന്നത് "പ്രകൃതിയെക്കുറിച്ചുള്ള ജ്ഞാനം ഉണ്ടാകൂ"

**അന്വേഷകൻ** : പ്രകൃതിയെയും അതിന്റെ മണ്ഡലങ്ങളും എങ്ങനെ അറിയാനാകും ?

**ദാദാജി** : മാറിക്കൊണ്ടിരിക്കുന്നതും ക്ഷണികമായതുമായ എല്ലാം പ്രകൃതിയാണ്. അതിനെ ആദ്യം നന്നായി അറിയുക. അസ്ഥിരമായ ഭാഗം എന്താണ് ഉൾക്കൊള്ളുന്നത് ? അത് അഞ്ചു ഇന്ദ്രിയങ്ങളെ ഉൾക്കൊള്ളുന്നു. നിങ്ങൾക്ക് വേണ്ടാത്തതിനെ കണ്ണു കാണുന്നു, മൂക്കു മണക്കുന്നു. ശരീരം എങ്ങനെയാണ് മാറുന്നത്? ഒരു കാർ നിങ്ങളുടെ നേരെ വരുമ്പോൾ ശരീരം മനസ്സിന്റെ അനുവാദം ഇല്ലാതെ തന്നെ ഒരു വശത്തേക്ക് തനിയെ മാറുന്നു. മനസ്സും ചിത്തവും മാറ്റമുള്ളതാണ്. ഉദാഹരണത്തിനു നിങ്ങൾ ഇവിടെയാണു പക്ഷെ ചിത്തം മറ്റൊരിടത്താകാം. ബുദ്ധിയും മാറിക്കൊണ്ടിരിക്കുന്നു. ഉദാഹരണത്തിനു ഒരു സ്ത്രീ കുളിക്കുമ്പോൾ അവരെ നിരീക്ഷിക്കരുത് എന്ന് നിങ്ങൾക്ക് അറിയുമെങ്കിലും നിങ്ങളുടെ ബുദ്ധി അതിനെ എതിർത്തെന്നു വരാം. ആരെങ്കിലും നിങ്ങളെ പുകഴ്ത്തിയാൽ നിങ്ങളുടെ അഹങ്കാരം വളരും. ഇതെല്ലാം ക്ഷണികവും മാറിക്കൊണ്ടിരിക്കുന്നതും ആണ്.

ഈ ക്ഷണികമായതിനെയും ബാക്കി വരുന്ന മാറാതെ നിൽക്കുന്ന ആത്മാവിനെയും അറിയുക. അനുകമ്പ, ആത്മാഭിമാനം, ഗർവ്വ്, ദുഃഖം, സന്തോഷം, എന്നിവയെല്ലാം ദ്വൈതപരമായ ഗുണങ്ങളാണ്. ഇതെല്ലാം പ്രകൃതിധർമ്മങ്ങളാണ്.

പ്രകൃതി ചലനാത്മകവും ക്ഷണഭംഗുരവുമാണ് എന്നാൽ ആത്മാവ് സ്ഥിരവും അചലവുമാണ്. ഒരുവൻ പുരുഷനെ അറിയുമ്പോൾ പരമാത്മനിലയിലേക്ക് ഉയരുന്ന ആത്മസാക്ഷാത്കാരം അയാൾ നേടുന്നു.

**137**

## ധ്യാനവും ഏകാഗ്രതയും

**അന്വേഷകൻ** : മനസ്സിന്റെ എകാഗ്രതക്കു വേണ്ട പരിശീലനങ്ങളെക്കുറിച്ച് വിശദമാക്കുമോ

**ദാദാജി** : ഒരിക്കൽ എഞ്ചിനീയർ ആയ ഒരാൾ എന്റെ അടുക്കൽ വന്നു ചോദിച്ചു

"ദാദാജി, മോക്ഷം ലഭിക്കുവാൻ എന്താണ് ഞാൻ ചെയ്യേണ്ടതെന്നു പറഞ്ഞാലും."

ഞാൻ ചോദിച്ചു : "ഇതുവരെ മോക്ഷം നേടുവാൻ എന്താണ് നിങ്ങൾ ചെയ്തത്?"

അയാൾ പറഞ്ഞു : "ഞാൻ ഏകാഗ്രതയും ധ്യാനവും പരിശീലിക്കുന്നു." ഞാൻ പറഞ്ഞു, "മാനസികമായ വിക്ഷേപം ഉള്ളവർ എകാഗ്രതയാകുന്ന മരുന്നുപ-യോഗിച്ച് അത് കുറയ്ക്കണം. മാനസികവിക്ഷോഭം ഉള്ളവരാണ് ഏകാഗ്രത പരി-ശീലിക്കുന്നത്. എന്തുകൊണ്ടാണ് തൊഴിലാളികൾ ഏകാഗ്രത പരിശീലിക്കാ-ത്തത് ? അവർ മാനസികമായി ഇളകാത്തവരാണ്. ഞാനും ജ്ഞാനിപുരുഷ-നെന്ന നിലയിൽ ഏകാഗ്രതയ്ക്ക് വേണ്ടി അല്പം പോലും ശ്രമിക്കുന്നില്ല എന്തെന്നാ-ൽ എനിക്ക് മാനസികവിക്ഷോഭമില്ല.

മനസ്സ് ഉള്ളിൽ എരിയുമ്പോൾ ആളുകൾ ഏകാഗ്രതയുടെ മരുന്നുപയോഗിക്കുന്നു. അങ്ങനെ ചെയ്യുമ്പോൾ സത്യാത്മാവിനായി അവർ എന്താണ് ചെയ്യുന്നത് ? അവരുടെ ശോകം ഇല്ലാതെയാകുന്നുണ്ടോ "

അയാൾ ബുദ്ധിമാനായിരുന്നു. ഉടൻ തന്നെ അയാൾ പറഞ്ഞു "എന്റെ ബുദ്ധി അങ്ങ് പറഞ്ഞതിനെ അംഗീകരിക്കുന്നു, എന്റെ തെറ്റിദ്ധാരണ നല്ലതിനാ-യിക്കൊണ്ട് മാറിയിരിക്കുന്നു."

**അന്വേഷകൻ** : യോഗയെ സംബന്ധിച്ചെന്താണ് പറയാനുള്ളത്?

**ദാദാജി** : ആ എഞ്ചിനീയർ തുടർന്നു, " പക്ഷെ ദാദാ ഞാൻ ദിവസവും നാലു മണിക്കൂർ യോഗ പരിശീലിക്കുന്നു."

ഞാൻ ചോദിച്ചു : "യോഗയുടെ ഏതു ഭാവമാണ് പരിശീലിക്കുന്നത്? അറിയപ്പെട്ട വിഷയത്തിനു വേണ്ടിയോ അറിയപ്പെടാത്തതിനു വേണ്ടിയോ അതു ചെയ്യുന്നത്? നിങ്ങൾക്ക് ആത്മാവിനെ അറിയില്ല, ശരീരത്തെ മാത്രമേ അറിയു-ള്ളൂ. ശരീരത്തെ അറിഞ്ഞു കൊണ്ട് ശരീരത്തെ അടക്കാൻ നിങ്ങൾ യോഗ ചെയ്യുന്നു. അതൊരു ശാരീരിക അഭ്യാസമാണ്.

പൂർണ്ണമായും അറിയില്ലാത്ത ഒരാളുടെ മുഖം ചിന്തിക്കുവാൻ നിങ്ങൾക്ക് കഴി-യുമോ ? ഇല്ല നിങ്ങൾക്ക് ചിന്തിക്കാൻ കഴിയില്ല, അതുപോലെ നിങ്ങൾ ആത്മാ-വിനെ അറിയുന്നില്ല പിന്നെങ്ങനെ ശുദ്ധാത്മാവിനെ ധ്യാനിക്കും. ദേഹസാധന കൊണ്ട് നിങ്ങൾ എന്താണ് ചെയ്യുന്നത് ? നിങ്ങളുടെ ആത്മാവിനു വേണ്ടി നിങ്ങൾ എന്താണ് ചെയ്തത്?

**അന്വേഷകൻ** : അപ്പോൾ യോഗ എന്നത് യഥാർത്ഥത്തിൽ എന്താണ്?

**ദാദാജി** : യോഗ എന്നാൽ യോജിക്കുക എന്നാണു അർത്ഥം യുജ് എന്ന ധാതു-വിൽ നിന്നാണ് ആ വാക്ക് ഉണ്ടായിട്ടുള്ളത്. അറിയപ്പെടുന്നതിന്റെ യോഗം (ധ്യാനത്തിലൂടെ കൂടിച്ചേരുക) മാത്രമേ സാധ്യമാകൂ. ശരീരം, മനസ്സ്, വാക്ക് എന്നിവയുടെ യോഗം ഉണ്ടാകാം.

മാനസിക അച്ചടക്കം പരിശീലിക്കുന്ന മനോയോഗികൾ ഈ ലോകത്തു-ണ്ട്. ചിലർ ബുദ്ധിയോഗികളാണ്. ശരിയായ ബുദ്ധിയുള്ളവരും അതില്ലാത്തവരും ഉണ്ട്. ചിലർക്ക് ശുദ്ധമായ ബുദ്ധിയും ചിലർക്ക് വക്രമായ ബുദ്ധിയുമുണ്ട്. സാധുക്കൾ ദേഹയോഗികളും വക്കീലന്മാർ വചനയോഗികളും ആണ്.

പലതരത്തിലുള്ള യോഗങ്ങളിൽ ആത്മാവുമായുള്ള ഐക്യമാകുന്ന ആത്മയോഗം മാത്രമാണ് യഥാർത്ഥ യോഗം. ബാക്കിയെല്ലാം അനാത്മാവിന്റെ ധ്യാനപരിശീല-നങ്ങളാണ് (അയോഗം). അങ്ങനെയുള്ള യോഗം സിദ്ധികളെ പ്രദാനം ചെയ്തേ-ക്കാം പക്ഷെ മുക്തി നൽകുന്നില്ല.

**അന്വേഷകൻ** : മോക്ഷപാതയിൽ ഏതു തരം യോഗവും ധ്യാനവുമാണ് സഹായ-കരമാകുക.

**ദാദാജി** : ആത്മയോഗം കൊണ്ട് മോക്ഷം നേടാം എന്നാൽ ദേഹയോഗം കൊണ്ട് ലൌകികനേട്ടങ്ങൾ ഉണ്ടാകും. എന്റെ ദീക്ഷിതരായ മഹാത്മാക്കൾ എല്ലാം ആത്മയോഗികൾ ആണ്. ഞാൻ ആത്മയോഗേശ്വരനാകുന്നു (സദാ ആത്മാവു-മായി ഐക്യപ്പെട്ടിരിക്കുന്നു).

നിങ്ങൾ ആത്മയോഗത്തിൽ ആകുകയും മനസ്സ് പല തരം കാര്യങ്ങൾ കാട്ടുകയും ചെയ്താൽ മനസ്സിനോട് പറയുക "പുറത്ത് പോകൂ അല്ലെങ്കിൽ നീ അപമാനി-ക്കപ്പെടും, ഇപ്പോഴല്ല പിന്നീട് വരൂ." നിങ്ങൾ ആത്മാവുമായി ഐക്യപ്പെടുമ്പോൾ ഉണ്ടാകുന്ന അനുഭൂതി മാഞ്ഞുപോകുന്നതല്ല. ആത്മാവല്ലാത്ത മറ്റെല്ലാത്തിനെ-ക്കുറിച്ചുള്ള അറിവുകളും അജ്ഞാനമാണ്. ആത്മജ്ഞാനത്തിനു ശേഷം അറിയു-ന്ന എല്ലാ അറിവുകളും യഥാർത്ഥ ജ്ഞാനമാണ്. ആത്മയോഗത്തിലാണ് ഒരുവ-ന്റെ യഥാർത്ഥ സ്വരൂപം അറിയപ്പെടുന്നത്. ജ്ഞാനയോഗമാണ് ഏറ്റവും ശ്രേഷ്ഠമായ സിദ്ധാന്തം. മനസ്സ്, ശരീരം, വാക്ക് എന്നിവയുടെ യോഗ്യമായ ത്രിയോഗങ്ങൾ ആത്മീയതീർത്ഥാടനത്തിന്റെ തുടക്കമാണ്.

138

## നിർവികല്പ സമാധി (അഹന്താനിവൃത്തിയിലെ ആനന്ദം)

**അന്വേഷകൻ** : ഒരുവന്റെ മനോവൃത്തികളെ അസ്ഥിരമാക്കുന്നത് എന്താണ്?

**ദാദാജി** : നിങ്ങൾക്ക് സ്ഥിരമായി കുറേ സമയം ഇരിക്കാൻ ആകുമോ ? പിന്നെ- ങ്ങനെ നിങ്ങളുടെ മനോവൃത്തികൾ സ്ഥിരമായി ഇരിക്കണം എന്ന് നിങ്ങൾ പ്രതീ ക്ഷിക്കുന്നു ? മാനസികവൃത്തികളെ സ്ഥിരമാക്കാൻ അനേകം ആദ്ധ്യാത്മികസാ- ധനകൾ ഉണ്ട്. എന്നാൽ തുല്യനിലയിൽ തടസ്സങ്ങളും ഉണ്ട്. എന്നിരുന്നാലും ആധി, വ്യാധി, ഉപാധി എന്നീ മൂന്നു സംക്ഷോഭാവസ്ഥകളിൽ സ്വയം ശാന്തമാ- കാൻ കഴിയുന്നതാണ്.

**അന്വേഷകൻ** : യോഗമാർഗ്ഗത്തിൽ പരമമായ ലക്ഷ്യം ആനന്ദാവസ്ഥയായ സമാധിയാണ്. അതിനെക്കുറിച്ച് വിശദീകരിക്കുമോ ?

**ദാദാജി** : യോഗമാർഗ്ഗത്തിൽ യോഗപരിശീലനം കൊണ്ട് ഒരു ശാന്തവും സന്തോ ഷകരവുമായ ഒരു ഭൌതികപ്രഭാവം ഉണ്ടാകുന്നുണ്ട്. അത് മനസ്സ്, ശരീരം വാക്ക് എന്നിവയുടെ നീറ്റലുകളെ ശമിപ്പിക്കും. എന്നാൽ മോക്ഷത്തിന്റെ ആനന്ദം അതു നൽകുന്നില്ല. ആ ആനന്ദം ആത്മയോഗി മാത്രം അനുഭവിക്കുന്നു.

സമാധി എന്നാൽ എന്താണ്? ക്ലേശത്തോടെയുള്ള ദേഹയോഗത്തിലൂടെ നേടുന്ന സമാധി അതു പരിശീലിക്കും വരെ നിങ്ങൾക്ക് ശാന്തതയെ തരാം. എന്നാൽ തുടർന്നു നിൽക്കുന്ന ശാന്തത നിർവികല്പസമാധിയിൽ ഞാൻ എന്നും എന്റെതെന്നും ഉള്ള ഭാവം ഇല്ലാതെയാകുമ്പോൾ ആണ് ലഭിക്കുക. അത് സ്വാഭാവികവും, പ്രയത്നരഹിതവും ആയ സമാധിയാണ്. അത് നിങ്ങളുടെ എല്ലാ പ്രവർത്തനത്തിലും നടപ്പിലും, നിൽപ്പിലും, ആഹാരം കഴിക്കലിലും എന്തിനധികം നിങ്ങൾ വഴക്കുണ്ടാക്കുമ്പോൾ പോലും തുടർന്നു നിൽക്കുന്നു. അങ്ങനെയൊരു സമാധി നേടിക്കഴിയുമ്പോൾ മാത്രമേ നിങ്ങൾ മുക്തനാകൂ.

**അന്വേഷകൻ** : നിർവികല്പസമാധി എങ്ങനെയാണ്?

**ദാദാജി** : നിർവികല്പസമാധിയിൽ ശരീരവും ആത്മാവും വ്യത്യസ്തമായാണ് അനു ഭവപ്പെടുക, കൂടാതെ ആത്മാവ് സംസാരത്തിലെ ഒന്നുമായും കൂടിച്ചേരുന്നില്ല. നോക്കൂ, "ഞാൻ ഇങ്ങനെയാണ് അതുകൊണ്ട്" എന്നത് വികല്പം ആണ്, അതാണ് അഹന്ത. യോഗി ആയാലും അതുണ്ടാകും.

വികല്പി ആയ ഒരുവന് നിർവികല്പി (അഹന്താരഹിതം) ആകാൻ കഴിയില്ല.

**അന്വേഷകൻ** : പിന്നെങ്ങനെ ഒരുവന് സങ്കല്പവികല്പങ്ങളിൽ നിന്നും മോചനം നേടാനാകും.

**ദാദാജി** : സ്വാഭാവികമായി നിർവികല്പി ആയ ഒരുവന് മറ്റുള്ളവരെ ആ നിലയി- ലേക്ക് ഉയർത്താനാകും. ഞാൻ എന്നും എന്റെ എന്നും ഉള്ള വികല്പത്തെയും സങ്ക

ല്പത്തെയും ഇല്ലാതെയാക്കുമ്പോൾ ആത്മാവ് നിർവികല്പമാകും. നിർവികല്പാ-വസ്ഥയിൽ എത്താതെ ഒരുവനും നിർവികല്പനാകില്ല.

ചില യോഗികൾ നിങ്ങളുടെ "ഞാൻ" എന്ന സങ്കല്പത്തെ ഒഴിച്ച് ബാക്കി എല്ലാ സങ്കല്പവികല്പങ്ങളെയും ഇല്ലാതെയാക്കും. ഉയർന്ന ഒരു ആദ്ധ്യാത്മിക നിലയിലേക്ക് എത്തുമെങ്കിലും ജ്ഞാനസ്വരൂപമായ മോക്ഷം ലഭ്യമാകുകയില്ല. ശുദ്ധാത്മാവിനു അതിന്റേതായ ലക്ഷണങ്ങളും ധർമ്മവും ഉണ്ട്. ശുദ്ധാത്മാവ് ചിന്തക്കതീതമാണ്. അത് നിരഞ്ജനവും നിഷ്കളവുമാണ് (അലക് നിരഞ്ജൻ). ജ്ഞാനിയിൽ ആത്മാവ് പൂർണ്ണമായും ആവിഷ്കരിക്കപ്പെടുന്നു. ലക്ഷ്യത്തെക്കുറിച്ച് ബോധവാനല്ലെങ്കിൽ ആത്മസാക്ഷാത്കാരം നേടാനാവില്ല. സ്വാഭാവികമായ സമാധി വ്യാപകമായ നാശത്തിൽ പോലും നശിക്കുന്നില്ല..

ധാരണ- ഏകാഗ്രത- എന്നത് സാങ്കല്പികമാണ്. പ്രതിഷ്ഠിതാത്മാവിനു പരോ-ക്ഷപ്രകാശമാണ്. സാക്ഷിഭാവത്തിൽ പ്രകാശിക്കുന്ന സത്യാത്മാവിന്റെ അനുഭ-വം അന്തമില്ലാത്തതാണ്. ജ്ഞാനത്തിൽ മനസ്സ് പൂർണ്ണമായും വഴങ്ങുന്നു. അഞ്ചിന്ദ്രിയങ്ങളെക്കുറിച്ചും പൂർണ്ണമായും അവബോധത്തോടെ ഇരിക്കുന്നത് യഥാർത്ഥ സമാധിയാണ്.

ജിവിതത്തിന്റെ എല്ലാ അവസ്ഥയിലും രാഗമില്ലാതെ ഇരിക്കുന്ന അവസ്ഥയാണ് പൂർണ്ണസമാധി. ആത്മാവുമായുള്ള പൂർണ്ണമായ ഐക്യപ്പെടൽ ആണത്.

**അന്വേഷകൻ** : യോഗവും ധ്യാനവും കൊണ്ട് ഒരുവന് സമാധി നേടാൻ ആവില്ലേ ?

**ദാദാജി** : മൂക്ക് അടച്ചു പിടിച്ചാൽ സമാധി ഉണ്ടാകുന്നതെങ്ങനെ ? ഒരു കുട്ടിയുടെ മൂക്കു പിടിച്ചു അമർത്തു, അവൻ നിങ്ങളെ കടിക്കും. അതു നിങ്ങൾക്ക് ശ്വാസം മുട്ടലുണ്ടാക്കും. ആധി, വ്യാധി, ഉപാധി എന്നിവയുടെ അഭാവമാണ് യഥാർത്ഥ സമാധി. മരണസമയത്ത് ഒരുവൻ ആത്മാവിലേക്ക് പിൻവലിഞ്ഞു അതിൽ ലയി-ക്കുന്നു. സമ്യഗ്ദൃഷ്ടിയുള്ള ഞങ്ങളുടെ ദീക്ഷിതരായ മഹാത്മാക്കൾ സമാധിമരണ-മാണ് നേടുക. ശുദ്ധാത്മാവാണെന്ന പൂർണ്ണബോധത്തോടെയാണ് അവർ ശരീ-രം ഉപേക്ഷിക്കുന്നത്.

**അന്വേഷകൻ** : ഒരുവന്റെ മാനസിക വാസനകൾ വ്യതിചലിക്കുന്നത് എന്തു കാരണമാണ്?

**ദാദാജി** : ഒരു മിനിറ്റ് നേരം നിങ്ങൾക്ക് നിശ്ചലനായി ഇരിക്കാൻ കഴിയുമോ. പിന്നെങ്ങനെ മാനസിക വാസനകൾ സ്ഥിരമാകാൻ പ്രതീക്ഷിക്കുന്നു. അനേകം

ആത്മീയമാർഗ്ഗങ്ങൾ ഉണ്ട്. അതുപോലെ അവയ്ക്ക് തടസ്സങ്ങളും.

എങ്കിലും ആധിയും വ്യാധിയും, ഉപാധിയും ഉള്ളപ്പോഴും സമാധിയിൽ സ്ഥിതി ചെയ്യാനാകും.

139

## ധ്യാതാവ്-ധ്യേയം-ധ്യാനം

**അന്വേഷകൻ** : എനിക്ക് ശരിയായി ധ്യാനിക്കാൻ സാധിക്കുന്നില്ല. ഞാൻ എന്താണ് ചെയ്യേണ്ടത്?

**ദാദാജി** : ധ്യാനിച്ചുകൊണ്ടിരുന്ന ഒരു കച്ചവടക്കാരൻ ഉണ്ടായിരുന്നു. ഒരാൾ ചോദിച്ചു "സേട്ട് എവിടെപ്പോയി ?". ഭാര്യ പറഞ്ഞു "അദ്ദേഹം മാലിന്യം ഇട്ടിരിക്കുന്ന സ്ഥലത്താണ് "അതു കേട്ടപ്പോൾ സേട്ട് മനസാ ഭാര്യയെ നമസ്കരിച്ചു. വാസ്തവത്തിൽ ധ്യാനം ചെയ്യുമ്പോൾ അയാൾ ലൌകികചിന്തകളിൽ വ്യാപൃതനായിരുന്നു.

ശരിയായ രീതിയിൽ ചെയ്താൽ ധ്യാനത്തിനു വളരെയേറെ ശക്തിയുണ്ട്. ധ്യാനത്തിന്റെ നിർവചനം ശരിയായി അറിയുക. ധ്യേയവസ്തുവിനെ നിശ്ചയിക്കുമ്പോൾ അയാൾ ധ്യാനിക്കുന്നവൻ അഥവാ ധ്യാതാവാകുന്നു. ധ്യേയത്തെയും ധ്യാതാവിനെയും ബന്ധിപ്പിക്കുന്നതാണ് ധ്യാനം.

**അന്വേഷകൻ** : ഒരുദാഹരണം പറയുമോ ?

**ദാദാജി** : ഒരു മണിക്കൂർ ഹുക്കയെ നോക്കിയിരുന്നിട്ട് ഒരാൾ പറയുന്നു "ഈ ഹുക്ക കടയിൽ ആണെങ്കിലും എനിക്കതു വേണം." എന്നാൽ ഒരുവൻ 50 മിനിറ്റ് ഒരു നിമിഷം പോലും തടസ്സം കൂടാതെ അതിനെ ധ്യാനിച്ചാൽ 50 മിനിട്ടിനുള്ളിൽ അയാൾക്കത് ലഭിക്കും. എവിടെ നിന്നാണ് അത് വരുന്നത് ? അതിനെക്കുറിച്ച് ചിന്തിക്കേണ്ട. ധ്യാനത്തിന്റെ ശക്തി അത്ര വലുതാണ്.

ധ്യാനം ക്രമാനുഗതമെങ്കിൽ ലക്ഷ്യം നേടാം എങ്കിൽ തെറ്റായ രീതിയിൽ ആണെങ്കിൽ എങ്ങനെ ഫലമുണ്ടാകും ? ഒരുവന് ധ്യാനത്തിലൂടെ പരമാത്മാവിനെയും നേടാം. ധ്യാനത്തിൽ അത്യതിസാധാരണമായ ശക്തിയുണ്ട് എന്നാൽ നിങ്ങൾ ധ്യാനത്തെ മനസ്സിലാക്കേണ്ടതുണ്ട്. ഈ ദാദക്ക് അൻപതു മിനിറ്റിൽ നിങ്ങൾക്ക് ആത്മാവിന്റെ അത്ഭുതപൂർവമായ അവസ്ഥയെ നൽകാൻ കഴിയുമെങ്കിൽ നിങ്ങൾക്ക് എന്താണ് നേടാനാവാത്തത്.

നിങ്ങൾ തുടർച്ചയായി എട്ടു മിനിറ്റ് ധ്യാനിച്ചാൽ അത് നിങ്ങളുടെ അക്കൌണ്ടിൽ ശേഖരിക്കപ്പെടും, അങ്ങനെ അൻപതു മിനിട്ടും സഞ്ചയിക്കും. എന്നാൽ എട്ടു

മിനിറ്റിൽ കുറഞ്ഞ ധ്യാനം നിങ്ങളുടെ അക്കൌണ്ടിൽ വരികയില്ല. ഉദാഹരണത്തിനു "ഞാൻ അമിത് ആകുന്നു" എന്ന് നിങ്ങൾ കരുതി അയാളെ ധ്യാതാവാക്കുകയും ഭാവനയാൽ മാത്രം നിയന്ത്രിക്കപ്പെട്ട് ഒരു പ്രത്യേക സങ്കൽപം ലക്ഷ്യമാക്കി ധ്യാനിക്കുകയും ചെയ്താൽ യഥാർത്ഥ ഗുണം എങ്ങനെ ഉണ്ടാകും ? ലാഭപ്രദമായ എന്തെങ്കിലും ഈ മാർഗ്ഗത്തിൽക്കൂടി നേടാനാകുമോ ?

നിങ്ങൾ ധ്യാനിക്കുമ്പോൾ എന്തിനെയാണ് നിങ്ങൾ ധ്യാനിക്കുന്നത് ? എന്താണ് ധ്യാനത്തിന്റെ ലക്ഷ്യം. ആരാണ് ധ്യാനം ചെയ്യുന്നത് ? ഒരു ലക്ഷ്യമില്ലാതെ, എന്താണ് ലക്ഷ്യമെന്നു അറിയാതെ എന്തിനെ നിങ്ങൾ ധ്യാനിക്കും ? ലക്ഷ്യം നേടുവാനുള്ള ഉപായമാണ് ധ്യാനം. ധ്യാനത്തിന്റെ ലക്ഷ്യവും ധ്യാനിക്കുന്നവനും ആത്മാവാകുമ്പോൾ ആണ് ധ്യാനം ഫലപ്രദമാകുന്നത്.

ഞാൻ നിങ്ങൾക്ക് ജ്ഞാനം നൽകുമ്പോൾ നിങ്ങളെ ധ്യാതാവാക്കുകയും യഥാർത്ഥ ആത്മസ്വരൂപത്തിൽ നിങ്ങളെ പ്രതിഷ്ഠിക്കുകയും ചെയ്യും. ധ്യാനത്തിൽ ധ്യാനിക്കപ്പെടുന്ന വസ്തുവും ധ്യാതാവും ഒന്നാകും. ആത്മാവ് സത്യാത്മാവായി ഇരിക്കുമ്പോൾ മാത്രമാണ് മോക്ഷാനുഭവം ഉണ്ടാകുക. ആളുകൾ തങ്ങൾക്കിഷ്ടമില്ലാത്ത നികുതിയെക്കുറിച്ചും ലൈംഗികതയെക്കുറിച്ചും ചിന്തിക്കില്ല എന്ന് കരുതി ധ്യാനിക്കാൻ ഇരിക്കുകയും അത്തരം ചിന്തകൾ ഉണ്ടാകുകയും ചെയ്യുന്നു. അതിനെ ധ്യാനം എന്ന് വിളിക്കുന്നത് എങ്ങനെ ?

എനിക്കിപ്പോൾത്തന്നെ നിങ്ങളെ ധ്യാനത്തിൽ പ്രവേശിപ്പിക്കുവാൻ കഴിയും എന്നാൽ നിങ്ങൾക്ക് ആയിരം പടികൾ കേറേണ്ടതുണ്ടെങ്കിൽ അതുകൊണ്ടെന്ത് ഗുണം ? അതിനു പകരം ഞാൻ നിങ്ങളെ നേരെ തന്നെ മോക്ഷത്തിലെത്തിക്കാം.എന്നെ വന്നു കാണൂ. പരമാർത്ഥത്തെ നേരിട്ടു വന്നു ചോദിക്കൂ. ആപേക്ഷികമായ ധ്യാനത്തെ എന്തിനു ചോദിക്കുന്നു.അത് അപൂർണ്ണമാണ്.

**അന്വേഷകൻ** : പക്ഷെ ഇത് പ്രയാസമാകും.

**ദാദാജി** : ഞാൻ നൽകാനായി ഇവിടുള്ളപ്പോൾ എന്താണ് പ്രയാസം. പ്രസിഡന്റ് ഉള്ളപ്പോൾ എല്ലാ കാര്യങ്ങളും ചെയ്യാൻ കഴിയുമ്പോൾ ജ്ഞാനിപുരുഷനെ കണ്ടു നേടാൻ കഴിയാത്തത് എന്താണ് ? എല്ലാ മുൻവിധികളിൽ നിന്നും പക്ഷപാതത്തിൽ നിന്നും മുക്തനാണ്. ഞാൻ വീതരാഗനാണ്. ആത്മാർത്ഥതയുള്ളവനും എന്നെ കാണുന്നവർക്കും ഞാൻ കൊടുക്കും.

**അന്വേഷകൻ** : ഒരുവന്റെ സഹജഗുണങ്ങളെ ധ്യാനത്താൽ സാക്ഷാത്കരിക്കാൻ ആകുമോ ?

**ദാദാജി** : തീർച്ചയായും. എന്തുകൊണ്ടില്ല ? ആത്മാവിന്റെ ഗുണങ്ങളായ അനന്ത-ജ്ഞാനം, അനന്തദർശനം എന്നിവ അവയെ ധ്യാനിക്കുന്നത് കൊണ്ട് സാക്ഷാ-ത്കരിക്കാൻ കഴിയും.

ഈശ്വരനെക്കുറിച്ച്:

**ദാദാജി** : 'ഭഗവാൻ', അത് പേരാണോ വിശേഷണമാണോ ?

**അന്വേഷകൻ** : അതൊരു പേരാണ്

**ദാദാജി** : അത് പേരാണെങ്കിൽ ഭഗവൻദാസ് എന്നോ ഭഗവൻഭായ് എന്നോ വി ളിക്കണം. യഥാർത്ഥത്തിൽ ഭഗവാൻ എന്നത് വിശേഷണമാണ്. ഭാഗ്യം എന്ന തിൽ നിന്നും ഭാഗ്യവാൻ എന്ന വിശേഷണം നിഷ്പന്നമായതുപോലെ ഭഗവാൻ എന്നത് ഭഗവത് (ഈശ്വരീയം) എന്നതിൽ നിന്നും ഉണ്ടായതാണ്. ഭഗവത് എന്നതിന്റെ ഗുണങ്ങൾ ഉള്ളവൻ ഭഗവാൻ എന്ന വിശേഷണത്തിന് അർഹ-നാണ്. ആളുകൾ എന്നെ ഭഗവാൻ എന്ന് വിളിക്കുന്നു എന്നാൽ എന്റെ സ്ഥിതി ഗുണങ്ങൾക്കും താരതമ്യത്തിനും അതീതമാണ്. അതിനു എന്തു വിശേഷണം നിങ്ങൾക്ക് കൊടുക്കാനാകും ? ഈ ശരീരത്തിനു കൊടുക്കുമോ ? ശരീരം ഒരു നാൾ മരിക്കും. എന്നാൽ ഉള്ളിൽ പ്രകാശിക്കുന്നത് പരമാത്മാവാണ്. എന്റെയുള്ളിൽ സമാനതകളില്ലാത്ത ദിവ്യമായ ആത്മപ്രകാശമുണ്ട്.

ശുദ്ധജ്ഞാനം കേവലമായ പരമാത്മാവാണ്. ആത്മാ എന്നത് ഒരു പദം മാത്രമാണ്. സത്യത്തിലേക്ക് നയിക്കുവാനുള്ള ഒരു ഉദ്ദേശത്തിലാണ് ആ പദം ചേർത്തിരിക്കുന്നത്. വാസ്തവത്തിൽ പരമാർത്ഥ ജ്ഞാനം തന്നെയാണ് പരമാ-ത്മാവ്. ജ്ഞാനം തന്നെയാണ് എല്ലാത്തിനെയും പ്രവർത്തിപ്പിക്കുന്നത് എന്നാൽ നിങ്ങൾ ശുദ്ധജ്ഞാനത്തെ സാക്ഷാത്കരിക്കണം. ശുദ്ധജ്ഞാനത്തിലൂടെ മാത്രമേ മോക്ഷം നേടാനാകൂ. സത്ജ്ഞാനം കൊണ്ട് നിങ്ങൾ സന്തുഷ്ടനാകുകയും വിപ-രീതജ്ഞാനം കൊണ്ട് അസന്തുഷ്ടനാകുകയും ചെയ്യും.

നിങ്ങളെക്കാൾ ഉയർന്നവനായി ആരും ഈ ലോകത്തിലില്ല.

**അന്വേഷകൻ** : ഈ ലോകത്തിനു ഒരു അധിപൻ ഇല്ലെ. ഈശ്വരനാണ് ലോക -ത്തിന്റെ അധിപൻ എന്ന് ആളുകൾ പറയുന്നു.

**ദാദാജി** : സത്യത്തിൽ ആരാണോ മോക്ഷം നേടിയവനും അവനെക്കാൾ മുകളിൽ ആരുമില്ലാത്തവനും അവനാണ് ഭഗവാൻ. ആരും അയാളെക്കാൾ മുകളിലോ താഴെയോ ഇല്ല. നിങ്ങളുടെ ആശ്രയത്വത്തെ അറിയാതെ മോക്ഷത്തെ എങ്ങ-നെ അറിയും. ലോകം നിറയെ ആശ്രയത്വം ആണ്, ആ ആശ്രയത്വം ദുരിതവു-

മാണ്. ആളുകൾ അവരുടെ ആത്മാവിനോട് തന്നെ അപരിചിതരാണ്. എത്ര-ത്തോളം ചിന്തകളുണ്ടോ അത്രത്തോളം വഴികളുമുണ്ട്. നിങ്ങൾക്ക് ഇഷ്ടമുള്ളിടത്ത് അലയാം എന്നാൽ ഒടുവിൽ അക്രമവിജ്ഞാനത്തിന്റെ ഈ വഴിയിൽ വരിക.

മോക്ഷം വേണ്ടപ്പോൾ എന്റെ അടുക്കൽ വരിക. നിങ്ങൾ ആകുലചിത്ത-നായി ശ്വാസം മുട്ടുമ്പോൾ, താങ്ങാനാവാതെ വരുമ്പോൾ എന്റെയടുക്കൽ വരിക. ലൌകികജീവിതം തെറ്റല്ല. നിങ്ങളുടെ ധാരണ ഒഴിച്ച് ബാക്കി ഒന്നും തെറ്റല്ല. ലോകത്ത് ഓരോ നിമിഷവും അപകടമുണ്ട്, ആശ്രയത്വമുണ്ട്, അതാണ് നിങ്ങൾ എപ്പോഴും ചിന്താവിഷ്ടനായി ഇരിക്കുന്നത്.

**അന്വേഷകൻ** : ഭീകരമായ മുഖത്തോടു കൂടി മരണത്തിന്റെ ദേവനുണ്ടെന്നു ആളുകൾ പറയുന്നു.

**ദാദാജി** : യമരാജനെപ്പറ്റി തുടർച്ചയായി പറഞ്ഞ് ആളുകളെ ഭയപ്പെടുത്തുന്ന-വരുണ്ട്. ജമരാജ് എന്നും ആളുകൾ അദ്ദേഹത്തെ വിളിക്കും. കൂർത്ത പല്ലുകൾ മുതലായവയോടുകൂടി ആളുകൾ യമരാജനെ ചിത്രീകരിക്കുന്നു. യമരാജൻ എന്നൊരു ജീവി ഇല്ല. അത് യഥാർത്ഥത്തിൽ പ്രകൃതിയുടെ നിയമങ്ങളാണ്-നിയമരാജൻ. ലോകത്തിലെ എല്ലാ പ്രവൃത്തികളും യമരാജനിലൂടെയാണ് നട-ക്കുന്നത്. നമ്മുടെ ജനനവും മരണവും നിയമരാജനിലാണ്. ഈ ശരിയായ ബോധം കൊണ്ട് ഭയം ഉണ്ടാകില്ല.

**അന്വേഷകൻ** : ശരിയായ അറിവുകൊണ്ട് നമ്മുടെ ഭയം ഇല്ലാതെയാക്കാൻ കഴിയുമോ ?

**ദാദാജി** : അതെ. കാട്ടിലൂടെ കടന്നു പോകേണ്ട ഒരാളോട് അവിടെ സിംഹങ്ങളും കടുവകളും ഇല്ല എന്ന് പറയുകയും എന്നാൽ കാട്ടിൽ ഒരു ഭാഗത്ത് സിംഹങ്ങൾ കൂട്ടിനുള്ളിൽ ഉണ്ടെന്നു പറയാൻ മറന്നു പോയി എന്നും കരുതുക. കാട്ടിലൂടെ സഞ്ചരിക്കുന്ന അയാൾ ആ പ്രദേശത്തെത്തുമ്പോൾ സിംഹത്തിന്റെ അലർച്ച കേട്ടു ഭയന്നു തിരികെ വരുന്നു. എന്നാൽ മുൻപേ തന്നെ അയാളോട് ആ വിവരം പറഞ്ഞിരുന്നെങ്കിൽ അയാൾ ഭയക്കാതിരുന്നേനെ. അയാൾക്ക് അപൂർണ്ണമായ അറിവുണ്ടായിരുന്നത് കൊണ്ടാണ് പിന്തിരിയേണ്ടി വന്നത്. പൂർണ്ണമല്ലാത്ത അറിവിനാൽ ജീവിതത്തിലെ പ്രശ്നങ്ങൾ നിങ്ങൾ എങ്ങനെ പരിഹരിക്കും.

140

## ഗുരുവിനു വേണ്ടിയുള്ള താക്കോൽ

**അന്വേഷകൻ** : ഗുരുക്കന്മാരെക്കുറിച്ച് വിശദമാക്കുമോ

**ദാദാജി** : നിങ്ങൾ ഗുരു ആകരുതെന്ന് ഈശ്വരൻ പറയുന്നു എന്നാൽ അങ്ങനെ ആയാൽ ഒരു മാസ്റ്റർ താക്കോൽ കയ്യിൽ ഉണ്ടാകുന്നത് ഗുണകരമാകും. അല്ലെങ്കിൽ ഗുരു എന്ന അഹന്ത വർദ്ധിച്ച് നിങ്ങൾ ആത്മീയമായി പതിക്കും. ഭഗവാൻ ആരുടേയും ഗുരു ആയില്ല എന്നാൽ ഇവിടെ നമ്മൾ കുറേ ഗുരുക്കന്മാരെ കാണുന്നു. ചിലർ തങ്ങളുടെ ഭാര്യയുടെയും കുട്ടികളുടെയും ഭാരം ഉപേക്ഷിച്ച് അഞ്ഞൂറ് ശിഷ്യരുടെ ഭാരം എടുക്കുന്നു. അവർ സ്വയം മുങ്ങിപ്പോകുന്നു. ഗുരു എന്നാൽ ഭാരമുള്ളത് എന്നാണു അർത്ഥം. സ്വയം മുങ്ങിത്താഴുക മാത്രമല്ല മറ്റുള്ള-വരെയും അവർ മുക്കിത്താഴ്ത്തുന്നു.

ഞാൻ വിനീതരിൽ വിനീതനാണ്. ഞാൻ മുങ്ങിത്താഴുകയോ മറ്റുള്ളവരെ മുക്കി താഴ്ത്തുകയോ ഇല്ല. ഞാൻ പൂപോലെ മൃദുവാണ്. ഞാൻ നീന്തുകയും മറ്റുള്ളവ-രെ സംസാരസമുദ്രം കടക്കാൻ സഹായിക്കുകയും ചെയ്യും എന്തെന്നാൽ ഞാൻ രക്ഷകനാണ്. ഞാൻ മുക്തനും മറ്റുള്ളവരെ മുക്തരാക്കാൻ ശക്തിയുള്ളവനുമാണ്. ഞാൻ ആരുടേയും ഗുരുവല്ല.

നിങ്ങൾ ഗുരു ആകുമ്പോൾ ഉത്തരവാദിത്ത്വവും അപകടവും ഏറ്റെടുക്കു-ന്നു, അവബോധമില്ലെങ്കിൽ നശിക്കും, എന്നു ഭഗവാൻ പറഞ്ഞിട്ടുണ്ട് നിങ്ങൾ ഗുരു ആകുന്നെങ്കിൽ ജ്ഞാനിപുരുഷനിൽ നിന്നും താക്കോൽ വാങ്ങു. എങ്കിൽ മാത്രമേ മറ്റുള്ളവരെ നിങ്ങൾക്ക് സഹായിക്കാനാകൂ. അല്ലെങ്കിൽ അത് അഹന്ത വർദ്ധിപ്പിക്കും. ഗുരു എന്ന സ്ഥാനം വലിയ ഉത്തരവാദിത്വം ഉള്ളതാണ്.

ഒരിക്കൽ ഗുരുക്കന്മാർ എന്ന് പറയപ്പെടുന്ന അഞ്ചാറുപേർ എന്നെ കാണാൻ വന്നു. അവർ ചോദിച്ചു : "ആളുകൾക്ക് ഗുരുവിനെ ആവശ്യമില്ലേ ?" ഞാൻ പ-റഞ്ഞു : "അതെ അവർക്ക് ആവശ്യമുണ്ട് എന്നാൽ യഥാർത്ഥ ഗുരുക്കന്മാർ ഉപ-കാരപ്രദമാകും. മറിച്ചാണെങ്കിൽ ഗുരു എന്നാൽ ഭാരമുള്ളത് എന്ന അർത്ഥത്തിൽ അവർ സ്വയം മുങ്ങി മറ്റുള്ളവരെയും മുക്കുന്നു."

**അന്വേഷകൻ** : ഇത് കുറച്ചുകൂടി വിശദമാക്കു.

**ദാദാജി** : ഞാനൊരു ലഘുത്തമ (ലൌകിക വ്യവഹാരത്തിൽ വിനീതരിൽ വിനീതൻ) പുരുഷനാണ് ഒപ്പം തന്നെ ഗുരുത്തമ (ആത്മീയ തലത്തിൽ ഉയർന്ന-തിൽ വച്ച് ഏറ്റവും ഉയർന്നത്) പുരുഷനുമാണ്. ഞാൻ മറ്റുള്ളവരുടെ മേൽ അധി

കാരം കാണിക്കുന്ന ഒരു ലൌകികഗുരുവിന്റെ ഭാവം സ്വീകരിക്കില്ല. നിങ്ങൾ ജീവിതത്തിൽ വിനീതനായാൽ ആത്മീയതയിൽ ഉയർന്നവനാകും.

നിങ്ങൾ ഗുരു ആയാൽ ഹൃദയത്തിൽ ലഘു ആണെന്ന് ഉറപ്പു വരുത്തുക. ഗുരു ആണെന്ന ചിന്ത കൂടാതെ ഇതു മനസ്സിൽ നിർത്തുക. ലഘുത്വം ഇല്ലാതെ ഗുരുവായാൽ സ്വയവും മറ്റുള്ളവരെയും നിങ്ങൾ ഇല്ലാതെയാക്കും. ഇതാണ് ഗുരുവിന്റെ താക്കോൽ.

**അന്വേഷകൻ** : യഥാർത്ഥ ജ്ഞാനം അതിസൂക്ഷ്മമായതിനാൽ ഗുരുവിന്റെ സഹായം വേണമെന്ന് അവർ പറയും.

**ദാദാജി** : ആഗമജ്ഞാനം ധാരണയ്ക്ക് അപ്പുറമുള്ള ജ്ഞാനമാണ്. അത് എല്ലാവരുടെയും കാഴ്ചയ്ക്കപ്പുറമുള്ള ജ്ഞാനമാണ്. ദീക്ഷിതരായ മഹാത്മാക്കൾക്ക് ഞാൻ നൽകിയിരിക്കുന്നത് ഈ ആഗമജ്ഞാനമാണ്. ആളുകൾക്ക് ഉള്ളത് ആപേക്ഷികമായ നിഗമജ്ഞാനമാണ്. എന്നാൽ അവർക്ക് വാക്കുകൾക്കതീതമായ ആഗമമില്ല.

ആഗമം എന്താണെന്ന് ഒരു യഥാർത്ഥ ഗുരുവിനു മാത്രമേ അനുഭവിപ്പിക്കാൻ ആകൂ. എന്നാൽ ഗുരു തെറ്റായ അറിവാൽ നിറഞ്ഞിരിക്കുകയും തെക്കിനു പകരം വടക്കെന്നു പറയുകയും ചെയ്താൽ അയാളിൽ നിന്നും എന്ത് പ്രതീക്ഷിക്കാനാണ് ? ലൌകികമായ ശുഷ്കജ്ഞാനം ഫലം നൽകില്ല. പൂക്കൾ മാത്രമുള്ള എന്നാൽ ഫലങ്ങളില്ലാത്ത വൃക്ഷം 'പോലെയാണത്. ഇന്ന് എല്ലായിടത്തും അത്തരം ശുഷ്കജ്ഞാനം കാണാം. ഈ കാലത്തിന്റെ പ്രഭാവം അത്രമാത്രമാണ്.

141

## അക്രമജ്ഞാനവും ക്രമികജ്ഞാനവും

**അന്വേഷകൻ** : അങ്ങു പറയുന്ന മാർഗ്ഗത്തിൽ ആദ്ധ്യാത്മികപുരോഗതിയോടെ ഈ ആപേക്ഷികജീവിതത്തിൽ ഒരുവൻ എങ്ങനെ ജീവിക്കണം ?

**ദാദാജി** : ആപേക്ഷികമതങ്ങൾ കാണിക്കുന്നത് ക്രമികമായ പടിപടിയായുള്ള മാർഗ്ഗമാണ്. ക്രമികമാർഗ്ഗത്തിൽ വ്യവഹാരവും നിശ്ചയവും തമ്മിലുള്ള ഭേദം യുക്തിപരമാണ്.

എന്നാൽ അക്രമമാർഗ്ഗത്തിൽ ഞാൻ മുക്തിയിലേക്കുള്ള പടികളില്ലാത്ത വഴി കാണിക്കുന്നു. നിശ്ചയത്തിനു ശേഷമാണ് അവിടെ വ്യവഹാരം ശരിയായി നടക്കുന്നത്. എല്ലാ ലൌകികവ്യവഹാരങ്ങളിലും ജ്ഞാനം നിലനിൽക്കുന്നതിനാൽ അവരുടെ ജാതിയേത്, നിലയേത്, തുടങ്ങിയവ പ്രശ്നമല്ല. എല്ലാ സംഭവ–

ങ്ങളിലും സാഹചര്യങ്ങളിലും ഈ ജ്ഞാനം മാറാതെ നിലനിൽക്കുന്നു. അക്രമ-വിജ്ഞാനം കൊണ്ടുള്ള ലോകദൃഷ്ടി സംഘർഷങ്ങളെ ഇല്ലാതെയാക്കി ആനന്ദ-ത്തെ തരുന്നു. യഥാർത്ഥ ജ്ഞാനം കൊണ്ടു പിന്തുണയ്ക്കപ്പെട്ട ലൌകികജീവിതം മാത്രമേ മാതൃകാപരമായുള്ളൂ.

## 142

## ജീവന്റെ അന്തമില്ലാത്ത യാത്ര

**അന്വേഷകൻ** : പല ജീവരൂപങ്ങളിൽ ഒരുവന് പരിണമിക്കേണ്ടി വരുന്നത് എന്തുകൊണ്ടാണ്? 84 ലക്ഷം തരം ജീവജാലങ്ങൾ ഉണ്ടെന്നു അവർ പറയുന്നു.

**ദാദാജി** : ആത്മാവ് സ്വശക്തിയാൽ അനാത്മവസ്തുക്കളെ ആത്മീയമായി ഉയ-ർത്തുന്നു. അനാത്മവസ്തു വർദ്ധിക്കുമ്പോൾ അത് ആത്മാവിനെ താഴെയുള്ള ജീവഭാവത്തിലേക്ക് നയിക്കുന്നു.

ഈ കലിയുഗത്തിൽ ഹിംസ, മോഷണം, വെറുപ്പ്, കാമം, ലോഭം തുടങ്ങിയ ചിന്തകൾ വരുമ്പോൾ അതു താഴ്ന്ന ജീവഭാവത്തിനു കാരണമാകും എന്ന ചിന്ത വേണമെന്ന് ധർമ്മം പഠിപ്പിക്കണം.എല്ലാ ആസുരചിന്തകളെയും ഇല്ലാതെയാക്കുക. അതു നിങ്ങളെ ഉയർന്ന ആത്മീയ അവസ്ഥയിലേക്ക് നയിക്കും. എന്നാൽ ആളുകൾ മനുഷ്യത്വരഹിതമായ പ്രവൃത്തിയിൽ ഏർപ്പെടു-കയും കർമ്മബന്ധനം കൂട്ടുകയും ചെയ്ത് ആത്മാവിനെ മറയ്ക്കുന്ന അജ്ഞാനം വർദ്ധിപ്പിക്കുന്നു. ഒരുവന്റെ ലൌകികഭോഗതാത്പര്യങ്ങളെ പരിപോഷിപ്പി-ക്കുന്നത് മനുഷ്യത്വരഹിതം തന്നെയാണ്.

**അന്വേഷകൻ** : അത്തരം കർമ്മബന്ധവും അജ്ഞാനവും പരിഹരിക്കാൻ വഴി-യെന്താണ്?

**ദാദാജി** : അതെ, റെക്കോർഡ് ചെയ്യപ്പെട്ട ടേപ്പിലെ വിവരം മായ്ച്ചുകളയും പോലെ നമ്മുടെ ഉള്ളിലുള്ളതും മായ്ക്കാം. ആത്മാവിൽ മുദ്ര പതിപ്പിക്കും മുൻപുത ന്നെ ഒരു ചിന്തയെ കൃത്യമായ പ്രവൃത്തികൊണ്ടും അവബോധം കൊണ്ടും മായ്ക്കാം. അതാണ് ഞാൻ പറയുന്നത് ആത്മാവിൽ മുദ്ര പതിയും മുൻപ് അതു കഴുകിക്കളയൂ എന്ന്.

ആത്മാവിന്റെ മറ്റൊരു പേരാണ് ജ്ഞാനം. ഒരുവനുള്ള ജ്ഞാനം പോലെയാണ് ആത്മാവും. വിപരീതജ്ഞാനംകൊണ്ടു ആത്മാവും വിപരീതമാകും. ഒരുവന് എ ന്തു ശ്രദ്ധയുണ്ടോ പ്രതിഷ്ഠിതാത്മാവും അതുപോലെയാകും. നിങ്ങൾക്ക് എന്തി-ലെങ്കിലും വിശ്വാസമുണ്ടെങ്കിൽ അതിനെ സഹായിക്കുന്ന ജ്ഞാനം നിങ്ങൾ

കണ്ടെത്തും. വിശ്വാസവും ജ്ഞാനവും സമ്മേളിക്കുമ്പോൾ അത് ചരിത്രം അഥവാ സ്വഭാവമാകും. ജ്ഞാനം, ശ്രദ്ധ, ചരിത്രം എന്നിവയുടെ സമ്മേളനത്തോട് ആത്മാവും പൊരുത്തപ്പെടും.

**അന്വേഷകൻ** : ഒരുദാഹരണം കൊണ്ട് വ്യക്തമാക്കുമോ ?

**ദാദാജി** : ഒരു സ്ത്രീ അവരുടെ മരുമകളെ ഭ്രാന്തിയെന്നു വിളിക്കുന്നു. എന്നാൽ അവൾ അത് വിശ്വസിക്കും വരെ അതിനു യാതൊരു ഫലവുമില്ല. ലോകത്തിനു അവളെ ഭ്രാന്തിയെന്നു വിളിക്കാം എന്നാൽ അത് അവളിൽ മാനസികമായി യാതൊരു മാറ്റവും വരുത്തുന്നില്ല. എന്നാൽ അവളുടെ വിശ്വാസം മാറിയാൽ അവൾ ശരിക്കും ഭ്രാന്തുള്ളവളാകും. അതിനാൽ ആരെയും നിങ്ങളുടെ വിശ്വാസ-ത്തെ ബാധിക്കാൻ അനുവദിക്കരുത്.

നിങ്ങൾ ആത്മാവിനെ എന്തിനാൽ നിറയ്ക്കുന്നുവോ പ്രതിഷ്ഠിതാത്മാവ് അതായി മാറുന്നു.

**അന്വേഷകൻ** : ജ്ഞാനവും ശ്രദ്ധയും തമ്മിൽ വ്യത്യാസമുണ്ടോ ?

**ദാദാജി** :ശ്രദ്ധ നിശ്ചയിക്കപ്പെടാത്ത അറിവും ജ്ഞാനം അനുഭവത്തോടുകൂടി നിർണ്ണയിക്കപ്പെട്ട അറിവുമാണ്

ഇരുട്ടത്ത് നമ്മൾ ഒരു പൂന്തോട്ടത്തിൽ ഇരിക്കുകയും ഒരു ശബ്ദം കേട്ടെന്നും കരുതുക. ഞാൻ പറയുന്നു എന്തോ ഉണ്ട്, നിങ്ങളും പറയും എന്തോ അവിടുണ്ട്. ഇതെന്തു അറിവാണ് ? ഇത് ശ്രദ്ധ അല്ലെങ്കിൽ ദർശനം ആണ്. കുറച്ചു സമയം കഴിഞ്ഞു നാം എല്ലാവരും കൂടി അതെന്താണ് എന്ന് നോക്കാൻ പോകുന്നു. അതിന്റെ ശരീരത്തിൽ തൊട്ടു നോക്കി അതൊരു പശു ആണെന്ന് അറിയുന്നു. ഇത് നിർണ്ണയിക്കപ്പെട്ട അറിവാണ് അഥാവ ജ്ഞാനമാണ്. ദർശനത്തിലുള്ളത് തെറ്റാകാം. എന്നാൽ ജ്ഞാനം കൃത്യമാണ്. അതു അവബോധജ്ഞാനമാണ്.

ഒരു പോക്കറ്റടിക്കാരൻ ആ കല എങ്ങനെ സ്വായത്തമാക്കുന്നു ? ആദ്യം ശ്രദ്ധ ഉണ്ടായി അയാൾക്ക് അത് ചെയ്യാൻകഴിയും എന്ന് വിശ്വസിക്കുന്നു, പിന്നീട് എങ്ങനെ ചെയ്യണം എന്ന ജ്ഞാനം നേടുന്നു അതിനു ശേഷം പ്രവൃത്തി അഥവാ ചരിത്രം തനിയെ പിന്തുടരുന്നു.

**അന്വേഷകൻ** : ശ്രദ്ധ, ജ്ഞാനം, ചരിത്രം എനിവ തമ്മിലുള്ള ബന്ധം ദയവായി വിശദമാക്കുമോ

**ദാദാജി** : ജ്ഞാനദർശനങ്ങൾ ഒരുമിച്ചുള്ളതിന്റെ ഫലമാണ് ക്രിയമാനം (ആരം-ഭദശയിലുള്ള പ്രവൃത്തി) അതിനെ ആണ് ചരിത്രം അഥവാ സ്വഭാവം എന്ന് പറ-

യുന്നത്. സമ്യഗ് എന്നാൽ സത്യമായത്, ആധികാരികമായത്, വാസ്തവം എന്നൊക്കെയാണ് അർഥം. സമ്യഗ്ജ്ഞാനം സമ്യദർശനം എന്നിവ ഒരുമിച്ച് സമ്യഗ്ചരിത്രത്തെ ഉണ്ടാക്കുന്നു. സാക്ഷാത്കരിക്കപ്പെട്ട ചരിത്രത്തോടു കൂടിയവൻ ഭഗവാനാണ്. യഥാർത്ഥ ചരിതമുള്ളവനാൽ ആരും ഹിംസിക്കപ്പെടുന്നില്ല. സ്വഭാവം, വിശ്വാസം, അറിവ് എന്നിവ പരസ്പരം ആശ്രയിച്ചിരിക്കുന്നു. ഒരുവന്റെ വിശ്വാസവും പ്രവൃത്തിയും അനുസരിച്ചാണ് അയാൾ അറിവു നേടുന്നത്. പെരുമാറ്റത്തിന് ബോധപൂർവ്വമായ പ്രയത്നം ആവശ്യമില്ല അത് തനിയെ നടക്കും.

**അന്വേഷകൻ** : ആത്മാവ് ഒന്നും ചെയ്യുന്നില്ല എന്ന് പറയപ്പെടുന്നു.

**ദാദാജി** : ക്രിയ എന്നത് ആത്മാവിന്റെ ഗുണമല്ല. ആത്മാവിനെ അതിന്റേതായ ഗുണമുണ്ട് എന്നാൽ ക്രിയ അതിന്റെ ഗുണമല്ല.

ഒരുവൻ സങ്കൽപ്പിക്കുന്നത് അയാൾ അനുഭവിക്കുന്നു. സന്തോഷവും സന്താപവും സങ്കൽപം മാത്രമാണ്. ആത്മാവിന് സന്തോഷസന്താപങ്ങളില്ല. ആത്മാവിന് വലിയ ശക്തികളുണ്ട് എന്നാൽ അത് സാഹചര്യങ്ങളാൽ ബാധിക്കപ്പെടുന്നില്ല.എന്നാൽ ആത്മാവിന്റെ സാന്നിധ്യത്തിൽ മാത്രമാണ് എല്ലാ വസ്തുക്കളും ക്രിയ ചെയ്യുന്നത്.

ഈശ്വരൻ പറയുന്നു, "എല്ലാ കർമ്മങ്ങൾക്കും അതിന്റെ ഫലവുമുണ്ട്. ഫലത്തെ ഉണ്ടാക്കാത്ത കർമ്മം സ്വാതന്ത്ര്യത്തെ തരുന്നു." പരമവിനയത്തിലൂടെയേ മോക്ഷം നേടാനാകൂ. ബാക്കിയെല്ലാം അന്തമില്ലാത്ത കെണികൾ ആണ്. ഈ കെട്ടുകൾ നിങ്ങൾ ലൌകികമായി ജീവിച്ചാലും എല്ലാം ഉപേക്ഷിച്ച് ഹിമാലയത്തിൽ പോയാലും പിന്തുടരും.

മതപരമായ ക്രിയകൾ അനുഷ്ഠിക്കാൻ ആളുകൾ പറയാറുണ്ട്. എന്നാൽ യഥാർത്ഥ ജ്ഞാനത്തിന്റെ അഭാവത്തിൽ എന്താണ് ക്രിയ ? ക്രിയ ജ്ഞാനത്തിനു അധീനമാണ്. ഈശ്വരൻ പറയുന്നു : "നീ ജ്ഞാനക്രിയക്ക് വേണ്ടി നിന്നെ ഉഴിഞ്ഞുവയ്ക്കണം, ജ്ഞാനക്രിയാഭ്യാം മോക്ഷ :" അതായത് മോക്ഷം എന്നത് ജ്ഞാനക്രിയയിലൂടെ- ശുദ്ധാത്മാവിനെ അറിയുക എന്ന ക്രിയയിലൂടെ മാത്രമേ സാധ്യമാകൂ.

**അന്വേഷകൻ** : എന്താണ ജ്ഞാനക്രിയ ?

**ദാദാജി** : ഒരുവന്റെ ആത്മസ്വരൂപത്തിലിരുന്നു അറിയുന്നതാണ് അത്. ദർശനക്രിയയിൽ കാഴ്ച ഉണ്ട്.ജ്ഞാനക്രിയയിൽ അറിയുക എന്നതും. കാണുകയും അറി

യുകയും ആത്മാവിന്റെ ക്രിയകളാണ്. ആത്മാവിലല്ലാതെ മറ്റൊരിടത്തും ജ്ഞാനദർശനക്രിയ ഇല്ല. അവയിൽ മറ്റു ഗുണങ്ങൾ നിങ്ങൾ കാണും.

**ദാദാജി** : ആത്മാവ് ശരീരത്തിൽ നിന്നും ഭിന്നമല്ലേ ?

**അന്വേഷകൻ** : അതെ, ആത്മാവ് ഭിന്നമാണ്.

**ദാദാജി** : എങ്കിൽ ശരീരത്തെ പ്രവർത്തിപ്പിക്കുന്ന മറ്റെന്തെങ്കിലും ഉണ്ടോ ?

**അന്വേഷകൻ** : അതു പല കാര്യങ്ങളെ ആശ്രയിച്ചിരിക്കുന്നു എന്ന് ഞാൻ കരുതുന്നു.

**ദാദാജി** : നോക്കൂ, എല്ലാം പ്രവർത്തിക്കുന്നത് വ്യവസ്ഥിതശക്തിയുടെ സഹായത്താലാണ്. ആത്മാവ് ഒന്നും ചെയ്യുന്നില്ല. അത് അറിയുക മാത്രം ചെയ്യുന്നു. യാതൊന്നാണോ അറിയുന്നത് അത് ചെയ്യുന്നില്ല, ചെയ്യുന്നത് അറിയുന്നുമില്ല. കർത്താവിനു ജ്ഞാതാവോ ജ്ഞാതാവിനു കർത്താവോ ആകാൻ കഴിയില്ല. എഞ്ചിനു അതിന്റെ പ്രവർത്തനത്തെക്കുറിച്ച് അറിവില്ല. ഇലക്ട്രിക് ബൾബ് അതിനെക്കുറിച്ച് അറിയാതെ പ്രകാശം തരുന്നു.

കപ്പൽ നിങ്ങളെ തീരത്തേക്ക് കൊണ്ടുവന്നോ അതോ നിങ്ങൾ കപ്പലിനെ കൊണ്ടുവന്നോ ? കപ്പൽ നിങ്ങളെ കരയ്ക്കെത്തിച്ചു എന്നാൽ കപ്പൽ അതറിയുന്നില്ല. ഇങ്ങനെ അറിയുക, ചെയ്യുക എന്നിവ വ്യത്യസ്തമായിരിക്കുന്നു. എന്നാല് കർത്താവിനു അറിയുന്നു എന്നു കല്പിച്ചാൽ രണ്ടായി പോകേണ്ടത് ഒന്നാകുന്നു അതു നിങ്ങളുടെ യഥാർത്ഥ അനുഭവത്തെ ഇല്ലാതെയാക്കുന്നു. ചെയ്യുക, അറിയുക എന്നീ രണ്ടു പ്രവാഹങ്ങളും വ്യത്യസ്തങ്ങളാണ്.

ചെയ്യുന്നവൻ അറിയുന്നില്ല, അറിയുന്നവൻ ചെയ്യുന്നുമില്ല. എന്തെന്നാൽ ചെയ്യുന്നതിന് ഉപാധി വേണം എന്നാൽ അറിയുന്നതിന് അത് വേണ്ട. എന്തെങ്കിലും ചെയ്യണമെങ്കിൽ സാഹചര്യങ്ങൾ കൂടിച്ചേരണം അല്ലാതെ തനിയെ ഉണ്ടാകില്ല.

## 143

## പ്രജ്ഞ : ജ്ഞാനദീപ്തമായ ബുദ്ധി

**അന്വേഷകൻ** : അവർ പറയുന്ന ആത്മാവിനെ ബുദ്ധികൊണ്ട് അറിയാൻ കഴിയില്ല പക്ഷെ പ്രജ്ഞകൊണ്ടറിയാം എന്ന്. എന്താണ് പ്രജ്ഞ ?

**ദാദാജി** : ആത്മാവിന്റെ പ്രത്യക്ഷമായ പ്രകാശമാണ് പ്രജ്ഞ. എന്നാൽ ബുദ്ധി പരോക്ഷമാണ് അതായത് അഹന്ത എന്ന ഉപാധിയിലൂടെ വരുന്നത്. കേവലജ്ഞാനത്തിന്റെ അംശമാണ് പ്രജ്ഞ. ജ്ഞാനത്തിന്റെ കലയാണ് പ്രജ്ഞ. അജ്ഞാനത്തിന്റെ പടലങ്ങൾ മാഞ്ഞുപോകുമ്പോൾ കൂടുതൽ പ്രകാശം ഉണ്ടാ-

കുകയും അതിന്റെ അളവനുസരിച്ച് കേവലജ്ഞാനവും ഉണ്ടാകുന്നു. 360 ഡിഗ്രി-യിൽ പ്രകാശം വർദ്ധിക്കുമ്പോൾ പൂർണ്ണമായും കേവലജ്ഞാനം നേടുന്നു.

**അന്വേഷകൻ** : ഒരുദാഹരണത്താൽ വ്യക്തമാക്കുമോ

**ദാദാജി** : ഒരു മൺകുടത്തിൽ ആയിരം വാട്ടിന്റെ ബൾബ് കത്തിച്ചു വെച്ച് അതി-ന്റെ മൂടി അടച്ചാൽ നിങ്ങൾക്ക് പ്രകാശം ലഭിക്കുമോ ? ഇല്ല. അജ്ഞാനിയുടെ കാര്യവും അതുപോലെതന്നെയാണ്. നിങ്ങളുടെ ഉള്ളിൽ അനന്തമായ ജ്ഞാന-പ്രകാശമുണ്ട് പക്ഷെ അജ്ഞാനത്താൽ അത് മൂടപ്പെട്ടിരിക്കുന്നു.

ജ്ഞാനിപുരുഷന്റെ അനുഗ്രഹത്താൽ ആ മൺകുടത്തിൽ ഒരു ചെറിയ ദ്വാരം ഇട്ടാൽ പോലും മുറിയാകെ പ്രകാശം പരക്കും. ഓരോരോ അജ്ഞാനപാളികൾ തകർക്കുമ്പോൾ കൂടുതൽ പ്രകാശമാനമാകും. ഒടുവിൽ കുടം പൊട്ടി ബൾബ് പുറത്തെടുക്കുമ്പോൾ എല്ലായിടത്തും പ്രകാശമാകും.

**അന്വേഷകൻ** : കേവലജ്ഞാനം എങ്ങനെ നേടും ?

**ദാദാജി** : ജ്ഞാനത്തിന്റെ പ്രത്യക്ഷമായ പ്രകാശമാണ് പ്രജ്ഞ. അജ്ഞാനമറ-കളിൽ നിന്നും ആത്മാവ് മോചിതമാകുമ്പോൾ പ്രപഞ്ചത്തെയാകമാനം അത് പ്രകാശിപ്പിക്കും. അതെ, അത് പ്രപഞ്ചത്തിൽ എല്ലായിടത്തും പ്രകാശിക്കും. മറ്റൊരു തരത്തിൽ പറഞ്ഞാൽ പ്രപഞ്ചത്തിലെ ജ്ഞേയമായ എല്ലാവസ്തുക്ക-ളെയും കാണാനും അറിയാനും ഉള്ള കഴിവ് അത് നേടും. അതാണ് കേവല-ജ്ഞാനം.

സകല പ്രപഞ്ചത്തെയും പ്രകാശിപ്പിക്കുന്ന ആത്മാവിന്റെ ശക്തിയാണ് കേവല-ജ്ഞാനം

**അന്വേഷകൻ** : പ്രജ്ഞയുടെ ധർമ്മമെന്താണ്?

**ദാദാജി** : തന്റെ ഭർത്താവിൽ ഈശ്വരനെ കാണുന്ന ഭക്തയായ സ്ത്രീയെപ്പോലെ-യാണ് പ്രജ്ഞ. അത് ആത്മാവിനു സഹായകരമായവയെ കാണിക്കുകയും മോ ക്ഷപാതയിലെ തടസ്സങ്ങളിൽ നിന്നും സംരക്ഷിക്കുകയും ചെയ്യുന്നു. സാഹചര്യ-ങ്ങൾ ഉണ്ടാകുമ്പോൾ സമചിത്തതയെ ഉണ്ടാക്കുന്നതും പ്രജ്ഞയാണ്. അതിനു-ശേഷം അത് ആത്മാവിലേക്ക് മടങ്ങുന്നു (ശുക്ലധ്യാനം).

അതായത് അത് അകത്തും പുറത്തും പ്രവർത്തിക്കുന്നു. ഇടക്കാലഗവണ്മെന്റ് പോലെ. പൂർണ്ണമായ സ്വതന്ത്ര ഗവണ്മെന്റ് അധികാരത്തിൽ എത്തും വരെ. പ്രജ്ഞ എന്നാലെന്ത് ? അനാത്മാവായതൊന്നും തന്റെയാണെന്ന് ഒരുവനെ വി ശ്വസിപ്പിക്കാത്തതും ആത്മാവിനെ അനാത്മാവിലേക്ക് നയിക്കാത്തതുമായ പ്രകാ

ശമാണ് പ്രജ്ഞ.

ആത്മാവിന്റെ അവിഭാജ്യഘടകമാണ് പ്രജ്ഞ. ജീവന് സ്വാതന്ത്ര്യം നേടുവാൻ അക്ഷീണം പ്രവർത്തിക്കുന്നതും അതാണ്.

പ്രജ്ഞയുടെ വികാസത്താൽ പ്രവൃത്തിയും മാറിക്കൊണ്ടിരിക്കുന്നു. സ്വഭാവം മാറുമ്പോൾ ഒരുവൻ തന്റെ ഭാരങ്ങൾ കുറഞ്ഞവനായി അനുഭവപ്പെടുന്നു. തന്റേത് ഏതാണ്, ഏതല്ല എന്ന് അയാൾ വിവേചിക്കുന്നു.

ആഭ്യന്തരവും ബാഹ്യവുമായ വകുപ്പുകളെ വ്യത്യസ്തപ്പെടുത്തി നിർത്തുന്നതും പ്രജ്ഞയാണ്. അതുതന്നെയാണ് ആത്മാവ്, അതു തന്നെ ചരിത്രവും. വർത്തനം അഥവാ ശരിയായ സ്വഭാവം തന്നെ ചരിത്രം. അതു ആത്മാവിനെയും അനാത്മാവിനെയും കൂടിച്ചേരാൻ അനുവദിക്കുന്നില്ല.

**അന്വേഷകൻ** : ആത്മസാക്ഷാത്കാരത്തിൽ എന്താണ് സംഭവിക്കുന്നത്?

**ദാദാജി** : ഞാൻ ജ്ഞാനം നൽകുമ്പോൾ അപരോക്ഷമായ ആത്മാനുഭൂതി ഉണ്ടാകുന്നു. അതിനെയാണ് പരമാത്മസമാകിതം എന്ന് പറയുന്നത്. ആ നിമിഷത്തിൽ നിങ്ങളിൽ ഒരു പ്രജ്ഞാഭാവം ഉണ്ടാകുന്നു.ലോകത്തിൽ ഉണ്ടാകുന്നതെല്ലാം ക്ഷണികമാണ്, എന്നാൽ പ്രജ്ഞാഭാവം സ്ഥിരവും അവിരാമവുമാണ്. പ്രജ്ഞ ഉണരുമ്പോൾ നിങ്ങൾക്ക് മുകളിലേക്ക് പടികൾ കേറാതെ വേഗം തന്നെ എത്താം.

പ്രജ്ഞ ഒഴിച്ചുള്ള എല്ലാ ഭാവങ്ങളും ഭാവാഭാവങ്ങളാണ് (ഇഷ്ടം, അനിഷ്ടം, വികാരങ്ങൾ തുടങ്ങിയവ). അവ നൈമിഷികവുമാണ്. പ്രജ്ഞാഭാവം ദ്വൈതങ്ങൾക്ക് ഉപരിയാണെങ്കിലും അത് ആത്മാവിന്റെ സഹജഭാവമല്ല. പ്രജ്ഞാഭാവത്തെ ആത്മഭാവം എന്ന് വിളിക്കാൻ കഴിയില്ല.സ്ഥിരവും മാറ്റമില്ലത്തതുമായ ഭാഗത്താണ് പ്രജ്ഞാഭാവം എങ്കിലും കാലസംവേദിയാണ്, അതിനാൽ ഇല്ലാതെയാകും. നിങ്ങൾ അതിനെ ആത്മഭാവമെന്നു വിളിച്ചാൽ അത് ആത്മാവിന്റെ അഭേദ്യഗുണം ആകും. അപ്പോൾ സിദ്ധക്ഷേത്രത്തിലുള്ള മുക്തർക്കും പ്രജ്ഞയുണ്ടാകും, എന്നാൽ അങ്ങനെയല്ല. സിദ്ധക്ഷേത്രത്തിൽ പ്രജ്ഞയ്ക്ക് യാതൊരു പങ്കുമില്ല. ഇടക്കാല ഗവണ്മെന്റ് അവസാനിക്കുമ്പോൾ സ്വതന്ത്ര ഗവണ്മെന്റ് അധികാരത്തിൽ വരുന്നത് പോലെയാണ് പ്രജ്ഞയും.

ഞാൻ നിങ്ങളിൽ സ്വരൂപജ്ഞാനം ഉപക്രമിപ്പിക്കുമ്പോൾ നിങ്ങളുടെ ഉള്ളിൽ പ്രജ്ഞയും ജ്വലിപ്പിക്കുന്നു. അപ്പോൾ ഓരോ നിമിഷവും പ്രജ്ഞ നിങ്ങൾക്ക് ജാഗ്രത തരുന്നു. ആത്മസാക്ഷാത്കാരാവസ്ഥയെക്കുറിച്ച് ജാഗ്രത നൽകാൻ രാജാ

ഭരതന് ഇരുപത്തിനാലു മണിക്കൂറും തന്റെ ചുറ്റും പരിചാരകരെ നിർത്തേണ്ടി വന്നു. ഏതു പ്രധാന സാഹചര്യത്തിലും എന്റെ ജ്ഞാനം നിങ്ങളുടെ രക്ഷയ്ക്കെ-ത്തും, എന്റെ വാക്കോ ഞാൻ തന്നെയോ നിങ്ങളുടെ മുന്നിൽ ജാഗ്രത ഉണർത്താ-ൻ എത്തും. നിങ്ങളുടെ ജീവിതത്തിന്റെ പ്രഹേളിക അവസാനിപ്പിക്കാനും മോക്ഷം നേടുവാനും ഇതൊരു സുവർണ്ണാവസരമാണ്. നഷ്ടപ്പെട്ട കണ്ണി കിട്ടി-യാൽ പരിഹാരമുണ്ടാകും.

**അന്വേഷകൻ** : അത്തരം കാര്യങ്ങൾ നാം എങ്ങനെ ഗ്രഹിക്കും ?

**ദാദാജി** : ശരീരത്തിനു രണ്ടു ഭാഗങ്ങളുണ്ട് : (1) അനിത്യമായതും (2) നിത്യമാ-യതും. നിത്യമായത് ആത്മാവാണ്. നിങ്ങളുടെ കച്ചവടത്തിൽ കാണിക്കുന്ന അതി സൂക്ഷ്മത ആത്മാവിൽ കാണിച്ചാൽ കാര്യം എളുപ്പമായി. എല്ലാ വിഷയത്തിലും നിങ്ങൾക്ക് സൂക്ഷ്മമായി പോകാം എന്നാൽ ആത്മാവിലോ ? ആത്മാവ് ഇന്ദ്രിയാ-തീതവും, ശുദ്ധവും, നിർലേപവും, നിർവികാരവുമായ നിർവിഷയജ്ഞാനമാണ്. അതിനാൽ ഇത്തരം കാര്യങ്ങളിൽ ഒരു ജ്ഞാനിയുടെ സഹായം ആവശ്യമാണ്.

**അന്വേഷകൻ** : എന്നാൽ ഒരാൾക്ക് അയാൾക്ക് വേണ്ട ഗുണങ്ങൾ ഉണ്ടാകണ-മെന്നില്ല. അപ്പോൾ ജ്ഞാനിക്ക് എങ്ങനെ സഹായിക്കാൻ കഴിയും ?

**ദാദാജി** : നോക്കൂ, നിലവാരം കുറഞ്ഞ സ്വർണ്ണവുമായി നിങ്ങൾ ഒരു സ്വർണ്ണപ്പ-ണിക്കാരന്റെ അടുക്കൽ പോയാൽ അയാൾ നിങ്ങളെ ശകാരിക്കില്ല. അയാൾ സ്വർണ്ണം മാത്രം നോക്കും. നിങ്ങളുടെ ശരീരം മോശമാക്കിയതിനു ഡോക്ടർ നിങ്ങളെ ശകാരിക്കും എന്നാൽ സ്വർണ്ണപ്പണിക്കാരൻ സ്വർണ്ണം മാത്രം നോക്കും. അതുപോലെതന്നെ ജ്ഞാനിപുരുഷനും നിങ്ങളുടെ ബാഹ്യഗുണങ്ങളെ നോ-ക്കാതെ ആത്മാവിനെ ദർശിക്കും. സ്വർണ്ണം പൊടിയായും, ഉരുക്കിയും പല രൂപ-ത്തിൽ ലഭിച്ചാലും സ്വർണ്ണം തന്നെയാണ്. സ്വർണ്ണപ്പണിക്കാരൻ സ്വർണ്ണത്തെ എന്ന പോലെ നിങ്ങൾ ആത്മാവിൽ ശ്രദ്ധിച്ചാൽ അത് മുക്തിയിലേക്ക് നയിക്കും. ജ്ഞാനിപുരുഷൻ ശുദ്ധാത്മാവിൽ മാത്രം ദൃഷ്ടി വയ്ക്കും.

**അന്വേഷകൻ** : വിശുദ്ധ ഗ്രന്ഥങ്ങളും ശാസ്ത്രവും പഠിച്ചാൽ ഈ വിഷയത്തിൽ നിർദ്ദേശം ലഭിക്കുമോ ?

**ദാദാജി** : ഒരാൾ ഗ്രന്ഥങ്ങൾ വായിച്ച് മനപ്പാഠമാക്കിയേക്കാം എന്നാൽ ഇത് അവരുടെ ധാരണപോലെയേ ഇരിക്കൂ. ആളുകൾ അവരുടെ ഇഷ്ടത്തിനു വ്യാ ഖ്യാനങ്ങൾ ചെയ്തിട്ടുണ്ട്. നോക്കൂ, ജീവ-അജീവ എന്ന സിദ്ധാന്തം ശരിയാണ് എന്നാൽ അവർ അവരുടെ രീതിയിൽ മനസ്സിലാക്കുന്നു. അജീവമായതിനെക്കു-

റിച്ചുള്ള അവരുടെ അജ്ഞാനത്തെ അവർ വഞ്ചിക്കുന്നു. അജീവത്തെ അറിയാ–തെ ജീവനെ എങ്ങനെ അറിയും ? ഭഗവാന്റെ സാന്നിധ്യത്തിൽ പോലും അവർക്ക് ആത്മ ബോധം ഉണ്ടായില്ല. അവർക്ക് വീതരാഗമെന്ന ലക്ഷ്യമുണ്ടാകാം എന്നാൽ ആത്മവിനെക്കുറിച്ച് ഇല്ല. ബോധമുണ്ടെങ്കിൽ തന്നെ അത് ഭൌതി–കവും വാക്കുകൾ കൊണ്ട് അവതരിപ്പിക്കപ്പെടുന്നതിനെക്കുറിച്ചും ആണ്. അതി–നാൽ അത് മറന്നു പോകാം എന്തെന്നാൽ വാക്കുകൾ കൊണ്ട് പറയപ്പെടുന്നതും അല്ലാത്തതുമായ ആത്മാവ് ഭിന്നമാണ്. ഒരുവൻ വായിച്ചതായ പ്രദേശം മറന്നു പോകാം, എന്നാൽ ഒരിക്കൽ കണ്ടതായ പ്രദേശം മറക്കില്ല. അവർ കണ്ട ആത്മാവിന്റെ ആനന്ദാനുഭൂതിയിലാണ് ഞാൻ ദീക്ഷ നൽകിയ മഹാത്മാക്കൾ.

**അന്വേഷകൻ**: ആത്മീയ പരിണാമത്തിൽ സാഹചര്യങ്ങളുടെ സ്ഥാനമെന്ത്?

**ദാദാജി** : സംയോഗം ഇല്ലെങ്കിൽ ജീവന് സംസരണമാർഗ്ഗവും ഇല്ലാതെയാ–യേനെ. സാഹചര്യങ്ങളുടെ പ്രഭാവമാണ് ഒരുവനെ അവന്റെ ധാരണകളെ മാറ്റുന്നതും, ലൌകിക ജീവിതം കൊടുക്കുന്നതും അനന്തമായ ഊർജ്ജത്തെ മറയ്ക്കുന്നതും. ലോകവ്യവഹാരം എങ്ങനെയാണോ ഉയർന്നു വന്നത് അതുപോലെ അതു ഇല്ലാതെയാകുമ്പോൾ ജീവൻ മുക്തി നേടുന്നു.

**അന്വേഷകൻ**: എങ്കിൽ പരമലക്ഷ്യമായ മോക്ഷം നേടുന്നത് എങ്ങനെയാണ്?

**ദാദാജി**: സംസാരണമാർഗ്ഗത്തിന്റെ ഒടുവിലത്തെ പ്രാപ്യസ്ഥാനം ജ്ഞാനിപുരു–ഷനാണ്. അദ്ദേഹമാണ് മോക്ഷത്തിനു, യഥാർത്ഥ ധർമ്മത്തിന് നിമിത്തം. നമ്മുടെ കവി കവിരാജനവനീത് സാൻഘവി ജ്ഞാനിയെക്കുറിച്ചുള്ള തന്റെ അനുഭവം ഇങ്ങനെ പാടുന്നു.

“ഞങ്ങളുടെ ഹൃദയങ്ങൾ യാതൊരാൾ
ശുദ്ധപ്രേമാനുഗ്രഹങ്ങളാൽ പ്രകാശിപ്പിച്ചുവോ
ഞങ്ങളുടെ ആ പ്രിയ **ദാദാജി**ക്ക്
ഹൃദയത്തിൽ പ്രേമാദരങ്ങളാൽ
ഞങ്ങളുടെ സാഷ്ടാംഗപ്രണാമം
ജയ് സത് ചിത് ആനന്ദം
ജയ് സത് ചിത് ആനന്ദം”

•

एगो मे सासओ अप्पा,
नाणदंसणसंजुओ।
सेसा मे बाहिरा भावा,
सव्व संजोगलक्खणा ॥

•

On one side is my Real Self,
pure and blissful,
eternal and aware.

On the other side is everything else,
circumstantial,
conditional and time bound.

HOLISTIC SCIENCE
RESEARCH CENTER

VITRAG VIGNAN CHARITABLE
RESEARCH FOUNDATION, SURAT